ബെഞ്ചമിൻ ബെയിലി

ബെഞ്ചമിൻ ബെയിലി

ഡോ. ബാബു ചെറിയാൻ

ഉള്ളടക്കം

1.	അക്ഷരത്തിന്റെ ആയിരത്തിരി	:	9
2.	ഇംഗ്ലണ്ടിൽനിന്ന് ഒരു സാധാരണക്കാരൻ	:	19
3.	മലയാളം അച്ചടിയുടെ പ്രാരംഭം	:	46
4.	മലയാള പുസ്തകപ്രസാധനവും കേരളത്തിൽ അച്ചടിച്ച ആദ്യ മലയാള പുസ്തകവും	:	88
5.	ബൈബിൾ പരിഭാഷയിലൂടെ ശൈലീശുദ്ധമായ ഗദ്യത്തിലേക്ക്	:	111
6.	മലയാള നിഘണ്ടുക്കൾ	:	145
7.	സത്യവേദത്തിലുള്ള കഥകളും മറ്റും	:	172

1

അക്ഷരത്തിന്റെ ആയിരത്തിരി

മലയാളം അച്ചടി, പുസ്തകപ്രസാധനം എന്നിവയുടെ പ്രാരംഭകനും പ്രതിഷ്ഠാപകനുമായ ബെഞ്ചമിൻ ബെയിലി മലയാളം അച്ചുകൾ നിർമിക്കുന്നതിനുവേണ്ടി ആയിരം 'പഞ്ചു'കളായിരുന്നു (അച്ചുകൾ വാർത്തെടുക്കുവാനുള്ള മൂശ തയ്യാറാക്കുന്നതിനെയാണ് പഞ്ച് കട്ടിങ് എന്നു പറയുന്നത്) ആദ്യം രൂപപ്പെടുത്തിയത്. സാധാരണ അക്ഷരങ്ങളും കൂട്ടക്ഷരങ്ങളുമായി ഏകദേശം ആയിരം അച്ചുകൾ (types), ലിപി പരിഷ്കാരങ്ങൾക്കു മുമ്പ്, മലയാളത്തിൽ ആവശ്യമായിരുന്നു. ദീർഘകാലത്തെ അധ്വാനത്തിന്റെയും പരീക്ഷണത്തിന്റെയും ഫലമായി ബെയിലി കൊളുത്തിവെച്ച അക്ഷരത്തിന്റെ ആ ആയിരത്തിരിവെട്ടം പുസ്തകങ്ങളായി, ആനുകാലിക പ്രസിദ്ധീകരണങ്ങളായി, വർത്തമാനപത്രങ്ങളായി, പൊതുവിദ്യാഭ്യാസത്തിനുള്ള പഠനസമഗ്രികളായി, മലയാള ഗദ്യത്തിന്റെ മാനകീകരണമായി വളർന്ന് വളർന്ന് വളരെവേഗം വലിയൊരു 'പ്രകാശവട്ട'മായി. കേരളത്തെയും മലയാളത്തെയുമാകെ പ്രകാശമാനമാക്കിയ ഈ 'പ്രകാശവട്ട'ത്തിൽനിന്നുമാണ് പിൽക്കാല സാമൂഹിക പുരോഗതിയും നവോത്ഥാനവും അവയുടെ പുഷ്ടിപ്പെടലിനാവശ്യമായ ഊർജ്ജം നേടിയത്.

ബെഞ്ചമിൻ ബെയിലിയുടെ സാംസ്കാരിക സംഭാവനകളെക്കുറിച്ച് 'മലയാളം അച്ചടിക്കു തുടക്കം കുറിച്ചു, മലയാളം അച്ചുകൾക്ക് ഉരുണ്ട വടിവു നൽകി' എന്നിങ്ങനെ വളരെ ഒഴുക്കൻ മട്ടിൽ പൊതുവേ പറയാറുള്ള ചില കാര്യങ്ങളുണ്ട്. എന്നാൽ ബെയിലിയുടെ ഭാഷാസാഹിത്യ സംഭാവനകളും അവ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ചെലുത്തിയ സ്വാധീനതകളും ഇതിനെക്കാളൊക്കെ എത്രയോ വലുതായിരുന്നു.

ബെഞ്ചമിൻ ബെയിലി സി.എം.എസിന്റെ ഒരു മിഷനറിയായി 1816 നവംബർ 16-ന് ഭാര്യാസമേതം കൊച്ചിയിൽ എത്തിച്ചേർന്നു. ബെയിലി പ്രഥമമായും പ്രധാനമായും ഒരു മിഷനറിയായിരുന്നു. എന്നാൽ സി.എം.എസിന്റെ

പ്രവർത്തന പദ്ധതിയിൽ മതപ്രചാരണത്തിനൊപ്പം വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കും അച്ചടിക്കും പ്രാധാന്യമുണ്ടായിരുന്നു. ബെയിലി ഇക്കാര്യങ്ങളിലെല്ലാം മിഷനറി സ്പിരിറ്റോടെ പ്രവർത്തിച്ചു. ഇന്ന് നിക്ഷ്പക്ഷബുദ്ധിയോടെ പരിശോധിക്കുമ്പോൾ ബെയിലിയുടെ പ്രവർത്തനങ്ങളിൽ രണ്ടുപ്രമുഖ പന്ഥാവുകൾ ഉണ്ടെന്നു കാണാം. ഒന്ന്, തികച്ചും മതപരമായ പ്രവർത്തനങ്ങൾ. ഉദാ. കോട്ടയം വില്ലേജ് മിഷന്റെ ചുമതല, കോട്ടയം പ്രോ-കത്രീഡ്രൽപള്ളിയുടെ നിർമാണം തുടങ്ങിയവ. രണ്ട്, മതേതരസ്വഭാവമുള്ള പ്രവർത്തനങ്ങൾ. ഉദാ. അച്ചടിയുടെ ആരംഭം, പരിഭാഷ, നിഘണ്ടു നിർമാണം, പുസ്തകപ്രസാധനം തുടങ്ങിയവ. ഈ രണ്ടാമത്തെ പന്ഥാവിൽപെട്ട പ്രവർത്തനങ്ങൾ കേരളസംസ്കാരത്തിന്, വിശിഷ്യ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും, വിലപ്പെട്ട മുതൽക്കൂട്ടായിത്തീർന്നു.

1817 മാർച്ച് 25-ന് സി.എം.എസിന്റെ 'കോട്ടയം കോളജി'ൽ (Cotym College: ഇപ്പോഴത്തെ കോട്ടയം പഴയ സെമിനാരി) താമസം ആരംഭിച്ച ബെഞ്ചമിൻ ബെയിലി കോളജിന്റെ ഭരണപരവും അക്കാദമികവുമായ ചുമതലകൾ ഏറ്റെടുത്തു. കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നു.

ബൈബിൾ, പ്രാർഥനാപുസ്തകം എന്നിവ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയതും സി.എസ്.ഐ. മധ്യകേരള മഹായിടവകയുടെ കത്തീഡ്രൽ പള്ളിയായ കോട്ടയം ഹോളി ട്രിനിറ്റി ചർച്ച് നിർമിച്ചതുമായിരുന്നു തന്റെ പ്രധാന നേട്ടങ്ങളായി ബെയിലി കരുതിയിരുന്നത്. എന്നാൽ മതപരമായ ഒരു പരിപ്രേക്ഷ്യത്തിൽ മാത്രമേ ഇവ പ്രധാന സംഗതികളാകുന്നുള്ളൂ. പരിഭാഷ, അച്ചടിശാലസ്ഥാപിക്കൽ, മലയാളം അച്ചടി അക്ഷരങ്ങളുടെ രൂപകല്പനയും നിർമാണവും, നിഘണ്ടുനിർമാണം എന്നിവ ബെയിലിയുടെ മിഷനറി പ്രവർത്തനത്തിന്റെ അനുജാതഫലങ്ങൾ (Secondary results) ആയിരുന്നു. ബെയിലി പ്രധാനമായി കരുതാതിരുന്ന ഈ അനുജാത ഫലങ്ങളാണ് സാമൂഹികവും സാംസ്കാരികവുമായ പരിപ്രേക്ഷ്യത്തിൽ സുപ്രധാന സംഗതികൾ. അച്ചടിവിദ്യ പുസ്തകപ്രസാധനത്തിനും ആനുകാലികപ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തിനും വഴിതെളിച്ചു. ഇത് സമൂഹത്തെ നയിച്ചത് പൊതുവിദ്യാഭ്യാസം, ആശയവിനിമയോപാധികൾ, വിജ്ഞാനവിസ്ഫോടനം എന്നിവയുടെ പുതിയൊരു ലോകത്തേക്കാണ്. പുസ്തകപ്രസാധനവും പത്രമാസികാപ്രവർത്തനവും മലയാള ഗദ്യത്തിന്റെ മാനകീകരണത്തിനും ഗദ്യത്തിന്റെ വികാസത്തിനും നിമിത്തമായിത്തീർന്നു.

മലയാളംഅച്ചടിയുടെയും പുസ്തകപ്രസാധനത്തിന്റെയും പ്രതിഷ്ഠാപകൻ ബെഞ്ചമിൻ ബെയിലിയാണ്. കോട്ടയം സി.എം.എസ്. പ്രസ്സ് കേരളത്തിലെ ആദ്യത്തെ അച്ചടിശാലമാത്രമല്ല, ആദ്യത്തെ പുസ്തകപ്രസാധന സ്ഥാപനവുമാണ്. അച്ചടിയുടെ പ്രതിഷ്ഠാപകൻ എന്നനിലയിൽ ബെഞ്ചമിൻ ബെയിലി നിർവഹിച്ച പ്രവർത്തനങ്ങൾ മലയാളപുസ്തകപ്രസാധനവ്യവസായത്തിന്റെ സുപ്രതിഷ്ഠയ്ക്കും വികാസത്തിനും നിമിത്തമായിത്തീർന്നു. ബെയിലിയുടെ പുസ്തകപ്രസാധനസംരംഭം സുസംഘ

ടിതവും ചിട്ടയോടു കൂടിയതുമായിരുന്നു. അദ്ദേഹം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ കൃതികളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തുക: ബൈബിളിലെ പുസ്തകങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക്, ബൈബിൾ *പുതിയനിയമ*പുസ്തകങ്ങൾ ഒരുമിച്ച്, ബൈബിൾ *പഴയനിയമ*കൃതികൾ മൂന്നു ഭാഗങ്ങൾ, വിദ്യാഭ്യാസാവശ്യത്തിനുവേണ്ടി പ്രസിദ്ധപ്പെടുത്തിയ *ചെറുപൈതങ്ങൾക്ക ...കഥകൾ* തുടങ്ങിയ പുസ്തകങ്ങൾ, മലയാളം-ഇംഗ്ലീഷ് നിഘണ്ടു ഇവയെല്ലാം സമയബന്ധിതവും ആസൂത്രിതവുമായ പുസ്തകപ്രസാധനത്തിന്റെ ഫലമായിരുന്നു. ബെയിലി തുറന്നിട്ട മലയാളപുസ്തക പ്രസാധനരംഗം പിന്നീടു വിപുലമായ വളർച്ചനേടി. 19-ാം നൂറ്റാണ്ടിലെ കേരളത്തെ പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനത്തിലേക്കും വിജ്ഞാന വിസ്ഫോടനത്തിലേക്കും നയിച്ച പ്രധാനസംഗതി പുസ്തകപ്രസാധനമാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളായിരുന്നു മറ്റൊരു സുപ്രധാനഘടകം. ജോൺ ഹോക്സ്വർത്തിന്റെ പത്രാധിപത്യത്തിൽ സി.എം.എസ്. പ്രസ്സിൽനിന്ന് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്ന *ജ്ഞാനനിക്ഷേപ*മാണ് മലയാള ആനുകാലിക പ്രസിദ്ധീകരണരംഗത്തെ ദൃഢപ്പെടുത്തിയതെന്നുള്ളതും ശ്രദ്ധേയമാണ്. പൊതുവിദ്യാഭ്യാസ പ്രചാരണവും വിജ്ഞാനവിതരണവും കേരളത്തിൽ സാമൂഹികനവോത്ഥാനത്തിന് വഴിയൊരുക്കി.

ഭാഷകളുടെ വികാസത്തിനും മാനകീകരണത്തിനും (standardisation) നിമിത്തമായിത്തീർന്നിട്ടുള്ളത് അച്ചടിയാണ്. കേരളത്തിൽ മലയാളം അച്ചടിക്കും പുസ്തകപ്രസാധനത്തിനും സുപ്രതിഷ്ഠ നേടിക്കൊടുത്തതു ബെഞ്ചമിൻ ബെയിലിയാണ്. കേരളത്തിൽ പ്രചരിച്ചിരുന്ന വെട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, ഗ്രന്ഥലിപി എന്നീ വിഭിന്ന ലിപികളിൽ ഗ്രന്ഥലിപിയും ഗദ്യ-പദ്യങ്ങളിൽ ഗദ്യവും അച്ചടിയിൽ സ്വീകരിച്ചു. അച്ചടിയുടെയും പുസ്തക പ്രസാധനത്തിന്റെയും പ്രതിഷ്ഠാപകൻ എന്ന നിലയിലുള്ള ബെയിലിയുടെ പ്രവർത്തനങ്ങൾ മലയാളഗദ്യത്തിന്റെ മാനകീകരണത്തിനു സഹായകമായിത്തീർന്നു.

അച്ചടിയുടെ കാര്യത്തിൽതന്നെ മലയാളം അച്ചുകളുടെ ആകൃതിക്കു ബെയിലി നൽകിയ രൂപഭംഗി പ്രത്യേകം പ്രസ്താവ്യമാണ്. ബെയിലി സ്വന്തം അച്ചുകൾ രൂപകൽപന ചെയ്യുംമുമ്പ് മൂന്ന് അച്ചുമാതൃകകളാണു മലയാളം അക്ഷരങ്ങൾക്കുണ്ടായിരുന്നത്. അവ *സംക്ഷേപവേദാർത്ഥം* ഫോണ്ട്, *കുരിയർ ബൈബിൾ* ഫോണ്ട്, മദ്രാസ് ഫോണ്ട് അഥവാ ഫോർട്ട് സെന്റ് ജോർജ് ഫോണ്ട് (*ചെറുപൈതങ്ങൾക്ക... കഥകൾ* അച്ചടിച്ച അച്ചുകൾ) എന്നിവയായിരുന്നു. തദ്ദേശീയ നാട്ടറിവുകൾ പ്രയോജനപ്പെടുത്തി ഉരുണ്ടതും ഭംഗിയുള്ളതുമായ ഒരു ശ്രേണി മലയാളം അച്ചുകൾ വാർത്തെടുത്ത ബെയിലി അച്ചുകളുടെ രൂപകൽപ്പനാകാര്യത്തിൽ ഒരു മാർഗദർശകന്റെ ദൗത്യമാണ് നിർവഹിച്ചത്. ഒരു മാർഗദർശകനുണ്ടായിരിക്കേണ്ട സാഹസികബുദ്ധി ഇക്കാര്യത്തിൽ പ്രകടിപ്പിക്കുകയും പ്രതികൂലതകളെ നേരിടുകയും ചെയ്തു. കോട്ടയത്ത് അച്ചുകൾ വാർക്കാമെന്നുള്ള ബെയിലിയുടെ നിർദേശവും കോട്ടയത്തേക്ക് ഒരു ടൈപ്പ്ഫൗണ്ടറെ അയയ്ക്കണമെന്നുള്ള അദ്ദേഹത്തിന്റെ

ആവശ്യവും നിരാകരിക്കപ്പെട്ടെങ്കിലും ബെയിലി നിരാശനായില്ല. അദ്ദേഹം സ്വഗൃഹത്തിൽ അച്ചുനിർമാണപ്രവർത്തനങ്ങൾ തുടങ്ങുകയും അതുമായി മുമ്പോട്ടുപോകുകയും ഒടുവിൽ ലക്ഷ്യത്തിലെത്തുകയും ചെയ്തു.

കോട്ടയം സി.എം.എസ്. പ്രസ്സിനുവേണ്ടി മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളജിലുണ്ടാക്കിയ ടൈപ്പിന്റെ വൈകല്യങ്ങളും പോരായ്മകളും പരിഹരിച്ചു എന്നുള്ളതായിരുന്നു ബെയിലീടൈപ്പിന്റെ മുഖ്യ സവിശേഷത. ഇതിനു പുറമേ, അക്ഷരങ്ങൾ വലിപ്പം കുറച്ചു വാർത്ത്, അച്ചടിച്ചെലവു പകുതിയാക്കുകവഴി അച്ചടിവ്യവസായം പ്രായോഗികവും ജനകീയവുമാക്കുന്നതിനും സഹായിച്ചു.

ടൈപ്പൊഗ്രഫിയുടെ തത്ത്വങ്ങളിൽ പ്രഥമവും പ്രധാനവുമായ വ്യക്താക്ഷരത (legibility) കൃത്യമായി പാലിക്കുന്നവയായിരുന്നു ബെയിലി നിർമിച്ച മലയാളം അച്ചുകൾ. സംക്ഷേപവേദാർത്ഥം-കൂറിയർ ബൈബിൾ ടൈപ്പിൽ ചതുരവും ഫോർട്ട് സെന്റ് ജോർജ്കോളജ് ടൈപ്പിൽ ഭാഗികമായി ഉരുണ്ടതും ആയിരുന്ന മലയാളം അച്ചുകൾക്ക് അദ്ദേഹം പൂർണമായി ഉരുണ്ടവടിവു നൽകി. ടൈപ്പൊഗ്രഫിക്ക് ഡിസൈൻ പ്രകാരമുള്ള ഒരു അധിഷ്ഠാനരേഖ (base line) സങ്കൽപ്പിക്കുകയും അത് ആസ്പദമാക്കി അക്ഷരങ്ങൾക്കു സാവയവപ്പൊരുത്തമുള്ള രൂപം നൽകുകയും ചെയ്തു. അതായത്, ബെയിലി മലയാളം അച്ചടിക്കുവേണ്ടി പുതിയ ആണിയച്ചുകൾ രൂപകൽപ്പനചെയ്ത്, വാർത്തെടുത്തു. തന്മൂലം ഫോർട്ട് സെന്റ്ജോർജ് കോളജ് ഫോണ്ടിന്റെ ന്യൂനതകളെല്ലാം പരിഹരിക്കുന്നതിനും മലയാളംടൈപ്പിന് ശാസ്ത്രീയമായ ടൈപ്പൊഗ്രഫിക്ക് ഘടനപ്രദാനം ചെയ്യുന്നതിനും ബെയിലിക്കു സാധിച്ചു.

ബെഞ്ചമിൻ ബെയിലി പരിഭാഷ, അച്ചടി, പുസ്തകപ്രസാധനം എന്നീ പ്രവർത്തനങ്ങളിലേർപ്പെടുന്ന സന്ദർഭത്തിൽ സാഹിത്യരചനയ്ക്ക് ഉതകുന്നതും ശൈലീശുദ്ധവുമായ ഒരു ഗദ്യഭാഷ മലയാളത്തിലുണ്ടായിരുന്നില്ല. ആധുനിക മലയാളഗദ്യത്തിന്റെ വാക്യഘടനയോ ആശയവിനിമയ ദക്ഷതയോ ഇല്ലാത്ത പ്രാചീനഗദ്യമാണു നാമമാത്രമായെങ്കിലും ഉണ്ടായിരുന്നത്. ശാസനഗദ്യംപോലെയുള്ള പ്രസ്തുത മാതൃകകൾക്ക് ചില പരിമിത സന്ദർഭങ്ങളിൽമാത്രമേ പ്രയോഗമുണ്ടായിരുന്നുള്ളു. അതായത് സാഹിത്യവ്യവഹാരത്തിൽ അവയ്ക്കു സ്ഥാനമുണ്ടായിരുന്നില്ല. സാഹിത്യംതന്നെ സമൂഹത്തിലെ ന്യൂനപക്ഷ വരേണ്യ വിഭാഗത്തിന്റെ കുത്തകയും സാഹിത്യമെന്നാൽ പദ്യസാഹിത്യവുമായിരുന്നു അക്കാലത്ത്. ഈ പശ്ചാത്തലത്തിലാണ് *ബൈബിൾ* എന്ന ബൃഹദ്ഗ്രന്ഥവും വിദ്യാർത്ഥികളുടെ ഉപയോഗത്തിനുള്ള ചില കൃതികളും മതപ്രചാരണസാഹിത്യവുമൊക്കെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിനുള്ള നിയോഗം ബെയിലിക്കുണ്ടായത്. അപ്പോൾ ആശയവിനിമയത്തിനും വിജ്ഞാനവിതരണത്തിനും യോജിച്ചതു ഗദ്യഭാഷയാണെന്നുള്ള യൂറോപ്യൻ, വിശിഷ്യ ഇംഗ്ലീഷ്, സമീപനം ബെയിലിയും സ്വീകരിച്ചു. അദ്ദേഹം പരിഭാഷയ്ക്കും അച്ചടിക്കും ഗദ്യഭാഷ ഉപയോഗിച്ചു. അച്ചടിയിലൂടെ പ്രചുരപ്രചാരംനേടിയ മലയാള ഗദ്യം പിൽക്കാലത്തു പദ്യത്തെ പിന്തള്ളി മുന്നേറി. ആശയവിനിമയത്തിനും വിജ്ഞാനവി

തരണത്തിനും പറ്റിയ ഉപാധിയായി മലയാളികൾ ഗദ്യത്തെ അംഗീകരിക്കുകയും ചെയ്തു.

ബെഞ്ചമിൻ ബെയിലി അച്ചടിക്കാരന്റെയും (പ്രിന്റർ) പ്രസാധകന്റെയും (പബ്ലിഷർ) ജോലിക്കുപുറമേ ഗ്രന്ഥകർത്താവിന്റെ ജോലികൂടി ചെയ്തു. ബെഞ്ചമിൻ ബെയിലി കേരളത്തിലെത്തിയ കാലത്ത് മലയാളഗദ്യം അവികസിതവും ഗദ്യകൃതികൾ അലഭ്യവുമായിരുന്നു. ഗദ്യകൃതികളില്ലാത്തതിന്റെ കുറവ് അദ്ദേഹം പരിഭാഷയിലൂടെ പരിഹരിച്ചു; നിഘണ്ടുനിർമാണത്തിലൂടെ ഗ്രന്ഥരചനയുടെ വ്യത്യസ്തമായ ഒരു മേഖലയിൽ വ്യാപരിക്കുകയും ചെയ്തു.

ഇതുവരെ അറിയാൻ കഴിഞ്ഞിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ അച്ചടിച്ച ആദ്യ മലയാളപുസ്തകം *ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംങ്ക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ* ആണ്. ഈ കൃതി പരിഭാഷപ്പെടുത്തിയതും അച്ചടിച്ചതും പ്രസാധനം ചെയ്തതും ബെഞ്ചമിൻ ബെയിലി ആണ്. കേരളത്തിലെ മലയാള പുസ്തകപ്രസാധനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച ഈ കൃതി സാഹിത്യചരിത്രത്തിലെ പല ഒന്നാം സ്ഥാനത്തിനും അർഹമാണ്-ആധുനികമലയാളഗദ്യശാഖയിലുണ്ടായ ആദ്യത്തെ കൃതി ഇതാണ്; മലയാളത്തിലെ ആദ്യത്തെ കഥാസമാഹാരവും ഇതുതന്നെ; ആദ്യത്തെ ബാലസാഹിത്യകൃതിയും ഇതാണ്; മലയാളത്തിൽ ആദ്യമായി പാഠപുസ്തകമായി ഉപയോഗിച്ച കൃതിയും ഇതാണ്. ഈ ആദ്യകഥാസമാഹാരത്തിലെ കഥകൾ രൂപശിൽപ്പരചനയുടെയും ഭാവശിൽപ്പരചനയുടെയും കാര്യത്തിൽ ഉൽക്കൃഷ്ടമാതൃകകളാണ്. *ചെറുപൈതങ്ങൾക്ക... കഥക*ളിലെ ഗദ്യം ആഖ്യാനത്തിനുമാത്രമല്ല, വികാരാവിഷ്കരണത്തിനും ശക്തിയുള്ളതായിരുന്നു. ശിൽപ്പനിർമിതിക്കുള്ള ഉപാധി എന്നനിലയിൽ ആഖ്യാനം, സംഭാഷണം എന്നിവ ഇക്കഥകളിൽ ഫലപ്രദമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഈ കഥാസമാഹാരത്തിലെ ചില കൃതികൾ ക്രൈസ്തവാശയപ്രചാരണ ലക്ഷ്യത്തോടുകൂടി രചിക്കപ്പെട്ടിട്ടുള്ളവയാണ്. ഉദാ. *ആട്ടിൻകുട്ടികളുടെ കഥാ.* എന്നാൽ തികച്ചും മതേതര സ്വഭാവമുള്ള കഥകളും ഇതിൽ ഉണ്ട്. ഉദാ. *ജ്ഞാനിപൈതലിന്റെ കഥ, മനസ്സുറപ്പിന്റെ സംഗതി.*

ബെഞ്ചമിൻ ബെയിലിയുടെ പേര് മലയാളം അച്ചടിയോടു ചേർത്താണ് പൊതുവേ പരാമർശിക്കപ്പെട്ടതും ഏറെ സ്മരിക്കപ്പെട്ടതും. ആധുനിക അച്ചടിയുടെ ഉപജ്ഞാതാവായ ജോഹാൻ ഗുട്ടൻബർഗ് ചൂണ്ടിക്കാട്ടിയിട്ടുള്ളപോലെ അത് 'കലയും സാഹസികത'യുമായതിനാൽ, അച്ചടിക്ക് അസാധാരണമായ ജനശ്രദ്ധ നേടിയെടുക്കാൻ കഴിയും. എല്ലാ നാടുകളിലും അച്ചടിയുടെ തുടക്കത്തിൽ അങ്ങനെ വലിയ ശ്രദ്ധ അതു പിടിച്ചു പറ്റിയിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാക്കന്മാർ ബെയിലിയുടെ അച്ചടിശാലയിൽ എഴുന്നള്ളുകയും അച്ചടി നേരിട്ടു കാണുകയും ചെയ്തിട്ടുള്ളത് ഈയവസരത്തിൽ പ്രസ്ത്യാവ്യമാണ്. എന്നാൽ ബെയിലിയുടെ അച്ചടി നേടിയെടുത്ത അമിതപ്രസിദ്ധിമൂലം അദ്ദേഹത്തിൽനിന്ന് മലയാളഭാഷയ്ക്കു ലഭിച്ചതും

അച്ചടിക്കൊപ്പമോ അതിലധികമോ പ്രധാനപ്പെട്ടതുമായ മറ്റൊരു കാര്യം വേണ്ടത്ര അറിയപ്പെടാതെ പോയി. അത് ആധുനിക മലയാളഗദ്യത്തിന്റെ മാനകീകരണമാണ്. ബെയിലി പരിഭാഷപ്പെടുത്തുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്ത കൃതികളിലൂടെയാണ് മലയാള ഗദ്യത്തിന്റെ മാനകീകരണം നടന്നത്. ഒറ്റപ്പേജുമാത്രമുള്ള ലഘുലേഖകൾമുതൽ നൂറുകണക്കിനു പേജുള്ള ബൃഹദ്ഗ്രന്ഥങ്ങൾവരെ അനവധി കൃതികൾ ബെയിലി പരിഭാഷപ്പെടുത്തി. ലോകത്തെല്ലായിടത്തും ഭാഷയുടെ മാനകീകരണത്തിനു നിമിത്തമായിത്തീർന്ന അച്ചടി എന്ന സാങ്കേതികവിദ്യയുടെ സഹായവും കേരളത്തിൽ ബെയിലിക്കുതന്നെയാണു ലഭിച്ചത്.

വ്യക്തമായ ഒരു ഭാഷാനയം മുമ്പിൽകണ്ടുകൊണ്ട്, ധാരാളം കൃതികൾ പരിഭാഷപ്പെടുത്തുകയും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും അവയുടെ ആയിരക്കണക്കിനു കോപ്പികൾ കേരളത്തിൽ അങ്ങോളമിങ്ങോളം പ്രചരിപ്പിക്കുകയും ചെയ്തതിലൂടെയാണ് ശൈലീശുദ്ധമായ ആധുനിക മലയാളഗദ്യം വികസിച്ചുവന്നത്. ബെയിലി കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിനു നൽകിയ അമൂല്യസംഭാവനകളായ അച്ചടി, പുസ്തക പ്രസാധനം എന്നിവയ്ക്കൊപ്പം പ്രാധാന്യമുള്ള ഇക്കാര്യം നമ്മുടെ ഭാഷാഗവേഷകരോ ഭാഷാചരിത്രകാരന്മാരോ ശ്രദ്ധിക്കാതെപോയി.

എഴുത്തച്ഛൻ മലയാള കാവ്യഭാഷ വികസിപ്പിച്ചെടുക്കുന്നതിനു സ്വീകരിച്ച മണിപ്രവാള ശൈലിതന്നെയാണ് ബെഞ്ചമിൻ ബെയിലി ഗദ്യഭാഷ വികസിപ്പിക്കുന്നതിനു സ്വീകരിച്ചത്. അതായത് എഴുത്തച്ഛന്റെ കൃതികളിലെ 'ഭാഷാസംസ്കൃതയോഗ'മാണു ബെയിലിയുടെ ഗദ്യരീതിക്കു മാതൃകയായിത്തീർന്നത്. നാട്ടുകാരിലെ ഉന്നതരും വിദ്യാസസമ്പന്നരുമായവർക്ക് തികച്ചും സ്വീകാര്യമാകുന്നതോടൊപ്പം സമൂഹത്തിലെ താഴ്ന്നവിഭാഗത്തിൽ പെടുന്നവർക്കും പൂർണമായി ഉൾക്കൊള്ളാൻ കഴിയുന്നതായിരിക്കണം തന്റെ ഗദ്യരചനാരീതിയെന്ന് ബെയിലി ചിന്തിച്ചു. ഇതിനു സഹായകമായതരത്തിലുള്ള ഒരു 'മധ്യമാർഗഗദ്യരീതി'യാണു ബെയിലി രൂപപ്പെടുത്തിയത്. അതിനാധാരം കേരളത്തിൽ പ്രചാരത്തിലിരുന്ന രണ്ടു ഭാഷാധാരകളായിരുന്നു. അവ: ഒന്ന്, ഉന്നതജാതിക്കാരും വിദ്യാസമ്പന്നരുമായ ജനങ്ങൾ ഉപയോഗിച്ചിരുന്നതും മണിപ്രവാള സ്വാധീനതയുള്ളതുമായ ഉൽക്കൃഷ്ടഭാഷ (High Malayalam). രണ്ട്, പാമരന്മാരും സാധാരണക്കാരുമായ ബഹുഭൂരിപക്ഷം സംസാരിച്ചിരുന്ന അപകൃഷ്ടഭാഷ (Colloquial Malayalam). ഈ രണ്ടു ഭാഷാധാരകളെ മേളിപ്പിച്ച്, അതിൽനിന്ന് മധ്യമാർഗഗദ്യരീതി വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ബെയിലി *ചെറുപൈതങ്ങൾക്ക... കഥക*ളിൽ ആരംഭിച്ചിരുന്നു. ഈ ഭാഷാ ദർശനത്തിന്റെ സാഫല്യമാണ് അദ്ദേഹത്തിന്റെ *എ ഡിക്ഷനറി ഒഫ് ഹൈ ആൻഡ് കൊളോകിയൽ മലയാളം ആൻഡ് ഇംഗ്ലീഷ്.*

ഭാഷാകവിതയ്ക്ക് ഏതാശയത്തെയും ഉദ്വഹിക്കുവാനുള്ള പ്രാഭവം ഉണ്ടാക്കിക്കൊടുക്കുകയാണ് എഴുത്തച്ഛൻ നിർവഹിച്ചിട്ടുള്ള പ്രശസ്തമായ സാഹിത്യസേവനമെന്ന് എസ്.ഗുപ്തൻനായർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

എഴുത്തച്ഛൻ ഭാരതീയേതിഹാസങ്ങളുടെ പരിഭാഷയിലൂടെ മലയാളകവിതയിൽ നിർവഹിച്ചതിനോടു സദൃശമായ സാഹിത്യസേവനം ബെയിലി ലോകേതിഹാസത്തിന്റെ പരിഭാഷയിലൂടെ മലയാളഗദ്യത്തിൽ നിർവഹിച്ചു. 'എഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കു'തന്നെയായിരുന്നു ബെയിലിക്കും ശരണം. ആ 'ഭാഷാക്രമക്കണക്കു' സ്വീകരിക്കുകയും ഗദ്യരചനയിൽ ഒരു മധ്യമാർഗം കണ്ടെത്തുകയും ചെയ്തതുകൊണ്ട് പണ്ഡിതന്മാരെയും സാമാന്യജനങ്ങളെയും ഒന്നുപോലെ ബൈബിളിലേക്കാകർഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ബെയിലിയുടെ 'മധ്യമാർഗഗദ്യരീതി' രചനാകാലത്തു തന്നെ വിജ്ഞന്മാരുടെ അംഗീകാരം നേടിയിരുന്നു. ബെയിലിയുടെ ബൈബിൾ പരിഭാഷ ഒരു മൗലികകൃതിയുടെ അനുഭവമാണു നൽകുന്നതെന്ന്, അതു പരിശോധിച്ചവർ ചൂണ്ടിക്കാട്ടിയതായി ബെയിലിക്കുശേഷം കോട്ടയം സി.എം.എസ്. കോളജിന്റെ പ്രിൻസിപ്പളായിരുന്ന ജോസഫ് ഫെൻ രേഖപ്പെടുത്തിയിട്ടുണ്ട്.

*ചെറുപൈതങ്ങൾക്ക... കഥക*ളിൽനിന്ന് ബൈബിൾ പരിഭാഷയിലെത്തുമ്പോളേക്കും ബെയിലി ഗദ്യരചനയ്ക്കുപയോഗിച്ച മധ്യമാർഗഗദ്യം പൂർണമായും ശൈലീശുദ്ധമായിത്തീരുന്നു. എഴുത്തച്ഛന്റെ *അധ്യാത്മരാമായണം* കിളിപ്പാട്ടിൽനിന്ന് *മഹാഭാരതം* കിളിപ്പാട്ടിലേക്കെത്തുമ്പോൾ ഭാഷയ്ക്കുണ്ടാകുന്ന പരിണാമത്തിനു സദൃശമായ ഒരു മാറ്റം *ചെറുപൈതങ്ങൾക്ക... കഥക*ളിൽനിന്നു *ബെയിലീബൈബിളി*ലേക്കെത്തുമ്പോൾ കാണാൻ കഴിയും.

ബെഞ്ചമിൻ ബെയിലിയുടെ മറ്റൊരു പ്രധാന പ്രവർത്തനമേഖല മലയാള പുസ്തക പ്രസാധനത്തിന്റേതായിരുന്നു. പുസ്തക പ്രസാധനവുമായി ബന്ധപ്പെട്ടു ബെയിലി നിർവഹിച്ച ഏറ്റവും പ്രധാന സാഹിത്യസംരംഭമാകട്ടെ ബൈബിളിന്റെ പരിഭാഷയും പ്രസാധനവുമാണ്. ബെയിലിയുടെ മേൽനോട്ടത്തിൽ, സുറിയാനി കത്തനാരന്മാർ രണ്ടേകാൽ വർഷം അധ്വാനിച്ച് ബൈബിളിന് ഒരു വിവർത്തനം ഉണ്ടാക്കിയിരുന്നു. 1811-ൽ ബോംബെയിൽ അച്ചടിച്ച നാലുസുവിശേഷങ്ങളൊഴികെയുള്ള ബൈബിൾഭാഗങ്ങൾ അവർ സുറിയാനിയിൽനിന്നു പരിഭാഷപ്പെടുത്തി. എന്നാൽ ഇതിനോടകം മലയാളഭാഷയിൽ ഭേദപ്പെട്ട പാണ്ഡിത്യം നേടിക്കഴിഞ്ഞിരുന്ന ബെയിലിക്ക് റമ്പാൻ ബൈബിളിലെയും സുറിയാനികത്തനാരന്മാരുടെ പരിഭാഷയിലെയും ഭാഷാരീതി മോശമാണെന്നു മനസ്സിലായി. തന്മൂലം കത്തനാരന്മാർ സുറിയാനിയിൽനിന്നു തയ്യാറാക്കിയ പരിഭാഷ അച്ചടിക്കേണ്ടതില്ലെന്നു ബെയിലി നിശ്ചയിച്ചു. പിന്നീട്, ബെയിലി തദ്ദേശീയ ഭാഷാപണ്ഡിതന്മാരുടെ സഹായത്തോടെ ഒരു പുതിയ പരിഭാഷ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടു. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ, എട്ടുസുറിയാനി പുരോഹിതരായിരുന്നു ബെയിലിയുടെ തർജമക്കാർ എന്നുള്ള അതിപ്രചാരം നേടിയ പ്രസ്താവന തള്ളിക്കളയേണ്ടിയിരിക്കുന്നു. *കിങ് ജെയിംസ് വേർഷ*ന്റെ വളരെ കൃത്യമായ പദാനുപദതർജമയാണ് *ബെയിലീബൈബിൾ*. ഉൽക്കൃഷ്ട ഗദ്യരചനയ്ക്കു മാതൃകയായി പുകഴ്ത്തപ്പെട്ടിട്ടുള്ള കൃതിയാണ് ഇംഗ്ലീഷ്

ബൈബിൾ. ബെഞ്ചമിൻ ബെയിലി *കിങ് ജെയിംസ് വേർഷൻ* മൂലമായി സ്വീകരിച്ച്, പദാനുപദ തർജമചെയ്തതുകൊണ്ട്, ഇംഗ്ലീഷ്മട്ടിലുള്ള വാക്യഘടനയും രചനാശൈലിയും ആധുനിക മലയാള ഗദ്യത്തിനു തുടക്കത്തിൽത്തന്നെ മാതൃകയാകുന്നതിനിടയായി.

ആധുനിക മലയാള ഗദ്യം അഥവാ സാഹിത്യവ്യവഹാര കുശലമായ ഭാഷാഗദ്യം രൂപപ്പെടുന്നതും വികസിച്ച് ശൈലീശുദ്ധമാകുന്നതും ബെഞ്ചമിൻ ബെയിലിയുടെ കൃതികളിൽത്തന്നെ കാണാം. ഇതു ബോധ്യമാകാൻ 1824-ൽ പ്രസിദ്ധപ്പെടുത്തിയ *ചെറുപൈതങ്ങൾക്ക... കഥകൾ*, 1829-ൽ പ്രസിദ്ധപ്പെടുത്തിയ ബൈബിൾ *പുതിയനിയമം*, 1842-ൽ പ്രസിദ്ധപ്പെടുത്തിയ *സത്യവേദത്തിലുള്ള കഥകൾ* എന്നീ മൂന്നു കൃതികളിലെ ഭാഷ ഒരു താരതമ്യ പഠനത്തിനു വിധേയമാക്കിയാൽമാത്രംമതി. ബെയിലിയുടെ 'മധ്യമാർഗഗദ്യരീതി'യുടെ വികാസ പരിണാമങ്ങളുടെ വ്യക്തചിത്രം ഈ കൃതികളിൽ കാണാൻ കഴിയും. *ചെറുപൈതങ്ങൾക്ക... കഥക*ളിൽ സാധാരണക്കാർക്കു മനസ്സിലാക്കാൻ പ്രയാസമുള്ള സംസ്കൃതപദങ്ങളും വിദ്യാസമ്പന്നർക്ക് അരോചകമായേക്കാവുന്ന സംഭാഷണഭാഷാ പദങ്ങളുമുണ്ടായിരുന്നു. എന്നാൽ ബൈബിൾ പരിഭാഷയിലെത്തുമ്പോൾ സാധാരണക്കാർക്കുകൂടി എളുപ്പം മനസ്സിലാകുന്ന സംസ്കൃതപദങ്ങൾകൊണ്ടും പണ്ഡിതന്മാർക്കുകൂടി സ്വീകാര്യമായ സംഭാഷണഭാഷാപദങ്ങൾകൊണ്ടും ഗദ്യരീതി കൂടുതൽ മെച്ചമായിത്തീർന്നു. *സത്യവേദകഥകളി*ലെ ഗദ്യം അതിനെക്കാൾ മെച്ചപ്പെട്ടതാണ്.

രചനയിലൂടെ ശൈലീശുദ്ധമായിത്തീർന്ന ഗദ്യത്തെ അച്ചടിയിലൂടെ മാനകീകരിക്കുന്നതിനും ബെയിലിക്കു സാധിച്ചു. ഒരു നാട്ടിൽ നിലവിലുള്ള വിവിധ ഭാഷാരൂപങ്ങളിൽ (ഭാഷാഭേദങ്ങളിൽ) അച്ചടിയിലൂടെ പ്രചാരംനേടുന്ന ഭാഷാരൂപം അഥവാ ഭാഷാഭേദം ഏതാണോ അതായിരിക്കും ആ നാട്ടിലെ മാനകീകൃത ഭാഷയായി പരിണമിക്കുന്നത്. മലയാള ഗദ്യത്തിൽ ധാരാളം പുസ്തകങ്ങളും മറ്റു മുദ്രിത സാമഗ്രികളും ആദ്യമായി നിർമിച്ചത് ബെയിലിയാണ്. കേരളത്തിൽ ആധുനിക അച്ചടി നടപ്പിലാക്കിയതും ആസൂത്രിത പുസ്തകപ്രസാധനത്തിനു തുടക്കമിട്ടതും അദ്ദേഹമായിരുന്നു. എഴുത്തച്ഛന്റെ 'ഭാഷാക്രമക്കണക്കിൽ' രൂപപ്പെടുത്തിയ മധ്യമാർഗഗദ്യമാണു ബെയിലി ഗ്രന്ഥരചനയ്ക്കുപയോഗിച്ചത്. അച്ചടി എന്ന സാങ്കേതികവിദ്യയുടെയും പുസ്തകപ്രസാധനത്തിന്റെയും സഹായത്തോടെ പ്രസ്തുത ഗദ്യരീതി നിലവാരപ്പെട്ടു. ആധുനിക മലയാള ഗദ്യത്തിന്റെ പ്രഥമഘട്ടവികാസചരിത്രം മുഖ്യമായും ബെയിലിയുടെ കൃതികളോടും അതിന്റെ മാനകീകരണം അദ്ദേഹം നടപ്പിലാക്കിയ അച്ചടിയോടും ബന്ധപ്പെട്ടിരിക്കുന്നു. ഉച്ച-നീച ഭാഷകളുടെ (High and Colloquial Malayalam) മധ്യവർത്തിയായ മധ്യമാർഗഗദ്യത്തിലുൾപ്പെട്ടതും ഉൾപ്പെടാവുന്നതുമായ സാഹിത്യ സംഭാഷണ ഭാഷാപദങ്ങളുടെ അർഥവ്യാപാരത്തെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുമുഖേന ബെയിലി പരിനിഷ്ഠിതപ്പെടുത്തുകയും ചെയ്തു. അങ്ങനെ *ചെറുപൈതങ്ങൾക്ക... കഥകളി*ൽ ബെയിലി തുടക്കം കുറിച്ച 'ഗദ്യാന്വേഷണ

പരീക്ഷണങ്ങൾ' പരിസമാപ്തിയിലെത്തിയത് *എ ഡിക്ഷനറി ഒഫ് ഹൈ ആൻഡ് കൊളോകിയൽ മലയാളം ആൻഡ് ഇംഗ്ലീഷി*ലാണ്.

ബെഞ്ചമിൻ ബെയിലി മലയാളത്തിലെ ആദ്യ നിഘണ്ടുകാരനാണ്. മലയാളഭാഷയ്ക്കു കോശഗ്രന്ഥങ്ങളില്ലാതിരുന്നതിന്റെ വലിയ കുറവു പരിഹരിക്കാൻ ബെഞ്ചമിൻ ബെയിലിയുടെ മലയാളം-ഇംഗ്ലീഷ്, ഇംഗ്ലീഷ്-മലയാളം നിഘണ്ടുക്കൾക്ക് സാധിച്ചു. മലയാളത്തിലെ റഫറൻസ് സാഹിത്യ ത്തിന്റെ തുടക്കം ബെയിലിയുടെ ഈ ഉൽക്കൃഷ്ട ഗ്രന്ഥങ്ങളിലാണ്. ഈ ബൃഹദ്ഗ്രന്ഥങ്ങൾക്ക് മലയാള പുസ്തകപ്രസാധനചരിത്രത്തിലും അമൂല്യ സ്ഥാനമുണ്ട്. ഗ്രന്ഥരചനയ്ക്കുവേണ്ടി, വിശിഷ്യ ബൈബിൾ പരിഭാഷയ്ക്കു വേണ്ടി, ബെയിലി സ്വീകരിച്ച മധ്യമാർഗത്തിന്റെ ഘടനയും ശൈലിയും എന്തെന്നു ബെയിലിയുടെ *എ ഡിക്ഷനറി ഒഫ് ഹൈ ആൻഡ് കൊളോ കിയൽ മലയാളം ആൻഡ് ഇംഗ്ലീഷ്* വ്യക്തമാക്കുന്നു. ബെഞ്ചമിൻ ബെയിലി സംസ്കൃതപദങ്ങൾക്ക് സംസ്കൃതഭാഷയിലെ പ്രഖ്യാതമായ അർഥ ത്തിനുപുറമേ, മലയാളത്തിൽ അവയ്ക്കു പ്രയോഗംകൊണ്ടു സിദ്ധിച്ചിട്ടുള്ള സാന്ദർഭികാർഥംകൂടി നൽകി. വ്യത്യസ്ത ഭാഷകൾ എന്ന നിലയിൽ സംസ് കൃതത്തെയും മലയാളത്തെയും ബെയിലി വിവേചനപൂർവം കണ്ടിരുന്നു എന്നുള്ള കാര്യം ഇതിൽനിന്നു ബോധ്യമാകുന്നു.

സി.എം.എസ്. മിഷനറിയായി കേരളത്തിലെത്തിയ ബെഞ്ചമിൻ ബെയി ലിയുടെ മിഷനറി പ്രവർത്തത്തിന്റെ അനുജാതഫലങ്ങൾ ആയിരുന്നു പരി ഭാഷ, മലയാളം അച്ചടിയക്ഷരങ്ങളുടെ രൂപകൽപ്പന, അച്ചടി, പുസ്തകപ്ര സാധനം എന്നിവ. മുൻമാതൃകകളില്ലാത്ത ഈ പ്രവർത്തനങ്ങളിൽ ബെയിലി കേരളത്തിനു മാർഗദർശകനായിരുന്നു. ബൈബിൾ പ്രസാധനമായിരുന്നു പ്രധാന ലക്ഷ്യമെങ്കിലും ഇതര മതഗ്രന്ഥങ്ങളും നിഘണ്ടുക്കളും പ്രാചീന മലയാളഗ്രന്ഥങ്ങളുമുൾപ്പെടെ ധാരാളം പുസ്തകങ്ങളുടെ പ്രസാധനത്തിന് അതു വഴിയൊരുക്കി. അങ്ങനെ അനവധി ക്രൈസ്തവ ക്രൈസ്തവേതര ഗ്രന്ഥങ്ങളും പല പുസ്തകങ്ങൾക്കും ഒന്നിലധികം പതിപ്പുകളും ഓരോ ന്നിന്റെയും ആയിരക്കണക്കിനു കോപ്പികളും ബെഞ്ചമിൻ ബെയിലി പ്രസി ദ്ധപ്പെടുത്തി. ബെയിലി മലയാളം അച്ചടി അക്ഷരങ്ങൾ രൂപകൽപ്പന ചെയ്യു കയും കേരളത്തിൽ ആദ്യമായി ഒരു മലയാളം 'അച്ചടിപ്പുര' സ്ഥാപിക്കു കയും മൂന്നു ദശാബ്ദത്തോളം അതു ഭംഗിയായി പ്രവർത്തിപ്പിക്കുകയും ചെയ്തുകൊണ്ട് കേരളത്തിൽ അച്ചടി വ്യവസായത്തിന് അടിത്തറയുണ്ടാ ക്കുകയും ആ അടിത്തറയിൽ മലയാള പുസ്തകപ്രസാധനത്തെ പ്രതിഷ്ഠി ക്കുകയും ചെയ്തു.

മതപ്രചാരണത്തിനും സ്കൂൾ-കോളജ് വിദ്യാഭ്യാസത്തിനും ആവശ്യ മായ ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്താൻ തുനിഞ്ഞപ്പോ ളാണ് 'ഗദ്യമില്ലാത്ത കൊറ വല്യ കൊറ'യാണെന്നു വന്നത്. ആധുനിക കാവ്യഭാഷ വികസിച്ച രീതി മാതൃകയാക്കിക്കൊണ്ട് ബെയിലി 'മധ്യമാർഗ ഗദ്യരീതി' വികസിപ്പിച്ചു. അച്ചടിയിലൂടെ പുസ്തകങ്ങളുടെ ഒരു മഹാപ്ര വാഹം സൃഷ്ടിച്ച ബെയിലിക്ക് അച്ചടിയെന്ന സാങ്കേതിക വിദ്യയുടെ സഹാ

യത്തോടെ പ്രസ്തുത 'മധ്യമാർഗ ഗദ്യരീതി'യെ ആധുനിക മലയാള ഗദ്യത്തിന്റെ മാനകീകൃതരൂപമായി പ്രതിഷ്ഠിക്കുവാനും സാധിച്ചു. ബെയിലിയുടെ പ്രവർത്തനങ്ങൾ അച്ചടി, പുസ്തകപ്രസാധനം, പത്രമാസികാപ്രവർത്തനം പൊതുവിദ്യാഭ്യാസം, നിഘണ്ടുനിർമാണം, ആധുനിക മലയാള ഗദ്യവികാസം, ഗദ്യത്തിന്റെ മാനകീകരണം എന്നിങ്ങനെ പല മേഖലകളിലായി വ്യാപിച്ചിരിക്കുന്നു.

2

ഇംഗ്ലണ്ടിൽനിന്ന് ഒരു സാധാരണക്കാരൻ

കർമംകൊണ്ട് മഹത്തായ കാര്യങ്ങൾ ചെയ്യുകയും കൈരളിയുടെ തൊപ്പിയിൽ പല പൊൻതൂവലുകൾ ചാർത്തുകയും ചെയ്ത ബെഞ്ചമിൻ ബെയിലി ജന്മംകൊണ്ട് തികച്ചും ഒരു സാധാരണക്കാരനായിരുന്നു. ഇംഗ്ലണ്ടിലെ യോർക്ക്ഷയറിലുള്ള ഡ്യൂസ്ബറി എന്ന സ്ഥലത്ത് ജോസഫ് ബെയിലിയുടെയും മാർത്തയുടെയും മകനായി 1791 നവംബറിൽ ബെയിലി ജനിച്ചു.

ഉന്നതവിദ്യാഭ്യാസമോ അസാധാരണമായ കഴിവുകളോ ഉള്ള ആളായിരുന്നില്ല ബെഞ്ചമിൻ ബെയിലി എന്ന് *തിരുവിതാംകൂർ-കൊച്ചിയിലെ ആംഗ്ലിക്കൻ സഭ* എന്ന കൃതിയിൽ ഡബ്ലിയു. എസ്. ഹണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. ബെയിലി പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം ഒരു കമ്പിളിനൂൽ വ്യവസായശാലയിൽ ജോലി ചെയ്യുകയായിരുന്നു. എന്നാൽ കാര്യസാധ്യംവരെ നിറുത്താതെയുള്ള പ്രയത്നശീലത്തിന്റെയും (perseverance) കരുതലോടുകൂടിയ പ്രവർത്തനശൈലിയുടെയും (prudence) ഉടമയായിരുന്നു ബെയിലി. തന്റെ ദൗത്യം ഈശ്വരനിയോഗമാണെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി, ഏറ്റെടുത്ത കാര്യങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി വിശ്രമമില്ലാതെ പ്രവർത്തിച്ചതുവഴി അമൂല്യമായ ഈടുവെയ്പുകൾകൊണ്ടു മലയാളനാടിനെ ധന്യമാക്കുന്നതിനും തദ്വാരാ കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ ഉന്നതസ്ഥാനം നേടുന്നതിനും ബെയിലിക്കു സാധിച്ചു. അനേക ചുമതലകളുടെയും താങ്ങാൻ കഴിയാത്തവിധമുള്ള ജോലി ഭാരത്തിന്റെയും അപരിഹാര്യമായ സ്വകാര്യദുഃഖങ്ങളുടെയും സമ്മർദത്തിൽപെട്ടു ഞെരുങ്ങിയ ഈ മനുഷ്യന് അനന്യസാധ്യവും അസാധാരണവുമായ ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞു എന്നുള്ളത് ചരിത്രത്തിലെതന്നെ അപൂർവചാരുദൃശ്യങ്ങളിലൊന്നാണ്.

1812-ൽ, ബെഞ്ചമിൻ ബെയിലിക്ക് ഇരുപത്തിയൊന്നു വയസ്സുള്ളപ്പോൾ, ചർച്ച് മിഷനറി സൊസൈറ്റിയുടെ മിഷനറി ആകാനുള്ള സന്നദ്ധത അദ്ദേഹം

സി.എം.എസിനെ അറിയിച്ചു. അതിനെത്തുടർന്ന് 1812 മുതൽ 1814 വരെ റവ. റ്റി. സ്കോട്ടിന്റെ കീഴിൽ വൈദിക പരിശീലനത്തിനു നിയോഗിക്കപ്പെട്ടു. 1815-ൽ റവ. ജെ. ബക്വർത്തിന്റെ കീഴിൽ മിഷനറിമാർക്കുള്ള പ്രത്യേക പരിശീലനം നേടി. 1815 ഓഗസ്റ്റ് 6-ന് ഡീക്കൻ പട്ടം സ്വീകരിച്ചു. 1815 ഡിസംബർ 17-ന് യോർക്കിലെ ആർച്ച് ബിഷപ്പ് ബെയിലിക്ക് വൈദിക പട്ടം നൽകി, യോർക്ക് ഷയറിലെ ഹെയർവുഡ് ക്യൂറസിയിലേക്ക് വൈദികനായി നിയമിച്ചു.

1816-ൽ ബെഞ്ചമിൻ ബെയിലി ജോൺ എല്ലയുടെ മകൾ എലിസബത്ത് എല്ലയെ വിവാഹം കഴിച്ചു. 1816 ഏപ്രിൽ 30-ന് സി.എം.എസിന്റെ വാർഷികയോഗം ബെയിലിക്കും ഭാര്യയ്ക്കും മിഷനറിമാരായി വിദേശത്തേക്കു പോകുന്നതിനുള്ള അനുവാദവും യാത്ര അയപ്പും (വിട) നൽകി.

ബെഞ്ചമിൻ ബെയിലി കോട്ടയത്തേക്ക്

തിരുവിതാംകൂർ റസിഡന്റായിരുന്ന ജോൺ മൺറോ 1813-ൽ സുറിയാനി ക്രിസ്ത്യാനികളുടെ സാമൂഹിക സ്ഥിതിയെക്കുറിച്ച് ഒരു അന്വേഷണം നടത്തി. ഈ അന്വേഷണമാണു കോട്ടയത്ത് സുറിയാനിക്കാർക്കുവേണ്ടി ഒരു കോളജ് സ്ഥാപിക്കണമെന്ന് തീരുമാനിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കോളജിന്റെ പണിപൂർത്തിയായിക്കഴിഞ്ഞപ്പോൾ അത് സുറിയാനി മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലാക്കിയെങ്കിലും അവിടെ സാധാരണ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലുള്ള വിദ്യാഭ്യാസക്രമം നടപ്പാക്കണമെങ്കിൽ കോളജിന്റെ ചുമതലക്കാരനായി ഒരു ആംഗ്ലിക്കൻ വൈദികൻ വരണമെന്ന് മൺറോ ചിന്തിച്ചു. സുറിയാനിക്കാർക്കുവേണ്ടി ബൈബിൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിനും ഇടവക പള്ളിക്കൂടങ്ങൾ (parochial schools) സ്ഥാപിക്കുന്നതിനും പാശ്ചാത്യ മിഷനറിമാരുടെ നേതൃത്വം അനിവാര്യമാണെന്നു മൺറോ കരുതി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും പുത്തൻകൂർ സുറിയാനിക്കാർക്കിടയിൽ പ്രവർത്തിക്കുന്നതിനായി ആംഗ്ലിക്കൻ സഭയിൽനിന്ന് ഏതാനും പുരോഹിതന്മാരെ ഇങ്ങോട്ട് അയയ്ക്കണമെന്ന് മൺറോ താമസംവിനാ മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയോട് അപേക്ഷിച്ചു. കറസ്പോണ്ടിങ് കമ്മറ്റി ഈ അപേക്ഷ അനുവദിക്കുകയും സിലോണിലേക്കു നിയോഗിക്കപ്പെട്ടിരുന്ന മിഷനറി തോമസ് നോർട്ടനെ തിരുവിതാംകൂറിലേക്കു തിരിച്ചുവിടുകയും ചെയ്തു. അങ്ങനെയാണ് ചർച്ച് മിഷനറി സൊസൈറ്റി തിരുവിതാംകൂറിലും കൊച്ചിയിലും അവരുടെ ദൗത്യം ആരംഭിച്ചത്.

തോമസ് നോർട്ടൺ കൊല്ലത്തു താമസിച്ചു മലയാളം പഠിക്കുകയും സുറിയാനി ക്രിസ്ത്യാനികളുടെ ആചാരങ്ങൾ പരിചയപ്പെടുകയും ചെയ്തതിനുശേഷം കോട്ടയം കോളജിന്റെ ചുമതല ഏറ്റെടുത്ത് സുറിയാനിക്കാർക്കിടയിൽ പ്രവർത്തിക്കണമെന്നായിരുന്നു കേണൽ മൺറോ ആദ്യം ഉദ്ദേശിച്ചിരുന്നത്. എന്നാൽ കോട്ടയത്തു താമസിക്കുന്നതിനോ ഭാഷപഠിക്കുന്നതിനോ സൗകര്യങ്ങളില്ലാതിരുന്നതിനാൽ, അക്കാലത്ത് ഒരു കോസ്മോപൊളിറ്റൻ

തുറമുഖനഗരമായിരുന്ന ആലപ്പുഴയിൽ താമസിച്ചുകൊണ്ട് അദ്ദേഹം ഏതാണ്ടൊരു സ്വതന്ത്രമട്ടിൽ മിഷനറി പ്രവർത്തനം നടത്തുകയാണുണ്ടായത്. എങ്കിലും മൺറോയുടെ നിർദ്ദേശപ്രകാരം നോർട്ടൻ ഇടയ്ക്കിടെ കോട്ടയം കോളജിലെത്തി കാര്യങ്ങൾ അന്വേഷിച്ചിരുന്നു. എന്തായാലും സുറിയാനിക്കാർക്കിടയിലെ പ്രവർത്തനം സംബന്ധിച്ച് മൺറോയ്ക്കുണ്ടായിരുന്ന പദ്ധതിപ്രകാരം പ്രവർത്തിക്കുന്ന ഒരു മിഷനറിയായി നോർട്ടനെ കാണാൻ കഴിയുന്നില്ല. കോളജ് കോട്ടയത്തും നോർട്ടന്റെ താമസം ആലപ്പുഴയിലുമായിരുന്നതാണ് ഇതിനു കാരണം.

തിരുവിതാംകൂറിലേക്ക് കൂടുതൽ മിഷനറിമാരെ വേണമെന്നുള്ള കേണൽ മൺറോയുടെയും മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയുടെയും താൽപ്പര്യത്തിന്റെ ഫലമായി നോർട്ടനുശേഷം രണ്ടു മിഷനറിമാരെക്കൂടി തിരുവിതാംകൂറിലേയ്ക്ക് അയച്ചു. ബെഞ്ചമിൻ ബെയിലിയും തോമസ് ഡോസനും ആയിരുന്നു അവർ. ഡോസൻ ബെയിലിയുടെ സഹോദരീഭർത്താവും ഭാവി സഹപ്രവർത്തകനുമായിരുന്നു.

ബെഞ്ചമിൻ ബെയിലിയും ഡോസനും 1816 മെയ് 4-ന് ഗ്രെവ്സെൺഡ് എന്ന തുറമുഖത്തുനിന്ന് ഇന്ത്യയിലേക്കു യാത്രതിരിച്ചു. ബെഞ്ചമിൻ ബെയിലി സഞ്ചരിച്ചിരുന്ന കപ്പൽ കടൽക്ഷോഭം മൂലം മെയ് 16 വരെ പോർട്ട്സ്മഥ് (portsmouth) തുറമുഖത്തു നിർത്തിയിട്ട് താമസിപ്പിക്കേണ്ടി വന്നു. അവിടെ നിന്ന് മെയ് 26-ന് മദീറ (Madeira) ദ്വീപിലെത്തി. ഗുഡ്ഹോപ്പ് മുനമ്പിലൂടെ യാത്രചെയ്ത്, 1816 സെപ്റ്റംബർ 9-ന് മദ്രാസിലെത്തിയ ബെയിലി ഒക്ടോബർ 19-ന് മദ്രാസിൽനിന്നും യാത്ര തിരിച്ച് നവംബർ 19-ന് ആലപ്പുഴയിൽ നോർട്ടന്റെ മിഷൻ കേന്ദ്രത്തിലെത്തി. മദ്രാസിൽനിന്നു കൊച്ചിവരെ ഏകദേശം 500മൈൽ ദൂരം പല്ലക്കിലാണു യാത്ര ചെയ്തത്. നവംബർ 16-നു കൊച്ചിയിലെത്തി. ഈ യാത്ര അതീവ ക്ലേശകരമായിരുന്നു.

നാലുമാസത്തിലധികം നീണ്ട കടൽയാത്രയും ഒരു മാസം ദീർഘിച്ച ക്ലേശപൂരിതമായ കരയാത്രയും കഴിഞ്ഞെത്തിയ ബെയിലിയുടെ കുടുംബത്തെ കാത്തിരുന്നത് അത്യന്തം ദുഖകരമായ ഒരു സംഭവമാണ്. അവർ ആലപ്പുഴയെത്തി അധികകാലം കഴിയുംമുമ്പ്-ഡിസംബർ 3-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം-ബെയിലിയുടെ ഭാര്യ എലിസബത്ത് എല്ല മാസം തികയാതെ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. അവരുടെ ആദ്യജാതനായ ആ കുഞ്ഞ് നാലു ദിവസംമാത്രമേ ജീവിച്ചിരുന്നുള്ളൂ. മിഷൻതോട്ടത്തിൽ പള്ളി പണിയാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്തുതന്നെ, ആ കുഞ്ഞിനെ സംസ്കരിച്ചു. പുതിയൊരു രാജ്യത്തേയ്ക്ക് പുത്തൻ ദൗത്യവുമായെത്തിയ ബെയിലിക്കും ഭാര്യയ്ക്കും നേരിടേണ്ടിവന്ന വലിയൊരു ആഘാതമായിരുന്നു ഇത്.

കേരളത്തിലെ ചർച്ച് മിഷനറി സൊസൈറ്റി പ്രവർത്തനങ്ങളെക്കുറിച്ച്, വിശിഷ്യ മിഷനറിമാരെക്കുറിച്ച്, എഴുതിയിട്ടുള്ള ആരുംതന്നെ ബെയിലിക്കുണ്ടായ ഈ ദുര്യോഗത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടില്ല. ചിലരാകട്ടെ മറ്റൊരു അബദ്ധധാരണ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. "നാടുമായുള്ള പരിചയം സമ്പാദിച്ചും മലയാളം പഠിച്ചും ബെയിലികുടുംബം തൊട്ടടുത്ത മാർച്ച്വരെ

ആലപ്പുഴെ താമസിച്ചു... പിന്നീട് ബെയിലിയും അദ്ദേഹത്തിന്റെ ഭാര്യയും, ആലപ്പുഴവെച്ച് അവർക്കുണ്ടായ കുഞ്ഞിനോടൊപ്പം കുടുംബതാമസത്തിനായി കോട്ടയത്തേക്കു പോയി" എന്നു ഡബ്ലിയു.എസ്. ഹണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. (1920: 124) പിൽക്കാലത്ത് പലരും ഹണ്ടിന്റെ അഭിപ്രായം അതേപടി പകർത്തുകയും ചെയ്തു.

സുറിയാനിക്കാരുടെ കേന്ദ്രവും നിർദിഷ്ട കോളജും കോട്ടയത്തായിരുന്നെങ്കിലും 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിലെത്തുന്ന വിദേശികൾ ആരുതന്നെ ആയാലും കോട്ടയത്തെക്കാൾ ആലപ്പുഴയിൽ താമസിക്കുന്നതിനാണ് അവർ ഇഷ്ടപ്പെട്ടിരുന്നത്. 1810കളിൽ ഇരുസ്ഥലങ്ങളും തമ്മിൽ അത്ര വ്യത്യാസമുണ്ടായിരുന്നു. കന്യാകുമാരിയിൽനിന്നു 120 മൈലും കൊല്ലത്തുനിന്ന് 60 മൈലും വടക്കുമാറി കൊച്ചിയിൽനിന്ന് 40 മൈൽ ദൂരത്തിൽ, മലബാറിന്റെ തീരദേശത്തു കിടക്കുന്ന വലിയൊരു പട്ടണമായിരുന്നു അക്കാലത്തെ ആലപ്പുഴ. തദ്ദേശീയ ജനവിഭാഗങ്ങളെക്കൂടാതെ മൂറുകളും (വടക്കു പടിഞ്ഞാറൻ ആഫ്രിക്കയിലെ അറബി-നീഗ്രോ സങ്കരവർഗം) തുറമുഖപട്ടണമായ ആലപ്പുഴയിൽ താമസക്കാരായുണ്ടായിരുന്നു. ഇവരെല്ലാം കൂടി 13,000 പേർ ഉണ്ടായിരുന്നു. എന്നാൽ കോട്ടയമാകട്ടെ ആലപ്പുഴയിൽനിന്നു പതിനെട്ടുമൈൽ മാറി മലബാർതീരത്തു കിടക്കുന്നതും ഏകദേശം 300 ആൾക്കാർമാത്രം താമസമുള്ളതുമായ ഒരു ഗ്രാമമായിരുന്നു.

ആലപ്പുഴയിലെത്തിയ ബെഞ്ചമിൻ ബെയിലി മലയാളപഠനത്തിനാണു പ്രഥമപരിഗണ നൽകിയത്. അക്കാലത്ത് സിറിയൻ മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നതിനായി നോർട്ടനോടൊപ്പം പല തവണ ബെയിലി കോട്ടയത്തിനു പോകുകയും ചെയ്തു. ആലപ്പുഴ വാസത്തിന്റെ തുടക്കത്തിൽ, കോട്ടയത്തു താമസിക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആലോചിച്ചിരുന്നില്ല. കേണൽ ജോൺ മൺറോയുടെ താൽപ്പര്യപ്രകാരവും നിർബന്ധംമൂലവുമാണ് ബെയിലി ആലപ്പുഴവിട്ട് കോട്ടയത്തേക്കു താമസം മാറ്റാൻ നിശ്ചയിച്ചത്.

1817 ജനുവരി 22-ന് കറസ്പോണ്ടിങ് കമ്മറ്റി സെക്രട്ടറി തോമ്പ്സണ് മൺറോ അയച്ച കത്തിൽ ഇങ്ങനെ എഴുതി: "മലയാളം സംസാരിക്കാറാകുന്നയുടനെ ബെയിലി കോട്ടയത്ത് താമസമാക്കണമെന്ന് ഞാൻ നിർദേശിക്കുന്നു. ബെയിലിക്കു താമസിക്കുന്നതിനായി അവിടെ ഒരു വീടു പണിയുന്നതിനുള്ള ഏർപ്പാടുകൾ ഞാൻ ചെയ്തിട്ടുണ്ട്." ബെയിലി കോട്ടയത്തു താമസിക്കണമെന്നു താൻ താൽപ്പര്യപ്പെടുന്ന കാര്യവും 500 രൂപ ചെലവിൽ ബെയിലിക്കുവേണ്ടി അവിടെ ഒരു വീടു പണിയുവാൻ പോകുന്ന കാര്യവും 1817 മാർച്ച് 15-ന് തോമ്പ്സണ് എഴുതിയ കത്തിൽ മൺറോ വീണ്ടും സൂചിപ്പിക്കുന്നുണ്ട്. 1817 സെപ്റ്റംബർ 20-ന് കോട്ടയം കോളജിൽ നിന്ന്, ബെയിലി സി.എം.എസ്. സെക്രട്ടറി ജോസ്യാ പ്രാറ്റിന് ഇങ്ങനെ എഴുതി:

"When I wrote last you informing you of our arrival at Alleppie I had not the least idea of being stationed at Cotym. Having, however to wait upon the Resident (Col. Munro) who was at Cochin waiting to see Mrs. Munro embark for England he suggested to me his decided opinion

that it was highly necessary and important an English clergy men should take charge of the syrian college as soon as possible said either Mr. Norton or I should do it. When he passed through Allepie in jan. ultimo Mr. Norton and I waited upon him, and he again said the more he considered the above subject far more he said the necessity if it being adopted and hoped I should have no objection to reside at cotym. I certainly had not having very much worried to be stationed in the midst of the Syrians. If the lord should see good. In a letter which the resident wrote some afterwards he requested I would proceed to cotym without delay, look at a suitable place near the college where I might built a house to take up my abode there consequently Mrs. Bailey & I left Allepie on the 25th March on our arrival at the cotym College were gladly welcomed by the Metropolitan, Cattanars (Syrian Clergy), students and I may add the Syrians in general. We have resided in the college eversince I shall do until our house be finished which I hope will not be more than 2 months...''

അങ്ങനെ, കോട്ടയം സിറിയൻ കോളജിന്റെ മേധാവിയായി ഒരു മിഷനറി ഉണ്ടാകണമെന്നുള്ള മൺറോയുടെ പ്രേരണാപൂർവമായ ആവശ്യപ്രകാരം ബെയിലിയും ഭാര്യയും 1817 മാർച്ച് 25-ന് ആലപ്പുഴവിട്ട് കോട്ടയത്തേക്കു വന്നു; താൽക്കാലികമായി കോളജിൽ താമസം ആരംഭിച്ചു.

ബെയിലിക്കു താമസിക്കുന്നതിന് കോളജിനു സമീപത്ത് ഒരു വീടുവെക്കുന്നതിനുള്ള ശ്രമങ്ങൾ കേണൽ മൺറോയുടെ മുൻകൈയിൽ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ബെയിലി താമസിച്ചിരുന്ന ബംഗ്ലാവ് ഇപ്പോൾ സി.എം.എസ്. കോളജ് ഹയർ സെക്കന്ററി സ്കൂളിന്റെ ഭാഗമാണ്. തോമസ് നോർട്ടൻ 1817 ഫെബ്രുവരി 28-ന് അയച്ച കത്തിൽ, ബെയിലിക്കു വീടുപണിയുന്നതിനുള്ള ഒരുക്കങ്ങളെക്കുറിച്ച് ഇങ്ങനെ എഴുതി:

"You will have learned that the Resident is anxious for Mr. Bailey to reside at Cotym. Orders are given for a house to be built there for him. The spot selected is a fine hill having a good command of the country round, and bids fair to be very healthy. It is in every respect, the most convenient spot that we could find. It is surrounded by christian churches and heathen pagodas.

The house is to consist of a hall twenty feet square, and at each end, a viranda. The garden is to be at the foot of the hill. The expense is calculated at about 500 rupees. Mr. Bailey will, perhaps, go to cotym in about a fortnight, that he may superintend the building of the house, which will hasten it, and save considerable expense. Till this house is ready he will live in the seminary, where temporary apartments are preparing for the purpose."

കോട്ടയം കോളജും ബൈബിൾ പരിഭാഷയും

തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മൺറോ മദ്രാസിലെ സി.എം.എസ്. കറസ്പോണ്ടിങ് കമ്മറ്റിയുടെ സഹായത്തോടെ, സുറിയാനി ക്രിസ്ത്യാനികളുടെ സർവതോമുഖമായ പുരോഗതിക്കുവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയുടെ (design) ഭാഗമായാണ് ബെഞ്ചമിൻ ബെയിലി കോട്ടയം കോളജിലെത്തി, അതിന്റെ ചുമതല ഏറ്റെടുത്തത്. മൺറോയുടെ മേൽപ്പടി പദ്ധതിയിലെ ആദ്യ ഇനമായിരുന്നു സുറിയാനി വൈദികരെയും യുവാക്കളെയും പരിശീലിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ച കോട്ടയം കോളജ്. സുറിയാനിക്കാരുടെ വിദ്യാഭ്യാസമായിരുന്നു കോളജിന്റെ മുഖ്യലക്ഷ്യമെങ്കിലും തിരുവിതാംകൂറിലെ പ്രത്യേക സാഹചര്യത്തിൽ ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിലുള്ള പൊതുവിദ്യാഭ്യാസത്തിനുകൂടി അത് ഉതകണമെന്ന് അധികൃതർ കരുതിയിരുന്നു. കോളജിനു പുറമേ, മേൽപ്പടി പദ്ധതിയിൽ മറ്റു ചില കാര്യങ്ങളുംകൂടി നടപ്പിലാക്കുന്നതിനു മൺറോ ഉദ്ദേശിച്ചിരുന്നു. ബൈബിൾ പരിഭാഷ, സുറിയാനി പള്ളികളോടുചേർന്ന് സ്കൂളുകൾ, ബൈബിളും മറ്റു കൃതികളും അച്ചടിച്ചു പ്രചരിപ്പിക്കുന്നതിനായി കോട്ടയം കോളജിനോടുചേർന്ന് ഒരു അച്ചടിശാല-ഇവയൊക്കെയായിരുന്നു മൺറോ മുമ്പോട്ടുവെച്ച പ്രധാന കാര്യങ്ങൾ. ബെയിലി കോട്ടയം കോളജിൽ താമസമായപ്പോൾ ഈ അനേകകാര്യങ്ങളുടെ നിർവഹണച്ചുമതല സ്വഭാവികമായും ബെയിലിയിലായി.

കോട്ടയം മിഷൻ കേന്ദ്രത്തിന്റെ സ്ഥാപകനായ ബെഞ്ചമിൻ ബെയിലി കോട്ടയത്തെത്തുംമുമ്പേ, മൺറോയുടെ ശ്രമഫലമായി, സുറിയാനി മെത്രാന്റെ സഹായത്തോടെ മേൽപ്പറഞ്ഞവയിൽ രണ്ടു പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. അവ: ഒന്ന്, കോട്ടയം കോളജ്. രണ്ട്, ബൈബിൾ പരിഭാഷ. എന്നാൽ കാര്യക്ഷമമായ നേതൃത്വത്തിന്റെ അഭാവത്തിൽ ഈ രണ്ടു കാര്യങ്ങളിലും പുരോഗതി ഉണ്ടായിരുന്നില്ല.

തുടക്കത്തിൽ കോട്ടയം കോളജിന്റെ മേൽനോട്ടം വഹിച്ചത് സുറിയാനി മെത്രാപ്പോലീത്തായായിരുന്നു. കോളജിന്റെ സൂപ്രണ്ട് എന്ന സ്ഥാനം വഹിച്ച ആദ്യത്തെയാൾ ബെഞ്ചമിൻ ബെയിലിയായിരുന്നു. അന്നത്തെ നിലയിൽ കോളജിന്റെ മേൽനോട്ടം വഹിച്ചയാളെ സൂപ്രണ്ട് (Superintendent) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളതെങ്കിലും ഇന്നത്തെ നിലയിൽ 'പ്രിൻസിപ്പാൾ' എന്നു വിളിക്കുന്നതിൽ തെറ്റില്ല.

മുന്തിരിവള്ളിയും ഒലിവുതൈകളും

ബൈബിളിലെ സങ്കീർത്തനക്കാരൻ കുടുംബത്തെക്കുറിച്ച് അതീവ ഹൃദ്യമായ ഒരു ഉപമ പ്രയോഗിച്ചിട്ടുണ്ട്. "നിന്റെ ഭാര്യ നിന്റെ വീട്ടിനകത്തു ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിൻെറ മേശയ്ക്കു ചുറ്റും ഒലിവു തൈകൾപോലെയും ഇരിക്കും." (സങ്കീ. 128:3) ബെഞ്ചമിൻ ബെയിലിയുടെ ദൗത്യനിർവഹണത്തിൽ അദ്ദേഹത്തിന്റെ ഭാര്യ മുന്തിരിവ

ള്ളിയെക്കാളും ഫലപ്രദമായിരുന്നു; വിധി കരുണാപൂർവം ബാക്കിവെച്ച മക്കൾ ഓരോരുത്തരും അച്ഛന്റെ ദർശനം ശരസ്സാവഹിച്ചവരുമായിരുന്നു.

ഒരു മിഷനറിക്ക് ജീവിതത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ച് അറിഞ്ഞുകൊണ്ടുതന്നെ ബെയിലിയുടെ ജീവിതപങ്കാളിയായിത്തീർന്ന വനിതയായിരുന്നു എലിസബത്ത് എല്ല. അവർ വനിതകളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചു. "മിസ്സിസ് ബെയിലി ആദ്യമേതന്നെ മൂന്നു നാലു പെൺകുട്ടികളെ സ്വന്തം വീട്ടിൽവെച്ച്, സ്വന്തം ചുമതലയിൽ പഠിപ്പിച്ചുതുടങ്ങി." (മിഷനറി രജിസ്റ്റർ, 1827 ഡിസംബർ: 606) കേരളത്തിലെ പ്രതികൂല കാലാവസ്ഥമൂലം മിക്കപ്പോഴും രോഗാതുരയായിരുന്നുവെങ്കിലും മിസ്സിസ് ബെയിലി തന്റെ പെൺപള്ളിക്കൂടത്തിന്റെ പ്രവർത്തനം അഭംഗുരം മുമ്പോട്ടു കൊണ്ടുപോയി. 1848-ൽ അവിടെ 29 പെൺകുട്ടികൾ വിദ്യ അഭ്യസിക്കുന്നുണ്ടായിരുന്നു. ബെയിലിയും കുടുംബവും 1850-ൽ ഇംഗ്ലണ്ടിലേക്കു മടങ്ങിയപ്പോൾ ഈ പെൺപള്ളിക്കൂടം മിസ്സിസ് ജോൺസണിന്റെയും (ഹെൻറി ബേക്കറിന്റെ മകൾ) മിസ്സ് ഹാൻഡ്സ് ഫോർഡിന്റെയും (മിസ്സിസ് പീറ്റ്) പെൺപള്ളിക്കൂടത്തോടു ചേർത്തു. അങ്ങനെ അനവധി പെൺകുട്ടികൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊടുത്ത മിസ്സിസ് ബെയിലിയാണ് കേരളത്തിൽ വനിതാവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്. എല്ലായ്പോഴും ബെയിലിയുടെ സഹചാരിണിയായിരുന്ന അവർ ഇംഗ്ലണ്ടിൽ സാലപിലെ ഷീന്റണിൽവെച്ച് 1859 ജൂൺ 19-നു മരണമടഞ്ഞു.

ലഭ്യമായ പ്രസിദ്ധീകരണങ്ങളിലും മറ്റു രേഖകളിലും ബെഞ്ചമിൻ ബെയിലിയുടെ ഏഴു മക്കളെക്കുറിച്ചാണു പരാമർശിക്കപ്പെട്ടു കാണുന്നത്. ഇവരിൽ ബെയിലി ദമ്പതികൾക്ക് ആദ്യമുണ്ടായ കുഞ്ഞ് ആലപ്പുഴവെച്ച്, ജനിച്ചു നാലു ദിവസം കഴിഞ്ഞപ്പോൾ, മരിച്ചുപോയിരുന്നു.

രണ്ടാമതു ജനിച്ച കുഞ്ഞ് ഒരു പെൺകുട്ടിയായിരുന്നു-സാറാ എലിസബത്ത് ബെയിലി. 1818 ജനുവരി 21-ന് അവൾ ജനിച്ചു. ആറുവയസ്സായപ്പോൾ, അഞ്ചാറുമാസം ഗുരുതരമായ രോഗം ബാധിച്ചു ചികിത്സയിൽ കഴിഞ്ഞതിനുശേഷം ആ കുഞ്ഞും മരിച്ചു. അത് ബെയിലിയെയും ഭാര്യയെയും അസഹനീയമായ ദുഃഖത്തിലാഴ്ത്തുകയും തളർത്തിക്കളയുകയും ചെയ്തു. അവർ അനുഭവിക്കുന്ന അഗ്നിപരീക്ഷകളെ പരാമർശിച്ച് ജോസഫ് ഫെൻ ഇങ്ങനെ എഴുതി: "ബെയിലിയും ഭാര്യയും ഇപ്പോൾ കൊല്ലത്താണ്. അവർ വലിയ ദുഃഖത്തിലായിരിക്കുന്നു; അവരുടെ മൂത്തകുട്ടിയെ അവരിൽനിന്ന് എടുക്കുന്നത് ദൈവത്തിനു ഹിതകരമായി തോന്നി-ആറു വയസ്സുള്ള മനോജ്ഞയായ ഒരു പെൺപൈതൽ. ഏതാനും മാസങ്ങളായി അവളുടെ ആരോഗ്യം ക്ഷയിച്ചുക്ഷയിച്ചു വരികയായിരുന്നു. മരിച്ചു പോയേക്കുമെന്ന് കരുതക്കത്തക്കവിധം അവളുടെ നില നേരത്തെതന്നെ വഷളായിരുന്നു." (മിഷനറി രജിസ്റ്റർ, 1825 ഫെബ്രുവരി: 75)

ബെഞ്ചമിൻ എന്നു പേരുള്ള ഒരു മകൻ ബെയിലിക്കുണ്ടായിരുന്നു. ബെഞ്ചമിൻ ജെ. എല്ലാ ബെയിലി എന്നായിരുന്നു മുഴുവൻ പേര്. ഈ മകൻ ബെഞ്ചമിൻ ബെയിലിയെക്കുറിച്ചാണ്-അച്ഛന്റെ സഹായിയുമായിരുന്നതിനാ

ലാകാം- ബെയിലിയുടെ മക്കളിൽവെച്ച്, ഏറ്റവും കൂടുതൽ പരാമർശങ്ങൾ ലഭ്യമാകുന്നത്. ഡബ്ലിയു.എസ്. ഹണ്ട് എഴുതുന്നു: "കോട്ടയം പ്രസ്സിൽ അച്ചടി ജോലികൾ ചെയ്യുന്നതിനാവശ്യമായ വൈദഗ്ധ്യം നേടുന്നതിനുവേണ്ടി ഇംഗ്ലണ്ടിൽ പ്രിന്ററായി ജോലിചെയ്ത മകൻ ബെയിലിയോടൊപ്പം താമസിച്ചു. അതുപോലെ ബെയിലിയെ ഇടവകപരിപാലനത്തിൽ സഹായിച്ചുകൊണ്ട് പെൺമക്കളും അദ്ദേഹത്തോടൊപ്പം താമസിച്ചു. ബെയിലിക്കും ഭാര്യയ്ക്കും കൂടെക്കൂടെ അസുഖം പിടിക്കുമായിരുന്നു. സൂര്യന്റെ ചൂടേൽക്കുന്നതു കൊണ്ടുള്ള കഠിനമായ തലവേദനമൂലം ബെയിലി സദാ ക്ലേശിച്ചിരുന്നു. 1842 സെപ്റ്റംബർ 17-ന് മിസ്സിസ് ബേക്കർ അവരുടെ മകനെഴുതി: 'ഏകദേശം അൻപതോ അറുപതോ ഗജം ദൂരത്തിൽ, വീടിനോട് വളരെ അടുത്തായതിനാൽ, നമ്മുടെ സുഹൃത്ത് ബെയിലിക്ക് പള്ളിയിലേക്കും അച്ചടിശാലയിലേക്കും അധികദൂരം പോകേണ്ടതില്ല. ബെയിലിയോടൊപ്പം അച്ചടിശാലയിൽ മകൻ ബെഞ്ചമിൻ ഉണ്ട്. മകൻ അച്ഛനോടൊപ്പം താമസിക്കുന്നു. അടുത്ത മാസം അവസാനത്തോടുകൂടി അവരുടെ മകൾ വരുമെന്ന്, അവരിപ്പോൾ പ്രതീക്ഷിച്ചിരിക്കുന്നു. രോഗിണിയും ക്ഷീണിതയുമായിരിക്കുന്നതുകൊണ്ട് മിസ്സിസ് ബെയിലിയെ സഹായിക്കാൻ ആരെങ്കിലും ഉണ്ടായേകഴിയൂ. തീർച്ചയായും ആ മകൾ അമ്മയ്ക്കൊരാശ്വാസമായിരിക്കുമെന്ന് ഞാൻ കരുതുന്നു.'" (1968: 43)

മേൽ ഉദ്ധരിച്ചതിൽനിന്നു വ്യക്തമാകുന്ന ചില സംഗതികളുണ്ട്: ഒന്ന്, ഒരു മകൻ പ്രസ്സിൽ ബെയിലിക്കു സഹായിയായി കൂടെയുണ്ടായിരുന്നു; രണ്ട്, ആ മകൻ ഇംഗ്ലണ്ടിൽ പോയി അച്ചടി പഠിച്ചുവന്നതാണ്; മൂന്ന്, പ്രസ്സിൽ ബെയിലിക്കൊപ്പമുണ്ടായിരുന്ന മകന്റെ പേര് 'ബെഞ്ചമിൻ' എന്നായിരുന്നു; നാല്, 1842-ൽ മകൻ ബെഞ്ചമിൻ, ബെയിലിയോടൊപ്പം കോട്ടയം അച്ചടിശാലയിലുണ്ട്, അഞ്ച്, 1842-ൽ മിസ്സിസ് ബേക്കർ മേൽപ്പടി കത്ത് എഴുതുമ്പോൾ ബെയിലിയുടെ പെൺമക്കൾ ആരും സ്ഥലത്തില്ല. എന്നാൽ 1846-ൽ, ബെയിലിയുടെകൂടെ മകനും മകളും ഉള്ളതായി താഴെപ്പറയുന്ന ഉദ്ധരണിയിൽനിന്നു മനസ്സിലാക്കാം: "ഒരു സണ്ടേസ്കൂൾ സായ്പിന്റെ മകൻ നടത്തി വന്നു. അതിൽ കുട്ടികൾ വളരെ ഉണ്ട്... ബെയിലി സായ്പിന്റെ മകൾ പെൺകുട്ടികൾക്കായി ഒരു സണ്ടേസ്കൂൾ നടത്തുന്നുണ്ട്. ബെയിലിമദാമ്മയുടെ പള്ളിക്കൂടത്തിലും ഞായറാഴ്ചയും ഇടദിവസങ്ങളിലും പഠിത്തം നടക്കുന്നുണ്ട്." (മലയാളമിത്രം, 171-172) 'സായ്പിന്റെ മകൻ', സായ്പിന്റെ മകൾ' എന്നിങ്ങനെയുള്ള പ്രയോഗത്തിലൂടെ, പരാമർശിക്കപ്പെടുന്ന കാലത്ത്, ബെയിലിയുടെ ഒരു മകനും ഒരു മകളുംമാത്രമേ സ്ഥലത്തുള്ളുവെന്ന് വ്യക്തമാകുന്നു. അതുപോലെ 1848-ലും മകൻ ബെഞ്ചമിൻ ബെയിലി കോട്ടയത്തുണ്ടെന്ന് ഇനിപ്പറയുന്ന പ്രസ്താവനയിൽനിന്നു വ്യക്തമാകുന്നു: "മിസ്റ്റർ റ്റി.സി. പുന്നൻ ബി.എ... ജനനം 1848-ൽ ആയിരുന്നു. കോട്ടയം ഭദ്രാസനപ്പള്ളിയിൽ സ്നാനമേറ്റു, ജ്ഞാനപിതാക്കന്മാരിൽ ഒരാൾ റവ. ബെയിലിയുടെ പുത്രൻ മിസ്റ്റർ ബെഞ്ചമിൻ ബെയിലിയായിരുന്നു." (വി.ടി. ഡേവിഡ്, 1930: 118) പിന്നീട് ബെയിലിയുടെയും കുടുംബത്തിന്റെയും മടക്കയാത്രയെക്കുറിച്ച് കാണുന്ന രേഖ ഇപ്രകാരമാണ്: "ബെയിലി സായ്പും മദാമ്മയും മൂത്തമകനും രണ്ടു പെൺമ

ക്കളുംകൂടെ ഈയാണ്ടിലെ മാർച്ചുമാസം 13-നു കൊച്ചിയിൽ ചെന്നു കപ്പൽകയറി ബിലാത്തിക്കു പോയി." (മലയാളമിത്രം, 1905 ഫെബ്രുവരി:27) 'മൂത്തമകൻ' എന്നതിൽനിന്ന്, ഇളയ ആൺ മകൻ/ മക്കൾ ഉണ്ടെന്നുള്ള സൂചനയുണ്ട്. പക്ഷേ അവരെക്കുറിച്ച് ആധികാരിക രേഖകൾ ഒന്നും കാണാൻ കഴിഞ്ഞിട്ടില്ല. "ബെയിലി മദാമ്മയും മിസ് ബെയിലി മദാമ്മമാരും പഠിപ്പിച്ച പല സ്ത്രീകൾ വിവാഹം കഴിഞ്ഞു ഇവിടെ താമസിക്കുന്നുണ്ട്" എന്ന് എഴുതിയിരിക്കുന്നതിൽനിന്ന്, ബെയിലിയുടെ രണ്ടു പെൺകുട്ടികളും 1850-നു മുമ്പ് ബെയിലി കുടുംബത്തിൽ മടങ്ങിയെത്തിയെന്നും അവർ അമ്മയോടൊപ്പം പെൺപള്ളിക്കൂടത്തിൽ പഠിപ്പിച്ചുവെന്നും മനസ്സിലാക്കാം. മകൻ ബെഞ്ചമിൻ ബെയിലി ഇംഗ്ലണ്ടിൽനിന്ന് അച്ചടിയിൽ വൈദഗ്ധ്യംനേടി തിരിച്ചുവന്ന്, 1840-ൽ പ്രസ്സിൽ സൂപ്രണ്ടായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഇദ്ദേഹത്തെ പിന്നീടു കാണുന്നത് സി.എം.എസ്. പ്രസിദ്ധീകരിച്ച രജിസ്റ്റർ ഒഫ് മിഷനറീസ് എന്ന ഗ്രന്ഥത്തിന്റെ സമാഹർത്താവ് (compiler) എന്ന നിലയ്ക്കാണ്. പ്രസ്തുത ഗ്രന്ഥത്തിന്റെ ആമുഖക്കുറിപ്പിൽ ഇങ്ങനെ കാണുന്നു: "1883-ൽ ഈ രജിസ്റ്ററിന്റെ ഒരു രണ്ടാംപതിപ്പ് മി. ബെഞ്ചമിൻ ബെയിലി സമാഹരിച്ചു. ചർച്ച് മിഷൻ ഓഫീസിലെ ഒരു സീനിയർ ക്ലർക്ക് ആയിരുന്നു 'ചെറിയ' ബെഞ്ചമിൻ ബെയിലി." ഇദ്ദേഹം ഒരു വൈദികനും കവിയുമായിരുന്നു. 1883-ൽ മരിച്ചു.

കുഞ്ഞുങ്ങളായിരിക്കെ മരിച്ച രണ്ടുമക്കളുടെ ശവക്കല്ലറ കോട്ടയം സി.എസ്.ഐ. കത്തീഡ്രൽ സെമിത്തേരിയിലുണ്ട്. അതിൽ ഒന്ന് 1824 മെയ് 28-ന്, 9 മാസം പ്രായമുള്ളപ്പോൾ മരിച്ച സാമുവൽ ബക്ക്വർത്ത് ബെയിലിയുടേതാണ്; രണ്ടാമത്തേത്, 1828 മെയ് 1-ന്, ഒരു വർഷവും പതിനൊന്നു മാസവും പ്രായമുള്ളപ്പോൾ മരിച്ച മാർത്താ സ്മിത്ത് ബെയിലിയുടേതും.

ജോസഫ് ഗ്രഹാം ബെയിലി (1821-1881), എലിസബത്ത് സോഫിയാ ബെയിലി (1825-1911), മൈക്കിൾ ബക്വർത്ത് ബെയിലി (1827-), മന്നാ ജമീലാ ബെയിലി (1829-1912) എന്നീ മക്കളെക്കുറിച്ച് ഇംഗ്ലണ്ടിലെ ആർക്കൈവ്സിൽ ലഭ്യമായ 'ബെയിലി ഫാമിലി ട്രീ'യിൽ പരാമർശിച്ചുകാണുന്നുണ്ട്. ബെയിലി-എലിസബത്ത് ദമ്പതികൾക്ക് ആകെ ഒമ്പതു മക്കളാണുണ്ടായിരുന്നത്. അവരിൽ ആദ്യജാതനായ ശിശു, സാറാ, സാമുവൽ, മാർത്ത എന്നിവർ അകാലത്തിൽ മരിച്ചു. മൈക്കിൾ മരിച്ചത് ഏതു വർഷമെന്ന് അറിയാൻ കഴിയുന്നില്ല.

ബെയിലി കുടുംബം അനുഭവിച്ച അഗ്നി പരീക്ഷകൾ കുഞ്ഞുങ്ങളുടെ മരണമേൽപ്പിച്ച ആഘാതംകൊണ്ട് അവസാനിച്ചില്ല. യൂറോപ്പിലേതിൽനിന്നു വളരെ വ്യത്യസ്തമായ, കേരളത്തിലെ കാലാവസ്ഥയും ഭൗതിക സാഹചര്യങ്ങളും മിഷനറിമാർക്ക് ഒരു തരത്തിലും പൊരുത്തപ്പെടാൻ കഴിയുന്നതായിരുന്നില്ല. അതിനുപുറമേയായിരുന്നു, പ്രേക്ഷിത പ്രവർത്തന മേഖലകളിലെ അവരുടെ ക്ലേശപൂർണമായ ജീവിതം. മിക്ക മിഷനറിമാരും രോഗികളായി; പലരും മടങ്ങിപ്പോകാൻ നിർബന്ധിതരായി; വാശിയോടെ പിടിച്ചു നിന്നവരിൽ ഒട്ടുവളരെ പേർ മരണമടഞ്ഞു. കേരളത്തിലെ മിഷനറി ജീവിതം ബെയി

ലിയെയും ഭാര്യയെയും നിത്യരോഗികളാക്കി. ഉഷ്ണമേഖലാപ്രദേശത്തെ തീക്ഷ്ണമായ സൂര്യകിരണങ്ങളേൽക്കേണ്ടിവന്ന ബെയിലിക്ക് മിക്കപ്പോഴും അതികഠിനമായ തലവേദന അനുഭവിക്കേണ്ടിവന്നു. 1818-ൽ ഉടനീളം ബെയിലി രോഗബാധിതനായിരുന്നു. തന്മൂലം മലയാളഭാഷയിൽ കൂടുതൽ പാണ്ഡിത്യം നേടുന്നതിനോ ബെയിലിയുടെ മനസ്സിലുണ്ടായിരുന്നു പദ്ധതികൾ നടപ്പിലാക്കുന്നതിനോ ആ വർഷം കഴിഞ്ഞില്ല. 1819 ജനുവരി മാസം, രോഗബാധിതനായ ബെയിലി കൊല്ലത്ത് ഡോ. ഹേയുടെ ചികിത്സയിലായിരുന്നു. 1822-ൽ വീണ്ടും ശക്തമായ രോഗബാധയുണ്ടായി. ഈ സന്ദർഭത്തിൽ സുറിയാനി മെത്രാപ്പോലീത്തായും കത്തനാരന്മാരും ജനങ്ങളും ബെയിലിയോട് വലിയ സ്നേഹം കാട്ടുകയും ബെയിലിയുടെ സൗഖ്യത്തിനായി പള്ളികളിൽ പ്രാർഥന നടത്തുകയും ചെയ്തു. ഇക്കാലത്ത് ബെയിലിക്ക് "വളരെ നാൾ വേലയിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടിവന്നു." (മലയാളമിത്രം, 196) ഇങ്ങനെ, നിരന്തരമായുണ്ടാകുന്ന കഠിന തലവേദനമൂലം തിരുവിതാംകൂറിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പൊയ്ക്കൊള്ളാൻ ഡോക്ടറന്മാർ താക്കീതുനൽകുമോ എന്നുള്ളതുമാത്രമായിരുന്നു ബെയിലിയുടെ ഒരേയൊരു പേടി. അപ്പോഴും അസുഖത്തിനു സ്വയം വിട്ടുകൊടുക്കാൻ ബെയിലി തയ്യാറായില്ല. 1827-ൽ ബെയിലി എഴുതി: "ആരോഗ്യാവസ്ഥ വളരെ മോശമാണെങ്കിലും, മിഷൻ സ്റ്റേഷനിൽ തുടർന്നു പോകുന്നതിന് കഴിവു ലഭിച്ചതിൽ ഞാൻ കൃതജ്ഞനാണ്." (മിഷനറി രജിസ്റ്റർ, 1827 ഡിസംബർ: 601) മിസ്സിസ് ബെയിലിക്ക് തീരെ സുഖമില്ലെന്നും ബെയിലി എഴുതി. കേരളത്തിൽ താമസിച്ച കാലമത്രയും ബെയിലിക്ക് നിരന്തരം തലവേദന അനുഭവപ്പെട്ടിരുന്നു. സായ്പന്മാർ അസുഖമുണ്ടാകുമ്പോൾ സൗഖ്യത്തിനായി കുന്നിൻ മുകളിലെ ഏതെങ്കിലും സുഖവാസകേന്ദ്രത്തിലേക്കു പോകുക പതിവായിരുന്നു. നിരന്തരം രോഗമുണ്ടായെങ്കിലും ബെയിലി ഒരിക്കൽമാത്രമേ അങ്ങനെ പോയിട്ടുള്ളൂ. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതായി കണ്ട് തെരഞ്ഞെടുത്ത ഗരിമയുള്ള ചുമതലകളിൽനിന്നു മാറിനിൽക്കാനുള്ള വൈമനസ്യംകൊണ്ട്, മുപ്പത്തിനാല് വർഷത്തെ കേരളവാസത്തിനിടയിൽ ബെയിലി ഒരിക്കൽമാത്രമേ ഫർലോയിൽ ജന്മനാട്ടിലേക്കും പോയുള്ളു. 1831-ൽ; ആ വർഷം മെയ് 14-ന് ഇംഗ്ലണ്ടിലേക്കു പോയ ബെയിലി 1834 ജൂലൈ 15-ന് ഇന്ത്യയിലേക്കു മടങ്ങുകയും ചെയ്തു.

ബെയിലി കോട്ടയം കോളജിന്റെ ആദ്യ സൂപ്രണ്ട് (പ്രിൻസിപ്പാൾ)

ഇന്ത്യയിൽ ഇന്നുള്ള കോളജുകളിൽ ആദ്യത്തേതാണ് കോട്ടയം സി.എം.എസ്. കോളജ്. കൽക്കട്ട ഹിന്ദു കോളേജ് തുടങ്ങി ചില കോളജുകൾ കോട്ടയം കോളജിനുമുമ്പ് പ്രവർത്തനമാരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവയൊന്നും പ്രവർത്തിക്കുന്നില്ല. മുമ്പു സൂചിപ്പിച്ചതുപോലെ, സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി കോട്ടയത്ത് ഒരു കോളജ് സ്ഥാപിക്കുവാൻ കേണൽ മൺറോ 1812-ൽ തീരുമാനിച്ചു. ഇക്കാര്യം അറിയിച്ചുകൊണ്ടും

സഹായങ്ങൾ അഭ്യർഥിച്ചുകൊണ്ടും മൺറോ 1813-ൽ ഇംഗ്ലണ്ടിലെ സി.എം. എസ്. ഹോം കമ്മറ്റിക്ക് കത്തെഴുതി. അവിടെനിന്നുള്ള മറുപടി ലഭിക്കുംമുമ്പുതന്നെ, തിരുവിതാംകൂർ സർക്കാരിന്റെ സഹായത്തോടെ, അദ്ദേഹം കോളജ് കെട്ടിടത്തിന്റെ പണി ആരംഭിച്ചു. മീനച്ചിലാറിന്റെ തീരത്ത് സ്ഥലവും കെട്ടിടനിർമാണത്തിനാവശ്യമുള്ള തടിയും 500 രൂപയും റാണി ലക്ഷ്മീഭായി നൽകി. 1808-ൽ കേണൽ മെക്കാളേ സുറിയാനിക്കാരുടെ പേരിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിക്ഷേപിച്ചിരുന്ന വട്ടിപ്പണത്തിന്റെ നാലു വർഷത്തെ പലിശയായ 3360 രൂപയും മൺറോ കോളജ് പണിക്കു വേണ്ടി ഉപയോഗിച്ചു. 1813 ഫെബ്രുവരി 18-ന് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ മേൽനോട്ടത്തിൽ പണി ആരംഭിക്കുകയും 1815 മാർച്ചിൽ പണി ഏകദേശം പൂർത്തിയാകുകയും ചെയ്തു.

കോട്ടയം കോളജിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണമെന്നുള്ള അമിതമായ താൽപ്പര്യംമൂലം ഇംഗ്ലണ്ടിൽനിന്ന് സി.എം.എസിന്റെ നിയോഗപ്രകാരം ആൾ എത്തുന്നതുവരെ മൺറോ കാത്തിരുന്നില്ല. ഇതിനോടകം സുറിയാനി മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ (പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് രണ്ടാമൻ) മേൽനോട്ടത്തിൽ, 1815-ൽ തന്നെ പഠനം ആരംഭിച്ചു. തുടക്കത്തിൽ വൈദിക വിദ്യാർത്ഥികളെ സുറിയാനി പഠിപ്പിക്കുകയാണുണ്ടായത്.

മൺറോയുടെ അഭ്യർഥനപ്രകാരം സി.എം.എസ്. തിരുവിതാംകൂറിലേക്ക് ആദ്യമായയച്ചത് തോമസ് നോർട്ടനെ ആയിരുന്നു. നോർട്ടൻ, പക്ഷേ സ്വന്തം പ്രവർത്തന കേന്ദ്രമായി ആലപ്പുഴ തെരഞ്ഞെടുത്തു. നോർട്ടനുശേഷം എത്തിയ ബെഞ്ചമിൻ ബെയിലി കേണൽ മൺറോയുടെ നിർദേശപ്രകാരം 1817 മാർച്ച് 25-ന് കോട്ടയത്തെത്തി, കോളജിന്റെ ചുമതല ഏറ്റെടുത്ത്, കോളജിൽതന്നെ സകുടുംബം താമസിച്ച്, പ്രവർത്തനമാരംഭിച്ചു. ബെയിലി കോളജിന്റെ ചുമതല ഏറ്റെടുത്തതിനുശേഷമാണ് കോളജിൽ ആധുനിക പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ മാതൃകയിൽ ഒരു പാഠ്യക്രമം ഉണ്ടായത്. അതോടെ വൈദികവിദ്യാർത്ഥികൾക്കുവേണ്ടിമാത്രമുള്ള ഒരു സ്ഥാപനം എന്ന സ്ഥിതിക്ക് മാറ്റം വരികയും ചെയ്തു.

കോട്ടയം സി.എം.എസ്. കോളജ് തുടക്കംമുതലേ പൊതുവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയിരുന്നു. തിരുവിതാംകൂർ ദിവാനായിരുന്ന കേണൽ മൺറോയെ സംബന്ധിച്ചിടത്തോളം സർക്കാർ ഓഫീസുകളിലേക്ക് വിദ്യാസമ്പന്നരെ ലഭിക്കുക എന്നൊരു ലക്ഷ്യംകൂടി കോളജ് സ്ഥാപിക്കലിന്റെ പിന്നിലുണ്ടായിരുന്നു. തിരുവിതാംകൂർ റാണിയും ദിവാന്റെ ഈ ഉദ്ദേശ്യത്തെ പിന്തുണച്ചു. 1818-ലെ *സി.എം.എസ്. പ്രൊസിഡിങ്സിൽ* ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: “In connexion with this record of Her Highness’s liberality, it should be stated, that the college at cotym is not regarded by her Government as a seminary simply for priests; but as an institution for general education, from where any demands of the state for officers to fill all departments of its public service are to be met.”

ബെഞ്ചമിൻ ബെയിലി

മലയാളപഠനവും കോട്ടയം കോളജിന്റെ ഭരണവും

കോട്ടയത്തെത്തിയ ബെഞ്ചമിൻ ബെയിലിക്ക് പല കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നെങ്കിലും അദ്ദേഹം ചെയ്ത സുപ്രധാനമായ രണ്ടു കാര്യങ്ങൾ മലയാള പഠനം തുടരുകയും കോളജിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയുമായിരുന്നു.

1815 മാർച്ചോടുകൂടി ഏകദേശംമാത്രം പണി പൂർത്തിയായിരുന്ന കോളജ് കെട്ടിടത്തിന്റെ അവശേഷിച്ചിരുന്ന നിർമാണജോലികൾ പൂർത്തികരിച്ചത് ബെയിലി കോളജിന്റെ ചുമതല ഏറ്റെടുത്തതിനുശേഷമാണ്. 1817 ഓഗസ്റ്റ് 6-ന് മൺറോ ബെയിലിക്കെഴുതി: "കോളജിന്റെ കെട്ടിടം പൂർത്തിയാക്കുന്നതിന് 400 രൂപയും അതോടുചേർന്ന് ഒരു പള്ളി പണിയുന്നതിന് 500 രൂപയും മതിയാകുമെന്ന് താങ്കൾ എഴുതിയല്ലോ. കോളജിനുവേണ്ടി 1000 രൂപയുടെ ഒരു സംഭാവന ഞാൻ ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള കാര്യം അറിയിക്കുന്നതിൽ സന്തോഷമുണ്ട്. കൊല്ലത്ത്, എന്റെ ട്രഷറിയിൽനിന്ന് ഈ തുക താങ്കൾക്കയച്ചു തരും. ഒട്ടും കാലതാമസംകൂടാതെ ഈ പണികൾ പൂർത്തിയാക്കത്തക്കവിധം, താങ്കളുടെ വ്യക്തിപരമായ നടത്തിപ്പിൽ പ്രസ്തുത തുക ചെലവഴിക്കണമെന്നു താൽപ്പര്യപ്പെടുന്നു."

ബെഞ്ചമിൻ ബെയിലി കോട്ടയം കോളജിന്റെ മേധാവിയായി ചുമതലയേറ്റ്, രണ്ടു മാസത്തിനുള്ളിൽ അവിടെ ഇംഗ്ലീഷിൽ അധ്യാപനം തുടങ്ങി. ബെയിലി കോട്ടയം കോളജിൽ ഇംഗ്ലീഷ് പഠിപ്പിച്ചു തുടങ്ങിയ കൃത്യതീയതിയെക്കുറിച്ച് അറിയാൻ കഴിയുന്നില്ലെങ്കിലും 1817 മെയ് 13-ന് ബെയിലി മൺറോയ്ക്ക് അയച്ച കത്തിൽ, താൻ കത്തനാരന്മാരെയും മറ്റു വിദ്യാർത്ഥികളെയും ഇംഗ്ലീഷിൽ പഠിപ്പിക്കുന്നതായി പ്രസ്താവമുണ്ട്. മൺറോ 1817 മെയ് 29-ന് ബെയിലിക്ക് അയച്ച കത്തിൽ മെയ് 13-ന് ബെയിലി അയച്ച കത്തിനെക്കുറിച്ചു പരാമർശിക്കുകയും ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള ബെയിലിയുടെ അധ്യാപനത്തെ, "I approve very much indeed of your commencing a course of instruction in the English language, and I request earnestly that you will continue it with vigour" എന്ന് ആവേശപൂർവം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിൽനിന്ന്, കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു തുടക്കംകുറിച്ചതു ബെഞ്ചമിൻ ബെയിലി ആണെന്നുള്ളതു വ്യക്തമാകുന്നു. എന്നാൽ ഈ വസ്തുതയ്ക്കു വിരുദ്ധമായ ഒരു ധാരണ ചിലർക്കെങ്കിലുമുണ്ട്. തിരുവിതാംകൂർ മഹാരാജാവിന്റെ താൽപ്പര്യപ്രകാരം നാഗർകോവിലിൽനിന്ന് തിരുവനന്തപുരത്തുവന്ന് സ്കൂൾ തുടങ്ങിയ റോബർട്ട്സ് ആണ് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കമിട്ടതെന്നവർ തെറ്റിദ്ധരിച്ചിരിക്കുന്നു. കോട്ടയം കോളജ് തുടങ്ങി വളരെ വർഷങ്ങൾക്കുശേഷമാണ് തിരുവിതാംകൂറിൽ 'മഹാരാജാസ് സ്കൂൾ' ആരംഭിച്ചത്. തന്നെയുമല്ല റോബർട്ട്സ് നാഗർകോവിലിൽ എത്തുംമുമ്പ് കോട്ടയം കോളജിൽ പഠിപ്പിക്കുകയും ചെയ്തിരുന്നു.

മലയാളമിത്രത്തിൽ ഇക്കാര്യങ്ങൾ വ്യക്തമായി എഴുതിയിട്ടുണ്ട്: "എന്നാൽ ഈ റോബർട്ട്സ് ആരായിരുന്നു എന്നറിയുന്നത് വായനക്കാർക്ക്

രസമായിരിക്കും. പഴയ സിമ്മനാരിയിൽ പഠിപ്പിപ്പാൻ മദ്രാസിൽനിന്നും ജെംസ് റോബർട്ട്സ് എന്നും ജോൺ റയാൻ എന്നും പേരായ രണ്ടു സായിപ്പന്മാരെ മദ്രാസിൽനിന്നു വരുത്തിയതായി മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്. ഇവരിൽ റോബർട്ട് എന്നയാൾ മൂന്നോ നാലോ വർഷം അവിടെ പഠിപ്പിച്ചിട്ടു പിന്നെ ആലപ്പുഴയ്ക്കുപോയി. അവിടെ ആദ്യം നോർട്ടൻ സായിപ്പിന്റെ പള്ളിക്കൂടത്തിലും പിന്നീട് സ്വന്തമായി ഒരു പള്ളിക്കൂടത്തിലും പഠിപ്പിച്ചു. അതിന്റെ ശേഷം നാഗരുകോവിൽ പോയി പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു പഠിത്വം നടത്തിവന്നു. അവിടെനിന്നു തിരുവനന്തപുരത്തുവന്നു പഠിപ്പിപ്പാൻ മഹാരാജാവിന്റെ ക്ഷണനപ്രകാരം വന്നു. ആദ്യം സർക്കാരിൽനിന്നു ഗ്രാന്റു കിട്ടി. പിന്നീടു സ്കൂൾ സർക്കാർ വകയാക്കി. തിരുവനന്തപുരം കോളജിന്റെ ഉത്ഭവം ഇങ്ങനെ ആയിരുന്നു. ദേവസഹായം അയ്യർ കണ്ട റോബർട്ട്സ് പഴയ സിമ്മനാരിയിൽ പഠിപ്പിച്ച റോബർട്ട് തന്നെ ആയിരുന്നു. തിരുവനന്തപുരം സ്കൂളിലെ ആദ്യവാദ്യാന്മാരിൽ ചിലരും കോട്ടയത്തു പഠിച്ചവർ ആയിരുന്നു. എന്നിട്ടും ഇംഗ്ലീഷ് പഠിത്വം ആദ്യം തിരുവിതാംകോട്ടു തുടങ്ങിയതു തിരുവനന്തപുരത്തു ആകുന്നു എന്നു ചിലർ എഴുതുകയും പറകയും ചെയ്തുവരുന്നു.”

കോളജിന്റെ കാര്യത്തിൽ മാത്രമല്ല സ്കൂൾ വിദ്യാഭ്യാസത്തിന്റെ പുരോഗതിയിലും ബെയിലി ശ്രദ്ധ വച്ചിരുന്നു. കേരളത്തിലെ ആദ്യത്തെ ഹൈ സ്കൂൾ 1817-ൽ ബെയിലിയുടെ ഭവനത്തിലാണ് ആരംഭിച്ചത്. ബെയിലീബംഗ്ലാവിന് സമീപത്തായി ബെയിലി ഒരു സ്കൂൾ (ആർബത്നോട്ട് സ്കൂൾ) നടത്തിയിരുന്നു. ‘മംകളാവും ധർമ്മ പള്ളിക്കൂടവും’ വെക്കുന്നതിനായാണ് തിരുവിതാംകൂർ സർക്കാർ ബെയിലിക്കു കരമൊഴിവായി സ്ഥലം നൽകിയത്. (993 ഇടവം 14-ലെ നീട്ട്)

സുറിയാനി പള്ളികൾ സന്ദർശിക്കുമ്പോഴൊക്കെ, ഓരോ പള്ളിയോടും ചേർന്ന് സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രേരണയും മാർഗനിർദേശവും ബെയിലി നൽകിയിരുന്നു. ചെങ്ങന്നൂർ പള്ളിയോട് ചേർന്നുണ്ടായിരുന്ന സ്കൂളും മറ്റും അങ്ങനെ ആരംഭിച്ചതാണ്. പള്ളികളോട് ചേർന്ന് സ്കൂളുകൾ സ്ഥാപിച്ച് പൊതുവിദ്യാഭ്യാസം വികസിപ്പിക്കുക എന്നുള്ളത് കേണൽ മൺറോയുടെ പരിപാടിയുടെയും സി.എം.എസിന്റെ പദ്ധതിയുടെയും (design) ഭാഗമായിരുന്നു.

കോളജ് ഭരണത്തിനൊപ്പം ബെയിലിക്കു ശ്രദ്ധിക്കേണ്ടിയിരുന്ന വിഷയമാണ് മലയാളഭാഷാപഠനം. ആലപ്പുഴയിൽ എത്തിയ ഉടൻതന്നെ ബെയിലി മലയാളഭാഷ പഠിക്കാൻ തുടങ്ങി. ബെയിലിയുടെ ഭാഷാപഠനത്തെ സഹായിക്കാൻ പറ്റിയ പല ഘടകങ്ങളും അവിടെ ഉണ്ടായിരുന്നു. ആറുമാസംമുമ്പ് ആലപ്പുഴയിലെത്തുകയും മലയാളപഠനം ആരംഭിക്കുകയും ചെയ്ത നോർട്ടന്റെ സഹവാസംതന്നെ വലിയൊരു സഹായക ഘടകമായിരുന്നു. തന്നെയുമല്ല ഇംഗ്ലീഷുകാരുൾപ്പെടെ മലയാളമറിയാവുന്ന അന്യഭാഷക്കാർ ധാരാളമുള്ള സ്ഥലമായിരുന്നു തുറമുഖപട്ടണമായ ആലപ്പുഴ. എന്നാൽ ബെയിലിക്ക് നാലുമാസമേ ആലപ്പുഴയിൽ താമസിക്കാൻ കഴിഞ്ഞുള്ളൂ.

പിന്നീട് കോട്ടയത്തായി താമസം. അന്ന് ഒരു ചെറിയ ഗ്രാമംമാത്രമായിരുന്ന കോട്ടയംപോലെയൊരു സ്ഥലത്ത് ഒരു വിദേശിക്കു മലയാളം പഠിക്കാൻ പറ്റിയ സാഹചര്യമുണ്ടായിരുന്നില്ല. ദ്വിഭാഷികൾ ഇല്ല; ഇംഗ്ലീഷോ മറ്റു വിദേശഭാഷകളോ പേരിനെങ്കിലും പരിചയമുള്ളവരുമില്ല. ഭാഷാപരമായും ഒട്ടനവധി പ്രശ്നങ്ങൾ നേരിടേണ്ടതുണ്ടായിരുന്നു: ഗ്രന്ഥം, വെട്ടെഴുത്ത്, കോലെഴുത്ത് എന്നിങ്ങനെ പ്രചാരത്തിലുള്ള വിവിധ ലിപിസമ്പ്രദായങ്ങൾ; കൈയെഴുത്തിലൂടെമാത്രം (calligraphy) പ്രചരിക്കുകയാൽ ഒരേ ലിപി സമ്പ്രദായത്തിൽതന്നെ മിക്ക ലിപികൾക്കും ഏകീകൃത രൂപമില്ലാതിരിക്കൽ; വിദ്യാസമ്പന്നർ ഉപയോഗിക്കുന്ന മലയാളവും സാധാരാണ ജനങ്ങളുടെ സംഭാഷണഭാഷയും തമ്മിലുള്ള സാരമായ അന്തരം; മലയാളമെന്നു പറയുമ്പോൾതന്നെ മലയാണ്മയെക്കാൾ കൂടുതലായി സംസ്കൃതഭാഷ അതിൽ സ്വാധീനത ചെലുത്തുന്ന രീതി; ഔദ്യോഗിക ഭാഷയായി നിലനിൽക്കുന്ന തമിഴ്; സാഹിത്യമെന്നാൽ പദ്യംമാത്രം; ശൈലീശുദ്ധവും പ്രചാരം സിദ്ധിച്ചതുമായ ലിഖിത ഗദ്യത്തിന്റെ അഭാവം-ഈ കടമ്പകളൊക്കെ കടന്നേ മലയാളഭാഷ പഠിക്കാൻ കഴിയൂ. ഇതൊക്കെ കടന്നാലും പ്രശ്നങ്ങൾ അവസാനിക്കുന്നില്ല: ഭാഷയുടെ അടിസ്ഥാനഗ്രന്ഥങ്ങളായ നിഘണ്ടുക്കളോ വ്യാകരണങ്ങളോ ഇല്ല. ഇരുപത്തിയാറ് അക്ഷരംകൊണ്ട് ഒരു ഭാഷ കൈകാര്യം ചെയ്യുന്ന ഇംഗ്ലീഷുകാരനെ സംബന്ധിച്ചിടത്തോളം തമിഴു പഠിക്കുന്നതിനെക്കാൾ ക്ലേശകരമായിരുന്നു മലയാളപഠനം. അത് ഒരു തുടക്കക്കാരന് അന്ധാളിപ്പുണ്ടാക്കുന്നതുമായിരുന്നു. ബെയിലിയെ സംബന്ധിച്ചിടത്തോളം, ധാരാളം സമയം ചെലവഴിക്കേണ്ട മറ്റു പല ഭാരിച്ച ചുമതലകളുമുണ്ടായിരുന്നു. ചുരുക്കത്തിൽ ഭാഷ പഠിക്കാൻ സാഹചര്യവുമില്ല, സമയവുമില്ല. എങ്കിലും പഠിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടേയിരുന്നു. ബെയിലി 1817 ജൂലൈ 16-ാം തീയതി കോട്ടയം കോളജിൽനിന്ന് എം. തോമ്പ്സണ് ഇങ്ങനെ എഴുതി: “മലയാളത്തിലുള്ള അറിവിന്റെ ചെറുശേഖരത്തിലേക്ക് ഞാൻ ദിവസേന വിവരങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടിരിക്കുന്നു.” എന്നാൽ, പിന്നീട് ആഗ്രഹിച്ചതുപോലെയുള്ള പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞില്ല. 1818 ജനുവരി 17-ന് എഴുതിയ കത്തിൽ മലയാളം പഠിപ്പിക്കാൻ ഒരാളെ കിട്ടാത്തതിന്റെ പ്രയാസവും മലയാളത്തിൽ മറ്റുള്ളവരുമായി തൃപ്തികരമായി സംഭാഷണത്തിലേർപ്പെടാൻ തക്ക കഴിവു നേടിയതിലുള്ള സന്തോഷവും പ്രകടിപ്പിച്ചിരിക്കുന്നു. 1818 ഏപ്രിൽ 23-ന് എഴുതിയ കത്തിൽ, ഇപ്പോഴും തനിക്ക് മലയാളത്തിൽ പ്രസംഗിക്കുന്നതിനുള്ള പ്രാവിണ്യം ഉണ്ടായിട്ടില്ലെന്നും എന്നാൽ മറ്റുള്ളവരുമായി സംസാരിക്കാൻ പ്രയാസമില്ലെന്നും പറയുന്നു. അദ്ദേഹം കത്ത് ഇങ്ങനെ തുടരുന്നു: “എനിക്ക് ഒരു നിഘണ്ടു കിട്ടിയിരുന്നെങ്കിൽ ഈ സമയത്തിനുമുമ്പുതന്നെ ഞാൻ മലയാളത്തിൽ പ്രസംഗിക്കുമായിരുന്നേനെ. ഒരു മലയാളം അധ്യാപകനെയും ദ്വിഭാഷിയെയും ആവശ്യമുണ്ടായിരുന്നതിനെക്കുറിച്ച്, ഇപ്പോൾ ഞാൻ ദുഃഖിക്കുന്നില്ല. തീർച്ചയായും, ഒരുപാട് അസൗകര്യങ്ങൾക്കു കാരണമതായിരുന്നു; തൽഫലമായി വമ്പിച്ച പരിശ്രമം വേണ്ടിവരികയും ചെയ്തു.” എന്നാൽ നിരന്തരം ജനങ്ങളുമായി ഇടപഴകുകയും ഭാഷ പഠിക്കുന്നതിൽ ഉത്സാഹിയായിരിക്കുകയും ചെയ്യുന്ന ഒരു യൂറോ

പ്യന് ഒരു വർഷത്തിനുള്ളിൽ സുഗമമായി സംഭാഷണത്തിലേർപ്പെടുന്നതിനും രണ്ടുവർഷംകൊണ്ട് സാമാന്യമായ ഭാഷാപ്രാവീണ്യം നേടുന്നതിനും കഴിയുമെന്ന് അനുഭവസ്ഥർ ചൂണ്ടിക്കാട്ടുന്നു. ഇക്കാര്യം ബെയിലിയെ സംബന്ധിച്ചും ശരിയായിരുന്നു. കേരളത്തിലെത്തി ഒരു വർഷമായപ്പോഴേക്കും മലയാളം സംസാരിക്കാൻ സാധിച്ചതായി മുൻപു സൂചിപ്പിച്ച 1818 ജനുവരി 17 -ലെ കത്തിൽ കാണുന്നു. 1818 സെപ്റ്റംബർ 20-ന് കോളജിനോടനുബന്ധിച്ച് ബെയിലി നിർമിച്ച ചാപ്പൽ ആരാധനയ്ക്കായി തുറന്നപ്പോൾ ബെയിലി സ്വയം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ ആംഗ്ലിക്കൻ പ്രാർഥനാക്രമം ഉപയോഗിച്ച് ആരാധന നടത്തി. 1819-ന്റെ തുടക്കത്തിൽതന്നെ, സുറിയാനിക്കത്തനാരന്മാരുടെ ബൈബിൾ തർജമയിലെ പോരായ്മകൾ മനസ്സിലാക്കുന്നതിനുള്ള ഭാഷാസാമർഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതേകാലത്തുതന്നെ മലയാളത്തിലേക്കു ചില ലഘു കൃതികൾ പരിഭാഷപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ബെയിലി തുടങ്ങുകയും ചെയ്യുന്നുണ്ട്. ഭാഷാചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള ബെയിലിയെക്കുറിച്ച് എഴുതുന്നു: “കാലക്രമം കൊണ്ട് അദ്ദേഹം മലയാള ഭാഷയിൽ ഒരു പണ്ഡിതനായിത്തീർന്നു. 1819-ൽ ശരീരസുഖം ഇല്ലായിരുന്നു. ആ ആണ്ട് ഒടുവിൽ സൌഖ്യമായി. 1820 മുഴുവൻ തർജ്ജിമജോലിയായിരുന്നു.”

കോട്ടയം ത്രിമൂർത്തികൾ (trios) എന്നറിയപ്പെട്ടിരുന്ന മിഷനറിമാരിൽ രണ്ടാമനായ ജോസഫ് ഫെൻ 1818 ഒക്ടോബറിൽ കോട്ടയത്തെത്തി. (മൂന്നാമൻ ഹെൻറി ബേക്കറായിരുന്നു.) കോളജിന്റെ ചുമതല ഫെന്നിനെ ഏൽപ്പിച്ച ബെയിലി അതുവരെ കാര്യമായി ശ്രദ്ധിക്കാൻ കഴിയാതിരുന്ന പരിഭാഷയ്ക്കുവേണ്ടി, വിശിഷ്യ ബൈബിൾ പരിഭാഷയ്ക്കുവേണ്ടി, മുഴുവൻ സമയവും ചെലവഴിച്ചുതുടങ്ങി. 1819 ഒടുവിൽ സൗഖ്യമായപ്പോൾ *തിരഞ്ഞെടുത്ത വേദഭാഗങ്ങളും ലഘുലേഖകളും* മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. ബൈബിൾ പരിഭാഷയ്ക്കും പരിഭാഷാ മേൽനോട്ടത്തിനും പുറമേ സ്ക്കൂളിലേക്ക് ആവശ്യമുള്ള ചില കൃതികളുടെ പരിഭാഷയിലും ബെയിലി ഏർപ്പെട്ടു.

പത്തൊമ്പതാം നൂറ്റാണ്ടിൽ (ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ പോലും) കേരളത്തിലെ വിദ്യാഭ്യാസ-സാഹിത്യ വ്യവസായങ്ങളിലേർപ്പെട്ടിരുന്നവർ സംസ്കൃതത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്; മലയാളത്തിനായിരുന്നില്ല. സാധാരണക്കാരും സാമൂഹികമായി പിന്നാക്കാവസ്ഥയിലുള്ളവരുമായ മഹാഭൂരിപക്ഷം വരുന്ന മലയാളികൾക്ക് പൊതുവിൽ വിദ്യാഭ്യാസവും സാഹിത്യവും ഇല്ലായിരുന്നെന്നുമാത്രമല്ല, ഒരു വ്യവഹാരഭാഷയുടെ ആവശ്യംപോലും ഉണ്ടായിരുന്നില്ല. എല്ലാവരുടെയും സംസാരഭാഷ മലയാളമായിരുന്നെങ്കിലും സംസ്കൃതാധിഷ്ഠിതമായ സ്ഥാപിത വിദ്യാഭ്യാസം ലഭിച്ചവരുടെ സംഭാഷണഭാഷയിൽ സ്വാഭാവികമായി സംസ്കൃതസ്വാധീനം മുന്നിട്ടുനിന്നു; ഭൂരിപക്ഷക്കാരായ സാധാരണക്കാരുടെ സംസാരഭാഷയിൽ ദ്രാവിഡ (തമിഴ്) പാരമ്പര്യത്തിനായിരുന്നു പ്രാമുഖ്യം. ഈ സാഹചര്യത്തിൽ, മലയാളഭാഷ പഠിക്കാനൊരുമ്പെടുന്ന ഒരു വിദേശിയെ സംബന്ധിച്ചിടത്തോളം മലയാളംമാത്രം പഠിച്ചതുകൊണ്ടായില്ല; സംസ്കൃതവും പഠിച്ചേ മതിയാകു

മായിരുന്നുള്ളൂ. പ്രത്യേകിച്ച് കേരളത്തിലെ വിദ്യാസമ്പന്നർക്കും വിദ്യാവിഹീനന്മാർക്കും ഒരുപോലെ സ്വീകാര്യമായ ഒരു മലയാളം ബൈബിൾ രചിക്കാനൊരുങ്ങിയ ബെഞ്ചമിൻ ബെയിലിയെ സംബന്ധിച്ചിടത്തോളം സംസ്കൃതഭാഷയ്ക്കുനേരെ മുഖം തിരിച്ചു നിൽക്കാൻ സാധിക്കുകയേ ഇല്ലായിരുന്നു. അതുകൊണ്ട്, അദ്ദേഹത്തിനു മലയാളത്തിനുപുറമേ സംസ്കൃതവും സാമാന്യേന പഠിക്കേണ്ടിവന്നു. 1821 മെയ് മാസത്തിൽ കോട്ടയം മിഷൻ സ്റ്റേഷനിൽനിന്നു മിഷനറിമാർ എഴുതിയ റിപ്പോർട്ടിൽ "മിഷനറിമാർ സിറിയക്കും സംസ്കൃതവും പഠിച്ചുകൊണ്ടിരിക്കുന്നു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കേണൽ മൺറോ കോളജിനൊപ്പം പ്രാധാന്യം നൽകിയിരുന്ന മറ്റൊരു കാര്യമായിരുന്നു ബൈബിൾ പരിഭാഷ. ക്ലോഡിയസ് ബുക്കാനന്റെ ശ്രമഫലമായി നാലു സുവിശേഷങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി, ബോംബെ കൂരിയർ പ്രസിൽ അച്ചടിപ്പിച്ച്, 1811-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ബാക്കി ഭാഗങ്ങൾകൂടി മലയാളത്തിലാക്കി, ബൈബിൾ പരിഭാഷ പൂർത്തീകരിക്കുക എന്നുള്ളത് അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന താൽപ്പര്യമായിരുന്നു. ദീവന്നാസ്യോസ് രണ്ടാമന്റെ നേതൃത്വത്തിൽ ഇതിനുള്ള ചില പരിശ്രമങ്ങൾ കോളജിൽ നടന്നിരുന്നു. ഈ പരിഭാഷാശ്രമങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ട ഉത്തരവാദിത്വവും ബെയിലിക്കുണ്ടായിരുന്നു.

ബൈബിൾ പരിഭാഷയ്ക്ക് ഹീബ്രു, ഗ്രീക്ക്, സുറിയാനി ഭാഷകളിൽ ജ്ഞാനമുണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ബൈബിൾ *പഴയനിയമ*ത്തിന്റെ മൂലം ഹീബ്രുവും *പുതിയനിയമ*ത്തിന്റെ മൂലം ഗ്രീക്കും ആണ്. കോട്ടയം കോളജിലെ ബൈബിൾ തർജമയുടെ ആദ്യഘട്ടത്തിൽ സുറിയാനി കത്തനാരന്മാർ മലയാള പരിഭാഷയ്ക്കു മൂലമായുപയോഗിച്ചത്, കേരളത്തിൽ നൂറ്റാണ്ടുകളായി പ്രചാരത്തിലുണ്ടായിരുന്ന സുറിയാനി ബൈബിളായിരുന്നു. ഈ സാഹചര്യത്തിൽ, ബൈബിൾ പരിഭാഷയുടെ ചുമതല വഹിച്ച ബെയിലിക്ക് ഈ മൂന്നു ബൈബിൾഭാഷകളിലും പ്രയോഗക്ഷമമായ അറിവ് ആവശ്യമായിരുന്നു. കോട്ടയം കോളജിൽ സേവനം അനുഷ്ഠിച്ചിരുന്ന സുറിയാനി മൽപ്പാന്മാർ, ഹീബ്രു അധ്യാപകൻ എന്നിവരുടെ സഹായത്തോടെയും ദ്വിഭാഷാ നിഘണ്ടുക്കളിലൂടെയും കോട്ടയം മിഷൻ കേന്ദ്രത്തിലെ മിഷനറിമാർക്ക് മേൽപ്പറഞ്ഞ ഭാഷകൾ പഠിക്കാൻ കഴിയുമായിരുന്നു.

വിശ്രമത്തിലും പരിശ്രമം

രോഗം എന്തെന്നില്ലാതെ അസഹ്യതപ്പെടുത്തിയിട്ടുപോലും ഡോക്ടറന്മാരുടെ നേരിട്ടുള്ള ചികിത്സയിലല്ലാതിരുന്നപ്പോളൊന്നും ബെഞ്ചമിൻ ബെയിലി വിശ്രമിച്ചിട്ടില്ല. അസുഖം വരുമ്പോളോ കുറേക്കാലം ജോലി ചെയ്തു കഴിയുമ്പോളോ ഒക്കെ മിഷനറിമാർ ഫർലോയിൽ (furlough-അനുവാദ അവധി) നാട്ടിലേക്കോ ഏതെങ്കിലും സുഖവാസ കേന്ദ്രത്തിലേക്കോ പോകുക പതിവായിരുന്നു. പക്ഷേ, ബെയിലി ആകെകൂടി ഒരിക്കൽമാത്രമേ ഫർലോയിൽ പോയുള്ളൂ.

1831 മെയ് 14-ന് ബെയിലി ഫർലോയിൽ പോകുന്നതുവരെയുള്ള പതിനാലു വർഷം നിരന്തരമായ അധ്വാനത്തിലായിരുന്നു. കോളജിന്റെ ഭരണപരവും അക്കാദമികവുമായ ചുമതലകൾ നിർവഹിച്ചുകൊണ്ടിരിക്കെത്തന്നെ പരിഭാഷയിലും ഏർപ്പെട്ടു. ഫെൻ എത്തിയപ്പോൾ കോളജിന്റെ ചുമതലകളിൽനിന്ന് ഒഴിവായി. പക്ഷേ അപ്പോഴേക്കും മുഴുവൻ സമയവും പരിഭാഷ ജോലികളിൽ വ്യാപൃതനാകേണ്ടിവന്നു. തുടക്കത്തിൽ ബൈബിൾ *പുതിയ നിയമ*വും ആരാധനക്രമംപോലെയുള്ള മറ്റു കൃതികളും സ്കൂൾ കോളജ് പാഠപുസ്തകങ്ങളുമാണ് പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നത്. 1821-ൽ ഇംഗ്ലണ്ടിൽനിന്ന് അച്ചടിയന്ത്രം എത്തിച്ചേർന്നു. പിന്നീട് അച്ചടിശാലയുടെ നിർമാണം, അച്ചുനിർമാണം തുടങ്ങിയ കാര്യങ്ങൾകൂടി പരിഭാഷയ്ക്കൊപ്പം നിർവഹിക്കേണ്ടിവന്നു. *പുതിയനിയമ*ത്തിലെ പുസ്തകങ്ങളുടെ പ്രസ്സ് കോപ്പി തയ്യാറാക്കിക്കഴിഞ്ഞപ്പോൾ *പഴയനിയമ*ത്തിന്റെ പരിഭാഷയായി.

ദേഹസുഖാർഥമായിരുന്നു ബെയിലി ഇംഗ്ലണ്ടിലേക്കു പോയതെങ്കിലും അദ്ദേഹത്തിന് അവിടെ തീരെ വിശ്രമമുണ്ടായില്ല. "ബ്ലാത്തിയിൽ എത്തി തിരിച്ചു വന്നപ്പോൾ രണ്ടുതരം മലയാള അക്ഷരങ്ങളുടെ അച്ചുകളും അവയിൽ വാർത്ത അക്ഷരങ്ങളും ആ അക്ഷരങ്ങൾ ഉപയോഗിച്ച് ഇംഗ്ലണ്ടിൽവെച്ച് വിശേഷവിധിയായി മുദ്രണം ചെയ്ത 'നാലു സുവിശേഷങ്ങൾ' എന്ന പുസ്തകവും കൊണ്ടുവരികയുണ്ടായി. പ്രസ്തുതഗ്രന്ഥം അടിക്കുന്നതിന് അച്ചു നിരത്തിയതും പ്രൂഫ് തിരുത്തിയതും സായ്പും മൂത്ത പുത്രനുംകൂടിയാണ്." (വി.ടി.ഡേവിഡ്, 1930:24) ഫർലോയിൽ ഇംഗ്ലണ്ടിലേക്കുപോയ ബെയിലിയുടെ അവിടുത്തെ പരിശ്രമങ്ങളെക്കുറിച്ച് *മലയാളമിത്ര*ത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഇംഗ്ലണ്ടിൽവെച്ചും അദ്ദേഹം ഈ രാജ്യത്തിന്റെ പേർക്കു വേല ചെയ്കയായിരുന്നു. ഇപ്പോൾ നാം ഉപകരിച്ചുവരുന്ന രണ്ടുതരം അക്ഷരങ്ങൾ വാർപ്പാനുള്ള അച്ചുകൾ അവിടെ കൊത്തിയുണ്ടാക്കിച്ചു എന്നു മാത്രവുമല്ല, ആ അച്ചുകളിൽനിന്നു അക്ഷരം വാർപ്പിച്ചു ലണ്ടനിൽവെച്ചു മലയാളത്തിൽ നാലു സുവിശേഷങ്ങൾ അച്ചടിപ്പിച്ചു. ഈ അച്ചുകൾ ഇപ്പോഴും ഉപകരിച്ചു വരുന്നു. മലയാളമിത്രം അടിക്കുന്ന രണ്ടുതരം അക്ഷരങ്ങളും ഈ അച്ചുകളിൽനിന്നു വാർത്തിട്ടുള്ളതാകുന്നു. ലണ്ടനിൽ അടിച്ച സുവിശേഷ പ്രതികളിൽ ഒന്നുരണ്ടു അപൂർവ കാഴ്ചയായി അച്ചടിപ്പുരയിൽ സൂക്ഷിച്ചിട്ടുണ്ട്. വേറെയെങ്ങും ഉപകരിച്ചുകാണുന്നില്ല. അച്ചടി വളരെ വിശേഷമായിരിക്കുന്നു." (135)

മനുഷ്യസ്നേഹിയായ ബെയിലി

തന്റെ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു ചെയ്യുന്ന തീരെ ച്ചെറിയ ഉപകാരംപോലും ഈശ്വരനു സമർപ്പിക്കുന്ന ഏറ്റവും വലിയ പൂജയായി കരുതി, സഹജീവികളെ സ്നേഹിച്ച മനുഷ്യസ്നേഹിയായിരുന്നു ബെഞ്ചമിൻ ബെയിലി. മനുഷ്യസ്വാതന്ത്ര്യം, നീതിബോധം, സമത്വം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു പുത്തൻ മാനവികത സൃഷ്ടിക്കുന്നതിനുള്ള യത്നമായാണ് ബെയിലി മിഷനറി പ്രവർത്തനത്തെ കണ്ടത്.

ക്രിസ്തുവിന്റെ സന്ദേശങ്ങളായ സ്നേഹവും രക്ഷയും അതിന്റെ സമ്പൂർണ അർഥവ്യാപ്തിയോടെ തിരിച്ചറിഞ്ഞ ക്രിസ്തുശിഷ്യനായിരുന്നു ബെയിലി. അതുകൊണ്ടാണ് ഈശ്വരസേവ എന്നാൽ മാനവസേവതന്നെയാണെന്ന് ബെയിലി കരുതിയത്. 'രക്ഷ'യാകട്ടെ എല്ലാ തരത്തിലുമുള്ള അടിമത്തത്തിൽനിന്നും അജ്ഞതയിൽനിന്നുമുള്ള മോചനവും ബലഹീനതകളിലുള്ള ശക്തിപ്പെടുത്തലുമാണ്.

നാനാപ്രകാരേണ നിശ്ചലമായ ഒരു സമൂഹത്തെയാണ്, കേരളത്തിലെത്തിയ ബെയിലി, ഇവിടെ കണ്ടത്. അന്ധവിശ്വാസം, അനാചാരം, അടിമത്തം, ആധുനിക വിദ്യാഭ്യാസത്തിന്റെ അഭാവം തുടങ്ങിയ പ്രതികൂല ഘടകങ്ങളാണ് കേരളീയ സമൂഹത്തിന്റെ സ്വഭാവം നിർണയിച്ചിരുന്നത്. ഇതിനൊരു മാറ്റം വരുത്തി, ജനജീവിതത്തിന് നവോത്ഥാനവും പുരോഗതിയും ഉണ്ടാക്കണമെങ്കിൽ ആദ്യം വ്യഷ്ടിയെയും അതുവഴി സമഷ്ടിയെയും പരിവർത്തിപ്പിക്കേണ്ടതുണ്ടെന്നു ബെയിലി കരുതി. കേരളത്തിൽ മലയാളം അച്ചടിക്ക് ആരംഭം കുറിച്ചത്, ഗ്രന്ഥരചനയ്ക്കും ആശയപ്രകാശനത്തിനും സമർഥമായ മലയാളഗദ്യമില്ലാതിരുന്ന കുറവ് 'മധ്യമാർഗഗദ്യശൈലി'ക്കു രൂപം കൊടുത്ത് പരിഹരിച്ചത്, പരിഭാഷയിലൂടെ ശൈലീശുദ്ധമായ ആധുനിക മലയാളഗദ്യഭാഷ ഉറപ്പിക്കുകയും അച്ചടിയിലൂടെ അത് മാനകീകരിക്കുകയും ചെയ്തത്, അടിസ്ഥാന ഗ്രന്ഥങ്ങളായ നിഘണ്ടുക്കൾ രചിച്ചത്, മലയാള പുസ്തകപ്രസാധനത്തിന് പ്രാരംഭം കുറിച്ചത്, ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയത് എന്നിങ്ങനെ ബെഞ്ചമിൻ ബെയിലി നിർവഹിച്ച പ്രവർത്തനങ്ങൾ പുതിയൊരു മാനവികതയും സാംസ്കാരിക നവോത്ഥാനവും സൃഷ്ടിക്കാൻതക്ക കരുത്തുള്ളവയായിരുന്നു.

കെ.ഒ. ഫിലിപ്പ് 'ബെഞ്ചമിൻ ബെയിലി മലയാളത്തിനും മലയാളനാടിനും മറക്കാനാവാത്ത മഹാൻ' എന്ന പേരിലെഴുതിയ ലേഖനത്തിൽ (ജ്ഞാനനിക്ഷേപം-ബെയിലി ജൂബിലി സുവനിർ, 1973) മനുഷ്യസ്നേഹിയായ ബെയിലിയെക്കുറിച്ച് പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്:

"വസ്തുവില്ലാത്തവർക്കു വസ്തു വാങ്ങിക്കൊടുക്കുക, സ്ത്രീധനം കൊടുക്കാനില്ലാത്തതുകൊണ്ടു കല്യാണം കഴിക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്ന പെൺകുട്ടികളെ കെട്ടിച്ചയയ്ക്കാൻ പണം നൽകുക, പെൺകുട്ടികളെ പള്ളിക്കൂടത്തിൽ ചേർത്തു പഠിപ്പിക്കുക എന്നിങ്ങനെയുള്ള സേവനങ്ങളിലും ബെയിലി ശ്രദ്ധിച്ചുപോന്നു. ഹ്രസ്വകായനും പുഷ്ടഗാത്രനും എപ്പോഴും പുഞ്ചിരി പരത്തുന്ന വട്ടമുഖമുള്ളവനുമായ ഒരു വെള്ളക്കാരൻ ഓലക്കുട പിടിച്ചുകൊണ്ടു നടന്നുപോകുന്നതായി ബെയിലിയെക്കുറിച്ച് ആരോ വർണിച്ചിട്ടുണ്ട്."

ബെയിലിയുടെ മാനവസേവയുടെ അത്യുൽക്കൃഷ്ടമായ ഒരു മാതൃകയാണ് മൺറോതുരുത്തിലെ അടിമകളുടെ മോചനത്തിൽ കാണുന്നത്. തിരുവിതാംകൂർ സർക്കാർ കോട്ടയം (സി.എം.എസ്.) കോളജിനു നൽകിയ പ്രധാന സഹായങ്ങളിലൊന്നായിരുന്നു കൊല്ലത്തിനടുത്തുള്ള മൺറോതുരുത്ത് ദാനം ചെയ്തത്. കോളജിന്റെ നിത്യനിദാനച്ചെലവുകൾക്കുള്ള ആദായം ഇവി

ടെനിന്ന് ലഭിക്കണമെന്നുള്ളതായിരുന്നു ഉദ്ദേശ്യം. അവിടെയുണ്ടായിരുന്ന നൂറോളം അടിമകളെയുൾപ്പെടെയായിരുന്നു സ്ഥലദാനം. എന്നാൽ 1835-ൽ ഈ അടിമകളെ മോചിപ്പിക്കാൻ ബെയിലിയും മറ്റൊരു മിഷനറിയായിരുന്ന ജോസഫ് പീറ്റും ചേർന്ന് തീരുമാനിച്ചു. 1855 ജൂൺ 24-ന് തിരുവിതാംകൂറിൽ അടിമനിരോധനവിളംബരം പ്രഖ്യാപിക്കുന്നതിന് രണ്ടു ദശാബ്ദങ്ങൾക്കു മുമ്പായിരുന്നു ഇതെന്ന് ഓർക്കുക.

മൺറോതുരുത്തിലെ അടിമകളെ മോചിപ്പിക്കുന്നതിന് മുക്ത്യാർമാരായിരുന്ന ബെഞ്ചമിൻ ബെയിലിയും ജോസഫ് പീറ്റുംകൂടി 1835 മാർച്ച് 8-ന് ഒരു പ്രമാണം എഴുതിയുണ്ടാക്കുകയും അത് ഓരോ അടിമക്കുടിയിലെയും തലവനു നൽകി, അവർ സ്വതന്ത്രരായതായി പ്രഖ്യാപിക്കുകയും ചെയ്തു.

ബെയിലിയുടെ ഹൃദയ സൗരഭ്യത്തിന് മറ്റൊരുദാഹരണമാണ് അദ്ദേഹം അനാഥനായ ഒരു ആൺകുട്ടിയെ എടുത്തുവളർത്തിയത്. അവനെ വളർത്തുകമാത്രമല്ല, അച്ചടി പഠിപ്പിച്ച് പ്രസ്സിൽ പ്രിന്ററായി നിയമിച്ച് ഉപജീവനമാർഗവും ഉണ്ടാക്കിക്കൊടുത്തു. ബെയിലിയുടെ ഈ വളർത്തുപുത്രനായിരുന്നു സി.എം.എസ്. പ്രസ്സിലെ ആദ്യ അച്ചടിക്കാരൻ. കോട്ടയം അച്ചടിശാലയിലേക്ക് വിദഗ്ധനായ ഒരു അച്ചടിക്കാരനെ അയച്ചുകൊടുക്കണമെന്നുള്ള ബെയിലിയുടെ അഭ്യർഥനപ്രകാരം സി.എം.എസ്. മദ്രാസിൽനിന്ന് അയച്ച പ്രിന്റർ കോട്ടയത്തെത്തുമ്പോളേക്കും ബെയിലിയുടെ വളർത്തുപുത്രൻ വിദഗ്ധനായ അച്ചടിക്കാരനായിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് മദ്രാസിൽനിന്നു വന്നയാൾ മടങ്ങിപ്പോകുകയാണുണ്ടായത്.

'തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന ഉപദേശത്തിന്റെ ജീവിക്കുന്ന പ്രതീകമായിരുന്നു ബെഞ്ചമിൻ ബെയിലി. ബെയിലി അന്തരിച്ചപ്പോൾ ആ വിയോഗം സൃഷ്ടിച്ച ദുഃഖംമൂലം അദ്ദേഹത്തിന്റെ കുതിരക്കാരൻ ആത്മഹത്യ ചെയ്തുവെന്ന് ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിൽ സൂക്ഷിച്ചുവരുന്ന ബെയിലിയുടെ ഛായാചിത്രത്തിനു പുറകിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണത്തിനും വ്യാഖ്യാനത്തിനും വാക്കുകൾ അശക്തങ്ങളായിപ്പോകുന്ന ഒരു അനുഭവമാണിത്. 'ബെയിലിയുടെ സംഭാവനകൾതന്നെയാണ് അദ്ദേഹത്തിനു സ്മാരകങ്ങൾ' എന്ന് ചരിത്രകാരനായ ഡബ്ലിയൂ. എസ്.ഹണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്. അതോടുചേർത്ത് ഒന്നുകൂടി പറയാം: ബെയിലിയുടെ ജീവിതംതന്നെയാണ് അദ്ദേഹത്തിന്റെ ദർശനം.

ബെഞ്ചമിൻ ബെയിലി ഒരു വാസ്തുശിൽപ്പ വിദഗ്ധൻ ആയിരുന്നുവെന്നുള്ളത് അധികമാരും ശ്രദ്ധിക്കാത്ത കാര്യമാണ്. 'തിരുവിതാംകൂറിന്റെ മഹത്വം' എന്നു ബിഷപ്പ് വിൽസൺ വിശേഷിപ്പിച്ച കോട്ടയം ഹോളി ട്രിനിറ്റി ചർച്ച് (ഇപ്പോൾ സി.എസ്.ഐ. മധ്യകേരള മഹായിടവകയുടെ കത്തീഡ്രൽ ചർച്ച്) ബെയിലിയുടെ സൃഷ്ടിയാണ്. ബെയിലി താമസിച്ചിരുന്ന വീട്, സി.എം.എസ്. പ്രസ്സിന്റെ കെട്ടിടം തുടങ്ങിയവ ബെയിലി സ്വന്തം പ്ലാനും നിർദ്ദേശവുമനുസരിച്ച് പണി കഴിപ്പിച്ചവയായിരുന്നു.

ബെഞ്ചമിൻ ബെയിലി വളരെ സൗമ്യനും മിതവാദിയുമായിരുന്നു. 1825-ൽ

അന്ത്യോഖ്യായിൽനിന്ന് വന്ന അത്താനാസ്യോസ് എന്ന ബിഷപ്പ് കോട്ടയം കോളജിലെത്തി ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിച്ചു. അന്ന് സുറിയാനി മെത്രാപ്പോലീത്താ ആയിരുന്ന പീലക്സിനോസിന്റെ അധികാരത്തെ ചോദ്യം ചെയ്തു. ഈ പ്രശ്നങ്ങളിൽ സുറിയാനി സഭയിലെ പുരോഹിതന്മാരും ജനങ്ങളും രണ്ടു പക്ഷം ആകുകയും പ്രശ്നത്തിൽ സർക്കാർ ഇടപെടുകയും ചെയ്തു. സഭയിലും സർക്കാരിലും നിർണായക സ്വാധീനമുണ്ടായിരുന്നിട്ടും ബെയിലി നിഷ്പക്ഷത പാലിക്കുകയാണുണ്ടായത്. പിന്നീട് 1836-ലെ മാവേലിക്കര പടിയോലയ്ക്കുശേഷം സി.എം.എസും. സുറിയാനി സഭയും സഹപ്രവർത്തനം അവസാനിപ്പിച്ച് വഴിപിരിഞ്ഞപ്പോഴും സഹായകമിഷൻ കേന്ദ്രത്തിന്റെ സ്ഥാപക മിഷനറിയായിരുന്ന ബെയിലി ഒരിക്കൽപോലും വിവാദപരമായ നിലപാടുകൾ എടുത്തില്ല. ജോസഫ് പീറ്റിനെപ്പോലെ 'എരിവു'കാരായ മിഷനറിമാരുമായി താരതമ്യപ്പെടുത്തുമ്പോളാണ് ബെയിലിയുടെ സൗമ്യതയും മിതവാദവും നമുക്ക് ബോധ്യപ്പെടുന്നത്.

കേരളത്തെ മാതൃഭൂമിയായും മലയാളത്തെ മാതൃഭാഷയായും കരുതി സ്നേഹിച്ച ബെഞ്ചമിൻ ബെയിലി 1850 മാർച്ച് 13-ന്, ആരോഗ്യപരമായ കാരണങ്ങളാൽ, ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയി. പോകുമ്പോൾ അദ്ദേഹം മടക്കയാത്രയെക്കുറിച്ച് വിശേഷിച്ച് ആരോടും പറഞ്ഞില്ല. താൻ നിർമിച്ച്, ആരാധിച്ചുപോന്ന ഹോളി ട്രിനിറ്റി പള്ളിയിൽ, മടങ്ങിപ്പോകുന്നതിന്റെ തലേ ആഴ്ച, അദ്ദേഹം വികാരനിർഭരമായ ഒരു പ്രസംഗം ചെയ്തു. അപ്പോഴും മടങ്ങുന്നു എന്ന സൂചന ബെയിലി ആർക്കും നൽകിയില്ല. ആ ഒരാഴ്ചക്കാലം ബെയിലിയുടെ മനസ്സ് സഞ്ചരിച്ച വഴികൾ ഏതൊക്കെ ആയിരുന്നിരിക്കാം? 'വിശേഷിച്ച് ആരോടും പറയാതെ' പോകാൻ നിശ്ചയിച്ചതെന്തുകൊണ്ടായിരുന്നിരിക്കാം? യാത്ര പറയാൻ മനക്കരുത്തില്ലാഞ്ഞിട്ടോ, യാത്രപറയൽ അർഥശൂന്യമായി കരുതിയതുകൊണ്ടോ?

മുപ്പത്തിനാലു വർഷത്തെ സേവനത്തിനുശേഷം, 1850 മാർച്ച് 13-ന് ബെഞ്ചമിൻ ബെയിലി കുടുംബസമേതം ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയി. ആരോഗ്യപരമായ കാരണങ്ങളാലായിരുന്നു ബെയിലി വിരമിക്കാൻ തീരുമാനിച്ചത്. ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ അദ്ദേഹം കേരളത്തിലേതുപോലെ തന്നെ കർമനിരതനായിരുന്നു. ആറുവർഷത്തെ ഇടവേളയ്ക്കും വിശ്രമത്തിനുംശേഷം 1856-ൽ ബെയിലി സാലപിലെ ഷീൻ്റണിൽ റെക്ടറായി. 1862 വരെ ആ ചുമതലയിൽ തുടർന്നു. ഇക്കാലയളവിലാണ്, 1859 ജൂൺ 19-ന്, ഭാര്യ എലിസബേത്ത് നിര്യാതയായത്. 1857-ൽ സി.എം.എസ്. അദ്ദേഹത്തിന് ഓണററി ലൈഫ് ഗവർണർ പദവി നൽകി ആദരിച്ചു. 1862 മുതൽ 1871 വരെ അദ്ദേഹം സാലപിലെ കോണ്ടവറിൽ റൂറൽ ഡീൻ പദവിയും അലങ്കരിച്ചു. 1871 ഏപ്രിൽ 3-ന്, ഇംഗ്ലണ്ടിലെ ഷീൻ്റണിൽവെച്ച്, എൺപതാം വയസ്സിൽ ബെയിലി അന്തരിച്ചു.

ഭാഷാസാഹിത്യ സംഭാവനകൾ

ബെഞ്ചമിൻ ബെയിലി മലയാളത്തിനു നൽകിയ സംഭാവനകളിൽ

ഏറ്റവും പ്രധാനപ്പെട്ടത് മലയാളം അച്ചടിയാണ്. ലോകചരിത്രത്തിൽ ആദ്യമായി മാറ്റിവെക്കാവുന്ന ആണി അച്ചുകൾ (movable types) ഉപയോഗിച്ചുള്ള അച്ചടി നിർവഹിച്ചത് ജർമൻകാരനായ ജോഹൻ ഗുട്ടൻബർഗ് ആയിരുന്നു. ആധുനിക മുദ്രണത്തിന്റെ പ്രഥമസന്തതിയായ ഗുട്ടൻബർഗ് ബൈബിൾ 1452 മുതൽ സംവിധാനം ചെയ്യപ്പെടുകയും 1456 ഓഗസ്റ്റിനുമുമ്പായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ബെഞ്ചമിൻ ബെയിലി കോട്ടയത്തു സ്ഥാപിച്ച അച്ചടിശാലയിലാണ് കേരളത്തിൽ ആദ്യമായി മലയാളം അച്ചടി നടന്നത്. ഇംഗ്ലണ്ടിൽനിന്ന് അച്ചടിയന്ത്രം കോട്ടയത്തെത്തിച്ചേർന്ന 1821 കോട്ടയം സി.എം.എസ്. പ്രസ്സിന്റെ സ്ഥാപകവർഷമായി കരുതപ്പെട്ടു പോരുന്നു. ബെയിലിക്കുമുമ്പ്, പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ കേരളത്തിലെ കൊച്ചി, കൊല്ലം, വൈപ്പിക്കോട്ട, അമ്പഴക്കാട് എന്നിവിടങ്ങളിൽ അച്ചടിശാലകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ അവിടങ്ങളിൽ നടപ്പിലായിരുന്നത് മലയാളം അച്ചടി ആയിരുന്നില്ല; തമിഴ് അച്ചടിയായിരുന്നു. ലോകത്തെല്ലായിടത്തും ഭാഷയുടെ വളർച്ചയ്ക്കും നിലവാരപ്പെടലിനും സഹായിച്ചിട്ടുള്ള മുഖ്യഘടകം അച്ചടിയാണ്. സാഹിത്യത്തിന്റെ വികാസത്തിനും അച്ചടികൂടിയേ തീരൂ. പുസ്തകപ്രസാധനം, പത്രമാസികാപ്രസിദ്ധീകരണം, വിദ്യാഭ്യാസം, ആശയവിനിമയം, വിജ്ഞാനവിതരണം എന്നിവയ്ക്കെല്ലാം ആധാരം അച്ചടിയാണ്. അച്ചടിയുടെ ആവിർഭാവത്തോടുകൂടി, ഏതൊരു സമൂഹത്തിന്റെയും സാംസ്കാരിക-ബൗദ്ധിക ജീവിതത്തിൽ അപൂർവമായൊരു പുരോഗതിയുണ്ടാകുകയും അത് സാമൂഹികപരിവർത്തനത്തിനും പരിഷ്കാരത്തിനും കാരണമായിത്തീരുകയും ചെയ്യുന്നു. കേരളത്തെയും മലയാളത്തെയും സംബന്ധിച്ചിടത്തോളം ഇപ്പറഞ്ഞ തരത്തിലുള്ള പുരോഗതിക്കും മാറ്റങ്ങൾക്കും കാരണക്കാരനായിത്തീർന്നത് ആധുനിക മലയാളം അച്ചടിയുടെ പ്രതിഷ്ഠാപകനായ ബെഞ്ചമിൻ ബെയിലിയാണ്.

ആധുനിക മലയാളം അച്ചടി നടപ്പിലാക്കി എന്നതുപോലെതന്നെ, മലയാളം അച്ചടിയുമായി ബന്ധപ്പെട്ട് മറ്റൊരു സുപ്രധാനകാര്യംകൂടി ബെയിലി നിർവഹിച്ചിട്ടുണ്ട്. മലയാളം അച്ചടിയക്ഷരങ്ങളുടെ രൂപകൽപ്പന (typography) നിർവഹിച്ചു എന്നുള്ളതാണ് അത്. ബെയിലിക്കുമുമ്പ് മലയാളം അച്ചടിയക്ഷരങ്ങൾക്ക് നല്ല രൂപകൽപ്പന സിദ്ധിച്ചിരുന്നില്ല.

'കോട്ടയം മിഷനറിത്രയം' തങ്ങൾക്കിടയിൽ 'തൊഴിൽ വിഭജനം' നടപ്പിലാക്കിയപ്പോൾ ബെഞ്ചമിൻ ബെയിലി തന്റെ താൽപ്പര്യങ്ങൾക്ക് അനുയോജ്യമെന്നുകണ്ട് സ്വീകരിച്ചതു ബൈബിൾ പരിഭാഷയായിരുന്നു. ബൈബിളിനുപുറമേ, കോളജിലെയും സ്കൂളുകളിലെയും കുട്ടികൾക്കുവേണ്ടി പല പുസ്തകങ്ങളും പരിഭാഷപ്പെടുത്തേണ്ടിവന്നു.

'പരിഭാഷ-അച്ചടി വിഭാഗ'ത്തിന്റെ ചുമതല (Translation and Printing Department) ബെയിലിക്കായിരുന്നു. മേൽപ്പറഞ്ഞവയ്ക്കുപുറമേയാണു ദീർഘകാലത്തെ കഠിനപ്രയത്നത്തിലൂടെ ബെയിലി രചിച്ച നിഘണ്ടുക്കൾ. ഇതുകൂടാതെ മറ്റു പല കൃതികളും ഒരു ആനുകാലിക പ്രസിദ്ധീകരണവും ബെയിലി തന്റെ അച്ചടിശാലയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരു

ന്നു. ഇങ്ങനെ രണ്ടര ദശാബ്ദക്കാലത്തെ പുസ്തകപ്രസാധന പ്രവർത്തനത്തിലൂടെ ചെറുതും വലുതുമായ അനവധി പുസ്തകങ്ങളും അവയുടെ പതിനായിരക്കണക്കിനു കോപ്പികളും ബെയിലി പ്രസിദ്ധപ്പെടുത്തി. ശാസ്ത്രീ



"മനുഷ്യർക്കു തങ്ങളുടെ സ്വന്ത പൈതങ്ങളോടു പരിചയമുള്ളതു പോലെ തന്നെ മത്തായി, ബെത്ത്ലോമായി, യാക്കോബു, മോശെ, ദാവീദ്, യോശിയാ, മററു അപ്പോസ്തൊലന്മാരും ദീഘ്ദശിമാരും എന്നിവരുടെ സംഗതികളോടും പരിചയമുണ്ടു. ഈ ഉപദേശങ്ങൾ പള്ളിയിലെ ഗുരുക്കന്മാർ മാത്രമല്ല ചെരുപ്പുകുത്തികൾ, കൊല്ലന്മാർ, കമ്പിളി നെയിത്തുകാർ, മററു കൈത്തൊഴിൽകാർ എന്നിവരും സ്ത്രീകളിൽ പഠിപ്പുള്ളവർ മാത്രമല്ല, തുന്നൽപണിക്കാരും, വാല്യക്കാരത്തികളും കൂടെ നല്ലപോലെ പഠിച്ചിരിക്കുന്നു. പട്ടണ വാസികൾ മാത്രമല്ല നാട്ടുപുറങ്ങളിൽ പാക്കുന്നവരും ഈ അറിവിനെ സമ്പാദിച്ചിരിക്കുന്നു. കന്നുകാലിക്കാർ, തോട്ടക്കാർ എന്നിവർ ദിവ്യത്രിത്വത്തെ കുറിച്ചും പ്രപഞ്ചത്തിൻെറ സൃഷ്ടിപ്പിനെ കുറിച്ചും സംസാരിക്കുന്നതും അറിസ്റ്റോററൽ, പ്ലേററൊ എന്നിവരെക്കാൾ മനുഷ്യസ്വഭാവത്തെ അധികം ശരിയായി ഗ്രഹിക്കുന്നതും സാധാരണയാകുന്നു. എന്നു മാത്രവുമല്ല ഇവർ സുകൃതത്തെ സ്നേഹിക്കയും, ദുഷ്കൃതത്തെ ഉപേക്ഷിക്കയും ശിക്ഷയെ ഭയന്നു ദിവ്യ ന്യായ വിധിക്കായി കാത്തിരിക്കയും സ്വൎഗ്ഗരാജ്യത്തിൻെറ പേൎക്കു എല്ലാ വിധ അദ്ധ്വാനവും ചെയ്കയും ചെയ്തു വരുന്നു." ഇതിൽ നിന്നു വേദപുസ്തകം അന്നു ജനങ്ങൾക്കു അറിയാവുന്ന ഭാഷയിൽ തൎജ്ജമ ചെയ്കയും സാ

"അച്ചുക്കൂടത്തിൽ ചെറുപുസ്തകങ്ങൾ പലതും അടിച്ചു. ദാനമായി കൊടുത്തതു കൂടാതെ ൩൦൦ രൂപായ്ക്കു പുസ്തകങ്ങൾ വിററു."

വൂഡ്കോക്കു സായ്പു കോട്ടയത്തു എത്തിയതു ഫെബ്രുവരി ജൂലായി ൧൮൦൦൩൭ ആയിരുന്നു. അദ്ദേഹത്തിൻെറ ആദ്യറെപ്പൊട്ടിൽ നിന്നു ചില ഭാഗങ്ങൾ താഴെ ചേൎക്കുന്നു. "ഞാൻ കോട്ടയത്തോടടുത്തപ്പോൾ രാജ്യത്തിൻെറ ഭംഗിയിൽ ഞാൻ അത്ഭുതപ്പെട്ടു. പ്രകൃതിയുടെ ദൈവം വളരെ ധാരാളമായി തൻെറ അനുഗ്രഹങ്ങളെ ഈ രാജ്യത്തിന്നു നല്കിയിട്ടുണ്ടു. താൻ അതുപോലെ ധാരാളമായി സുറിയാനി സഭയുടെ മേലും തൻെറ കൃപയുടെ അനുഗ്രഹങ്ങളെ നല്കട്ടെ! എല്ലാ മൂഢഭക്തിയും സഭകളിൽ നിന്നു ഇല്ലായ്മ ആകുകയും, ജനങ്ങൾ ഗ്രഹിക്കുന്ന ഭാഷയിൽ വേദപുസ്തകയനുസരണയായ പ്രാൎത്ഥനകൾ പള്ളികളിൽ കഴിക്കപ്പെടുകയും, ജനങ്ങൾ തങ്ങളുടെ സ്വന്തഭാഷയിൽ ക്രിസ്തുവിൻെറ സുവിശേഷം കേൾക്കയും ചെയ്യുന്ന സമയം അതിദൂരത്തല്ല എന്നു ഞാൻ ആശിക്കുന്നു.

ഞാൻ സിമ്മനാരി ദൂരെ വെച്ചു തന്നെ കണ്ടു. അടുക്കൽ കൂടെ ഞാൻ ബോട്ടിൽ പോയപ്പോൾ പഠിത്വസമയമല്ലായ്കയാൽ ചെമ്മാശ്ശന്മാർ പലരും കടവിൽ വന്നു സലാം ചെയ്തു. പിററു സായ്പു പാക്കുന്നബങ്കളാവു റെവ. യൊസേഫ് ഫെൻ പണിയിച്ചതാകുന്നു. അവിടെ ഞാൻ എത്തിയാറെ ചെമ്മാശ്ശന്മാരും കത്തനാരന്മാരും മററാളുകളും പുതിയ സായ്പിനെ കാണ്മാൻ വന്നു കൂടി. ഉച്ചതിരിഞ്ഞപ്പോൾ മെത്രാപ്പോലീത്തായുടെ സന്തോഷ എഴുത്തു ഇനിക്കു വന്നു. മെത്രാപ്പോലീത്താ സിമ്മനാരിയിൽ ചികിത്സയിൽ ഇരിക്കയാകുന്നു.

ബെയിലി ഇംഗ്ലണ്ടിൽവെച്ച് കൊത്തിയുണ്ടാക്കിച്ച രണ്ടുതരം അച്ചുകളിൽ വാർത്ത അക്ഷരങ്ങളുടെ മാതൃക. (മലയാളമിത്രത്തിൽനിന്ന്)

ബെഞ്ചമിൻ ബെയിലി

യവും ആസൂത്രിതവുമായ പുസ്തകപ്രസാധനത്തിനു കേരളത്തിൽ തുട ക്കമിടുകമാത്രമല്ല, ബെയിലി അതിനു സുപ്രതിഷ്ഠ നേടിക്കൊടുക്കുകയും ചെയ്തു. കേരളത്തിലെ പുസ്തകപ്രസാധനത്തിന്റെ പ്രാരംഭകനും പ്രചാര കനും അദ്ദേഹം ആണ്.

കൃതികൾ

അച്ചടി പ്രചാരത്തിലാകുന്നതിനുമുമ്പ് എഴുതി തയ്യാറാക്കിയിരുന്ന കൃതി കളിലും അച്ചടിയുടെ ആദ്യഘട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കൃതിക ളിലും ഗ്രന്ഥകർത്തൃത്വം സൂചിപ്പിക്കുന്ന രീതി ഉണ്ടായിരുന്നില്ല. പകർത്തി യെഴുത്തുകാർ (scribes) തയ്യാറാക്കിയിരുന്ന കൈയെഴുത്തു പുസ്തകങ്ങ ളിൽ ഗ്രന്ഥകാരന്റെ പേരല്ല, 'എഴുത്തുകാര'ന്റെ പേരാണുണ്ടായിരുന്നത്. അതായത്, ഗ്രന്ഥം ആര്, എപ്പോൾ പകർത്തിയെഴുതി എന്നു സൂചിപ്പിക്കുന്ന "കോളഫോൺ (colophone) ആണു ഗ്രന്ഥങ്ങളിൽ ചേർത്തുവന്നിരുന്നത്. ഇപ്പോൾ പുസ്തകങ്ങളിൽ കാണുന്ന അതേ പ്രാധാന്യത്തോടുകൂടിയ ഗ്രന്ഥ കർത്തൃസങ്കൽപ്പം, വിജ്ഞാന നവോത്ഥാന (renaissance) കാലഘട്ടത്തിനു മുമ്പ് ഉണ്ടായിരുന്ന കൈയെഴുത്തു ഗ്രന്ഥങ്ങളിൽ പല കാരണങ്ങളാലും കാണുന്നില്ല. അച്ചടിയുടെ കണ്ടുപിടുത്തത്തോടെ കർത്തൃത്വം അജ്ഞാത മാക്കിവെക്കുന്ന രീതി ഇല്ലാതായി. ചില സാങ്കേതിക കാരണങ്ങൾക്കുപുറമേ സാഹിത്യ സംബന്ധമായ ബൗദ്ധികസ്വത്ത്, പ്രസിദ്ധി എന്നിവ സംബന്ധിച്ച് വിജ്ഞാനനവോത്ഥാന പ്രസ്ഥാനം സൃഷ്ടിച്ച പുതിയ ആശയങ്ങളും ഗ്രന്ഥ കർത്താക്കൾ അജ്ഞാതരായിരിക്കുന്നത് ഒഴിവാക്കുന്നതിനു പ്രേരകമായി." (മാർഷൽ മക് ലുഹാൻ, 1962:131) യൂറോപ്പിൽ നവോത്ഥാന കാലത്തിനുമുമ്പു ണ്ടായിരുന്ന കൈയെഴുത്തു പുസ്തകങ്ങളും ആ പാരമ്പര്യത്തിന്റെ തുടർച്ച യായി പ്രത്യക്ഷപ്പെട്ട ആദിമുദ്രിത ഗ്രന്ഥങ്ങളും ഗ്രന്ഥകർത്തൃത്വം സംബ ന്ധിച്ചു പുലർത്തിയ ഈ സവിശേഷത ഏതു ഭാഷയിലെയും അച്ചടിക്ക പ്പെട്ട ആദ്യകൃതികളിൽ കാണാൻ കഴിയും. ഇക്കാരണത്താലും മിഷനറി മാർക്കു പ്രസിദ്ധിയിൽ താൽപ്പര്യമില്ലാതിരുന്നതിനാലുമായിരിക്കണം മിഷൻ പ്രസ്സുകളിൽനിന്ന് ആദ്യകാലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പല പുസ്ത കങ്ങളിലും ഗ്രന്ഥകർത്തൃസൂചനയില്ല.

ബെഞ്ചമിൻ ബെയിലിയുടെ കൃതികളിൽ പേരുവെച്ചു പ്രസിദ്ധപ്പെടു ത്തിയിട്ടുള്ളതു രണ്ടു കൃതികൾമാത്രമാണ്: ഒന്ന്, 1846-ൽ പ്രസിദ്ധപ്പെടു ത്തിയ *എ ഡിക്ഷനറി ഒഫ് ഹൈ ആൻഡ് കൊളോകിയൽ മലയാളം ആൻഡ് ഇംഗ്ലീഷ്.* രണ്ട്, 1849-ൽ പ്രസിദ്ധപ്പെടുത്തിയ *എ ഡിക്ഷണറി ഇംഗ്ലീഷ് ആൻഡ് മലയാളം.* തർജമ ചെയ്ത കൃതികളിൽ 'പരിഭാഷയാക്ക പ്പെട്ടത്' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിഭാഷകന്റെ പേര് ഇല്ല. ഇസ്ഹാക്ക് വാറ്റ്സിന്റെ ചോദ്യോത്തരപുസ്തകങ്ങളിലൊഴികെ, മൂലകൃതി യെക്കുറിച്ചുള്ള സൂചനയും ഇല്ല. ബെയിലിയുടേതായി പറയപ്പെടുന്ന പല കൃതികളും, വിശിഷ്യ ലഘുപ്രബന്ധങ്ങൾ (tracts), കേരളത്തിലെ ഗ്രന്ഥ ശാലകളിലോ സ്റ്റേറ്റ് ആർക്കൈവ്സ്, ബാംഗ്ലൂർ യു.റ്റി.സി. ആർക്കൈവ്സ്, ഇംഗ്ലണ്ടിലെ ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി ആൻഡ് ആർക്കൈവ്സ് തുട

ങ്ങിയ സ്ഥാപനങ്ങളിലോ ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. *ബെയിലീ ബൈബിളി*ന്റെതന്നെ ഏതാനും കോപ്പികൾമാത്രമേ കേരളത്തിലും പുറത്തുമായി ഉള്ളൂ.

ബെയിലിയുടെ സാഹിത്യപ്രവർത്തനങ്ങളെയും കൃതികളെയുംകുറിച്ച് മലയാളഭാഷാചരിത്രം എന്ന കൃതിയിൽ പി. ഗോവിന്ദപ്പിള്ള ഇങ്ങനെ എഴുതിയിരിക്കുന്നു: “ബെയിലി സായ്പ് 1820 മുഴുവൻ തർജിമ ജോലിയായിരുന്നു. അന്നു തർജിമ ചെയ്തിട്ടുള്ളത് (1) രണ്ടു ആട്ടുക്കുട്ടികൾ എന്ന ഒരു ചെറിയ പുസ്തകം, (2) റാമൻ റായിയുടെ ഉപനിഷദ്വ്യാഖ്യാനം, (3) മിസ്ത്രസ്സ് ഷെർവുണ്ടിന്റെ(?) ഇൻഡ്യൻ പിൽഗ്രിം ആദിയായി അനേകം ചെറിയ പുസ്തകങ്ങളും ആകുന്നു... അദ്ദേഹത്തിന്റെ പ്രധാന ഗ്രന്ഥം മലയാളം-ഇംഗ്ലീഷ്, ഇംഗ്ലീഷു-മലയാളം നിഘണ്ടുക്കൾ ഇവയാകുന്നു. അവ ക്രിസ്തുവർഷം 1846-നു കൊല്ലവർഷം 1021-ാമാണ്ട് കോട്ടയത്തുവെച്ചു പ്രസിദ്ധപ്പെടുത്തി. അതിനുമുമ്പിൽ മലയാള ഭാഷയ്ക്കു നിഘണ്ടു ഇല്ലായിരുന്നതിനാൽ അന്യജാതിക്കാർക്കും സ്വദേശക്കാർക്കും മലയാളം പഠിക്കുന്നതിനു വളരെ ബുദ്ധിമുട്ടും പ്രയാസവും ഉണ്ടായിരുന്നു. മലയാളം-ഇംഗ്ലീഷു നിഘണ്ടുവിൽ സംസ്കൃതവാക്കുകൾ അധികമുണ്ട്. അതു വിൽസ്സൺ സായ്പിന്റെ സംസ്കൃതനിഘണ്ടുവിന്റെ രീതി അനുസരിച്ചാകുന്നു. ആകപ്പാടെ ഈ ഗ്രന്ഥം വളരെ വിശേഷമായും ഉപയുക്തമായും ഇരിക്കുന്നു.” (1956: 524-525)

ഉള്ളൂർ എസ്. പരമേശ്വരയ്യർ ‘ബെയിലിയുടെ ഭാഷാസേവനത്തിന്റെ ആരംഭം’, ‘കോട്ടയത്ത് അച്ചുകൂടം’, ‘രണ്ടു മലയാള നിഘണ്ടുക്കൾ’, ‘മറ്റു കൃതികൾ’ എന്നീ ഉപശീർഷകങ്ങളിലായി ബെയിലിയുടെ ഭാഷാസേവനത്തെക്കുറിച്ച് സാമാന്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മലയാളം-ഇംഗ്ലീഷ് ഡിക്ഷണറി, ഇംഗ്ലീഷ്-മലയാളം ഡിക്ഷണറി, ബൈബിൾ എന്നീ മൂന്നു ഗ്രന്ഥങ്ങൾകൂടാതെ ബെയിലി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികൾ ഇനി പറയുന്നവയാണ്. “ബെയിലി ഈ മൂന്നു ഗ്രന്ഥങ്ങൾ കൂടാതെ (4) പള്ളിയുടെ ഉപയോഗത്തെപ്പറ്റി ഒരു സംവാദം (5) ഡോക്ടർ വാക്സിന്റെ (?) ഒന്നും രണ്ടും ചോദ്യോത്തരപ്പുസ്തകങ്ങൾ, (6) മറേ സായ്പിന്റെ വ്യാകരണ സങ്ഗ്രഹം, (7) രണ്ട് ആട്ടിൻകുട്ടികൾ (8) രാമമോഹനറോയിയുടെ ഉപനിഷദ്വ്യാഖ്യാനം (9) മിസ്സ് ഷെർവുഡ്ഡിന്റെ ഭാരതീയ തീർത്ഥാടകൻ (Indian pilgrim) ഇവയും മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.” (1974:144) ഉള്ളൂർ ഇസ്ഹാക്ക് വാറ്റ്സ് എന്ന പേര് ‘വാക്സ്’ എന്നു തെറ്റിച്ചാണ് എഴുതിയിരിക്കുന്നത്.

മലയാളമിത്രത്തിൽ ‘കൊച്ചി തിരുവിതാംകൂറിൽ ചർച്ച മിഷ്യനറി സമൂഹത്തിന്റെ വേല’ എന്ന ലേഖനത്തിൽ 1820-ാം ആണ്ടിലെ പ്രവർത്തനങ്ങളെക്കുറിച്ചു വിവരിക്കുമ്പോൾ ബെയിലിയുടെ തർജമയെക്കുറിച്ചു എഴുതിയിരിക്കുന്നതു നോക്കുക: “ബെയിലി സായ്പു ഏവയെന്നാൽ, സഭയെകുറിച്ചു ഒരു ഹോമിലി, വലിയ ചോദ്യം, ചെറിയ ചോദ്യം, മറെയുടെ വ്യാകരണം, രണ്ടു ആട്ടിൻകുട്ടികൾ എന്നു പേരോടുകൂടിയ ഒരു ചെറുപുസ്തകം, ഇന്ത്യയിലെ പുണ്യയാത്രക്കാരൻ എന്ന കഥ ഇവ പരിഭാഷപ്പെടുത്തി.”

(Y(?):145)

മേൽപ്പടി പരാമർശങ്ങൾക്ക് ആധാരമായിട്ടുള്ളത് 1821 ഡിസംബർ ലക്കം *മിഷനറി രജിസ്റ്ററിൽ* ബെയിലിയുടെ വിവർത്തനത്തെക്കുറിച്ചു വന്ന ഒരു കുറിപ്പാണ് : "He has translated one Homily as the right use of the church.-Dr. Watt's first and second catechism-Murray's Abridged grammar- a little Tract called the Two Lambs-two tracts of Ram Mohan Roy, containing translations of and commentaries upon Ishopanished and Lena [?] upanishad; and has finished half of Mrs. Sherwood's Indian pilgrim, besides several little things of daily occurence in the college. He is diligently at work generally from nine in the morning till past eight at night and is a valuable servant." (515)

പ്രഥമാകരത്തിൽപെടുന്ന *മിഷനറി രജിസ്റ്ററി*ലെ പരാമർശങ്ങൾ ആധികാരികമാണ്. സമാനമായ മറ്റു പരാമർശങ്ങൾക്ക് ആധാരവും അതുതന്നെയാണ്.

*മിഷനറി രജിസ്റ്റർ*പോലെ പ്രഥമാകരത്തിൽ ഉൾപ്പെടുന്ന മറ്റൊരു പ്രസിദ്ധീകരണമാണ് *പ്രൊസീഡിങ്സ് ഒഫ് ദി ചർച്ച് മിഷനറി സൊസൈറ്റി.* സി. എം.എസ്. വിവിധ രാജ്യങ്ങളിൽ, വിവിധ ഭാഷകളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തർജമകൃതികളുടെയും മൗലികകൃതികളുടെയും ഒരു പട്ടിക 83-ാം വാർഷിക റിപ്പോർട്ടിൽ അച്ചടിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ പറഞ്ഞിട്ടുള്ള ബെയിലീകൃതികൾ നോക്കുക:

ഇന്ത്യൻ ഭാഷകൾ

മലയാളിം

ദി ബൈബിൾ, ബൈ റവ. ബി. ബെയിലി

ദി ബുക്ക് ഒഫ് കോമൺ പ്രെയർ, ബൈ ഡിറ്റോ

ഡിക്ഷ്നറി, മലയാളം & ഇംഗ്ലീഷ്

4 to., f2 15s., ബൈ ഡിറ്റോ

ഡിക്ഷനറി ഇംഗ്ലീഷ് & മലയാളം 8 vo., f1 4s., ബൈ ഡിറ്റോ

ഫാമിലി പ്രെയേഴ്സ്, ബൈഡിറ്റോ. (xxi)

ഈ പട്ടികയ്ക്കുതാഴെ, 'നക്ഷത്രചിഹ്നം (asterisk) ഇട്ടിട്ടുള്ളവമാത്രമേ സ്റ്റോക്കുള്ളു' എന്ന് ഒരു കുറിപ്പും പട്ടികയ്ക്കൊപ്പം ഉണ്ട്. ബെയിലീകൃതികൾ ഒന്നിന്റെയുംകൂടെ നക്ഷത്രചിഹ്നമില്ല; അതായത്, അവ ഒന്നും സ്റ്റോക്കില്ല.

സി.എം.എസിന്റെ ശതാബ്ദിവാല്യത്തിൽ സൊസൈറ്റിയുടെ ഉത്ഭവംമുതൽ 1899 വരെ മിഷനറിമാർ രചിക്കുകയോ സമാഹരിക്കുകയോ പരിഭാഷപ്പെടുത്തുകയോ സംശോധിത പരിഷ്കരണം നിർവഹിക്കുകയോ ചെയ്ത കൃതികളുടെ ഗ്രന്ഥസൂചി നൽകിയിട്ടുണ്ട്. അതിൽ ബെയിലിയുടെ കൃതികളെക്കുറിച്ചുള്ള വിവരങ്ങൾ ഇങ്ങനെ:

Bailey, B. Malayalam: Comp. Dict.; Trans. Bible (1842), Prayer-Bk., Tracts,

Family prayers, 'Tent and Altar (1902:720)

കേരള സാഹിത്യ അക്കാദമി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മലയാളഗ്രന്ഥ സൂചിയിൽ, ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി & ആർക്കൈവ്സിലെയും ഇൻഡ്യാ ഓഫീസ് ലൈബ്രറിയിലെയും ഗ്രന്ഥസൂചികൾ ഉപയോഗപ്പെടുത്തി, അവിടങ്ങളിലുള്ള കോട്ടയം സി.എം.എസ്. പ്രസ്സ് ഇംപ്രിന്റുകളുടെ ഒരു സൂചിക തയ്യാറാക്കിയിട്ടുണ്ട്. അതിൽ ബെയിലീനിഘണ്ടുക്കൾ രണ്ടും, ഇസ്ഹാക്ക് വാറ്റ്സിന്റെ ചോദ്യോത്തരപുസ്തകം, പൊതുവിലുള്ള പ്രാർത്ഥനകൾ, കുടുംബപ്രാർത്ഥനകൾ, ചെറുപൈതങ്ങൾക്ക് ഉപകരാർത്ഥം ഇംഗ്ലീശിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ എന്നീ കൃതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (കെ.എം. ഗോവി, എ.കെ. പണിക്കർ, 1973: 855–883)

പി. ഗോവിന്ദപ്പിള്ള, ഉള്ളൂർ എസ്. പരമേശ്വരയ്യർ എന്നിവർ നൽകുന്ന വിവരങ്ങളുടെയും *രജിസ്റ്റർ ഒഫ് മിഷനറീസ്, മിഷനറി രജിസ്റ്റർ, മലയാളമിത്രം, സി.എം.എസ്. പ്രൊസീഡിങ്സ്, സി.എം.എസ്. സെന്റിനറി വാല്യം, മലയാളഗ്രന്ഥസൂചി* എന്നിവയിൽനിന്നു ലഭിക്കുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ബെഞ്ചമിൻ ബെയിലിയുടെ കൃതികളെക്കുറിച്ച് സ്വരൂപിക്കാൻ കഴിയുന്ന നിഗമനങ്ങൾ ഇവയാണ്: ബെയിലിയുടെ കൃതികളിൽ ഏറ്റവും അധികം പരാമർശിക്കപ്പെട്ടിട്ടുള്ളവ മലയാളം ബൈബിൾ, മലയാളം-ഇംഗ്ലീഷ് നിഘണ്ടു, ഇംഗ്ലീഷ്-മലയാളം നിഘണ്ടു എന്നിവയാണ്. മിഷനറി രജിസ്റ്ററിൽ പറയുന്ന കൃതികൾ അച്ചടി ആരംഭിക്കുന്നതിനുമുമ്പു പരിഭാഷപ്പെടുത്തിയവയാണ്. അതുകൊണ്ടുതന്നെ ആ കൃതികൾ അച്ചടിച്ചതു പിന്നീട് പലപ്പോഴായിട്ടാണ്. മാത്രവുമല്ല 1821-നുശേഷം ബെയിലി പ്രസിദ്ധപ്പെടുത്തിയ കൃതികളെക്കുറിച്ചുള്ള വിവരങ്ങൾ അതിൽനിന്നു ലഭ്യവുമല്ല. മലയാളമിത്രം അതിലെ വിവരങ്ങൾക്കു *മിഷനറി രജിസ്റ്ററി*നോടു കടപ്പെട്ടിരിക്കുന്നു. ഒരുപരിധിവരെ ഉള്ളൂർ എസ്. പരമേശ്വരയ്യർ ആശ്രയിച്ചിട്ടുള്ള ഉപാദാനവസ്തു *മിഷനറി രജിസ്റ്ററാണ്. സി.എം.എസ്. പ്രൊസീഡിങ്സ്, സി.എം.എസ്. സെന്റിനറി വോള്യം* എന്നിവയിൽ നിഘണ്ടുക്കൾ, ബൈബിൾ, പ്രാർഥനാപുസ്തകങ്ങൾ എന്നീ പ്രധാനകൃതികൾമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഈ കൃതികളുടെ പ്രസാധനത്തിനുമുമ്പും പിമ്പും ധാരാളമായി പ്രസിദ്ധപ്പെടുത്തിയിരിക്കാൻ സാധ്യതയുള്ള ധർമോപദേശകൃതികൾ (homilies), ലഘുപ്രബന്ധങ്ങൾ (tracts) ചോദ്യോത്തര പാഠങ്ങൾ (catechism) തുടങ്ങിയ വിഭാഗങ്ങളിൽപെടുന്ന കൃതികൾ രേഖപ്പെടുത്താതെ വിട്ടുകളഞ്ഞു. ഓരോ മുദ്രിതവസ്തുവും (imprint) പ്രസാധനചരിത്രത്തെ സംബന്ധിച്ചിടത്തോളം അമൂല്യമാണെന്നുള്ളതിനാൽ, പ്രസ്തുത 'വിട്ടുകളയൽ' മലയാള പ്രസാധനചരിത്രത്തിൽ വലിയൊരു ശൂന്യതയ്ക്കു കാരണമായിത്തീരുന്നു. ഒരു ഉദാഹരണം നോക്കുക: ചോദ്യോത്തരപ്പുസ്തകം വലിയൊരു സംഭാവനയാണ്. പക്ഷേ, മിഷനറി പ്രവർത്തനത്തിൽ ധാരാളമായി പ്രസിദ്ധപ്പെടുത്താറുള്ള ചോദ്യോത്തരപാഠങ്ങളുടെ (catechism) ശ്രേണിയിൽപെട്ടുപോയതുകൊണ്ടാകാം നിഘണ്ടു, ബൈബിൾ, പ്രാർഥനാപുസ്തകം ഇവയ്ക്കൊപ്പം പട്ടികയിൽ അതിനു സ്ഥാനം കിട്ടിയില്ല. കോളജ്-സ്കൂൾ കുട്ടി

കളുടെ ഉപയോഗത്തിലേക്കു പ്രസിദ്ധപ്പെടുത്തിയ കൃതികൾക്കും ഇതേ ദുരവസ്ഥ സംഭവിച്ചു എന്നുവേണം കരുതാൻ. മറെയുടെ വ്യാകരണ സംഗ്രഹം, മലയാള പുസ്തക പ്രസാധന ചരിത്രത്തിലെ ഏറ്റവും പ്രധാന കൃതി എന്നു വിശേഷിപ്പിക്കാവുന്ന *ചെറുപൈതങ്ങൾക്ക...കഥകൾ* എന്നിവ സി. എം.എസ്. പട്ടികകളിൽപെടാതെപോയതിനു കാരണമായി മറ്റൊന്നും പറയാൻ കാണുന്നില്ല. ചുരുക്കത്തിൽ, ബെയിലി പരിഭാഷപ്പെടുത്തി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതായി ഇന്ന് അറിയാൻ കഴിയുന്ന കൃതികളെക്കാൾ വളരെ കൂടുതൽ കൃതികൾ അദ്ദേഹം മലയാളത്തിനു നൽകിയിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾവെച്ചുകൊണ്ട് ബെയിലിയുടെ കൃതികളെ ഇങ്ങനെ ഒരു പട്ടികയാക്കാം:

1 ബൈബിൾ (*പുതിയനിയമ*പുസ്തകമായ മത്തായി എഴുതിയ സുവിശേഷം മദ്രാസ് ടൈപ്പ് ഉപയോഗിച്ച് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ 1824 മുതൽ *പഴയനിയമ*ത്തിലെ മൂന്നാംപങ്കു പ്രസിദ്ധപ്പെടുത്തിയ 1842 വരെയുള്ള കാലത്തു പ്രസിദ്ധപ്പെടുത്തിയ പല വാല്യങ്ങൾ; '42-നുമുമ്പും പിമ്പുമായി പ്രസിദ്ധപ്പെടുത്തിയ ഇവയുടെ പല പതിപ്പുകൾ.

2 എ ഡിക്ഷനറി ഒഫ് ഹൈ ആൻഡ് കൊളോക്വിയൽ മലയാളം ആൻഡ് ഇംഗ്ലീഷ്.

3 എ ഡിക്ഷനറി ഇംഗ്ലീഷ് ആൻഡ് മലയാളം.

4 ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീശിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ.

5 സഭയെക്കുറിച്ചു ഒരു ഹോമിലി.

6 സത്യവെദത്തിലുള്ള കഥകൾ (ഇസ്ഹാക്ക് വാറ്റ്സിന്റെ ഒന്നും രണ്ടും ചോദ്യോത്തരപ്പുസ്തകം).

7 മറെയുടെ വ്യാകരണം.

8 രണ്ട് ആട്ടിൻകുട്ടികൾ.

9 രാമമോഹനറോയിയുടെ ഈശ-കേന ഉപനിഷത്തുകളുടെ വ്യാഖ്യാനവും തർജമയും.

10 ഇന്ത്യയിലെ പുണ്യയാത്രക്കാരൻ (Mrs. Sherwood's Indian pilgirm).

11 പൊതുവിലുള്ള പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്ന പുസ്തകം.

12 ആഴ്ചവട്ടത്തിൽ ഒരൊ രാവിലെയും വൈകുന്നേരത്തും ചെയ്യെണ്ടുന്ന കുടുംബപ്രാർഥനകൾ.

13 കൂടാരവും അൾത്താരവും (Tent and Altar).

രണ്ട് ആട്ടിൻകുട്ടികൾ എന്ന ട്രാക്റ്റ് (രണ്ട് ആട്ടിൻകുട്ടികളുടെ കഥ) *ചെറുപൈതങ്ങൾക്ക...കഥകൾ* എന്ന കൃതിയിലെ കഥകളിൽ ഒന്നാണ്. പല ട്രാക്ടുകളായി പ്രസിദ്ധപ്പെടുത്തുന്നതിനുദ്ദേശിച്ചു തയ്യാറാക്കിയവയാകാം *ചെറുപൈതങ്ങൾക്ക...കഥക*ളിലെ കൃതികളെല്ലാം.

3

മലയാളം അച്ചടിയുടെ പ്രാരംഭം

ലോകത്ത് ഇന്നോളം ഉണ്ടായിട്ടുള്ള എല്ലാ സംഭവങ്ങളുടെയും ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള സാങ്കേതികവിദ്യയാണു അച്ചടി. എന്നാൽ അച്ചടിയുടെ ചരിത്രത്തെക്കുറിച്ച്, വിശിഷ്യ ആദിമുദ്രണ ചരിത്രത്തെക്കുറിച്ച്, അത്രയധികം വിവരങ്ങൾ ഇന്നു ലഭ്യമല്ല. അച്ചടിയുടെ കണ്ടുപിടുത്തം പുസ്തകനിർമാണത്തിന്റെയോ വിവരവിനിമയത്തിന്റെയോ ചരിത്രത്തിൽ മാത്രമല്ല, ലോകനാഗരികതയുടെ ചരിത്രത്തിലെതന്നെ, അതിപ്രധാനമായ ഒരു സംഭവമായിരുന്നു. "കടലാസിലോ തുണിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലുമൊരു പ്രതലത്തിലോ ചിത്രങ്ങളും വാക്കുകളും പുനഃസൃഷ്ടിക്കുന്ന കലയും സാങ്കേതികവിദ്യയുമാണ് അച്ചടി... അച്ചടിക്കപ്പെട്ട തരാതരത്തിലുള്ള അനവധി വസ്തുക്കൾ ആധുനികജീവിതത്തിൽ സർവസാധാരണമാണെങ്കിലും ഇന്നും അച്ചടി നിർവഹിക്കുന്ന പ്രധാനകാര്യം അറിവിന്റെയും ആശയങ്ങളുടെയും വിനിമയംതന്നെയാണ്. സ്കൂളുകൾ, ഗ്രന്ഥശാലകൾ, വ്യക്തികളുടെ വിദ്യാഭ്യാസവും ബൗദ്ധികപോഷണവും, ബഹുജനവാർത്താമാധ്യമങ്ങൾ എന്നിവയിലെല്ലാം അവശ്യഘടകമായിരിക്കുന്നതു അച്ചടിച്ച വാക്കുകളും ചിത്രങ്ങളുമാണ്." (എൻസൈക്ലോപീഡിയ അമേരിക്കാനാ-*പ്രിന്റിങ്*) അച്ചടിയില്ലാതിരുന്ന കാലത്തും പുസ്തകങ്ങളുണ്ടായിരുന്നുവെങ്കിലും അന്നത്തെ ലോകം എഴുത്തും വായനയുമില്ലാത്ത, നിരക്ഷര സമൂഹങ്ങളുടെ ലോകമായിരുന്നു; അപരിഷ്കൃതലോകമായിരുന്നു. വിഖ്യാത വേദപണ്ഡിതനും മിഷനറി പരിശീലകനുമായിരുന്ന തോമസ് സ്കോട്ട് ആഫ്രിക്കയിലേക്കും ഏഷ്യയിലേക്കും പോകുന്ന മിഷനറിമാരോടു പറഞ്ഞ ഒരു പ്രധാന കാര്യം അച്ചടിയന്ത്രത്തെക്കുറിച്ചായിരുന്നു. അദ്ദേഹം പറഞ്ഞു: "യൂറോപ്യൻ നാഗരികതയ്ക്കു നിമിത്തമായിത്തീർന്ന ശ്രേഷ്ഠമായ ഉപകരണം അച്ചടിയന്ത്രമായിരുന്നു. പരിഷ്കൃതിയിലൂടെ യൂറോപ്പ് നേടിയതിനു തുല്യമായ വെളിച്ചവും പുരോഗതിയും ഏഷ്യനാഫ്രിക്കൻ ഭൂഖണ്ഡങ്ങൾ എപ്പോഴെങ്കിലും നേടുമെന്നുണ്ടെങ്കിൽ അതു മിക്കവാറും, ഒരു നല്ല പരിധിവരെ, അച്ചടിയ

ന്ത്രത്തിലൂടെത്തന്നെ ആയിരിക്കും." (സി.എം.എസ്. പ്രൊസീഡിങ്സ്, 1805: 78) പല മടങ്ങു പകർപ്പുകൾ ഉണ്ടാക്കുന്നതിനും മുദ്രിതരൂപങ്ങളുപയോഗിച്ച് ആശയവിനിമയം നടത്തുന്നതിനും സഹായിക്കുന്ന അച്ചടിവിദ്യ യൂറോപ്പിനോ ആഫ്രിക്കയ്ക്കോ ഏഷ്യയ്ക്കോമാത്രമല്ല പ്രയോജനപ്പെട്ടതും പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നതും. ലോകത്തെവിടെയും അച്ചടിവിദ്യ നാഗരികതയുടെ നിമിത്തവും അതിന്റെ സന്തതസഹചാരിയുമായിരുന്നു.

അച്ചടിയുടെ ആരംഭം

ജോഹാൻ ഗുട്ടൻബർഗ് മാറ്റിവെക്കാവുന്ന ആണിയച്ചുകൾ ഉപയോഗിച്ച്, തന്റെ വിശ്വപ്രസിദ്ധമായ 42-വരി ബൈബിൾ അച്ചടിച്ച സംഭവത്തോടെയാണ് അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നത്. അതിനുമുമ്പും മുദ്രണത്തിന്റെ ചില പൂർവരൂപങ്ങളുണ്ടായിരുന്നു. മരബ്ലോക്കുകൾ, രൂപങ്ങൾ കൊത്തിയെടുത്ത ലോഹപ്പലകകൾ, കല്ലിലോ മറ്റു മാധ്യമങ്ങളിലോ പതിപ്പിച്ചെടുത്ത ചിത്രങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് ഒരേപോലെയുള്ള പല പകർപ്പുകൾ രൂപപ്പെടുത്തിയിരുന്നു. ചില കരകൗശലവിദ്യകൾ എന്നതിനപ്പുറമുള്ള പ്രാധാന്യം ഇവയ്ക്ക് മുദ്രണചരിത്രത്തിലില്ല. അച്ചടിക്ക് പിൽക്കാലത്തുണ്ടായ ഗതിവേഗം ലഭിച്ചതു ഗുട്ടൻബർഗിന്റെ കണ്ടുപിടുത്തത്തോടുകൂടിയാണ്. വളരെ കുറഞ്ഞ ചെലവിൽ, കൂടുതൽ കോപ്പികൾ, കൂടിയവേഗതയിൽ അച്ചടിക്കുക എന്നുള്ളതാണ് ആധുനിക അച്ചടിയുടെ സാങ്കേതികമികവ്. നിശ്ചിത സമയംകൊണ്ട് നിശ്ചിത എണ്ണം കോപ്പികൾ ലഭ്യമാക്കുന്ന അച്ചടിയന്ത്രം ഉണ്ടാക്കിയത് ഗുട്ടൻബർഗാണ്. കുറഞ്ഞസമയം കൊണ്ട്, വളരെക്കൂടുതൽ കോപ്പികൾ അച്ചടിക്കാൻ സാധിക്കുന്ന അതിവേഗ അച്ചടിയന്ത്രങ്ങൾ ഗുട്ടൻബർഗ്യന്ത്രത്തിന്റെ പിൻതലമുറക്കാരാണ്. ഗുട്ടൻബർഗിനു മുമ്പുണ്ടായിരുന്ന വിവിധയിനം അച്ചടി ഉപകരണങ്ങൾക്ക് ഇത്തരത്തിലൊരു സാങ്കേതിക പുരോഗതിക്കോ മെച്ചപ്പെടുത്തലിനോ സാധ്യതയില്ലായിരുന്നു.

അച്ചടിവിദ്യയുടെ കണ്ടുപിടുത്തത്തിനുമുമ്പ് പുസ്തകനിർമാണത്തിനുള്ള ഉപാധിയായിരുന്ന പകർപ്പെഴുത്ത് ഏറെ ക്ലേശകരവും സമയനഷ്ടമുണ്ടാക്കുന്നതും ചെലവേറിയതുമായ ഒരു പ്രക്രിയ ആയിരുന്നു. ചെറിയതും വലിയതുമായ അനവധി ഗ്രന്ഥങ്ങളുടെ സമാഹാരമായ ബൈബിൾ പകർത്തിയെഴുതുന്നതിന് സന്യാസാശ്രമങ്ങളിൽ, സന്യാസിമാർ വർഷങ്ങൾതന്നെ ചെലവഴിച്ചിരുന്നു. "മൈൻസ് നഗരത്തിലെ കാർത്തൂസിയൻ സന്യാസിമാർ ജീവിതം മുഴുവൻ ചെലവഴിച്ച്, ബൈബിൾ കൈകൊണ്ടു പകർത്തുന്ന ദൃശ്യമാണ് ഹൃദയാലുവായിരുന്ന ഗുട്ടൻബർഗിന്റെ ശ്രദ്ധ അച്ചടിയിലേക്കു തിരിച്ചുവിട്ടതെന്ന് പറയപ്പെടുന്നു." (പി.ജെ. തോമസ്, 1989:332) ബെഞ്ചമിൻ ബെയിലി അച്ചടിയിലേക്കു തിരിഞ്ഞതിനു കാരണവും മറ്റൊന്ന് ആയിരുന്നില്ല-താൻ പരിഭാഷപ്പെടുത്തിയ ബൈബിൾ മലയാളത്തിൽ അച്ചടിച്ചുകാണുന്നതിനുള്ള അദമ്യമായ ആഗ്രഹമാണ് അച്ചടിശാല സ്ഥാപിക്കുന്നതിനും അച്ചടിയന്ത്രം ഉണ്ടാക്കുന്നതിനും ആണിയച്ചുകൾ കൊത്തുന്നതിനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

"മാറ്റിവെക്കാവുന്ന ആണിയച്ചുകൾ ഉപയോഗിച്ചുള്ള അച്ചടി ഒരു ജർമൻ

കണ്ടുപിടുത്തമാണെന്നും ജർമൻ പട്ടണമായ മൈൻസിലായിരുന്നു ആദ്യമായി അച്ചടി നടപ്പിലായതെന്നുമുള്ള യാഥാർഥ്യം മുൻനിർത്തി ആലോചിക്കുമ്പോൾ വിവിധ യൂറോപ്യൻ രാജ്യങ്ങളിലും അതിനു പുറത്തും ഈ പുതിയ കലയുടെ ആദ്യപ്രയോക്താക്കൾ ജർമൻകാരായിരുന്നു എന്നുള്ളതിൽ അത്ഭുതത്തിനവകാശമില്ല" (എസ്.എച്ച്. സ്റ്റീൻബർഗ്, 1959:36) പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഏകദേശം അറുപതു ജർമൻ പട്ടണങ്ങളിൽ അച്ചടിയന്ത്രം സ്ഥാപിക്കപ്പെട്ടു. മറ്റു പല യൂറോപ്യൻ പട്ടണങ്ങളിലും അതേ കാലത്തുതന്നെ അച്ചടി നടപ്പിലായി. കൊളോൺ (1464), ബാസൽ (1466), റോമ (1467), വെനീസ് (1469), പാരീസ് (1470), ജനീവ (1478), ലണ്ടൻ (1480), സ്റ്റോക്ക്ഹോം (1483) എന്നീ പട്ടണങ്ങൾ പതിനഞ്ചാം ശതാബ്ദത്തിൽത്തന്നെ അച്ചടിക്കു പ്രസിദ്ധമായിത്തീർന്നു.ജർമനിയിലെ കൊളോൺ പട്ടണത്തിന് ഇംഗ്ലണ്ടിലെ അച്ചടിയുമായി വളരെ അടുത്ത ബന്ധം ഉണ്ട്. ഇംഗ്ലണ്ടിൽ അച്ചടിയുടെ പ്രാരംഭകനായ വില്യം കാക്സ്റ്റൺ 1471-72 കാലത്ത് കൊളോണിൽനിന്നായിരുന്നു അച്ചടിവിദ്യ പഠിച്ചത്. പതിനാറ്, പതി-നേഴ് നൂറ്റാണ്ടുകളിൽ റഷ്യ, പലസ്തീൻ, ജപ്പാൻ, ഇന്ത്യ, വടക്കേ അമേരിക്ക, ഇറാൻ, ചൈന എന്നിവിടങ്ങളിലെല്ലാം ആധുനിക അച്ചടി പ്രചരിച്ചു.

അച്ചടിവിദ്യ ആദ്യഘട്ടത്തിൽ പുസ്തകപ്രസാധനത്തിലും അതുവഴിയുള്ള വിജ്ഞാനവിതരണത്തിലുമാണ് അത്ഭുതങ്ങൾ സൃഷ്ടിച്ചത്. പകർത്തിയെഴുത്തുകാരുടെ പുസ്തകനിർമാണവുമായി താരതമ്യപ്പെടുത്തുമ്പോൾ പുതിയ സാങ്കേതികവിദ്യയുടെ മേന്മകൾ അമ്പരപ്പിക്കുന്നതായിരുന്നു. അനവധി മാസങ്ങൾകൊണ്ടുമാത്രം പകർത്തി എഴുതിയിരുന്ന പുസ്തകങ്ങളുടെ പകർപ്പുകൾ ഒന്നും രണ്ടും മാസങ്ങൾകൊണ്ടു തയ്യാറാക്കുവാൻ കഴിഞ്ഞു. അതും പകർത്തിയെഴുതി ഉണ്ടാക്കുന്നതുപോലെ. ഒരു കോപ്പി അല്ല; ഒരേ സമയംതന്നെ എഴുന്നൂറും എണ്ണൂറും കോപ്പികൾ. പുതിയ കോപ്പിക്കു കൊടുക്കേണ്ടിവന്ന വിലയോ? വളരെ കുറവും.

പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പ്രസാധനപ്രക്രിയയിലെ രണ്ട് അടിസ്ഥാന കാര്യങ്ങളാണ് എഡിറ്റിങ്ങും പ്രൂഫ് വായനയും. ഇവയുടെ അഭാവത്തിൽ പ്രസാധനം വികലമാകും. ഇഷ്ടാനുസരണം അങ്ങോട്ടുമിങ്ങോട്ടും മാറ്റിവെക്കാവുന്നതും ആണിയച്ചുകളുടെ രൂപത്തിൽ വാർത്തെടുത്തതുമായ 'ക്യാരക്ടർ യൂണിറ്റുകൾ' കമ്പോസിങ്ങിൽ വൈവിധ്യത്തിന്റെ അനന്തസാധ്യതകൾ തുറന്നു കൊടുത്തു. ഒരു പാഠത്തിൽ (text) വരുത്തേണ്ട തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നീക്കലുകളും ഒരു ക്യാരക്ടറിൽ (ഒരു ലിപിയുടെയോ ഉപലിപിയുടെയോ അക്കത്തിന്റെയോ ചിഹ്നത്തിൽ) തുടങ്ങി എത്ര വാക്യങ്ങൾ വരെ വേണമെങ്കിലും ചെയ്യാമെന്നായി. ഒരേ അച്ചുതന്നെ പല രൂപത്തിലും വലിപ്പത്തിലും വാർത്തെടുത്ത്, കമ്പോസിങ്ങിൽ ഉപയോഗിക്കാൻ കഴിഞ്ഞത് ലേ-ഔട്ട് (lay-out)സങ്കൽപ്പങ്ങൾക്കു വഴിതുറന്നു. ഇങ്ങനെ മാറ്റിവെക്കാവുന്ന ആണിയച്ചുകളുടെ ആവിർഭാവത്തോടുകൂടി സാധ്യമായിത്തീർന്ന

പ്രൂഫ് വായന, ലേ-ഔട്ട്, എഡിറ്റിങ് തുടങ്ങിയവയിലൂടെ സാങ്കേതികമായി മെച്ചപ്പെട്ട പുസ്തക-മാസികാ പ്രസാധനത്തിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു. അച്ചടിവിദ്യയുടെ ചരിത്രത്തിലെ ഏറ്റവും സുപ്രധാന പുരോഗതി ആയിരുന്നു ഇത്.

കേരളവും അച്ചടിയും

ആധുനിക അച്ചടി ലോകസഞ്ചാരം നടത്തിയ ആദ്യഘട്ടത്തിൽത്തന്നെ അത് ഇന്ത്യയിലും എത്തി. "പ്രിന്റിങ്പ്രസ്സ് ആദ്യമായി ഭാരതത്തിൽ സ്ഥാപിച്ചത് 1556 സെപ്തംബർ 6-ാം തീയതിയാണെന്നു പ്രിയോൽക്കർ അഭിപ്രായപ്പെടുന്നു. ഗോവയിലെ ജസ്വീറ്റുസഭക്കാരുടെ സെന്റ് പോൾ കോളജാണ് ആദ്യത്തെ അച്ചുകൂടത്തിന് അഭയം നൽകിയത്... വിശുദ്ധ ഫ്രാൻസിസ് സേവ്യർ പോർച്ചുഗീസ് ഭാഷയിൽ രചിച്ച ഒരു വേദോപദേശത്തെയാണ് (*ഡോക്ട്രീന ക്രിസ്ത*) ഗോവയിൽ, എന്തിന് ഭാരതത്തിൽത്തന്നെ ഇദംപ്രഥമമായി അച്ചടിച്ച പുസ്തകമായി ഗണിച്ചു വരുന്നത്." (കെ.എം. ഗോവി, 1998:22-25) ഈ *ഡോക്ട്രീന ക്രിസ്ത* അച്ചടിച്ചത് 1557-ൽ ആയിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ ഗോവയിൽ സെന്റ് പോൾ കോളജിനു പുറമേ രാചോലിലെ സെന്റ് ഇഗ്നേഷ്യസ്സ് കോളജിലും അച്ചടി നടപ്പിലായി. ഗോവയിലെ മുദ്രിതകൃതികളിൽ അധികവും പോർച്ചുഗീസിലും അൽപ്പം ചിലത് കൊങ്കണിയിലും ആയിരുന്നു. എന്നാൽ 1557-ൽ തമിഴ്ഭാഷയിലൊരു *ഡോക്ട്രീന* ഗോവയിൽ മുദ്രണം ചെയ്തിട്ടുള്ളതായി അഭിപ്രായമുണ്ട്. ഗോവയിൽനിന്നാണ് അച്ചടി കേരളത്തിലേക്കു സംക്രമിച്ചത്.

"ഗോവയിൽ ഫ്രാൻസിസ് സേവ്യരുടെ *ഡോക്ട്രീന* അച്ചടിച്ചു രണ്ടു ദശകം കഴിഞ്ഞപ്പോൾ കേരളത്തിലും അച്ചടിവിദ്യ നടപ്പിലായി. കൊല്ലം, കൊച്ചി, വൈപ്പിക്കോട്ട, അമ്പഴക്കാട് എന്നിവിടങ്ങളിലാണു പതിനാറാം നൂറ്റാണ്ടിലെയും പതിനേഴാം നൂറ്റാണ്ടിലെയും പ്രിന്റിങ് പ്രസ്സുകൾ പ്രവർത്തിച്ചത്. കേരളത്തിൽ ആദ്യമായി അച്ചടിച്ച കൃതി 1578-ലെ കൊല്ലം *ഡോക്ട്രീന*യാണ്. 1579-ൽ അച്ചടിക്കപ്പെട്ട കൊച്ചി *ഡോക്ട്രീന* തൊട്ടുപുറകെ വരുന്നു. രണ്ടിന്റെയും ഭാഷ തമിഴ് ആയിരുന്നു. അച്ചടിക്കപ്പെട്ട ആദ്യ ഭാരതീയഭാഷ തമിഴായിരുന്നു എന്ന് ഇതിൽ നിന്നു വ്യക്തമാണ്. വൈപ്പിക്കോട്ടയിൽ അച്ചടി നടപ്പിലായിരുന്നു എന്നുള്ള കാര്യത്തിൽ ചരിത്രകാരന്മാർക്കു പൊതുവേ യോജിപ്പുണ്ടെങ്കിലും വൈപ്പിക്കോട്ട അച്ചടിയുടെ മാതൃകകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല." (കെ.എം. ഗോവി, 1998:29-36) അമ്പഴക്കാട്ട് ആറു തമിഴ് കൃതികൾ അച്ചടിച്ചതിനു തെളിവുകളുണ്ട്. ചുരുക്കത്തിൽ, ഈശോസഭക്കാരുടെ സെമിനാരികളുടെ ഭാഗമായി കൊല്ലം, കൊച്ചി, വൈപ്പിക്കോട്ട, അമ്പഴക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന അച്ചടിശാലകളിലെ ആദിമുദ്രണം മലയാളത്തിലായിരുന്നില്ല; തമിഴിലായിരുന്നു.

നീക്കിവെക്കാവുന്ന ആണിയച്ചുകൾ ഉപയോഗിച്ച് ആദ്യം അച്ചടിച്ച മലയാളകൃതി *സംക്ഷേപവേദാർത്ഥം* ആണ്. "ശ്രേഷ്ടമെല്പട്ടക്കാരരുടെ അനുവാദത്താൽ റൊമായിൽ നിന്ന മിശിഹാ പിറന്നീട്ട" 1772-ന് റോമിലെ

ബഹുഭാഷാമുദ്രണാലയത്തിലാണ് ഈ കൃതി അച്ചടിച്ചത്. മലയാളഭാഷയിൽ അച്ചടിച്ച രണ്ടാമതു പുസ്തകവും റോമിലെ ബഹുഭാഷാമുദ്രണാലയത്തിൽ നിന്നുതന്നെയായിരുന്നു-പൗലിനോസ് പാതിരിയുടെ Centum Adagia Malabarica: cum textu originali et versione. ഈ കൃതി 1791-ൽ പ്രസിദ്ധപ്പെടുത്തി. പിന്നീട്, മലയാളം അച്ചടി ഇന്ത്യയിൽതന്നെ നിർവഹിക്കപ്പെടുന്ന മറ്റൊരു ഘട്ടത്തിലേക്കു പ്രവേശിക്കുന്നതാണു കാണാൻ കഴിയുന്നത്.

ചരിത്രത്തിലാദ്യമായി റോമിൽ പ്രത്യക്ഷപ്പെട്ട മലയാളം അച്ചടി 18-ാം നൂറ്റാണ്ടിന്റെ അവസാനം ഇന്ത്യയിൽ എത്തി. ബോംബെ നഗരത്തിലെ 'കുരിയർ പ്രിന്റിങ് ഓഫീസി'ലാണ് ഇന്ത്യയിലാദ്യത്തെ മലയാളം അച്ചടി നടന്നത്. അവിടെ ആദ്യം അച്ചടിച്ച പുസ്തകം റോബർട്ട് ഡ്രമണ്ടിന്റെ *ഗ്രാമർ ഓഫ് ദി മലബാർ ലാംഗ്വേജ്* ആണ്. ഇംഗ്ലീഷിലെഴുതിയ മലയാളം ഗ്രാമറാണു ഡ്രമണ്ടിന്റെ പുസ്തകം. എന്നാൽ "ഏതാണ്ടെല്ലാ വരികളിലും മലയാള വാക്കുകളും വാക്യങ്ങളുമുള്ളതുകൊണ്ട്, അതിനെ മലയാള പുസ്തകമായി ഗണിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു" (കെ.എം. ഗോവി, 1998:101)എന്ന അഭിപ്രായമുള്ളവരുണ്ട്. പക്ഷേ, അതു സ്വീകാര്യമല്ല. 1811-ൽ കൂരിയർ പ്രസ്സിൽ അച്ചടിച്ച നാലു സുവിശേഷങ്ങൾ അടങ്ങുന്ന *ബൈബിൾ പുതിയ നിയമ*ഭാഗമാണ് ഭാരതത്തിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ സമ്പൂർണ മലയാളപുസ്തകം.

മുകളിൽ വിശദമാക്കിയ സംഗതികളിൽനിന്ന് രണ്ടു കാര്യം വ്യക്തമാകുന്നു: ഒന്ന്, കേരളത്തിലെ അച്ചടിയുടെ ആദ്യഘട്ടം പൂർണമായും തമിഴിലായിരുന്നു. രണ്ട്, മലയാളം അച്ചടിയുടെ ആദ്യഘട്ടം നിർവഹിക്കപ്പെട്ടതു കേരളത്തിനു പുറത്താണ്. കേരളത്തിൽ മലയാളം അച്ചടി ആരംഭിക്കുന്നതിന് സി.എം.എസിന്റെയും ബെഞ്ചമിൻ ബെയിലിയുടെയും വരവുവരെ കാത്തിരിക്കേണ്ടിവന്നു. "ബോംബയിലെ അച്ചടി കഴിഞ്ഞതോടെ മലയാളം അച്ചടി കേരള മണ്ണിലേക്ക് എത്തുന്നു. ഇതിനു കളമൊരുക്കിയതു പ്രൊട്ടസ്റ്റന്റ് മിഷനറിമാരാണ്-കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ചർച്ച് മിഷനറി സൊസൈറ്റി. കേരളത്തിൽ മലയാളം അച്ചടി തുടങ്ങിയതു ബെഞ്ചമിൻ ബെയിലിയാണെന്ന കാര്യത്തിൽ തർക്കമില്ല." (പി.ജെ. തോമസ്, 1989:354)

ബെഞ്ചമിൻ ബെയിലി മലയാളം അച്ചടിയിലേക്ക്

കാർത്തൂസിയൻ സന്യാസിമാർ ബൈബിൾ പകർത്തിയെഴുതുന്നതിന് അനുഭവിച്ച ക്ലേശം കണ്ടാണ് ഒരു അച്ചടിയന്ത്രം ഉണ്ടാക്കുന്നതിനെപ്പറ്റി ഗുട്ടൻബർഗ് ചിന്തിച്ചത്. അതുപോലെ കോട്ടയത്ത് ഒരു അച്ചടിശാല സ്ഥാപിക്കപ്പെട്ടതിന്റെ പിന്നിലെ പ്രേരണയും ബൈബിൾതന്നെ ആയിരുന്നു. പകർപ്പെഴുത്തിന്റെ പ്രയാസം ഒഴിവാക്കി, പരമാവധി കുറ്റമറ്റ ഒരു ബൈബിൾ പരിഭാഷ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടി കോട്ടയത്ത് ഒരു അച്ചടിയന്ത്രം സ്ഥാപിക്കാനുദ്ദേശിക്കുന്നതായി *മിഷനറി രജിസ്റ്ററിൽ*

വായിക്കാം: ''For the purpose of rendering the (Bible) version of the Malayalim as correct as possible, arrangements have been made for furnishing the station at Cotym with a press, types, and paper; in order that the work may have the benefit of the translator's revision.'' (1820 October: 446)

കോട്ടയം സഹായകമിഷന്റെ പ്രചോദകനായിരുന്ന കേണൽ മൺറോതന്നെയാണ് ബൈബിൾ അച്ചടിക്കുന്നതിനുവേണ്ടി കോട്ടയത്ത് ഒരു അച്ചടിയന്ത്രം സ്ഥാപിക്കണമെന്നുള്ള ആശയം ആദ്യമായി മുന്നോട്ടു വെച്ചത്: ''The translation of the Scriptures will be completed in the course of another month; and two or three catanars may be sent with the manuscript to Calcutta. But would it not be a better plan to establish a press, and print the Scriptures in the College at Cotym? There is ample room in the College, for a Printing and Book-binding Establishment, and the formation of such an Establishment at that Institution would, in my judgement, be very useful... If the proposition of establishing a Printing-Press at Cotym should be approved, its execution ought not be delayed. (Microfilm marked C.M.S.-4, U.T.C. Archives, Bangalore.)

ബെഞ്ചമിൻ ബെയിലിയുടെ ചുമതലയിൽ ധാരാളം ലഘുകൃതികളും ബൈബിൾ ഭാഗങ്ങളും തർജമ ചെയ്തുകഴിഞ്ഞിരുന്നതിനാലും അവ പകർപ്പെഴുത്തുകാരെക്കൊണ്ടു എഴുതിക്കുന്നതിന് അധിക ചെലവും കാലതാമസവും അനുഭവപ്പെട്ടതിനാലും കോട്ടയത്ത് ഒരു അച്ചടിയന്ത്രം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത കൂടുതൽ കൂടുതൽ ബോധ്യമായിക്കൊണ്ടിരുന്നു. കോളജിലെയും സ്കൂളുകളിലെയും കുട്ടികളുടെ ആവശ്യത്തിനു പുസ്തകങ്ങൾ അച്ചടിക്കുക, പുരോഹിതന്മാരുടെ വിജ്ഞാനവർധനയ്ക്കും പള്ളികളിലെ ഉപയോഗത്തിനും ആവശ്യമായ ലഘുഗ്രന്ഥങ്ങൾ അച്ചടിക്കുക തുടങ്ങിയ കാര്യങ്ങൾക്കും കോട്ടയത്ത് ഒരു അച്ചടിശാല ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു. ഈ സാഹചര്യത്തിലായിരുന്നു കോട്ടയം മിഷനറിമാർ അച്ചടിയന്ത്രം സ്ഥാപിക്കൽ മുഖ്യആവശ്യമായി മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിക്കുമുമ്പിൽ സമർപ്പിച്ചത്: ''The necessity of a printing Establishment at Cotym is another thing which we beg leave to submit to the Committee. We have distributed a few Malayalim Tracts, such as copies of a single Gospel, a catechism, & c. but the expense is great. Besides, the English, Syriac, and Sanskrit Works, which we shall very soon require at the college, procured from Madras will be attended with much expense; and, after all, we shall not be able to procure works in all cases to suit our purpose. It will not be long, before the attention of the students should be directed to the structure of the English Language, its idiom and its elegancies: to pursue, such a study profitabily, recourse must necessarily be had to the writings of our most elegant Poets, Essayists,

and Historians. A Syrian Press is, perhaps, even more requisite, from the great expense of, Syriac works in England, and the impossibility of procuring them in sufficient numbers from home. But, of all the Presses needed here, the Malayalim Press is undoubtedly of the first importance." (Missionary Register, 1821 December: 518)

കേണൽ മൺറോയുടെയും കോട്ടയം മിഷനറിമാരുടെയും ആവശ്യം തികച്ചും ഉചിതമാണെന്നു മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിക്കു ബോധ്യപ്പെട്ടു. കോട്ടയത്തേക്ക് ഒരു അച്ചടിയന്ത്രവും അതോടൊപ്പം ഇംഗ്ലീഷ്-സിറിയക്ക് ടൈപ്പുകളും മലയാളം, തമിഴ്, സംസ്കൃതം എന്നീ ടൈപ്പുകൾ ഇവിടെ വാർക്കുന്നതിനുള്ള ലോഹവും ഇംഗ്ലണ്ടിൽനിന്നു അയച്ചു തരണമെന്ന് കറസ്പോണ്ടിങ് കമ്മറ്റി ഇംഗ്ലണ്ടിലെ മാതൃസമിതിക്ക് ഉടൻ എഴുതി. അതുപ്രകാരം കോട്ടയത്തേക്ക് അയച്ച അച്ചടിയന്ത്രവും ഇംഗ്ലീഷ് ടൈപ്പും ബോംബെ-ആലപ്പുഴ വഴി 1821 ഒക്ടോബർ 18-ന് കോട്ടയത്ത് എത്തിച്ചേർന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ കോട്ടയത്തിന്, കേരളത്തിനുതന്നെയും, ലഭിച്ച ആദ്യത്തെ അച്ചടിയന്ത്രം ഇതായിരുന്നു. എന്നാൽ കൽക്കത്ത ബൈബിൾ സൊസൈറ്റി കോട്ടയത്തേക്ക് ഒരു അച്ചടിയന്ത്രം അയച്ചു എന്നും ആ യന്ത്രത്തിൽ 1820-ൽ *ലൂക്കോസിന്റെ സുവിശേഷം* അച്ചടിച്ചുവെന്നുമുള്ള ഒരു പ്രസ്താവന സി.എം.എസ്. പ്രസ്സ് പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽനിന്ന് *മദ്രാസ് ചർച്ച് മിഷനറി റിക്കാർഡ്* ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രസ്താവന ശരിയല്ല. പ്രസ്തുത പ്രസ്താവനയെ സാധൂകരിക്കുന്ന യാതൊരു രേഖയും കാണാൻ കഴിഞ്ഞിട്ടില്ല. എന്നുമാത്രമല്ല, 1821 ഏപ്രിൽ മാസത്തിൽ കോട്ടയം സന്ദർശിച്ച ബിഷപ്പ് മിഡിൽട്ടന്റെ സാക്ഷ്യം ഇക്കാര്യത്തിൽ ഒരു തെളിവാണ്. മലങ്കരമെത്രാപ്പോലീത്താ ബിഷപ്പ് മിഡിൽട്ടനോട് 'സിറിയൻ കോളജിൽ അച്ചടി ആരംഭിച്ചിട്ടില്ല' എന്നു പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. (ചാൾസ് വെബ് ലെ ബാസ്, 1831: 206)

1821 ഒക്ടോബർ 18-ന് കോട്ടയം സിറിയൻ കോളജിൽ അച്ചടിയന്ത്രം എത്തിച്ചേർന്നു. പക്ഷേ മലയാളം ടൈപ്പുകൾ ലഭ്യമായിരുന്നില്ല. മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളജ് കോട്ടയം പ്രസ്സിന് ആവശ്യമുള്ള മലയാളം അച്ച് വാർത്തുകൊടുക്കാമെന്നു സമ്മതിച്ചിരുന്നു. ഇതുസംബന്ധിച്ച് കറസ്പോണ്ടിങ് കമ്മറ്റി ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു: "മലയാളം അച്ചുകൾ വാർത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇവിടെ പുരോഗമിച്ചു വരുന്നു. പക്ഷേ, ടൈപ്പ് വാർത്ത്, കോട്ടയത്തിന് അയയ്ക്കുന്നതിനു മുമ്പായി ഏകദേശം പന്ത്രണ്ടുമാസമെങ്കിലും വഴുതിപ്പോയേക്കുമെന്നുള്ളപേടിയുണ്ട്. ഒരു പുതിയ ഭാഷയിലെ അച്ചുകൾ ഇവിടെ വാർത്തെടുക്കുന്നതിനുള്ള പ്രയാസം വളരെയാണ്." (സി.എം.എസ്. പ്രൊസീഡിങ്സ്, 1820: 150)

ബെഞ്ചമിൻ ബെയിലിയും ജോസഫ് ഫെന്നും ഹെൻറി ബേക്കറും ചേർന്ന് തിരുവിതാംകൂർ റസിഡണ്ട് കേണൽ ന്യൂവാളിന് 1822 മാർച്ച് 13-ന് എഴുതിയ കത്തിൽ ഇങ്ങനെ കാണാം: "ഒരു പ്രസ്സും ഇംഗ്ലീഷ് ടൈപ്പും ചർച്ച് മിഷിനറി സൊസൈറ്റി അയച്ചു തന്നിട്ടുണ്ട്. മലയാളം അച്ചുകൾ പ്രതീ

ക്ഷിച്ചിരിക്കുന്നു." അതായത് അച്ചടിയന്ത്രം വന്ന് അഞ്ചുമാസം ആയിട്ടും മലയാളം അച്ച് കിട്ടിയിട്ടില്ല. പിന്നെയും കാത്തിരിക്കേണ്ടിവന്നു. മദ്രാസിൽ നിന്ന് കോട്ടയത്തിന് അച്ചുകൾ അയച്ചത് 1823 ജൂലൈ മാസത്തിലാണ്.

അച്ചടിയന്ത്രം കോളജിൽതന്നെ സ്ഥാപിക്കുക എന്നുള്ളതായിരുന്നു, അത് എത്തുംമുമ്പ് ഉണ്ടായിരുന്ന ധാരണ. സഹായകമിഷന്റെ കേന്ദ്രം, തർജ മവിഭാഗത്തിന്റെ ആസ്ഥാനം ഇവ കോളജിലായിരുന്നു. പ്രശസ്തമായ പല അച്ചടിശാലകളും കോളജുകളോടുചേർന്നാണ് പ്രവർത്തിച്ചിരുന്നത്. മദ്രാസിലെ ഫോർട്ട് സെന്റ് ജോർജ് കോളജ്, കൽക്കത്ത ബിഷപ്പ് കോളജ്, സെറാംപൂർ കോളജ് എന്നിവിടങ്ങളിലെ അച്ചടിശാലകൾ ഉദാഹരണങ്ങൾ. അച്ചടിശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം കോട്ടയം കോളജിലുണ്ടെന്നാണു കേണൽ മൺറോ പറയുന്നത്. പ്രസ്സ് എത്തിച്ചേർന്നതും ആദ്യം സൂക്ഷിച്ചിരുന്നതും കോളജിലായിരുന്നു. ഈ സാഹചര്യത്തിൽ അച്ചടിയന്ത്രം എത്തിച്ചേരുന്നതിനുമുമ്പ് 'അച്ചടിപ്പുര' ഉണ്ടാക്കുന്നതിനെക്കുറിച്ച് ബെയിലി ആലോചിയ്ക്കാനിടയില്ല. എന്നാൽ ഇംഗ്ലണ്ടിൽനിന്നു ലഭിച്ച അച്ചടിയന്ത്രം ഒന്നേമുക്കാൽവർഷം ജോലിയില്ലാതെ ഇരുന്നു. ഇംഗ്ലീഷ് ടൈപ്പ് ഉണ്ടായിരുന്നുവെങ്കിലും അതുപയോഗിച്ച് ഇവിടെ തുടക്കത്തിൽ അച്ചടിനടത്തിയതിനു രേഖകളില്ല. ഇക്കാലത്തോടുകൂടി സുറിയാനി കത്തനാരന്മാരുടെ ബൈബിൾ *പുതിയനിയമ*തർജമ ഏതാണ്ടു പൂർത്തിയായിക്കഴിഞ്ഞിരുന്നു. കോളജിൽ ചുമതലയ്ക്കു ജോസഫ് ഫെന്നുണ്ട്. ബെയിലീബംഗ്ലാവിനടുത്തായിരുന്നു ബെയിലി സ്ഥാപിച്ച ആർബത്നോട്ട് സ്കൂൾ. ബെയിലിക്ക് അവിടെ കൂടുതൽ സമയം ചെലവഴിക്കേണ്ടതുമുണ്ടായിരുന്നു.

സിറിയൻ കോളജിനോടുചേർന്ന് അച്ചടിശാല സ്ഥാപിക്കാതിരുന്നതിന് ഭൂമിശാസ്ത്രപരമായ പ്രത്യേക കാരണവുമുണ്ടായിരുന്നു. താഴ്ന്ന പ്രദേശത്തു സ്ഥാപിച്ചിട്ടുള്ള കോളജിലും ചുറ്റുപാടും അന്തരീക്ഷത്തിലെപ്പോഴും ഈർപ്പം (humidity) വർധിച്ചിരിക്കും. എന്നാൽ ബെയിലീബംഗ്ലാവ് ഒരു കുന്നിന്റെ മുകൾഭാഗത്തായിരുന്നു. നല്ല കാറ്റും ധാരാളം സൂര്യപ്രകാശവും ലഭിക്കുന്നിടമാകയാൽ അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവു കുറയും. പ്രസ്സ് കോളജിൽ സ്ഥാപിച്ചാൽ അച്ചടിമഷി ഉണങ്ങാനും ബയന്റിങ് പശ ഉണങ്ങാനും അധികം സമയം വേണ്ടിവരും. 1824-ൽ കേണൽ വെൽഷ്, മാർമഡ്യൂക്ക് തോമ്പ്സൺ എന്നിവർ കോട്ടയം സന്ദർശിച്ചപ്പോൾ അച്ചടിപ്പുര നിന്നിരുന്നതു ബെയിലീബംഗ്ലാവിനു സമീപത്തുതന്നെ ആയിരുന്നു. ചുരുക്കത്തിൽ, അച്ചടിയന്ത്രം എത്തിച്ചേർന്ന 1821 ഒക്ടോബർ മാസത്തിനും മദ്രാസിൽനിന്നുള്ള ടൈപ്പുകൾ ലഭിച്ച 1823 ജൂലൈ മാസത്തിനും മധ്യേ ആയിരുന്നിരിക്കണം ബെയിലി തന്റെ ബംഗ്ലാവിനും സ്കൂളിനും ഇടയിലായി *അച്ചടിപ്പുര നിർമിച്ചത്. കോട്ടയം പ്രസ്സിൽ അച്ചടിച്ചതും ലഭ്യമായിട്ടുള്ളതുമായ ആദ്യകൃതി ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംഗ്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയകഥകൾ* ആണ്. ഇതിൽ 'കൊട്ടയത്ത അച്ചടിച്ച' പുസ്തകം എന്നാണുള്ളത്; 'കോട്ടയം (സിറിയൻ) കോളജിൽ അച്ചടിച്ച' എന്നല്ല. "21 X13 സെന്റിമീറ്റർ സൈസിൽ ഇരുന്നൂറോളം പേജുകളുള്ള" പ്രസ്തുത

പുസ്തകം അച്ചടിക്കാൻ, അന്നത്തെ അച്ചടിയുടെ മന്ദഗതിയും സാങ്കേതിക പിന്നാക്കാവസ്ഥയും പരിഗണിക്കുമ്പോൾ, അര വർഷത്തിൽ കുറയാത്ത കാലയളവു വേണ്ടിവന്നിരിക്കും എന്നുള്ളതുകൂടി പരിഗണിക്കുമ്പോൾ അച്ചടിപ്പുരയുടെ നിർമാണകാലം സംബന്ധിച്ച മേൽപ്പടി നിഗമനം കൂടുതൽ ഭദ്രമാകുന്നു. അങ്ങനെ വരുമ്പോൾ "അച്ചടി കോളജിൽതന്നെ ആരംഭിച്ചു" എന്നും "1820-ൽ അദ്ദേഹം (ബെയിലി) ഒരു 'അച്ചടിപ്പുര' പണിതു" എന്നും പലരും പലപ്പോഴായി പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ശരിയല്ല.

മദ്രാസ്ടൈപ്പ് ഉപയോഗശൂന്യം.

ദീർഘകാലത്തെ കാത്തിരിപ്പിനുശേഷം മദ്രാസിൽനിന്നു ലഭിച്ച മലയാളം അച്ചുകൾ നന്നായിരുന്നില്ല. "ദൗർഭാഗ്യത്തിന്, എങ്ങനെയൊക്കെയായിരുന്നാലും ശരി, മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളജ് ഫോണ്ട് വളരെയധികം ന്യൂനതകളുള്ളതായിരുന്നു. അക്ഷരങ്ങളുടെ രൂപം, എണ്ണം എന്നീ രണ്ടു കാര്യങ്ങളിലും അതിനു കുറവുകളുണ്ടായിരുന്നു. അതുപോലെ അക്ഷരം വാർക്കലും (നിർമാണം) ന്യൂനതകളുള്ളതായിരുന്നു. ഫലത്തിൽ അത് ഉപയോഗശൂന്യമായിരുന്നു." (സി.എം.എസ്.പ്രൊസീഡിങ്സ്, 1824:151) എങ്കിലും അച്ചടിയന്ത്രം ലഭിച്ചപ്പോഴുണ്ടായ അവാച്യമായ സന്തോഷം അപ്പോഴും നശിക്കാതെയിരിക്കുന്നതുകൊണ്ടും മലയാളം അച്ചടിക്കാനുള്ള അത്യധികമായ ആഗ്രഹം മൂലവും ദീർഘകാലമായി അച്ചടിക്കു തയ്യാറാക്കി വെച്ചിരിക്കുന്ന കൃതികളിൽ ചിലതെങ്കിലും മുദ്രണം ചെയ്തു ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുവാനുള്ള ആവേശം കൊണ്ടും മദ്രാസ് ഫോണ്ട് ലഭിച്ചയുടൻതന്നെ അച്ചടിശാലയിൽ മുദ്രണം ആരംഭിച്ചു. ഇതു സംബന്ധിച്ച് ബെഞ്ചമിൻ ബെയിലി എഴുതിയ ഒരു കത്ത് കോട്ടയത്ത് മദ്രാസ് ഫോണ്ട് ഉപയോഗിച്ചു നടത്തിയ ആദ്യ മുദ്രണ സാക്ഷ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതാണ്:

"Mr. Bailey writes as follows:-

... 600 copies of a Pastoral Letter, addressed by the Metropolitan of the Syrian Church to his Clergy, and 400 copies of the sermon on the Mount, and some small works for the use of the students in the College, have been struck off; but a fresh fount of types is required to render the press effective; and it is feared that much time will elapse, from the delays incidental to all business of this nature in India, and from the uncertainty still attaching to the form of the characters, before a new and perfect fount can be supplied." (Missionary Register, 1824 September: 407)

ബെയിലിയുടെ ഈ കത്തിൽനിന്ന് വിലപ്പെട്ട ചില വിവരങ്ങൾ ലഭിക്കുന്നുണ്ട്: ഒന്ന്, ബെഞ്ചമിൻ ബെയിലി കോട്ടയം സി.എം.എസ്. അച്ചടിശാലയിൽ ആദ്യം മുദ്രണം ചെയ്തത് സിറിയൻ മെത്രാപ്പോലീത്തായുടെ *ഇടയലേഖനം* 600 കോപ്പി, *ഗിരിപ്രഭാഷണം* 400 കോപ്പി, കൂടാതെ

കോളജിലെ കുട്ടികളുടെ ഉപയോഗത്തിനുവേണ്ടി ചില ലഘുകൃതികൾ എന്നിവയാണ്. ഇവയിൽ *ഇടയലേഖന*ത്തിന്റയോ *ഗിരിപ്രഭാഷണ*ത്തിന്റെയോ കോപ്പികൾ ഇപ്പോൾ ലഭ്യമല്ല. കോളജ് കുട്ടികളുടെ ഉപയോഗത്തിനായി അച്ചടിച്ച ലഘുകൃതികൾ ഏവയെന്നു പറയുന്നുമില്ല. അച്ചടിശാല പ്രവർത്തനക്ഷമമാകുമ്പോൾ, മുദ്രണം ചെയ്യുന്നതിനു തയ്യാറാക്കി വെച്ചിരിക്കുന്നതും (ഓലയിലും പേപ്പറിലും) പകർത്തിയെഴുതി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ലഘുകൃതികളെക്കുറിച്ചുള്ള മറ്റു സൂചനകളുമുണ്ട്. പക്ഷേ അവിടെയും കൃതികളുടെ പേര് വ്യക്തമല്ല. രണ്ട്, അച്ചടിശാല കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ പുതിയ ഫോണ്ട് വേണം. മൂന്ന്, പക്ഷേ പുതിയ ഫോണ്ട് ലഭ്യമാകുന്നതിന് ഒരുപാടു കാലതാമസം ഇനിയും വേണ്ടിവരുമെന്നു ബെയിലി ഭയക്കുന്നു. ഇന്ത്യയിൽ ഇത്തരം കാര്യങ്ങളിൽ കാലതാമസം സ്വാഭാവികമാണ്. എല്ലാറ്റിലുമുപരിയായി അക്ഷരങ്ങളുടെ രൂപത്തെ സംബന്ധിച്ച് ഇപ്പോഴും അനിശ്ചിതാവസ്ഥ നിലവിലിരിക്കുന്നു. മദ്രാസ് ഫോണ്ട് ബെയിലിക്കുണ്ടാക്കിയത് ആഹ്ലാദമല്ല; ഭയമാണ്-മലയാളം അച്ചുകൾ ലഭിക്കുന്നതിന് ഒരുപാടു കാലതാമസം വരുമെന്നും അക്ഷരവടിവിനെക്കുറിച്ചുള്ള അഭിപ്രായ ഭേദങ്ങളുണ്ടാക്കുന്ന അനിശ്ചിതാവസ്ഥ നീണ്ടുപോകുമെന്നുള്ള ഭയം. മലയാളം ആണിയച്ചുകൾ സ്വയം ഉണ്ടാക്കിക്കൊണ്ടാണ് ഭീതിയുടെ രണ്ടു കാരണങ്ങളെയും ബെയിലി അതിജീവിച്ചത്. ഏതായാലും, മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി മുഖേന കുറ്റമറ്റ, പുതിയ ഒരു ശ്രേണി ഫോണ്ട് കിട്ടുന്നതിനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കവെ ന്യൂനതകളുള്ളതെങ്കിലും കിട്ടിയ ടൈപ്പ് ഉപയോഗിച്ച് ബെയിലി മുദ്രണം തുടങ്ങുകയും പിന്നീട് സ്വന്തം ടൈപ്പുകൾ ഉപയോഗത്തിലാകുംവരെ ആ ടൈപ്പുകളുടെ ഉപയോഗം തുടരുകയും ചെയ്തു.

മദ്രാസ് ടൈപ്പിനെ സംബന്ധിച്ച് കെ.എം. ഗോവി ഉന്നയിക്കുന്ന ചില അഭിപ്രായങ്ങൾ ഇതോടു ചേർത്ത് പരിശോധിക്കേണ്ടിയിരിക്കുന്നു. "ഈ ടൈപ്പുകൾ ഉപയോഗിച്ചു വല്ല സാമഗ്രികളും അച്ചടിച്ചിരുന്നുവോ? സുനിശ്ചിതമായ അഭിപ്രായരൂപീകരണം ഇക്കാര്യത്തിൽ സാധ്യമല്ല... അച്ചടിയന്ത്രം കോട്ടയത്ത് എത്തുന്നത് 1821-ൽ ആണ്. അടുത്ത വർഷത്തിൽ മദിരാശിയിൽനിന്നു മലയാളം ടൈപ്പുകളും ലഭിച്ചു. ഏറെക്കാലം കാത്തിരുന്നു ലഭിച്ച യന്ത്രവും അച്ചുകളും 1824 വരെ നിഷ്ക്രിയമായിരുന്നുവെന്ന് വിശ്വസിക്കാൻ വിഷമമാണ്. മിഷനറി പ്രവർത്തന ശൈലിയിൽ അലസതയ്ക്കും നീട്ടിവെക്കലിനും സ്ഥാനമില്ലല്ലോ. ചില ട്രാക്റ്റുകളെങ്കിലും അച്ചടിച്ചിട്ടുണ്ടാകണം. 1823-24 ലെ സി.എം.എസ്. പ്രൊസീഡിങ്സിലെ രേഖകളനുസരിച്ച് താഴെ പറയുന്ന രണ്ടു രേഖകൾ 1824-നു മുമ്പു മുദ്രണം ചെയ്തിട്ടുണ്ടെന്നു കരുതാം.

1. മെത്രാപ്പൊലീത്തായുടെ *ഇടയലേഖനം* (600 പ്രതി)
2. ബൈബിളിലെ *ഗിരിപ്രഭാഷണം* (600 പ്രതി)

ഈ പുസ്തകങ്ങൾ അച്ചടിച്ചത് മദിരാശിയിൽനിന്നു ലഭിച്ച ടൈപ്പുകൾ കൊണ്ടാണെന്ന് സി. എം. എസ്. പ്രൊസീഡിങ്സിനെ ആശ്രയിച്ച് അനുമാ

നിക്കാം.” മദ്രാസ് ഫോണ്ട് ഉപയോഗിച്ച് ചില സാമഗ്രികൾ അച്ചടിച്ചിരുന്നു എന്നുള്ളതിനെക്കുറിച്ച്, അനുമാനമല്ല, സുനിശ്ചിതമായ അഭിപ്രായ രൂപീകരണം സാധ്യമാണ്. *ഇടയലേഖനവും ഗിരിപ്രഭാഷണ*വും മദ്രാസ് ഫോണ്ടുപയോഗിച്ച് അച്ചടിച്ചുവെന്ന് അത്രയ്ക്കു വ്യക്തമായി *സി.എം.എസ്. പ്രൊസീഡിങ്സിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇവയെ ‘പുസ്തകങ്ങൾ ’എന്നു വിശേഷിപ്പിച്ചിരിക്കുന്നതും *ഗിരിപ്രഭാഷണം* 600 പ്രതി അച്ചടിച്ചു (അച്ചടിച്ചതു 400 പ്രതി) എന്നു പറയുന്നതും ശരിയല്ല. ബെയിലി സ്വന്തമായി ടൈപ്പുണ്ടാക്കി, അതുപയോഗിച്ച് അച്ചടി നടത്തുംവരെ സി.എം.എസ്. പ്രസ്സിൽ അച്ചടി നിർവഹിച്ചിരുന്നതു മദ്രാസ് ഫോണ്ടുപയോഗിച്ചായിരുന്നു.

വളരെ ചെറുതെങ്കിലും, മലയാളം ടൈപ്പൊഗ്രഫിയുടെ ചരിത്രത്തിലേക്കു ധാരാളം വെളിച്ചം വീഴ്ത്തുന്ന ഒരു രേഖ *കേരള സൊസൈറ്റി പേപ്പേഴ്സ്,* സീരീസ് 4-ൽ ഉണ്ട്. അതിൽ ജോൺ ചാണ്ടി എഴുതിയ *ദി റവ. ബെഞ്ചമിൻ ബെയിലി ആന്റ് ദി കോട്ടയം സി.എം.എസ്. പ്രസ്സ്* എന്ന ലേഖനത്തിന്റെ കൂടെ, 215-ാം പേജിന് എതിർവശത്തായി ഏതാനും മുദ്രിതസാക്ഷ്യങ്ങളുടെ മാതൃകയും ചിത്രങ്ങളും പ്രത്യേക പേജിൽ ചേർത്തിട്ടുണ്ട്. അതിലെ മുദ്രിതസാക്ഷ്യങ്ങളാണ് ഇവിടെ പരാമൃഷ്ടമായിരിക്കുന്നത്. പ്രസ്തുത മുദ്രിതസാക്ഷ്യങ്ങളിൽ ഒന്നാമത്തേത് കൂരിയർ അഥവാ റമ്പാൻ ബൈബിളിൽനിന്നുള്ള മാതൃക (specimen) ആണെന്നും രണ്ടാമത്തേത് മദ്രാസ് ഗവൺമെന്റ് ബെയിലിയുടെ അച്ചടിശാലയ്ക്കു നൽകിയ മലയാളം ടൈപ്പുകളുപയോഗിച്ച് അച്ചടിച്ചതാണെന്നും മൂന്നാമത്തേത് 1829-ൽ ബെയിലിയുടെ മലയാളം അച്ചുകൾ ഉപയോഗിച്ചു മുദ്രണം ചെയ്ത മലയാളം *പുതിയനിയമ*ത്തിൽനിന്നുള്ള മാതൃകയാണെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

മുകൾ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള *കേരളസൊസൈറ്റി പേപ്പേഴ്സ്* മുദ്രിതസാക്ഷ്യങ്ങളിൽ ഒന്നാമത്തേത് *കൂരിയർ ബൈബിൾ* മാതൃകയാണെന്നുള്ളതു ശരിയാണ്. കൊടുത്തിരിക്കുന്ന മാതൃക ‘മാർക്കൊസ 70 കെ’ 8,9 വാക്യങ്ങൾ ആണ്:

“8 എന്നാൽ തംപുരാന്റെ പ്രമാണങ്ങൾ ഉപെക്ഷിച്ചുംകൊണ്ട കാസാകളുടയും ചെപ്പുകളുടെയും ഇവെക്കു സദൃശമാകുന്നുയെന്ന അവ പലതിനുടയും കുളിപ്പുകളായ മാനുഷമക്കളുടെ മര്യാദ നിങ്ങൾ കൈക്കൊള്ളപ്പെട്ടവരാകുന്നു.

9 അവരൊടു താൻ അരുളിച്ചെയ്തു നിങ്ങളുടെ മര്യാദെ നിങ്ങൾ നില നിറുത്തുവാൻ തംപുരാന്റെ പ്രമാണം നിങ്ങൾ നിരാസിക്കുന്നത ചെർച്ചയാകപ്പെട്ടതാകുന്നൊ”

അതുപോലെ, മൂന്നാമത്തേതായി ചേർത്തിരിക്കുന്ന മാതൃക, 1829-ൽ ബെയിലിയുടെ മലയാളം അച്ചുകൾ ഉപയോഗിച്ചു മുദ്രണം ചെയ്ത മലയാളം *പുതിയ നിയമ*ത്തിൽനിന്നുള്ളതാണ്. മത്തായി 7-ാം അധ്യായം 7 മുതൽ 12 വരെ വാക്യങ്ങളാണു മാതൃകയിലുള്ളത്: “ചൊദിപ്പിൻ എന്നാൽ നിങ്ങൾക്ക നൽകപ്പെടും അന്വെഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്ക തുറക്കപ്പെടും* എന്തുകൊണ്ടെന്നാൽ ചൊദിക്കുന്നവന

എല്ലാവന്നും കിട്ടുന്നു അന്വെഷിക്കുന്നവനും കണ്ടെത്തുന്നു മുട്ടുന്നവന തുറക്കപ്പെടുകയും ചെയ്യും* അല്ലെങ്കിൽ നിങ്ങളിൽ യാതൊരു മനുഷ്യനെങ്കിലും തന്റെ പുത്രൻ തന്നൊട അപ്പം ചൊദിച്ചാൽ അവനെ ഒരു കല്ലിനെ കൊടുക്കുമൊ* എവൻ ഒരു മത്സ്യത്തെ ചൊദിച്ചാലൊ അവൻ അവന്ന ഒരു സർപ്പത്തെ കൊടുക്കുമൊ* അതുകൊണ്ട ദൊഷികളാകുന്ന നിങ്ങൾ നിങ്ങളുടെ പുത്രന്മാർക്ക നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗത്തിങ്കലിരിക്കുന്നവനായ നിങ്ങളുടെ പിതാവ തന്നൊട ചൊദിക്കുന്നവർക്ക നന്മകളെ എത്ര അധികം കൊടുക്കും* ആകയാൽ മനുഷ്യൻ നിങ്ങൾക്ക എതെല്ലാം കാര്യങ്ങളെ ചെയ്യണമെന്ന നിങ്ങൾ ഇച്ഛിക്കുന്നുവൊ നിങ്ങൾ അവർക്കും അപ്രകാരംതന്നെ ചെയ്‌വിൻ എന്തെന്നാൽ ഇത വെദ പ്രമാണവും ദീർഘദർശികളുമാകുന്നു*”

കേരള സൊസൈറ്റി പേപ്പേഴ്സ് മാതൃകകളിൽ രണ്ടാമത്തേതു മദ്രാസ് ഗവണ്മെന്റ് ബെയിലിയുടെ അച്ചടിശാലക്കു നൽകിയ മലയാളം അച്ചുകളുടെ മാതൃകയാണ്. ഫോർട്ട് സെന്റ് ജോർജ് കോളജ് മുഖേന ലഭിച്ച വികലമായ ഫോണ്ട് എന്നു പരാമർശിച്ചിട്ടുള്ളത് ഇതിനെക്കുറിച്ചാണ്. വളരെ ചെറിയ ഒരു ഭാഗംമാത്രമാണു മാതൃകയായി നൽകിയിരിക്കുന്നത്. ഈ മാതൃക, വിശേഷിച്ച് അതിലെ ടൈപ്പുകൾ, കമ്പ്യൂട്ടറിന്റെ സഹായത്തോടെ അപഗ്രഥിക്കുകയും വായിക്കുകയും ഇതര ശ്രേണിയിൽപ്പെട്ട ഫോണ്ടുകളുമായി താരതമ്യപ്പെടുത്തുകയും ചെയ്തു. അതിൽനിന്ന് സ്വരൂപിക്കാൻ കഴിഞ്ഞ നിഗമനങ്ങൾ താഴെപ്പറയുന്നു:

മാതൃക രണ്ടിൽ അച്ചടിച്ചിട്ടുള്ള ബൈബിൾഭാഗം മത്തായി എഴുതിയ സുവിശേഷം (ബെയിലീബൈബിൾ) 5-ാം അദ്ധ്യായം 1 മുതൽ 4 വരെ വാക്യങ്ങളാണ്.

മേൽപ്പടി മാതൃകയുടെ വലിപ്പം ‘പ്രിന്റിങ് ബ്ലോക്ക്’ ഉണ്ടക്കുമ്പോൾ അൽപ്പം ചുരുക്കി (reduce) യിട്ടുണ്ട്; മുകൾ ഭാഗം അച്ചടിമഷി പുരണ്ട് വിരൂപമായിട്ടുമുണ്ട്. എങ്കിലും ഏതാനും ചില വാക്കുകളും കുറെ ടൈപ്പുകളും വ്യക്തമായി തിരിച്ചറിയാൻ കഴിയും. ഇതിലെ ഫോണ്ട്, *ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ* എന്ന കൃതിയിലെ ഫോണ്ടുമായി താരതമ്യപ്പെടുത്തി നോക്കുക. *ചെറുപൈതങ്ങൾക്ക... കഥകൾ* അച്ചടിക്കാനുപയോഗിച്ച അതേ ഫോണ്ട്തന്നെയാണ് ഈ മാതൃകയിലേതും എന്നു വ്യക്തമാകും. ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള മാതൃക 2-ന്റെ കോപ്പിയും *ചെറുപൈതങ്ങൾക്ക... കഥക*ളിലെ അക്ഷരങ്ങളും തമ്മിൽ താരതമ്യപ്പെടുത്തുന്നതിലൂടെ ഇത് ഉറപ്പാകുന്നു. ഇ, എ എന്നീ സ്വരങ്ങളുടെ ഉപലിപികളും (ീ, െ) അ, ള, വ, ബ, സ, ന്മ തുടങ്ങിയ അക്ഷരങ്ങളും വ്യക്തമായി വേർതിരിച്ച് അറിയാൻ കഴിയുന്നുണ്ട്.

മുമ്പ് വ്യക്തമാക്കിയിട്ടുള്ളതുപോലെ *ചെറുപൈതങ്ങൾക്ക... കഥകൾ* അച്ചടിച്ചതു മദ്രാസ് ഫോർട്ട് സെന്റ്ജോർജ് കോളേജിൽനിന്ന് ലഭിച്ച വികലമായ (defective) മലയാളം അച്ചുകൾ ഉപയോഗിച്ചാണ്. അപ്പോൾ,

ചെറുപൈതങ്ങൾക്ക... കഥകളിലെ ടൈപ്പുകൾ "ബെയിലി നിർമിച്ചതാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ടൈപ്പൊഗ്രഫി പരീക്ഷണത്തിലെ ആദ്യസന്തതികളാണവ" എന്നുള്ള നിരീക്ഷണവും "ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ 1824-ൽ *ചെറുപൈതങ്ങൾക്ക... കഥകൾ* അച്ചടിക്കാൻ, സ്വയം നിർമിച്ച ടൈപ്പുകളാണ് ബെയിലി ഉപയോഗിച്ചതെന്നു നിസ്സംശയം പറയാം" എന്നുള്ള കെ.എം. ഗോവിയുടെ നിരീക്ഷണവും ശരിയല്ല. ഈ നിരീക്ഷണങ്ങൾക്ക് ഉപോദ്ബലകമായി കെ.എം. ഗോവി നൽകുന്ന 'തെളിവു'കൾ രണ്ട് എണ്ണമാണ്-ഒന്ന്, "1824-നു മുമ്പുതന്നെ ബെയിലി അച്ചുനിർമാണത്തിൽ ദത്തശ്രദ്ധനായിരുന്നു"; രണ്ട്, "സ്വന്തമായുണ്ടാക്കിയ അക്ഷരങ്ങളുടെ അച്ചടിച്ച മാതൃക റസിഡന്റിന് അയച്ചു കൊടുത്തു." ഈ രണ്ടു 'പ്രസ്താവന'കളും *ചെറുപൈതങ്ങൾക്ക.... കഥക*ളിലെ ഫോണ്ട് മദ്രാസ് ഫോണ്ട് അല്ലെന്നോ അവ ബെയിലി ഉണ്ടാക്കിയവയാണെന്നോ തെളിയിക്കാൻ പര്യാപ്തമല്ല. മേൽപ്പടി ഒന്നാമതു പ്രസ്താവന വസ്തുനിഷ്ഠമായി ശരിയുമല്ല.

മാതൃക 2-ൽ ഉദ്ധരിച്ചിട്ടുള്ള വാക്യങ്ങൾക്കു മുകളിലായി അച്ചടിമഷി പുരണ്ട് അവ്യക്തമായ രണ്ടുവരികൾ കാണാനുണ്ട്. മാതൃകയിൽ നൽകിയിരിക്കുന്ന ഭാഗം ഒരു മുദ്രിതസാക്ഷ്യത്തിന്റെ ആദ്യപേജ് അല്ല; മുൻപേജിൽ നിന്നു തുടരുന്ന ഒന്നാണ്. അങ്ങനെ എങ്കിൽ വികലമായ മദ്രാസ് ടൈപ്പ് ഉപയോഗിച്ച് ബെയിലി *ഗിരിപ്രഭാഷണ*ത്തിനു പുറകെ *മത്തായി എഴുതിയ സുവിശേഷം* പൂർണമായും ഒരു ലഘുപുസ്തകരൂപത്തിൽ അച്ചടിച്ചു എന്നുള്ള നിഗമനമാണു യുക്തിഭദ്രം. മദ്രാസ് ടൈപ്പ് ഉപയോഗിച്ച് ചില ലഘുകൃതികളും അച്ചടിച്ചിരുന്നുവെന്നുള്ള പരാമർശവും 1824-നോ അതിനു മുമ്പോ, "പേജുകൾ കുത്തിക്കെട്ടി പുറംചട്ട ഇട്ടു കിട്ടിയാലുടനെ മത്തായിയുടെ സുവിശേഷം വിതരണം ചെയ്യുന്നു" (*സി.എം.എസ്. പ്രൊസീഡിങ്സ്*, 1825: 131) എന്നുള്ള ബെയിലിയുടെ പ്രസ്താവനയും ഇതിന് ഉപോദ്ബലകമാണ്.

മലയാളം അച്ചടി അക്ഷരങ്ങളുടെ രൂപകൽപ്പനയും നിർമാണവും

മദ്രാസ് ഫോർട്ട് സെന്റ്ജോർജ് കോളജിൽനിന്നു ലഭിച്ച വികലമായ മലയാളം അച്ചുകൾ ബെഞ്ചമിൻ ബെയിലിക്കു സ്വീകാര്യമായിരുന്നില്ല. സെന്റ്ജോർജ് ടൈപ്പുകൾ *സംക്ഷേപവേദാർഥം*-കൂരിയർ *ബൈബിൾ* അച്ചുകളിൽനിന്നു വ്യത്യസ്തവും രൂപ-ഘടനകളിൽ പല ന്യൂനതകളുമുള്ളതുമായിരുന്നു. എങ്കിലും ബെയിലി ആ ടൈപ്പുകൾ ഉപയോഗിച്ച് അച്ചടി ആരംഭിച്ചു. അതോടൊപ്പം മെച്ചപ്പെട്ട പുതിയ മലയാളം ഫോണ്ടുകൾ നിർമിക്കുന്നതിനുള്ള ശ്രമം, മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയുടെ സഹായത്തോടെ, തുടങ്ങുകയും ചെയ്തു. അതിന്റെ ഭാഗമായി, ഒരു ആണിയച്ചുനിർമാതാവിനെ കോട്ടയത്തിനയച്ചു കൊടുക്കാൻ ബെയിലി 'കമ്മറ്റി'യോട് അഭ്യർഥിച്ചു; പക്ഷേ കമ്മറ്റി ബെയിലിയുടെ അഭ്യർഥന വിശദമായ

ചർച്ചയ്ക്കും വിലയിരുത്തലിനും ശേഷം നിരസിച്ചു.

ബൈബിൾ പൂർണമായോ അതുപറ്റുന്നില്ലെങ്കിൽ ഭാഗികമായെങ്കിലുമോ മലയാളത്തിൽ അച്ചടിച്ചേ കഴിയൂ; ഇതു സാധ്യമാകുംവിധം അച്ചടിയന്ത്രം കാര്യക്ഷമമായി ഉപയോഗിക്കണമെങ്കിൽ ഒരു പുതിയ ശ്രേണി മലയാളം ഫോണ്ട് കൂടിയേ തീരൂ. മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി അതിനു സഹായകമായ ഒരു നിലപാട് സ്വീകരിക്കുന്നുമില്ല-ഈ സമ്മർദങ്ങളിൽപ്പെട്ടു കുഴങ്ങിയ ബെയിലി, ലക്ഷ്യത്തിലെത്താൻ, സ്വയം ഒരു വഴി വെട്ടി ഉണ്ടാക്കുവാനും ആ വഴിയിലൂടെ സഞ്ചരിക്കാനും തീരുമാനിച്ചു. അതിന് ഒരുപാടു തടസ്സങ്ങളുണ്ടായിരുന്നു. ഒരു പഥപ്രദർശകന്റെ സ്ഥൈര്യത്തോടെ, തടസ്സങ്ങളെ നേരിട്ടും പല തരത്തിലുള്ള പ്രയാസങ്ങൾ മറികടന്നും ബെയിലി മുമ്പോട്ടു പോയി. ബെയിലിയുടെ 'ടൈപ്പ് ഫോണ്ടിങ്' യത്നങ്ങളുടെ ചരിത്രത്തിലേക്കു വിരൽ ചൂണ്ടുന്ന മൂന്നു സുപ്രധാന രേഖകൾ ഉണ്ട്: ഒന്ന്, മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി സെക്രട്ടറി, ഇതു സംബന്ധിച്ച്, കമ്മറ്റി മുമ്പാകെ സമർപ്പിച്ച വിശദമായ ഒരു അംഗീകൃത രേഖ (memorandum); രണ്ട്, ഈ സന്ദർഭത്തിൽ കോട്ടയം സന്ദർശിച്ച കേണൽ വെൽഷ് എന്നൊരാളുടെ ഗ്രന്ഥത്തിൽ നിന്നുള്ള വിവരങ്ങൾ; മൂന്ന്, കോട്ടയം സന്ദർശിച്ച മർമഡൂക്ക് തോമ്പ്സന്റെ വിശദമായ ഒരു റിപ്പോർട്ട്. ഇതിൽ മൂന്നാമതു രേഖ ഡബ്ലിയു.എസ്.ഹണ്ട്, പി.ചെറിയാൻ തുടങ്ങിയവർ അവരുടെ ഗ്രന്ഥങ്ങളിൽ ഭാഗികമായി ഉദ്ധരിച്ചിട്ടുണ്ട്. മറ്റു രണ്ടു രേഖകളും പിൽക്കാല പഠിതാക്കളെ സംബന്ധിച്ചിടത്തോളം തികച്ചും അജ്ഞാതമായിരുന്നു.

1824 ജനുവരി 7-ാം തീയതി കൂടിയ മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി മീറ്റിങ്ങിൽ മലയാളം ടൈപ്പിനെ സംബന്ധിച്ച് സെക്രട്ടറി സമർപ്പിച്ച *മെമ്മോറാണ്ട*ത്തിന്റെ പൂർണരൂപം താഴെചേർക്കുന്നു. കറസ്പോണ്ടിങ് കമ്മറ്റി മിനിറ്റ്സ് ബുക്കിനു വളരെ പഴക്കമുള്ളതുകൊണ്ട് ചില വാക്കുകൾ വ്യക്തമല്ല. അവ്യക്തതയും സംശയവുമുള്ള വാക്കുകളും പദഭാഗങ്ങളും ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു. തീരെ വായിക്കാനാകാത്ത പദങ്ങൾ ഒരു രേഖ (-) കൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

"Meeting the 7 th January- 1824

Memorandum by the Secretary.

Mr. Bailey perseveres in his reply that a type founder should be sent to Cotym to prepare a fount of Malialam types.

This request was first made in a consequence of the defective state of the fount executed at the College & sent to Cotym. The faults found were that the Blocks were too poor in number & (having) unequal lengths - that *some* characters were (fitt)ing & *others* quite incorrectly formed:-

When the letter containing these (inadversions) came before the committee, information was at the same time given them that as soon as

the Malialam types for the college were finished the College Board had sent specimens of them to number of gentleman (?) on the Malabar Coast where, who were known or believed to be qualified to appreciate their merits that several reports in consequence received in which objections were made to the types- some of which were admitted at the college to require alteration- & that the whole subject was then before the college Board. Under these circumstances the committee resolved to suspend sending a type founder to Cotym, on the ground that, with the extensive assistance which the College Board could command more perfect fount of Malialam types was likely to be produced there than elsewhere. In the meantime a specimen of the College type was sent to Cotym & the Missionaries requested to examine it carefully & submit the alteration which they thought should be made- This was dated in July last & no notice was taken of it till in the present letter from Mr. Bailey. It is to be regretted that the committee were not informed that Mr. Bailey himself was among the Gentlemen to whom the circular reference of the college was made; & that he submitted in reply the most elaborate of any, unless it be that from the Revd. Mr. Spring. This will explain a remark in his present letter & the want of an earlier reply.-

As the applications for a type founder at Cotym has now again come before the Committee, the Secretary thought that it might be of use for them to be informed exactly of the present state of the business at the college. It has accordingly obtained the perusal of all the answers to the circular reference, which it appears was sent to the Gentlemen named in the margin: of whom Messrs. Bailey, Spring,Lewin, Brown &Vaughan only have yet submitted answers.

There are 349 characters in Malialam. Mr. Bailey has proposed alternations in 89- about 30 of these are confirmed by Mr. Lewin or Mr.Spring. 24 which Mr. Bailey has not objected to, are objected to by Mr. Lewin or Mr. Spring. In a few of these there is a material difference in the figure proposed & the remarks are directly contrary to another: In the majority the fault found appears to be rather on the score of eligance than intelligibility -Mr. Brown submits a complete alphabet leaving the comparison to the college & Mr. Vaughan alludes to specimens which he intends to send, but which the secretary has not seen. In neither case could the secretary make any use of the answers, as he doesn't understand the language.

Mr. (Dent) the Malialam translator, who has the management of the business, under the College Boards, expresses himself in a note to

the Secretary last week as follows-

'The different Gentlemen who have made (objections) have with one or two exceptions been liberal enough in (finding) fault the none of them have placed within our reach (the) means of rectifying the defect of which they complaint; (-) the specimens they send are worse in many respects (than our) own-I have been in correspondence with Mr. (Naidon) (-) Malabar and thro(?) him with Col. Newel in Travancore with a view to supply this defect and I have got (soon) very beautiful specimens which I shall circulate to the Board as soon as I have examined them and it (was) then be for there for to determine either a new fount to be cast or not.'

This is the present state of the business in the College.

The first work in Malialam which will be printed at the college press is an essay on the 3 sects of Hindoos composed by the Diwan of the Rajah of Cochin- of which, when printed copies are to be sent to his Highness. From what is stated in the foregoing memorandum it appears to the committee (evident) the proper form of the Malayalam letters is a matter of some uncertainty & difficulty & that as the Regulations of the Government & the Divans Essay will be printed with the types now forming at the College, they are (seem) to go a great way in fixing the Malialam.

Added to this the committee can have no doubt that with the pains taken & extensive assistance availed of by the College the forms of the letters above fixed by them are far more likely to be good & universally intelligible & acceptable than those made by Mr. Bailey alone; & on these accounts appears to them, that even if a type founder were (?) sent to Cotym as Mr. Bailey desires, it would be proper to him to the form of the letters adopted by the College - But under this restriction, to send a type founder to Cotym would be, only to leave the same work executed at a much greater expence there, instead of at a much smaller at Madras.- as both the founder his tools & materials/with the exception of the metal of the present useless fount, which might be returned to Madras for use at a small expence by sea/must go from Madras; the former, most probably, by land, & at much higher wages & those for a much longer time than if he worked here.- It appears to the Committee further that the some delay may be incurred by waiting for the decision of the College Board, it is not likely to be greater than would result from the difficulty of engaging a type founder to go to Travancore & from his

journey thither: & that, even if it were, the object of obtaining a substantially better font of types- of aiding to establish a uniform typography in a language in which Printing is nearly new - & of avoiding to give circulations & permanency to incorrect forms of letters - are well worth it.

Resolved accordingly to wait till the College Board have finally determined up on the form of the printed alphabet: then to apply for an exact copy of the charcters from which their new type are to be cut, & to have a fount cast from them at the Mission house at Madras & sent to Travancore.

Copy of this resolution to be furnished to the Missionaries at Cotym."

രണ്ടാമതു രേഖ ഒരു സന്ദർശകന്റെ ഗ്രന്ഥത്തിൽനിന്നുള്ളതാണ്. കേണൽ ജെയിംസ് വെൽഷ് എന്ന മിലിട്ടറി ഉദ്യോഗസ്ഥനായിരുന്നു അത്. 1824 ഡിസംബർ 6-നു കോട്ടയത്തെത്തിയ വെൽഷ് ബെയിലിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു:

Mr. Bailie had the management of the Malayalum , or Native printing, and the types were actually made in his own house. This language being the Native, is, ofcourse, principally required for the great body of the Syrians; and I not only saw the whole process of casting, cleaning, and fitting the types, performed by a silversmith, armourer, and carpenter; but, on proceeding to the printing office, had several copies of the Lord's Prayer struck off for me, and placed in my Journal.

മറ്റൊരു പ്രധാന രേഖ മാർമഡ്യൂക്ക് തോമ്പ്സൺ കോട്ടയം സന്ദർശിച്ചതിനുശേഷം മാതൃകമ്മറ്റിക്ക് അയച്ച റിപ്പോർട്ടാണ്. '1824-ലെ ശരത്കാലത്തു' തോമ്പ്സൺ കോട്ടയം സന്ദർശിച്ചു എന്നാണു റിപ്പോർട്ടിൽ പറയുന്നത്. സന്ദർശനസമയം കൃത്യമായി അറിയാൻ കഴിയുന്നില്ലെങ്കിലും ശരത്കാലമെന്ന സൂചന ഉള്ളതിനാൽ സെപ്റ്റംബർ-നവംബർ മാസങ്ങളിലായിരുന്നു സന്ദർശനം എന്നു മനസ്സിലാക്കാം. അതായത്, കേണൽ ജെയിംസ് വെൽഷിന്റെ സന്ദർശനത്തിനു തൊട്ടുമുമ്പ്. എന്നാൽ, തോമ്പ്സൺ തിരികെ മദ്രാസിലെത്തി. പിന്നെയും കുറേക്കാലം കഴിഞ്ഞ് ഹോം കമ്മറ്റിക്ക് അയച്ച വാർഷിക റിപ്പോർട്ടിലാണു തന്റെ സന്ദർശനസാക്ഷ്യം രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടു വാർഷിക റിപ്പോർട്ടിൽ നേരിട്ടു കണ്ട വിവരങ്ങൾ മാത്രമല്ല, സന്ദർശനാനന്തരം എഴുത്തുകുത്തുകൾ മുഖേന ലഭിച്ച വിവരങ്ങളും ചേർത്തിട്ടുണ്ട്. *സി.എം.എസ്. പ്രൊസീഡിങ്സി*ൽനിന്നു റിപ്പോർട്ട് താഴെ ഉദ്ധരിച്ചിരിക്കുന്നു:

"The printing office appears to be well and substantially built. It consists of two large rooms : one of these is sufficient for the easy



കേരള സൊസൈറ്റി പേപ്പറിൽനിന്ന്

working of four presses, and for all the necessary types and apparatus; and the other, which is of equal size, receives all the paper and other stores, and furnishes conveniences for book binding. The whole is enclosed with a rather deep verandah; one end of which is at present formed into a dwelling for the Native Printer, and the other end may be quite, sufficient for the Type Foundry. The situation is elevated, and dry.

Mr. Bailey's proceedings in this department ought to be put on record. How very faulty the Malayalim Types were, the Committee have long known.

Hopeless of anything better, at least for a long time to come, Mr. Bailey, without ever having seen a Type Foundry or its apparatus of any kind, eager to get some portion of the Scriptures and some other works respectably printed as soon as possible, set himself to endeavour to form his own types, with such aid as he could find from books alone and from common workmen. He had recourse chiefly to the Encyclopaedia Britanica; and, with the instructions which he derived from this and another smaller work or two, a common carpenter, and two silversmiths, it is pleasant to report, that he succeeded so completely, that, some months ago, he sent a specimen of his types, in print, to the Resident, whose reply to Mr. Bailey's Letter sent with them, I have seen in the following terms:

'Accept of my best thanks, for the specimen of the new types, which you have been so kind as to send me. The print is extremely beautiful and correct, and reflects much credit on your zeal and industry.'

The sight of this machinery, and of the means by which he has accomplished all, was very gratifying to me. He counted upon being able to prepare a sufficiency of types for the printing of the whole Scriptures, in little more than a quarter of a year.

Besides the correctness and beauty of his types, noticed by Colonel Newall he has so reduced them in size, that we can now print at one half of the cost of the old types. We can print in Malayalim at Cotym, at the prices of Tamul printing in Madras.

I have to conclude my Report with the welcome intelligence of a permanent reduction in the expense of printing , involving another little interesting circumstance in connexion with Mr. Bailey. The Printer sent from Madras we were obliged to dismiss. In the meantime, a youth, adopted some years ago by Mr. Bailey as a destitute orphan child, had acquired the art of printing sufficiently to succeed as Head Printer, to which office we appointed him on a salary of seven rupees per month. This little incident adds singularly to the completeness of Mr.Bailey's work in the Edition of the Malayalim Scriptures, to issue from our press, we trust, in a short time. The translation is entirely his own the types formed by himself from the very mould- and the printing to be executed by an Orphan boy, reared up by his charity.

ബെഞ്ചമിൻ ബെയിലി എഴുതി അയച്ച ഒരു റിപ്പോർട്ടുകൂടി മേൽ പരാമർശിച്ച രേഖകൾക്കൊപ്പം പരിശോധിക്കുന്നതു പ്രയോജനപ്രദമാണ്.

ബെഞ്ചമിൻ ബെയിലി

Mr. Bailey, who conducts the PRESS, has been much occupied, during the last year, in the preparation of Malayalim Types: and he has now a sufficient number ready to enable him to commence printing. Nearly a thousand steel punches had been cut, and considerably more than another thousand would be requisite in order to a complete fount. He writes on this subject - It cannot, of course, be expected that these types will be quite so correct and beautiful as we wish to have them; as it is the first attempt to cut and cast types here, and particularly as the persons employed in cutting them had no previous experience in the art. In order to give the new types a trial, we purpose striking off a few copies of a small Tract. The first regular work that will be printed with them will, I hope, be the New Testament.

That more means are required for the greater efficiency of the Press, will be seen from Mr. Bailey's remarks:-

Mr. Thompson kindly promised to endeavour to get an experienced printer sent out from England; and I hope he will be able to succeed, as such a person would be a most valuable acquisition to this Mission. We require another Press or two, as we shall have abundance of work for them when we begin to print the Scriptures. Mr. Bailey's time has been so much occupied with the preparation of the Malayalim Types, that he has been unable to pay the same attention as before to the translation of the Scriptures, as appears from his remarks with reference to this subject:-

The revision of the Malayalim Translation of the Scriptures has not occupied so much of my time during the past twelve months as before,...

ബെഞ്ചമിൻ ബെയിലി 1824-ൽ, അച്ചടിയുമായി ബന്ധപ്പെട്ട രണ്ടു പ്രധാന പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. ഒന്ന്, 1824 ജൂലൈയിൽ മദ്രാസിൽനിന്ന് ലഭിച്ച സ്പെസിമൻ ടൈപ്പ് ഉപയോഗിച്ച് *മലപ്രസംഗം, ഇടയലേഖനം. മത്തായിയുടെ സുവിശേഷം, ചെറുപൈതങ്ങൾക്ക... കഥകൾ* തുടങ്ങിയ കൃതികളുടെ അച്ചടി. രണ്ട്, മദ്രാസിൽനിന്നു ലഭിച്ച വികലമായ അച്ചുകളുടെ ന്യൂനതകൾ പരിഹരിച്ച് ഒരു പുതിയ ശ്രേണി മലയാളം ഫോണ്ട് ഉണ്ടാക്കുക. അച്ചടിയന്ത്രവും മദ്രാസ് ഫോണ്ടുകളും ലഭിക്കുന്നതിനു മുമ്പ്, പല ജോലിത്തിരക്കുകളും മിഷൻ കേന്ദ്രത്തിന്റെ മുഴുവൻ ചുമതലയും ഉണ്ടായിരുന്നിട്ടുകൂടി ബെയിലി ദിവസേന നാലഞ്ചു മണിക്കൂർ വേദപുസ്തക പരിഭാഷയ്ക്കുവേണ്ടിമാത്രം നീക്കിവെച്ചു. എന്നാൽ മലയാളം ടൈപ്പിന്റെ നിർമാണത്തിലേക്കുതിരിഞ്ഞതോടെ വേദപുസ്തക പരിഭാഷ പോലും മാറ്റിവെച്ചു. ഒരു വർഷത്തോളം നീണ്ട പരിശ്രമത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായാണ്, മലയാളം ടൈപ്പൊഗ്രഫിയുടെ ഒരിക്കലുമിളകാത്ത അസ്ഥിവാരമായിത്തീർന്ന പുതിയ അച്ചുകൾ രൂപകൽപ്പന

ചെയ്തു നിർമിക്കാൻ ബെയിലിക്കു സാധിച്ചത്.

മേൽപ്പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വരൂപിക്കാൻ കഴിയുന്ന ആശയങ്ങൾ താഴെ പറയുന്നു:

(ക) മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളജ് അവിടെ ഉണ്ടാക്കിയ മലയാളം ടൈപ്പിന്റെ സ്പെസിമൻ കേരളത്തിൽ ഭാഷാഭിജ്ഞരായ പലർക്കും അയച്ചു കൊടുത്തു. ഇക്കൂട്ടത്തിൽ ബെഞ്ചമിൻ ബെയിലിയും ഉൾപ്പെട്ടിരുന്നു. വികലമായ പ്രസ്തുത ടൈപ്പുകളെക്കുറിച്ച് ഫോർട്ട് സെന്റ് ജോർജിലേക്ക്, വിയോജിച്ചുകൊണ്ട് ഏറ്റവും ദീർഘമായ മറുപടി അയച്ച രണ്ടു പേരിൽ ഒരാളായിരുന്നു ബെയിലി. (അപരൻ എഫ്. സ്പ്രിങ് ആയിരുന്നു). ഫോർട്ട് സെന്റ് ജോർജിൽ തയ്യാറാക്കിയത് 349 ടൈപ്പുകളാണ്. അവയിൽ എൺപത്തിയൊൻപതെണ്ണത്തിൽ മാറ്റം വേണമെന്ന് ബെയിലി നിർദേശിച്ചു. എത്രയ്ക്കഗാധമായ ധാരണയാണ് ബെയിലിക്ക് ഇക്കാര്യത്തിലുണ്ടായിരുന്നതെന്ന് ഇതിൽനിന്നു വ്യക്തമാണ്. വിയോജനക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്നുള്ള കാര്യം മദ്രാസ് കോളജ് അംഗീകരിക്കുകയും തീരുമാനമെടുക്കുന്നതിനായി പ്രസ്തുത വിഷയം കോളജ് ബോർഡിന്റെ പരിഗണനയ്ക്കു വെക്കുകയും ചെയ്തു.

(ഖ) 1824 ജൂലൈയിൽ മദ്രാസ് കോളജിൽനിന്ന് കോട്ടയത്തിനു സ്പെസിമൻ ഫോണ്ടുകൾ അയയ്ക്കുകയും പ്രസ്തുത ടൈപ്പുകൾ ശ്രദ്ധാപൂർവം പരിശോധിച്ച് അതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അറിയിക്കണമെന്നു നിർദേശിക്കുകയും ചെയ്തു. പക്ഷേ കോട്ടയം മിഷനറിമാർ ഇതിനോടു പ്രതികരിച്ചില്ല.

(ഗ) എന്നാൽ ബെയിലി ഒരു കാര്യം ചെയ്തു-ന്യൂനതകളില്ലാത്ത ഒരു പുതിയ ശ്രേണി മലയാളം അച്ചുകൾ കോട്ടയത്തുതന്നെ ഉണ്ടാക്കുന്നതിന് ആലോചിക്കുകയും അതിനായി *ഒരു ടൈപ്പ് ഫൗണ്ടറെ കോട്ടയത്തിനയയ്ക്കണമെന്നു കറസ്പോണ്ടിങ് കമ്മറ്റിയോട് ആവശ്യപ്പെടുകയും ചെയ്തു.*

(ഘ) എന്നാൽ മലയാളം ടൈപ്പിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സെന്റ് ജോർജ് കോളജ് ബോർഡ് തീരുമാനമെടുക്കാനിരിക്കുന്നതിനാലും ടൈപ്പ്ഫൗണ്ടിങ്ങിൽ ലഭ്യമായ വിപുല സഹായങ്ങളുപയോഗിച്ച്, മറ്റെവിടെ ചെയ്യുന്നതിലും ഭംഗിയായി, മെച്ചപ്പെട്ട മലയാളം അച്ചുകൾ നിർമിക്കാൻ സെന്റ് ജോർജ് കോളജിനു കഴിയും എന്നുള്ളതിനാലും, *ടൈപ്പ് ഫൗണ്ടറെ കോട്ടയത്തിനു അയയ്ക്കേണ്ടതില്ലെന്നു കമ്മറ്റി തീരുമാനിച്ചു.*

(ങ) അനുകൂല നടപടികളൊന്നുമില്ലാതെ മാസങ്ങൾ പലതും കടന്നു പോയതിനാൽ, കോട്ടയത്തിന് ഒരു ടൈപ്പ് ഫൗണ്ടറെ നൽകണമെന്നുള്ള *അപേക്ഷ ബെയിലി കറസ്പോണ്ടിങ് കമ്മറ്റിക്കു പിന്നെയും സമർപ്പിച്ചു.* അപേക്ഷ സംബന്ധിച്ച് എത്രയും നേരത്തെ ഒരു മറുപടി നൽകണമെന്നും ബെയിലി അഭ്യർഥിച്ചിരുന്നു. കമ്മറ്റി തീരുമാനം അനുകൂലമായാലും പ്രതി

കൂലമായാലും കോട്ടയത്തു ടൈപ്പുണ്ടാക്കാൻ ബെയിലി തീരുമാനിക്കുകയും കാലതാമസംകൂടാതെ തീരുമാനം നടപ്പിൽ വരുത്താൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു എന്നുള്ളത് മറുപടി എത്രയും നേരത്തെ വേണമെന്നുള്ള ബെയിലിയുടെ ആവശ്യത്തിൽനിന്നു വ്യക്തമാകുന്നുണ്ട്.

(ച) ടൈപ്പ് ഫൗണ്ടറെ വേണമെന്നുള്ള ആവശ്യം വീണ്ടും കമ്മറ്റിമുമ്പാകെ വന്നപ്പോൾ, സെന്റ് ജോർജ് കോളജിലെ മലയാളം അച്ചുനിർമാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു കമ്മറ്റിക്കാരെ അറിയിക്കുന്നതിനുവേണ്ടി, അതു സംബന്ധിച്ച് സെക്രട്ടറി ഒരു *മെമ്മോറാണ്ടം* തയ്യാറാക്കി. 1824 ജനുവരി 7-നു ചേർന്ന കറസ്പോണ്ടിങ് കമ്മറ്റി മീറ്റിങ്ങിൽ സെക്രട്ടറി അവതരിപ്പിച്ച പ്രസ്തുത *മെമ്മോറാണ്ടത്തിൽ*, കോളജ് ബോർഡ് മലയാളം ടൈപ്പ് ഫൗണ്ടിങ്ങിനു ചുമതലപ്പെടുത്തിയിരുന്ന മലയാളം ട്രാൻസ്ലേറ്റർ തലേ ആഴ്ച സെക്രട്ടറിക്കു നൽകിയ ഒരു കത്തിലെ വിവരങ്ങളും പരാമർശിച്ചിട്ടുണ്ട്.

(ഛ) മേൽപ്പടി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മലയാളം ട്രാൻസ്ലേറ്ററുടെ കുറിപ്പിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി സ്വീകരിച്ച തീരുമാനങ്ങൾ ഇവയായിരുന്നു: സെന്റ് ജോർജ് കോളജിൽ അച്ചുനിർമാണത്തിനു ലഭ്യമായ വിപുല സൗകര്യങ്ങളും സഹായങ്ങളും ഉപയോഗിച്ച്, അവിടെ മലയാളം അക്ഷരങ്ങൾക്കു നിർണയിച്ച രൂപം ബെയിലി തനിച്ചുണ്ടാക്കുന്ന രൂപകൽപ്പനയെക്കാൾ നല്ലതും സുഗ്രാഹ്യവും സ്വീകാര്യവും ആയിരിക്കും. *അതുകൊണ്ട്-മദ്രാസിൽനിന്ന് ഒരു ടൈപ്പ് ഫൗണ്ടർ കോട്ടയത്തിനുപോയാലും അയാൾ ഫോർട്ട് സെന്റ് ജോർജ് രൂപകൽപ്പനയിൽ വേണം അവിടെയും ടൈപ്പ് വാർക്കാൻ.* ഈ വ്യവസ്ഥയിൽ, ടൈപ്പ് ഫൗണ്ടർ ഉപകരണങ്ങളും ലോഹവും മറ്റുമായി കോട്ടയത്തെത്തി അച്ചുകൾ വാർക്കുന്നതിനെക്കാൾ വളരെ ചെലവു കുറച്ച് അച്ചുകൾ മദ്രാസിൽ വാർക്കാം. തൽസംബന്ധമായ വിവിധ അഭിപ്രായങ്ങൾ പരിഗണിച്ച്, ഒരു പുതിയ ശ്രേണി ഫോണ്ട് രൂപകൽപ്പനചെയ്ത്, അച്ചുകൾ വാർക്കണോ അതോ പഴയ സ്പെസിമൻ ടൈപ്പുകൾതന്നെ വാർത്താൽ മതിയോ എന്നതിനെക്കുറിച്ച് കോളജ് ബോർഡ് ഒരു തീരുമാനത്തിലെത്തുന്നതിന് *കുറേ കാലതാമസം ഉണ്ടായാലും കോളജ് ബോർഡിന്റെ തീരുമാനം ഉണ്ടാകുംവരെ കാത്തിരിക്കാൻ കമ്മറ്റി തീരുമാനിക്കുന്നു.* അതിനുശേഷം 'ബോർഡ്' തീരുമാനപ്രകാരമുള്ള സ്പെസിമനിൽനിന്ന് മദ്രാസ് മിഷൻഹൗസിൽ ടൈപ്പ് ഉണ്ടാക്കി തിരുവിതാംകൂറിലേക്ക് അയയ്ക്കുന്നതാണ്. ഈ തീരുമാനത്തിന്റെ കോപ്പി കോട്ടയം മിഷനറിമാർക്ക് അയച്ചുകൊടുക്കണമെന്നും കറസ്പോണ്ടിങ് കമ്മറ്റി നിർദേശിച്ചു.

(ജ) 1824 ജനുവരി 7-ലെ കറസ്പോണ്ടിങ് കമ്മറ്റി തീരുമാനം അനുകൂലമല്ലെന്നറിഞ്ഞ് അതു നിരാകരിച്ച ബെയിലി കാലവിളംബംകൂടാതെ അച്ചുനിർമാണത്തിനുള്ള പ്രയത്നങ്ങൾ ആരംഭിച്ചു. മലയാളം അച്ചുകളുടെ രൂപകൽപ്പനയെക്കുറിച്ച് നേരത്തെതന്നെ വ്യക്തമായ ധാരണ അദ്ദേഹത്തിന് ഉണ്ടായിരുന്നു. ('ക' ഖണ്ഡിക നോക്കുക)

ബെഞ്ചമിൻ ബെയിലി

(ഝ) 'കലയും സാഹസികത'യും അക്ഷരാർഥത്തിൽ സമ്മേളിക്കുന്ന ദൃശ്യമാണു ബെയിലിയുടെ പിന്നീടുള്ള പ്രവർത്തനത്തിൽ കാണുന്നത്. മലയാളം അച്ചടിയക്ഷരങ്ങൾക്കു രൂപഭംഗി നൽകിയും ടൈപ്പൊഗ്രഫിക് ചിട്ടപ്രകാരം അവ വാർത്തെടുത്തും മുദ്രണം ഭംഗിയാക്കുന്ന കലാപ്രവർത്തനമാണ് നിർവഹിക്കേണ്ടത്. പക്ഷേ അച്ചു വാർക്കാനുള്ള സാങ്കേതിക വിദ്യ ബെയിലിയുടെ പക്കലില്ല. പരിചയമുള്ള ജോലിക്കാരുമില്ല. ഈ ഘട്ടത്തിലാണു ബെയിലി ഒരു സാഹസപ്രവൃത്തിക്കു തയ്യാറായത്. ഏതു കാലത്തും സാഹചര്യത്തിലും മാതൃകാപരമെന്നു വിശേഷിപ്പിക്കാവുന്ന വലിയൊരു പരീക്ഷണത്തിലേക്കാണു ഈ സാഹസികബുദ്ധി ബെയിലിയെ നയിച്ചത്-അതായതു തദ്ദേശീയമായ നാട്ടറിവുകൾ ഉപയോഗിച്ച് ലക്ഷ്യത്തിലെത്താൻ ശ്രമിക്കുക. ആണിയച്ചുകൾ വാർക്കുന്നതിനുള്ള സാങ്കേതിക വിദ്യമാത്രമല്ല ലോഹശാസ്ത്രവും അറിയില്ല-അതായത് അച്ചുകൾ വാർക്കാൻ ഉപയോഗിക്കുന്ന സങ്കരലോഹം (ലെഡ്, ആന്റിമണി, ടിൻ) ഉണ്ടാക്കാനുള്ള വിദ്യയും അറിയില്ല. മദ്രാസിൽനിന്നു ലഭിച്ച വികലമായ ടൈപ്പുകൾ അച്ചടിക്ക് ഉപയോഗിക്കുന്നതിനാൽ അത് ഉരുക്കുവാനും നിവൃത്തിയില്ല. തദ്ദേശീയമായ നാട്ടറിവുകൾകൊണ്ട് ബെയിലി ഈ തടസ്സങ്ങളെ മറികടന്നു. ആയുധങ്ങൾ ഉണ്ടാക്കുന്ന കൊല്ലന്റെയും ആഭരണങ്ങൾ ഉണ്ടാക്കുന്ന തട്ടാന്റെയും സഹായത്തോടെ, അവർക്കു സിദ്ധമായ സാങ്കേതികവിദ്യയെ, വായിച്ചറിവുകളുടെ സഹായത്തോടെ പരുവപ്പെടുത്തി അച്ചുനിർമാണവിദ്യയാക്കി വികസിപ്പിച്ചു. ലെഡ്-ആന്റിമണി-ടിൻ ലോഹസങ്കരം ഉണ്ടാക്കുവാനോ ലഭ്യമാക്കുന്നതിനോ പറ്റാഞ്ഞതിനാൽ കേരളത്തിനു സുപരിചിതമായ ലോഹങ്ങളിൽനിന്ന് വെള്ളി ടൈപ്പ് നിർമാണത്തിനു യോജിച്ചതായി ബെയിലി തിരഞ്ഞെടുത്തു. ബെയിലി ആദ്യമുണ്ടാക്കിയ അച്ചുകൾ മുഴുവൻ വെള്ളികൊണ്ടുള്ളതായിരുന്നു. പക്ഷേ ബെയിലിയുടെ പിൻഗാമികൾ അവയിലൊന്നുപോലും ഭാവി തലമുറയ്ക്കായി സൂക്ഷിച്ചുവെച്ചില്ല.

(ഞ) അച്ചടിപ്പുരയിൽ ആവശ്യത്തിനു സ്ഥലസൗകര്യമുണ്ടായിരുന്നെങ്കിലും അച്ചുകളുണ്ടാക്കുന്ന പണി തുടക്കത്തിൽ സ്വന്തം വീട്ടിൽവെച്ചു തന്നെയാണു ബെയിലി ചെയ്തത്. ഇതിനു രണ്ടു കാരണങ്ങൾ പറയാം. ഒന്ന്, കറസ്പോണ്ടിങ് കമ്മറ്റിയുടെ നിശ്ചയത്തിനു വിപരീതമായുള്ള ഒരു അനൗദ്യോഗിക പ്രവർത്തനമായിരുന്നു ബെയിലിയുടെ അച്ചുനിർമാണം. രണ്ട്, അച്ചുനിർമാണത്തിന്റെ തുടക്കമായതിനാൽ പല പ്രവൃത്തികൾക്കും വിജയാപജയ സാധ്യതയോടുകൂടിയ പരീക്ഷണ സ്വഭാവമുണ്ടായിരുന്നതിനാൽ വലിയ പ്രസിദ്ധി ഉണ്ടാകേണ്ടെന്നു കരുതിയിരിക്കാം.

(ട) 1824 ഡിസംബറിൽ കേണൽ ജെയിംസ് വെൽഷ് കോട്ടയം സന്ദർശിക്കുമ്പോഴേക്കും ബെയിലി തന്റെ ടൈപ്പുകളുടെ ആദ്യഘട്ട നിർമാണം പൂർത്തിയാക്കിയിരുന്നു. ആയിരത്തോളം പഞ്ചുകൾ (punch-ഉരുക്കിൽ കൊത്തിയ അക്ഷരങ്ങൾ) തയ്യാറാക്കി. അതുപയോഗിച്ചുവാർത്ത അച്ചുകൾ കൊണ്ടു *കർത്തൃപ്രാർത്ഥന*പോലെ ചില ചെറിയ സാമഗ്രികൾ അച്ചടി

ക്കുകയും ചെയ്തു. തന്റെ പ്രാദേശിക രക്ഷാകർത്താവായ തിരുവിതാംകൂർ റസിഡന്റ് കേണൽ ന്യൂവാളിന് അത്തരമൊരു മാതൃക അയച്ചു കൊടുത്തു. റസിഡന്റിന്റെ അംഗീകാരവും അനുഗ്രഹവും നേടുകവഴി മറ്റു വിധത്തിലുള്ള വിവാദങ്ങളും പ്രശ്നങ്ങളും ഒഴിവാക്കാമെന്നും ബെയിലി ആലോചിച്ചിരുന്നിരിക്കണം.

(ഠ) അച്ചടിയിൽ അച്ചുനിർമാണംപോലെ പ്രധാനപ്പെട്ട മറ്റു നാലു വിദ്യകൾകൂടിയുണ്ട്-അച്ചടിയന്ത്രനിർമാണം, അച്ചുനിരത്തൽ (കമ്പോസിങ്), അച്ചടി (പ്രിന്റിങ്), ബയന്റിങ്. ഇവയിൽ അവസാനത്തെ മൂന്നു കാര്യങ്ങളും അച്ചുനിർമാണത്തിനു മുൻപുതന്നെ ബെയിലി പഠിച്ചു ചെയ്യുകയും തന്റെ സഹായികളെ പഠിപ്പിക്കുകയും ചെയ്തു. അച്ചടി പ്രവർത്തനത്തിലെ അവശേഷിക്കുന്ന കാര്യവും-അച്ചടിയന്ത്രനിർമാണം-ബെയിലി പിന്നീട് നിർവഹിക്കുകയുണ്ടായി.

(ഡ) *കർത്തൃപ്രാർത്ഥന*പോലെയുള്ള ചില ചെറിയ സാമഗ്രികൾക്കുശേഷം പുതിയ ആണിയച്ചുകളുപയോഗിച്ചുള്ള പരീക്ഷണ മുദ്രണത്തിനു വേണ്ടി ഒരു 'ലഘുപ്രബന്ധ'ത്തിന്റെ (tract) ഏതാനും കോപ്പികൾ അച്ചടിച്ചു. പുതിയ ആണിയച്ചുകളുപയോഗിച്ച് ആദ്യം ചെയ്ത പ്രധാന അച്ചടിജോലി പുതിയനിയമത്തിന്റെ മുദ്രണമാണ്. *പുതിയനിയമ*പുസ്തകങ്ങൾ *മത്തായി എഴുതിയ സുവിശേഷം* തുടങ്ങി ഓരോന്നോരോന്നായിട്ടാണ് അച്ചടിച്ചു വന്നിരുന്നത്. ഇങ്ങനെ അക്ഷരങ്ങൾ തയ്യാറായതിന്റെശേഷം ആദ്യമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയത് മേൽപ്പറഞ്ഞപ്രകാരം *മത്തായിയുടെ സുവിശേഷം* ആയിരുന്നു.

ബെയിലീടൈപ്പും ടൈപ്പൊഗ്രഫിയും

മിഷനറിമാർ കേരളത്തിലെത്തിയ കാലത്തു വെട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ എന്നിങ്ങനെ മൂന്നു തരം ലിപികൾ നിലനിന്നിരുന്നു. വെട്ടെഴുത്തിന്റെ രൂപഭേദങ്ങളായിരുന്നു കോലെഴുത്തും മലയാണ്മയും. ഇവയിൽ കോലെഴുത്തിനു കൊച്ചി-മലബാർ പ്രദേശത്തും മലയാണ്മയ്ക്കു തെക്കൻ തിരുവിതാംകൂറിലും പ്രചാരമുണ്ടായിരുന്നു. ഭാഷയിൽ സംസ്കൃത സ്വാധീനം ഏറി വന്നപ്പോൾ ആര്യഎഴുത്ത് (ഗ്രന്ഥലിപി) പ്രചരിച്ചു. സംസ്കൃതവും പ്രാകൃതവും എഴുതുന്നതിനു ബ്രാഹ്മണർ ദക്ഷിണേന്ത്യയിൽ ഉപയോഗിച്ചിരുന്ന ലിപിയാണു ഗ്രന്ഥം. ആര്യഭാഷ പ്രചരിച്ചതോടെ വെട്ടെഴുത്തുലിപി അപര്യാപ്തമായിത്തീർന്നു. സംസ്കൃതത്തിലുള്ളതും ദ്രാവിഡത്തിലില്ലാത്തതുമായ വർണങ്ങൾ എഴുതുന്നതിനുവേണ്ടിയായിരുന്നു ഗ്രന്ഥാക്ഷരങ്ങൾ തുടക്കത്തിൽ സ്വീകരിച്ചത്. മണിപ്രവാള സാഹിത്യത്തിന്റെ വളർച്ചയോടെ ഗ്രന്ഥലിപിയുടെ പ്രചാരം വർധിക്കുകയും എഴുത്തച്ഛന്റെ കൃതികളിലൂടെ അതിനു പ്രചുരപ്രചാരം സിദ്ധിക്കുകയും ചെയ്തു. കേരളത്തിലെത്തിയ മിഷനറിമാർ തുടക്കം മുതലേ അവരുടെ കൃതികളിൽ എഴുത്തിനും അച്ചടിക്കും ഉപയോഗിച്ചത് ഗ്രന്ഥാക്ഷരങ്ങളായിരുന്നു. "പതിനാറും പതിനേഴും നൂറ്റാണ്ടുകളിലുണ്ടായ ഉദയംപേരൂർ സൂന്ന

ഹദോസിന്റെ *കാനോനകൾ, റോസിന്റെ നിയമാവലി, മിലാൻ രേഖകൾ, തിരുക്കുറൾ തർജമ* എന്നിവയെല്ലാം ആര്യലിപിയിലാണ്." (പി.ജെ. തോമസ്, 1989: 348) *സംക്ഷേപവേദാർത്ഥം, ആൽഫബത്തും ഗ്രന്ഥോനിക്ക മലബാറിക്കം, ബോംബെ കൂരിയർ ബൈബിൾ (റമ്പാൻ ബൈബിൾ)* എന്നീ കൃതികളിൽ ചതുരവടിവുള്ള ഗ്രന്ഥാക്ഷരമാണുപയോഗിച്ചത്. ദക്ഷിണേന്ത്യയിലെമ്പാടും പ്രചരിച്ചിരുന്ന ഗ്രന്ഥലിപിക്ക് ദീർഘമായ ഒരു രൂപ പരിണാമ ചരിത്രമുണ്ട്. "ഒൻപതാം നൂറ്റാണ്ടു വരെയുള്ളത് ഗ്രന്ഥലിപിയുടെ മധ്യകാലമായി കരുതുന്നു... എ.ഡി. 1300 മുതൽ ഈ ലിപിക്ക് പിന്നെയും മാറ്റം വന്നു. ഇതിന് ആധുനിക രൂപമെന്നു പറയാം. ഇതിന് ഒരു ചതുരരൂപവും ഒരു ഉരുണ്ട രൂപവും ഉണ്ട്. തഞ്ചാവൂരിലെ ബ്രാഹ്മണരാണ് ചതുരാകൃതിയിലുള്ള എഴുത്ത് ഗ്രന്ഥത്തിന് നൽകിയത്, ആർക്കാട്ടിലെ ജൈനൻമാർ ഉരുണ്ട രൂപവും നിലനിർത്തി." (കെ.എ. ജലീൽ, 1989: 239) എങ്കിലും കേരളത്തിൽ ഗ്രന്ഥങ്ങളെഴുതുന്നതിന് ഉപയോഗിച്ചിരുന്ന ഗ്രന്ഥലിപി പൊതുവേ ചതുരവടിവുള്ളതായിരുന്നു.

ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം എന്നീ ഭാഷകളെ അപേക്ഷിച്ചു മലയാളത്തിന്റെ അച്ചുവാർക്കൽ കൂടുതൽ ക്ലേശകരമാണ്. മലയാളത്തിന്റെ അക്ഷരമാല നിർണയിക്കുന്നത് വർണങ്ങളല്ല, അക്ഷരങ്ങളാണെന്നുള്ളത് ഇതിന്റെ പ്രധാനകാരണമായിരുന്നു. തമിഴിലും സംസ്കൃതത്തിലുമുള്ള എല്ലാ അക്ഷരങ്ങളും മലയാളത്തിലുണ്ടെന്നുള്ളത് ഇതര ഭാഷകളെക്കാൾ അക്ഷര ബാഹുല്യമുണ്ടാക്കി. ഉപലിപികളുടെ ചിഹ്നങ്ങൾ വേർപെടുത്തി ഉപയോഗിക്കാൻ കഴിയാതിരുന്നതും കൂട്ടക്ഷരങ്ങളുടെ ബാഹുല്യവും പ്രശ്നം സങ്കീർണമാക്കി. "*സംക്ഷേപവേദാർത്ഥം* അച്ചടിക്കുന്നതിന് 1128 അച്ചുകൾ വേണ്ടി വന്നു" (പി.ജെ. തോമസ്, 1989: 350) എന്നുള്ളതിൽനിന്ന്, മലയാളം അച്ചുകളുടെ നിർമാണത്തിനുള്ള പ്രയാസം ഊഹിക്കാവുന്നതാണ്. ബെയിലി ആദ്യഘട്ടത്തിൽതന്നെ ആയിരം പഞ്ചുകൾ മുറിച്ചുണ്ടാക്കിയതായി പറയുന്നുണ്ട്. ചെറിയ അക്ഷരം, വലിയ അക്ഷരം, അക്കം, ചിഹ്നം എല്ലാം കൂടി ഇംഗ്ലീഷുഭാഷയിൽ നൂറ് അച്ചുകൾ മതിയാക്കുമെന്നുകൂടി ആലോചിക്കണം. അച്ചടി പ്രായേണ പ്രചാരത്തിലാകുകയും പല ഘട്ടങ്ങളിലെ ലിപി പരിഷ്കാരങ്ങളിലൂടെ അച്ചുകളുടെ എണ്ണം കാര്യമായി കുറയുകയും ചെയ്ത പിൽക്കാലത്തുപോലും മലയാളം അച്ചുവാർക്കലും അച്ചു പിഴതീർക്കലും വളരെ പ്രയാസമുള്ള കാര്യമാണെന്ന് അഭിജ്ഞന്മാർ എഴുതിയിട്ടുണ്ട്: "നാനാവിധങ്ങളായ കൂട്ടക്ഷരങ്ങളും ഉകാരം, ഊകാരം, ഋകാരം മുതലായവയുടെ ചിഹ്നങ്ങളോടുകൂടിയ ലിപികളും ഉൾപ്പെടെ അറുന്നൂറോളം അക്ഷരങ്ങൾ മലയാളത്തിൽ വേണ്ടിയിരിക്കുന്നു. സാധാരണ കണക്കാണ് ഈ പറഞ്ഞത്. വിഷമം പിടിച്ച കൂട്ടക്ഷരങ്ങൾ എല്ലാം വാർക്കാൻ തുടങ്ങിയാൽ ഇരുന്നൂറോളം അക്ഷരങ്ങൾ ഇതിനു പുറമേ വേറെയും വേണ്ടിവരും. അത്രത്തോളം അക്ഷരങ്ങൾ വാർത്തെടുക്കുക, അച്ചുനിരത്തുകാർ അത്ര അധികം കള്ളികളിൽ വേഗത്തിൽ കയ്യോടിച്ച് അച്ചു നിരത്തുക. ഇതു രണ്ടും ഒരുപോലെ വിഷമം പിടിച്ച ജോലികളാണ്. മലയാള

ത്തിൽ അച്ചുപിഴ ഒഴിയാബാധയായ്ത്തീർന്നതിനുള്ള പ്രധാനകാരണവും ഇതുതന്നെ.” (എ.ഡി. ഹരിശർമ, 1987: 149)

കണ്ടത്തിൽ വറുഗീസ് മാപ്പിള കൊ.വ. 1069-ൽ (എ.ഡി. 1894) പ്രസിദ്ധപ്പെടുത്തിയ *മലയാളമച്ചടി* എന്ന ലേഖനത്തിലും മലയാളം അച്ചുണ്ടാക്കലിന്റെ മഹാബദ്ധപ്പാടുകളെക്കുറിച്ച് എഴുതിയിട്ടുണ്ട്. അപ്പോൾപിന്നെ അതിനും ഏഴു ദശാബ്ദങ്ങൾക്കുമുമ്പ്, 1824-ൽ, അച്ചുണ്ടാക്കാൻ പുറപ്പെട്ട ബെയിലിയുടെ ശ്രമങ്ങളെക്കുറിച്ച് എന്തു പറയാൻ കഴിയും? ബെയിലി അച്ചുണ്ടാക്കി രണ്ടര ദശാബ്ദങ്ങൾക്കുശേഷം കൊല്ലം എൽ.എം.എസ്. പ്രസ്സിൽ മലയാളം അച്ചുണ്ടാക്കാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതിനെത്തുടർന്ന് മലയാളം അച്ചുകളുണ്ടാക്കി നൽകാൻ അവർ ബെയിലിയോട് അഭ്യർഥിക്കുകയായിരിന്നു എന്നുള്ളതും ഓർക്കേണ്ടതുണ്ട്. (ഡബ്ലിയു.എസ്. ഹണ്ട്, 1968: 134)

ബെഞ്ചമിൻ ബെയിലി മലയാളം ആണിയച്ചുകളുടെ രൂപകൽപ്പനയും നിർമാണവും നിർവഹിക്കുന്നതിനുമുമ്പ്, മൂന്നു തരം മലയാളം ആണിയച്ചുകളാണുണ്ടായിരുന്നത്. *സംക്ഷേപവേദാർത്ഥം* ടൈപ്പ്, ബോംബെ കൂരിയർ *ബൈബിൾ ടൈപ്പ്*, മദ്രാസ് ഫോർട്ട് സെന്റ് ജോർജ്ടൈപ്പ് എന്നിവയായിരുന്നു അത്. ഇതിൽ *സംക്ഷേപവേദാർത്ഥം*ടൈപ്പും കൂരിയർ *ബൈബിൾ* ടൈപ്പും ചതുരാകൃതിയുള്ളതും ഒരേ ശ്രേണിയിൽപെട്ടതുമായിരുന്നു. “ആകാരത്തിൽ അൽപ്പം കൂടുതൽ വലിപ്പം തോന്നിക്കുന്ന കൂരിയർ അച്ചുകൾ ആകൃതിയിൽ റോമിൽ നിർമിച്ച ടൈപ്പുകളിൽനിന്ന് ഭിന്നമല്ല.” (കെ.എം. ഗോവി, 1998: 98) മദ്രാസ് ഫോർട്ട് സെന്റ് ജോർജ് ടൈപ്പ് ബോംബെ കൂരിയർ മലയാളം ടൈപ്പിൽ മാറ്റങ്ങൾ വരുത്തി ഉണ്ടാക്കിയ പുതിയൊരു ശ്രേണി ടൈപ്പ് ആണ്. ഓരോ ടൈപ്പും സൂക്ഷ്മമായ താരതമ്യ പരിശോധനയ്ക്കു വിധേയമാക്കുമ്പോൾ ബോംബെ കൂരിയർ ടൈപ്പിൽനിന്ന് മദ്രാസ് ഫോർട്ട് സെന്റ് ജോർജ് ടൈപ്പിനുള്ള മാറ്റവും അതോടൊപ്പം രണ്ടും തമ്മിലുള്ള ബന്ധവും മനസ്സിലാക്കാൻ കഴിയും. ടൈപ്പിന്റെ ഘടനയിൽ വന്ന മാറ്റവും രൂപത്തിൽ വരുത്തിയ മാറ്റങ്ങളും ഉണ്ട്. *സംക്ഷേപവേദാർത്ഥം*ടൈപ്പിൽ ടൈപ്പ്ഫേസിന് ടൈപ്പ് ബോഡിയെക്കാൾ വീതി കുറവാണ്. തന്മൂലം ഷോൾഡറിന്റെ വലിപ്പം കൂടുകയും മുദ്രണത്തിൽ അക്ഷരങ്ങൾക്കിടയിൽ കൂടുതൽ സ്ഥലം ഉണ്ടാകുകയും ചെയ്യുന്നു. എന്നാൽ മദ്രാസ് ഫോർട്ട് സെന്റ് ജോർജ്ഫോണ്ടിൽ ടൈപ്പ് ഫേസിന്റെ വീതിയും ടൈപ്പ് ബോഡിയുടെ വീതിയും ഏകദേശം ഒരുപോലെയാണ്. തന്മൂലം അക്ഷരങ്ങൾക്കിടയിൽ സ്ഥലം നഷ്ടപ്പെടുന്നില്ല. ഫോർട്ട് സെന്റ് ജോർജ് ടൈപ്പിന് *സംക്ഷേപവേദാർത്ഥം* ടൈപ്പിൽനിന്ന് രൂപത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ട്. *സംക്ഷേപവേദാർത്ഥ*ത്തിലെ അക്ഷരങ്ങൾക്കുള്ളത്രയും ചതുരാകൃതി ഫോർട്ട് സെന്റ് ജോർജ്ടൈപ്പിനില്ല; എന്നാൽ ചതുരാകൃതി പൂർണമായി ഉപേക്ഷിച്ചിട്ടുമില്ല. ‘എ’ യും ‘എ’ യുടെ ഉപലിപിയുമായുള്ള (െ) രൂപസാദൃശ്യം നിലനിർത്താൻ ശ്രമിച്ചതുകൊണ്ട് എയുടെ ഉപലിപിയുടെ വലിപ്പം കൂടുകയും രൂപത്തിൽ മാറ്റമുണ്ടാകുകയും ചെയ്തു. ഇ, ഈ എന്നീ സ്വരങ്ങളുടെ

ഉപലിപികളുടെ (ു, ൂ) രൂപം ഫോർട്ട് സെന്റ് ജോർജ്ടൈപ്പിൽ പരിഷ്ക രിച്ചു. രൂപം പരിഷ്കരിച്ചുവെങ്കിലും ഉപലിപികൾ സ്വതന്ത്രമായിട്ടല്ല വാർത്തെടുത്തിരിക്കുന്നത്. അങ്ങനെയാണെന്ന് കെ.എം.ഗോവി തുടങ്ങിയവർ പറയുന്നതു ശരിയല്ല. ഇത്തരത്തിൽ ഘടനയിലും രൂപത്തിലും വരുത്തുന്ന ചെറിയ മാറ്റങ്ങൾപോലും മുദ്രണത്തിൽ അക്ഷരശൈലിക്കു വലിയ മാറ്റങ്ങൾവന്നുവെന്ന തോന്നലുണ്ടാക്കാൻ പര്യാപ്തമാണ്. ടൈപ്പൊഗ്രഫിയുടെ അടിസ്ഥാന സങ്കൽപ്പനങ്ങളിലൊന്നാണ് ടൈപ്പിന്റെ വലിപ്പം ടൈപ്പൊഗ്രഫിക്ക് പോയിന്റുകളാക്കി ഏകീകരിക്കുക എന്നുള്ളത്. ഇതിനുള്ള ശ്രമം സംക്ഷേപവേദാർഥംടൈപ്പിലുണ്ട്-ഫോർട്ട് സെന്റ് ജോർജ് ടൈപ്പിലില്ല. ഫോർട്ട് സെന്റ് ജോർജ് ടൈപ്പിന്റെ മുഖ്യവികലത ഇതായിരുന്നു. അക്ഷരത്തിന്റെ ആകാരം സംബന്ധിച്ച ന്യൂനതകൾ ഇതിനു പുറകിലേ വരൂ. എന്നാൽ പല അക്ഷരങ്ങളുടെയും കാര്യത്തിൽ രൂപപരമായ മുന്നാക്കാവസ്ഥ പുലർത്തുന്നുണ്ട് ഫോർട്ട് സെന്റ് ജോർജ്ഫോണ്ട്. ഉദാഹരണത്തിന് അ, ആ എന്നീ സ്വരങ്ങൾ. ഫോർട്ട് സെന്റ് ജോർജ് പരികൽപ്പന ചെയ്ത രൂപമാണ് കൂടുതൽ നന്ന്. പിന്നീട് സ്വീകരിച്ചുവെങ്കിലും ബെയിലി ആദ്യം പ്രസ്തുത സ്വരങ്ങൾക്കു നൽകിയ രൂപം *സംക്ഷേപവേദാർത്ഥം*ടൈപ്പിനോട് സാദൃശ്യമുള്ളതായിരുന്നു. ഫോർട്ട് സെന്റ് ജോർജ് ടൈപ്പിന്റെ നിർമിതിയിലും ഘടനയിലും ഉണ്ടായിരുന്ന, മുകളിൽ പറഞ്ഞ വികലതകൾമൂലമാണ് പ്രസ്തുത ടൈപ്പ് ബെയിലി സ്വീകരിക്കാതിരുന്നത്. ബെയിലി പരിഹരിക്കാൻ ശ്രമിച്ചതും പ്രസ്തുത ന്യൂനതകളാണ്. ടൈപ്പൊഗ്രഫിയിലെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ചുള്ള അവബോധത്തോടുകൂടി മലയാളം അച്ചുകൾ രൂപകൽപ്പന ചെയ്തു നിർമിച്ചിടത്താണ് ബെയിയിലെ മർമജ്ഞനായ ടൈപ്പൊഗ്രാഫറെ കാണാൻ കഴിയുന്നത്. അച്ചടി വ്യവസായം കേരളത്തിൽ എത്ര വളർന്നിട്ടും ബെയിലിയുടെ അക്ഷരങ്ങൾ ഇളക്കി പ്രതിഷ്ഠിക്കേണ്ട ആവശ്യം വരാതിരുന്നതും അതിനു കഴിയാതിരുന്നതും അതുകൊണ്ടുതന്നെയാണ്. മറ്റൊരു കാര്യവും ചൂണ്ടിക്കാട്ടാനുണ്ട്. ഫോർട്ട് സെൻറ് ജോർജ് കോളജിൽ വാർക്കുന്ന അച്ചുകളുടെ രൂപം വികൃതമാണെങ്കിലും അവ അച്ചടിയിലൂടെ ഉറച്ചുകൊള്ളുമെന്ന് സി.എം.എസ്. കറസ്പ്പോണ്ടിങ് കമ്മറ്റി നിരീക്ഷിക്കുകയുണ്ടായല്ലോ? ബെയിലി പിൽക്കാലത്ത് നിർവഹിച്ച അതിവിപുലമായ അച്ചടിയിലൂടെയും പുസ്തക പ്രസാധനത്തിലൂടെയും അദ്ദേഹം രൂപകൽപ്പനചെയ്ത ആണിയച്ചുകൾ ഉറച്ചു എന്നുള്ളതുമുണ്ട്. സി.എം.എസ്. പ്രസ്സിനുശേഷമുണ്ടായ അച്ചടിശാലകൾക്ക് അച്ചു വാർത്തുകൊടുത്തതും ബെയിലിയായിരുന്നു. പിന്നീടുള്ളവർ മാതൃകയാക്കിയതും അതിപ്രചാരം നേടിയ ബെയിലീടൈപ്പുകൾതന്നെയായിരുന്നു.

മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളജിൽനിന്നു വാർത്തു നൽകിയ മലയാളം അച്ചുകൾക്ക് മൂന്നു ന്യൂനതകളാണുണ്ടായിരുന്നത്:

(ക) അച്ചുകൾ എണ്ണത്തിൽ വളരെ കുറവായിരുന്നു: *സംക്ഷേപവേദാർത്ഥ*ത്തിനുവേണ്ടി 1128 ടൈപ്പുകൾ ഉണ്ടാക്കി. ആ സ്ഥാനത്ത് 349 ടൈപ്പുകളിൽ ഫോർട്ട് സെന്റ് ജോർജ് കാര്യം കഴിച്ചു. "രൂപത്തിന്റെയും എണ്ണ

ത്തിന്റെയും കാര്യത്തിൽ ഫോർട്ട് സെന്റ് ജോർജ്ജ് ഫോണ്ടുകൾ വികലമായിരുന്നു" എന്നതിലെ 'എണ്ണത്തിന്റെ വൈകല്യം' അച്ചുകളുടെ എണ്ണക്കൂടുതലുണ്ടാക്കുന്ന വൈഷമ്യമാണെന്നുള്ള തെറ്റിദ്ധാരണ കെ.എം.ഗോവി പ്രകടിപ്പിച്ചിട്ടുണ്ട്: "ഈ ടൈപ്പുകളുടെ ആകൃതിയും സംഖ്യാബാഹുല്യവും ബെയിലിക്കു രുചിച്ചില്ല. അച്ചുകൾക്കു മനോഹാരിതയോ ആകർഷണീയതയോ ഇല്ലെന്ന് അദ്ദേഹത്തിനു തോന്നി. സംഖ്യാബാഹുല്യം അച്ചടിയിൽ സൃഷ്ടിക്കുന്ന പ്രായോഗിക വിഷമതകളും പ്രശ്നങ്ങളും അദ്ദേഹത്തിന് അനുഭവപ്പെട്ടിരിക്കണം." (കെ.എം. ഗോവി, 1998: 113) 1824 ഒടുവിൽ, അച്ചടിയുടെ ആദ്യഘട്ടത്തിനുവേണ്ടി 1000 പഞ്ചുകൾ ബെയിലി തയ്യാറാക്കി. ഇത് അക്ഷരബാഹുല്യം കുറയ്ക്കുന്നതിനുവേണ്ടിയായിരുന്നില്ല, പ്രസ്തുത ആവശ്യത്തിന് അക്ഷരങ്ങളില്ലാത്ത ന്യൂനത പരിഹരിക്കുന്നതിനുവേണ്ടിയായിരുന്നു.

(ഖ) ടൈപ്പ് ഫേസിന്റെ കീഴ്-മേൽ നീളം ടൈപ്പുതോറും വ്യത്യസ്തമായിരുന്നു: തന്മൂലം അക്ഷരങ്ങൾ ഒരു വരിയിൽതന്നെ കയറിയും ഇറങ്ങിയും ഇരിക്കും. അച്ചടിച്ചു കഴിയുമ്പോൾ വരികൾ, കൈയെഴുത്തിലെന്നതുപോലെ, വളഞ്ഞിരിക്കും. ടൈപ്പൊഗ്രഫിക് പോയിന്റിനെക്കുറിച്ച് ധാരണയില്ലാതെ അച്ചു വാർത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

(ഗ) അച്ചുകളുടെ രൂപത്തിൽ വൈകല്യമുണ്ടായിരുന്നു: ഫോർട്ട് സെന്റ് ജോർജ് കോളജിൽ ഉണ്ടാക്കിയ 349 ടൈപ്പുകളിൽ 89 എണ്ണത്തിന് മാറ്റം വേണമെന്നു ബെയിലി നിർദേശിക്കുകയുണ്ടായി. ബെയിലി നിർദേശിച്ച മാറ്റങ്ങളിൽ മുപ്പത് എണ്ണത്തെ മി. ലെവിനും മി. എഫ്. സ്പ്രിങും പിന്തുണച്ചു. ഇതിൽനിന്ന് അക്ഷരങ്ങളുടെ രൂപവൈകല്യം ഗൗരവമേറിയതായിരുന്നു എന്നു വ്യക്തമാണ്.

ഫോർട്ട് സെന്റ് ജോർജ് ടൈപ്പിന്റെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടാണ് ബെയിലി ഒരു പുതിയ ടൈപ്പ്ഫോണ്ടിനു രൂപം നൽകിയതും പുതിയശ്രേണി മലയാളം അച്ചുകൾ നിർമിച്ചതും.

മലയാളം അച്ചടിക്ക് ആവശ്യമുള്ള എല്ലാ ടൈപ്പുകളുടെയും ഫോണ്ട് ഉണ്ടാക്കിയതിലൂടെ ബെയിലി ആദ്യന്യൂനത പരിഹരിച്ചു.

അച്ചടി 'കലയും സാഹസികതയു'മാണെന്നുപറയുമ്പോൾ, അതിലെ കലാപരമായ അംശം നിർണയിക്കുന്നത് അച്ചടിയിലെ 'ടൈപ്പൊഗ്രഫിക് ഡിസൈൻ' ആണ്. "1737-നോടടുത്ത് സൈമൺ പിയറി ഫോർണിയർ ടൈപ്പിന്റെ വലിപ്പം ടൈപ്പോഗ്രഫിക് പോയിന്റുകളാക്കി മാനകീകരിച്ചു. പോയിന്റുകളെന്ന അടിസ്ഥാന മാത്രയിൽ ടൈപ്പ് ബോഡിയെ കൃത്യവും തുല്യവുമായ ഭാഗങ്ങളായി വിഭജിച്ചതാണ് ഈ മാനകീകരണം. ഇതുമൂലം വിവിധ വലിപ്പമുള്ള ടൈപ്പുകളുടെ പരിമാണ വ്യത്യാസവും സാമ്യങ്ങളും പരസ്പരം കൃത്യമായി താരതമ്യപ്പെടുത്താൻ കഴിയുന്നു." (പി.എം. വിശ്വനാഥ്, 1974: 46) ബെഞ്ചമിൻ ബെയിലി സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവയ്ക്ക് ഒരേ കീഴ്-മേൽ നീളവും ആനുപാതിക ഇടം-വലം

നീളവും വരുന്ന വിധത്തിൽ മലയാളം അക്ഷരങ്ങൾക്ക് ഒരു ടൈപ്പൊഗ്രഫിക് ഘടന വിഭാവനം ചെയ്തു. ഇത് സൈമൺ പിയറി ഫോർണിയറിന്റെ ടൈപ്പൊഗ്രഫിക് പോയിന്റുകളെക്കുറിച്ച് അറിഞ്ഞിട്ടോ, അതു പിന്തുടർന്നു കൊണ്ടോ ആയിരിക്കാനിടയില്ല; പ്രത്യുത ഇംഗ്ലീഷ് അച്ചടിഅക്ഷരങ്ങളുടെ ഘടനയെ അനുകരിച്ചു ചെയ്തതാകണം. ഇംഗ്ലീഷ് ടൈപ്പുകൾക്കെന്ന പോലെ മലയാളം അക്ഷരങ്ങൾക്കും ഒരു 'ബേസ് ലൈൻ' സങ്കൽപ്പിക്കുകയും മലയാളം അക്ഷരങ്ങളെ സാധാരണ ടൈപ്പ്, ഉയർന്ന ടൈപ്പ്, താഴ്ന്ന ടൈപ്പ് എന്നിങ്ങനെ വർഗീകരിച്ച്, വരിയിലെ അവയുടെ സ്ഥാനം 'ബേസ് ലൈനി'നോടു ബന്ധപ്പെടുത്തി നിശ്ചയിക്കുകയും ചെയ്തു. അതേസമയം ഇംഗ്ലീഷ് ടൈപ്പ് പിന്തുടർന്നിരുന്ന പ്രധാന വര (main stroke), അപ്രധാനവര എന്നിങ്ങനെയുള്ള വ്യത്യാസം ഒഴിവാക്കുകയും അക്ഷരമൊന്നാകെ ഒരേ കനമുള്ള വരകൊണ്ടു രേഖപ്പെടുത്തുകയും ചെയ്തു. മലയാളം അച്ചടി അക്ഷരം പൂർണമായും ഉരുണ്ട ആകൃതിയിലാക്കാൻ എടുത്ത തീരുമാനം പോലെ, അക്ഷരത്തിന്റെ സ്വഭാവം നിർണയിച്ച ഗുണകരമായ മറ്റൊരു ബെയിലിയൻ തീരുമാനമായിരുന്നു ഇത്.

അക്ഷരഘടനയുടെ കാര്യത്തിൽ ഇംഗ്ലീഷ് ടൈപ്പിനെ അനുകരിച്ചെങ്കിലും അക്ഷരം ലേഖനം ചെയ്യേണ്ടതെങ്ങനെ എന്നതിനെക്കുറിച്ച് ബെയിലി തന്റേതായ തീരുമാനം എടുത്തു. കട്ടികൂടിയതും കുറഞ്ഞതുമായ വരകൾ നൽകി മലയാളം അക്ഷരങ്ങളുടെ രൂപം സംവിധാനം ചെയ്തിരുന്നുവെങ്കിൽ അത് അക്ഷരവൈരൂപ്യത്തിനു കാരണമായിത്തീരുമായിരുന്നു. ഇങ്ങനെ അക്ഷരങ്ങൾക്കൊരു ടൈപ്പൊഗ്രഫിക് ഘടന സങ്കൽപ്പിച്ച്, അതു പ്രകാരം അച്ചുകൾ രൂപകൽപ്പന ചെയ്തപ്പോൾ അക്ഷരവലിപ്പത്തിന് മാനദണ്ഡവും ഏകീകൃതരൂപവും കൈവന്നു. കീഴ്-മേൽ ഉയരം ഏറ്റവും കുറഞ്ഞ (ഉദാ: റ, ന, ത, ര) അക്ഷരങ്ങളെ സാധാരണ അക്ഷരങ്ങളായി കരുതി, അവയെ ഘടനയ്ക്കും വലിപ്പത്തിനും അടിസ്ഥാനമായി പരിഗണിച്ചപ്പോൾ സാധാരണയിൽനിന്നു വ്യത്യസ്തമായുള്ള കൂട്ടക്ഷരങ്ങൾ, ഉപലിപികൾ തുടങ്ങിയവയെ സാധാരണ അക്ഷരങ്ങളുടെ തലത്തിനു താഴെയും മുകളിലുമായി, നിശ്ചിത വലിപ്പത്തിൽ വിന്യസിക്കാൻ കഴിഞ്ഞു. അതോടെ 'ടൈപ്പ് ഫേസി'ന്റെ കീഴ്-മേൽ നീളം പലതരത്തിലാകുകകൊണ്ട് അക്ഷരങ്ങൾ കയറിയും ഇറങ്ങിയും വരുന്ന ന്യൂനത പൂർണമായും ഒഴിവായി. അതായത്, ബെഞ്ചമിൻ ബെയിലി മലയാളം അച്ചുകൾക്ക് ശാസ്ത്രീയമായ ടൈപ്പൊഗ്രഫിക്ക് ഘടന പ്രദാനം ചെയ്തു. തദ്വാരാ ഫോർട്ട് സെന്റ് ജോർജ് ടൈപ്പിനുണ്ടായിരുന്ന വികലത ഒഴിവാക്കി, പുതിയ മലയാളം ആണിയച്ചുകൾ രൂപകൽപ്പനചെയ്തു വാർത്തെടുക്കുന്നതിനു ബെയിലിക്കു സാധിച്ചു.

ഫോർട്ടു സെന്റ് ജോർജ് ഫോണ്ടിന്റെ മൂന്നാമതു ന്യൂനത അതിന്റെ രൂപപരമായ വൈകല്യമായിരുന്നു. *സംക്ഷേപവേദാർത്ഥം* ടൈപ്പുകൾ സിംഹഭാഗവും ചതുരാകൃതിയുള്ളതും തീരെക്കുറച്ചെണ്ണം ഉരുണ്ട ആകൃതി ഉള്ളതുമായിരുന്നു. ഫോർട്ട് സെന്റ് ജോർജ് ടൈപ്പുകളാകട്ടെ കൂടുതലും ഉരുണ്ട ആകൃതിയുള്ളതും കുറേ എണ്ണം ചതുരാകൃതി കൈവിടാത്തതുമാ

യിരുന്നു. ഇങ്ങനെ 'ഇല്ലത്തു നിന്നു പുറപ്പെടുകയും ചെയ്തു അമ്മാത്തൊട്ട് എത്തിയുമില്ല' എന്ന അവസ്ഥ ടൈപ്പിന്റെ ആകാരവടിവിൽ ഒരു അവ്യവസ്ഥ സൃഷ്ടിച്ചു. അതോടൊപ്പം ചില ടൈപ്പുകൾ വിരൂപവുമായിരുന്നു: ഉദാഹരണത്തിന് 'എ' യുടെ ഉപലിപി (െ). മദ്രാസ്ടൈപ്പിൽ അതിന്റെ ഉള്ളിലെ ചുറ്റിക്കെട്ട് വലതുഭാഗത്തേക്കു മാറ്റി ആലേഖനം ചെയ്യുന്നതുകൊണ്ട്, സ്വാഭാവികമായും ടൈപ്പ് വലിയതായി. ബെയിലി ഉള്ളിലെ ചുറ്റിക്കെട്ട് ഇടതുഭാഗത്തേക്കു നീക്കി ആലേഖനം ചെയ്തു. അതോടെ ലിപിയുടെ വലിപ്പം കുറയുകയും കൂടുതൽ ഭംഗിയാകുകയും ചെയ്തു. ഇവിടെ ടൈപ്പിന്റെ ചതുരാകൃതിയായിരുന്നില്ല വൈകല്യത്തിനു കാരണമെന്നുള്ളതു ശ്രദ്ധേയമാണ്. ഫോർട്ട് സെന്റ് ജോർജ്ടൈപ്പിന്റെ വൈകല്യത്തിനു പിറകിൽ ഇങ്ങനെ പല കാരണങ്ങളുണ്ടായിരുന്നു.

"ഒരു ടൈപ്പൊഗ്രാഫർ പാലിക്കേണ്ട ആദ്യത്തെ തത്ത്വം വ്യക്താക്ഷരത (legibility) ആണ്." ബെഞ്ചമിൻ ബെയിലി ടൈപ്പുകളുടെ രൂപകൽപ്പനയിൽ പരമപ്രാധാന്യം നൽകിയതും ഇക്കാര്യത്തിനുതന്നെ ആയിരുന്നു. അക്ഷര വ്യക്തത ഉണ്ടാകണമെങ്കിൽ ഘടനയിലെയും രൂപത്തിലെയും വികലതയും വിവിധതയും മാറ്റി, ഘടനയിലും രൂപത്തിലും സാമാന്യരീതി ഉണ്ടാക്കണം. അതിനായി ബെയിലി ചെയ്ത ഒരു പ്രധാന കാര്യം കൂരിയർ ബൈബിളിലെ 'ചതുര'ത്തിൽനിന്ന് മദ്രാസ് സെന്റ് ജോർജ് ഫോണ്ടിൽ 'ഉരുള'യിലേക്ക് രൂപം മാറി, പാതിയോ മുക്കാലോ വഴിയെത്തി നിന്നുപോയ അക്ഷരങ്ങളെ സമ്പൂർണ 'ഉരുള'യിലാക്കി. അതോടൊപ്പം രൂപഭദ്രതയില്ലാതിരുന്ന അക്ഷരങ്ങൾക്ക് സുഭദ്രരൂപം നൽകി, അവയെയും 'ഉരുള'യിലാക്കി. "മലയാള അക്ഷരങ്ങളുടെ ഭംഗി മുഴുവൻ അവയുടെ 'ഉരുളത്ത'ത്തിലാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല"എന്നുള്ള പ്രൊഫ. എസ്. ഗുപ്തൻ നായരുടെ അഭിപ്രായം അന്വർത്ഥമാണ്. (1986: 108) "ആ ലിപിയുടെ മനോഹാരിതയും അച്ചടിയുടെ ഭംഗിയും നിമിത്തമായിരിക്കണം ബെയിലിയുടെ ലിപിമാതൃകയിൽനിന്നു മലയാളം ഇന്നോളം വ്യതിചലിച്ചിട്ടില്ല" എന്നു ഡോ. സ്കറിയാ സക്കറിയയും ചൂണ്ടിക്കാട്ടുന്നു. (പി.ജെ. തോമസ്, 1989: 356) അതിമനോഹരമായ ഉരുണ്ട അക്ഷരം എന്നു പറയുമ്പോൾ, വ്യക്താക്ഷരത എന്ന ഗുണമല്ലാതെ (legibility) മറ്റൊന്നുമല്ല ഉദ്ദേശിക്കുന്നത്. ബെയിലി അക്ഷരങ്ങളുടെ രൂപകൽപ്പനയിൽ സാവയവപ്പൊരുത്തത്തിനും ഊന്നൽ നൽകി. ഫോർട്ട് സെന്റ് ജോർജ്ഫോണ്ടിലെ ഡ, സ ഇവ ബെയിലീഫോണ്ടിൽ വന്നപ്പോഴത്തെ മാറ്റം ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

ബെയിലിയുടെ യത്നങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിച്ച കറസ്പോണ്ടിങ് കമ്മറ്റി സെക്രട്ടറി എം. തോമ്പ്സൺ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്: "Besides the correctness and beauty of his types, noticed by Colonel Newall, he has so reduced them in size, that we can now print at one half of the cost of the old types." (C.M.S. Proceedings, 1825: 134)

ബെയിലി മലയാളം അച്ചടി അക്ഷരങ്ങളെ വൈകല്യങ്ങൾ നീക്കി

'ഉരുട്ടുക'മാത്രമല്ല ചെയ്തത്; അക്ഷരങ്ങൾ വലിപ്പംകുറച്ചു വാർത്ത്, അച്ചടിച്ചെലവു പകുതിയാക്കുകവഴി അച്ചടി വ്യവസായം പ്രയോഗക്ഷമവും ജനകീയവുമാക്കിത്തീർത്തു. മദ്രാസിൽനിന്ന് ഒരു ടൈപ്പ് ഫൗണ്ടറെ കോട്ടയത്തിന് അയയ്ക്കണമെന്ന് ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നിരസിച്ച, മലയാളം അച്ചടിയുടെ തലയിലെഴുത്ത് മദ്രാസിൽ തീരുമാനിക്കുമെന്നു നിശ്ചയിച്ച, കറസ്പോണ്ടിങ് കമ്മറ്റിയുടെ സെക്രട്ടറി മേൽപ്പരാമർശിച്ച വിധം എഴുതിയത് അച്ചടിച്ചുകണ്ട്, വായിച്ചപ്പോൾ ബെയിലി അനുഭവിച്ച ആഹ്ലാദവും സംതൃപ്തിയും നിസ്സീമമായിരുന്നിരിക്കും. ഒരു ടൈപ്പ് ഫൗണ്ടറി ഒരിക്കലെങ്കിലും കാണാതെ, അച്ചുവാർക്കുന്നതിനുള്ള ഉപകരണങ്ങളേതുമില്ലാതെ ബെയിലി സാധിച്ച മഹാകാര്യം ഐതിഹാസികമാനമുള്ള ഒരു പ്രവർത്തനമായിരുന്നു.

അച്ചടി ചരിത്രത്തെക്കുറിച്ച് ഗൗരവാവഹമായ പഠനം നടത്തുകയും ശ്രദ്ധേയമായ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുള്ള ഡോ.സ്കറിയ സക്കറിയ, കെ.എം.ഗോവി എന്നിവർ ടൈപ്പുകളുടെ എണ്ണം കുറയ്ക്കാൻ സഹായിക്കുന്ന ചില ലിപിപരിഷ്കരണങ്ങൾ ബെയിലി നടത്തിയിട്ടുണ്ടെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. "ആകൃതിമാറ്റത്തേക്കാൾ പ്രധാനമായിരുന്നു ലിപികളുടെ എണ്ണത്തിൽ അദ്ദേഹം വരുത്തിയ മാറ്റം. ഇ, ഈ എന്നീ സ്വരങ്ങളുടെ ഉപലിപികൾ (ി,ീ) അദ്ദേഹം സ്വതന്ത്ര ടൈപ്പുകളാക്കി. അതോടെ ലിപികളുടെ എണ്ണം അഞ്ഞൂറായി കുറഞ്ഞു" എന്നു ഡോ. സ്കറിയ സക്കറിയയും (പി.ജെ. തോമസ്, 1989: 356) "മലയാളം ടൈപ്പൊഗ്രഫി പരിഷ്കരിച്ച് അച്ചടി കൂടുതൽ ലളിതവും ചെലവുകുറഞ്ഞതുമാക്കാൻവേണ്ടി അച്ചുകളുടെ സംഖ്യ വെട്ടിക്കുറച്ചു. 'ഇ', 'ഈ' എന്നീ സ്വരങ്ങളുടെ ഉപലിപികൾ (ി,ീ) അദ്ദേഹം പ്രത്യേക അച്ചുകളാക്കി അതോടെ മൊത്തം അച്ചുകളുടെ സംഖ്യ അഞ്ഞൂറോളമായി കുറഞ്ഞു" എന്നു കെ.എം. ഗോവിയും പറയുന്നു. (1998: 114) എന്നാൽ ടൈപ്പൊഗ്രഫി സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ ഈ നിഗമനം സാധൂകരിക്കാനാകുകയില്ല. *സംക്ഷേപവേദാർത്ഥം*-കൂരിയർ *ബൈബിൾ*ടൈപ്പിൽ അതാത് അക്ഷരത്തിന്റെ ഉപരിഭാഗത്ത് അടയാളപ്പെടുത്തുന്ന ചുറ്റിക്കെട്ടുള്ള വക്രരേഖകൊണ്ട് ' ീ' -യെയും ചുറ്റിക്കെട്ടില്ലാത്ത വക്രരേഖകൊണ്ട് ' ി' -യെയും രേഖപ്പെടുത്തി. മദ്രാസ് ഫോർട്ട് സെന്റ് ജോർജ്ഫോണ്ടിൽ, ഈ ഉപലിപികളെ അതാത് അക്ഷരത്തിന്റെ വലതുഭാഗത്ത് ഒരു ഉയർന്ന ലിപി (ascending letter) യായി രേഖപ്പെടുത്തി. ബെയിലി തന്റെ ടൈപ്പൊഗ്രഫിക്ക് ഡിസൈനിൽ ഈ ഉപലിപികളെ ഉയർന്ന ലിപികളായി നിലനിർത്തിയപ്പോൾതന്നെ, അവയുടെ ആകൃതി പരിഷ്കരിച്ച്, തലഭാഗം ചെറുതാക്കുകയും ഒരേ രൂപത്തിലാക്കുകയും ചെയ്തു. (മദ്രാസ് ഫോണ്ടിൽ തലഭാഗം പല ആകൃതിയിലാണു രേഖപ്പെടുത്തിയിരുന്നത്) ബെയിലി മദ്രാസ് ഫോണ്ടിൽ വരുത്തിയ ഈ ആകാരപരിഷ്കരണത്തെ തെറ്റിദ്ധരിച്ചതുകൊണ്ടാണ് മേൽപ്പരാമർശിച്ച ലേഖകർ ബെയിലി അവയെ സ്വതന്ത്രലിപികളാക്കിയതായി (പ്രത്യേക അച്ചുകൾ) കരുതിയത്. പ്രത്യേക അച്ചുകളുണ്ടാക്കണമെങ്കിൽ, അച്ചിന് പ്രത്യകം ടൈപ്പ് ബോഡി ഉണ്ടായിരിക്കണം. പ്രത്യേകം ടൈപ്പ് ബോഡിയുള്ള

ടൈപ്പുകളിൽ (കേൺ ഉള്ള അക്ഷരങ്ങളിലൊഴികെ) ടൈപ്പ്ഫേസ് ടൈപ്പ് ബോഡിയുടെ പരിധിക്കുപുറത്തേക്കു തള്ളി നിൽക്കുകയില്ല. എന്നാൽ ഫോർട്ട് സെന്റ് ജോർജ് ടൈപ്പുകളിലും ബെയിലീടൈപ്പുകളിലും ' ി,ീ ' ഉപലിപികൾ അതു ചേരുന്ന അക്ഷരത്തിന്റെ ടൈപ്പ് ബോഡിയിലേക്ക്, 'ഷോൾഡറും' കഴിഞ്ഞ് പിന്നെയും ഏറെ കയറിയിരിക്കുന്നു. ഇതിൽനിന്ന് ഈ ടൈപ്പുകൾ ഒരു ടൈപ്പ് ബോഡിയിൽതന്നെ അക്ഷരവും ഉപലിപിയും ചേർന്നുവരുന്ന വിധത്തിൽ, ഒരുമിച്ചു വാർത്തെടുത്തതാണെന്നു വ്യക്തം. അതായത് ' ി,ീ ' ഉപലിപികൾക്ക് സ്വതന്ത്രടൈപ്പ് ബോഡി ഇല്ല. ഒരു വാദത്തിനുവേണ്ടി ഇവ കേൺ അക്ഷരങ്ങളായി വാർത്തു എന്നു പറഞ്ഞാൽ, അതിലും ഒരു അവാസ്തവികതയുണ്ട്: കേൺ അക്ഷരങ്ങളുടെ കേൺ അതു ചേർന്നിരിക്കുന്ന അക്ഷരത്തിന്റെ 'ഷോൾഡറി' നപ്പുറം കടക്കുകയില്ല. (അങ്ങനെ ആയാൽ ടൈപ്പുകൾ ചേർന്നിരിക്കാനുള്ള പ്രയാസവും പൊട്ടിപ്പോകാനുള്ള സാധ്യതയും കൂടും.) ഫോർട്ട് സെന്റ് ജോർജ്-ബെയിലീടൈപ്പുകളിൽ ' ി,ീ ' ഉപലിപികളുടെ തലഭാഗം അതു ചേർന്നിരിക്കുന്ന അക്ഷരത്തിന്റെ ഷോൾഡറിനും വളരെ അപ്പുറത്താണ്. തന്നെയുമല്ല, അച്ചടിയിൽ ഇത്രയധികം ഉപയോഗിക്കേണ്ടിവരുന്ന ഈ ഉപലിപികൾ കേൺ ഉള്ള അക്ഷരങ്ങളായി വാർക്കുകയില്ല. അതുമാത്രമല്ല ' ി,ീ ' ഉപലിപികൾ ചേർന്നിട്ടുള്ള ഒട്ടുമിക്ക ടൈപ്പുകളിലും അക്ഷരങ്ങളുടെ മുകൾഭാഗത്ത് ഉപലിപികളുടെ തലയറ്റം സ്പർശിച്ചിട്ടുണ്ട്. ഒരുമിച്ച് പഞ്ച് കട്ട്ചെയ്ത്, ഫൗണ്ട് തയ്യാറാക്കി വാർത്തെടുത്ത ടൈപ്പ് ആണെന്നുള്ളതിലേക്ക് ഇതു വ്യക്തമായ സൂചനയാണ്. സ്വതന്ത്ര അച്ചുകളായി വാർത്തെടുത്തിട്ടുള്ള ആ, എ ഇവയുടെ ഉപലിപികളുമായി (െ, ാ) താരതമ്യപ്പെടുത്തി പരിശോധിച്ചാൽ ഭേദം പെട്ടെന്നു മനസ്സിലാകും. ചുരുക്കത്തിൽ, ഫോർട്ട് സെന്റ് ജോർജ്-ബെയിലി ടൈപ്പുകളിൽ ഇ, ഈ ഇവയുടെ ഉപലിപികൾ (ി,ീ) സ്വതന്ത്ര അച്ചുകളല്ല. അങ്ങനെ ആയിരുന്നുവെങ്കിൽ, ആദ്യഘട്ടമായി ആയിരം പഞ്ചുകൾ മുറിക്കേണ്ട ആവശ്യം ബെയിലിക്ക് ഉണ്ടാകുമായിരുന്നില്ല.

അച്ചടിശാലയുടെ സംഘാടനവും നടത്തിപ്പും

ബെഞ്ചമിൻ ബെയിലിയുടെ ആണിയച്ചുകൾ തയ്യാറായതോടെ കോട്ടയം അച്ചടിശാല പൂർവാധികം സജീവമായി. കഴിഞ്ഞ ഏതാനും വർഷങ്ങൾ കൊണ്ടു പരിഭാഷപ്പെടുത്തുകയും അച്ചടിക്കു തയ്യാറാക്കി വെക്കുകയും ചെയ്തിരുന്ന ബൈബിൾ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങൾ അച്ചടിക്കുന്ന ജോലിതന്നെ അന്നത്തെ നിലയിൽ അച്ചടിശാലയുടെ ശേഷിക്ക് അനവധി മടങ്ങ് വരുമായിരുന്നു. 1824 ആരംഭത്തിൽ ടൈപ്പ് നിർമാണത്തിലേക്കു തിരിഞ്ഞതുമുതൽ 1829-ൽ *പുതിയനിയമം* അച്ചടിക്കുന്നതുവരെയുള്ള കാലത്ത് ബെയിലി പൂർണമായും അച്ചടിശാലയുമായി ബന്ധപ്പെട്ട ജോലികളിൽ നിമഗ്നനായിരുന്നു. മുൻപ് മുഴുവൻ സമയവും ശ്രദ്ധാപൂർവം ചെലവഴിച്ചിരുന്നതെന്തിനുവേണ്ടിയാണോ ആ പരിഭാഷാ ജോലികൾ പോലും ബെയിലി മാറ്റിവെച്ചു. (സി.എം.എസ്. പ്രൊസീഡിങ്സ്, 1826: 102) വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി സ്ഥാപിച്ച കോട്ടയം കോളജ് പൊതുവിദ്യാഭ്യാസ

ത്തിനുള്ള സ്ഥാപനമായിത്തീർന്നതുപോലെ ബൈബിളും ഇതര ക്രൈസ്തവഗ്രന്ഥങ്ങളും സ്കൂൾ-കോളജ് പുസ്തകങ്ങളും അച്ചടിക്കുന്നതിനുവേണ്ടി സ്ഥാപിച്ചതെങ്കിലും കോട്ടയം അച്ചടിശാല തുടക്കംമുതലേ രാജ്യത്തിന്റെയും സമൂഹത്തിന്റെയും പൊതുവായ ആവശ്യങ്ങൾക്കുകൂടി ഉപകരിക്കുന്ന ഒരു സ്ഥാപനമായിത്തീർന്നു. മുൻസിഫ് കോടതികൾ സ്ഥാപിച്ചും നിയമങ്ങൾ നിർമിച്ചും തിരുവിതാംകൂറിൽ നീതിന്യായപരിപാലനം ഊർജിതമാക്കിയപ്പോൾ "അതിലേക്കു വേണ്ട നിയമങ്ങളും സർക്കാർ ഗസറ്റും സി.എം.എസ്.പ്രസ്സിൽ അടിപ്പിച്ചു പോന്നു." (വി.ടി. ഡേവിഡ്, 1930: 33 –34) 1833-ൽ കോളറ വ്യാപകമായപ്പോൾ പൊതുവിതരണത്തിനുവേണ്ടി ഗവൺമെന്റ് മെഡിക്കൽ ഓഫീസറുടെ ആവശ്യപ്രകാരം കോളറയെക്കുറിച്ചുള്ള ഒരു ലഘുലേഖ 400 കോപ്പി പ്രസ്സിൽനിന്ന് അച്ചടിച്ചു കൊടുത്തു.

ഇംഗ്ലണ്ടിൽനിന്ന് അച്ചടിയന്ത്രവും മദ്രാസിൽനിന്ന് ടൈപ്പും എത്തി, പ്രവർത്തനം ഭാഗികമായി ആരംഭിച്ചപ്പോൾതന്നെ ഇംഗ്ലണ്ടിൽനിന്ന് പരിചയസമ്പന്നനായ ഒരു അച്ചടിക്കാരനെ കോട്ടയത്തേക്ക് അയയ്ക്കണമെന്ന് ബെയിലി ആവശ്യപ്പെട്ടിരുന്നു. അതുപോലെ ബൈബിൾ അച്ചടി ആരംഭിക്കുമ്പോളേയ്ക്കും ഒന്നോ രണ്ടോ അച്ചടി യന്ത്രങ്ങൾകൂടി വേണ്ടിവന്നേക്കുമെന്നും അത്രയ്ക്ക് അച്ചടി ജോലികൾ ഉണ്ടായേക്കുമെന്നും അദ്ദേഹം എഴുതി. സ്കൂളിലെ ഉപയോഗത്തിന് അച്ചടിച്ച പുസ്തകങ്ങൾ ഇല്ലാത്തതുകൊണ്ട് ഹെൻറി ബേക്കറിന് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. ഇപ്പോഴുള്ള അച്ചടിയന്ത്രത്തിൽ മുഴുവൻ സമയവും വേദപുസ്തകം അച്ചടിച്ചുകൊണ്ടിരിക്കുന്നതിനാൽ മറ്റൊരു ജോലിയും ചെയ്യാൻ പറ്റുകയില്ല. അതുകൊണ്ട് രണ്ടാമതൊരു അച്ചടിയന്ത്രംകൂടി കോട്ടയത്തു സ്ഥാപിക്കണമെന്നു ബേക്കർ അത്യധികമായി ആഗ്രഹിച്ചു എന്ന് *സി.എം.എസ്. പ്രൊസീഡിങ്സ്* രേഖപ്പെടുത്തിയിരിക്കുന്നു.

ആദ്യ അച്ചടിയന്ത്രം ഇംഗ്ലണ്ടിൽനിന്നു വന്നതിനുശേഷം ടൈപ്പിനുവേണ്ടി ദീർഘകാലം കാത്തിരുന്നതു നിഷ്ഫലമായപ്പോൾ അച്ചുകൾ സ്വയം ഉണ്ടാക്കാൻ ബെയിലി തയ്യാറായി. അച്ചുകൾ തയ്യാറാക്കിക്കഴിഞ്ഞപ്പോൾ ഒരു അച്ചടിയന്ത്രംകൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ലെന്നുറപ്പായി. പുതുതായി ഒന്നോ രണ്ടോ യന്ത്രങ്ങൾകൂടി നൽകണമെന്ന് കറസ്പോണ്ടിങ് കമ്മറ്റിയോട് ആവശ്യപ്പെടുകയും അതിനുവേണ്ടി ഒരു വർഷത്തോളം കാത്തിരിക്കുകയും ചെയ്തു. അതും നിഷ്ഫലമാണെന്നു കണ്ടപ്പോൾ, തന്റെ 'കല'യിൽ ഒരിക്കൽകൂടി 'സാഹസികത' കാട്ടാൻ ബെയിലി നിർബന്ധിതനായി, അച്ചുനിർമാണത്തിലെന്നതുപോലെ തദ്ദേശീയമായ മനുഷ്യവിഭവശേഷിയും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി, ഇംഗ്ലണ്ടിൽനിന്നു ലഭിച്ച അച്ചടിയന്ത്രത്തിന്റെ മാതൃകയിൽ ബെയിലി സ്വന്തമായി ഒരു അച്ചടിയന്ത്രം ഉണ്ടാക്കി. "യന്ത്രം മതിയാകാത്തതിനാൽ മരം കൊണ്ട് ഒരു പ്രസ്സും ഉണ്ടാക്കി" എന്ന് *തിരുവിതാംകൂർ കൊച്ചി ആംഗ്ലേയ സഭാ ചരിത്ര*കാരൻ ഇതിനെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. ബെയിലി തടികൊണ്ടുണ്ടാക്കിയ അച്ചടിയന്ത്രം സി.എം.എസ്. പ്രസ്സിൽ സൂക്ഷിച്ചിട്ടുണ്ട്.

ബെഞ്ചമിൻ ബെയിലി

രണ്ട് അച്ചടിയന്ത്രങ്ങളും മതിയാകാതെ വന്നു. കൂടുതൽ എണ്ണത്തിനു വേണ്ടി കറസ്പോണ്ടിങ് കമ്മറ്റിയ്ക്കെഴുതിയാൽ ദീർഘമായ കാത്തിരിപ്പല്ലാതെ മറ്റു സത്വരഫലങ്ങളൊന്നുമുണ്ടാകുകയില്ല. അഞ്ചുരൂപ ശമ്പളത്തിൽ ഒരു വേദവായനക്കാരനെ നിയമിക്കുന്നതിനുപോലും കമ്മറ്റിയുടെ മുൻകൂർ അനുവാദം വേണമെന്നിരിക്കെ, ബെയിലി മറ്റൊരു സാഹസികതകൂടി കാണിച്ചു: ബോംബെയിൽനിന്ന് രണ്ട് അച്ചടിയന്ത്രങ്ങളും കുറെ ടൈപ്പ് മെറ്റലും ആരുടെയും അനുവാദമില്ലാതെ വാങ്ങി. 1827 ഒടുവിലായിരുന്നു ഇത്. വാങ്ങിയതിനുശേഷം അതിന്റെ പണം നൽകണമെന്നു മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയോട് അപേക്ഷിച്ചു. ആദ്യം അപേക്ഷ അനുവദിക്കാതെ മാറ്റിവെച്ചു. ഇതു സംബന്ധിച്ച് മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയുടെ 1827 ഡിസംബർ 31-ലെ യോഗത്തിന്റെ മിനിറ്റ്സിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: “Read a letter from the Rev.B. Bailey dated 10th December 1827- Replying to the Secretary’s circular of December 1st and requestig the committee to defray the expences of a printing press and type metal purchased at Bombay amounting to 398 Rupees.-

Resolved that as the 2 Printing Presses which Mr. Bailey states in his letter to have been procured from Bombay have been purchased without the knowledge or sanction of the Corresponding Committee the Secretary be requested to call upon the missionaries at Cotym for further information on this subject before sanction be given for the payment of the sum applied for.-”

പിന്നീട് രണ്ട് അച്ചടിയന്ത്രങ്ങൾ വാങ്ങിയതു സംബന്ധിച്ചു കോട്ടയം മിഷനറിമാർ വിശദീകരണം നൽകുകയും കറസ്പോണ്ടിങ് കമ്മറ്റി അത് അംഗീകരിച്ച്, തുക അനുവദിക്കുകയും ചെയ്തു: “Read a letter from the Rev. Messers Bailey, Baker and Doran, dated 12th February 1828... Giving an explanation regarding the purchase of 2 Printing Presses from Bombay-and enclosing a list of supplies required by the mission... Resolved that the Rev. B. Bailey be authorised to draw on the treasurer for the sum of 398 Rs. to defray the expences of the same agreeably to the request made in his letter of the 10th of December last.”

ബെഞ്ചമിൻ ബെയിലി രണ്ടു പ്രസ്സുകളും ടൈപ്പ്മെറ്റലും വാങ്ങിയത് ബോംബെയിൽനിന്നാണെന്ന് മേൽപ്പടി മിനിറ്റ്സുകളിൽനിന്ന് സുവ്യക്തമാണ്. എന്നാൽ, ജോൺ ചാണ്ടിയെപ്പോലെ ആധികാരിക ചരിത്രരചന നടത്തിയിട്ടുള്ളവർപോലും “1828-ൽ ഇംഗ്ലണ്ടിൽനിന്നു രണ്ടു പ്രസ്സുകൾകൂടി വന്നുചേർന്നു” എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇംഗ്ലണ്ടിൽനിന്ന് പ്രസ്സുകൾ വരികയല്ല; ബോംബെയിൽനിന്നു വാങ്ങുകയായിരുന്നു. അതു വാങ്ങിയത് 1828-ൽ ആയിരുന്നില്ല; 1827-ൽ ആയിരുന്നു. സി.എം.എസിന്റെ മുപ്പതാം റിപ്പോർട്ടിൽ, കോട്ടയം അച്ചടിശാലയിൽ നാല് അച്ചടിയന്ത്രങ്ങൾ സ്ഥിരമായി പ്രവർത്തിക്കുന്നുവെന്ന് പറയുന്നു. ഇതോടെ ധാരാളം അച്ചടി ജോലികൾ

ദിവസേന ചെയ്യാൻ കഴിയുമെന്നായി. രണ്ടു വർഷം കഴിഞ്ഞപ്പോൾ, 1829-ൽ, ബൈബിൾ *പുതിയനിയമ*ത്തിന്റെ പ്രസിദ്ധീകരണം പൂർത്തിയാക്കാൻ കഴിഞ്ഞു എന്നുള്ളതു സ്മരണീയമാണ്.

കേരളത്തിൽ മലയാളം അച്ചടി ആരംഭിക്കുകമാത്രമല്ല, മലയാളം അച്ചടിയുടെ പ്രചാരണത്തിനും ബെയിലി മുൻകൈയെടുത്തു. മദ്രാസ് ഗവൺമെന്റ്, എൽ.എം.എസ്., തിരുവിതാംകൂർ സർക്കാർ എന്നിവരുടെ അച്ചടിശാലകൾക്കു മലയാളം അച്ചുകൾ വാർത്തു നൽകുന്നതിനുള്ള ഏർപ്പാടുകളും ബെയിലി ചെയ്തു. പുതിയൊരു കലയും അത്ഭുതവിദ്യയുമായ അച്ചടി തിരുവിതാംകൂർ ഭരണാധികാരികളുടെ ശ്രദ്ധയാകർഷിച്ചിരുന്നു. തിരുവിതാംകൂർ രാജാക്കന്മാർ രണ്ടു തവണ ഈ പ്രസ്സ് സന്ദർശിക്കുകയുണ്ടായി. 1836-ൽ തിരുവിതാംകൂർ മഹാരാജാവ് പ്രസ്സ് സന്ദർശിക്കുകയും അന്ന് അച്ചടിയിലായിരുന്ന നിഘണ്ടുവിന്റെ താളുകൾ മി.ബെയിലി അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു. തുടക്കത്തിൽതന്നെ അച്ചടിശാല അത്രയധികം പ്രശസ്തിയുള്ളൊരു സാമൂഹികസേവന കേന്ദ്രമായിത്തീർന്നിരുന്നു.

സി.എം.എസ്. പ്രസ്സിലെ മുദ്രണം

സി.എം.എസിന്റെ അച്ചടിശാല എന്ന നിലയിൽ ബൈബിളും ഇതര ക്രൈസ്തവസാഹിത്യകൃതികളുമാണ് പ്രധാനമായി അച്ചടിച്ചിരുന്നതെങ്കിലും കേരളത്തിലെ ആദ്യഅച്ചടിശാല എന്ന നിലയിൽ മതേതര സ്വഭാവമുള്ള ഒട്ടു വളരെ കൃതികൾ അവിടെ മുദ്രണം ചെയ്തിരുന്നു. മതപരം എന്ന കാഴ്ചപ്പാടിലൂടെയല്ലാതെ, പുസ്തക പ്രസാധനത്തിന്റെ പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ സി.എം.എസ്. പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ബൈബിൾ ഉൾപ്പെടെയുള്ള ക്രൈസ്തവ ഗ്രന്ഥങ്ങളുടെ പതിപ്പുകളുടെയും കോപ്പികളുടെയും ബഹുലത എക്കാലത്തും ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. *സുവിശേഷങ്ങൾ* നാലും ഒറ്റയൊറ്റ ലഘുഗ്രന്ഥങ്ങളായി ആദ്യം പ്രസിദ്ധപ്പെടുത്തി. ഓരോന്നിന്റെയും ഓരോ പതിപ്പിൽത്തന്നെ മൂവായിരവും അയ്യായിരവുമൊക്കെ കോപ്പികൾവീതമാണ് അച്ചടിച്ചിരുന്നത്. *വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം* 5000 കോപ്പികളുടെ ഒരു പതിപ്പ് അച്ചടി പൂർത്തിയായതായി 1828-ലെ *മിഷനറി രജിസ്റ്ററിൽ* പ്രസ്താവിച്ചിട്ടുണ്ട്. ഇന്ന് പല പ്രമുഖ പ്രസാധകരും അവരുടെ ചില ശീർഷകങ്ങളെങ്കിലും അഞ്ഞൂറു കോപ്പി വീതമാണ് മുദ്രണം ചെയ്യുന്നതെന്നോർക്കുക.

മദ്രാസ് ഫോർട്ട് സെന്റ്ജോർജ് കോളജ് ടൈപ്പ് ഉപയോഗിച്ച് മുദ്രണം ചെയ്ത കൃതികളിലൊന്ന് *ചെറുപൈതങ്ങൾക്ക...കഥകൾ* ആയിരുന്നു. അത് സ്കൂൾ-കോളജ് വിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി തയ്യാറാക്കിയ നല്ലൊരു കഥാസമാഹാരമായിരുന്നു. ഇതുപോലെ എത്രയോ സ്കൂൾ-കോളജ് പാഠപുസ്തകങ്ങൾ സി.എം.എസ്. പ്രസ്സിൽ അച്ചടിച്ചിട്ടുണ്ട്. *വിദ്യാമൂലങ്ങൾ*, *മൃഗചരിതം* എന്നിങ്ങനെയുള്ള ശാസ്ത്രകൃതികളും അവയിലുണ്ടായിരുന്നു. ഭാഷയിലെ ആദ്യകാല നിഘണ്ടുക്കളും വ്യാകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ചത് സി.എം.എസ്. പ്രസ്സ് ആയിരുന്നു.

ബെഞ്ചമിൻ ബെയിലി

സർക്കാർ അച്ചുകൂടം സ്ഥാപിക്കുന്നതുവരെ ഗവൺമെന്റ് ഗസറ്റ് അച്ചടിച്ചിരുന്നതു സി.എം.എസ്. പ്രസ്സിലാണ്. കോട്ടയത്ത് ആദ്യം അച്ചടിക്കാനുദ്ദേശിച്ചിരുന്ന കൃതികളിലൊന്ന്, രേഖകൾ പ്രകാരം, തിരുവിതാംകൂർ ഗവൺമെന്റ് റഗുലേഷനും മറ്റൊന്ന് കൊച്ചി ദിവാന്റെ ജാതിവ്യവസ്ഥ സംബന്ധിച്ച ഉപന്യാസവുമായിരുന്നു.

സി.എം.എസ്. പ്രസ്സിൽ സർക്കാർമാത്രമല്ല മറ്റു സ്ഥാപനങ്ങളും സ്വകാര്യവ്യക്തികളും പുസ്തകങ്ങൾ അച്ചടിച്ചിരുന്നു. ബാസൽ മിഷൻ ആധുനികരീതിയിലുള്ള അച്ചടിയന്ത്രം സ്ഥാപിക്കുന്നതിനു മുമ്പ് ഗുണ്ടർട്ടിന്റെ *സത്യവെദ ഇതിഹാസം* (1841) തുടങ്ങിയ കൃതികൾ അവിടെ അച്ചടിച്ചിരുന്നു. സുറിയാനി, സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് തുടങ്ങിയ ഭാഷകളിലും പലപ്പോഴായി അച്ചടി നിർവഹിച്ചിട്ടുള്ള സി.എം.എസ്. പ്രസ്സ് കേരളത്തിലെ ആദ്യത്തെ ബഹുഭാഷാമുദ്രണാലയവുമായിരുന്നു.

അച്ചടിയും പുസ്തകപ്രസാധനവുംപോലെ പൊതുവിദ്യാഭ്യാസത്തെയും ഭാഷാസാഹിതിയെയും എക്കാലത്തും പരിപോഷിപ്പിച്ചിട്ടുള്ള ഒന്നാണ് പത്ര-മാസികകൾ. ഈ മേഖലയിൽ സ്തുത്യർഹമായ സംഭാവനകൾ നൽകുന്നതിന് സി.എം.എസ്. പ്രസ്സിനു സാധിച്ചിട്ടുണ്ട്. മുഖ്യ ബൗദ്ധിക വ്യാപാരങ്ങളായ എഴുത്തിന്റെയും വായനയുടെയും സംസ്കാരത്തിലേക്ക് ജനങ്ങളെ കൈപിടിച്ചുയർത്തുന്നതിൽ പുസ്തകങ്ങൾക്കൊപ്പം പങ്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുമുണ്ട്. നാവും കാതും ഉപാധികളായുള്ള വായ്മൊഴി സമ്പ്രദായത്തിൽ നിർവഹിച്ചിരുന്ന ആശയവിനിമയത്തെ കണ്ണിന്റെ വ്യാപാരമാക്കി, ദൃശ്യതലത്തിലേക്കുയർത്തിയ ആദ്യത്തെയും പ്രമുഖവുമായ സാങ്കേതികവിദ്യ അച്ചടിയാണ്. അച്ചടിയുടെ ലോകചരിത്രത്തിൽ എ.ഡി. 1450 മുതൽ 1550 വരെയുള്ള ആദ്യഘട്ടത്തിൽ പുസ്തകപ്രസാധനത്തിനായിരുന്നു ഊന്നൽ. എ.ഡി. 1550 -1800 വരെയുള്ള രണ്ടാം ഘട്ടത്തിൽ വാർത്താപത്രങ്ങൾക്കും ഇതര ആനുകാലികപ്രസിദ്ധീകരണങ്ങൾക്കുമായിരുന്നു പ്രാമുഖ്യം. കേരളത്തിലും അച്ചടിചരിത്രത്തിന്റെ രണ്ടാം ഘട്ടത്തിലായിരുന്നു ആനുകാലിക പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചതും വ്യാപകമായി പ്രചരിച്ചതും. അതിന്റെ തുടക്കവും സി.എം.എസ്. പ്രസ്സിലായിരുന്നു-ബെയിലി സാരഥ്യം വഹിക്കുമ്പോഴുമായിരുന്നു. 1848-ൽ ജോൺ ഹോക്സ്വർത്തിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച *ജ്ഞാനനിക്ഷേപം* മലയാളത്തിലെ ആദ്യത്തെ മാസവർത്തമാനപത്രമായിരുന്നു. ഇത് സ്ഥിരമായി വായിക്കുകയും എഴുതുകയും ചെയ്യുന്നവരുടെ ഒരു സമൂഹത്തെ കേരളത്തിൽ സൃഷ്ടിച്ചു. പിൽക്കാലത്ത് മറ്റ് അനവധി ആനുകാലിക പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചുകൊണ്ട് സി.എം.എസ്. പ്രസ്സ് ആനുകാലിക പ്രസിദ്ധീകരണ സംരംഭത്തിനു കേരളീയ സമൂഹത്തിൽ സുപ്രതിഷ്ഠ നേടിക്കൊടുത്തു. *ജ്ഞാനനിക്ഷേപ*ത്തിനു പുറമേ മറ്റു പല പത്ര-മാസികകളും സി.എം.എസ്. പ്രസ്സിൽ കാലാകാലങ്ങളിൽ അച്ചടിച്ചിരുന്നു. ഡബ്ലിയു. എച്ച്. മൂർ 1867-ൽ ആരംഭിച്ച *ട്രാവൻകൂർ ഹെറാൾഡ്, സന്ദിഷ്ടവാദി* എന്നിവയാണു മറ്റു രണ്ടെണ്ണം. തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ട

ആദ്യപത്രമായിരുന്നു *സന്ദിഷ്ടവാദി. മലയാളമിത്രം, കുടുംബപ്രിയവാദിനി, ട്രാവൻകൂർ-കൊച്ചിൻ ഡയോസിസൻ ഗസറ്റ്, ഡയോസിസൻ റിക്കോർഡ്* തുടങ്ങി വേറെയും ആനുകാലികപ്രസിദ്ധീകരണങ്ങൾ അവിടെ അച്ചടിച്ചിരുന്നു. പ്രശസ്തമായ *വിദ്യാസംഗ്രഹം* അച്ചടിച്ചിരുന്നതും സി.എം.എസ്. പ്രസ്സിലായിരുന്നു.

അച്ചടിയും സാംസ്കാരിക രംഗവും

റോമിൽ അച്ചടിച്ച *സംക്ഷേപവേദാർത്ഥ*ത്തെയും ബോംബെയിൽ മുദ്രണം ചെയ്ത *റമ്പാൻ ബൈബിളി*നെയുംകുറിച്ച് അൽപ്പജ്ഞാനമോ കേട്ടുകേഴ്വിയോമാത്രമുണ്ടായിരുന്ന കേരളീയസമൂഹത്തിലേക്കു ചെറുതും വലുതുമായ നൂറുകണക്കിനു പുസ്തകങ്ങളുടെ വലിയൊരു പ്രവാഹമാണു ബെഞ്ചമിൻ ബെയിലി അണപൊട്ടിച്ചു വിട്ടത്-പൊതുവായനയ്ക്കുള്ള മതപരവും മതേതരവുമായ പുസ്തകങ്ങളുടെ ഒരു മഹാപ്രവാഹം. അതിനു പുറമേ ആയിരുന്നു പാഠപുസ്തകങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും. ലോകത്തെവിടെയും പൊതുവിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനു സഹായിച്ചിട്ടുള്ളത് അച്ചടിയാണ്. അച്ചടിയുടെ അഭാവത്തിൽ അഥവാ അച്ചടിപ്രചരിക്കുംമുമ്പ് ഏതു സമൂഹത്തിലും വിദ്യാഭ്യാസം ഒരു ന്യൂനപക്ഷത്തിനുമാത്രമേ ലഭ്യമായിട്ടുള്ളൂ. വിദ്യാഭ്യാസം ജനകീയമായതും ജനസമൂഹങ്ങൾ ഭൂരിപക്ഷ സാക്ഷരതയിലേക്ക് പുരോഗമിക്കുന്നതും അച്ചടിയുടെ പ്രചാരത്തോടുകൂടി മാത്രമാണ്. വിദ്യാഭ്യാസത്തിന് ഒരു ഏകീകൃതനിലവാരമുണ്ടാകുന്നതും അച്ചടിച്ച പാഠപുസ്തകങ്ങൾ ലഭ്യമാകുമ്പോൾ മാത്രമാണ്. അച്ചടിയും പൊതുവിദ്യാഭ്യാസവും തമ്മിലുള്ള ഇപ്പറഞ്ഞ സുവിദിതമായ ബന്ധം കേരളത്തിലെ പൊതുവിദ്യാഭ്യാസചരിത്രത്തിന്റെ ഗതിയെ നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്.

ഭാഷകളുടെ മാനകീകരണത്തിൽ (standardisation) നിർണായകശക്തിയായി പ്രവർത്തിക്കുന്നത് അച്ചടിയും പൊതുവിദ്യാഭ്യാസവുമാണ്. അച്ചടി അതിന്റെ രണ്ടു പ്രമുഖ വ്യാപാരങ്ങളായ പുസ്തകപ്രസാധനം, ആനുകാലികപ്രസിദ്ധീകരണം ഇവയിലൂടെയാണ് ഈ ദൗത്യം നിർവഹിക്കുന്നത്. പൊതുവിദ്യാഭ്യാസം കരുത്താർജിക്കുന്നതും അച്ചടിയുടെ സഹായത്തോടെയാണ്. ഇങ്ങനെ, അച്ചടി, ലോകത്തെവിടെയും, സാംസ്കാരിക നവോത്ഥാനത്തിന്റെ പിന്നിലെ മുഖ്യ ചാലകശക്തിയായിത്തീരുന്നു.

പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള ഹൈന്ദവ ഭക്തിസാഹിത്യം ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെയും സാഹിത്യത്തിന്റെയും വികാസത്തിനു നൽകിയ സംഭാവനകൾ പ്രഖ്യാതമാണ്. പക്ഷേ, അത് പദ്യസാഹിത്യത്തിന്റെ പ്രചാരത്തിനും വികാസത്തിനുമാണു സഹായിച്ചത്. എന്നാൽ പതിനാറാം നൂറ്റാണ്ടുമുതൽ ഇന്ത്യയിൽ വ്യാപകമായിരുന്ന മിഷനറിപ്രവർത്തനവും അതിന്റെ ഫലമായ ക്രൈസ്തവ ഭക്തിസാഹിത്യവും വിവിധ പ്രാദേശിക ഭാഷകളിൽ ഗദ്യത്തിന്റെയും ഗദ്യസാഹിത്യശാഖകളുടെയും വികാസത്തിനു കാരണമായിത്തീർന്നു. മിഷനറിമാർ പ്രചാരത്തിൽ വരുത്തിയ അച്ചടി



ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന
പരിഭാഷപ്പെടുത്തിയ കഥകളിൽനിന്ന്

1811-ൽ ബോംബെ കൂരിയർ പ്രസ്സിൽ അച്ചടിച്ച മലയാളം ബൈബിളിലെ അക്ഷരങ്ങൾ

ബെഞ്ചമിൻ ബെയിലി

ഗദ്യത്തെ ആശയവിനിമയത്തിന്റെയും സാഹിത്യത്തിന്റെയും ശക്തമായ മാധ്യമമായിത്തീരുന്നതിനു സഹായിച്ചു. മലയാളത്തിലും അച്ചടി ഗദ്യസാഹിത്യത്തിന്റെ വികാസത്തിനും ആധുനിക മലയാള ഗദ്യത്തിന്റെ മാനകീകരണത്തിനും നിമിത്തമായിത്തീർന്നു.

മലയാളത്തിൽ തെക്കൻഭാഷ, വടക്കൻഭാഷ മധ്യതിരുവിതാംകൂർഭാഷ എന്നീ പ്രാദേശിക ഭാഷാഭേദങ്ങൾക്കുമീതേ ഒരു നിലവാരപ്പെട്ട മലയാളം ഉരുത്തിരിയുന്നതിന് അച്ചടി സഹായിച്ചു. പദതലത്തിലും വാക്യഘടനയിലും നിലവിലിരുന്ന പ്രാദേശികവും തൽക്കാലീനവുമായ സവിശേഷതകൾ ഇല്ലായ്മ വരുത്തി, ഇവ്വിധത്തിൽ മലയാള ഭാഷയെ മാനകീകരിച്ചത് അച്ചടിയാണ്. ഭാഷയുടെ മാനകീകരണത്തിൽ അച്ചടിയുടെ പ്രവർത്തനം എല്ലാ ഭാഷകളിലും ഒരുപോലെയായിരുന്നുവെന്നു കാണാൻ കഴിയും. അച്ചടി ലോകഭാഷയായ ഇംഗ്ലീഷിനെ എങ്ങനെ മാനകീകരിച്ചു എന്ന് പ്രമുഖ മുദ്രണ ചരിത്രകാരനായ എസ്.എച്ച്. സ്റ്റീൻബെർഗ് വിശദമാക്കുന്നത് നോക്കുക:

"Having fortified the 'language walls' between one nation and another, the printers proceeded to break down the minor differences of speech-most noticeably of vocabulary, grammatical forms and syntax - within any given language group. If today the 'Queen's English' has become the standard idiom of millions of writers and readers, beside which the dialects of Kent, Lancashire, Northumberland and all the rest have vanished into local insignificance, William Caxton and his brothers-in-art may justly claim the credit for it. It was Caxton, who overcome the perplexing confusion of Middle-English dialects, and, by adopting that of the Home Counties and London, fixed a standard never to be abandoned. Caxton was very conscious of his service to a unified English Language. He reinforced his argument by the charming anecdote of the Kentish woman off North Foreland whom a London merchant asked for some 'eggys'. 'And the good wyfe answered that she coude speke no frenshe'. It was only when another man asked for 'eyren' (cp. German 'Eier') that she 'sayd she vnderstod hym wel'... The standardisation of the English language through the effects of printing has led to tremendous expansion of the vocabulary, a virtual ban on the development of accidence and syntax, and an ever-widening gulf between the spoken and the written word. Local and regional differences tend to be ironed out or suppressed; though a very large number of provincial words and phrases have conversely been raised to the national level... The most remarkable, or at least the most visible expression of the standardisation of the English language through the egalitarianism of the press is to be seen in our modern spelling. Up to the invention of printing, spelling was largely phonetic; that is to say, every scribe rendered the

words on parchment or paper more or less as he heard them." (1959: 88-89)

അച്ചടി ഇംഗ്ലീഷ് ഭാഷയുടെ മാനകീകരണത്തിനു നിമിത്തമായതിനെക്കുറിച്ചു മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം സൈദ്ധാന്തികമായി മലയാളത്തെ സംബന്ധിച്ചും യോജിക്കുന്നതാണ്. അച്ചടിയുടെ കണ്ടുപിടുത്തം ഭാഷകളുടെ വികാസത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അച്ചടി മൂന്നു വിധത്തിൽ ഭാഷയ്ക്കുമേൽ പ്രവർത്തിക്കുന്നു: വിഭിന്നങ്ങളായ പ്രാദേശിക ഭേദങ്ങൾക്കുമീതേ ഒരു നിലവാരപ്പെട്ട ഭാഷ രൂപപ്പെടുത്തുന്നു; ഭാഷയിൽ ഉരുത്തിരിയുന്ന പുതിയ പദങ്ങൾക്കും പ്രയോഗങ്ങൾക്കും പ്രചാരം നൽകുന്നു; പകർത്തിയെഴുത്തുകാരുടെ അശ്രദ്ധയോ അറിവില്ലായ്മയോ കേൾക്കുന്നതുപോലെയുള്ള എഴുത്തോകൊണ്ട് പദങ്ങളിലെ വർണവിന്യാസത്തിലുണ്ടാകുമായിരുന്ന അവ്യവസ്ഥ ഒഴിവാക്കി, നിയതമായ ഒരു വർണവിന്യാസക്രമം (spelling) ഉറപ്പിക്കുന്നു. ഇംഗ്ലീഷ് പദങ്ങളുടെ 'സ്പെല്ലിങ്ങി'ൽ ആയിരുന്നു അവ്യവസ്ഥ എങ്കിൽ മലയാളത്തിൽ കൂട്ടക്ഷരങ്ങൾ എഴുതുന്നതിലും കൂട്ടക്ഷരങ്ങളോടും വ്യഞ്ജനങ്ങളോടും സ്വരചിഹ്നങ്ങൾ (ഉപലിപികൾ) ചേർത്ത് എഴുതുന്നതിലുമായിരുന്നു അവ്യവസ്ഥ നിലനിന്നിരുന്നത്. ബെയിലി വിവിധ ഗ്രന്ഥങ്ങളുടെ പരിഭാഷ നിർവഹിക്കുന്ന കാലത്തും അച്ചടി ആരംഭിക്കുമ്പോഴും ഗദ്യം അവഗണനാർഹമാം വിധം ശുഷ്കമായിരുന്നു; ചുറ്റും തുള്ളിത്തുളുമ്പി നിന്നിരുന്നതു പദ്യത്തിന്റെ കടലാണ്. ആധുനിക അച്ചടി ആരംഭിക്കുമ്പോൾ കോലെഴുത്തും മലയാണ്മയും ആര്യഎഴുത്തിന് (ഗ്രന്ഥലിപി) ഒപ്പമോ അതിലധികമായോ പ്രചാരത്തിലുണ്ടായിരുന്നു.

പക്ഷേ മലയാളം അച്ചടി ആശയവിനിമയത്തിനുള്ള ബഹുജനമാധ്യമം എന്ന നിലയിൽ ഗദ്യത്തെ സ്വീകരിക്കുകയും ഗദ്യം അച്ചടിക്കുന്നതിനു ഗ്രന്ഥലിപി ഉപയോഗിക്കുകയും ചെയ്തു. ഈ സംഗതിയാണ്, മലയാളത്തിൽ അതീവ സമ്പന്നമായിരുന്ന പദ്യഭാഷയെ പിന്തള്ളി, തുലോം ശുഷ്കമായിരുന്ന ഗദ്യഭാഷ പുരോഗമിക്കുന്നതിനും വളരുന്നതിനും വഴിയൊരുക്കിയത്. ചുരുക്കത്തിൽ, മേൽപ്പറഞ്ഞ മൂന്ന് ഉപാധികളിലൂടെ അച്ചടി മലയാളഗദ്യത്തെ നിലവാരപ്പെടുത്തുകയും ആധുനിക മലയാളഗദ്യത്തിന്റെ ഉൽപ്പത്തി വികാസങ്ങൾക്കു നിമിത്തമാകുകയും ചെയ്തു.

അച്ചടി തുടക്കത്തിൽ ഒരു 'കലയും സാഹസികതയു' മായിരുന്നെങ്കിൽ പിന്നീട് അതൊരു സാങ്കേതിക വിദ്യയും വ്യവസായവുമായി വളർന്നു. ഇന്ന് അച്ചടി പുസ്തകത്തിന്റെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ലോകത്ത് ഒതുങ്ങി നിൽക്കുന്നില്ല. അച്ചടിയുടെ ലോകം പ്രത്യക്ഷമായോ പരോക്ഷമായോ മനുഷ്യന്റെ സമസ്ത ജീവിതമേഖലകളെയും സ്പർശിക്കുന്നുണ്ട്. അച്ചടിയും അതുമായി ബന്ധപ്പെട്ട അനുബന്ധവ്യവസായങ്ങളും-കടലാസ് നിർമാണം, യന്ത്രോപകരണ നിർമാണം, മഷി നിർമാണം, ബയന്റിങ് സാമഗ്രികളുടെ നിർമാണം, പുസ്തക വിൽപ്പന, പത്രപ്രവർത്തനം തുടങ്ങിയവ-സമൂഹത്തിന്റെ തൊഴിൽ-സാമ്പത്തിക കാര്യങ്ങളിൽ എന്തെ



ബെഞ്ചമിൻ ബെയിലി മരംകൊണ്ടു നിർമിച്ച പ്രസ്സ്

ബെഞ്ചമിൻ ബെയിലി

ന്നില്ലാത്ത സ്വാധീനം ചെലുത്തുന്നുണ്ട്. തദ്ദേശീയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി, കേരളത്തിലാദ്യമായി അച്ചും അച്ചടിയന്ത്രവും ബയന്റിങ് സാമഗ്രികളും കടലാസും നിർമിച്ച്, വൻതോതിലുള്ള അച്ചടിക്ക് പ്രാരംഭംകുറിച്ച ബെഞ്ചമിൻ ബെയിലി കേരളത്തിലെ അച്ചടി വ്യവസായത്തിന്റെ പ്രാരംഭകനാണ്.

യൂറോപ്യൻ നവോത്ഥാനത്തിനു വഴിതെളിച്ചത് പ്രധാനമായും നാല് കണ്ടുപിടുത്തങ്ങളാണെന്നു പ്രസിദ്ധം. ഇവയിൽ യൂറോപ്പിന്റെ സാംസ്കാരിക നവോത്ഥാനത്തിനു കാരണമായിത്തീർന്നത് അച്ചടിയന്ത്രത്തിന്റെയും കടലാസിന്റെയും കണ്ടുപിടിത്തമാണ്. ആധുനിക സമൂഹങ്ങളുടെ സാംസ്കാരിക വികാസവും പുരോഗതിയും നിർണയിച്ച മുഖ്യഘടകങ്ങളിലൊന്ന് അച്ചടിയാണ്. ലോകത്ത് ഒരേകാലത്ത് കണ്ടുപിടിക്കപ്പെട്ട രണ്ടു വസ്തുക്കളായിരുന്നു കടലാസും വെടിമരുന്നും. ഭൂപടത്തിൽ ചോരച്ചാലുകൾകൊണ്ട് അതിർത്തി രേഖകൾ തീർക്കാനും മായ്ക്കാനും മാറ്റാനുമാണ് വെടിമരുന്നു സഹായിച്ചതെങ്കിൽ സാംസ്കാരിക മുന്നേറ്റത്തിലൂടെ ലോകജനതയെ ഒരുമിപ്പിക്കാൻ അച്ചടി സഹായകമായി. കാലത്തിനും ദേശത്തിനും ഭാഷയ്ക്കും അതീതമായി മനുഷ്യന്റെ അടിസ്ഥാന താൽപ്പര്യങ്ങളും പ്രശ്നങ്ങളും ഒന്നുതന്നെയാണെന്നു ജനങ്ങൾക്കു മനസ്സിലാക്കികൊടുത്തത് അച്ചടിച്ച അക്ഷരങ്ങളാണ്. ലോകത്തൊട്ടാകെ സാംസ്കാരിക നവോത്ഥാനത്തിനു കാരണമായിത്തീർന്ന അച്ചടി കേരളീയസമൂഹത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിനും പരിഷ്കരണത്തിനും വഴിതെളിച്ചു. അച്ചടിയുടെ ബഹുമുഖവ്യാപാരങ്ങളായ ഗദ്യഭാഷയുടെ വികാസം, ഭാഷയുടെ മാനകീകരണം, പുസ്തകപ്രസാധനം, ആനുകാലിക പ്രസിദ്ധീകരണം, പൊതുവിദ്യാഭ്യാസത്തിനാവശ്യമായ വിവിധ ഉപാധികളുടെ നിർമാണം, വ്യവസായവൽക്കരണം എന്നിവയാണ് അതിനു സഹായകമായത്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ അച്ചടിയും അനുബന്ധ പ്രവർത്തനങ്ങളും ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ മലയാളം അച്ചടിയുടെ പ്രതിഷ്ഠാപകനായ ബെഞ്ചമിൻ ബെയിലി മലയാളത്തിന്റെയും കേരളത്തിന്റെയും പുരോഗതിക്കു നൽകിയ സംഭാവനകളുടെ വൈപുല്യം വ്യക്തമാകും.

4

മലയാള പുസ്തകപ്രസാധനവും കേരളത്തിൽ അച്ചടിച്ച ആദ്യ മലയാള പുസ്തകവും

ബെഞ്ചമിൻ ബെയിലി കേരളത്തിലെ ആദ്യ മലയാളം അച്ചടിശാല സ്ഥാപിച്ചതോടെ കേരളത്തിൽ മലയാളം പുസ്തകങ്ങളുടെ പ്രസാധനത്തിനു വഴിതെളിഞ്ഞു. അച്ചടിശാല സ്ഥാപിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉദ്ദേശ്യവും പുസ്തകപ്രസാധനംതന്നെ ആയിരുന്നു-വേദപുസ്തകം അച്ചടിച്ചു വിതരണം ചെയ്യുക. ബെയിലിക്കുമുമ്പ് കേരളത്തിൽ നടന്നിട്ടുള്ള അച്ചടി, ഇന്ന് അറിയുന്നിടത്തോളം, തമിഴ് ഭാഷയിലായിരുന്നു. കേരളത്തിൽ ആദ്യമായി പ്രസാധനം ചെയ്ത ഗ്രന്ഥം *ഡോക്ട്രീന ക്രിസ്തം എൻലിൻഗ്വാ മലബാർ തമുള്* (1578) ആണ്. ഇത് അച്ചടിച്ചത് കൊല്ലത്തും ഭാഷ തമിഴും ആയിരുന്നു. കേരളത്തിൽ പ്രസിദ്ധപ്പെടുത്തിയ രണ്ടാമതു കൃതിയും ഒരു *ഡോക്ട്രീന ക്രിസ്തയാണ്*- 1579-ൽ കൊച്ചിയിൽ ദൈവമാതാവിന്റെ അച്ചുകൂടത്തിൽ അച്ചടിച്ചു. ഭാഷ തമിഴ്തന്നെ. മൂന്നാമതു പുസ്തകം: 1580-ലെ *കൊമപെചിയൊ നായരു* അഥവാ Confessionairo. ഏറ്റവും ഒടുവിലായി ലഭിച്ച ഈ കൊച്ചി മുദ്രണ മാതൃകയും തമിഴിലാണ്. കൊച്ചിയിൽ അച്ചടിക്കപ്പെട്ടതായി മുദ്രണ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള മറ്റൊരു തമിഴ്ഗ്രന്ഥമാണ് ഫാ. ഹെന്റിക്കസിന്റെ *ഫ്ളോസ് സാൻക്ടോറം*. ഈ പുസ്തകത്തിന്റെ "വത്തിക്കാനിൽ അവശേഷിച്ചിട്ടുള്ള പകർപ്പിന്റെ മുഖപത്രവും ആദ്യത്തെ ഏടുകളും നഷ്ടപ്പെട്ടതുകൊണ്ട് പുസ്തകം എവിടെ അച്ചടിച്ചുവെന്നു സുനിശ്ചിതമായി സൂചിപ്പിക്കാൻ വയ്യ... ഗ്രഹാം ഷാതന്റെ സൗത്ത് ഏഷ്യാ ബിബ്ല്യോഗ്രഫിയിൽ ഈ പുസ്തകം ക്രമീകരിച്ചിട്ടുള്ളത് കൊച്ചിയുടെ കീഴിലാണ്.'' (കെ.എം. ഗോവി, 1998: 41)

മലയാള പുസ്തകപ്രസാധനം: വിദേശത്ത്

ബെഞ്ചമിൻ ബെയിലി അച്ചടി ആരംഭിക്കുന്നതിനുമുമ്പ് മലയാളം

അച്ചടിക്കുന്നതിനുള്ള ചില ശ്രമങ്ങളും മലയാള പുസ്തകപ്രസാധന ത്തിനുള്ള യത്നവും കേരളത്തിനു പുറത്ത് നടന്നിട്ടുണ്ട്. ഇവയിൽ ആദ്യ ത്തേതായി സാധാരണ പരാമർശിക്കപ്പെടാറുള്ളതു *ഹോർത്തൂസ് മലബാറി ക്കസ്* (Horte Malabarici) എന്ന ഗ്രന്ഥമാണ്. "ഫൂൾസ്ക്യാപ്പ് ഫോളിയോ സൈസിൽ പന്ത്രണ്ടു വാല്യങ്ങളിലായി 1678-നും 1693-നുമിടയ്ക്കു പ്രകാശ നം ചെയ്ത 'ഹോർത്തൂസ്' ഏതാണ്ട് എണ്ണായിരം ചിത്രങ്ങളുടെ സഹായ ത്തോടെ കേരളത്തിലെ സസ്യങ്ങളെയും മരങ്ങളെയുംകുറിച്ചു പ്രതിപാ ദിക്കുന്നു. സസ്യനാമങ്ങൾ അറബി, സംസ്കൃതം, ലത്തീൻ, മലയാളം ഭാ ഷകളിൽ നൽകിയിട്ടുണ്ട്. പുസ്തകരചനയിൽ സായിപ്പിനെ സഹായിച്ച ഇട്ടി അച്യുതന്റെ രണ്ടു പ്രസ്താവനകളും പുസ്തകത്തിൽ കാണാം. അവയിലൊ ന്നു വട്ടെഴുത്തിലും മറ്റൊന്നു മലയാള ലിപിയിലുമാണ്." (കെ.എം. ഗോവി, 1998: 88) ഇട്ടി അച്യുതന്റെ മലയാള ലിപിയിലുള്ള ഒരു പ്രസ്താവന, ഡച്ച് കമ്പനിക്കാരുടെ ദ്വിഭാഷിയായ ഇമ്മാനുവൽ കാർനൈറോവിന്റെ മലയാള ത്തിലുള്ള ഒരു പ്രസ്താവന, ഏതാനും സസ്യനാമങ്ങൾ എന്നിവയിലായി മലയാളഭാഷ ഒതുങ്ങുന്ന ഈ ലത്തീൻ കൃതിക്ക് മലയാള പുസ്തകപ്രസാ ധനചരിത്രത്തിൽ പ്രാധാന്യം ഇല്ല.

അച്ചടിക്കുവേണ്ടി മലയാളം അച്ചുകൾ ഭാഗികമായി ഉപയോഗിച്ചിട്ടുള്ള മറ്റൊരു ഗ്രന്ഥം 1772-ൽ റോമിലെ ബഹുഭാഷാമുദ്രണാലയത്തിൽ അച്ചടിച്ച *ആൽഫബെത്തും ഗ്രന്ഥോനിക്ക മലബാറിക്കം* (Alphabetum Grandonico Malabaricum sive Samscrudonicum) ആണ്. ക്ലമന്റ് പിയാനിയൂസിന്റെ ഈ കൃതി ലത്തീൻ ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ളതാണ്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, മലയാള പുസ്തകപ്രസാധനചരിത്രത്തിൽ ആദ്യസ്ഥാനത്തുനിൽക്കുന്ന കൃതി *സംക്ഷേപവേദാർത്ഥം* ആണ്. ഇത് വരാപ്പുഴ കർമ്മലീത്താ സന്യാ സാശ്രമത്തിൽ താമസിച്ചിരുന്ന ഇറ്റാലിയൻ പാതിരിയായ ക്ലമന്റ് പിയാനിയൂ സ് രചിച്ച്, 1772-ൽ റോമിലെ ബഹുഭാഷാമുദ്രണാലയത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. 1980-ൽ കോട്ടയം ഡി.സി.ബുക്സും തിരുവനന്തപുരം കാർമെൽ പബ്ലീഷിങ്ങ് സെന്ററുംചേർന്ന് *സംക്ഷേപവേദാർത്ഥ*ത്തിന്റെ ലിപ്യ ന്തരണവും (ട്രാൻസ്‌ലിറ്ററേഷൻ) പരാവർത്തനവും വ്യാഖ്യാനവും അടങ്ങിയ പുതിയ ഒരു ഫാക്സിമിലി പതിപ്പ് പ്രസിദ്ധപ്പെടുത്തി. *നസ്രാണികൾ ഒക്ക ക്കും അറിയെണ്ടുന്ന സംക്ഷെപവെദാർത്ഥം (Compendiosa Legis Explanatio Omnibus Christianis Scitu Necessaria)* എന്നാണു കൃതിയുടെ പൂർണമായ പേര്. ലാറ്റിനിലുള്ള പേരിന്റെ ആദ്യപദം ചുരുക്കി, ഈ പുസ്തകത്തെ സാധാരണയായി *കുമ്പേന്തി* എന്നു വിളിച്ചുവന്നിരുന്നു.

*സംക്ഷേപവേദാർത്ഥ*ത്തിന്റെ ഉള്ളടക്കം ഗ്രന്ഥത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്. "ഇ പൊസ്തകത്തിൽ എഴുതിയിരിക്കുന്നതിന്റെ കുറി പ്പ്" എന്ന ശീർഷകത്തിൽ നൽകിയിരിക്കുന്ന ഉള്ളടക്കം 269 മുതൽ 276 വരെ പേജുകളിലായി കാണാം. "കൂട്ടങ്ങൾ, പാഠങ്ങൾ, കാണ്ഡങ്ങൾ എന്നിങ്ങനെ വിഷയ വിഭജനവും നിർവഹിച്ചിരിക്കുന്നു. ഗുരുശിഷ്യ സംവാദരൂപത്തിലാണ്

ഗ്രന്ഥരചന. ക്രിസ്തുമതത്തിന്റെ കാതലായ തത്ത്വങ്ങളും വിശ്വാസപ്രമാണങ്ങളും ആത്മീയകർമങ്ങളുമാണ് പ്രതിപാദ്യം. സൃഷ്ടിയുടെ രഹസ്യം, മരണാനന്തരജീവിതം, ത്രിത്വത്തിന്റെയും മനുഷ്യാവതാരത്തിന്റെയും രഹസ്യങ്ങൾ, കുരിശടയാളം, കർത്തൃപ്രാർഥന, വേദപ്രമാണങ്ങൾ, ഏഴു കൂദാശകൾ, പാപപുണ്യങ്ങൾ, സന്ധ്യാകാലപ്രാർഥനകൾ എന്നിങ്ങനെയുള്ള ക്രിസ്തീയ വേദസാരങ്ങളെ സമഗ്രമായും ലളിതമായും ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്നു.'' (ചുമ്മാർ ചൂണ്ടൽ, 1980: 13)

*സംക്ഷേപവേദാർത്ഥ*ത്തിന്റെ മുദ്രണം വളരെ മെച്ചപ്പെട്ടതാണ്. 21 സെ.മീ.ഉയരവും 14 സെ.മീ.വീതിയുമുള്ള പുസ്തകത്തിൽ, ഫോറത്തിൽ 16 പേജ്‌വീതം 276 ഏടുകളുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളുടെ സാധാരണ സൈസ് ആയ ഡിമൈ 1/8 തന്നെയാണിതെന്നുള്ളതു കൗതുകകരമായ കാര്യമാണ്. ശീർഷകപത്രം *(title page)* ആദ്യപേജായി അച്ചടിച്ചിരിക്കുന്നു. പുസ്തകത്തിന്റെ പേര് മലയാളത്തിലും ലാറ്റിനിലും; ഗ്രന്ഥഭാഷ മലയാളം എന്നു ലാറ്റിനിൽ; പ്രസിദ്ധീകരണസ്ഥലം (മലയാളത്തിലും ലാറ്റിനിലും); പ്രസിദ്ധീകരണവർഷം (മലയാള അക്കത്തിലും റോമൻ അക്കത്തിലും); പ്രസാധനത്തിന് ഔദ്യോഗിക അംഗീകാരമുണ്ടെന്നുള്ള പ്രസ്താവന (മലയാളത്തിലും ലാറ്റിനിലും)-ഇത്രയും വിവരങ്ങൾ ശീർഷകപത്രത്തിലുണ്ട്. കൂടാതെ സുന്ദരമായ ഒരു ചിത്രവും. തൊട്ടടുത്ത പേജിനെ ഇപ്പോഴത്തെ നിലയിൽ അർധശീർഷകപത്രം *(half-title page)* എന്നു വിശേഷിപ്പിക്കാം-അതിൽ 'സംക്ഷെപവെദാർത്ഥം' എന്ന എഴുത്തുമാത്രമേയുള്ളു. ഒന്നാം പേജിൽ പാഠം *(text)* ആരംഭിക്കുന്നു. പാഠം തുടങ്ങുന്നതിനുമുമ്പ്, പേജിന്റെ ഏറ്റവും മുകളിൽ 'സർവ്വെശ്വരായെനമ': എന്ന് സംസ്കൃതത്തിൽ ഈശ്വര വന്ദനം. അങ്ങനെ മലയാളം, ലാറ്റിൻ, സംസ്കൃതം എന്നീ മൂന്നു ഭാഷകൾ ഈ കൃതിയിൽ ഉപയോഗിച്ചിട്ടുണ്ട്.

തുടർന്ന് താഴോട്ട്, താഴോട്ട് ഓരോരോ വരിയിലായി,

'സംക്ഷെപവെദാർത്ഥം,' 'ഒന്നാം പാഠം,' 'തംപുരാന്റെ മെൽ വെണ്ടുന്ന അറിവും നമ്മുടെ അന്ത്യവും എന്നതിന്മെൽ' എന്ന ഉപശീർഷകം എന്നിത്രയും സംഗതികൾ.

തുടർന്ന് ഗുരുശിഷ്യ സംവാദരൂപത്തിലുള്ള പാഠം. ഗ്രന്ഥാവസാനം ഒരു ശുദ്ധിപത്രവും ചേർത്തിട്ടുണ്ട്.

മലയാള പുസ്തകപ്രസാധനചരിത്രത്തിലെ രണ്ടാമതു ഗ്രന്ഥം പൗലിനോസ് പാതിരിയുടെ *Centum Adagia Malabarica* (നൂറു പഴഞ്ചൊല്ലുകൾ) എന്ന കൃതിയാണ്. ഇത് 1791-ൽ റോമിൽ അച്ചടിച്ചു. ഇതിൽ "നൂറിലധികം പഴഞ്ചൊല്ലുകൾ ലത്തീൻ പരിഭാഷയോടുകൂടി സമാഹരിച്ചു ചേർത്തിരിക്കുന്നു. അതെല്ലാം കേരളത്തിൽ ഹിന്ദുക്കളുടെയും നസ്രാണികളുടെയും ഇടയിൽ നടപ്പുള്ള ശൈലികളാണെന്നാണു പാതിരി പറയുന്നത്." (പി.ജെ. തോമസ്, 1989: 128) ആദ്യം പഴഞ്ചൊല്ല് മലയാളത്തിൽ. അതിനുതാഴെ, നേർതർജമ ലാറ്റിനിൽ എന്ന ക്രമത്തിലാണ് ഗ്രന്ഥം സംവിധാനം ചെയ്തി

രിക്കുന്നത്. 'ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട,' 'കൊയ്യാൻ പോകാത്ത വൾക്ക് നൂററുവാളുണ്ടായാലും ഫലമില്ല'എന്നിങ്ങനെ കാലാതിവർത്തിയായ അനവധി പഴഞ്ചൊല്ലുകളും

"മക്കളില്ലാഞ്ഞാൽ മനവുമതിരുളേ
മക്കളുമിരുളേ പൊരുളില്ലാഞ്ഞാൽ
വിദ്യയില്ലാഞ്ഞാൽ മനവുമതിരുളേ
വിദ്യയുമിരുളേ പൊരുളില്ലാഞ്ഞാൽ
നാരിയില്ലാഞ്ഞാൽ വീടുമതിരുളേ
നാരിയുമിരുളേ വാ കടുതായാൽ"

എന്നിങ്ങനെ ചൊല്ലിനു പകരം പറ്റുന്ന ചില മുറിപ്പദ്യങ്ങളും പാതിരി തന്റെ പഴഞ്ചൊൽ സമാഹാരത്തിൽ ചേർത്തിട്ടുണ്ട്.

മലയാള പുസ്തകപ്രസാധനം: ബാഹ്യകേരള ശ്രമങ്ങൾ

മലയാള പുസ്തകപ്രസാധനത്തിന്റെ മുന്നോടിയായ മലയാളം അച്ചടിക്ക് ആംസ്റ്റർഡാമിൽ പ്രാരംഭംകുറിക്കപ്പെട്ടെങ്കിലും അവിടുത്തെ ബ്ലോക്ക് അച്ചടിരീതിക്ക് സുസ്ഥാപിതമായ പുസ്തകപ്രസാധനമായി വളരാൻ കഴിഞ്ഞില്ല. മാറ്റിവെക്കാവുന്ന ആണിയച്ചുകൾ ഉപയോഗിച്ചുള്ള ആധുനിക അച്ചടിയുടെ പറുദീസയായിരുന്ന റോമിലെ ബഹുഭാഷാമുദ്രണാലയം മലയാളം അച്ചടിയുടെയും പുസ്തകപ്രസാധത്തിന്റെയും പിള്ളത്തൊട്ടിലായി. രണ്ടു മലയാള പുസ്തകങ്ങൾമാത്രമേ അവിടെനിന്നു പ്രസിദ്ധീകരിക്കപ്പെട്ടുള്ളുവെങ്കിലും അതു മഹാപ്രാധാന്യമുള്ള സംഭവമായിരുന്നു. പുസ്തകപ്രസാധനത്തിന്റെ അടുത്ത രംഗം കാണുന്നത് ഇന്ത്യയിൽതന്നെയാണ്-ബോംബെയിൽ.

മലയാളത്തിൽ പുസ്തകം പ്രസാധനം ചെയ്യുന്നതിനുള്ള ബാഹ്യകേരളയത്നങ്ങൾ നടന്നതു ബോംബയിലെ കൂരിയർ പ്രസ്സിൽ (കൂരിയർ പ്രിന്റിങ് ഓഫീസ്) ആയിരുന്നു. കൽക്കത്തയിലും മദ്രാസിലും ഈസ്റ്റ് ഇന്ത്യാ കമ്പനിക്കു സ്വന്തം അച്ചടിശാലകൾ ഉണ്ടായിരുന്നു. എന്നാൽ ബോംബെയിൽ കമ്പനിക്കു സ്വന്തം അച്ചടിശാല ഇല്ലായിരുന്നു. തന്മൂലം കമ്പനിവക അച്ചടി ജോലികൾ ചെയ്തിരുന്നത് കൂരിയർ പ്രസ്സിലായിരുന്നു. "ഈ അച്ചുകൂടത്തിൽ നിന്നാണ് 'ബോംബെ കൂരിയർ' എന്ന പത്രം പ്രകാശനം ചെയ്തത്. ഇംഗ്ലീഷ് ഭാഷാമുദ്രണത്തിനുവേണ്ടി റോമൻലിപികൾ സംഭരിച്ചു പ്രവർത്തനം തുടങ്ങിയ കൂരിയർ പ്രസ്സ് അക്കാലത്തെ ബഹുഭാഷാ മുദ്രണാലയങ്ങളിലൊന്നായി വളർന്നു. പ്രസ്സിലെ ജീവനക്കാരിലൊരാളായ ജിജിഭായ് ചാപ്ഘർ അച്ചുനിർമാണവിദ്യയിൽ കാണിച്ച താൽപ്പര്യവും നേടിയ വൈദഗ്ധ്യവും സമ്പൂർണമായി ചൂഷണം ചെയ്യാൻ കൂരിയർ പ്രസ്സിനു സാധിച്ചു... ഇന്ത്യയിൽ ആദ്യമായി മലയാളം അച്ചുകൾ ഉണ്ടാക്കിയതും ചാപ്ഘറാണ്." (കെ.എം. ഗോവി, 1998: 82) 1792-ലെ ശ്രീരംഗപട്ടണം സന്ധിയെത്തുടർന്ന് മലബാർ ബ്രിട്ടീഷധീനത്തിലാകുകയും മൈസൂർ

ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ബോംബെ പ്രസിഡൻസിയുടെ ഗവർണർ ഏറ്റെടുക്കുകയും ചെയ്തു. (പിന്നീട് മലബാർ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി) പുതിയതായി കമ്പനിയുടെ അധീനതയിൽവന്ന ഈ പ്രദേശത്തെ ഭാഷയിൽ സർക്കാർ റെഗുലേഷനുകളും നോട്ടീസുകളും അച്ചടിക്കേണ്ടി വരുമെന്നതിനാലാണ്, കൂരിയർ പ്രസ്സ് ബോംബെ ഗവർണർ ജോനാഥാൻ ഡങ്കന്റെ സഹായത്തോടെ മലയാളം അച്ചുകളുണ്ടാക്കിയത്.

കൂരിയർ പ്രസ്സിലെ മലയാളം അച്ചുകൾ ഉപയോഗിച്ച് ആദ്യം അച്ചടിച്ച പുസ്തകം റോബർട്ട് ഡ്രമണ്ടിന്റെ *ഗ്രാമർ ഒഫ് ദി മലബാർ ലാംഗ്വേജ്* (1799) ആയിരുന്നു. ഇതിൽ മലയാളം അച്ചുകൾ ഉപയോഗിച്ചത് 'ഇനിക്ക ഉപകാരം ഉണ്ടായില്ല' 'മക്കൾക്ക അപ്പൻ ദ്രവ്യം നെടുന്നു' എന്നിങ്ങനെയുള്ള ഉദാഹരണവാക്യങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി ആയിരുന്നു. മലബാറിൽ ജോലി ചെയ്യുന്ന ഈസ്റ്റ് ഇന്ത്യാ കമ്പനി ഓഫീസറന്മാരുടെ ഉപയോഗത്തിനുവേണ്ടി രചിച്ച ഈ മലയാളം ഗ്രാമർ ഇംഗ്ലീഷിലായിരുന്നു. തന്മൂലം ഈ ഗ്രന്ഥത്തിന് ഇന്ത്യയിലെ മലയാളം അച്ചടിയുടെ ചരിത്രത്തിൽ പ്രാധാന്യമുണ്ടെങ്കിലും മലയാള പുസ്തകപ്രസാധനചരിത്രത്തിൽ വലിയ പ്രാധാന്യം കൽപ്പിക്കാനാകുകയില്ല.

ബോംബെയിലെ കൂരിയർ പ്രസ്സിൽ അച്ചടി പൂർത്തിയാക്കി, 1811-ൽ പ്രസിദ്ധീകരിച്ച *വേദപുസ്തകമാണ് (നാലു സുവിശേഷങ്ങൾ)* ഇന്ത്യയിൽ അച്ചടിച്ച ആദ്യത്തെ മലയാളപുസ്തകം. മലയാള പുസ്തകപ്രസാധനചരിത്രത്തിലെ മൂന്നാമതു പുസ്തകമാണിത്. 1806-ലും 1808-ലും കേരളം സന്ദർശിച്ച ക്ലോഡിയസ് ബുക്കാനന്റെ ശ്രമഫലമായാണ്, മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ഉത്സാഹത്തിൽ, ബൈബിൾ *പുതിയനിയമ*ത്തിലെ നാലു സുവിശേഷങ്ങളുടെ ഈ തർജമ തയ്യാറാക്കാൻ സാധിച്ചത്. സുറിയാനി സഭയിലെ പണ്ഡിത വൈദികനായിരുന്ന കായങ്കുളം പീലിപ്പോസ് റമ്പാൻ കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന സുറിയാനി ബൈബിളിൽ നിന്നാണ് പരിഭാഷ നിർവഹിച്ചത്. ബുക്കാനൻ, കൈയെഴുത്തുകോപ്പി ബോംബെയിൽ കൊണ്ടുപോയി, സ്വന്തം ഉത്തരവാദിത്വത്തിൽ മുദ്രണം ചെയ്യിക്കുകയായിരുന്നു. ക്ലോഡിയസ് ബുക്കാനൻ, കായങ്കുളം പീലിപ്പോസ് റമ്പാൻ എന്നിവർക്ക് ഈ ഗ്രന്ഥത്തിന്റെ പ്രസാധനത്തിലുള്ള മുഖ്യപങ്കിനെ പുരസ്കരിച്ച് *ബുക്കാനൻ ബൈബിൾ, റമ്പാൻ ബൈബിൾ* എന്നീ പേരുകളിൽ പ്രസ്തുത ബൈബിൾപരിഭാഷ അറിയപ്പെടുന്നു. അച്ചടിച്ച മുദ്രണശാലയുടെ പേരു ചേർത്ത് *കൂരിയർ ബൈബിൾ* എന്നും ഈ അമൂല്യകൃതിയെ വിശേഷിപ്പിക്കാറുണ്ട്.

ബൈബിൾ *പുതിയനിയമ*ത്തിലെ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങളാണ് *റമ്പാൻ ബൈബിളി*ലുള്ളത്. ഈ ഗ്രന്ഥത്തിൽ ഇംഗ്ലീഷും മലയാളവും ചേർത്ത് ശീർഷകപത്രം ഇങ്ങനെ അച്ചടിച്ചിരിക്കുന്നു:

"The New Testament of Our Lord and Jesus Christ Translated

into the Malayalam part I. Containing the Four Gospels, Bombay printed at Courier Press, 1811." "പുതിയ സമ്മന്ദത്തിന്റെ നമ്മുടെ കർത്താവായി രെക്ഷിക്കുന്ന യീശൊമിശിഹാ മലയാളഭാഷയിൽ പെർത്തത. ഒന്നാമത ഇതിൽ യെവൻഗെലിഒൻ നാലും അടങ്ങിയിരിക്കുന്നു. ബൊംബായിൽ കൊറിയർ അപ്പീശിൽ അച്ചടിച്ച തീർത്തത. 986-ാമത." 26X19 സൈസിൽ 564 പേജുകൾ ആണ് ഈ ഗ്രന്ഥത്തിലുള്ളത്. *സംക്ഷേപവേദാർത്ഥ* ശ്രേണിയിൽപെട്ടതെങ്കിലും അൽപ്പംകൂടി വലിയ, ചതുരവടിവുള്ള ടൈപ്പ് ആണ് അച്ചടിക്കുപയോഗിക്കുന്നത്. 'ഇ പൊസ്തകത്തിൽ അച്ചടിക്കുംപോൾ തെറ്റ വന്നതു അറിവാൻ ഇതിൽ നൊക്കി അറിയണം' എന്ന കുറിപ്പോടുകൂടി 'ശുദ്ധിപത്ര'വും ചേർത്തിട്ടുണ്ട്. ചുരുക്കത്തിൽ *സംക്ഷേപവേദാർത്ഥ*ത്തിലെന്നപോലെ ഈ പുസ്തകത്തിന്റെയും സംവിധാനം തികച്ചും ശാസ്ത്രീയമാണെന്നു പറയാം.

മലയാളം അച്ചടിയുടെയും പുസ്തകപ്രസാധനത്തിന്റെയും ആദ്യഘട്ടം, ചരിത്രപരമായി വൻപ്രാധാന്യമുള്ളതാണെങ്കിലും, 'ഒന്നോ ഒറ്റയോ' എന്നു മാത്രം പറയാൻ കഴിയുംവിധം വളരെ ശുഷ്കവും നാമമാത്രവുമായിരുന്നു. കേരളത്തിലെ അച്ചടിയുടെ ആദ്യഘട്ടം പൂർണമായും തമിഴിലായിരുന്നു. മലയാളം അച്ചടിയുടെയും പുസ്തക പ്രസാധനത്തിന്റെയും ആദ്യഘട്ടം പൂർണമായും കേരളത്തിനു പുറത്തുമായിരുന്നു. എ.ഡി. 1772 മുതൽ 1811 വരെയുള്ള നാലു ദശാബ്ദംകൊണ്ട് മലയാള പുസ്തകപ്രസാധനചരിത്രത്തിലുണ്ടായത് മൂന്നു കൃതികളാണ്-*സംക്ഷേപവേദാർത്ഥം, നൂറുപഴഞ്ചൊല്ലുകൾ, റമ്പാൻ ബൈബിൾ* എന്നിവ. ഈ പുസ്തകങ്ങളുടെ കോപ്പികൾ വളരെ പരിമിതവുമായിരുന്നു. ജനങ്ങളുടെ സാധാരണപാരായണത്തിനു പറ്റിയവ ഇതിൽ *സംക്ഷേപവേദാർത്ഥവും റമ്പാൻ ബൈബിളും* ആയിരുന്നു. എഴുത്തും വായനയും പരിമിതമായിരുന്ന അക്കാലത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആ രണ്ടു കൃതികൾക്കുതന്നെ കാര്യമായ ഉപയോഗം ഉണ്ടായിരുന്നിരിക്കുകയില്ല. ഇക്കാരണത്താൽ മലയാള പുസ്തകപ്രസാധന ചരിത്രത്തിലെ ആദ്യഘട്ടത്തിനോ ആദ്യഘട്ടത്തിലെ ഗ്രന്ഥങ്ങൾക്കോ കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ കാര്യമായ ഒരു ചലനവുമുണ്ടാക്കാൻ കഴിഞ്ഞില്ല. അച്ചടിയും പുസ്തകപ്രസാധനവും ലോകത്തുണ്ടാക്കിയ ആശയവിസ്ഫോടനവും വിജ്ഞാനവിസ്ഫോടനവും കുറഞ്ഞൊരളവിൽ സൃഷ്ടിക്കുന്നതിനുപോലും അതു പര്യാപ്തമായില്ല.

ബെഞ്ചമിൻ ബെയിലി കോട്ടയം സി.എം.എസ്. പ്രസ്സ് സ്ഥാപിച്ചതോടെ കേരളത്തിലെ മലയാളം അച്ചടിയുടെയും പുസ്തകപ്രസാധനത്തിന്റെയും അതീവധന്യമായ ചരിത്രം ആരംഭിച്ചു. ബെയിലി സി.എം.എസ്. പ്രസ്സിൽ നിർവഹിച്ച അച്ചടിജോലികളുടെ വൈപുല്യവും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളുടെയും ഇതര മുദ്രിത സാമഗ്രികളുടെയും വൈവിധ്യവും വിസ്മയാവഹമായിരുന്നു.

മിഷനറിമാർ തർജമ ചെയ്ത കൃതികൾ പകർപ്പെഴുത്തുകാരെക്കൊണ്ടു കോപ്പി എടുപ്പിച്ച് ദേവാലയങ്ങളിലും ജനങ്ങൾക്കിടയിലും മുൻകൂട്ടി വിതര

ണം ചെയ്തു. രാജ്യത്തിന്റെ പല ഭാഗത്തും വായനക്കാരെ നിയമിച്ച് പൊതുസ്ഥലങ്ങളിൽ അവ പരസ്യമായി വായിപ്പിച്ചു; കോളജ്, ഗ്രാമർ സ്കൂളുകൾ, ഇടവകപള്ളിക്കൂടങ്ങൾ എന്നിവ മുഖേന വിദ്യാഭ്യാസം വ്യാപകമായി പ്രചരിപ്പിച്ചു-ഇങ്ങനെ വിവിധ മാർഗങ്ങളിലൂടെ വായിക്കുകയും വായിച്ചു കേൾക്കുകയും ചെയ്യുന്ന രീതി ജനങ്ങൾക്കിടയിൽ വ്യാപകമായി. അതുകൊണ്ട് ബെയിലി പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ അതു വാങ്ങി വായിക്കുന്നതിനുള്ള താൽപ്പര്യം ആളുകൾക്കുണ്ടായിരുന്നു. അച്ചടിസാമഗ്രികൾ സുലഭമായപ്പോൾ വായിക്കുന്നതിനുള്ള കൗതുകവും ആവേശവും സമൂഹത്തിൽ വർധിച്ചുവരികയും ചെയ്തു. അങ്ങനെ വിജയകരമായ പുസ്തകപ്രസാധനത്തിന്റെ മുന്നൊരുക്കം എന്നനിലയിൽ ജനങ്ങളെ വായനശീലമുള്ളവരാക്കുന്നതിനുള്ള നിശ്ശബ്ദപ്രവർത്തനങ്ങളും സമൂഹത്തിൽ നടന്നിരുന്നു.

ബെഞ്ചമിൻ ബെയിലിയും മലയാള പുസ്തകപ്രസാധനവും

ഏതുഭാഷയിലും പുസ്തകപ്രസാധനം പുരോഗതി പ്രാപിക്കണമെങ്കിൽ അതിന് അനുകൂലമായി ഒരു സാങ്കേതിക സാഹചര്യവും ഒരു സാമൂഹിക സാഹചര്യവും ഉണ്ടായിരിക്കണം. പുസ്തകങ്ങൾ ധാരാളമായി, കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതിനുള്ള ഉപാധികളുണ്ടായിരിക്കുകയാണ് സാങ്കേതിക സാഹചര്യം. ഒരു കൈത്തൊഴിലായിരുന്ന പകർത്തിയെഴുത്തിന്റെ യന്ത്രവൽക്കൃത രൂപമായ ആധുനിക അച്ചടി, പുസ്തകപ്രസാധനരംഗത്ത് 'വൻതോതിലുള്ള ഉൽപ്പാദനം' (mass production) സാധ്യമാക്കി. പുസ്തകങ്ങൾ വാങ്ങുന്നതിനും വായിക്കുന്നതിനും ജനങ്ങൾ പ്രകടിപ്പിക്കേണ്ട നിർലോപമായ സന്നദ്ധതയാണു പുസ്തക പ്രസാധനത്തിന്റെ വിജയത്തിന് അനുകൂലമായ സാമൂഹിക സാഹചര്യം. ഔപചാരിക വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തിലൂടെയും വിവിധ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും മിഷനറിമാർ അതിനുള്ള അനുകൂല സാഹചര്യവും ഒരുക്കിയിരുന്നു. "1820-കളിൽ മിഷനറിമാർ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കി. മലയാളത്തിൽ അച്ചടിച്ച പുസ്തകങ്ങൾ ലഭ്യമാക്കി" എന്നുള്ള ഡോ.റോബിൻ ജെഫ്രിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. (1979:43) ഇങ്ങനെ പുസ്തകപ്രസാധനത്തിന് അനുകൂലമായ സാങ്കേതിക-സാമൂഹികസാഹചര്യങ്ങൾ പരിപക്വമായിരിക്കെയാണു ബെയിലി പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ ആരംഭിച്ചത്.

1821 ഒക്ടോബർ 18-ന് ഇംഗ്ലണ്ടിൽനിന്ന് ആദ്യ അച്ചടിയന്ത്രം എത്തി. 1824 ഡിസംബറോടുകൂടി ബെയിലി സ്വന്തം അച്ചുകൾ വാർത്തെടുത്തു. ഒരു യന്ത്രം മതിയാകാതെവന്നതുകൊണ്ട്, 1827-ൽ പുതിയൊരു അച്ചടിയന്ത്രം ഉണ്ടാക്കി. 1828-ൽ ബോംബെയിൽനിന്നു മറ്റു രണ്ട് അച്ചടിയന്ത്രങ്ങൾകൂടി വാങ്ങി. അങ്ങനെ 1828ഓടുകൂടിയാണ് ബെയിലിയുടെ അച്ചടിശാല സുസജ്ജമായിത്തീർന്നത്. തുടർന്നുള്ള രണ്ടു ദശാബ്ദംകൊണ്ട് മതപരവും മതേതരവുമായ പുസ്തകങ്ങളുടെ ഒരു വൻനിരതന്നെ ബെയിലി പ്രസിദ്ധ

പ്പെടുത്തി. ഇക്കാലത്തു പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളുടെ പൂർണ വിവരം ലഭ്യമല്ല. ലഭ്യമായ ഭാഗിക വിവരംതന്നെ ബെയിലിയുടെ പുസ്ത കപ്രസാധനത്തിന്റെ ഗരിമ മനസ്സിലാക്കാൻ പര്യാപ്തമാണ്.

ബെയിലി ഏറ്റവുമധികം പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തിയ കൃതി *ബൈബിൾ* ആണ്. ബൈബിളിലെ പുസ്തകങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്കും *പുതിയനിയമ*പുസ്തകങ്ങൾ ഒരുമിച്ചും *പഴയനിയമ* പുസ്തകങ്ങൾ ഭാഗം1,2,3 എന്നിങ്ങനെ മൂന്നു ഭാഗങ്ങളായും പ്രസിദ്ധപ്പെടുത്തി.

1848-ൽ കോട്ടയം സന്ദർശിച്ച മി.പ്രാറ്റ് പ്രസ്തുത സന്ദർശനത്തെ ക്കുറിച്ചെഴുതിയ ഒരു വിവരണത്തിൽ, "ഇന്നുവരെ 40,000 പ്രതികൾ മുഴുവനാ യിട്ടോ ഭാഗങ്ങളായിട്ടോ ഈ രാജ്യത്തു പ്രചാരം വരുത്തിയിട്ടുണ്ട്" (മലയാ ളമിത്രം, 1905 ജനുവരി: 11) എന്ന് *ബെയിലീബൈബിളി*നെക്കുറിച്ചു രേഖപ്പെ ടുത്തിയിരിക്കുന്നു. ഇതിൽതന്നെ പല എഡിഷനുകളും മൂവായിരമോ അയ്യായിരമോ കോപ്പികൾ വീതമാണ് അച്ചടിച്ചിരുന്നത്. "1826-ൽ *ലൂക്കോസ് എഴുതിയ സുവിശേഷ*ത്തിന്റെ പ്രസ്സ്കോപ്പി തയ്യാറായി. തൊട്ടടുത്ത വർഷം 5000 കോപ്പികൾ അച്ചടിച്ചു. 1827-ൽ *അപ്പൊസ്തല പ്രവൃത്തികളു*ടെ അത്ര യുംതന്നെ കോപ്പികൾ അച്ചടിച്ചു. *പുതിയനിയമ*ത്തിലെ ബാക്കി പുസ്ത കങ്ങളുടെ പ്രസ്സ് കോപ്പി തയ്യാറായിരുന്നു. പക്ഷേ കോട്ടയത്ത് ഒരൊറ്റ അച്ചടിയന്ത്രമേ ഉണ്ടായിരുന്നുള്ളുവെന്നതിനാൽ *ബൈബിളി*ന്റെ അച്ചടി വളരെ മെല്ലെയാണു മുമ്പോട്ടു നീങ്ങിയത്." (ഡബ്ലിയു.എച്ച്. ഡാൾട്ടൻ, 1854: 25) കാര്യങ്ങൾ ഇങ്ങനെയിരിക്കെ പുതിയ യന്ത്രങ്ങൾ കിട്ടുന്നതിനു കാലതാ മസമുണ്ടാകുകയും അവശേഷിക്കുന്ന വേദഭാഗവും പാഠപുസ്തകങ്ങളുമുൾ പ്പെടെ ഒട്ടുവളരെ സംഗതികൾ അച്ചടിക്കേണ്ടത് അത്യാവശ്യമായി വരുകയും ചെയ്തപ്പോഴായിരിക്കണം ബെയിലി സ്വന്തമായി ഒരു അച്ചടി യന്ത്രം ഉണ്ടാക്കുക എന്ന സാഹസത്തിനു മുതിർന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഉണ്ട്: 1811-ൽ *റമ്പാൻ ബൈബിൾ* 500 കോപ്പിമാത്രം അച്ചടിച്ച സ്ഥാനത്താണ് ലൂക്കോസിന്റെ സുവിശേഷവും *അപ്പോസ്തല പ്രവൃത്തിക ളും* 5000 കോപ്പികൾവീതം അച്ചടിച്ചത്. 1828-ൽ *സുവിശേഷങ്ങളുടെയും* ലേഖനങ്ങളുടെയും വിവിധ ഭാഗങ്ങൾ അച്ചടിച്ചു. 1829-ൽ മലയാളം *പുതിയ നിയമ*പുസ്തകങ്ങൾ മുഴുവൻ 5000 കോപ്പികൾ പൂർത്തിയാക്കി. 1837-ൽ ബെയിലിയുടെ *പഞ്ചഗ്രന്ഥങ്ങൾ* (*പഴയനിയമം* ഒന്നാം പങ്ക്-First Part) അച്ചടി തുടങ്ങി. അതിന്റെ അച്ചടി പൂർത്തിയായപ്പോൾ, 1839-ൽ രണ്ടാം പങ്കിന്റെ അച്ചടി തുടങ്ങി. 1840-ൽ *റോമർക്ക് എഴുതിയ ലേഖനം* 5000 കോപ്പികൾ വീണ്ടും അച്ചടിച്ചു. 1841-ൽ മലയാളം *പഴയനിയമം* ഓരോ പുസ്തകവും 3000 കോപ്പി വീതവും *സങ്കീർത്തനപ്പുസ്തകം* 5000 കോപ്പിയും അച്ചടി പൂർത്തിയായി. പഴയനിയമത്തിന്റെ മൂന്നു ഭാഗങ്ങളിലോരോന്നും യഥാക്രമം 1839, 1840, 1841 വർഷങ്ങളിലാണ് പ്രസിദ്ധപ്പെടുത്തിയത്. 1843-ൽ *സുവിശേ ഷങ്ങളും അപ്പോസ്തല പ്രവൃത്തികളും*കൂടി ചെറിയ അക്ഷരത്തിൽ അച്ചുനി രത്തി, 3000 കോപ്പി പ്രസിദ്ധപ്പെടുത്തി; അതോടൊപ്പം പഴയ ടൈപ്പിൽത്തന്നെ കമ്പോസ് ചെയ്ത് 5000 കോപ്പിയുള്ള മറ്റൊരു എഡിഷനും പ്രസിദ്ധപ്പെടുത്തി.

ബെഞ്ചമിൻ ബെയിലി

സദൃശവാക്യങ്ങളുടെ 2000 കോപ്പിയുള്ള ഒരു 18-ാം പതിപ്പും പ്രസിദ്ധപ്പെടുത്തുകയുണ്ടായി... 1849-ൽ *സങ്കീർത്തനങ്ങളും സദൃശ്യവാക്യങ്ങളും* 3000 കോപ്പികൾവീതം പുനർമുദ്രണം ചെയ്തു." (ഡബ്ലിയു.എച്ച്. ഡാൾട്ടൻ, 1854: 28)

"കോട്ടയം പ്രസ്സിൽ വേദപുസ്തകംമാത്രമല്ല, സംസ്കൃതത്തിലും മലയാളത്തിലുമുള്ള സാഹിത്യകൃതികളും മുദ്രണം ചെയ്തിരുന്നതായി കാണുന്നു. 1860-ൽ തിരുവിതാംകൂർ ഗവണ്മെന്റ് ആ പ്രസ്സിൽനിന്ന് 600ക. വിലയ്ക്കുള്ള സ്കൂൾ പുസ്തകങ്ങൾ വാങ്ങിയതായി മി.ഹോക്സ്വർത്ത് എന്ന മിഷനറി രേഖപ്പെടുത്തിയിട്ടുണ്ട്. മതാത്മകങ്ങളായ ഗ്രന്ഥങ്ങൾ മാത്രമല്ല അവിടെ അച്ചടിച്ചിരുന്നതെന്നാണല്ലോ ഇതു തെളിയിക്കുന്നത്. ബെയിലിയുടെ വേദപുസ്തകവും നിഘണ്ടുവും റവ. ജോർജ് മാത്തന്റെ *മലയാണ്മയുടെ വ്യാകരണ*വും *സത്യവാദഖേട*വും ആർച്ചുഡീക്കൻ കോശിയുടെ *പുല്ലേലിക്കുഞ്ചു*വും മറ്റും മുദ്രണം ചെയ്തിട്ടുള്ള ആ അച്ചുകൂടത്തെ ഭാഷാഭിമാനികൾക്കു കൃതജ്ഞതാപൂർവമല്ലാതെ സ്മരിക്കുക സാധ്യമല്ല" എന്നു ഡോ. പി.ജെ. തോമസ് ചൂണ്ടിക്കാട്ടിയിട്ടുണ്ട് (1989: 297)

ബെഞ്ചമിൻ ബെയിലിയുടെ ചുമതലയിലായിരുന്ന കോട്ടയം വില്ലേജ് മിഷൻ, ചർച്ച് മിഷൻ പ്രസ്സ് എന്നിവയുടെ ചരിത്രത്തെക്കുറിച്ചു ഹെൻറി ബേക്കർ സീനിയർ 1850-ൽ എഴുതിയ ഒരു കുറിപ്പിൽ ഇങ്ങനെ കാണുന്നു; "...ചില സംസ്കൃത പുസ്തകങ്ങളും വാറ്റ്സിന്റെ വേദപുസ്തകചരിത്രം, പരദേശിമോക്ഷയാത്ര, ചോദ്യോത്തരങ്ങൾ, ചെറുപുസ്തകങ്ങൾ മുതലായവയും ഇവിടെ അച്ചടിച്ചുകഴിഞ്ഞിരിക്കുന്നു." (ഡബ്ലിയു.എസ്. ഹണ്ട്, 1968: 134) ചെറുപുസ്തകങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ട്രാക്റ്റുകൾ ആണ്. സി.എം.എസ്. പ്രസ്സിൽനിന്ന് ധാരാളം ട്രാക്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. പലതും ക്രൈസ്തവതത്ത്വങ്ങൾ പ്രചരിപ്പിക്കുന്നവയായിരുന്നുവെങ്കിലും ധാർമികോദ്ബോധനം നിർവഹിക്കുന്ന ട്രാക്റ്റുകളും ധാരാളമുണ്ടായിരുന്നു. ജനങ്ങളുടെ സ്വഭാവരൂപീകരണത്തിൽ, വിശിഷ്യ കുട്ടികളെയും യുവാക്കളെയും ധാർമികപാതയിലൂടെ നയിക്കുന്നതിൽ, ഈ ലഘുഗ്രന്ഥങ്ങൾക്ക് നല്ല പങ്കുണ്ടായിരുന്നു. ട്രാക്റ്റുകൾ കൂട്ടിച്ചേർത്ത് പിന്നീട് പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്ന രീതിയുമുണ്ടായിരുന്നു. *ചെറുപൈതങ്ങൾക്ക...കഥകൾ* എന്ന കൃതിയിലെ *ആട്ടിൻകുട്ടികളുടെ കഥ* എന്ന ചെറുകഥ *രണ്ട് ആട്ടിൻകുട്ടികൾ* (Two Lambs) എന്ന പേരിൽ ഒരു ട്രാക്റ്റ് ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 1824-ൽ പ്രസിദ്ധപ്പെടുത്തിയ *ചെറുപൈതങ്ങൾക്ക...കഥകൾ* മലയാളത്തിലെ ആദ്യ ബാലസാഹിത്യകൃതിയാണ്.

"സി.എം.എസ്. പ്രസ്സ് ഇംഗ്ലീഷ് അച്ചടിയും ചെയ്തിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. ബെയിലിയുടെ രണ്ടു നിഘണ്ടുക്കൾക്കുപുറമേ, തിരുവിതാംകൂർ സർക്കാരിന്റെ ചില റിപ്പോർട്ടുകളും തിരുവിതാംകൂറിനെപ്പറ്റി ചില പുസ്തകങ്ങളും അച്ചടിച്ചിട്ടുണ്ട്. സി.എം.എസിൽ. ഹാക്സ്വർത്തിന്റെ Day down [?] in Travancore (1860), Notes [?] on Cochin (1859) എന്നിവ ആദ്യകാല

ശീർഷകങ്ങളിൽപ്പെടുന്നു." *Some Historical Notices on Cochin on the Malabar Coast* എന്നാണു പൂർണമായ ശീർഷകം. റ്റി.വൈറ്റ്ഹൗസ് ആണ് കൃതിയുടെ സമാഹാർത്താവ് (compiler) 1847-ൽ സി.എം.എസ്. പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തിയ വലിയ ഒരു പുസ്തകമാണ് ജോൺ ചാപ്മാൻ രചിച്ച *Outlines of the Evidences of Christianity.* ആകെ 448 (XXIV+424) പേജുള്ള ഈ കൃതി കോട്ടയം 'സിറിയൻ കോളജിലെ ഉപയോഗത്തിനുവേണ്ടി' തയ്യാറാക്കിയതാണ്.

മുദ്രണത്തിന്റെ തുടക്കത്തിൽ, അച്ചടിയും പ്രസാധനവും രണ്ടു പ്രവൃത്തികളായിരുന്നില്ല. ഒരാൾതന്നെയാണ് രണ്ടും നിർവഹിച്ചിരുന്നത്. അച്ചടിക്കാരൻ പ്രസാധകനുംകൂടിയായിരുന്നു. കൈയെഴുത്തുപ്രതിക്ക് പുസ്തകത്തിന്റെ രൂപഘടന നൽകുകയാണു അച്ചടിക്കാരന്റെ ജോലി. ഗ്രന്ഥകർത്താവ് തുടങ്ങി വിവിധ ഘടകങ്ങളുടെ സഹായത്തോടെ പുസ്തകം എന്ന ഒരു ഉൽപ്പന്നമുണ്ടാക്കുകയും അതു വായനക്കാരിലെത്തിക്കുകയും ചെയ്യുന്ന തൊഴിൽസംരംഭകനാണു പ്രസാധകൻ. എന്നാൽ തുടക്കത്തിൽ ടൈപ്പ് കാസ്റ്റിങ്, കമ്പോസിങ്, പ്രിന്റിങ്, ബയന്റിങ് തുടങ്ങിയ അച്ചടി ജോലികളും കൈയെഴുത്തുപ്രതി കണ്ടെത്തൽ, കോപ്പി എഡിറ്റിങ്, പുസ്തകവിതരണം തുടങ്ങിയ പ്രസാധകസംബന്ധമായ ജോലികളും ഒരാളിൽത്തന്നെ നിക്ഷിപ്തമായിരുന്നു. ജോഹാൻ ഗുട്ടൻബർഗ്, വില്യം കാക്സ്റ്റൺ, ബെഞ്ചമിൻ ബെയിലി എന്നിവർ ഇത്തരത്തിലുള്ള പ്രിന്റർ-പബ്ലീഷേഴ്സ് ആയിരുന്നു. കാക്സ്റ്റണും ബെയിലിക്കും പ്രിന്ററുടെയും പബ്ലീഷറുടെയുംമാത്രമല്ല, ഗ്രന്ഥകർത്താവിന്റെ ജോലികൂടി ചെയ്യേണ്ടിവന്നു.

മലയാളത്തിൽ പുസ്തകപ്രസാധനത്തിനു തുനിഞ്ഞ ആദ്യപ്രസാധകന്റെ അവസ്ഥ ഒരു മാന്ത്രികന്റേതിനു തുല്യമായിരുന്നു. ശൂന്യതയിൽനിന്നു വിഭൂതി സൃഷ്ടിക്കേണ്ട സ്ഥിതി. ഗദ്യം ഇല്ല; ഗദ്യകൃതികളില്ല; ഗദ്യമെഴുത്തുകാരും ഇല്ല. അച്ചടി മാധ്യമം (മറ്റെല്ലാ മാധ്യമങ്ങളും) ആശയവിനിമയത്തിനും വിജ്ഞാന വിതരണത്തിനുംവേണ്ടി ലോകത്തെവിടെയും ഉപയോഗിക്കുന്നതു ഗദ്യഭാഷയാണ്. പക്ഷേ, മലയാളികളുടെ വിശേഷ വ്യവഹാരത്തിൽ വികസിത ഗദ്യഭാഷ ഉണ്ടായിരുന്നില്ല. വിശേഷ വ്യവഹാരത്തിനുവേണ്ടി നാമമാത്രമായുപയോഗിച്ചിരുന്ന ഗദ്യമാകട്ടെ ശാസനങ്ങൾ, *ഭാഷാകൗടലീയം*, ആട്ടപ്രകാരങ്ങൾ, ക്രമദീപികകൾ, *ബ്രഹ്മാണ്ഡപുരാണം*, *ദൂതവാക്യം*, *നളോപാഖ്യാനം*, രാജകീയ നീട്ടുകൾ തുടങ്ങിയവയിൽ കാണുന്നതും വിലക്ഷണവും സംഭാഷണഭാഷയിൽനിന്ന് അകന്നതും തന്മൂലം ആശയസംവേദനത്തിനുതകാത്തതുമായിരുന്നു. അച്ചടിയാരംഭിക്കുംമുമ്പ് മലയാളത്തിൽ സാഹിത്യസമ്പന്നവും സംവേദനക്ഷമവുമായ ഗദ്യഭാഷയുടെ ഒരു പാരമ്പര്യമുണ്ടായിരുന്നെങ്കിൽ, ആ കൃതികളിൽ ചിലത് അച്ചടിക്കാമായിരുന്നു; അവയിലെ ഗദ്യത്തിന്റെ മാതൃകയിൽ ബൈബിൾ പരിഭാഷപ്പെടുത്തുകയോ മതപ്രചാരണസാഹിത്യം സൃഷ്ടിക്കുകയോ ഒക്കെ ചെയ്യാൻ കഴിയുമായിരുന്നു. സാഹിത്യത്തിന്റെ വഴി പദ്യത്തിന്റേതുമാത്രമായിപ്പോയ ഇന്നാട്ടിലെ ഗദ്യം, പ്രയോഗലുപ്തതയാൽ അവികസിതമായിരുന്നു.

ബെഞ്ചമിൻ ബെയിലി

ചുരുക്കത്തിൽ മലയാളഗദ്യത്തിന് വായ്മൊഴിയുടെ അതിർത്തിരേഖക്കപ്പുറത്തേക്കു കാലെടുത്തുവെക്കുന്നതിനു കഷ്ടിച്ചുമാത്രമേ സാധിച്ചിരുന്നുള്ളു; വായ്മൊഴിക്കു സമാനമായ ഒരു ഗദ്യലോകം വരമൊഴിയിൽ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെ, ആശയവിനിമയക്ഷമവും സാഹിത്യരചനാകുശലവുമായ ഗദ്യഭാഷ ഇല്ലാത്തിടത്തു ഗദ്യകൃതികളും എഴുത്തുകാരും ഉണ്ടാകുകയില്ല. ഇത്തരമൊരു സാഹചര്യത്തിൽ പുസ്തകപ്രസാധനദൗത്യം ഏറ്റെടുക്കേണ്ടിവന്ന ബെഞ്ചമിൻ ബെയിലിക്ക് ടൈപ്പും അച്ചടിയന്ത്രവും ഉണ്ടാക്കുന്നതിനെക്കാളും ക്ലേശപൂർണമായ ചില പ്രസാധകധർമങ്ങൾ നിർവഹിക്കാനുണ്ടായിരുന്നു. ഗ്രന്ഥങ്ങൾ കണ്ടെത്തലും ലഭിക്കുന്ന ഗ്രന്ഥങ്ങളുടെ പ്രസ്സ് കോപ്പി തയ്യാറാക്കലുമായിരുന്നു അവ.

ഒരു പുസ്തകപ്രസാധകന് മൗലികകൃതികളുടെ അഭാവത്തിൽ കരണീയമായി ഒന്നേയുള്ളു-തർജമയെ ആശ്രയിക്കുക. ബെഞ്ചമിൻ ബെയിലി ചെയ്തതും അതുതന്നെയാണ്. സി.എം.എസ് മിഷനറിമാർക്ക് തർജമ അപരിചിതമായ ഒരു സംഗതിയായിരുന്നില്ല. സി.എം.എസിന്റെ പ്രവർത്തന പദ്ധതിയിലെ പ്രധാന ഇനങ്ങളായിരുന്നു അച്ചടി നടപ്പിലാക്കൽ, ബൈബിൾ പരിഭാഷ, വിദ്യാഭ്യാസ പ്രവർത്തനം എന്നിവ. ഈ നിലയിൽ തന്റെ മിഷനറി പരിശീലനത്തിന്റെ ഭാഗമായി തർജമയെക്കുറിച്ചുള്ള മുന്നറിവുകളുമായാണ് ബെയിലി കേരളത്തിലെത്തിയത്. ഇവിടെ എത്തിയ ഉടനെ മൺറോ ഏൽപ്പിച്ച രണ്ടു പ്രധാന ചുമതലകൾ കോളജിന്റെ മേൽനോട്ടവും ബൈബിൾ പരിഭാഷയുമായിരുന്നു. ബൈബിളിന്റെ ചില ഭാഗങ്ങളെങ്കിലും അച്ചടിക്കാൻ തക്കവിധം തയ്യാറായിക്കഴിഞ്ഞപ്പോഴാണു കോട്ടയത്ത് അച്ചടിശാല സ്ഥാപിക്കുന്നതിനെക്കുറിച്ച് മൺറോയും ബെയിലിയും മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയും മറ്റും ആലോചിച്ചത്. ബൈബിളിന്റെ വിവർത്തനംപോലെ പ്രാധാന്യത്തോടുകൂടി ചെയ്യേണ്ടിയിരുന്ന മറ്റു ചില പരിഭാഷാ ജോലികളുമുണ്ടായിരുന്നു. സ്കൂൾ-കോളജ് കുട്ടികൾക്ക് ആവശ്യമുള്ള പുസ്തകങ്ങൾ തർജമചെയ്തുണ്ടാക്കുക. ട്രാക്റ്റുകളുടെ തർജമയും ഇതോടൊപ്പം ചെയ്യേണ്ടിയിരുന്നു.

വിവിധ ഭാഷകളും സംസ്കാരവും നിലനിൽക്കുന്ന കാലത്തോളം മനുഷ്യന്റെ സാംസ്കാരികജീവിതത്തിൽ വലിയ പ്രധാന്യമുള്ള ഒരു ആശയവിനിമയ ഉപാധിയാണു തർജമ. ഒരേ ഭാഷണസമൂഹത്തിൽപെട്ട വ്യക്തികൾക്ക് ആശയവിനിമയത്തിനുള്ള ഉപാധിയാണു ഭാഷയെങ്കിൽ വിഭിന്ന ഭാഷണസമൂഹങ്ങളിൽപ്പെട്ടവർക്ക് ആശയവിനിമയത്തിനുള്ള മാർഗം തർജമയാണ്. ഭാഷാപരമായും സാംസ്കാരികമായും വേറിട്ടുനിൽക്കുന്ന രണ്ടു സമൂഹങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിനുള്ള ഉപാധിയായി തർജമയെ കാണുമ്പോൾ സാഹിത്യകൃതികളുടെയോ ശാസ്ത്രകൃതികളുടെയോ ആശയവിനിമയം എന്ന സങ്കുചിതാർഥത്തിൽനിന്ന് സാംസ്കാരിക സൂചകങ്ങളായ സകലതിന്റെയും ആദാന-പ്രദാനങ്ങൾ എന്നുള്ള വ്യപകാർഥത്തിൽ അതിനെ കാണേണ്ടിവരും. ഭാഷയുടെ വ്യാപാരമെന്നതിലുപരിയായി ഇത്തരമൊരു സാംസ്കാരിക പരിപ്രേക്ഷ്യത്തിൽ

തർജമയെ കാണുമ്പോളാണ് ഓരോ സന്ദർഭത്തിലെയും തർജമയിലൂടെ ഒരു സമൂഹത്തിൽനിന്ന് മറ്റൊരു സമൂഹത്തിലേക്കു വിനിമയം ചെയ്യപ്പെട്ട ആശയങ്ങൾക്കു പുറകിലുള്ള മതപരവും രാഷ്ട്രീയവും സാംസ്കാരികവുമായ സ്വാധീനങ്ങളെക്കുറിച്ച് തിരിച്ചറിയാൻ കഴിയുന്നത്.

ക്ലാസിക് സ്വഭാവമുള്ള കൃതികളും മെച്ചപ്പെട്ട സാംസ്കാരിക മൂല്യമുള്ള കൃതികളുമാണ് സാധാരണയായി തർജമ ചെയ്യപ്പെടുന്നത്. കൃതികളില്ലാത്തിടത്തു ഗ്രന്ഥങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഉപാധിമാത്രമല്ല തർജമ; തർജമയിലൂടെ മൗലിക ഗ്രന്ഥരചനയ്ക്കുള്ള മാതൃകകൾകൂടി സൃഷ്ടിക്കപ്പെടുന്നു. ആധുനിക മലയാളഗദ്യത്തിലുണ്ടായ ആദ്യകൃതികൾ തർജമയായതിൽ അസ്വാഭാവികതയൊന്നുമില്ല. മലയാള കാവ്യസരണിയിൽ ആദ്യമുണ്ടായ കൃതികളും തർജമയിലൂടെ ലഭിച്ചവയാണ്. മലയാളത്തിലെ പ്രാക്തനമായ ക്ലാസിക് കൃതികൾ ഹൈന്ദവേതിഹാസങ്ങളുടെ കാവ്യാത്മകമായ പരിഭാഷകളായിരുന്നു. ചീരാമന്റെ *രാമചരിതവും* കണ്ണശന്മാരുടെ *രാമായണം, ഭാരതം, ഭഗവത്ഗീത* എന്നിവയും ചെറുശ്ശേരി ഗാഥാരൂപത്തിൽ ഭാഗവതത്തിനു നൽകിയ പുനരാഖ്യാനമായ *കൃഷ്ണഗാഥയും* പരിഭാഷയിലൂടെ മലയാളത്തിനൊരു കാവ്യഭാഷയെത്തന്നെ സൃഷ്ടിച്ച എഴുത്തച്ഛന്റെ *അധ്യാത്മരാമായണ*വും *ഭാരത*വും *ഭാഗവത*വും ഉദാഹരണങ്ങളാണ്. ഒരു കൃതി മറ്റൊരു ഭാഷയിലേക്കു പരിഭാഷപ്പെടുത്തിക്കഴിഞ്ഞാൽപിന്നെ ആ കൃതി ആ ഭാഷയുടെ സ്വന്തമാണ്. *അദ്ധ്യാത്മരാമായണം കിളിപ്പാട്ടും വേദപുസ്തകവും* മലയാളത്തിനും മലയാളിക്കും അവകാശപ്പെട്ടതാണ്. അതുകൊണ്ട് മൗലികകൃതികൾ, പരിഭാഷകൾ എന്നിങ്ങനെ പുസ്തകങ്ങളെ വകതിരിച്ച് അവയുടെ മൂല്യം കൂട്ടാനോ മൂല്യം കുറയ്ക്കാനോ ശ്രമിക്കേണ്ട കാര്യമില്ല.

ബെഞ്ചമിൻ ബെയിലിയുടെ ചുമതലയിൽ കോട്ടയം കോളജിൽ തർജമയ്ക്കുവേണ്ടി പ്രത്യേക വിഭാഗംതന്നെ പ്രവർത്തിച്ചിരുന്നു. അച്ചടിശാലയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ അതിന്റെ ചുമതലയും ബെയിലിക്കായി. ബെഞ്ചമിൻ ബെയിലി പരിഭാഷ-അച്ചടി വിഭാഗങ്ങളുടെ ചുമതല വഹിക്കുന്നതായുള്ള പരാമർശങ്ങൾ മിഷനറി രേഖകളിൽ ആദ്യന്തം കാണാം. പരിഭാഷായത്നങ്ങളിൽ ബെയിലിയെ സഹായിക്കുന്നതിന് ഇരുഭാഷകളും അറിയാവുന്നവരെ കിട്ടുക പ്രയാസമായിരുന്നു. തന്മൂലം മലയാളപഠനത്തിലെന്നപോലെ പരിഭാഷയിലും ബെയിലിക്കു വളരെ ക്ലേശിക്കേണ്ടിവന്നു. മലയാളത്തിൽ ആവശ്യത്തിനുള്ള വിജ്ഞാനമാർജിക്കാനും പാണ്ഡിത്യം നേടാനും കഴിഞ്ഞതോടെയാണ് ആ പ്രശ്നത്തിനു പരിഹാരമായത്. പക്ഷേ, അച്ചടിശാലയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ടൈപ്പുകളുടെ നിർമാണത്തിലേക്കു ശ്രദ്ധതിരിക്കുകയും ചെയ്തതോടെ പരിഭാഷയും സംശോധിത പരിഷ്കരണവും മന്ദഗതിയിലായി. ഇടയ്ക്കിടെ ചിലരുടെ സഹായങ്ങൾ തർജമയിൽ ബെയിലിക്കു ലഭിച്ചു. പ്രത്യേകിച്ച് ബൈബിൾ തർജമയിൽ. ബെയിലിയുടെ ചുമതലയിലുണ്ടായിരുന്ന തർജമ വിഭാഗത്തിൽ പ്രതിമാസം മുപ്പതുരൂപാ ശമ്പളത്തിൽ നിയമിക്കപ്പെട്ടിരുന്ന

ചാത്തുമേനോൻ ഇക്കൂട്ടത്തിൽപ്പെടുന്ന ഒരാളാണ്. മേനോനെകൂടാതെ മറ്റു സഹായികളും പകർത്തിയെഴുത്തുകാരും ഉണ്ടായിരുന്നു. ചാത്തുമേനോൻ ഇടയ്ക്ക് മെച്ചപ്പെട്ട ജോലി പ്രതീക്ഷിച്ച്, പരിഭാഷകന്റെ ജോലി വേണ്ടെന്നു വെച്ചു പോകുകയും പ്രതീക്ഷയ്ക്കൊത്ത ജോലികൾ കിട്ടാതെ വന്നപ്പോൾ വീണ്ടും ബെയിലിയോടൊപ്പം ചേരുകയും ചെയ്തു. കോളജിലെ ഹീബ്രു പ്രൊഫസ്സറായിരുന്ന മോസസ് ഇശാർഫതിയുടെ സഹായം ബൈബിൾ വിവർത്തനത്തിൽ, വിശിഷ്യ *പഴയനിയമ*വിവർത്തനത്തിൽ, ലഭിച്ചിട്ടുണ്ട്. എന്നാൽ കോളജിൽ അദ്ദേഹത്തിന്റെ സേവനം ആവശ്യമില്ലാതെ വന്നപ്പോൾ അദ്ദേഹം കോട്ടയം വിട്ടുപോയി. തർജമയും സംശോധിതപരിഷ്കരണവും സംബന്ധിച്ച ജോലികൾ ഒട്ടുമിക്കതും ബെയിലിതന്നെ നിർവഹിക്കുകയായിരുന്നു പതിവ്. അദ്ദേഹം സഹമിഷനറിമാരുമായും മറ്റു പ്രാദേശിക പണ്ഡിതന്മാരുമായും തർജമ സംബന്ധിച്ച ചർച്ചകൾ നടത്തുകയും അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ബൈബിൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷം ബെയിലി തർജമയിലും പ്രസ്സ് കോപ്പി തയ്യാറാക്കുന്നതിലും പ്രൂഫ് തിരുത്തുന്നതിലും വ്യാപൃതനായിരുന്നു.

ഒരു ആധുനിക പ്രസാധനശാലയിലെ 'എഡിറ്റോറിയൽ ഡിപ്പാർട്ട്മെന്റി'ന്റെ സ്ഥാനമാണ് ബെഞ്ചമിൻ ബെയിലിയുടെ തർജമ വിഭാഗത്തിനുണ്ടായിരുന്നത്. പ്രസാധനശാലയുടെ 'ജനറേറ്റർ' എന്നാണ് എഡിറ്റോറിയൽ വിഭാഗം അറിയപ്പെടുന്നത്. മറ്റു വിഭാഗങ്ങളായ പ്രൊഡക്ഷൻ-മാർക്കറ്റിങ് ഡിപ്പാർട്ടുമെന്റുകളുൾപ്പെടെ പ്രസാധനശാലയുടെ മുഴുവൻ പ്രവർത്തനത്തിനും ആവശ്യമായ 'ഊർജം' നൽകുന്നത് എഡിറ്റോറിയൽ വിഭാഗമായതുകൊണ്ടാണ് ഈയൊരു വിശേഷണം. പ്രസാധനശാലയുടെ നിലനിൽപ്പിന് അനിവാര്യഘടകമായ കൈയെഴുത്തുപ്രതികൾ പല വിധേന സംഘടിപ്പിക്കുകയും അത് അച്ചടിക്കു പാകമാക്കുകയും ചെയ്യുന്നത് എഡിറ്റോറിയൽ വിഭാഗമാണ്. ബെയിലിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും അതികഠിനമായി പ്രയത്നിച്ചാണ് പരിഭാഷയിലൂടെ കൃതികൾ തയ്യാറാക്കിയിരുന്നത്. ഒരു 'ഒറ്റയാൾ പ്രസാധക-ഗ്രന്ഥകർത്താവാ'യിരുന്നു ബെയിലി.

പ്രസാധകനെ സംബന്ധിച്ചിടത്തോളം പുസ്തകം കണ്ടെത്തുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതുപോലെ പ്രധാനമാണ് പുസ്തകത്തിന്റെ വിൽപ്പന അഥവാ വിതരണം. പുസ്തകങ്ങൾ ക്ലേശരഹിതമായി പ്രസിദ്ധപ്പെടുത്താനും കഴിയണം. പകർത്തിയെഴുത്തു സംസ്കാരം (scribal culture) നിലനിൽക്കുന്ന ഒരു സമൂഹത്തിൽ വായിക്കാനുള്ള താൽപ്പര്യത്തെക്കാൾ കേൾക്കാനായിരിക്കും ആളുകൾക്കു താൽപ്പര്യം. (ഉദാ. ക്ഷേത്രങ്ങളിലെയും പ്രഭുഗൃഹങ്ങളിലെയും പുരാണപാരായണം.) വായിക്കാനറിയാവുന്നവർ കുറവായിരിക്കും. *ബൈബിൾ* വലിയൊരു കൃതിയാണ്. അത് അപ്പാടെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു നിലവിലുള്ള അച്ചടി സൗകര്യങ്ങൾ അപര്യാപ്തമാണ്-ഇങ്ങനെ ഒരുപാടു പ്രതികൂലതകൾ ഒരു പ്രസാധകനെന്ന നിലയിൽ ബെയിലിക്ക് അഭിമുഖീകരിക്കേണ്ടിവന്നു. അതിനു ബെയിലി സ്വീകരിച്ച ചില പ്രതിവിധികളുണ്ട്.

*ബൈബിളി*ലെ പുസ്തകങ്ങൾ ഓരോരോ ചെറുപുസ്തകമായി ആദ്യം പ്രസിദ്ധപ്പെടുത്തി. മറ്റു കൃതികളും അങ്ങനെ (ഉദാ. വാറ്റ്സിന്റെ ചേദ്യോത്തര പുസ്തകം) ചെറിയ ചെറിയ ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തി. അതേസമയം, പിന്നീടൊരു ഘട്ടത്തിൽ അവയൊരുമിച്ചു ചേർത്ത് ഒറ്റ പുസ്തകമായും പ്രസിദ്ധപ്പെടുത്തി. (ഉദാ. ബൈബിൾ *പുതിയനിയമം* 1829). വായനക്കാരെക്കൊണ്ട് പൊതുസ്ഥലങ്ങളിലും പുരോഹിതന്മാരെക്കൊണ്ട് ദേവാലയങ്ങളിലും പുസ്തകങ്ങൾ വായിപ്പിച്ചു. ബൈബിൾ സൊസൈറ്റിയുടെ സഹായത്തോടെ വേദഭാഗങ്ങൾ സൗജന്യമായി വിതരണം ചെയ്തു. 1840 വരെ ഈ നില തുടർന്നു. അതിനുശേഷം ചെറിയ വില ഈടാക്കിക്കൊണ്ട്, ആവശ്യക്കാർക്കു പുസ്തകങ്ങൾ നൽകി. തുടക്കത്തിലെ സൗജന്യം ആളുകളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്നീടു ചെറിയ വില ഈടാക്കിയത് പുസ്തകത്തിന് വിലയുണ്ടെന്നുള്ള തോന്നലുണ്ടാക്കുവാനും സഹായിച്ചു.

പുസ്തകത്തിന്റെ ആദ്യത്തെ പേജ് ശീർഷകപത്രമായി (title page) ചേർക്കുന്ന ശൈലിയാണ് ബെയിലി സ്വീകരിച്ചിരുന്നത്. അർധശീർഷകപത്രം (Half-title page), കോപ്പിറൈറ്റ് പേജ് എന്നിവ അച്ചടിക്കാറുണ്ടായിരുന്നില്ല. ശീർഷകപത്രത്തിൽ ഗ്രന്ഥനാമം, ഗ്രന്ഥകർത്താവിന്റെയൊ മൂലഗ്രന്ഥകർത്താവിന്റെയൊ പേര്, അച്ചടിച്ച പ്രസ്സിന്റെ (സി.എം.എസ്. പ്രസ്/(Church Mission Press) പേര്, കോട്ടയം എന്നു സ്ഥലപ്പേര്, പ്രസിദ്ധീകരണ വർഷം ഇവ ചേർത്തിരുന്നു. എന്നാൽ ഇവ ഏതു ഭാഷയിൽ അച്ചടിക്കുന്നു (ഇംഗ്ലീഷോ മലയാളമോ) എന്ന കാര്യത്തിൽ വ്യവസ്ഥ ഇല്ലായിരുന്നു. 1829 *ബൈബിൾ പുതിയനിയമ*ത്തിൽ ഒരേ ഉള്ളടക്കമുള്ള രണ്ടു ടൈറ്റിൽപ്പേജ് ഉണ്ട്. ആദ്യം ഇംഗ്ലീഷിലും പിന്നീടു മലയാളത്തിലും. *നിഘണ്ടുക്കളിൽ* ഇംഗ്ലീഷിലാണു ടൈറ്റിൽപേജ്. വാറ്റ്സിന്റെ ചോദ്യോത്തര പുസ്തകത്തിലുംമറ്റും മലയാളത്തിലാണു ടൈറ്റിൽപേജ് ചേർത്തിരിക്കുന്നത്. ഓരോന്നിന്റെയും പ്രധാന്യക്കൂടുതലും കുറവുമനുസരിച്ച്, വിവിധ വലിപ്പമുള്ള ടൈപ്പുകൾ ഉപയോഗിച്ച് പോയിന്റ്സൈസ് കൂട്ടിയും കുറച്ചും വളരെ ഭംഗിയായാണ് ടൈറ്റിൽപേജുകൾ സംവിധാനം ചെയ്തിരിക്കുന്നത്.

ആദ്യകൃതി: *ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ*

'മെശിയാസംവത്സരം' 1824-ൽ 'കൊട്ടയത്ത അച്ചടിച്ച പുസ്തക'മാണ് *ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ.* "ശ്രീ(ജോർജ്) ഇരുമ്പയം ഈ പുസ്തകത്തെക്കുറിച്ച് ഉപന്യസിക്കുന്നതുവരെ, 1829-ൽ അച്ചടിച്ച *പുതിയനിയമ*ത്തെയാണു കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകമായി കണക്കാക്കിയിരുന്നത്." (കെ. എം. ഗോവി, 1988: 109) 1824-ൽ കോട്ടയത്തുണ്ടായിരുന്ന ഒരേ ഒരു അച്ചടിശാല ചർച്ച് മിഷൻ പ്രസ്സ് ആയിരുന്നു. 1823 ജൂലൈ മുതൽ കോട്ടയം ചർച്ച് മിഷൻ പ്രസ്സിൽ അച്ചടി ആരംഭിച്ചു എന്നുള്ളതിനു രേഖയുണ്ട്. തന്മൂലം *ചെറുപൈതങ്ങൾക്ക ...കഥകൾ* അച്ചടിച്ചതു സി.എം.എസ്. പ്രസ്സിലാണെന്നുള്ളതു

നിസ്സംശയമാണ്. “ഈ കൃതി അറിയാൻ കഴിഞ്ഞിടത്തോളം കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകവും മലയാളത്തിലെ ആദ്യത്തെ ബാലസാഹിത്യകൃതിയും ആണ്.” (ജോർജ് ഇരുമ്പയം, 1981: 15)

*ചെറുപൈതങ്ങൾക്ക.... കഥ*കളിലെ എല്ലാ കൃതികളും കുട്ടികൾക്ക് ഉപകാരപ്പെടുന്നതിനായി ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയതാണ്. 1824-ൽ കുട്ടികൾക്ക് ഉപകാരപ്പെടുന്നതിനുവേണ്ടി ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുക എന്നാൽ അതു കുട്ടികളുടെ പൊതു ഉപയോഗത്തിനുവേണ്ടിയല്ല; പ്രത്യുത, മിഷനറിമാർ സ്ഥാപിച്ച സ്കൂളുകളിലെയും കോളജിലെയും വിദ്യാർഥികളുടെ ഉപയോഗത്തിന് ഉദ്ദേശിച്ചുള്ളതായിരുന്നു. ഇക്കാര്യം ഉറപ്പിക്കുന്നതിനുള്ള സൂചന കൃതിക്കുള്ളിൽത്തന്നെ ഉണ്ട്. *എഡ്വാർഡ എന്ന പെർ ഉളവായ രാജാക്കന്മാരിൽ ആറാമവന്റെ ചരിതം* എന്ന കഥയിൽ അഞ്ചാം അധ്യായത്തിന്റെ ഒടുവിൽ എഡ്വേർഡ് രാജാവിന്റെ കഥ പറഞ്ഞുതീർന്നതിനുശേഷം ആഖ്യാതാവിന്റേതായി ഒരു പ്രബോധനം ഉണ്ട്. ആ പ്രബോധനത്തിൽ, ആഖ്യാതാവ് വായനക്കാരനെ അഭിസംബോധന ചെയ്യുന്നത് ‘അദ്ധ്യായി’ എന്നാണ്. അധ്യയനം ചെയ്യുന്നവൻ (പഠിക്കുന്നവൻ) ആണ് അദ്ധ്യായി.

“ആകയാൽ എടൊ അദ്ധ്യായി-ചെന്ന അപ്രകാരംതന്നെ ചെയ്തീടുക ഇനിമെൽ സ്വർഗ്ഗത്തിങ്കൽ നമ്മുടെ ഭഗവാനാം രക്ഷിതാവിനെ അഭിമുഖീകരിച്ചു കാണും എന്നും നി ഉറയ്ക്കുമാറാകും” (പു.114)

കോട്ടയം മിഷനറിത്രയം അവരുടെ സൗകര്യാർഥം സ്വയമേർപ്പെടുത്തിയ ജോലിവിഭജനപ്രകാരം തർജമ വിഭാഗത്തിന്റെ പൂർണചുമതല ബെഞ്ചമിൻ ബെയിലിക്കായിരുന്നു. തർജമ ജോലികൾ നിർവഹിച്ചിരുന്നതും അതിനു മേൽനോട്ടം വഹിച്ചിരുന്നതും അദ്ദേഹംതന്നെ ആയിരുന്നു. *ചെറുപൈതങ്ങൾക്ക...കഥ*കളുടെ പരിഭാഷാകാലത്ത് കോട്ടയത്തുണ്ടായിരുന്ന മറ്റു മിഷനറിമാരായിരുന്ന ഹെൻറി ബേക്കർ സീനിയറും ജോസഫ് ഫെന്നും ബെയിലിയുടെ തർജമകൾ പരിശോധിച്ച് അഭിപ്രായം പറയുന്നതല്ലാതെ തർജമകാര്യങ്ങളിൽ മറ്റു വിധത്തിൽ ഇടപെട്ടിരുന്നില്ല. തന്നെയുമല്ല, അവർക്ക് അവരുടേതായ ധാരാളം ജോലികളും ചുമതലകളും ഉണ്ടായിരുന്നുതാനും. അതുകൊണ്ട് ബെഞ്ചമിൻ ബെയിലിയുടെ ചുമതലയിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതും മറ്റു കൃതികളുടെ കാര്യത്തിലെന്നപോലെ ബെയിലി സംശോധിത പരിഷ്കരണം നടത്തി, പ്രസ്സ്കോപ്പി തയ്യാറാക്കി, അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ് ഈ കൃതി. ബെയിലി ആദ്യകാലത്തു പരിഭാഷപ്പെടുത്തിയതായി *മിഷനറി രജിസ്റ്ററിൽ* രേഖപ്പെടുത്തിയിട്ടുള്ള കൃതികളുടെ കൂട്ടത്തിലുള്ളതാണ് ഈ കഥാസമാഹാരത്തിലെ *രണ്ട് ആട്ടിൻകുട്ടികളുടെ കഥ*. ഒറ്റയ്ക്ക് ഒരു ലഘുപുസ്തകമായി പ്രസിദ്ധപ്പെടുത്തുവാൻ വേണ്ടത്ര ദൈർഘ്യമുള്ളതാണ് ആ കഥ. അതും സമാഹാരത്തിലെ മറ്റു കഥകൾ ഓരോന്നും പ്രത്യേകം പ്രത്യേകം ട്രാക്ടായി പിൽക്കാലത്തു പ്രസിദ്ധപ്പെടുത്തിയിരുന്നിരിക്കണം. ആദ്യം എല്ലാ കഥകളുംകൂടി ചേർത്ത് അച്ചടിച്ച ഒരു പുസ്തകമായി സ്കൂളുകളിലും കോളജിലും ഉപയോഗിക്കുക

യും ചെയ്തു എന്നുവേണം കരുതാൻ.

പരിഭാഷകൻ രണ്ടു സന്ദർഭങ്ങളിൽ തത്തുല്യപദങ്ങൾ കിട്ടാതെ മൂലഭാഷാപദങ്ങൾതന്നെ പ്രയോഗിച്ചിട്ടുണ്ട്. പരിഭാഷകനു വാക്കുമുട്ടിപ്പോയത് *തെയൊഫിലുസിന്റെയും സൊപ്യായുടെയും* കഥയിലാണ്. 150-ാം പേജിലെ ഒരു വാക്യം ഇങ്ങനെ: "ഈ മെളമാർന്ന ശബ്ദങ്ങളോടും പുഷ്പസൗരഭ്യങ്ങളോടുംകൂടിയ ഈ തോട്ടത്തിന്റെ ഛായ കണ്ടാൽ നമുക്ക പാരദസിന്റെ സ്മരണ തൊന്നിടും." 186-ാം പേജിലെ ഒരു വാക്യം കൂടി: "അനന്തരം ആ ഇടയൻ വെദപുസ്തകത്തെ എടുത്ത ജെനിസിസിൽ ആദിക്കലത്തെ ഭാഗത്ത് ഉള്ള പ്രകാരം മനുഷ്യസൃഷ്ടിയുടെയും പതനത്തിന്റെയും വിവരം ഉച്ചൈസ്തരം വായിച്ചു." മൂലഭാഷയിലെ സങ്കൽപ്പനങ്ങളെ അത്ര നിരായാസമായി ലക്ഷ്യഭാഷയിലേക്കു പകർന്നുവെക്കാൻ ഈ പദങ്ങളുടെ കാര്യത്തിൽ പരിഭാഷകനു കഴിയുന്നില്ല. ഇംഗ്ലീഷ് പദങ്ങളുടെ ട്രാൻസ്‌ലിറ്ററേഷൻ വളരെ കൃത്യമാണെന്നുള്ളതും ശ്രദ്ധേയമാണ്. ഇതിൽനിന്ന് പരിഭാഷകനു കൂടുതൽ വഴങ്ങുന്നതു മൂലഭാഷയാണെന്നു വ്യക്തം. മൂലഭാഷയായ ഇംഗ്ലീഷ് കൂടുതൽ വഴങ്ങുന്നു എന്നു പറയുമ്പോൾ പരിഭാഷകൻ ഒരു ഇംഗ്ലീഷുകാരനാണ്-മലയാളി അല്ല-എന്നുള്ളതാണ് അതു നൽകുന്ന സൂചന. മേൽപ്പറഞ്ഞ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, *ചെറുപൈതങ്ങൾക്ക...കഥകൾ* എന്ന കൃതിയുടെ ഗ്രന്ഥകർത്തൃത്വം സംബന്ധിച്ച്, "വിവർത്തകൻ ഒരു വിദേശമിഷനറിയാണെന്നു കരുതാം. ബെയിലി തന്നെ ആവാം" എന്നുള്ള ഡോ.ജോർജ് ഇരുമ്പയത്തിന്റെ അഭിപ്രായം സ്വീകാര്യമാണ്. (1981: 15)

ചെറുപൈതങ്ങൾക്ക... കഥകൾ 21 X 14 സെ.മീ. സൈസിൽ 197 പേജുള്ള കൃതിയാണ്. ശീർഷകപത്രത്തിൽ പുസ്തകത്തിന്റെ പേര്, അച്ചടിച്ച സ്ഥലം, വർഷം ഇത്രയും കാര്യങ്ങളാണുള്ളത്. അടുത്ത പേജിൽ 'സംഗതിവിവരം' ചേർത്തിരിക്കുന്നു. ഇതിൽ കഥകളുടെ ക്രമനമ്പർ മലയാളം അക്കത്തിൽ, കഥകളുടെ പേര്, ഓരോ കഥയും ആരംഭിക്കുന്ന പേജ് നമ്പർ മലയാളം അക്കത്തിൽ എന്നീ കാര്യങ്ങൾ ഉണ്ട്. ഈ കഥാസമാഹാരത്തിൽ എട്ടു കഥകളാണുള്ളത്-ഒന്ന്, എംഗലാന്തിൽ മാർജരി എന്ന പെരായി നാല വയസ്സ ചെന്ന ഒരു പെൺപൈതലിന്റെ കഥാ; രണ്ട്, ജ്ഞാനി പൈതലിന്റെ കഥാ; മൂന്ന്, ആട്ടിൻ കുട്ടികളുടെ കഥാ; നാല്, വിപദിധൈര്യം ഒരു കഥാ; അഞ്ച്, ജൊർജ്ജിന്റെയും അവന്റെ ചക്രത്തിന്റെയും കഥാ; ആറ്, എഡ്‌വാർഡ എന്ന പെർ ഉളവായ രാജാക്കന്മാരിൽ ആറാമവന്റെ ചരിതം; ഏഴ്, മനസ്സുറപ്പിന്റെ സംഗതി; എട്ട്, തെയൊഫിലുസിന്റെയും സൊപ്യായുടെയും കഥാ. ഇതിൽ രണ്ടാമതു കഥയുടെ പേര് സംഗതി വിവരത്തിൽ *ജ്ഞാനിപൈതലിന്റെ കഥാ* എന്നാണെങ്കിലും ഗ്രന്ഥത്തിനുള്ളിൽ കഥയോടൊപ്പം നൽകിയിരുക്കുന്നത് *ജ്ഞാനിപ്പൈതൽ* എന്നാണ്. അതുപോലെ മൂന്നാമതു കഥയുടെ പേരിലുമുണ്ടൊരു ചെറിയ മാറ്റം. സംഗതി വിവരത്തിൽ *ആട്ടിൻകുട്ടികളുടെ കഥാ* എന്നും പുസ്തകത്തിനുള്ളിൽ *രണ്ട ആട്ടിൻകുട്ടികളുടെ കഥാ* എന്നുമാണ്. നാലാമതു കഥയുടെ പേര് സംഗതിവിവരത്തിൽ അവസാനിക്കുന്നത് 'കഥാ'

എന്ന് ദീർഘമായിട്ടാണെങ്കിലും പുസ്തകത്തിനുള്ളിൽ 'കഥ' എന്ന് അകാരാന്തമാണ്.

ഓരോ കഥയും വളരെ ദീർഘമാണ്. മാർജരിയുടെ കഥയിൽതന്നെ മൂന്നു കഥാഖണ്ഡങ്ങളുണ്ട്. എഡ്വാർഡ് ആറാമന്റെ കഥ അഞ്ച് അധ്യായങ്ങളിലായാണു വിവരിച്ചിരിക്കുന്നത്. കഥകളിൽ ശുദ്ധ ആഖ്യാനങ്ങളും (മാർജരിയുടെ കഥ, ജ്ഞാനിപ്പൈതലിന്റെ കഥാ, സദ്ഗുണങ്ങളെക്കുറിച്ചുള്ള കഥകളും (വിപദിധൈര്യം, മനസ്സുറപ്പ്) മഹച്ചരിതങ്ങളും (എഡ്വേർഡ് ആറാമൻ, തെയൊഫിലോസും സോഫിയായും) ഉൾപ്പെട്ടിരിക്കുന്നു. എല്ലാം സന്മാർഗോപദേശ കഥകളാണ്. ആദ്യകാലത്തെ പാഠപുസ്തകങ്ങളിൽ ഇത്തരമൊരു പാഠസങ്കലനമാണു കാണാൻ കഴിയുക. തിരുവിതാംകൂർ ബുക്കുകമ്മറ്റി പ്രസിഡന്റ് എന്ന നിലയിൽ കേരളവർമ വലിയ കോയിത്തമ്പുരാൻ പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിൽപ്പോലും *ചെറുപൈതങ്ങൾക്ക... കഥ*കളിലെ പാഠസങ്കലനശൈലിയുടെ ഛായ ഉണ്ട്. തിരുവിതാംകൂർ പാഠപുസ്തകങ്ങളുടെ സവിശേഷതയെക്കുറിച്ച് ഡോ.എൻ.സാം പറയുന്നു: ''സർക്കാർ വിദ്യാഭ്യാസ ചുമതല ഏറ്റെടുത്തതോടെ മതനിരപേക്ഷമായ ഒരു പാഠ്യപദ്ധതി നിലവിൽവന്നു. എങ്കിലും ക്രിസ്ത്യൻ മിഷനറിമാർ തുടങ്ങിവച്ച പാഠപുസ്തക സമ്പ്രദായത്തോട് ഇവയ്ക്ക് വളരെയധികം സാദൃശ്യമുണ്ടായിരുന്നു. സന്മാർഗോപദേശ കഥകളടങ്ങുന്ന ചെറിയ ഗദ്യപാഠങ്ങളാണ് രണ്ടിലും കാണുന്നത്.'' (1988: 107)

സാഹിത്യരചനയ്ക്കുവേണ്ടി ആധുനിക മലയാളഗദ്യം ആദ്യമായി ഉപയോഗിക്കപ്പെട്ടത് *ചെറുപൈതങ്ങൾക്ക... കഥ*കളിലാണ്. ഈ സമാഹാരത്തിലെ ചെറുകഥകൾ രൂപ-ഭാവ തലങ്ങളിൽ സുഘടിതവും സുഭദ്രവുമാണ്. ശിൽപ്പനിർമിതിക്കുള്ള ഉപാധി എന്ന നിലയിൽ ആഖ്യാനം, സംഭാഷണം എന്നീ ഗദ്യരൂപങ്ങൾ ഇക്കഥകളിൽ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിട്ടുമുണ്ട്. മലയാളത്തിൽ അച്ചടിച്ച ആദ്യ ചെറുകഥ ഈ കഥാസമാഹാരത്തിലെ *എംഗലാന്തിൽ... കഥ* (മാർജരിയുടെ കഥ) ആണ്. കേരളത്തിൽ അച്ചടി ആരംഭിക്കുന്നതിനുമുമ്പ്, സർവപ്രധാനമായ ലിഖിത ഭാഷാരൂപം എന്ന നിലയിൽ ഗദ്യം നടപ്പിലായിരുന്നില്ല. നടപ്പിലായിരുന്ന സർവപ്രധാനമായ വരമൊഴിരൂപം പദ്യമായിരുന്നുതാനും. ശാസനങ്ങളിലും മറ്റുമായി നടപ്പിലുണ്ടായിരുന്ന നാമമാത്രമായ ഗദ്യമാകട്ടെ ആശയവിനിമയത്തിനു പദ്യത്തോളംപോലും സൗഗമ്യം ഉള്ളതായിരുന്നില്ല. ഈ അവസ്ഥയിൽ മതപ്രചാരണത്തിനും വിദ്യാഭ്യാസത്തിനും ആവശ്യമായ ഗ്രന്ഥങ്ങൾ ഗദ്യത്തിൽ അച്ചടിക്കേണ്ടിവന്നപ്പോൾ ഗദ്യരൂപത്തിലുള്ളതും സർവപ്രധാനമായ വ്യാവഹാരികരൂപവുമായ സംസാരഭാഷയെ അച്ചടിഭാഷയായി മാറ്റുകയായിരുന്നു പ്രായോഗികം. സാമാന്യജനങ്ങളുടെ സംസാരഭാഷയെ വരമൊഴിയായി സ്വീകരിച്ച്, അതിനെ അച്ചടിയിലേക്ക് ഉയർത്തിയ മിഷനറിമാർക്ക് കേരളത്തിലെ വിദ്യാസമ്പന്നരുടെ ഭാഷയായ സംസ്കൃതത്തെ ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. വിദ്യാസമ്പന്നരായ ബ്രാഹ്മണാദികളുടെ സംസാരഭാഷയിലും സംസ്കൃതസ്വാധീനമുണ്ടായിരുന്നു. തന്നെയുമല്ല,

ലഭ്യമായ സാഹിത്യകൃതികളിലും വൈജ്ഞാനികഗ്രന്ഥങ്ങളിലും 'ഭാഷാ സംസ്കൃതയോഗ'മാണുണ്ടായിരുന്നത്. ബഹുജനങ്ങൾക്കിടയിൽ ആശയ വിനിമയം നടത്തുന്നതിനുവേണ്ടി രചിക്കപ്പെടുന്ന കൃതികൾ എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യമാകണം. അതിനുവേണ്ടി ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ സംസാരഭാഷയിലെ വഴക്കങ്ങൾ, സാഹിത്യ വൈജ്ഞാനിക കൃതികളിലും മുന്നാക്കക്കാരുടെ സംഭാഷണഭാഷയിലും മേൽക്കൈയുണ്ടായിരുന്ന മണിപ്രവാളശൈലി എന്നിവ കൂട്ടിച്ചേർത്ത് ഒരു ഗദ്യശൈലി സൃഷ്ടിക്കാനാണു *ചെറുപൈതങ്ങൾക്ക...കഥ*കളുടെ പരിഭാഷകൻ ശ്രമിച്ചത്. മാതൃകകളില്ലാതെ, ഇത്തരമൊരു ഭാഷാസങ്കലനത്തിനു ശ്രമിച്ചപ്പോൾ സാമാന്യജനത്തിന്റെ സംസാരഭാഷാവഴക്കങ്ങൾ എത്രത്തോളമാകാം, സംസ്കൃതപദങ്ങൾ എത്രത്തോളമാകാം എന്നിവയെക്കുറിച്ചുള്ള സംശയങ്ങൾ പരിഭാഷകനെ പലപ്പോഴും ബാധിക്കുന്നുണ്ട്. ചിലപ്പോൾ നാട്ടുമൊഴിവഴക്കങ്ങൾക്കു മുൻതൂക്കം കിട്ടി; മറ്റു ചിലപ്പോൾ സം സ്കൃതത്തിന്റെ സ്വാധീനം വളരെ വർധിച്ചു. വേറെ ചിലപ്പോളാകട്ടെ കവിതയിലും മറ്റും സാധാരണമായിരുന്ന പ്രാചീന പ്രയോഗങ്ങൾ കൂടുതലായി ഉപയോഗിച്ചു. ഏതായാലും ആധുനിക ഗദ്യത്തിന്റെ പരീക്ഷണശാലയാണ് *ചെറുപൈതങ്ങൾക്ക...കഥ*കളിലെ ഓരോ കൃതിയും. താരതമ്യത്തിലൂടെ ഇക്കാര്യം വ്യക്തമാക്കുന്നതിന് സഹായകമായ രണ്ടു ഭാഗങ്ങൾ ഉദ്ധരിക്കുന്നു. ആദ്യം *എംഗലാന്തിൽ മാർജരി എന്ന പെരായി നാല വയസ്സ ചെന്ന ഒരു പെൺപൈതലിന്റെ കഥ*യിലെ ഒരു ഭാഗം:

"ഒരുനാൾ രാവിലെ മാർജരിയുടെ അമ്മ കുഞ്ഞിനെ തൊട്ടിലിൽ കിടത്തി ഉറക്കിയതിന്റെ ശെഷം മാർജെരിയൊട മാർജെരി തൊട്ടിലിന്റെ അരികിൽ നില്കു ഉച്ചക്കലത്തെ ഭക്ഷണത്തിന്ന തൊട്ടത്തിലുള്ള സാധനങ്ങൾ കൊണ്ടുവരുവാനായി ഞാൻ തൊട്ടത്തിൽ പൊകുന്ന സമയത്ത കുഞ്ഞിനെ സൂക്ഷിച്ചുകൊൾക എന്ന പറഞ്ഞു അങ്ങിനെ മാർജെരിയുടെ അമ്മ ഒരു വട്ടിയും എടുത്തുചെന്ന ഒന്നാമത ചീര നുള്ളി ഇട്ടു പിന്നെ ചെന്ന ഉരുളക്കിഴങ്ങു പറിച്ച ഇട്ടു അതിന്റെ ശെഷം അപ്പൾ മരത്തിന്റെ അരികിലെക്ക ചെന്ന എട്ട മൂക്ക ചുകന്ന പഴം കലത്തപ്പം ഉണ്ടാക്കുവാനായി അറത്തു അപ്പൊഴെക്ക ആ വട്ടി നിറഞ്ഞ പഴങ്ങൾ കൊള്ളാതെ ആയി. എന്നാറെ ആ മരത്തിൻ കീഴുള്ള ഇരിക്കക്കട്ടിലിന്മെൽ ആ പഴങ്ങളെവെച്ച വീട്ടിലെക്ക പൊന്നു."

*തെയൊഫിലുസിന്റെയും സൊപ്യായുടെയും കഥ*യുടെ പ്രാരംഭ ഭാഗം നോക്കുക:

"നൂറ്റിൽ ചില്വാനം സംവത്സരം മുമ്പെ പ്രാൻസരാജ്യെ മഹാകൗതുകമയമായും ഉന്നതശൈലങ്ങളാൽ വിഭക്തമായും ഉള്ള ലാംഗെഡൊക്കാഖ്യമാംഭാഗെ വലിയൊരു കർത്താവ അധിവസിച്ചു അവന ഒരു ഭാര്യയും തെയൊഫിലുസ് സൊപ്യാ എവം രണ്ട ശിശുക്കളും ഉണ്ടായിരിന്നു അതിസൗന്ദര്യമുള്ള ഈ ശിശുക്കൾ യുഗ്മജന്മാക്കളായിരിന്നു തെയൊഫിലുസ് പൂർവ്വജനും സൊപ്യാ അപരജയുമായിരുന്നു ഈ ശിശുക്കൾ ഒന്നിച്ച ഒരു

തൊട്ടിലിൽ ശയിച്ചു നിദ്രചെയ്യുന്നത കണ്ടാൽ വിശ്വവിമൊഹനമായിരിന്നു

തെയൊഫിലുസ് സൊപ്യായിലും അധികം ഗാത്രതയും അധികം ശ്യാമളഛായയും പൂണ്ടിരിന്നാൻ അവന്റെ ധൈര്യഗാംഭീര്യഭാവവും വിശാല ഫാലവും അളകവും ശൈശവത്തിങ്കൽതന്നെ കണ്ടാൽ അവൻ യൗവ്വനം പ്രാപിച്ചീടിൽ അന്നുണ്ടാകും സൌന്ദര്യ വിശെഷതയെ സൂചിപ്പിച്ചി രിന്നു-അവന്റെ സഹൊദരിയുടെ ശൊണാധരങ്ങളും സ്ഫുരൽഗണ്ഡങ്ങളും ചന്ദ്രാനനവും ചാരുസ്മിതവും കാർകുന്തളവും കണ്ടാൽ അവ പരസ്പര തുല്യങ്ങൾഎന്നിയെ അന്യതുല്യങ്ങളല്ലാതിരിന്നു-ഈ കൊമള ശിശുക്കളു ടെ സൌന്ദര്യസമാലൊകനാർത്ഥം അവരുടെ മാതാപിതാക്കന്മാരും ആ കുഡുംബാശ്രിതന്മാരും അന്യന്മാരെ വരുത്തി കൊണ്ടിരുന്നു അവർ മുതിർ ന്നു മുതിർന്നു വന്നപ്പൊൾ അവരുടെ സൗന്ദര്യവും അഭിവൃദ്ധിയായിതീർന്നു"

ഭാഷാഗദ്യത്തിലെ രസവാദം

കാരീയത്തെ കാഞ്ചനമാക്കി മാറ്റുന്നതുപോലെ സംഭാഷണഭാഷയെ സാഹിത്യഭാഷയാക്കി മാറ്റുന്ന രസവാദിയാണ് *ചെറുപൈതങ്ങൾക്ക... കഥക*ളുടെ പരിഭാഷകൻ. വിഭിന്നഭാഷണ സമൂഹങ്ങളായ ന്യൂനപക്ഷ മുന്നാക്കക്കാരുടെയും ഭൂരിപക്ഷ സാമാന്യജനങ്ങളുടെയും ഭാഷണഭേദ ങ്ങളായ ഉച്ചഭാഷയെയും (High Malayalam) നീചഭാഷയെയും (Colloquial Malayalam) വ്യത്യസ്ത രാസമാറ്റങ്ങൾക്കു വിധേയമാക്കിയും വിളക്കി ച്ചേർത്തും അവയിൽനിന്നു സാഹിത്യഭാഷ ഉന്മീലനം ചെയ്യുന്ന രസതന്ത്ര മാണ്- ഭാഷയിലെ പുതിയ രസതന്ത്രമാണു-*ചെറുപൈതങ്ങൾക്ക...കഥക* ളിൽ കാണുന്നത്. ഭാഷാവ്യാപാരങ്ങളുടെ രാസപ്രവർത്തനത്തിൽ ഒരു രാസസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിന് ഗദ്യ-പദ്യ വഴക്കങ്ങളിൽ മുൻപേ ഉണ്ടായിരുന്ന വന്നാറെ, കണ്ടീല, പൊകുവൻ എന്നിങ്ങനെയുള്ള സവിശേ ഷപ്രയോഗങ്ങളിൽ ചിലത് രാസത്വരകമായും ചേർത്തു. ചുരുക്കത്തിൽ ഗദ്യരചനയെ പല തലങ്ങളിലും സ്വാധീനിച്ച പല ഭാഷാ വ്യാപാരങ്ങളും *ചെറുപൈതങ്ങൾക്ക...കഥക*ളിലുണ്ട്. അതോടൊപ്പം ഇന്നു കാണുമ്പോൾ വികലതകളെന്നു തോന്നിക്കുന്നതും യഥാർഥത്തിൽ തൽക്കാലീനഭാഷയു ടെ വിശേഷലക്ഷണങ്ങളുമായ ധാരാളം ഭാഷാവിശേഷങ്ങളും ഈ കൃ തിയിൽ ദൃശ്യമാണ്. *ചെറുപൈതങ്ങൾക്ക...കഥക*ളിൽ കാണുന്ന ഭാഷാപര മായ സവിശേഷതകളെ താഴെ കാണുംവിധം പട്ടികപ്പെടുത്താം:

(ക) പദ്യത്തിലെന്നപോലെ ഗദ്യത്തിലും മണിപ്രവാളത്തിന്റെ രീതിയാണു സർവസ്വീകാര്യമായിത്തീരുക എന്നു കരുതിയ പരിഭാഷകൻ മണിപ്രവാള കവിതയിലേതുപോലെ സംസ്കൃത വിഭക്ത്യന്തപദങ്ങൾ, വിശേഷണ വിശേഷ്യപ്പൊരുത്തം എന്നിവ പരിമിതമായെങ്കിലും പ്രയോഗിച്ചു.

ഉദാ: പ്രാൻസ രാജ്യെ, ലാംഗെഡൊക്കാഖ്യമാം ഭാഗെ.

"ഞങ്ങൾ ഞങ്ങളുടെ പ്രാണങ്ങളെ കൊണ്ടും വസ്തുവകകൾ കൊ ണ്ടും നിന്നെയും നിൻ കിരീടത്തെയും നിശ്ശേഷ ഭൂവിരൊധത്തിങ്കലും പാലി ച്ചു കൊള്ളുന്നുണ്ട."

സാമാന്യേന ഉപയോഗിച്ചിരുന്ന സംസ്കൃതപദങ്ങളും പ്രയോഗങ്ങളും സ്വീകരിക്കുന്നതിൽ യാതൊരു വൈമനസ്യവും പ്രകടിപ്പിച്ചതുമില്ല.

ഉദാ. ഗ്രീഷ്മകാലത്തിങ്കൽ, അജനിവഹം, ഏവം രണ്ടു ശിശുക്കൾ, ചതുർദ്ദശ വയസ്സായാറെ, ഷൊഡശ വയസ്സായ, വയസ്യനാം ഒരു പൈതൽ, ഉന്നതസ്ഥലം പ്രാപിച്ചു, പാപാത്വം, നിശിഭോജനപീഠത്തിന്മേൽ, ഛത്രം പിടിച്ചു, കുന്നിങ്കൽ.

(ഖ) പ്രാചീന കവിതയിലെയും വായ്മൊഴിയിലെയും വഴക്കങ്ങൾ ധാരാളമായി സ്വീകരിച്ചു.

ഉദാ. പൊയാറെ, ചാടിയാറെ, പ്രാപിച്ചീടിൽ, ഉണ്ടായിരിന്നീല, കൗതുകമാം മലകൾ, മൃഷ്ടമാം ആഹാരം, ഇമ്പമാം നിഴൽ, കണ്ടു സഹിക്കയും ആം, ചീക്കന, തൻ, നിൻ, എൻ, നൊന്തീലയോ, ഉണ്ടാമളവ്, നിരൂപിക്കുന്നാകിൽ, ഇനിക്ക, യൊഗ്യനായീല, വയസ്സപുക്ക, കണ്ടീല, എന്നാറെ, പറമ്പൂടെ, ഇടവഴിയൂടെ, തൊട്ടത്തൂടെ, ഉച്ചക്കലെത്തെ, സംഭവിച്ചതാവിത, രക്ഷിച്ചിലെന്നാകിൽ, എന്നു വരികിലും, കാട്ടീല, കാണുന്നല്ലീ, ആനന്ദപ്പെട്ടിരിക്കാവതല്ലെ, പ്രകാരമാവിത, കൊൾവിൻ, ഉണ്ടായീല, ആവൊളം, ആനന്ദമുണ്ടാം, എപ്പൊഴുതും, വരുത്തുന്നവയെന്നീ, കുട്ടിയായിരുന്നന്ന്, കാണായി, കൂട്ടിലുൾപൂകാതെയും, ചെല്ലുന്നാകിൽ, എന്നവാറെ.

(ഗ) പുരുഷഭേദം സ്വീകരിക്കുന്ന ക്രിയാപദങ്ങൾ: വിദ്യാവിഹീനരും സാമൂഹിക പിന്നാക്കാവസ്ഥയിൽപ്പെട്ടിരുന്നവരുമായ ആളുകളുടെ സംഭാഷണഭാഷയിൽനിന്നായിരിക്കണം ഇതു ആദ്യകാല രചനയിലേക്കു സംക്രമിച്ചത്.

ഉദാ: കൊണ്ടാൾ, പൂണ്ടിരിന്നാൻ, കൊണ്ടുപൊകുവൻ, ഇട്ടീടിനെൻ, വന്ദിച്ചെൻ, വിളിച്ചുകൊണ്ടിരിന്നാർ

(ഘ) വർണവികാര വിഷയകമായ സവിശേഷതകൾ: വ→ യ (നൊയിക്കുക); ര→റ (വറൾച്ച); അ→ഇ (ഞിരമ്പ്, ഞിരക്കം); അ→ഒ (പൊക്കൽ); ഉ→ഇ (ഇരിന്നു, ഇരിളിലെക്ക, പിരട്ടുക); ഉ→ഒ (മൊട്ടുകുത്തി); എ→ഇ (ഇനിക്ക)

(ങ) ഏ, ഓ എന്നീ സ്വരങ്ങളുടെ ഉപലിപികൾ പ്രയോഗത്തിലില്ല.

ഉദാ. സെവ, പൊയി

എന്നാൽ 'ഓടി' എന്ന വാക്കിലും മറ്റും 'ഓ' ദീർഘസ്വരംതന്നെ ഉപയോഗിച്ചിട്ടുണ്ട്.

(ച) സാമാന്യജനത്തിന്റെ സംഭാഷണഭാഷയിൽനിന്നുള്ള നാടൻ പദങ്ങളുടെ സമൃദ്ധമായ ഉപയോഗം:

ഉദാ. പെരിത്, നഞ്ഞ്, കയ്പ്, പലവ്, കൊടുതായ, മുറി, ഉമ്മരം, മുഴുത്ത, മുഷിച്ചിൽ, ജാത്യം, പരുപര, ഒടുക്കത്ത, പലടത്തും, കിടാവ്, തിമ്മാൻ,

പൊറുമ, എടനെഞ്ചുപൊട്ടിനിന്നു, കുടി, ഇരപ്പാളി, ആങ്ങള, ഉരിയാടുക, മറിപ്പ്, പെരുവഴി, കുറയശ്ശ, വരുമായ്തീർന്നു, പൊട്ടിത്തുറന്നു, നടെത്തെ, കമ്പൊളം, ചിനച്ചങ്ങൾ, കവിണുപൊയി, പിറ്റന്നാൾ, തീൻ, പോറ്റി, വിരട്ടരുത്, അവറ്റിന്ന, ഇടുക്കവഴി, അമ്പൈ, കുറയശ്ശ, ഉടയക്കാരൻ, ചെർക്കൻ, തൊരുവൊളം

(ഛ) പദങ്ങൾ സന്ധിചെയ്യുന്നതിൽ അവ്യവസ്ഥ: തുള്ളികളിച്ചു, ഇഷ്ടപെട്ടു, കൈകൊണ്ടു, നിൽകുന്നത, മരകൂട്ടം, കൂട്ടികൊണ്ടുപോകാൻ എന്നിങ്ങനെ സന്ധിയിൽ ഇരട്ടിക്കാതെ ചേർത്തെഴുതിയിരിക്കുന്ന ധാരാളം പദങ്ങളുണ്ട്. ചെവിക്കൊണ്ടീല, മാന്നീർച്ചാൽ, കൈക്കൊൾകയും, കൂലി പ്പണി, തള്ളപ്പന്നി എന്നിങ്ങനെ ഇരട്ടിച്ച്, ഇന്നത്തെ രീതിയിൽ അച്ചടിച്ചിട്ടുള്ള പദങ്ങളും ഉണ്ട്. മല ഓരത്ത എന്ന വാക്കിലേതുപോലെ വർണവികാരം ഇല്ലാത്ത പദങ്ങളും ഒരാടായി, എന്നിനിക്ക, ഇടയനാരാകുന്നു, പ്രഭുവല്ലാതെ എന്നിങ്ങനെ വർണവികാരത്തോടുകൂടിയ പദങ്ങളും ഉണ്ട്. പക്ഷിക്കുഞ്ഞു കൾ എന്നാണു *ചെറുപൈതങ്ങൾക്ക... കഥ*കളിൽ ഉപയോഗിച്ചിട്ടുള്ളത്. കുഞ്ഞ് എന്നതിലെ കു ഇരട്ടിച്ചു. എന്നാൽ 'കൾ' എന്ന ബഹുവചനപ്രത്യയം അനുനാസികാതിപ്രസരത്തിനു വിധേയമായിട്ടില്ല.

(ജ) വികൽപ്പനിപാതത്തിനു/സമുച്ചയ നിപാതത്തിനു പകരം 'എങ്കിലും'

ഉദാ. പഴങ്ങൾ എങ്കിലും മുറുക്കെ എങ്കിലും. ഈ രീതി ശാസനഗദ്യം തുടങ്ങിയ പ്രാചീന വരമൊഴിരൂപങ്ങളിലും കാണാനുണ്ട്.

(ഝ) രചനയ്ക്കു സൗഗമ്യം നൽകുന്ന നാട്ടുവഴക്കങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്:

ഉദാ. മുണ്ടുകൾ എടുത്തുടുത്തു, ഭഗവാൻ, ചക്രം, വായിൽ ചെന്നു ചാടി, പെരുവഴി ആധാരം, കുടവിരിത്തി, ഉറക്കെ ഒരു ചാട്ടം ചാടി, അടുക്കെ ഉള്ള കാട്ടിലെക്ക്.

(ഞ) പദതലത്തിലെ ചില സവിശേഷപ്രയോഗങ്ങൾ അർഥപുഷ്ടിക്കു സഹായിക്കുന്നു.

ഉദാ. ഏറ്റം, വളരെ എന്നീ അർത്ഥങ്ങളിൽ മഹാ എന്നു പ്രയോഗം-മഹാ നല്ലവണ്ണം, മഹാ വെടിപ്പുള്ള, മഹാ മോടി, മഹാ വളരെ പ്രസാദം, മഹാ മോഹനം.

പദങ്ങളുടെ ആവർത്തനം-പിന്നെയും പിന്നെയും അധികം അധികം ജലപാനം ചെയ്യുന്നിടത്തൊളം ദാഹം അധികം അധികം വർദ്ധിച്ചു ചമഞ്ഞു; ഉടനുടനുണർന്നു; ഞെട്ടി ഞെട്ടി ഉണരും; നൊക്കി നൊക്കിക്കൊണ്ടിരുന്നു; ഇപ്പൊൾ ഇപ്പൊൾ വീണു പൊം.

(ട) വിദേശഭാഷയിലൂടെ കടന്നുവന്ന പുതിയ വസ്തുക്കൾ; പുതിയ വസ്തുക്കളിലൂടെ കടന്നുവന്ന പുതിയ പദങ്ങൾ-കഴുത്ത വസ്ത്രം (scarf),

ഇരിക്കക്കട്ടിൽ (bench), തേ ഇലനീർ, ടൂർനിപ്പ, (turnip), അപ്പൾ (apple).

കേരളത്തിൽ അച്ചടിച്ച ആദ്യമലയാള പുസ്തകം എന്ന നിലയിൽ മലയാളം ടൈപ്പൊഗ്രഫിയെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമുള്ള ഒരു കൃതിയാണ് *ചെറുപൈതങ്ങൾക്ക...കഥകൾ*. ഈ പുസ്തകത്തിന്റെ അച്ചടിക്കുപയോഗിച്ച ആണിയച്ചുകൾ മദ്രാസ് ഫോർട്ട് സെന്റ് ജോർജ് കോളജിലെ ടൈപ്പ് ഫൗണ്ടറിയിൽ വാർത്തെടുത്തതാണ്. ഇതിലെ ടൈപ്പുകളുടെ ഉയരം പലതാണ്. അക്ഷരങ്ങളുടെ വലിപ്പവും വ്യത്യസ്തമാണ്. അക്ഷരങ്ങൾക്കു ഭാഗികമായ ചതുരവടിവുണ്ട്. ഒട്ടുമിക്ക അക്ഷരങ്ങളുടെയും ആകൃതി ശരിയായിട്ടുമില്ല. മലയാളം കൈയെഴുത്തിന്റെ രീതി അനുകരിച്ചതുകൊണ്ടാകാം വാക്കുകൾക്കിടയിൽ സ്ഥലം വിടുന്നതു സാമാന്യതത്വമാക്കിയിട്ടില്ല. ഒരു വാക്കിനോടുചേർന്ന് അടുത്ത വാക്ക്; അതിനോടുചേർന്നു തന്നെ പിന്നത്തേത്-ഇങ്ങനെ പോകുന്നു. മൂന്നോ നാലോ വാക്കുകൾക്കു ശേഷം അൽപ്പം സ്ഥലം വിടുന്നു. പൂർണവിരാമം, ചോദ്യചിഹ്നം തുടങ്ങിയ ചിഹ്നങ്ങൾ ഉപയോഗിച്ചിട്ടില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ ഉദ്ധൃതവാക്യങ്ങൾ ഇരട്ട ഉദ്ധരണിചിഹ്നത്തിൽത്തന്നെ ചേർത്തിട്ടുമുണ്ട്. പുസ്തകത്തിന്റെ മൊത്തം സംവിധാനം (layout) മെച്ചപ്പെട്ടതാണ്. ശീർഷകപത്രം, ഉള്ളടക്കം ഇവ ഭംഗിയായി ചേർത്തിട്ടുണ്ട്. ഓരോ കഥയുടെയും ആരംഭത്തിൽ പ്രത്യേകം തലക്കെട്ടുണ്ട്. ഉപശീർഷകം ആവശ്യമുള്ള എഡ്വാർഡ് ആറാമൻ രാജാവിന്റെ ജീവചരിത്രത്തിൽ അതും ചേർത്തിട്ടുണ്ട്. കഥകളുടെ തലക്കെട്ടിനോടുചേർന്നുള്ള ശൂന്യസ്ഥലം (blank space/white space) ആദ്യമാദ്യം കൂടുതൽ വിസ്തീർണമുള്ളതാണ്. പിന്നീടു പിന്നീടുള്ള കഥകളിൽ ശീർഷകം നിൽക്കുന്ന 'വൈറ്റ് സ്പേസി'ന്റെ ദൈർഘ്യം ചുരുങ്ങുന്നുണ്ട്. തലക്കെട്ടുകളുടെ അടിയിൽ കുറിയ ഒരു വര ചേർത്ത് അവയെ വേർതിരിച്ചു കാണിച്ചിരിക്കുന്നു. ഏതു ഭാഷയിലും വർണവിന്യാസം ഉറപ്പിക്കപ്പെടുന്നത് അച്ചടി നടപ്പിലാകുന്നതോടുകൂടിയാണല്ലോ? ഈ കൃതിയിൽ ചില പദങ്ങളിലെങ്കിലും വർണവിന്യാസത്തിൽ അവ്യവസ്ഥയുണ്ട്. യൗവ്വനം, യവ്വനം, കൈപ്പ്, കയ്പ് എന്നിങ്ങനെ ഒരേ വാക്കിനുതന്നെ വ്യത്യസ്ത വർണവിന്യാസം കാണാം. രണ്ട് അക്ഷരങ്ങളുടെയും പകുതിവീതം ചേർത്ത്, രണ്ട് അക്ഷരങ്ങളും മുഴുവനായി ചേർത്ത്, അക്ഷരത്തിന്റെ അടിയിൽ മറ്റൊരു അക്ഷരം ചേർത്ത്, ഒരു അക്ഷരത്തോടൊപ്പം മറ്റൊരക്ഷരത്തിന്റെ ഭാഗം ചേർത്ത്-ഇങ്ങനെ, കൂട്ടക്ഷരങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത് പല വിധത്തിലാണ്. ഏ, ഓ എന്നീ സ്വരങ്ങളുടെ ഉപലിപി ഇല്ലാത്തതുപോലെ സംവൃതോകാരവും പ്രയോഗത്തിലില്ല. എന്നാൽ ഇംഗ്ലീഷ് പദങ്ങളുടെ ട്രാൻസ്ലിറ്ററേഷനിൽ വർണങ്ങളുടെ ഉച്ചാരണത്തെ കുറിക്കാൻ അക്ഷരത്തിനു മുകളിൽ (രേഫചിഹ്നംപോലെ) ഒരു ചെറുവര (I) ചേർത്തിട്ടുണ്ട്. ഈ വര സംവൃതോകാരത്തെക്കുറിക്കാൻ മലയാളത്തിൽ ഉപയോഗിക്കാമായിരുന്നു. ഇംഗ്ലീഷ് പദങ്ങളിൽ ഈ ചിഹ്നം സംവൃതോകാരത്തിന്റെ ഉച്ചാരണമൂല്യമാണു സൃഷ്ടിക്കുന്നത്.

ഉദാ. യെശുക്രിസ്തോസ്

ബെഞ്ചമിൻ ബെയിലി

എഡ്വാഡ്
തൊമ്മാസ്
പൌലൊസ്
സൌഥ്പാർക്കിൽ
ബ്രൈഡ്ബൽമഠം
സാന്തഫൊഡ്
സൈന്ത്തൊമാസ്മഠം

അതേസമയം മലയാളപദങ്ങൾ സംവൃതോകാരത്തിന്റെ അഭാവത്തിൽ വികൃതമായിരിക്കുന്നു.

ഉദാ. ആട
ആറ
ഒന്നുണ്ട
കൊലാട

സംവൃതോകാര ചിഹ്നമായി ഉപയോഗിക്കാൻ സാധിക്കുമായിരുന്ന ഈ ചിഹ്നം (|) അങ്ങനെ ഉപയോഗിക്കാൻ കഴിയാതെ പോയത് മലയാളം ടൈപ്പൊഗ്രഫിയെ സംബന്ധിച്ചിടത്തോളം വലിയൊരു ന്യൂനതയും ദൗർഭാഗ്യവുമായിപ്പോയി.

5

ബൈബിൾ പരിഭാഷയിലൂടെ ശൈലീശുദ്ധമായ ഗദ്യത്തിലേക്ക്

ലോകത്തിന്റെ ഇതിഹാസഗ്രന്ഥമാണു *ബൈബിൾ*. പശ്ചിമേഷ്യയിലുണ്ടായ ഈ കൃതി അവിടെനിന്നു പടിഞ്ഞാട്ടും കിഴക്കോട്ടും സഞ്ചരിച്ച് ലോകത്തെ ഒട്ടുമിക്ക ജനപഥങ്ങളിലുമെത്തി. എത്തിയിടത്തൊക്കെ തദ്ദേശീയരുടെ മാതൃഭാഷയിലേക്കു പകർന്നു നൽകപ്പെട്ട *ബൈബിൾ* അതാതിടത്തെ ജനങ്ങളുടെ ആധ്യാത്മികജീവിതത്തെമാത്രമല്ല സ്പർശിച്ചത്; ഭാഷയെയും സാഹിത്യത്തെയും സ്വാധീനിച്ചു. ബൈബിൾ *പഴയനിയമം* രചിക്കപ്പെട്ടതു ഹീബ്രു ഭാഷയിലാണ്; ചില ഹ്രസ്വഭാഗങ്ങൾ അരമായ (Aramaic-അരാമൈക്) ഭാഷയിലും. അതേസമയം *പുതിയനിയമ*ത്തിന്റെ മൂലഭാഷ ഗ്രീക്ക് ആണ്. *ബൈബിളിന്റെ* ആദ്യപരിഭാഷ 'സെപ്റ്റ്വജിന്റ്' എന്ന പേരിൽ അറിയപ്പെടുന്നു. ചിതറിപ്പാർക്കുന്ന യഹൂദന്മാരുടെ ഉപയോഗത്തിനായി ബി.സി മൂന്നാം നൂറ്റാണ്ടിൽ അലക്സന്ത്രിയയിൽവെച്ച് എഴുപതു പണ്ഡിതന്മാർ ചേർന്ന് ഹീബ്രുവിലെ ബൈബിൾ *പഴയനിയമം* ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്തതാണിത്. പിന്നീട് ലത്തീൻ, സുറിയാനി ഭാഷകളിൽ ബൈബിളിനു തർജമകളുണ്ടായി.

വൈദേശിക കൽദായസഭയുമായുണ്ടായിരുന്ന പാരമ്പര്യബന്ധത്തിലൂടെ കേരളത്തിലെ മലങ്കര സുറിയാനി സഭയ്ക്ക് സുറിയാനി ബൈബിൾ ലഭിച്ചു. സുറിയാനി ബൈബിളിന്റെ പൂർണമോ ഭാഗികമോ ആയ പല പ്രതികൾ സുറിയാനിക്രിസ്ത്യാനികൾക്കിടയിൽ പ്രചരിച്ചിരുന്നു. പക്ഷേ മലങ്കരയിലെ ക്രിസ്ത്യാനികൾക്ക് മാതൃഭാഷയിൽ എഴുതപ്പെട്ട ബൈബിൾ ഉണ്ടായിരുന്നില്ല. എന്നാൽ ചില സ്ഥലങ്ങളിൽ അതാതിടത്തെ പുരോഹിതന്മാരിൽ ചിലർ ബൈബിളിലെ സുവിശേഷഭാഗങ്ങളുടെ ഭാഗികവിവർത്തനങ്ങളുണ്ടാക്കി സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചിരുന്നു. ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റ് സഭയുമായി ബന്ധപ്പെട്ട പുരോഹിതന്മാരും മിഷനറിമാരും വിശ്വാസികളായ

ഉദ്യോഗസ്ഥന്മാരും എത്തിയതോടെയാണ് മലയാളത്തിലേക്കു ബൈബിൾ പരിഭാഷപ്പെടുത്തുവാനുള്ള ആസൂത്രിതശ്രമം ആരംഭിക്കുന്നത്. കൽക്കത്തയിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ലെയിൻ ആയിരുന്ന ക്ലോഡിയസ് ബുക്കാനന്റെ ശ്രമഫലമായി മലങ്കരമെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ കായങ്കുളം പീലിപ്പോസ് റമ്പാനും മറ്റു ചിലരും ചേർന്ന് നാലു സുവിശേഷങ്ങൾ പരിഭാഷപ്പെടുത്തി. ബുക്കാനൻ അത് ബോംബെ കുരിയർ പ്രസ്സിൽ അച്ചടിപ്പിച്ചു. 1811-ൽ *റമ്പാൻ ബൈബിൾ* പ്രസിദ്ധപ്പെടുത്തി. ഇതായിരുന്നു *ബൈബിളിനു* മലയാളത്തിലുണ്ടായ ആദ്യപരിഭാഷ.

ബൈബിളിനു മലയാളത്തിലുണ്ടായ ആദ്യ സമ്പൂർണ തർജമയുടെ പിന്നിൽ പ്രവർത്തിച്ച പ്രേരകശക്തി കേണൽ ജോൺ മൺറോയും പരിഭാഷകൻ ബെഞ്ചമിൻ ബെയിലിയുമായിരുന്നു. തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡണ്ടും ദിവാനുമായിരുന്ന കേണൽ ജോൺ മൺറോ സുറിയാനി ക്രിസ്ത്യാനികളുടെ പുരോഗതി ലക്ഷ്യമാക്കി, സി.എം.എസിന്റെ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിച്ച പദ്ധതിയിലെ ഒരിനമായിരുന്നു ബൈബിൾ പരിഭാഷ. മുമ്പ്, നാലുസുവിശേഷങ്ങൾ പരിഭാഷപ്പെടുത്തിയ രീതിയിൽ, മലങ്കര മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ സുറിയാനി കത്തനാരന്മാരെക്കൊണ്ട് *ബൈബിളി*ലെ ബാക്കി ഭാഗങ്ങൾകൂടി പരിഭാഷപ്പെടുത്തിക്കാൻ മൺറോ പരിശ്രമിച്ചെങ്കിലും അതു വേണ്ടതുപോലെ ഫലവത്തായില്ല. തിരുവിതാംകൂറിലേക്കുള്ള ആദ്യ സി.എം.എസ്. മിഷനറി തോമസ് നോർട്ടൻ എത്തിച്ചേർന്നപ്പോൾ നോർട്ടൻമുഖേന കോളജിന്റെ പ്രവർത്തനങ്ങളും ബൈബിൾ പരിഭാഷയും മുമ്പോട്ടു കൊണ്ടുപോകുവാൻ മൺറോ ശ്രമിച്ചു. തൽഫലമായി കത്തനാരന്മാരെക്കൊണ്ടു പരിഭാഷ തുടങ്ങിവെപ്പിക്കാനായി. പക്ഷേ അപ്പോഴും കാര്യമായ പുരോഗതി ഉണ്ടാക്കാൻ സാധിച്ചില്ല. പിന്നീട് കോട്ടയം മിഷൻ കേന്ദ്രത്തിന്റെ സ്ഥാപകമിഷനറിയായ ബെഞ്ചമിൻ ബെയിലി കോട്ടയത്തെത്തി സഹായകമിഷന്റെ പ്രവർത്തനമാരംഭിച്ചതോടെയാണ് ബൈബിൾ പരിഭാഷ കാര്യക്ഷമമാക്കാൻ സാധിച്ചത്. ബെയിലിയുടെ നിസ്തന്ദ്രപ്രവർത്തനത്തിന്റെ ഫലമായി, 'സമ്പൂർണ ബൈബിൾ മലയാളത്തിൽ' എന്നുള്ള ലക്ഷ്യം പിൽക്കാലത്തു സാക്ഷാൽക്കരിക്കപ്പെട്ടു.

ബെഞ്ചമിൻ ബെയിലിയുടെ ബൈബിൾ വിവർത്തനം-പ്രാരംഭശ്രമങ്ങൾ

കോട്ടയം കോളജിൽ മലങ്കരമെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ കത്തനാരന്മാർ *ബൈബിൾ* പരിഭാഷ തുടങ്ങിയത് 1816 ഓഗസ്റ്റിലാണ്. കേണൽ ജോൺ മൺറോയുടെ ഉത്സാഹവും പ്രേരണയുമായിരുന്നു ഇതിനു പിന്നിൽ പ്രവർത്തിച്ച ശക്തി. ബെഞ്ചമിൻ ബെയിലി കോളജിന്റെയും പരിഭാഷയുടെയും ചുമതല ഏറ്റെടുത്ത്, കോട്ടയത്തു താമസമാക്കിയതോടെ പ്രസ്തുത പരിപാടിക്ക് ആസൂത്രിതരൂപവും പ്രവേഗവും കൈവന്നു. ബെയിലി കോട്ടയത്തു താമസമാരംഭിക്കുകയും *ബൈബിൾ* പരിഭാഷ ഊർജിതപ്പെടുത്തുകയും ചെയ്ത സാഹചര്യത്തെക്കുറിച്ച് ആഗൂർ

ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"The regular systematic Malayalam translation of the Bible, however, was commenced in April 1817, just a month after Mr.Bailey had settled in Cottayam. By this time, one or two catanars finished the Book of Numbers. Mr.Bailey when he took charge of this work organised a meeting and planned systematic method of carrying on the work. A certain number of catanars were engaged in the College for daily work. Mr.Bailey himself with the imperfect knowledge of the language he then had, went over Genesis with Archdecon George; some months after this, messers. Norton and Bailey hearing that the Bible Society made considerable allowances for translation of the Scriptures, thought it advisable to apply to the Rev. Mr. Thompson (Secretary of the Calcutta Society) in behalf of those catanars that were, and were to be, engaged. Though the efforts of Mr. Thompson, the Madras Committee of the Society granted Rs. 100 a month for rapidly going through the work of translation, which sum, the missionaries in consultation with the Syrian Metran, distributed at first monthly thus:-

4 Catanars Translators

at Rs. 13 each Rs.52

4 Amanuenses to write the Mss.

at Rs. 12 each .... Rs. 48

Total. Rs. 100

... The work so steadily progressed, that in July 1818, there was only the first book of Chrnonicles to translate, but the revision took a long time before it was finished." (C.M. Agur, 1903: 698-699)

1818 ജൂലൈയോടുകൂടി കത്തനാരന്മാർ സുറിയാനിയിൽനിന്നുള്ള പരിഭാഷ മിക്കവാറും പൂർത്തിയാക്കി. അപ്പോളേക്കും ബെയിലിക്ക് മലയാളഭാഷയിൽ സാമാന്യപരിജ്ഞാനം സിദ്ധിച്ചുകഴിഞ്ഞിരുന്നു. 1818 ജനുവരി 17-ലെ കത്തിൽ, മറ്റുള്ളവരുമായി തൃപ്തികരമായി സംസാരിക്കാൻ കഴിവുനേടിയതായി ബെയിലി എഴുതിയിട്ടുണ്ട്. ജനങ്ങളുടെ സാധാരണ സംഭാഷണഭാഷാരീതിയെക്കുറിച്ചു മനസ്സിലാക്കിത്തുടങ്ങിയ ബെയിലിക്ക് കത്തനാരന്മാരുടെ *ബൈബിൾ*പരിഭാഷ ജനങ്ങളുടെ ഭാഷയുമായി അടുപ്പമില്ലാത്തതാണെന്നു മനസ്സിലായി. 1818 സെപ്റ്റംബർ 20-ന്, ബെയിലി കേരളത്തിലെത്തിയിട്ടു രണ്ടു വർഷം തികയാൻ രണ്ടു മാസം ബാക്കി നിൽക്കെ, കോളജിനോടുചേർന്നു പണിയിച്ച പള്ളി പൊതുആരാധനയ്ക്കായി തുറന്നു. മലയാളത്തിലേക്കു സ്വയം പരിഭാഷപ്പെടുത്തിയ പ്രാർഥനക്രമം ഉപയോഗിച്ച് ബെയിലി വൈകുന്നേരത്തെ ആരാധന നിർവഹിച്ചു. ഇക്കാലത്തു ബെയിലി മറ്റു ചില

ലഘുകൃതികളും പരിഭാഷപ്പെടുത്താൻ ശ്രമിക്കുന്നതായി മനസ്സിലാക്കാം. ഇത്രത്തോളം മലയാളഭാഷാ പരിജ്ഞാനം ആർജിച്ച അദ്ദേഹത്തിന് മുൻ പേതന്നെ പ്രസിദ്ധപ്പെടുത്തിയ നാലു സുവിശേഷങ്ങളും ഇപ്പോൾ അതിന്റെ ബാക്കിയായി പരിഭാഷപ്പെടുത്തിയ വേദഭാഗങ്ങളും വിമർശനബുദ്ധ്യാ വായി ക്കുന്നതിനും വിലയിരുത്തുന്നതിനും സാധ്യമായിരുന്നു. മലയാള ഭാഷയിൽ കൂടുതൽ പ്രാഗത്ഭ്യം നേടിയപ്പോൾ, കത്തനാരന്മാരുടെ പരിഭാഷയുടെ പരി മിതികൾ ബെയിലിക്കു മനസ്സിലാകുകയും അദ്ദേഹത്തിന് അതു തൃപ്തി കരമല്ലാതായിത്തീരുകയും ചെയ്തു. എന്നാൽ മലയാളത്തിൽ ബൈബിളിന് ഒരു പരിഭാഷ ഉണ്ടായേ പറ്റൂ. മൺറോയും സി.എം.എസും ബെയിലിയെ ഏൽപ്പിച്ചിരുന്ന പ്രധാനദൗത്യം അതാണ്. അദ്ദേഹം ഏറ്റവും പ്രധാനമായി കരുതിയ കർത്തവ്യവും അതുതന്നെയായിരുന്നു. ഈ ഒരു ലക്ഷ്യത്തിനായി തന്റെ ദിനരാത്രങ്ങളും ജീവിതവും നീക്കിവെച്ച ബെയിലി പരിഭാഷയുടെ മേൽനോട്ടക്കാരൻ (superintendent) എന്ന നിലവിട്ട് മുഖ്യപരിഭാഷകനായി (Translator-in-chief) മാറി. അങ്ങനെ ബെയിലി ബൈബിൾ പരിഭാഷകനും പരിശോധകനും പരിഷ്കർത്താവുമായിത്തീർന്നു. സുറിയാനിയിൽനിന്നുള്ള പരിഭാഷ ഉപേക്ഷിക്കുവാനും ബൈബിൾ പരിഭാഷയിൽ തന്റേതായ പുതി യൊരു മാർഗം തുറക്കാനും ബെയിലിയെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ താഴെ വിശദമാക്കുന്നു.

ബെയിലി 1817 ജൂൺ 26-ന് എഴുതിയ കത്തിൽനിന്ന്, *ബൈബിൾ* പരിഭാഷയെക്കുറിച്ച്:

"At present there are 3 catanars employed in translating and 4 amanuenses, besides the boys who write on ollas. I hope to have another translator soon. The archdeacon also assists a little. I have drawn 200 Rupees from Captn. Bowes for the months of pay and June for the Catanars employed in the translation according to the Resident's directives, who informed me that you had authorised the sum of 100 Rupees per month for the above purpose.The translators have 13 Rupees per month each, and the amanuenses 10- the remaining 8 Rupees are left for incidental expenses, such as paper & c. The boys who write on ollas have nothing at present, but rice from the college stores - Nearly all the five Book of Moses, and the Psalms are translated in the Old Test. and besides the 4 Gospels already in print in the New Testament, the Acts of the Apostles and some of the Epistles are translated - The work, however, doesnot proceed so fast as I could wish it, the Catanars being so very indolent, and it requires no small degree of patience to hear with their tardy movements. I hope we are, now in a fair way of having a pretty correct revision of the Book of Books in the Malayalim language. I have already compared with the Hebrew, so far as I am capable of judging, I think it tolerably correct. I donot however, consider myself at

present a competent judge. I long for the people to have the word of life given to them, being persuaded that very little good will be effected until this desirable and be accomplished.” (Microfilm marked C.M.S.-4, U.T.C. Archives, Bangalore.)

ബെഞ്ചമിൻ ബെയിലി *ബൈബിൾ* പരിഭാഷയെക്കിറിച്ച് 1817 ജൂലൈ 16-ന് ഇങ്ങനെ എഴുതി:

“You have no doubt received my last letter in which I stated to on the progress of the translation of the Scriptures.- Phillippus, a catanar of Cheppad Church, who excused himself from comimg to the college by saying that Cotym didnot agree with his health, and who is employed in translating the Epistles not having forwarded to me any of his productions, and one of the Amanuenses who left the college on account of the Small pox not yet having returned, I cannot furnish to you so correct a report at present as I said in my last I hoped to be able to do. The translators now at the college have had their pay given, and I am happy to say they are getting on tolerably well.- The five books of Moses and the Psalms are now translated, and the books of Joshua & Proverbs commenced.” (Microfilm, cited above)

1817 സെപ്റ്റംബർ 8-ന് ബൈബിൾ പരിഭാഷയുടെ പുരോഗതിയെക്കുറിച്ച് ബെയിലി ഇപ്രകാരം എഴുതി:

“I have made Abraham catanar a present of 10 Rupees which, I hope he was satisfied - The Book Joshua, Judges, part of the first book of Samual - the Proverbs of Solomon & Part of the book of Isaiah are translated - The New Testament is also translated up to Philippians. Phillipus Catanar has not yet forward to me his productions for the last month, but I hope by this time he had nearby completed the whole.” (Microfilm, cited above)

കത്തനാരന്മാർ സുറിയാനിയിൽനിന്നു മലയാളത്തിലേക്കു നടത്തിക്കൊണ്ടിരിക്കുന്ന ബൈബിൾ പരിഭാഷയെക്കുറിച്ച്, 1817 സെപ്റ്റംബർ 20-ന് ബെയിലി എഴുതിയ കത്തിലെ ആശയങ്ങൾ:

“... 3 catanars and 4 amanuenses are employed by the Calcutta Bible Society in translating the Bible; little had been translated before B.’s arrival; besides the four gospels which were in print; the pentateuch, the books of Joshua, Judges, Samual 1, Psalms, Proverbs, part of Isaiah, New Testament up to Titus and Revelations are now translated; the Catanars are extremely indolent and ignorant;” (Rosemary A. Keen, 1987: 266)

ബെയിലിയുടെ മേൽനോട്ടത്തിൽ കത്തനാരന്മാർ നടത്തുന്ന *ബൈബിൾ* പരിഭാഷയെക്കുറിച്ച് *സി.എം.എസ്. പ്രൊസീഡിങ്സ്* (1818-19) ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു:

"The Committee have the happiness to state that, with the exception of one or two chapters in the second book of chronicles, which are wanting in all the Syriac manuscripts, the translation of the Scriptures into the Malayalim language is finished but as it is in its first rough state very defective and will require a very careful collation and revision, much time will probably elapse before the whole is ready for the press. The Gospels however, of St.Mathew, St.Mark and St.Luke with part of that of St. John, and the first Epistle of Timothy, are ready for publication."

ബെഞ്ചമിൻ ബെയിലിയുടെ മലയാളഭാഷാപരിജ്ഞാനം വർധിക്കുന്നതിനനുസരിച്ച് കത്തനാരന്മാരുടെ ബൈബിൾ പരിഭാഷയോടുള്ള ബെയിലിയുടെ അതൃപ്തിയും വർധിച്ചുവന്നു. 1811-ലെ നാലു സുവിശേഷങ്ങൾ അതേപടി നിലനിർത്തുവാനും ബാക്കി *ബൈബിൾ* ഭാഗങ്ങൾകൂടി സുറിയാനിയിൽനിന്നു കത്തനാരന്മാരെക്കൊണ്ടു പരിഭാഷപ്പെടുത്തിച്ചു പ്രസിദ്ധപ്പെടുത്താനുമാണു ബെയിലി ഉദ്ദേശിച്ചിരുന്നത്. ബെയിലിക്കു മലയാളഭാഷ കൂടുതൽ വശമായതോടെ 1811-ലെ നാലുസുവിശേഷങ്ങളുടെ പരിഭാഷയും തീരെ അസ്വീകാര്യമാണെന്നു ബെയിലിക്കു മനസ്സിലായി. ബെയിലിമാത്രമല്ല, എഫ്. സ്പ്രിങ് ഉൾപ്പെടെ മറ്റു പലരും 1811-ലെ ബൈബിൾ പരിഭാഷയോടും കത്തനാരന്മാർ തയ്യാറാക്കിയ പുതിയ പരിഭാഷയോടും വിയോജിപ്പു പ്രകടിപ്പിച്ചു. മലയാളത്തിലേക്കു ബൈബിൾ പരിഭാഷപ്പെടുത്താൻ ശ്രമിച്ചയാളും സാമാന്യം മെച്ചപ്പെട്ട മലയാളഭാഷാ പരിജ്ഞാനമുള്ളയാളുമായിരുന്നു സ്പ്രിങ്. സുറിയാനി കത്തനാരന്മാരുടെ പരിഭാഷകളിൽ മലയാളത്തിന്റെ വടക്കൻ ദേശ്യഭേദം അവഗണിക്കപ്പെട്ടതിലായിരുന്നു സ്പ്രിങിന്റെ മുഖ്യവിയോജിപ്പ്. (ഡബ്ലിയു.എച്ച്. ഡാൾട്ടൻ, 1854: 24) സുറിയാനി കത്തനാരന്മാരുടെ ബൈബിൾ പരിഭാഷ മോശമായതിന്റെ സാഹചര്യങ്ങളെക്കുറിച്ചു പി. ചെറിയാൻ ചൂണ്ടിക്കാട്ടിയിട്ടുള്ള കാര്യങ്ങൾ ശ്രദ്ധേയമാണ്:

"നോർട്ടന്റെ ശ്രമഫലമായി കോട്ടയം കോളജിൽ ആരംഭിച്ച ബൈബിൾ പരിഭാഷായത്നത്തിൽ ആദ്യം ഏർപ്പെട്ടിരുന്നത് സുറിയാനി കത്തനാരന്മാർ മാത്രമായിരുന്നു. ആലപ്പുഴെ താമസിച്ചിരുന്ന തോമസ് നോർട്ടന് ഈ പ്രവർത്തനത്തിൽ യാതൊരു മേൽനോട്ടവും വഹിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആലപ്പുഴെ താമസിച്ചിരുന്നിടത്തോളം കാലം ബെയിലിക്കും കാര്യമായൊന്നും ചെയ്യാൻ പറ്റിയില്ല. മറ്റു മിഷനറിമാരെപ്പോലെ ബെയിലിയും മലയാളം, സുറിയാനി, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു. എന്നിരുന്നാൽത്തന്നെയും ഒരു വർഷംകൊണ്ടോ മറ്റോ ഈ ഭാഷകളിൽ വേണ്ടത്ര പരിജ്ഞാനം നേടാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ലെന്നുള്ളതു നിശ്ചയമാണ്. അതിനും പുറമേ, 1818-ൽ ഫെൻ എത്തിച്ചേർന്നതോടുകൂടിമാത്രമാണു കോളജിലെ ചുമതലകളിൽനിന്നു ബെയിലി

ഒഴിവായത്. അപ്പോൾമാത്രമാണു *ബൈബിൾ* പരിഭാഷയിൽ പൂർണമായി ശ്രദ്ധിക്കാൻ ബെയിലിക്കു സാധിച്ചത്. 1818-ന്റെ രണ്ടാം പകുതിയോടെ കത്തനാരന്മാർ പൂർത്തിയാക്കിയ *ബൈബിൾ* പരിഭാഷ മേൽപ്പറഞ്ഞ സാഹചര്യങ്ങളെല്ലാം കൂടിച്ചേർന്നപ്പോൾ തികച്ചും ഉപയോഗശൂന്യമായിത്തീർന്നു."

ബൈബിൾ പരിഭാഷ മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ മാർഗങ്ങളെക്കുറിച്ച്, 1818-ന്റെ ആദ്യപകുതിയിൽതന്നെ, ബെയിലി ആലോചിച്ചു തുടങ്ങിയിരുന്നു. അതിന്റെ ഭാഗമായാണു തദ്ദേശീയരായ ഭാഷാപണ്ഡിതന്മാരുടെ സഹായം തർജമയിലുപയോഗപ്പെടുത്താൻ ബെയിലി ശ്രമിച്ചത്. ഇതേക്കുറിച്ചുള്ള സൂചനകൾ ബെയിലിയുടെ കത്തുകളിൽനിന്നു ലഭ്യമാണ്.

1818 ഏപ്രിൽ 2-ന് എഴുതിയ കത്തിൽനിന്ന്:

"...I was rather doubtful sometime ago whether we should be able to complete the whole of the translation from Syriac into Malayalim being a considerable time before I could master the whole of the Old Test. The whole translation into Malayalim would now I hope be finished in the course of 3 or 4 months. I will afterwards however take a long time revising, some parts being very... It will I doubt not afford you pleasure to hear that I have met with a respectable Bhrahmin who attends me regularly every morning to assist me in revising the translation." (Microfilm marked C.M.S.-4)

1818 ജൂൺ 27-ന് ബെയിലി മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി സെക്രട്ടറി തോമ്പ്സണ് അയച്ച കത്തിന്റെ 'എക്സ്ട്രാക്റ്റി'ൽനിന്ന് ഉദ്ധരിച്ചിരിക്കുന്ന ഭാഗംകൂടി ശ്രദ്ധിക്കുക :

"Has arranged to pay brahmin Rs.10 per month for translating scriptures; the work is now finished except for chronicles I, two chapters of chronicles II and a few chapters of Job; cannot say when whole will be revised; at present revisions st. Mathew, printed at Bombay, which is so incorrect that B. has considered re-translating it entirely;... Spends 5 or 6 hours each day with the brahmin, working on the translation and then works by himself in the evening; his health has become somewhat indifferent as a result;" (Rosemary A. Keen, 1987: 273)

1818 നവംബർ 10-ന് ബെയിലി പ്രാറ്റിന് അയച്ച കത്തിന്റെ 'എക്സ്ട്രാക്റ്റി'ൽ *ബൈബിളി*ന്റെ മലയാള പരിഭാഷപൂർത്തിയായി, പക്ഷേ പരിഷ്കരണത്തിനു കുറെ സമയം എടുക്കും എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

കോട്ടയത്തെത്തിയ ബെഞ്ചമിൻ ബെയിലി *ബൈബിൾ*പരിഭാഷയുമായി ബന്ധപ്പെട്ടു നിർവഹിച്ച പ്രാരംഭപ്രവർത്തനം കത്തനാരന്മാരുടെ പരിഭാഷയ്ക്കു മേൽനോട്ടം വഹിക്കുക എന്നുള്ളതായിരുന്നു. 1811-ൽ ബോംബെയിൽ അച്ചടിച്ച നാലു സുവിശേഷങ്ങൾ ഒഴികെയുള്ള ഭാഗങ്ങളാണു

കത്തനാരന്മാർ മലയാളത്തിലേക്കു പുതിയതായി പരിഭാഷപ്പെടുത്തിയത്. എന്നാൽ ഈ പരിഭാഷ തീരെ മോശമായതിനാൽ അത് ഉപേക്ഷിക്കുവാൻ ബെയിലി നിർബന്ധിതനായി. കേണൽ മൺറോ 1819 ജനുവരി 21-ന് തോമ്സണ് എഴുതിയ കത്ത് ഇക്കാര്യം സംബന്ധിച്ച് ശക്തമായ ഒരു വെളിപ്പെടുത്തലാണ്:

"The translation of the Bible is a work of the first importance and also of great difficulty. The version of the four Gospels printed at Bombay is now found, as our Missionaries advance in the language of Malayalam, to be very bad in every respect in fidelity, meaning and language as to be unfit for use; and the revision of the whole Scripture lately made at the College by the Kattanars from Syriac into Malayalam is equally bad. Mr. Bailey whose proficiency in Malayalam is great is obliged to make a complete revision of the whole resembling indeed a new version more than a revision, and this work must necessarily be slow." (P. Cherian, 1935: 345)

ചുരുക്കത്തിൽ 1811-ലെ റമ്പാൻ *ബൈബിൾ*പരിഭാഷയും അതൊഴിച്ചുള്ള ഭാഗങ്ങൾക്കു കോട്ടയം കോളജിൽവെച്ചു കത്തനാരന്മാർ രചിച്ച പരിഭാഷയും ബെഞ്ചമിൻ ബെയിലിക്കു സ്വീകാര്യമായില്ല. രണ്ടിലെയും ഭാഷാരീതി ഏകദേശം ഒരുപോലെയായിരുന്നു. 1816 ഓഗസ്റ്റ്മുതൽ 1818 ഒക്ടോബർവരെ കത്തനാരന്മാർ അധ്വാനിച്ചുണ്ടാക്കിയ പരിഭാഷയാണു നാലു സുവിശേഷങ്ങൾക്കൊപ്പം നിരാകരിക്കേണ്ടി വന്നത്. ബെയിലിയുടെ ഒന്നരവർഷക്കാലത്തെ കഠിനാധ്വാനവും അക്കൂടെയുണ്ട്. ബൈബിൾ സൊസൈറ്റി പ്രതിമാസം നൂറുരൂപാവീതം ഏകദേശം പതിനെട്ടുമാസം സൽകിയ സാമ്പത്തികസഹായവും വിസ്മരിക്കാവുന്നതല്ല. ഇത്രയേറെ നഷ്ടങ്ങൾ സഹിച്ചുകൊണ്ടാണെങ്കിലും കത്തനാരന്മാരുടെ പരിഭാഷ അച്ചടിക്കേണ്ടതില്ല എന്ന തീരുമാനത്തിലെത്തുന്നതിനുമാത്രമേ ബെയിലിക്കു കഴിയുമായിരുന്നുള്ളു; ഇതിനോടകം മലയാളഭാഷയിൽ ഭേദപ്പെട്ട പാണ്ഡിത്യം നേടിക്കഴിഞ്ഞിരുന്ന അദ്ദേഹത്തിനു മറിച്ചു ചിന്തിക്കുവാൻ സാധിക്കുമായിരുന്നില്ല. തെരുവിൽ ജനങ്ങൾ സംസാരിക്കുന്ന ഭാഷയിൽ *ബൈബിൾ* പരിഭാഷപ്പെടുത്തുന്നതിനുവേണ്ടി ജാപ്പനീസ് ബൈബിൾ പരിഭാഷ പകുതിക്കു നിറുത്തിയ സംഭവം ബൈബിൾ പരിഭാഷയിലെ ഭാഷാരീതിയെക്കുറിച്ചു പറയേണ്ടിവരുമ്പോൾ സാധാരണയായി ചൂണ്ടിക്കാണിക്കാറുള്ള ഒന്നാണ്. (യൂജിൻ എ. നിഡ, 1952: 23) എന്നാൽ പരിഭാഷ മുഴുവൻ പൂർത്തിയാക്കിയതിനുശേഷം അത് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതില്ലെന്നു നിശ്ചയിച്ച്, പുതിയൊരു പരിഭാഷയ്ക്കു തയ്യാറായ ചരിത്രം ബെഞ്ചമിൻ ബെയിലിക്കല്ലാതെ മറ്റാർക്കെങ്കിലുമോ, മലയാളത്തിനല്ലാതെ മറ്റൊരു ഭാഷയ്ക്കോ അവകാശപ്പെടുവാൻ കഴിയുകയില്ല. എല്ലാ ഭാഷകളിലും ബൈബിളിന് ആദ്യപരിഭാഷകളുടെ റിവിഷനും വേറിട്ട പല പരിഭാഷകളും ഉണ്ടായിട്ടുണ്ട്. പക്ഷേ അതൊക്കെ ഒരു പരിഭാഷ പ്രസിദ്ധപ്പെടുത്തി വളരെ വർഷങ്ങൾക്കുശേഷംമാത്ര

മാണു സംഭവിച്ചിട്ടുള്ളത്-അതും പുതിയ സംവിധാനത്തിലും പുതിയ സംരംഭങ്ങളായുംമാത്രം.

ബെയിലി-വിവർത്തകൻ, സംശോധകൻ, പരിഷ്കർത്താവ്.

ബൈബിൾ പരിഭാഷയ്ക്കുവേണ്ടിയുള്ള ബെയിലിയുടെ പുതിയ ശ്രമങ്ങളെക്കുറിച്ച് പി. ചെറിയാൻ ഇങ്ങനെ എഴുതുന്നു:

"നാട്ടുകാരിലെ ഉന്നതരും വിദ്യാസമ്പന്നരുമായവർക്ക് തികച്ചും സ്വീകാര്യമാകുന്നതോടൊപ്പം സമൂഹത്തിലെ താഴ്ന്ന വിഭാഗങ്ങളിൽപെടുന്നവർക്കും പൂർണമായി ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷാരീതിയായിരിക്കണം ബൈബിളിലേത് എന്നുള്ളതായിരുന്നു ബെയിലിയുടെ പുതിയ പരിഭാഷായത്നത്തിനു പിന്നിലെ പ്രഖ്യാപിത ലക്ഷ്യം." പരിഭാഷകർക്കു മാർഗദർശകമാക്കാൻ പറ്റിയ ഇതിലും നല്ല ഒരു തത്ത്വം ഉണ്ടാകുമെന്നു തോന്നുന്നില്ല.

സംശോധിത പരിഷ്കരണം അഥവാ അതിനെക്കാൾ പരിഭാഷ, ഈ ഘട്ടത്തിൽ വളരെ പതുക്കെയാണ് നീങ്ങിയത്. പുതിയതായി എത്തിച്ചേർന്ന അച്ചടിയന്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബെയിലിക്കു ശ്രദ്ധിക്കേണ്ടി വന്നതായിരുന്നു ഈ മന്ദഗതിക്കു മുഖ്യകാരണം. അതുപോലെ, ഓരോ പുസ്തകവും അംഗീകാരത്തിനായി മദ്രാസ് ഓക്സിലിയറി ബൈബിൾ സൊസൈറ്റിക്ക് അയയ്ക്കുന്നതിനുമുമ്പ് പല പ്രാവശ്യം പരിഷ്കരിക്കേണ്ടി വന്നു എന്ന് *മിഷനറി രജിസ്റ്ററിലും* മറ്റ് ആനുകാലികപ്രസിദ്ധീകരണങ്ങളിലുമുള്ള വിശദാംശങ്ങളിൽനിന്നു മനസ്സിലാക്കാം. അംഗീകാരം കിട്ടിയതിനു ശേഷംമാത്രമായിരുന്നു ഓരോ പുസ്തകവും അച്ചടിച്ചിരുന്നത്. ഈ നടപടിക്രമങ്ങൾക്കെല്ലാം വലിയ കാലതാമസമുണ്ടായിരുന്നു. ഒടുവിൽ 1829-ൽ *പുതിയനിയമത്തിന്റെ* 5000 കോപ്പി അച്ചടിച്ചു; സമ്പൂർണ മലയാളം ബൈബിളിന്റെ അച്ചടി 1841-ൽ പൂർത്തിയായി.

ബെയിലി ദീർഘകാലം ചെലവിട്ടുചെയ്ത രണ്ടു കാര്യങ്ങളായിരുന്നു ബൈബിൾ പരിഭാഷയും അച്ചടിശാല സ്ഥാപിക്കലും. ഇതിലോരോന്നിനും വേണ്ടി പ്രവർത്തിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഴുവൻ ശ്രദ്ധയും അതിൽ മാത്രമായിരുന്നു. ബൈബിൾ പരിഭാഷയിലായിരുന്നപ്പോൾ കോളജിന്റെ പ്രവർത്തനത്തിൽപോലും കാര്യമായി ശ്രദ്ധിച്ചില്ല. നിരന്തരം അലട്ടിക്കൊണ്ടിരുന്ന അനാരോഗ്യമോ കുടുംബ ജീവിതത്തിൽ ഒന്നൊന്നായി ഉണ്ടായിക്കൊണ്ടിരുന്ന കഷ്ടനഷ്ടങ്ങളോപോലും അദ്ദേഹത്തിന്റെ പ്രവർത്തനത്തെയോ ലക്ഷ്യത്തെയോ ബാധിച്ചിരുന്നില്ല. അച്ചടിയന്ത്രം എത്തിച്ചേരുകയും മദ്രാസിൽനിന്നു ടൈപ്പുകൾ ലഭിക്കുകയും ചെയ്തപ്പോൾ ശ്രദ്ധ മുഴുവൻ അച്ചടിശാലയിലായി. മലയാളം ആണിഅച്ചുകൾ സ്വയം രൂപകൽപ്പന ചെയ്തുണ്ടാക്കുവാൻ തുടങ്ങിയപ്പോൾ അതിനുമുമ്പ് തന്റെ മുഴുവൻ സമയവും ശ്രദ്ധയും ചെലവഴിച്ചു ചെയ്തുപോന്ന ബൈബിൾ പരിഭാഷപോലും ബെയിലി മാറ്റിവെച്ചു. ഏകാഗ്രതയോടും ലക്ഷ്യബോധത്തോടുംകൂടി നിരന്തരം പ്രയത്നിച്ചു എന്നു പറയുന്നതിനെക്കാൾ ഏറ്റെടുത്ത കാര്യത്തിനുവേണ്ടി ബെയിലി സ്വയം സമർപ്പിക്കുകയായിരുന്നു എന്നു പറയുന്നതാണു ശരി.

മിഷനറിജീവിതത്തിന്റെ പിറകിലുള്ളതും ഇത്തരമൊരു സ്വയം സമർപ്പണത്തിന്റെ ദർശനമാണ്-ക്രിസ്തുവിനുവേണ്ടി സ്വയംസമർപ്പിക്കുക. ഈ സമർപ്പണബോധം, മിഷനറി പ്രവർത്തനത്തിൽമാത്രമല്ല, ബെയിലിയുടെ ഇതര പ്രവർത്തനങ്ങളിലുമുണ്ടായിരുന്നു. ബെയിലിയെ സംബന്ധിച്ചിടത്തോളം അതൊരു ശീലവും ശൈലിയുമായിരുന്നു.

ബൈബിൾ പരിഭാഷയിൽ ബെയിലി എത്രമാത്രം നിമഗ്നനായിരുന്നു എന്നുള്ളതു വ്യക്തമാക്കുന്ന ധാരാളം പരാമർശങ്ങൾ *മിഷനറി രജിസ്റ്ററി*ലും *സി.എം.എസ്. പ്രൊസീഡിങ്സി*ലും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഉണ്ട്. പ്രസ്തുത പരാമർശങ്ങൾ ചേർത്തുവെച്ചു വായിക്കുമ്പോൾ ബെയിലിയുടെ ബൈബിൾ പരിഭാഷയെക്കുറിച്ച് ഒരു വ്യക്തചിത്രം ലഭിക്കും:

(1) "... Mr. Bailey's mind and time have been occupied in the translation of the Scriptures, to a degree that has sensibly impaired his health;" (Proceedings of the C.M.S., 1820: 169)

(2) " I (says Bailey) have devoted almost the whole of my time to the translation of that Sacred Book. A number of copies of certain portions of it have been written out, and distributed among the catanars and people ; but what can be done in this way must be comparatively very little, from the great delay and expense which necessarily attended the employing of writers to copy them out. Nothing to any purpose can be done, in this respect till some part, at least, of the Scriptures be printed." (Proceedings of the C.M.S., 1823: 151)

(3) " In the revision of the Malayalim Translation of the New Testament, I (says Bailey) have proceeded as far as the Eleventh Chapter of the Epistle to the Hebrews. I was in hopes that I should have finished the New Testament, by this time; but have not been able to accomplish my wishes. Of some parts of the Epistles which I have gone through, *I have been obliged to make a fresh translation*; which has, in a great measure, prevented me from making the progress which I had anticipated." (Missionary Register, 1824 September: 406)"

(4) "The work of translation, of preparing matter for the press and revising all the proof-sheets, he (Bailey) wrote in 1833, laborious, but it is one in which I delight, although carried on in a weak state of health..." (W.S. Hunt, 1968: 43)

(5) Translation- In reference to these Mr. Bailey states-

"The translation of the Scripture has occupied as much of my time as I could possibly devote to that important object- In my last Report, I believe, I stated that I had proceeded as far as the Eleventh chapter of

the Epistle to the Hebrews, in revising the New Testament. Since I finished Revelations, *I have revised again* the Epistle to the Corinthians. The Gospel of St.Mathew I have prepared for the press, and it has been printed. The Gospels and the Acts of the Apostles are nearly prepared for the press." (Proceedings of the C.M.S., 1825: 131)

പരിഭാഷ, പരിഷ്കരണം, എന്നിട്ടും ശരിയാകാത്ത ഭാഗങ്ങളുടെ പുനർതർജമ, വീണ്ടും പരിഷ്കരണം ഇങ്ങനെ ഒരു നിരന്തര പ്രക്രിയയായിരുന്നു ബെയിലിയുടെ ബൈബിൾ പരിഭാഷ. ഇത്തരത്തിലുള്ള തുടർപരിഷ്കരണത്തിലൂടെമാത്രമേ മെച്ചപ്പെട്ട ഒരു പരിഭാഷ ലഭ്യമാകുകയുള്ളു. ബൈബിൾ പരിഭാഷയെ സംബന്ധിച്ചുള്ള സി.എം.എസിന്റെ കാഴ്ചപ്പാടും അതുതന്നെയായിരുന്നു. പ്രാദേശിക ഭാഷകളിലേക്കു *ബൈബിൾ* പരിഭാഷപ്പെടുത്തിത്തീരുംമുമ്പുതന്നെയോ അല്ലെങ്കിൽ തർജമ നടന്നുകൊണ്ടിരിക്കുന്ന സമയത്തുതന്നെയോ റിവിഷൻ നടത്തണമെന്നുള്ള നിർദേശം സി.എം.എസിന്റെ ഒരു വിജ്ഞാപനത്തിൽ കാണാം. (പ്രൊസീഡിങ്സ് ഓഫ് ദി സി.എം.എസ്., 1809:157)

*ബൈബിളി*ന്റെയും മറ്റുകൃതികളുടെയും പരിഭാഷയിൽ ബെയിലി തദ്ദേശീയ പണ്ഡിതന്മാരുടെ സഹായം തേടിയിരുന്നു. ബൈബിൾപോലെ വൈവിധ്യവും വൈപുല്യവുമുള്ള ഒരു കൃതിയുടെ അഥവാ ഒരു കൂട്ടം കൃതികളുടെ വിവർത്തനത്തിന്, ദ്വിഭാഷാനിഘണ്ടുക്കളും മറ്റും ഇല്ലാത്ത അന്നത്തെ സാഹചര്യത്തിൽ സഹായികൾ കൂടിയേതീരൂ. മലയാളഗദ്യത്തിലേക്കു പരിഭാഷയ്ക്കു മുതിർന്നിട്ടുള്ള മറ്റൊരാൾക്കും നേരിടേണ്ടി വന്നിട്ടില്ലാത്ത ഒരു ഭാഷാപ്രശ്നവും ബെയിലിക്ക് നേരിടേണ്ടതുണ്ടായിരുന്നു-സാഹിത്യ വ്യവഹാരത്തിനു സമർഥമായ ഒരു ഗദ്യഭാഷയുടെ അഭാവം. ഹീബ്രു, ഗ്രീക്ക്, സുറിയാനി, ഇംഗ്ലീഷ് തുടങ്ങിയ ബൈബിൾ മൂലഭാഷകൾ വികസിതമായിരുന്നു. എന്നാൽ മലയാളത്തിലാകട്ടെ ബൈബിൾ വിവർത്തനത്തിനുമുമ്പ് ശൈലീശുദ്ധമായ ഗദ്യം വികസിച്ചു വന്നിട്ടുണ്ടായിരുന്നില്ല.

ബൈബിൾ വിവർത്തനത്തിൽ ബെയിലിക്കു ലഭിച്ച തദ്ദേശീയ സഹായത്തെക്കുറിച്ച് പി. ചെറിയാൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

"In order perhaps to ensure greater accuracy in the translation of such of the books of the Bible as were originally written in the Hebrew language, Mr. Bailey secured the assistance of one Moses Isarphati 'a learned and respectable jew' belonging to Cochin. 'Some Brahmins and Nairs well-skilled in the language of the country' were also entertained as Munshis. The Brahmins were employed on account of their knowledge of Sanskrit. There is no means of ascertaining whether the Brahmin Munshis belonged to the Tamil Brahmin or the Malayalam Brahmin community. One at least, whose name (Waidya Natha Iyer) is mentioned in one of Mr. Bailey's journals, was a Tamil Brahmin. There was the

Sanskrit Munshi attached to the College, Whose services could also be indented upon whenever any special necessity arose. One of the Nair Munshis was a native of British Malabar, named Chathu Menon, who was a Kariyakar or Tahsildar in the Travancore service before he accepted the Munshi's post under Mr. Bailey." (1935: 178)

കോളജിലേക്ക് പുതിയതായി ഒരു ജൂതനെയും സംസ്കൃത-മലയാളം അധ്യാപകനായി ഒരു പണ്ഡിറ്റിനെയും ഒരു മലയാളം മുൻഷിയെയും നിയമിച്ചതായി 1819-ലെ *മിഷനറി രജിസ്റ്ററിൽ* പ്രസ്താവിച്ചിട്ടുണ്ട്. ഇവരുടെ പ്രതിഭയുടെയും കഴിവുകളുടെയും കൂട്ടായ്മയിൽനിന്ന് വളരെയധികം സഹായമുണ്ടാകുമെന്നു മിഷനറിമാർ പ്രതീക്ഷിക്കുന്നതായും പറഞ്ഞിട്ടുണ്ട്. പരാമൃഷ്ടനായ ജൂതൻ മോസസ് ഇസാർഫതിയാണ്. ഇദ്ദേഹത്തിന്റെ മുഖ്യചുമതല കോളജിലെ വൈദികവിദ്യാർഥികളെ ഹീബ്രു പഠിപ്പിക്കുകയായിരുന്നുവെങ്കിലും *പഴയനിയമ*പരിഭാഷ ഹീബ്രു മൂലവുമായി ഒത്തുനോക്കുന്നതിൽ ബെയിലിയെ സഹായിച്ചിട്ടുമുണ്ട്. പ്രതിമാസം മുപ്പത്തിയഞ്ചുരൂപ ശമ്പളത്തിൽ നിയമിക്കപ്പെട്ടിരുന്ന ഹീബ്രു പ്രൊഫസ്സറും മുപ്പതുരൂപ ശമ്പളത്തിൽ നിയമിക്കപ്പെട്ടിരുന്ന മലയാളപരിഭാഷകനും കോളജിൽനിന്നു പോയതായി *സി.എം.എസ്. പ്രൊസീഡിങ്സിലെ* ഇരുപത്തിയഞ്ചാമതു റിപ്പോർട്ടിൽ പറയുന്നുണ്ട്. പ്രൊഫസ്സറുടെ ആവശ്യം ഇപ്പോൾ ഇല്ലെന്നും മലയാള പരിഭാഷകൻ കൂടുതൽ ആദായകരമായ ജോലി കണ്ടുപിടിക്കാമെന്നുള്ള പ്രതീക്ഷയിൽ തന്റെ വിരമിക്കലിനുവേണ്ടി അപേക്ഷിച്ചുവെന്നും തുടർന്നു പറയുന്നു. ഹീബ്രു പണ്ഡിതനായ മോസസ് ഇസാർഫതിയുടെ സഹായം വേണ്ടിയിരുന്നതു *പഴയനിയമ* പരിഭാഷയിലായിരുന്നു. മോസസ് ഇസാർഫതിയുടെ സേവനം അവസാനിപ്പിച്ചത് 1824-25-നു മുമ്പായിരുന്നു. ഇതിനു ശേഷവും ബെയിലി *പഴയനിയമ*പരിഭാഷയിലും റിവിഷനിലും ഏർപ്പെട്ടിരുന്നു. ബെയിലി 1829-ൽ *പഴയനിയമം* പൂർത്തിയാക്കി എന്ന് ജെ.എസ്.എം. ഹൂപ്പർ എഴുതുന്നു. (1963: 82) 1834-ൽ ഇംഗ്ലണ്ടിൽനിന്നു മടങ്ങിയെത്തിയതിനുശേഷവും ബെയിലി *പഴയനിയമ* പരിഭാഷയുടെ റിവിഷനിൽ ഏർപ്പെട്ടിരിക്കുന്നതായി *ചർച്ച് മിഷനറി റിക്കാർഡിൽ* കാണാം. 1836 സെപ്റ്റംബർ 3-നു ബെയിലി എഴുതിയ കത്തിനെക്കുറിച്ചു പരാമർശിക്കുന്ന പ്രസ്തുത റിപ്പോർട്ടിൽ ഈ പരിഭാഷ ബെയിലി ആദ്യം കോട്ടയത്തു താമസിച്ചിരുന്നപ്പോൾ ഉണ്ടാക്കിയതാണെന്നും പറയുന്നുണ്ട്.

'മലയാള പരിഭാഷകൻ' എന്നു പറഞ്ഞിരിക്കുന്നതു ചാത്തുമേനോനെക്കുറിച്ചാണ്. ബെയിലിയെ ബൈബിൾ പരിഭാഷയിൽ സഹായിച്ചിട്ടുള്ള തദ്ദേശീയ പണ്ഡിതന്മാരിൽ ഏറ്റവുമധികം ചരിത്രപരാമർശം നേടിയിട്ടുള്ളത് ചാത്തുമേനോനാണ്. ബൈബിൾ പരിഭാഷയിലൂടെ ക്രിസ്തുമതത്തിലേക്ക് ആകൃഷ്ടനായിത്തീർന്ന ചാത്തുമേനോൻ പിന്നീട് ജോസഫ് ഫെൻ എന്ന പേരിൽ ക്രിസ്തുമതം സ്വീകരിച്ചു; കേരളത്തിൽ വളരെയധികം പ്രചാരം നേടിയ *അജ്ഞാനകുഠാരം* എന്നൊരു കൃതി രചിച്ചിട്ടുമുണ്ട്. ഇങ്ങനെ മറ്റു വിധങ്ങളിലും ചരിത്രത്തിൽ തന്റെ സാന്നിധ്യമുറപ്പിക്കാൻ കഴിഞ്ഞതുകൊ

ണ്ടായിരുന്നിരിക്കാം, ബൈബിൾ പരിഭാഷയുമായി ബന്ധപ്പെടുത്തിയും ചാത്തുമേനോന്റെ പേര് ഏറെ പരാമർശിക്കപ്പെട്ടത്. മേൽ പരാമർശപ്രകാരം സേവനം മതിയാക്കിയപ്പോയ ചാത്തുമേനോന്, ബെയിലിയുടെയും ബേക്കറിന്റെയും ശക്തമായ ശുപാർശയെത്തുടർന്ന്, കോട്ടയം മിഷനിൽ പരിഭാഷകനായി വീണ്ടും ജോലി നൽകുന്നുണ്ട്. (മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയുടെ മിനിറ്റ്സ്, സി.എം.എസ്.-2, 1826: 208-209)

മൂലഭാഷയിലും ലക്ഷ്യഭാഷയിലും സാമാന്യപരിജ്ഞാനമുള്ള ഒരാൾ മൂലഭാഷയിലെ നിശ്ചിത പദങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ആശയത്തെ ലക്ഷ്യഭാഷയിലെ നിശ്ചിതപദങ്ങൾ ഉപയോഗിച്ച് വിനിമയം ചെയ്യാൻ നടത്തുന്ന ശ്രമമാണ് വിവർത്തനം. മലയാളത്തിലേക്കുള്ള ബൈബിൾ പരിഭാഷയിൽ ആദ്യത്തെ മൂലഭാഷ സുറിയാനി ആയിരുന്നു. സുറിയാനി മൂലഭാഷയും മലയാളം ലക്ഷ്യഭാഷയുമായി നടന്ന വിവർത്തനം രണ്ടു കാരണങ്ങളാൽ സഫലമായില്ല. ഒന്ന്, വിവർത്തകർ മൂലഭാഷയിലെ ആശയങ്ങൾ വിനിമയം ചെയ്യാൻ ലക്ഷ്യഭാഷയിൽ ഉപയോഗിച്ച പദാവലി (അഥവാ പദാവലി മുഖേന സൃഷ്ടിക്കപ്പെടുന്ന ഭാഷാശൈലി) മലയാളികൾക്കിടയിൽ പൊതുവായ ആശയവിനിമയത്തിനു സമർഥമായിരുന്നില്ല. രണ്ട്, മൂലഭാഷയിലെ കൃതിതന്നെ ഒരു വിവർത്തനഗ്രന്ഥമായിരുന്നു. കേരളത്തിൽ പ്രചരിച്ചിരുന്ന ബൈബിളിന്റെ സുറിയാനി വിവർത്തനം അതിന്റെ മൂലഗ്രന്ഥത്തോട് (ഹീബ്രു, ഗ്രീക്ക് മൂലഗ്രന്ഥങ്ങളോട്) പൂർണമായി വിശ്വസ്തത പുലർത്തുന്നതായിരുന്നില്ല. ഈ സാഹചര്യത്തിലാണു ബെയിലി സുറിയാനി മൂലത്തിൽനിന്നുള്ള പരിഭാഷ ഉപേക്ഷിക്കുവാൻ തീരുമാനിച്ചത്. തന്റെ പദ്ധതിപ്രകാരമുള്ള വിവർത്തനത്തിനു മുതിർന്ന ബെയിലിയെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം ഗ്രാഹ്യമുള്ള മൂലഭാഷ ഇംഗ്ലീഷ് ആയിരുന്നു. ഒരു വിവർത്തകന് ആവശ്യം വേണ്ട ലക്ഷ്യഭാഷാ (മലയാളം) പരിജ്ഞാനവും അതിനോടകം ബെയിലി സ്വായത്തമാക്കിയിരുന്നു. ഇംഗ്ലീഷിലെ ബൈബിളാകട്ടെ ഒരു വിവർത്തനഗ്രന്ഥമാണെങ്കിൽകൂടി, ഇംഗ്ലീഷ് ഭാഷയുടെ വികാസത്തെപ്പോലും സഹായിച്ച മഹത്തായൊരു ഗ്രന്ഥവുമാണ്. തന്മൂലം ബെയിലി മൂലകൃതിയായി സ്വീകരിച്ചത് *ഓഥറൈസ്ഡ് വേർഷൻ* എന്നുകൂടി പേരുള്ള *കിങ് ജെയിംസ് ബൈബിൾ* ആണ്.

1829 ജൂൺ 25-ന് മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി സെക്രട്ടറിക്ക് അയച്ച കത്തിൽ ബെയിലി മേൽപ്പറഞ്ഞകാര്യം അർഥശങ്കയ്ക്കിടമില്ലാത്തവിധം വ്യക്തമാക്കിയിട്ടുണ്ട്: "*പുതിയനിയമ*ത്തിന്റെ മലയാള പരിഭാഷയ്ക്ക് ഇംഗ്ലീഷ് ഓഥറൈസ്ഡ് വേർഷനിൽനിന്ന് കാര്യമായ ഒരു മാറ്റവുമില്ല." (മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയുടെ മിനിറ്റ്സ്, സി.എം.എസ്.-3, 1829: 178) "മലയാഴ്മയിൽ ആദ്യം പ്രചാരം ചെയ്യപ്പെട്ടതു ബെയിലി സായ്പിന്റെ പരിഭാഷയാകുന്നു. അതിനു ആധാരമായിരുന്നതു രാജ്യസഭാംഗീകൃത പരിഭാഷ എന്നു പേരായ ഇംഗ്ലീഷ് പരിഭാഷയത്രെ. (*പഴയനിയമ*ത്തിൽമാത്രം ബെയിലി എബ്രായ മൂലഗ്രന്ഥം ഒത്തു നോക്കീട്ടുണ്ട്)" എന്നുള്ള പിൽക്കാല രേഖ, മുമ്പുപറഞ്ഞ വസ്തുതയെ അടിവരയിട്ട് ഉറപ്പിക്കുകമാത്രമാണു ചെയ്യുന്ന

ത്. (മലയാളമിത്രം, 1905 മെയ്: 73) ബെയിലി സഹായികളായി കണ്ടെത്തിയവരിൽ മോസസ് ഇസാർഫതിക്കു പരിചിതമായ മൂലഭാഷ ഹീബ്രു ആയിരുന്നു. എന്നാൽ *പഴയനിയമ*പരിഭാഷയിൽ ഈ ജൂതപണ്ഡിതന്റെ സഹായം ബെയിലിക്ക് ആദ്യന്തം കിട്ടിയിട്ടില്ല എന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. പരിമിതമായിട്ടെങ്കിലും ഹീബ്രുവിൽ തനിക്കുള്ള ജ്ഞാനം മലയാള പരിഭാഷ ഹീബ്രുമൂലവുമായി ഒത്തുനോക്കുന്നതിനു സഹായകമായിരുന്നിരിക്കണം. ഒരു കൃതി അതു രചിക്കപ്പെട്ട മൂലഭാഷയിൽനിന്നല്ലാതെ, വിവർത്തനം ചെയ്യേണ്ടിവരുമ്പോൾ "നിഘണ്ടുക്കളുടെ സാന്ദർഭിക സഹായത്തോടുകൂടിയെങ്കിലും അർഥം അറിയാൻ കഴിയുന്ന വിധത്തിൽ അതിന്റെ ആദിമ മൂലഭാഷ അറിയാമെന്നുണ്ടെങ്കിൽ പരിഭാഷയ്ക്ക് അതു മതിയാകും." (സി.റ്റി. ഇ. റെനിയസ്, 1827: 3) ഈ വിധത്തിൽ നോക്കുമ്പോൾ പരിഭാഷയ്ക്ക് ബെയിലി മൂലഗ്രന്ഥമായി ഉപയോഗിച്ചതു ഇംഗ്ലീഷ് ബൈബിൾ ആണെങ്കിലും ബൈബിൾ *പഴയനിയമ*ത്തിന്റെ ആദിമ മൂലമായ ഹീബ്രു, *പുതിയ നിയമ*ത്തിന്റെ മൂലഭാഷയായ ഗ്രീക്ക് എന്നിവയിലെ പ്രാഥമിക പരിജ്ഞാനം അദ്ദേഹത്തിന് വിവർത്തനത്തിൽ സഹായകരമായിരുന്നു.

ചാത്തുമേനോന് ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം എന്നീ ഭാഷകൾ വശമുണ്ടായിരുന്നതിനാൽ ബൈബിൾ പരിഭാഷയിൽ ബെയിലിയെ കാര്യമായി സഹായിക്കുന്നതിന് സാധിച്ചിരുന്നിരിക്കണം. പ്രത്യേകിച്ച് 'മധ്യമാർഗ ഗദ്യ'ത്തിലെ 'ഉച്ചഭാഷ'യുടെ ചേരുവയിൽ ബൈബിൾ വിവർത്തനം ചെയ്യാനുള്ള ബെയിലിയുടെ ശ്രമത്തെ സാക്ഷാൽക്കരിക്കുന്നതിൽ ചന്തുമേനോൻ കാര്യമായ സഹായം നൽകിയെന്നു കരുതാം. തമിഴ് ബ്രാഹ്മണനായിരുന്നു എന്ന് പി.ചെറിയാൻ പറയുന്ന വൈദ്യനാഥയ്യരും ബൈബിൾ പരിഭാഷയിൽ സഹായിച്ചിട്ടുണ്ട്. പക്ഷേ മലയാള പരിഭാഷയ്ക്കുപയുക്തമായിത്തീർന്ന ബൈബിൾ മൂലഭാഷകളിലൊന്നിലും വൈദ്യനാഥയ്യർ നിഷ്ണാതനായിരുന്നില്ല. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകൾ വൈദ്യനാഥയ്യർക്കറിയാമായിരുന്നു എന്നു കരുതാം. കേരളത്തിൽ അക്കാലത്ത് തമിഴിനു നല്ല പ്രചാരമുണ്ടായിരുന്നു. സീഗൻ ബാൾഗ്, ബെഞ്ചമിൻ ഷൂൾത്സെ എന്നിവർ തമിഴിലേക്കു പരിഭാഷപ്പെടുത്തിയ ബൈബിൾ *പുതിയനിയമം* 1715-ലും *പഴയനിയമം* 1726-ലും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സംശോധിത സംസ്കരണമായി ഫബ്രീഷ്യസ് നിർവഹിച്ച തമിഴ്പരിഭാഷ, ബെയിലി വിവർത്തനം ആരംഭിക്കുമ്പോൾ ലഭ്യമായിരുന്നു. ബൈബിൾ പരിഭാഷ നടക്കുമ്പോൾ കോട്ടയം സന്ദർശിച്ച മി. ഹൗ ഇങ്ങനെ രേഖപ്പെടുത്തി:

"മലയാള ബൈബിൾ പരിഭാഷയിൽ ബെയിലി നിയോഗിച്ചിട്ടുള്ള വിദ്യാസമ്പന്നനായ നാട്ടുകാരനുമായി, ബെയിലിയുടെ അഭ്യർഥനപ്രകാരം ഞാൻ ഒരു അഭിമുഖം നടത്തി. അടുത്ത ദിവസം പ്രഭാതത്തിലായിരുന്നു ഇത്. അയാൾക്ക് തമിഴിൽ നല്ല പരിജ്ഞാനമുണ്ട്. പരിഭാഷയിൽ തമിഴ് ബൈബിൾ ഉപയോഗപ്പെടുത്താൻ തക്കവിധം അത് അയാൾക്കു വേണ്ടവണ്ണം മനസ്സിലാക്കാൻ കഴിയുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തുകയായിരുന്നു എന്റെ അഭിമുഖത്തിന്റെ ഉദ്ദേശ്യം. ബെയിലിക്ക് ഇംഗ്ലീഷ് എത്രത്തോളം സഹായ

മാണോ അത്രത്തോളം ആ മുൻഷിക്ക് തമിഴ് സഹായമായിരുന്നു. തമിഴ് ബൈബിളിന്റെ ആനുകൂല്യം മലയാള ഭാഷയിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് അയാൾക്ക് അറിയാമെന്നു തോന്നി." (മിഷനറി രജിസ്റ്റർ, 1822 ഒക്ടോബർ: 426)

ഇങ്ങനെ ഇംഗ്ലീഷ് ഓഥറൈസ്ഡ് വേർഷൻപോലെ പ്രത്യക്ഷമായല്ലെങ്കിൽപോലും, തമിഴ് ബൈബിളും ബെയിലിക്ക് വിവർത്തനത്തിൽ പരോക്ഷമായി സഹായകമായിട്ടുണ്ട്. പരിഭാഷ, പരിശോധന, പരിഷ്കരണം എന്നി ജോലികളിൽ ബെയിലി പല സഹായികളുടെയും പല പരിഭാഷകളുടെയും സഹായം തേടിയെങ്കിലും ഒരു സഹായിയെയും ഒരു ഗ്രന്ഥത്തെയും പൂർണമായി ആശ്രയിച്ചില്ല. പരിഭാഷകനും പരിഷ്കർത്താവുമായ ബെയിലിയെക്കുറിച്ച്, ബെയിലിയുടെ പ്രവർത്തനങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കിയ ഹൗ പറയുന്ന ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്: "മി. ബെയിലി അങ്ങേയറ്റം വിവേകശാലിയും താൻ ചെയ്യുന്ന ജോലിയിൽ വളരെ അഗാധമായ താൽപ്പര്യമുള്ളയാളുമാണ്. തന്മൂലം എന്തെങ്കിലും കാര്യം മുൻഷിക്കു വിട്ടുകൊടുക്കാനോ ഏതെങ്കിലും പരിഭാഷ അപ്പടി പിന്തുടരാനോ ബെയിലി തയ്യാറായില്ല." (മിഷനറി രജിസ്റ്റർ, 1822 ഒക്ടോബർ: 426)

ബെയിലിയുടെ മേൽനോട്ടത്തിൽ സുറിയാനികത്തനാരന്മാർ നിർവഹിച്ച ബൈബിൾ പരിഭാഷയെക്കുറിച്ചാണു പിൽക്കാലത്ത് അധികം അറിയപ്പെട്ടത്; അതിനുശേഷം ബെയിലി നിർവഹിച്ച പരിഭാഷാപരിഷ്കരണ പ്രവർത്തനങ്ങളെക്കുറിച്ചോ അതിന്റെ വിശദാംശങ്ങളെക്കുറിച്ചോ അധികമാരും അന്വേഷിക്കുകയും അറിയുകയും ചെയ്തില്ല. അൽപ്പജ്ഞാതമായ കാര്യങ്ങളാകട്ടെ കത്തനാരന്മാരിലും ചാത്തുമേനോനിലുമെത്തി അവസാനിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് *ബെയിലീബൈബിളിനെ*ക്കുറിച്ചു പരാമർശിക്കുമ്പോഴൊക്കെ "എട്ടു സുറിയാനി പുരോഹിതരായിരുന്നു ബെയിലിയുടെ തർജമക്കാർ" എന്നമട്ടിൽ എഴുതേണ്ടിവന്നിട്ടുള്ളത്. (ഹെർമൻ ഗുണ്ടർട്ട്, 1992: XXXXIV) സുറിയാനി കത്തനാരന്മാരുടെ പരിഭാഷയാണ് പ്രസിദ്ധീകരിച്ചിരുന്നതെങ്കിൽ കെട്ടിലും മട്ടിലും അത് റമ്പാൻ ബൈബിളിന്റെ തനിപ്പകർപ്പും ബാക്കിയുമാകുമായിരുന്നു. പിൽക്കാലത്ത് ബെയിലിയുടെ ബൈബിൾപരിഭാഷയെക്കുറിച്ചുണ്ടായ അൽപ്പമാത്രപരാമർശങ്ങളാകട്ടെ പരിഭാഷയിൽ ബെയിലിയുടെ ധിഷണാപരവും ഭാഷാപരവുമായ പങ്കിനെക്കുറിച്ച് തികച്ചും അജ്ഞത പുലർത്തുന്നതുമായിരുന്നു. മലയാളഗദ്യവികാസം, ബൈബിൾ വിവർത്തനചരിത്രം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അഗാധമായ പഠനം നിർവഹിക്കുകയും മൗലികമായ നിഗമനങ്ങൾ സ്വരൂപിക്കുകയും ചെയ്ത ഡോ. സ്കറിയ സക്കറിയയെപ്പോലുള്ളവരെപ്പോലും വസ്തുതകളുടെ അലഭ്യത അലട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ബെയിലിയുടെ ബൈബിൾ പരിഭാഷ 'സൂതികർമിണി' തർജമയായിരുന്നവോ എന്ന് അദ്ദേഹം സംശയിച്ചിട്ടുള്ളത്. അതായത്, ബെയിലി ബൈബിൾ പരിഭാഷയിൽ നിർവഹിച്ചത് ഒരു സംഘാടകന്റെയോ (organizer) സംയോജകന്റെയോ (co-ordinator) പങ്കുമാത്രമാണെന്നുള്ള തെറ്റിദ്ധാരണ പ്രചരിച്ചു. ഇതിൽപെട്ട

ബെയിലിയുടെ മലയാള ഭാഷാഭിജ്ഞതയും പരിഭാഷാപരിഷ്കരണങ്ങളിൽ അദ്ദേഹം പ്രദർശിപ്പിച്ച മൗലികതയും ശ്രദ്ധിക്കപ്പെടാതെപോയി.

1817 സെപ്റ്റംബർ 22-ാം തീയതി പ്രാറ്റിന് എഴുതിയ കത്തിൽ ബെയിലിയുടെ മലയാളഭാഷാപഠനം നിരാശാജനകമാംവിധം മോശമാണെന്നെഴുതിയ കേണൽ മൺറോ 1819 ജനുവരി 21-ന്, ബെയിലിയുടെ ഭാഷാപാണ്ഡിത്യത്തെക്കുറിച്ച്, ഇങ്ങനെ എഴുതി: "Mr. Bailey, whose proficiency in Malayalam is great, is obliged to make a complete version of the whole, resembling indeed a new version more than a revision..." (Proceedings of the C.M.S., 1817: 170)

മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിനും പരിഭാഷപ്പെടുത്തിയ ഭാഗങ്ങൾ പരിശോധിച്ചു പരിഷ്കരിക്കുന്നതിനുമുള്ള പ്രാവീണ്യം ബെയിലിക്കുണ്ടായിരുന്നു. ബെയിലി കൂടുതൽ സമയം ചെലവഴിച്ചത് പരിഭാഷയുടെ പരിഷ്കരണത്തിനാണെങ്കിലും മോശമായിക്കണ്ട ഭാഗങ്ങൾ അദ്ദേഹം തന്നെ പരിഭാഷപ്പെടുത്തുകയും ചെയ്തിരുന്നു. താഴെക്കൊടുത്തിരിക്കുന്ന ഉദ്ധരണികൾ ഇക്കാര്യത്തിലേക്കു വെളിച്ചം വീശുന്നവയാണ്:

1) "I much wished for some Homilies of our church, and some short sermons, to have been translated into Malayalim, and distributed among the Syrian Clergy in order that they might read them to the people; but this has not been done, for want of a person capable of translating from English into Malayalim: were I to commence translating these works myself, I should be greatly impeded in the revision of the Malayalim Translation of the Sacred Scriptures; and I should be sorry for this, as I consider the translation and distribution of the scriptures of primary importance, and consequently continue to devote much of my time to them." (Misssionary Register, 1824 September: 406)

(2) "I (Bailey) was in hopes that I should have finished the New Testament, by this time; but have not been able to accomplish my wishes. Of some parts of the Epistles which I have gone through, I have been obliged to_make a fresh translation; which has, in a great measure, prevented me from making the progress which I had anticipated."

ബെയിലിയുടെ ഭാഷാനയവും ബൈബിളിലെ ഭാഷാപരമായ സവിശേഷതകളും

ആത്മാവ് കൂടുവിട്ട്, കൂടണയുന്നതുപോലെയൊരു പ്രവർത്തനമാണു തർജമ. ആത്മാവ് പഴയകൂട് (ശരീരം) വിട്ട് പുതിയ കൂടു സ്വീകരിക്കുമ്പോൾ ആത്മാവിന് മാറ്റമൊന്നും ഉണ്ടാകുന്നില്ല. മാറുന്നതു കൂടാണ്. പരിഭാഷയിൽ ആത്മാവിന്റെ സ്ഥാനം സന്ദേശത്തിനാണ്. സവിശേഷമായ രൂപഘടനയുള്ള മൂലഭാഷയിൽ അന്തർലീനമായിരിക്കുന്ന സന്ദേശത്തെ, ലക്ഷ്യഭാഷയിലെ നിശ്ചിത പദാവലി ഉപയോഗിച്ചു വിനിമയം ചെയ്യുന്ന പ്രവർത്തനമാണ് തർജമ. തന്മൂലം തർജമയിൽ രണ്ടു ഘടകങ്ങളുണ്ട്: സന്ദേശവും ഭാഷയും. ഇവയിൽ പ്രാധാന്യം സന്ദേശത്തിനാണ്. സന്ദേശത്തിന് അൽപ്പവും ഊനം സംഭ

വിച്ചുകൂടെന്നുള്ള നിർബന്ധബുദ്ധി ബൈബിൾതർജമയെ എല്ലാക്കാലത്തും ക്ലേശകരമായ ഒരു പ്രക്രിയയാക്കിത്തീർത്തിരുന്നു. ബെഞ്ചമിൻ ബെയിലി ബൈബിൾ പരിഭാഷയിൽ മൂലത്തിലെ സന്ദേശത്തോടുള്ള വിശ്വസ്തതയ്ക്ക് വലിയ പ്രാധാന്യം നൽകി. അതോടൊപ്പം ഭാഷയ്ക്കുള്ള പ്രാധാന്യത്തെയും അദ്ദേഹം കണ്ടറിഞ്ഞു. ഭക്ഷണംമാത്രം നന്നായാൽ പോരാ; പാത്രവും നന്നാകണം. സന്ദേശം എത്ര മഹത്തരമാണെങ്കിലും അതു പകർന്നുനൽകുന്ന ഭാഷ സംവേദനക്ഷമമല്ലെങ്കിൽ സന്ദേശം വേണ്ടതുപോലെ വിനിമയം ചെയ്യപ്പെടാതെ പോകും. തന്മൂലം ബൈബിൾ പരിഭാഷയ്ക്കുപയോഗിക്കുന്ന ഭാഷ സാർവത്രിക സ്വീകാര്യതയുള്ളതായിരിക്കണം എന്നു ബെയിലി ആഗ്രഹിച്ചു. സന്ദേശത്തിന്റെ വിശ്വസ്തതയെയും ഭാഷയുടെ സ്വീകാര്യതയെയും കുറിച്ച് ബെയിലിക്കുണ്ടായിരുന്ന കരുതൽ ശ്രദ്ധയ്ക്കപ്പുറം വളർന്ന് ഉൽക്കണ്ഠയുടെ തലത്തോളമെത്തിച്ചേർന്നിരുന്നു. ഇതിനെക്കുറിച്ച് *മിഷനറി റജിസ്റ്റർ* ഇങ്ങനെ രേഖപ്പെടുത്തുന്നു. ''Mr. Bailey is extremely anxious to render the translation both as faithful and as universally acceptable as possible.'' (1829 February: 99)

ബൈബിൾ വിവർത്തനത്തിന്റെ ഭാഷ എല്ലാവർക്കും സ്വീകാര്യമായിരിക്കണം എന്നു ബെയിലി ആഗ്രഹിച്ച സന്ദർഭത്തിൽ, അതായത് പത്തൊൻപതാംനൂറ്റാണ്ടിന്റെ പൂർവാർധത്തിൽ, നിലനിന്നിരുന്ന സവിശേഷമായ ഭാഷാസാഹചര്യത്തെക്കുറിച്ചും സാഹിത്യപരിതോവസ്ഥയെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. കേരളത്തിൽ മലയാളം അച്ചടി ഇല്ല. അതുകൊണ്ട് ഗ്രന്ഥങ്ങൾ ഓലയിൽ പകർത്തിയെഴുതി സൂക്ഷിക്കുന്ന സമ്പ്രദായമാണുള്ളത്. തന്മൂലം ഗ്രന്ഥങ്ങൾ അധിക വിലയുള്ളതും ദുർലഭവുമാണ്. സാഹിത്യം എന്നാൽ പദ്യസാഹിത്യമാണ്. അതുമാത്രമല്ല, പദ്യസാഹിത്യത്തിന്റെ കാര്യത്തിൽ മലയാളഭാഷ സമ്പന്നമായ സ്ഥിതിയിലുമായിരുന്നു. സാഹിത്യവ്യവഹാരത്തിനു സമർഥമായ ഗദ്യം വികസിച്ചിട്ടില്ല. സാഹിത്യം പദ്യത്തിലായിരുന്നതുപോലെ വിദ്യാഭ്യാസത്തിനുള്ള പാഠപുസ്തകങ്ങളായി അംഗീകരിക്കപ്പെട്ട കൃതികളും പദ്യത്തിലായിരുന്നു. അതുമാത്രവുമല്ല അവ സാധാരണക്കാർക്കു മനസ്സിലാകാത്ത സംസ്കൃതഭാഷയിലുമായിരുന്നു. സാധാരണക്കാരുടെ സംഭാഷണഭാഷയാകട്ടെ പരമ്പരാഗതശൈലിയിലുള്ളതും ദ്രാവിഡപാരമ്പര്യത്തോട് അടുത്തുനിൽക്കുന്നതും ധാരാളം പ്രാചീനപദങ്ങളും ദേശ്യഗ്രാമ്യപദങ്ങളും പ്രയോഗങ്ങളും ഉൾപ്പെട്ടതുമായിരുന്നു.

'സുവിശേഷം' സകല ജനങ്ങളെയും അറിയിക്കാനുള്ളതാണ്. അതുകൊണ്ട് ബൈബിളിലെ ഭാഷ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്കു പെട്ടെന്നു മനസ്സിലാകുന്നതായിരിക്കണം അതേസമയം വിദ്യാസമ്പന്നർ അവരുടെ സംഭാഷണത്തിലും വിദ്യാഭ്യാസത്തിലും സാഹിത്യത്തിലുമുപയോഗിക്കുന്ന സംസ്കൃതബഹുലമായ മലയാളത്തെ ഒഴിവാക്കാനാകുകയുമില്ല. പദ്യസാഹിത്യത്തിൽ 'ഭാഷാസംസ്കൃതയോഗം' വ്യാപകമായ പ്രചാരവും അംഗീകാരവും നേടിക്കഴിഞ്ഞിരുന്നു. ചുരുക്കത്തിൽ കേരളത്തിൽ ഒരു ഉച്ചഭാഷയും (ഉൽക്കൃഷ്ടഭാഷ-High Malayalam) ഒരു നീചഭാഷ അഥവാ

അപകൃഷ്ട ഭാഷയും (Colloquial Malayalam) പ്രചാരത്തിലുണ്ട്. തന്മൂലം ബൈബിൾ ഭാഷ എല്ലാവർക്കും സ്വീകാര്യമാകണമെങ്കിൽ, അതു മധ്യമാർഗ ത്തിൽപെട്ടതായേ പറ്റൂ. അതുകൊണ്ട് ബെയിലി ഒരു മധ്യമാർഗ ഭാഷാശൈലി സ്വീകരിച്ചു. ബെയിലിയുടെ ഈ സമീപനം മദ്രാസ് ബൈബിൾ സൊസൈറ്റി അംഗീകരിക്കുകയും അക്കാര്യം *മിഷനറി രജിസ്റ്ററിൽ* താഴെക്കാണുംപ്രകാരം റിപ്പോർട്ട് ചെയ്യുകയും ചെയ്തു:

"They (the Committee of Madras Bible Society) add, on Mr. Bailey's Principle of translating-

Mr. Bailey's object is, to adopt such a medium style, as to render the work at once acceptable to the higher and better educated among the Natives, and at the same time perfectly intelligible to the lower classes; and a better rule could not perhaps be adopted in reference to the various dialects of most, if not all the languages of the Penisula." (1824 January:61)

ബെയിലി മലയാളത്തിലേക്കു *ബൈബിൾ* പരിഭാഷപെടുത്തുവാനും സ്കൂളുകളിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ രചിക്കുവാനും ഉദ്യമിച്ച പ്പോൾ മലയാളത്തിൽ സുദീർഘകാലമായി തുടർന്നുപോന്നിരുന്ന സാഹി ത്യരചനയുടെ വഴി നിരാകരിച്ചു. ഗദ്യം തെരഞ്ഞെടുത്തു. ആശയപ്രകാശ നത്തിനു മഹാസ്വാതന്ത്ര്യം നൽകുന്നതു ഗദ്യമാണ്. ജ്ഞാനബോധനത്തിനും മതപ്രചാരണത്തിനും യോജിച്ച ഭാഷാരൂപമാണത്. പദ്യഗ്രന്ഥങ്ങൾ പണ്ഡി തന്മാർക്കേ ഉപകരിക്കുകയുള്ളു. ഗദ്യഗ്രന്ഥങ്ങളാകട്ടെ പണ്ഡിത-പാമര ഭേ ദമെന്യേ എല്ലാവർക്കും ഒരുപോലെ സ്വീകാര്യമാണ്. വിദ്യാസമ്പന്നരും മുന്നാ ക്കക്കാരുമായ ന്യൂനപക്ഷം വിദ്യാഭ്യാസ-സാഹിത്യ ഉപാധിയായി ഉപയോ ഗിച്ചുപോന്ന ഭാഷാരൂപമായ പദ്യത്തോട് ഭൂരിപക്ഷം വരുന്ന സാധാരണക്കാർ പുലർത്തിയ അകൽച്ചയെക്കുറിച്ചുള്ള തിരിച്ചറിവും മിഷനറിമാരെ ഗദ്യം തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചിരിക്കാം. അതിലുപരി സാധാരണ സംഭാഷണ ഭാഷയുടെ ലിഖിതരൂപമായ ഗദ്യത്തിന് ജീവൽഭാഷാരൂപം എന്ന നിലയിൽ സിദ്ധിക്കാവുന്ന സൗഗമ്യവും ലാളിത്യവും ആർജവത്വവും അവർക്ക് അവ രുടെ മാതൃഭാഷയിലെ ഗദ്യരചനകളിലൂടെ സുപരിചിതമായിരുന്നു.

കേരളത്തിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ കാലത്തിനുമുമ്പുവരെ ക്രി സ്തുമതപ്രചാരണത്തിനുവേണ്ടി പദ്യംതന്നെ ഉപയോഗിക്കാനാണ് മിഷന റിമാർ താൽപ്പര്യപ്പെട്ടിരുന്നത്. അർണോസ് പാതിരിയുടെ കൃതികൾ ഉദാഹര ണമായി ചൂണ്ടിക്കാട്ടാം. ബൈബിൾ വിവർത്തനത്തിൽ ബെയിലിക്കു സഹാ യിയായിരുന്ന ചാത്തുമേനോൻ പിൽക്കാലത്ത് ക്രിസ്തുമതതത്ത്വങ്ങൾ ഉൾ ക്കൊള്ളുന്നതും ഹിന്ദുമതാചാരങ്ങളെ ദുഷിക്കുന്നതുമായ ഒരു കൃതി രചി ക്കേണ്ടിവന്നപ്പോൾ (*അജ്ഞാനകുഠാരം*) ദീർഘകാലത്തെ ഗദ്യരചനാ പരിച യമുണ്ടായിട്ടുപോലും പദ്യമാധ്യമമാണു തിരഞ്ഞെടുത്തത്. ബൈബിളിന്റെ കാര്യത്തിൽ, കാവ്യപരിഭാഷയ്ക്കുള്ള പ്രലോഭനവും പ്രേരണയും പരിഭാഷ കനുണ്ടാകത്തക്കവിധത്തിൽ പല കാവ്യഗ്രന്ഥങ്ങൾ അതിൽ ഉണ്ട്. *സങ്കീർ*

ത്തനങ്ങൾ, *ഉത്തമഗീതം* തുടങ്ങിയ ഗ്രന്ഥങ്ങൾ ഉദാഹരണങ്ങളാണ്. പ്രൊട്ട സ്റ്റന്റ് മിഷനറിമാർക്കുശേഷവും പല മിഷനറിമാരും പദ്യത്തിന്റെ വഴിയേ തന്നെ പോകുവാനാണു താൽപ്പര്യംകാണിച്ചത്. “ബൈബിൾ വിവർത്തന ത്തിൽ തന്റെ പൂർവഗാമിയായിരുന്ന ബെയിലിയെക്കുറിച്ച് ഗുണ്ടർട്ടിനുണ്ടാ യിരുന്ന മുഖ്യപരാതി ഹീബ്രുമൂലത്തോടു വിശ്വസ്തത പുലർത്താതെ ഇംഗ്ലീ ഷ് തർജമകളെ അന്ധമായി അനുകരിച്ച് കാവ്യാത്മക ഗ്രന്ഥങ്ങളുടെയും പ്രവാചകലേഖകളുടെയും സാഹിത്യഭംഗി നഷ്ടപ്പെടുത്തി എന്നായിരുന്നു.” (ഹെർമൻ ഗണ്ടർട്ട്, 1992: XXII) ഗുണ്ടർട്ട് *പഴയനിയമ*ത്തിലെ *പൊയറ്റിക്കൽ ബുക്സ്* ഒരു പ്രത്യേക വാല്യമായി, *പവിത്രലേഖകൾ* എന്ന പേരിൽ പരിഭാ ഷപ്പെടുത്തി, പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ബൈബിൾ പരിഭാഷയെ സംബന്ധിച്ച് പരിഭാഷകർക്കിടയിൽ പൊതു വായ ചില ധാരണകളുണ്ടായിരുന്നു. ജനങ്ങളുടെ നിത്യവ്യവഹാരഭാ ഷയുമായി അതിനുണ്ടായിരിക്കേണ്ട നാഭീനാളി ബന്ധമാണ് അതിൽ മുഖ്യം. “ജനങ്ങളുടെ സ്വന്തം ജീവൽഭാഷയിലായിരിക്കണം പരിഭാഷ. അനശ്വര സത്യത്തെ നിത്യജീവിതത്തിലെ ഭാഷണരൂപത്തിലേക്കു പകർന്നുകൊടു ക്കുക. ആദ്യമായി *പുതിയനിയമ*ഗ്രന്ഥങ്ങൾ എഴുതപ്പെട്ട ഗ്രീക്കു ഭാഷയിൽ ദൈവവചനം പകരപ്പെട്ടത് ആ രീതിയിലായിരുന്നു.” (യൂജിൻ എ. നിഡ, 1952: 23) സുവിശേഷത്തിന്റെ സന്ദേശം മനുഷ്യഹൃദയത്തിലെത്തണമെങ്കിൽ അതു ഹൃദയത്തോടു സംസാരിക്കുന്ന ഭാഷയിൽ അവതരിപ്പിക്കണം. എന്നു പറഞ്ഞാൽ അതിന്റെ അർഥം മനുഷ്യർക്ക് അറിഞ്ഞുകൂടാത്ത അലങ്കാര ങ്ങളും വർണപ്പകിട്ടുള്ള രൂപകങ്ങളും പ്രയോഗിക്കണമെന്നില്ല. നേരത്തെ തന്നെ ഭാഷയുടെ മുതൽകൂട്ടുകളായിത്തീർന്നിട്ടുള്ള ഉജ്ജ്വലപ്രയോഗങ്ങൾ രചനയിൽ ഉപയോഗിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഭാഷയെ ചൈതന്യ വത്താക്കുന്ന ഈ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട്, മലയാളി കളുടെ പൊതുവായ ജീവൽഭാഷയിലേക്കാണ് ബെയിലി ബൈബിൾ പരിഭാഷപ്പെടുത്തിയത്.

“ഒരുപക്ഷേ മിഷനുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന സാഹിത്യസംരം ഭം ബൈബിൾ പരിഭാഷയായിരുന്നു. പൊതുധാരണയ്ക്കു കോട്ടം തട്ടുക യോ പക്ഷപാതം കാട്ടുകയോ ചെയ്യാത്ത ഒരു പദാനുപദ തർജമ ഉണ്ടാക്കു ന്നതിൽ ബെയിലി വിജയിച്ചു. ആകെക്കൂടി നോക്കുമ്പോൾ, സാധാരണക്കാർ ക്കുപോലും മനസ്സിലാകുന്ന ശൈലിയിലായിരുന്നു പരിഭാഷ” എന്നുള്ള നിരൂ പകമതം പിൽക്കാല കേരളം ബെയിലിയുടെ തർജമയ്ക്കു നൽകിയ അംഗീ കാരത്തിനു തെളിവാണ്. (കെ. ചന്ദ്രമോഹൻ, 1979: 496–497) സന്ദേശത്തിന്റെ ഗരിമയ്ക്കു ചേർന്ന ശൈലിയിലുമായിരിക്കണം പരിഭാഷ എന്നാഗ്രഹിച്ച ബെയിലി ഭാഷാശൈലിയിൽ സ്വീകരിച്ച മധ്യമാർഗം മറ്റെല്ലായിടത്തും പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്.

ബെയിലിയുടെ ‘മധ്യമാർഗഭാഷാരീതി’ കേരളത്തിൽ പ്രചരിച്ചിരുന്ന ഉച്ചഭാഷയും (High Malayalam) നീചഭാഷയും (Colloquial Malayalam) സംയോജിപ്പിച്ചുണ്ടാക്കിയതാണ് “മലയാളത്തിൽ ‘നീചഭാഷ’, ‘ഉച്ചഭാഷ’

എന്നിങ്ങനെ രണ്ടുതരം ഭാഷകൾ നടപ്പിലായിരുന്നെന്നാണ് മിഷനറിമാരുടെ മതം. ഉച്ചഭാഷ പ്രായേണ സംസ്കൃതവും നീചഭാഷ തമിഴുചേർന്ന മലയാളവും ആയിരുന്നു. ഉച്ചഭാഷ ഗ്രന്ഥാക്ഷരത്തിൽ എഴുതപ്പെട്ടിരുന്നു. കാവ്യങ്ങളും ശാസ്ത്രങ്ങളും മിക്കവാറും ആ ഭാഷയിൽ ആയിരുന്നു. നീചഭാഷ ആദ്യം തമിഴക്ഷരങ്ങളിലും പിന്നീടു ഗ്രന്ഥാക്ഷരത്തിൽനിന്നു രൂപംകൊണ്ട മലയാള അക്ഷരങ്ങളിലും എഴുതപ്പെട്ടിരുന്നു. കണക്കുകളും എഴുത്തുകളും എഴുതിയിരുന്നത് ഈ ഭാഷയിലത്രേ." (പി.ജെ. തോമസ്, 1935: 107–108) ബെയിലി സംഭാഷണഭാഷയോടടുത്ത മധ്യമാർഗ ഗദ്യഭാഷയിൽ ബൈബിൾ പരിഭാഷപ്പെടുത്തിയത് മലയാളികൾക്കു പൊതുവേ സ്വീകാര്യമായി. എന്നാൽ സാഹിത്യഭാഷയിൽ ബൈബിൾ തർജമ നിർവഹിച്ച ഗുണ്ടർട്ടിന്റെ പരിഭാഷ സാധാരണ ബൈബിൾ വായനക്കാർക്ക് ഉൾക്കൊള്ളാനായില്ല എന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതും ശ്രദ്ധേയമാണ്. (ഹെർമൻ ഗുണ്ടർട്ട്, 1992: XXV) ബെയിലിയുടെ മധ്യമാർഗ ഗദ്യരീതി, മലയാള കവിതയിൽ പുഷ്ടിപ്രാപിച്ചിരുന്ന 'ഭാഷാസംസ്കൃതയോഗ'ത്തിനു സമാനമായൊരു ഗദ്യഭാഷാരൂപമായിരുന്നു. എഴുത്തച്ഛന്റെ പ്രൗഢമണിപ്രവാളം പിൽക്കാല മലയാളഗദ്യത്തിനു മാതൃകയായിത്തീർന്നു എന്നു പറയാം. മലയാള കാവ്യഭാഷയുടെ വികാസഘടനതന്നെയാണു ഗദ്യഭാഷയും പിന്തുടർന്നതെന്നു പറയുന്ന കൃഷ്ണചൈതന്യ അക്കാര്യം ഇങ്ങനെ വിശദമാക്കുന്നു:

"In Kerala, the evolution of prose is an especially complicated story, because the early, formative phases were those of trilingual ferment and interaction. A classical Tamil was the state language; the language of the people had branched off into independent evolution from the old Dravidian which was the parent stock of both classical Tamil and Malayalam; then the advent of Sanskrit introduced further complexities.

Very broadly, the evolution of prose follows the same pattern as the evolution of poetry. In the Song Mould we see the spoken language of the people, now grown in stature and therefore impossible to ignore, infiltrating into the classical stream of Tamil poetry and transforming it into a hybrid language, diction and style. In the same way , the spoken language infiltrates into the prose of state documents and, later, of literary works. In early *Mani Pravalam* poetry, the spoken language blends with Sanskrit. The high status of the latter gives it a dominant position in the beginning. Sanskrit words are used not only as substantives, but also in all the variations they undergo in objective, dative and other cases. Even Malayalam words are grammatically processed as if they were Sanskrit words. But the first victory of the spoken language was itself a major one. Though this was a language-blend, aurally and aesthetically it should have the feel of Malayalam, not Sanskrit; the *Lila Thilakam* is absolute in its insistence upon this.This victory is resolutely followed up, the archaic

grammatical practices are shed and Malayalam stabilises itself with an enriched texture. Very similar is the development of prose in its adjustment with Sanskrit." (1971: 158-159)

"ഭാഷാകവിതയ്ക്ക് ഏതു ആശയത്തെയും ഉദ്വഹിക്കുവാനുള്ള പ്രാഭവം ഉണ്ടാക്കിക്കൊടുക്കുകയാണ് എഴുത്തച്ഛൻ നിർവഹിച്ചിട്ടുള്ള പ്രശസ്തമായ സാഹിത്യസേവനം"എന്നുള്ള നിരൂപകമതം ഓർക്കുക. (എസ്. ഗുപ്തൻ നായർ, 1990: 104) ഭാരതീയേതിഹാസങ്ങളുടെ പരിഭാഷയിലൂടെ എഴുത്തച്ഛൻ മലയാളകവിതയിൽ നിർവഹിച്ചതിനോടു സദൃശമായ സാഹിത്യസേവനം, ബെയിലി ലോകേതിഹാസത്തിന്റെ പരിഭാഷയിലൂടെ മലയാളഗദ്യത്തിൽ നിർവഹിച്ചു. സംസാരഭാഷയോടു നാഭീനാളിബന്ധം പുലർത്തിയ ലിഖിതഗദ്യത്തിന്, ഭാഷയെ ഒരു പടികൂടി മുമ്പോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു. ഏത് ആശയത്തെയും ഉദ്വഹിക്കാൻമാത്രമല്ല, വളച്ചുകെട്ടില്ലാതെ, ഏതു ആശയത്തെയും എളുപ്പം വിനിമയം ചെയ്യാനുള്ള ദക്ഷതയും അതിനു ലഭിച്ചു. സംസാരഭാഷാബന്ധം ഗദ്യഭാഷയിലെ ഭാഷാംശം വർദ്ധിക്കുന്നതിനും സഹായിച്ചു.

ഉള്ളൂർ എസ്. പരമേശ്വരയ്യർ എഴുത്തച്ഛനെക്കുറിച്ച് ഇങ്ങനെ എഴുതി: "പുനത്തിനെപ്പോലെ സംസ്കൃതപ്രധാനവും ചെറുശ്ശേരിയെപ്പോലെ ഭാഷാപ്രധാനവുമായല്ല അദ്ദേഹം തന്റെ കാവ്യങ്ങൾ നിർമിച്ചത്. രണ്ടു ഭാഷകളിലെ പ്രസിദ്ധപദങ്ങൾക്കും ആ ഔചിത്യവേദി സമപ്രാധാന്യം നൽകി, ഭാഷാപണ്ഡിതന്മാരേയും സാമാന്യജനങ്ങളേയും ഒന്നുപോലെ അവയിലേയ്ക്ക് ആകർഷിച്ചു. പ്രചാരലുപ്തങ്ങളായ പദങ്ങൾ അദ്ദേഹം പ്രായേണ വർജ്ജിച്ചു. ആ കവിചക്രവർത്തിയുടെ പദഘടനാപാടവം *ഭാരത*ത്തിലാണ് അതിന്റെ അത്യുച്ചപദവിയിലെത്തുന്നത് എന്നു മുൻപുതന്നെ സൂചിപ്പിച്ചുവല്ലോ. മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ

'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ-
ക്രമക്കണക്കേ ശരണം; ജനങ്ങൾ
സമസ്തരും സമ്മതിയാതെ കണ്ടി-
സ്സമർത്ഥനോതില്ലൊരുവാക്കുപോലും.'

എന്നു പറഞ്ഞിട്ടുള്ളതു തികച്ചും പരമാർഥമാണ്." (വാ.II, 1979: 612) കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറയുന്നതുപോലെ 'എഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കു'തന്നെയായിരുന്നു ബെയിലിക്കും ശരണം. ആ 'ഭാഷാക്രമക്കണക്കു' സ്വീകരിച്ച്, ഗദ്യരചനയിൽ മധ്യമാർഗം സ്വീകരിച്ചതുകൊണ്ട് പണ്ഡിതന്മാരെയും സാമാന്യജനങ്ങളെയും ഒന്നുപോലെ *ബൈബിളി*ലേക്കാകർഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചുരുക്കത്തിൽ, മലയാളത്തിന്റെ എഴുത്തച്ഛനും എഴുത്താശാനുമായ തുഞ്ചത്താചാര്യൻ കാവ്യശിൽപ്പരചനയ്ക്കുള്ള പദക്കൂട്ടുണ്ടാക്കുവാനെടുത്ത അതേ 'ഭാഷാക്രമക്കണക്കു' മായി, ഗദ്യത്തിന്റെ വഴിയിലൂടെ ആചാര്യന്റെ 'കാൽനഖേന്ദുമരീചി'കളെ പിന്തുടർന്ന പ്രണതശിഷ്യനായിരുന്നു ബെഞ്ചമിൻ ബെയിലി. ബെയിലിയുടെ

പരിഭാഷ സംസ്കൃതബഹുലമാണെന്ന് അഭിപ്രായമുള്ളവർ അന്നുണ്ടായിരുന്നു. എന്നാൽ കാവ്യഭാഷയുടെ കാര്യത്തിൽ എഴുത്തച്ഛനും ഗദ്യരചനയുടെ കാര്യത്തിൽ എഴുത്തച്ഛനെ മാതൃകയാക്കി ബെഞ്ചമിൻ ബെയിലിയും എടുത്ത 'ഭാഷാക്രമക്കണക്ക്'നുസരിച്ചോ സംസ്കൃതപദങ്ങളുടെ അനുപാദത്തിൽ പിന്നെയും വർധനവരുത്തിയോ ആണു പിൽക്കാലത്തു കൈരളി വളർന്നതെന്നുള്ളതു സുവിദിതമാണ്. "മലയാളത്തിന്റെ കഥ ഓർമിച്ചാൽ ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാകും. നമ്മുടെ ശബ്ദ സമ്പത്തിൽ 80 ശതമാനത്തിലധികം സംസ്കൃതത്തിൽനിന്നും വായ്പ കിട്ടിയിട്ടുള്ളതാണ്" എന്നുള്ള ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ പ്രസ്താവന ഇക്കാര്യത്തെ അടിവരയിട്ടുറപ്പിക്കുന്നു. (ഭാഷാപോഷിണി, 1984 ഒക്ടോർ-നവംബർ: 69)

എഴുത്തച്ഛനിൽനിന്നു കടംകൊണ്ട 'ഭാഷാക്രമക്കണക്കു'വെച്ച് ബെയിലി മെനഞ്ഞെടുത്ത മധ്യമാർഗ ഗദ്യരീതി രചനാകാലത്തുതന്നെ വിജ്ഞന്മാരുടെ അഭിനന്ദനം നേടിയെടുത്തിരുന്നു. ബെയിലിയുടെ ബൈബിൾപരിഭാഷ ഒരു മൗലികകൃതിയുടെ അനുഭവമാണു നൽകുന്നതെന്ന്, അതു പരിശോധിച്ചവരൊക്കെ പറഞ്ഞതായി, ജോസഫ് ഫെൻ രേഖപ്പെടുത്തിയിട്ടുണ്ട്:

"I have shewn the revised traslation to four different castes of Brahmins, to two very clever Nairs, and to others of interior character; and all unite in loud commendation of it. They say it is easy to be understood by all, even the poorest and lowest in the country; and the language, at the same time, so pure and correct and simple, that it will please the most learned, and those of the highest caste. I told them that I supposed, that any person, at all versed in the Malayalim, would atonce perceive, that it was not an original work, but a translation: they all say, 'no! it bears every mark of an original composition, and no one could discover it to be a translation.' The only objection which I have heard against it, and which was raised by a very learned Brahmin, is, that perhaps, in some few instance, it is rather too high for the very poorest Natives; that slight alterations, here and there, might be made for the better, there can be no doubt; but every additional inquiry which I make convinces me, that it is, with that exception, just what a translation ought to be. Of course I allude to what has been revised. One person to whom I applied for his opinion, is a Nambier from the cochin country, belonging to the first family in the country: two of the Brahmins, also, are from the same country: the others are from Travancore, and south of Cotym: and yet all agree in opinion concerning the translation." (Proceedings of the C.M.S., 1819: 321)

1829-ൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ബൈബിൾ *പുതിയനിയമ*വും 1839, 1840, 1841 വർഷങ്ങളിലായി പ്രസിദ്ധപ്പെടുത്തിയ *പഴയനിയമം* ഒന്നും രണ്ടും മൂന്നും പങ്കുകളും (ഭാഗങ്ങൾ) ഗ്രന്ഥസംവിധാനത്തിൽ (lay-out) ആധുനിക ഗ്രന്ഥങ്ങളോടു തുല്യം നിൽക്കുന്നവയാണ്. എല്ലാ പുസ്തകങ്ങ

ളിലും ശീർഷകപത്രങ്ങൾ പ്രത്യേകം ഉണ്ട്. പുസ്തകത്തിന്റെ പേര്, അച്ചുകൂടത്തിന്റെ പേര്, പ്രസാധകർ, പ്രസാധനവർഷം തുടങ്ങിയ വിശദാംശങ്ങൾ ശീർഷകപത്രത്തിലുണ്ട്. ഇക്കാര്യങ്ങൾ ഒന്നുകിൽ ഒരേ ശീർഷകപത്രത്തിൽ തന്നെ മലയാളത്തിലും ഇംഗ്ലീഷിലും നൽകി; അല്ലെങ്കിൽ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ശീർഷകപത്രങ്ങൾ പ്രത്യേകം പ്രത്യേകം ചേർത്തു. ശീർഷകപത്രങ്ങൾ തയ്യാറാക്കുന്നതിന് വ്യത്യസ്ത വലിപ്പമുള്ള അച്ചുകൾ ഉപയോഗിക്കുകവഴി 'ടൈപ്പൊഗ്രഫിക് ഡിസൈനി'ലും ബെയിലി ശ്രദ്ധിച്ചു. ഓരോ പുസ്തകവും വേർതിരിച്ചുതന്നെ അച്ചടിച്ചു ചേർത്തു; ഓരോ പുസ്തകത്തിന്റെയും തുടക്കത്തിൽ 'മത്തായി എഴുതിയ എവൻഗെലിയൊൻ', 'മർക്കൊസ എഴുതിയ എവൻഗെലിയൊൻ' എന്നിങ്ങനെ പ്രത്യേകം പ്രത്യേകം ശീർഷകങ്ങൾ ചേർത്തിട്ടുണ്ട്.അധ്യായം, വാക്യം എന്നിവയുടെ സംഖ്യ മലയാളം അക്കങ്ങൾകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. ബെയിലീബൈബിളിലെ ഓരോ അധ്യായത്തിന്റെയും തുടക്കത്തിൽ ആ അധ്യായത്തിലെ മുഖ്യആശയങ്ങൾ വാക്യസംഖ്യയോടുകൂടി അച്ചടിച്ചിട്ടുണ്ട്.

ഉദാ.

മത്തായി എഴുതിയ എവൻഗെലിയൊൻ

1 അധ്യായം

1 ക്രിസ്തുവിന്റെ വംശപാരമ്പര്യം.-18 അവന്റെ ഉത്ഭവവും ജനനവും.-21 അവന്റെ നാമങ്ങൾ

പൂർണവിരാമം(.), രേഖ(-), വലയം( ), നക്ഷത്രചിഹ്നം(*) എന്നീ ചിഹ്നങ്ങൾ ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. അധ്യായത്തിന്റെ തുടക്കത്തിലുള്ള ആശയസൂചനയിൽ ഓരോ ആശയത്തിന്റെയും ഒടുവിൽ പൂർണവിരാമം ചേർത്തിട്ടുണ്ട്. ആശയങ്ങളെ തമ്മിൽ വേർതിരിച്ചുകാണിക്കാൻ രേഖ ഉപയോഗിക്കുന്നു. ബൈബിളിലെ പാഠത്തിൽ 'വാക്യ'ത്തിന്റെ അവസാനം നക്ഷത്രചിഹ്നംകൊണ്ട് (asterisk) സൂചിപ്പിക്കുന്നു; വാക്യത്തിന്റെ തുടക്കം വാക്യസംഖ്യകൊണ്ടും കുറിക്കുന്നു. എന്നാൽ പാഠത്തിൽ വാക്യത്തിന്റെ (sentence) ഒടുവിൽ പൂർണവിരാമം ഇടുന്ന രീതി ഇല്ല. അതുകൊണ്ട് വാക്യങ്ങൾ വേർതിരിച്ചറിയാൻ കഴിയുമെങ്കിലും ഒരേ 'വാക്യ'ത്തിൽ ഒന്നിലധികം വാക്യങ്ങൾ തുടർച്ചയായി അച്ചടിക്കപ്പെട്ടിരിക്കുന്നു.

ഉദാ.

അവൾ ഒരു പുത്രനെ പ്രസവിക്കും നീ അവന്ന യെശു എന്ന പെർ വിളിക്കയും ചെയ്യും എന്തുകൊണ്ടെന്നാൽ അവൻ തന്റെ ജനങ്ങളെ അവരുടെ പാപങ്ങളിൽനിന്ന രക്ഷിക്കും (മത്തായി 1:21)

വലയങ്ങൾ പാഠത്തിനുള്ളിലാണ് ഉപയോഗിച്ചിട്ടുള്ളത്. അൽപ്പവിരാമം(,) ചോദ്യചിഹ്നം(?) ഇവ ഒരിടത്തും ഉപയോഗിച്ചിട്ടില്ല.

ബൈബിളിലെ വ്യക്തി-സ്ഥലനാമങ്ങൾ സുറിയാനിയിലൂടെ മൂലരൂപത്തിൽ മുമ്പുതന്നെ കേരളത്തിൽ പ്രചരിച്ചിരുന്നരീതി ബെയിലി പിന്തുടരുകയാണുണ്ടായത്. എന്നാൽ ഗുണ്ടർട്ട് ഉൾപ്പെടെയുള്ള മിക്ക പിൽക്കാല ബൈബിൾപരിഭാഷകരും ആ രീതി സ്വീകരിച്ചില്ല. ബെയിലിതന്നെ മാത്യു,

മാർക്ക്, ജോൺ, ലൂക്ക് എന്നിങ്ങനെയുള്ള ഇംഗ്ലീഷ് നാമപദങ്ങൾ ഉപയോഗിക്കാൻ വ്യഗ്രതകാട്ടിയില്ലെന്നതും ശ്രദ്ധേയമാണ്. എഴുത്തച്ഛൻ സംസ്കൃതനാമപദങ്ങൾ മലയാളത്തിൽ ലിപ്യന്തരണം ചെയ്ത് ശ്രീരാമൻ, ലക്ഷ്മണൻ എന്നൊക്കെത്തന്നെ ഉപയോഗിച്ചെങ്കിലും രാമചരിതകാരനും മറ്റും ചീരാമൻ, ഇലക്കണൻ തുടങ്ങിയ 'ആരിയച്ചിതൈവു'രൂപങ്ങളാണ് ഉപയോഗിച്ചത്. ആരിയച്ചിതൈവുരൂപങ്ങൾ മണിപ്രവാളത്തിൽ വരികയില്ല എന്ന ബോധ്യത്തോടുകൂടിയാകണം ആചാര്യൻ സംസ്കൃതനാമപദങ്ങൾക്കു തത്സമങ്ങൾ തന്നെ സ്വകൃതികളിൽ ഉപയോഗിച്ചത്. ബെയിലിയാകട്ടെ കേരളത്തിലെ സുറിയാനിക്കാർക്കു പരിചിതമായ രീതിതന്നെ (മത്തായി, മാർക്കോസ്, ലൂക്കോസ് എന്നിങ്ങനെ) തുടരാൻ തീരുമാനിക്കുകയായിരുന്നു; മണിപ്രവാള ലക്ഷണങ്ങളെ ആദരിക്കുകയായിരുന്നിരിക്കില്ല. എങ്കിലും ഭാഷാവ്യാപാരത്തിലെ സാദൃശ്യം, യാദൃശ്ചികമെങ്കിലും, ചിന്തനീയമാണ്.

എഴുത്തച്ഛന്റെ *അധ്യാത്മരാമായണം* കിളിപ്പാട്ടിൽനിന്ന് മഹാഭാരതം കിളിപ്പാട്ടിലേക്കു വരുമ്പോൾ ഭാഷയ്ക്കുണ്ടാകുന്ന പുരോഗതിക്കു സമാനമായ ഭാഷാപരിണാമം ബെയിലിയുടെ *ചെറുപൈതങ്ങൾക്ക...കഥകളിൽ* നിന്നു ബൈബിൾപരിഭാഷയിലേക്കു വരുമ്പോൾ കാണാൻ കഴിയുന്നു. എഴുത്തച്ഛന്റേത് പദ്യവും ബെയിലിയുടേതു ഗദ്യവുമാണെന്നുള്ള ഭേദമേയുള്ളു. ഇരിക്കെട്ടിൽ, കലത്തപ്പം, വാത്സല്ലിക്കുക, കളിച്ചുകൊൾകവേണ്ടു, പലവും, കുറയ നെരം, ഉള്ളതാകകൊണ്ടും, അറിഞ്ഞിരിക്കകൊണ്ടും, ഇരിപ്പത്, പറമ്പത്ത്, തീൻ, കഴുത്ത വസ്ത്രം, അച്ചടിക്കുപ്പായങ്ങൾ, ഇടവഴിയൂടെ, പറമ്പൂടെ, കുന്നിങ്കൽ, സംസാരിച്ചീല, പൊമ്പൊൾ, ഉച്ചക്കലത്തെ, തൻകുപ്പായം, എത്തുമളവും, ചെർക്കൻ, ഉടയക്കാരൻ, താൽപ്പര്യപ്പെടുന്നീല, ഇവറ്റിന്നകത്ത, പച്ചയൊട, പൊം, പിരണ്ടിരിന്ന, വെയിലത്ത, കുതുകമാം മലകൾ, മൃഷ്ടമാം ആഹാരം, ഉത്തമനാം ഇടയൻ, കൂട്ടാക്കീല, കാണുന്നല്ലീ, ആനന്ദപെട്ടിരിക്കാവതല്ലെ, ഉണ്ടായീല, ചെവിക്കൊണ്ടീല, ആനന്ദമുണ്ടാം, മുഴുത്ത, കാണാവതല്ല, അന്തിയായി ചമയുന്നു, മറയുന്നിതല്ലൊ, തല താത്തികിടന്ന, കാണ്മാനുണ്ടായിരിന്നീല, ഒടുക്കത്ത, വരുത്തുന്നവയെന്നീ, പൊകെണ്ടു, കാണായി, ഇന്നപ്രകാരം ഉണ്ടാമെന്ന, പൊക്കൽ, ചൈവാൻ, നില്ലായ്വിൻ, തിമ്മാൻ, ചെല്ലുന്നാകിൽ, കെൾവിൻ, പൊറുമ, പറഞ്ഞീല, ഉച്ചതിരിഞ്ഞ്, എന്നുണ്ണി, കാണുന്നെൻ, ആങ്ങള, സാധുക്കളാകിയ, മടഞ്ഞ, കഴിക്കാകുന്നതായിരിന്നു, ഉരിയാടാതെ, ചെന്നെൻ, മറിപ്പ്, ഇട്ടീടിനെൻ, മുറിപ്പട്ടിണി, കുറയശ്ശ, വരുത്തമായ്തീർന്നു, നടെത്തെ, ആദിക്കലത്തെ, സംസാരിച്ചിടായ്ക, പറയാവൂ, മടച്ചീല, കവിണുപൊയി, കരഞ്ഞെൻ, അറിയുന്നിലല്ലി, കെട്ടെൻ, അതുങ്കൽ, പഴുതെ, എപ്പൊഴുതും, ആം എന്നിങ്ങനെയുള്ള പ്രാചീന പ്രയോഗങ്ങൾ, സംഭാഷണ ഭാഷയിൽനിന്ന് അതേപടി സ്വീകരിച്ച പദങ്ങൾ, ഗ്രാമ്യപ്രയോഗങ്ങൾ, പ്രാദേശിക പദങ്ങൾ തുടങ്ങിയവ *ചെറുപൈതങ്ങൾക്ക...കഥകളിൽ* വളരെ കൂടുതലാണ്. ബൈബിൾപരിഭാഷയിലാകട്ടെ അത്തരം പ്രയോഗങ്ങളും പദങ്ങളും തീരെയില്ല. എന്നാറെ, കണ്ടാറെ, ഭൂമിയിങ്കൽ, നിദ്രയിങ്കൽ എന്നിങ്ങനെ മുമ്പുതന്നെ ലിഖിതഗദ്യത്തിൽ സ്ഥാനം നേടിയ ചില ചില പ്രയോഗങ്ങൾമാത്രമേ ബൈബിളിലുള്ളു. സംഭാഷണ

ഭാഷയിൽനിന്നും നാടൻമലയാളത്തിൽനിന്നും ബൈബിളിലേക്കു സ്വീകരിച്ച പദങ്ങളാകട്ടെ വിദ്യാസമ്പന്നർക്കുകൂടി സ്വീകാര്യമാകുന്നതായിരുന്നു. *ചെറുപൈതങ്ങൾക്ക...കഥകളിൽ* എൻ, നിൻ, തൻ എന്നിങ്ങനെയുള്ള പ്രാചീന പ്രയോഗങ്ങൾ സർവസാധാരണമാണ്. ബൈബിൾ പരിഭാഷയിൽ അതെല്ലാം എന്റെ, നിന്റെ, തന്റെ എന്നാക്കി മാറ്റി. പൂണ്ടിരിന്നാൻ, കരഞ്ഞെൻ തുടങ്ങി പുരുഷഭേദമുള്ള ക്രിയാരൂപങ്ങൾ *ചെറുപൈതങ്ങൾക്ക... കഥകളി*ലുണ്ട്; എന്നാൽ ബൈബിളിൽ ഇല്ല. എഴുത്തച്ഛന്റെ ഭാഷ *ഭാരതം* കിളിപ്പാട്ടിനെ അപേക്ഷിച്ച് *അധ്യാത്മരാമായണം* കിളിപ്പാട്ടിൽ സംസ്കൃത ബഹുലമാണ്. ഇതേപോലെ ഒരു വൈസാദൃശ്യം *ചെറുപൈതങ്ങൾക്ക...കഥകളി*ലെയും *ബൈബിളി*ലെയും ഭാഷാരീതികൾക്കു തമ്മിലും കാണാനുണ്ട്. *ചെറുപൈതങ്ങൾക്ക...കഥകളിൽ* രാജ്യെ, ഭാഗെ എന്നിങ്ങനെ വിഭക്ത്യന്ത സംസ്കൃതപദങ്ങൾ (വളരെ ചുരുക്കം സന്ദർഭങ്ങളിലാണെങ്കിൽപോലും) ഉപയോഗിച്ചിട്ടുണ്ട്. 'ശൊണാധര'വും 'സ്ഫുരൽഗണ്ഡ'വും പോലെ സാധാരണക്കാർക്കു ദുർഗ്രാഹ്യമായ സംസ്കൃത പദങ്ങൾ തീരെ കുറവല്ല. എന്നാൽ *ബൈബിളിൽ* അസാധാരണമായ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നില്ലെന്നുമാത്രമല്ല ശുദ്ധം, നിർമലൻ, സദൃശൻ, ആസനം, ബലി, നിയോഗം, ഇച്ഛ, ദു:ഖം, നിന്ദിക്കുക, സൃഷ്ടി, വന്ദനം, സ്വഭാവം, സ്ഥിരം, മ്ലേച്ഛത, പാദപീഠം ഇങ്ങനെയുള്ള അതിപരിചിതമായ പദങ്ങളാണ് കൂടുതലും ഉപയോഗിച്ചിട്ടുള്ളത്. ഇംഗ്ലീഷ് ഭാഷയിൽ ശിൽപ്പഭദ്രതയോടെ മെനഞ്ഞെടുത്തിരുന്ന ആഖ്യാനം, സംഭാഷണം, വിവരണം തുടങ്ങിയ വിവിധ ഗദ്യവ്യവഹാരങ്ങൾ ആവിഷ്കരിക്കുന്നതിനു പറ്റിയ ഒരു ഗദ്യഭാഷ വികസിപ്പിച്ചെടുക്കുന്നതിനുള്ള പരീക്ഷണമാണു *ചെറുപൈതങ്ങൾക്ക..കഥകളി*ലുള്ളത്. *ചെറുപൈതങ്ങൾക്ക...കഥകളിൽ* നിർവഹിച്ച 'ഗദ്യാന്വേഷണപരീക്ഷണങ്ങ'ളിലൂടെ രൂപപ്പെടുത്തിയ ഗദ്യരചനാതത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണു ബെയിലി ബൈബിൾ പരിഭാഷ നിർവഹിച്ചിട്ടുള്ളത്.

ബെയിലീബൈബിളും ആധുനിക മലയാളഗദ്യവും

ആധുനിക മലയാളഗദ്യം വളർന്നതും വികസിച്ചതും ഇംഗ്ലീഷ് ഗദ്യത്തിൽനിന്ന് ഊർജം സ്വീകരിച്ചാണ്. ബെഞ്ചമിൻ ബെയിലി ബൈബിൾ പരിഭാഷയ്ക്ക് മൂലകൃതിയായി *കിങ് ജെയിംസ് വേർഷൻ* സ്വീകരിച്ചതുകൊണ്ട് രൂപപ്പെടലിന്റെ ആദ്യഘട്ടത്തിൽതന്നെ ഇംഗ്ലീഷ് ഗദ്യശൈലിയുടെ മേന്മകൾ സ്വാംശീകരിച്ചുതുടങ്ങാൻ ആധുനിക മലയാളഗദ്യത്തിനു സാധിച്ചു. "ബെയിലി ചിഹ്നത്തോടുകൂടിയ ഇംഗ്ലീഷ് വാക്യഘടനാരീതി മലയാളത്തിലേക്കു സ്വീകരിച്ചു" എന്ന് ആർ. മധുദേവൻനായർ അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു. (ജേണൽ ഒഫ് കേരള സ്റ്റഡീസ്, 1980 മാർച്ച്-ഡിസംബർ: 238) അതോടൊപ്പം ഇംഗ്ലീഷ് പ്രയോഗങ്ങളെ അതേപടി അനുകരിച്ചതുമൂലം മലയാളത്തിൽ ചില പ്രയോഗവിലക്ഷണതകളും രചനയിൽ ചില രസക്കേടുകളും അനുഭവപ്പെട്ടു. ഭാഷ സ്വാഭാവികമായിത്തന്നെ, കാലക്രമേണ, ഇത്തരം രസക്കേടുകൾ ഒഴിവാക്കുകയോ തനതുശൈലിയുടെ ഭാഗമാക്കിത്തീർക്കുകയോ ചെയ്തു. ബെഞ്ചമിൻ ബെയിലി ബൈബിൾ

പരിഭാഷയ്ക്ക് മൂലഗ്രന്ഥമായി *കിങ് ജെയിംസ് വേർഷൻ* സ്വീകരിച്ചതുവഴി മലയാളഗദ്യശൈലിക്കുണ്ടായ ഏറ്റവും വലിയനേട്ടം അതിന്റെ വാക്യഘടനയാണ്. സമസ്തപദ ബഹുലമായും അല്ലാതെയും, അൽപ്പവിരാമ-പൂർണവിരാമങ്ങളില്ലാതെ, പേജുകളോളം നീണ്ടുപോകുന്ന പ്രാചീന മലയാളഗദ്യത്തിന്റെ രീതി ഇതോടെ മാറി. അതിനു പകരം ഇംഗ്ലീഷ് ഗദ്യരീതിയിൽ ലഘുവാക്യങ്ങളും (simple sentences) മഹാവാക്യങ്ങളും (complex sentences) യൗഗിക വാക്യങ്ങളും (compound sentences) ഉപയോഗിച്ച് ആശയ വ്യക്തതയോടുകൂടിയ ഗദ്യരചന നടത്തി. ഇത് ആധുനിക മലയാളഗദ്യത്തിന്, ഇംഗ്ലീഷിലെന്നപോലെ, രചനാവൈവിധ്യവും ശയ്യാഗുണവും നൽകി.

ഒരു വാക്യം-ഒരു ആശയം എന്നുള്ള ബന്ധത്തോടും ചിഹ്നങ്ങളാൽ കൃത്യവും വ്യക്തവുമാക്കപ്പെടുന്ന അർഥത്തോടും നിയതഘടനയോടുംകൂടിയ വാക്യസങ്കൽപ്പമാണ് ആധുനിക ഗദ്യരചനയ്ക്ക് അടിസ്ഥാനം. ഏച്ചുകെട്ടി, ഏച്ചുകെട്ടി നീട്ടിക്കൊണ്ടുപോകുന്നതും ആധുനിക വാക്യരചനയുടെ അടിസ്ഥാന സങ്കൽപ്പങ്ങളെ നിഷേധിക്കുന്നതുമായ പ്രാചീനഗദ്യത്തിൽനിന്ന് ആധുനിക മലയാളഗദ്യത്തിലേക്കുള്ള അകലം, ഘടനാപരമായി, വളരെ വലുതാണ്. പദതലത്തിലുള്ള സാമാന്യതമാത്രമാണ് അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകം. പക്ഷേ, പ്രാചീന ഗദ്യരീതിക്കു സഹജമായ സമസ്തപദ രചന പദതലത്തിൽപോലും പ്രാചീന-ആധുനിക ഗദ്യങ്ങൾക്കുതമ്മിൽ വ്യത്യാസമുണ്ടാകുന്നതിന് നിമിത്തമായിത്തീർന്നിട്ടുണ്ട്.

മലയാളത്തിൽ നിലനിന്നുപോന്ന സമസ്തപദബഹുലത ഒഴിവാക്കുന്നതിനും കിങ് *ജെയിംസ് വേർഷന്റെ* മാതൃക സഹായകമായി. ഈ ഇംഗ്ലീഷ് ബൈബിളിലെ ഗദ്യരചനയ്ക്ക് അന്യാദൃശമായ ഒരു സവിശേഷത ഉണ്ട്.

“നവീകരണത്തോടനുബന്ധിച്ച് വേദപുസ്തകം ഇംഗ്ലീഷിലേക്കു തർജമചെയ്ത അവസരത്തിൽ കഴിവുള്ളിടത്തോളം ‘മോണോസിലബിക്ക്’ (mono-syllabic) പദങ്ങൾ ഉപയോഗിക്കണമെന്ന പ്രമാണം നിഷ്കർഷിക്കപ്പെട്ടിരുന്നു. സാധാരണക്കാരനു മനസ്സിലാക്കുവാൻ സാധിക്കുന്ന രീതിയിൽ ഭാഷയ്ക്കു ലാളിത്യം ലഭിക്കുന്നതിനു ഈ പ്രമാണം സഹായിച്ചു...മലയാളഭാഷയിൽ വാക്കുകൾ തമ്മിൽ കൂട്ടിച്ചേർക്കുവാനുള്ള പ്രവണത ഇംഗ്ലീഷ് ഭാഷയെക്കാൾ വളരെ കൂടുതലാണ്. Eg. Our father who art in heaven എന്ന് ഇംഗ്ലീഷ് ഭാഷയിൽ പ്രാർഥിക്കുന്നത്, Who art in heaven എന്ന നാലു പദങ്ങൾ ഒരുമിച്ച് ‘സ്വർഗത്തിലുള്ളവനായ’ എന്നായി മാറുന്നു.” (സുഗു ജോൺ ചാണ്ടി, ജ്ഞാനനിക്ഷേപം, 2001 മാർച്ച്: 22–23) ബെയിലി *കിങ് ജെയിംസ് വേർഷന്റെ* പദാനുപദ തർജമനിർവഹിക്കുകയാണു ചെയ്തത്. തന്മൂലം മൂലത്തിലേതുപോലെ ലളിതവാക്യഘടനയോടുകൂടിയ ഗദ്യരീതിയാണ് ബൈബിളിന്റെ മലയാള പരിഭാഷയിലും കാണുന്നത്. ഇത് ആശയപ്രകാശനത്തിനും വളരെ സൗകര്യമായിരുന്നു. സംസ്കൃതത്തിന്റെ സവിശേഷതയായ സമസ്തപദങ്ങളുടെ മാലാകലാപം മലയാളത്തിനിണങ്ങുകയില്ല; അതേ സമയം ഓരോ വാക്കും പെറുക്കി പെറുക്കി പറയുന്നതും ഭംഗിയില്ല. ശത്രുവിനെ ഒന്നു പരിഹസിക്കാൻവേണ്ടി അവനെ ‘ഗണപതിവാഹനരിപുനയന’ എന്നു

വിളിച്ചാൽ, അയാൾക്ക് ചിലപ്പോൾ ഒന്നും മനസ്സിലായില്ലെന്നുതന്നെ വന്നേക്കാം. 'അവൻ വന്നിട്ടുണ്ടോ?' എന്നുള്ളത് 'അവൻ വന്നിട്ട് ഉണ്ടോ?' എന്നാക്കിയാൽ അഭംഗിമാത്രമല്ല, അർഥഭംഗവുമുണ്ട്. അപ്പോൾ അങ്ങേയറ്റത്തിനും ഇങ്ങേയറ്റത്തിനുമിടയിലൊരു മാർഗമാണു വേണ്ടത്. സംസ്കൃതപദങ്ങൾ മാത്രം ചേർത്തു ചേർത്തു പറഞ്ഞു പോകുമ്പോൾ അതു സമസ്തപദമാകുന്നതിനുള്ള പ്രവണതകൂടും. ഇടയ്ക്കിടെ ദ്രാവിഡപദങ്ങൾകൂടി ചേർക്കുമ്പോൾ ഈ പ്രവണത കുറയുകയും ചെയ്യും. ചുരുക്കത്തിൽ ബെയിലി *കിങ് ജെയിംസ് വേർഷന്റെ* പദാനുപദതർജമ നിർവഹിച്ചതും അതിനുപാധിയായി മധ്യമാർഗ ഗദ്യശൈലി സ്വീകരിച്ചതും മലയാളഘടനയെ യുക്തമായൊരു അടിത്തറയിലുറപ്പിക്കാൻ സഹായിച്ചു.

ബെയിലിയുടെ പദരചനയും വാക്യഘടനാരീതിയും വ്യക്തമാക്കുന്നതിന് *മർക്കൊസ് എഴുതിയ സുവിശേഷം* 5-ാം അധ്യായത്തിലെ ചില വാക്യങ്ങൾ:

പിന്നെ അവൻ സമുദ്രത്തിന്റെ അക്കരയ്ക്ക ഗദറായക്കാരുടെ ദെശത്തിലെക്ക എത്തി. എന്നാറെ അവൻ പടവിൽനിന്ന ഇറങ്ങിയപ്പൊൾ ഉടനെ പ്രെതക്കല്ലറകളിൽനിന്ന മ്ലെച്ശാത്മാവൊടുകൂടിയ ഒരു മനുഷ്യൻ അവനെ എതിരെറ്റു.

പ്രെതക്കല്ലറകളുടെ ഇടയിൽ അവന്ന അവന്റെ വാസം ഉണ്ടായിരുന്നു.

അവനെ ചങ്ങലകളെകൊണ്ടുപൊലും ബന്ധിപ്പാൻ ഒരുത്തനും കഴിഞ്ഞില്ല.

അതെന്തുകൊണ്ടെന്നാൽ അവൻ പലപ്പോഴും വിലങ്ങുകളാലും ചങ്ങലകളാലും ബന്ധിക്കപ്പെട്ടിരുന്നു.

എന്നാറെ അവനാൽ ചങ്ങലകൾ തകർക്കപ്പെടുകയും വിലങ്ങുകൾ ഒടിച്ചു നുറുക്കപ്പെടുകയും ചെയ്തു.

ഒരുത്തനും അവനെ അടക്കുവാൻ കഴിഞ്ഞില്ല. വിശെഷിച്ച അവൻ എല്ലായ്പൊഴും രാവും പകലും നിലവിളിക്കയും തന്നെത്തന്നെ കല്ലുകളെക്കൊണ്ട മുറിക്കയും ചെയ്തുകൊണ്ട പർവതങ്ങളിലും പ്രെതക്കല്ലറകളിലും ഇരുന്നു.

എന്നാൽ അവൻ യെശുവിനെ ദൂരത്തിങ്കൽനിന്ന കണ്ടപ്പൊൾ അവൻ ഓടിച്ചെന്ന അവനെ വന്ദിച്ചു.

ഇതേഭാഗം *കിങ് ജെയിംസ് വേർഷനിൽ* എങ്ങനെയെന്ന് നോക്കുക:

"And they came over unto the other side of the sea, into the country of the Gadarenes, And when he was come out of the ship, immediately there met him out of the tombs a man with an unclean spirit, who had his dwelling among the tombs; and no man could bind him, no, not with chains: because that he had been often bound with fetters and chains, and the chains had been plucked asunder by him, and the fetters broken in pieces: neither could any man tame him.

And always, night and day, he was in the mountains, and in the tombs, crying, and cutting himself with stones.

But when he saw Jesus afar off, he ran and worshipped him..."

ഉദ്ധൃത ബൈബിൾഭാഗങ്ങൾ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ചില കാര്യങ്ങൾ അതിൽനിന്നു തെളിഞ്ഞു കിട്ടുന്നുണ്ട്:

(1) *കിങ് ജെയിംസ് വേർഷ*ന്റെ വളരെ കൃത്യമായ പദാനുപദ തർജമ യാണു ബെയിലീബൈബിൾ. ഒരു വാക്കുപോലും പരിഭാഷപ്പെടുത്താതെ വിട്ടുകളയുന്നില്ല. 'എന്നാറെ അവൻ പടവിൽനിന്ന ഇറങ്ങിയപ്പോൾ പ്രെത ക്കല്ലറകളിൽനിന്ന മെച്ശാത്മാവൊടുകൂടിയ ഒരു മനുഷ്യൻ അവനെ എതി രേറ്റു' എന്നു പരിഭാഷപ്പെടുത്തിയാൽ അർഥത്തിനോ ആശയത്തിനോ യാ തൊരു കുറവും സംഭവിക്കുന്നില്ല-പക്ഷേ, immediately എന്ന പദംകൂടി പരി ഭാഷപ്പെടുത്തി ചേർത്തിരിക്കുന്നു.

(2) മൂലഗ്രന്ഥത്തിലെ വാക്യഘടന കഴിയുന്നത്ര അതേപോലെതന്നെ പരിഭാഷയിൽ നിലനിർത്തുന്നു. (ശൈലീഭംഗം വരുകയോ ആശയഗ്രഹണ ത്തിനു തടസ്സമാകുകയോ ചെയ്യുന്നിടത്ത് അതു ഒഴിവാക്കിയിട്ടുണ്ട്.) മൂലഗ്ര ന്ഥത്തിൽ കർത്തരിപ്രയോഗത്തിലുള്ള വാക്യങ്ങൾ പരിഭാഷയിലും കർത്ത രിയിലാണ്; കർമണിയിലുള്ള വാക്യങ്ങൾ കഴിയുന്നത്ര കർമണിയായിത്ത ന്നെ പരിഭാഷപ്പെടുത്തിയിരിക്കുന്നു.

(3) ബൈബിൾപരിഭാഷകനെ സംബന്ധിച്ചിടത്തോളം പരിഭാഷ ക്ലേശക രമായ ഒരു ഞാണിന്മേൽക്കളി ആണ്. "ക്രൈസ്തവർ പൊതുവേ ബൈബി ളിന്റെ സ്വതന്ത്രതർജ്ജമ ഇഷ്ടപ്പെടുന്നവരല്ല. ബൈബിൾ തർജമ ചെയ്യു ന്നതുതന്നെ കൊടുംപാതകമായി ഒരു കാലത്തു കരുതിയിരുന്നു. ബൈബിൾ തർജമ ചെയ്തതിന്റെ പേരിൽ ചുട്ടെരിക്കപ്പെട്ടവരുണ്ട്. തർജമ അനുവദനീ യമായി തീർന്നപ്പോഴും തർജമക്കാരന്റെമേൽ അനേകം നിയന്ത്രണങ്ങൾ ഏർ പ്പെടുത്തിയിരുന്നു. പദാനുപദമായ തർജമമാത്രമേ പാടുള്ളു എന്നായിരുന്നു ആദ്യകാലത്തെ നിലപാട്. വാക്യക്രമവും മൂലഗ്രന്ഥത്തിലെപ്പോലെ പാലിക്കണം എന്നുണ്ടായിരുന്നു" എന്നിങ്ങനെ പി.ജെ. തോമസിന്റെ *മല യാളസാഹിത്യവും ക്രിസ്ത്യാനികളും* എന്ന പുസ്തകത്തിലെ ചർച്ചയും പൂരണവും ഭാഗത്ത് ഡോ. സ്കറിയ സക്കറിയ ചൂണ്ടിക്കാട്ടിയിട്ടുള്ളത് ഒരു യാഥാർഥ്യമാണ്. (1989: 450) എന്നിട്ടുപോലും പരിഭാഷ മലയാളശൈലിക്ക് ഇണങ്ങുന്നതാക്കുന്നതിനും കൂടുതൽ രമ്യമായി ആശയം പ്രകാശിപ്പി ക്കുന്നതിനുംവേണ്ടി ഔചിത്യപൂർവം സ്വാതന്ത്ര്യം കാട്ടാൻ ബെയിലി തയ്യാ റായിട്ടുണ്ട്.

ബെയിലി ഉപയോഗിച്ച പദാവലിയും വാക്യഘടനയും ആധുനിക മലയാളഗദ്യത്തിന്റേതുതന്നെയാണ്. അഥവാ ബെയിലി പരിഭാഷയ്ക്ക് ഉപയോഗിച്ച മധ്യമാർഗഗദ്യശൈലിയാണ് ആധുനിക മലയാളഗദ്യമായി വികസിച്ചത്. അച്ചടി എന്ന സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ്

ഏതു ഭാഷയും നിലവാരപ്പെടുന്നത് (Fixing a standard). മലയാളം അച്ച ടിയുടെ പ്രതിഷ്ഠാപകനായ ബെയിലി പരിഭാഷപ്പെടുത്തിയ കൃതികൾ ക്ക്-വിശിഷ്യ ബൃഹദ്ഗ്രന്ഥമായ ബൈബിളിന്-അച്ചടിക്കപ്പെടുന്നതിനും ജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നതിനുമുള്ള സൗകര്യം ലഭിച്ചു. ബെയിലി ബൈബിൾപരിഭാഷയ്ക്കു സ്വീകരിച്ച മധ്യമാർഗഗദ്യരീതി ഉചിതവും പൊതുവേ ജനങ്ങൾക്കു സ്വീകാര്യവുമായിരുന്നു. ഒരു സമൂഹ ത്തിന്റെ വിവിധ ദേശ്യഭേദങ്ങളിൽ അഥവാ ഭാഷാരൂപങ്ങളിൽ ഏതാണോ അച്ചടിയിൽ സ്വീകരിക്കപ്പെടുന്നത് അതായിരിക്കും പ്രചരിക്കുന്നതും ഉറയ്ക്കു ന്നതും സർവരാലും സ്വീകരിക്കപ്പെടുന്നതും; അച്ചടിക്കുവേണ്ടി സ്വീകരി ക്കപ്പെട്ടഭാഷ കാലക്രമേണ ആ സമൂഹത്തിന്റെ നിലവാരപ്പെട്ട (standar-dised) ഭാഷയായിത്തീരും. അങ്ങനെയാണ്, അനവധി മധ്യ-ഇംഗ്ലീഷ് ഭാഷാ ഭേദങ്ങളിലൊന്നായിരുന്ന ലണ്ടൻദേശ്യഭാഷയെ ഒരിക്കലും അവഗണിക്കാ നാകാത്തൊരു നിലവാരത്തിൽ വില്യം കാക്സ്റ്റൺ ഉറപ്പിച്ചത്. ബ്രിട്ടണിലെ ഇംഗ്ലീഷ് അച്ചടിയുടെ പ്രതിഷ്ഠാപകനായ കാക്സ്റ്റണും അദ്ദേഹം തുടക്കമിട്ട 'കല'യിൽ അദ്ദേഹത്തിന്റെ സഹോദരന്മാരായവരുംചേർന്നു നിലവാരപ്പെടു ത്തി, ഉറപ്പിച്ച 'ക്വീൻസ് ഇംഗ്ലീഷ്' (The Queen's English) ലോകത്തെമ്പാടു മുള്ള ദശലക്ഷക്കണക്കിനാളുകളുടെ ആശയപ്രകാശനത്തിന്റെയും ചിന്തയു ടെയും പൊതുമാധ്യമമായിത്തീർന്നു. (എസ്.എച്ച്. സ്റ്റീൻബർഗ്, 1959: 80-90) ജർമനിയിലെയും ഇറ്റലിയിലെയും ഭാഷകളുടെ വികാസത്തിലും അച്ചടിച്ച വാക്കിന്റെ സമാനമായ സ്വാധീനമാണു കാണാൻ കഴിയുന്നത്. മധ്യ യുഗത്തിൽ ഉന്നത ജർമനും (High German) നീചജർമനും (Low German) രണ്ടു സ്വതന്ത്ര സാഹിത്യഭാഷകൾതന്നെ ആയിരുന്നു. മാർട്ടിൻലൂഥർ തന്റെ ബൈബിൾ പരിഭാഷയ്ക്ക് ഈ രണ്ടു ദേശ്യഭേദങ്ങളും ഉപയോഗിച്ചില്ല. എല്ലാ ജർമൻകാർക്കും ബൈബിൾ പരിഭാഷ സ്വീകാര്യമാകണമെന്നുള്ളതിനാൽ ഉന്നത-മധ്യ-നീച ജർമനുകളുടെ വിദഗ്ധമായൊരു മിശ്രണത്തിലൂടെ രൂപ പ്പെടുത്തിയതും പിൽക്കാലത്തു'ലൂഥറൻ ജർമൻ' എന്ന് അറിയപ്പെട്ടതുമായ ഒരു ഭാഷാമിശ്രമാണ് ലൂഥർ ഉപയോഗിച്ചത്. *ലൂഥർബൈബിളി*ന്റെ പ്രസാധകർ അത് അച്ചടിച്ച് പ്രചരിപ്പിച്ചതോടെ 'ലൂഥറൻ ജർമന്റെ' നില ഭദ്രമായി, ഉറച്ചു. ഉന്നത-നീച ജർമ്മൻ ഭാഷകളുൾപ്പെടെ മറ്റെല്ലാ ഭാഷാഭേദ ങ്ങളെയും വെറും ദേശ്യഭാഷകളുടെ നിലയിലേക്കു വളരെ പെട്ടെന്നു പിന്തള്ളിക്കൊണ്ടു, 'ലൂഥറൻ ജർമൻ'ഭാഷ യാതൊരു വിവാദങ്ങളുമില്ലാതെ നിലവാരപ്പെട്ട ജർമൻ ഭാഷയായി (Standardised German) അവരോധിക്ക പ്പെട്ടു. (എസ്.എച്ച്. സ്റ്റീൻബർഗ്, 1959: 90) മലയാളത്തിൽ ബെയിലിയുടെ മധ്യമാർഗഗദ്യരീതിക്കും ആ രീതിയിൽ രചിക്കപ്പെട്ട ബൈബിൾ ഉൾപ്പെടെ യുള്ള ഗ്രന്ഥങ്ങൾക്കുമാണ് അച്ചടി എന്ന സാങ്കേതിക വിദ്യയിലൂടെ മുന്നേ റാനും നിലവാരപ്പെടലിലൂടെ കേരളത്തിന്റെ ഗദ്യഭാഷയായി വികസിക്കു വാനും അവസരം ലഭിച്ചത്. അച്ചടിയിലൂടെ പ്രചരിച്ച മധ്യമാർഗഗദ്യരീതിയിൽ കാലികമായ മാറ്റങ്ങൾമാത്രമാണു പിന്നീടുണ്ടായിട്ടുള്ളത്. അച്ചടി കൂടുതൽ വ്യാപകമായപ്പോൾ ഏ, ഓ എന്നീ സ്വരങ്ങളുടെ ഉപലിപികൾ പ്രചാരത്തിലാ യതും സംവൃതോകാരം ഉപയോഗിച്ചതും വിവിധഭാഷാഭേദങ്ങളിൽനിന്ന്

ധാരാളം പദങ്ങൾ അച്ചടിയിലേക്കു സ്വീകരിക്കപ്പെട്ടതും വിവിധതരം ഗദ്യവ്യവഹാരങ്ങൾക്കു സമർഥമായ തരത്തിൽ ഭാഷ വികാസം നേടിയതു മൊക്കെ, അച്ചടിയിലൂടെ നിലവാരപ്പെടുകയും ബഹുജനങ്ങളുടെ ആശയ വിനിമയോപാധിയായിത്തീരുകയും ചെയ്ത ആധുനിക മലയാളഗദ്യത്തിനു പിൽക്കാലത്തുണ്ടായ മാറ്റങ്ങൾ അഥവാ വളർച്ചയാണ്. തുടക്കത്തിൽ കാണുന്ന കർമണിപ്രയോഗ ബാഹുല്യവും പിന്നീടു ദർശിച്ച സംസ്കൃത പദബഹുലതയും ഇപ്പോൾ അനുഭവപ്പെടുന്ന ഇംഗ്ലീഷ്ഭാഷാ സ്വാധീനവും ഭാഷാപരമായ ചില തൽക്കാലീന സവിശേഷതകളോ സ്വാധീനങ്ങളോ ആണ്. ഇത്തരം ഭാഷാസവിശേഷതകളിൽനിന്ന് മലയാളത്തിനു പൂർണവിമുക്തി സാധ്യവുമല്ല.

ബെഞ്ചമിൻ ബെയിലിയുടെ ബൈബിൾപരിഭാഷ കേരളത്തിൽ വ്യാപകമായി പ്രചരിക്കുന്നതിനും ബൈബിൾ പരിഭാഷയ്ക്കുവേണ്ടി ബെയിലി സ്വീകരിച്ച മധ്യമാർഗഗദ്യശൈലി സാർവത്രിക അംഗീകാരം നേടുന്നതിനും സഹായിച്ച മൂന്നു സംഗതികളുണ്ട്. അവയിൽ ആദ്യത്തേത്, മദ്രാസ് ഓക്സിലിയറി ബൈബിൾ സൊസൈറ്റി 'ഒരു ഭാഷയ്ക്ക് ഒരു ബൈബിൾ' എന്ന നയപ്രകാരം *ബെയിലീബൈബിൾ* അച്ചടിക്കുന്നതിനു തീരുമാനിച്ചതാണ്. കേരളത്തിൽ നിലനിന്നുപോരുന്ന തെക്കൻ-വടക്കൻ ഭാഷാഭേദങ്ങളെക്കുറിച്ച് മിഷനറിമാർ വേണ്ടതുപോലെ മനസ്സിലാക്കിയിരുന്നു. മലയാളമാണെങ്കിലും തെക്കർക്കു കേട്ടാൽ മനസ്സിലാകാത്ത വടക്കൻ മലയാളവും വടക്കർക്കു കേട്ടാൽ മനസ്സിലാകാത്ത തെക്കൻ മലയാളവും ഉച്ചാരണം, പദാവലി എന്നിക്കാര്യങ്ങളിൽ ഏകദേശം രണ്ടു ഭാഷകൾപോലെതന്നെയായിരുന്നു. ഇതിനു നടുവിൽ മധ്യകേരളത്തിലെ ഭാഷാരീതിയും (തെക്കിനും വടക്കിനുമിടയ്ക്കുള്ള ഈ ഭാഷാനിലയും ബെയിലിയുടെ മധ്യമാർഗഗദ്യരീതിക്കു താങ്ങായിരുന്നിരിക്കണം). ഇങ്ങനെ ശക്തമായ രണ്ടു ദേശ്യഭേദങ്ങൾ നിലനിൽക്കുന്നതിനാൽ വടക്കൻ മലയാളത്തിൽ പ്രത്യേകം ബൈബിൾ പരിഭാഷ വേണമെന്നുള്ള അഭിപ്രായം എഫ്. സ്പ്രിങ്ങിനെപോലുള്ള മിഷനറിമാർക്കുണ്ടായിരുന്നു. (*മിഷനറി രജിസ്റ്റർ*, 1820 ജനുവരി: 48) തുടക്കത്തിൽ ബൈബിൾ സൊസൈറ്റി ഈ നിലപാട് അംഗീകരിക്കുകയും അതുപ്രകാരം കോട്ടയത്ത് ബെയിലിയും തലശ്ശേരിയിൽ സ്പ്രിങ്ങും ബൈബിൾ പരിഭാഷ, ആരംഭിക്കുകയും ചെയ്തു. (*മിഷനറി രജിസ്റ്റർ*, 1824 ജനുവരി: 61) രണ്ടു പരിഭാഷകളും ബൈബിൾ സൊസൈറ്റിയുടെ മദ്രാസ് ഓക്സിലിയറി കമ്മിറ്റിക്ക് സമർപ്പിച്ചു. (*മിഷനറി രജിസ്റ്റർ*, 1823 ജനുവരി: 54) എന്നാൽ ബെയിലിയുടെ ബൈബിൾ പരിഭാഷ അച്ചടിക്കുന്നതിനാണ് ബൈബിൾ സൊസൈറ്റി തീരുമാനമെടുത്തത്. (*മിഷനറി രജിസ്റ്റർ*, 1824 സെപ്റ്റംബർ: 405) കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾക്ക് എത്രയും വേഗം ബൈബിൾ ലഭ്യമാക്കണമെന്നുള്ളതായിരുന്നു ഈ തീരുമാനത്തിനു പിന്നിലെ പ്രേരണ. അങ്ങനെ ബൈബിൾ സൊസൈറ്റിയുടെ ഔദ്യോഗിക ബൈബിളായി *ബെയിലീബൈബിൾ* അംഗീകരിക്കപ്പെട്ടു. ഇത് ഒരു വിധത്തിൽ മലയാളഭാഷയുടെ ഭാഗ്യംകൂടിയായിത്തീർന്നു. നേരെമറിച്ച്, സ്പ്രി

ങ്ങിന്റെ ബൈബിൾകൂടി അച്ചടിക്കപ്പെട്ടിരുന്നുവെങ്കിൽ 'മലയാള ഭാഷയുടെ നിലവാരപ്പെടൽ തെക്കൻ-വടക്കൻ ഭാഷകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം ആകുമായിരുന്നു. അത് 'ഒരു നാടും രണ്ടു ഭാഷയും' എന്ന അവസ്ഥ ഉണ്ടാകുന്നതിനുള്ള സാധ്യത ഇവിടെ സൃഷ്ടിക്കുമായിരുന്നേനെ; കുറഞ്ഞപക്ഷം മലയാളഭാഷയുടെ മാനകീകരണത്തെ വളരെ വൈകിക്കുകയെങ്കിലും ചെയ്യുമായിരുന്നു. ഏതായാലും അത് ഉണ്ടായില്ലെന്നുമാത്രമല്ല, ഗദ്യരചനയിൽ തെക്കൻരീതി പ്രബലമായിക്കഴിഞ്ഞപ്പോൾ, വടക്കൻ കേരളത്തിലും അത് അനുകരിക്കപ്പെടുകയുമുണ്ടായി. (ഭാഷാപോഷിണി, 1093 ചിങ്ങം: 8-9)

രണ്ടാമത്തെ കാര്യം: കേരളത്തിൽ, കോട്ടയത്ത്, 1823-ൽ മലയാളം അച്ചടി ആരംഭിച്ചതിനുശേഷവും ദീർഘകാലത്തേക്ക് മലയാളം അച്ചടിയുടെ ഒരേയൊരു കേന്ദ്രം കോട്ടയംതന്നെയായിരുന്നു എന്നുള്ളതാണ്. തിരുവനന്തപുരത്തു സർക്കാർ പ്രസ്സ് സ്ഥാപിച്ചത് 1836-ൽ ആയിരുന്നു. ബാസൽ മിഷനോടനുബന്ധിച്ച് "1840-മുതൽ മലയാളം അച്ചടിക്കുന്ന ഒരു കല്ലച്ച് മംഗലാപുരത്തു പ്രവർത്തിച്ചിരുന്നതായി മനസ്സിലാക്കാം." (പി.ജെ. തോമസ്, 1989: 357) എന്നാൽ ആധുനിക അച്ചടി സമ്പ്രദായത്തിലേക്കെത്താൻ അവർ പിന്നെയും വൈകി. 1845-ലാണ് കൊച്ചിയിൽ സർക്കാർ പ്രസ്സ് ഉണ്ടാകുന്നത്. 1853-ലാണ് തിരുവനന്തപുരം കേരളവിലാസം അച്ചുകൂടം സ്ഥാപിക്കപ്പെട്ടത്.

മൂന്നാമത്തെ കാര്യം: കോട്ടയം സി.എം.എസ്. പ്രസ്സ് പുസ്തകപ്രസാധനത്തിലും ആനുകാലികങ്ങളുടെ പ്രസിദ്ധീകരണത്തിലും എന്നും വളരെ മുമ്പിലായിരുന്നു എന്നുള്ളതാണ്. 1824-ൽ *മത്തായിയുടെ സുവിശേഷം* എന്ന ചെറു പുസ്തകവും *ചെറുപൈതങ്ങൾക്ക... കഥകൾ* എന്ന ചെറുതല്ലാത്ത പുസ്തകവും മദ്രാസ് ടൈപ്പ് ഉപയോഗിച്ച് അച്ചടിച്ചുകൊണ്ട് പുസ്തക പ്രസാധനത്തിലേക്കു പ്രവേശിച്ച ബെയിലിയും സി.എം.എസ്. പ്രസ്സും പിന്നെ വിശ്രമം എന്തെന്നറിഞ്ഞിട്ടില്ല. 1829-ൽ ബൈബിൾ *പുതിയനിയമം* പ്രസിദ്ധപ്പെടുത്തിയതോടെ മലയാളതർജമയുടെയും പുസ്തക പ്രസാധനത്തിന്റെയും ചരിത്രത്തിൽ ബെയിലി അജയ്യനായിത്തീർന്നു. 1830-ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽ നാല് യന്ത്രങ്ങളിലാണ് ഒരേസമയം അച്ചടി നടന്നിരുന്നത് എന്നുള്ളതിൽനിന്ന് ആ സ്ഥാപനത്തിൽ നടന്നിരുന്ന അച്ചടി ജോലികളുടെ ബാഹുല്യം മനസ്സിലാക്കാമല്ലോ? ഭാഷയുടെ അടിസ്ഥാന ഗ്രന്ഥങ്ങളായ വ്യാകരണവും നിഘണ്ടുവുമുൾപ്പെടെ നൂറുകണക്കിനു പുസ്തകങ്ങൾ സി.എം.എസ്. പ്രസ്സിൽ അച്ചടിക്കപ്പെട്ടുവെന്നുള്ളതു നിസ്തർക്കമാണ്. ഇതിനുപുറമേയാണ് എണ്ണമില്ലാത്തത്ര ട്രാക്ടുകളും ലഘുലേഖകളും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ഇവയൊക്കെ എല്ലാ വിഭാഗം വായനക്കാരിലേക്കുമെത്തുകയും അവരുടെ ഭാഷാബോധത്തെയും രചനാശൈലിയെയും സ്വാധീനിക്കുകയും ചെയ്തു. ആനുകാലികപ്രസിദ്ധീകരണങ്ങളുടെ കാര്യത്തിലും സി.എം.എസ്. പ്രസ്സ് പുറകിലായിരുന്നില്ല. ബെഞ്ചമിൻ ബെയിലിയുടെ കാലത്തുതന്നെയാണ് *ജ്ഞാനനിക്ഷേപം,* ജോൺ ഹോക്സ്വർത്തിന്റെ പത്രാധിപത്യത്തിൽ, സി.എം.എസ്. പ്രസ്സിൽനിന്ന് അച്ചടിച്ചു

പ്രസിദ്ധപെടുത്തിത്തുടങ്ങിയത്. പിന്നീട് *സന്ദിഷ്ടവാദി, വിദ്യാസംഗ്രഹം, മലയാളമിത്രം* തുടങ്ങി പ്രഖ്യാതങ്ങളായ അനവധി ആനുകാലികങ്ങൾ അവിടെ അച്ചടിക്കപ്പെട്ടുപോന്നു.

ശൈലീശുദ്ധമാകുന്ന മലയാള ഗദ്യം

ബെഞ്ചമിൻ ബെയിലിയുടെ ഭാഷാരീതി *പഴയനിയമ*പുസ്തകങ്ങളിൽ, *പുതിയനിയമ*പുസ്തകങ്ങളെ അപേക്ഷിച്ചു കുറെക്കൂടിമെച്ചമാകുന്നുണ്ട്. യൊശുവായുടെ പുസ്തകത്തിൽനിന്ന് ഒരു ഭാഗം:

“എന്റെ ശുശ്രൂഷക്കാരനായ മൊശെ മരിച്ചുപൊയി, അതുകൊണ്ട് ഇപ്പൊൾ എഴുനീറ്റ, നീയും ഈ ജനം ഒക്കെയും ഈ യർദെന്ന അക്കരെ, ഞാൻ യിസ്രാഎൽ പുത്രൻമാരായവർക്ക കൊടുക്കുന്ന ദെശത്തെക്ക കടപ്പിൻ.

നിങ്ങളുടെ കാലടി ചവിട്ടുന്ന സ്ഥലത്തെ എല്ലാം, ഞാൻ മൊശയൊട പറഞ്ഞ പ്രകാരം, ഞാൻ നിങ്ങൾക്ക തന്നിരിക്കുന്നു. വനവും ഈ ലെബാനൊനും തുടങ്ങി, വലിയ നദിയായ ഫറാത്ത എന്ന നദിവരെയും ഹിത്തായക്കാരുടെ ദെശം ഒക്കെയും, സൂര്യാസ്തമനത്തിന നെരെ വലിയ സമുദ്രംവരെയും, നിങ്ങളുടെ അതൃത്തി ആയിരിക്കെണം. നീ ജീവനൊടിരിക്കുന്ന നാൾ ഒക്കെയും ഒരു മനുഷ്യനും നിന്റെ മുമ്പാകെ നിൽക്കയില്ല: ഞാൻ മൊശയൊടകൂടെ ഉണ്ടായിരുന്ന പ്രകാരംതന്നെ നിന്നൊടകൂടെ ഉണ്ടാകും: ഞാൻ നിന്നെ കൈവിടുകയില്ല, നിന്നെ ഉപെക്ഷിക്കയും ഇല്ല.” (1: 2-5)

ഭാഷമാത്രമല്ല, ചിഹ്നനംപോലും ഏറെ മെച്ചമായിരിക്കുന്നു. *പുതിയനിയമ*പുസ്തകങ്ങളിൽ വാക്യാവസാനം നക്ഷത്രചിഹ്നം നൽകുന്നതേയുള്ളു. എന്നാൽ ഇവിടെ വാക്യമവസാനിക്കുന്നിടത്തു പൂർണവിരാമംതന്നെ ഇട്ടിരിക്കുന്നു. *പുതിയനിയമ*ത്തിൽ പാഠത്തിനുള്ളിൽ അൽപ്പവിരാമം, പൂർണവിരാമം തുടങ്ങി ചിഹ്നങ്ങൾ ഉപയോഗിച്ചിട്ടില്ല. *പഴയനിയമ*ത്തിൽ അൽപ്പവിരാമം, പൂർണവിരാമം, ഭിത്തിക തുടങ്ങിയ എല്ലാചിഹ്നങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ഉദ്ധൃതഭാഗത്ത് എന്നതുപോലെ ബെയിലീബൈബിളിൽ മിക്കഭാഗത്തും കാണാൻ കഴിയുന്നത്, ഡോ.സ്കറിയ സക്കറിയ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, ആധുനിക മലയാള ഗദ്യത്തോടു തോളുരുമ്മി നിൽക്കുന്ന ഭാഷയാണ്. “ചുരുക്കം ചില വാക്കുകളിലോ വാക്യഘടനകളിലോ അനുഭവപ്പെടുന്ന പഴക്കച്ചുവ അവഗണിച്ചാൽ ഒന്നാംതരം ആധുനിക മലയാള ഗദ്യമാണു അവരുടെ (ബെയിലി, ഗുണ്ടർട്ട്) തർജമകളിൽ കാണുന്നത്. അവർ തർജമ നടത്തിയ കാലത്തും തൊട്ടടുത്തുള്ള ദശകങ്ങളിലും മലയാളത്തിലുണ്ടായ മറ്റു ഗദ്യകൃതികൾ നിഷ്പക്ഷ ബുദ്ധിയോടെ പരിശോധിച്ചാൽ ബൈബിൾ തർജമകൾ ഗദ്യശൈലിയുടെ ആധുനികീകരണത്തിൽ വഹിച്ച പങ്കു ബോധ്യമാകുന്നതാണ്.” (പി.ജെ. തോമസ്, 1989: 450) *ബെയിലീബൈബിളി*ലെ പദാവലിയിലും വാക്യഘടനയിലും അവിടിവിടെ അനുഭവപ്പെടുന്ന ‘പഴക്കച്ചുവ’ ഒരു ന്യൂനതയല്ല; തൽക്കാലീന ഭാഷാസവിശേഷതയാണ്. നൂറുവർഷത്തിനുശേഷം ഒരു മലയാളി ഇന്നത്തെ ഒരു പുസ്തകം വായി

ക്കുമ്പോൾ അയാൾക്ക് അതിലെ ഭാഷ അറുപഴഞ്ചനായി അനുഭവപ്പെട്ടേക്കും; അപ്പോൾപിന്നെ ഇന്നത്തെ മലയാളിക്ക് നൂറ്റിയെഴുപത്തഞ്ചു വർഷംമുമ്പത്തെ ഭാഷ പഴഞ്ചനായി തോന്നുന്നതിൽ വിശേഷിച്ചൊന്നും ഇല്ല.

*രാമായണ*ത്തിന്റെയും *മഹാഭാരത*ത്തിന്റെയും പരിഭാഷയിലൂടെ കേരളത്തിന്റെ ആധ്യാത്മികമണ്ഡലത്തിൽ സഹസ്രസൂര്യപ്രഭ വിതറുകമാത്രമല്ല എഴുത്തച്ഛൻ ചെയ്തത്. ഭക്തിജ്ഞാനസാഹിത്യങ്ങളുടെ വാണിത്രിവേണിസംഗമം ഒരുക്കി, മലയാളിയെ അതിൽ നിമജ്ജനം ചെയ്യിച്ച്, അവന്റെ സാംസ്കാരിക ബോധത്തിൽ പുതിയൊരു അഭിരുചി സൃഷ്ടിച്ചുകൊണ്ട്, മലയാളത്തിന്റെ എഴുത്തച്ഛനും മലയാളികളുടെ എക്കാലത്തെയും എഴുത്താശാനുമാകുകയായിരുന്നു ആ കവികുലപതി. ഇത് മലയാള പദ്യസാഹിത്യത്തിൽ സംഭവിച്ച കാര്യം. ഇതിനു സമാനമായ ഒരു സംഗതി മലയാള ഗദ്യസാഹിത്യത്തിലും സംഭവിച്ചു. ബൈബിളിന്റെ പ്രസാധനത്തിലൂടെ ബെഞ്ചമിൻ ബെയിലി ആധ്യാത്മികമണ്ഡലത്തിൽ പുതിയൊരു സഹസ്രസൂര്യപ്രഭ സൃഷ്ടിച്ചു. അതോടൊപ്പം ലോകസാഹിത്യത്തിലേക്ക്, ഏകദേശം പതിമ്മൂന്നു നൂറ്റാണ്ടുകൊണ്ട് പശ്ചിമേഷ്യയിൽ വളർന്നു വികസിച്ച അക്ഷരകലയുടെ ലോകത്തേക്ക്, മലയാളിയെ കൈപിടിച്ചുയർത്തി. മലയാള കവിത വളർന്നതും പുഷ്ടിപ്രാപിച്ചതും മതത്തിന്റെയും ആധ്യാത്മികതയുടെയും വിരൽതുമ്പിൽ തൂങ്ങിനടന്നുകൊണ്ടായിരുന്നു. ചീരാമന്റെ *രാമചരിത*വും നിരണം കവികളുടെ *രാമായണം, മഹാഭാരതം, ഭഗവത്ഗീത* എന്നിവയും ചെറുശ്ശേരിയുടെ *കൃഷ്ണഗാഥ*യും എഴുത്തച്ഛന്റെ *അധ്യാത്മരാമായണം, ഭാരതം, ഭാഗവതം* എന്നീ കൃതികളും ഉദാഹരണങ്ങൾ. മലയാളഗദ്യത്തിന്റെ കഥയും അങ്ങനെതന്നെ. ബെയിലിക്കുമുമ്പുള്ള പ്രാചീന ഗദ്യകൃതികളും ബെയിലിയിൽ തുടങ്ങുന്ന ആധുനിക ഗദ്യവും ഉള്ളടക്കത്തിൽ മതസാഹിത്യമാണ്. കേരളത്തിൽമാത്രമല്ല ലോകത്തെല്ലായിടത്തും വളർച്ചയുടെ ആദ്യഘട്ടത്തിൽ ഭാഷാസാഹിതിക്കു താങ്ങായിരുന്നതു മതങ്ങളാണ്. പിന്നീടു ശാസ്ത്രം വളർന്നപ്പോൾ ആ ചുമതല അത് ഏറ്റെടുത്തു. മതം പരിപോഷിപ്പിച്ച സാഹിത്യത്തിൽ പൊതുവേ പദ്യത്തിനായിരുന്നു ഊന്നൽ. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വികാസത്തോടുകൂടിയാണു ഗദ്യം മേൽക്കൈ നേടിയത്. എഴുത്തച്ഛൻ ഇന്ത്യയുടെ ഇതിഹാസങ്ങളെ മലയാളിക്കു സ്വന്തമാക്കിത്തന്നപ്പോൾ ബെഞ്ചമിൻ ബെയിലി ലോകത്തിന്റെ ഇതിഹാസത്തെ നമുക്കു സ്വന്തമാക്കിത്തന്നു. *ആദ്ധ്യാത്മരാമായണം* കിളിപ്പാട്ടും *ഭാരതം* കിളിപ്പാട്ടും പരിഭാഷകളാണെന്നുള്ള ചിന്ത ഒരു മലയാളിയെയും അലോസരപ്പെടുത്തുന്നില്ല. കോളജുകളിലെയും സർവകലാശാലകളിലെയും ക്ലാസ്സ്മുറികളിലല്ലാതെ മറ്റൊരിടത്തും അക്കാര്യം ഇപ്പോൾ ആരും ഉരിയാടാറുമില്ല. അതുപോലെയാണ് മലയാളിക്ക് ഇന്നു ബൈബിളും. ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും ഉപദേശങ്ങളിലൂടെയും ഉപമകളിലൂടെയും *പഴയനിയമ*ത്തിലെ കവിതകളിലൂടെയും തത്ത്വചിന്തയിലൂടെയും കഥകളിലൂടെയും നിത്യേന കടന്നു പോകുന്ന ഒരാളെയും താൻ വായിച്ചുകൊണ്ടിരിക്കുന്നതൊരു വിവർത്തനകൃതിയാണെന്നുള്ള കാലുഷ്യം ബാധിക്കാറില്ല.

അത്രയ്ക്കതു മലയാളത്തിന്റേതായിത്തീർന്നു. മലയാളകവിതയിൽ 'എഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കു'പ്രകാരം ബെഞ്ചമിൻ ബെയിലി മലയാളഗദ്യത്തിൽ വരഞ്ഞിട്ട ഗ്രന്ഥങ്ങളുടെ ലൈബ്രറിയാണു ബൈബിൾ. ഘടനാപരമായിമാത്രമല്ല, രൂപത്തിലും ഭാവത്തിലും ആധുനിക മലയാളഗദ്യം ഓരില ഈരിലയിട്ട്, ചെടിയായി മരമായി വളർന്നത് ബെഞ്ചമിൻ ബെയിലിയുടെ കൃതികളിലൂടെയാണ്. ബെയിലിതന്നെ തുടക്കംകുറിച്ച അച്ചടിയും അദ്ദേഹത്തിന്റെ അച്ചടിശാലയിൽനിന്നുതന്നെ പ്രസിദ്ധപ്പെടുത്തിയ പത്രമാസികകളും ആധുനിക വിദ്യാഭ്യാസവും ഗദ്യവികാസത്തിന് വളവും വെള്ളവും പ്രകാശവും നൽകി, അതിനെ പരിപോഷിപ്പിച്ചു.

6

മലയാള നിഘണ്ടുക്കൾ

ഒരു ഭാഷയുടെ അടിസ്ഥാന ഗ്രന്ഥങ്ങളാണ് നിഘണ്ടുക്കളും വ്യാകരണകൃതികളും. വികസിതഭാഷകളെ സംബന്ധിച്ചിടത്തോളം സാഹിത്യസമ്പുഷ്ടിയും ഗ്രന്ഥപ്രചാരവുംപോലെതന്നെ പ്രധാനമാണ് വ്യാകരണ-കോശഗ്രന്ഥങ്ങളുടെ ലഭ്യതയും. ശാസ്ത്രീയ രീതിയിൽ നിർമിക്കപ്പെട്ട ആദ്യ മലയാളം നിഘണ്ടുവാണ് ബെഞ്ചമിൻ ബെയിലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു. 1846-ലാണ് അതു പ്രസിദ്ധീകൃതമായത്. നമ്മുടെ നിഘണ്ടു പ്രസ്ഥാനത്തിന് ഒരിക്കലും ഇടറാത്ത ഒരടിത്തറയിട്ട ആ മഹാകൃതിക്കും അതിന്റെ കർത്താവിനും അർഹിക്കുന്ന പ്രചാരവും പ്രസിദ്ധിയും ഇനിയും സിദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂട." (സി.എൽ. ആന്റണി, 1989: 124) പദശേഖരണം, വ്യാഖ്യാനം, പ്രസാധനം എന്നീ കാര്യങ്ങളിലുള്ള വൈപുല്യവും സാമർഥ്യവും കൊണ്ട് ഇന്നും ആരെയും അത്ഭുതപ്പെടുത്താൻ പോന്നതാണ് ബെയിലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു. 1849-ലാണ് ബെയിലീ നിഘണ്ടുക്കളിൽ രണ്ടാമത്തേതായ ഇംഗ്ലീഷ്-മലയാളം നിഘണ്ടു പ്രസിദ്ധപ്പെടുത്തിയത്. പദസമ്പത്തിൽ തീരെ മോശമല്ല; ദീർഘകാലത്തേക്കു ലഭ്യമായിരുന്ന ഒരേയൊരു ഇംഗ്ലീഷ്-മലയാളം നിഘണ്ടു ഇതായിരുന്നു; മലയാളികൾക്ക് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിനെക്കാൾ പ്രയോജനപ്രദം ഇംഗ്ലീഷ്-മലയാളം നിഘണ്ടുവാണ്. എങ്കിലും ഈ നിഘണ്ടു ആദ്യ നിഘണ്ടുവിന്റെയത്രപോലും പിൽക്കാലത്ത് അറിയപ്പെടുകയും പഠിക്കപ്പെടുകയും ചെയ്തില്ല. നിഘണ്ടുവിന്റെ അലഭ്യതയായിരുന്നു ഇതിന്റെ കാരണമെന്നുള്ളതു വ്യക്തമാണ്. കോട്ടയം കോളജിലെ അധ്യാപനത്തിലൂടെയും ബൈബിൾ പരിഭാഷയിലൂടെയും ബെയിലി ആർജിച്ച ഭാഷാവിജ്ഞാനം നിഘണ്ടു നിർമാണത്തിലൂടെ പൂർണതയിലെത്തുകയായിരുന്നു. കേരളത്തിലെത്തി മലയാളം പഠിക്കാൻ തുടങ്ങിയപ്പോൾമുതലേ നിഘണ്ടുവിന്റെ ആവശ്യകത ബെയിലിക്കു ബോധ്യപ്പെട്ടിരുന്നു. "Could I have obtained a Dictionary in the Language I would have preached in it before this time" എന്നു ബെ

യിലി എഴുതുന്നതിൽനിന്ന് മലയാളത്തിൽ ഒരു നിഘണ്ടു ലഭ്യമാകാത്തതിന്റെ ക്ലേശം എത്ര അധികമായി അദ്ദേഹത്തെ അലട്ടിയിരുന്നു എന്നു വ്യക്തമാണ്. (മൈക്രോഫിലിം സി.എം.എസ്.-4, യു.റ്റി.സി. ആർക്കൈവ്സ്, ബാംഗ്ലൂർ) പിന്നീട് ബൈബിൾ പരിഭാഷയിലേക്കു പ്രവേശിച്ചപ്പോൾ നിഘണ്ടു ഒരു അത്യാവശ്യ വസ്തുവായും അത് ഇല്ലാത്തത് ഒരു വലിയ ബുദ്ധിമുട്ടായും അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നിരിക്കണം. ഒരു വിവർത്തകനെ സംബന്ധിച്ചിടത്തോളം ദ്വിഭാഷാ നിഘണ്ടുക്കൾ ഒഴിച്ചുകൂടാനാകാത്തതാണ്.

ദ്വിഭാഷാ നിഘണ്ടുകാരൻ പദവ്യാഖ്യാനത്തിനു സമാനാർഥകമായ മറ്റൊരു പദം ഉപയോഗിക്കുന്ന (സമതുലനം) അതേ പ്രവർത്തനമാണു തർജമയിൽ പരിഭാഷകൻ നിർവഹിക്കുന്നത്. ബെയിലിയുടെ ബൈബിൾ പരിഭാഷയിലേതുപോലെ പദാനുപദ തർജമയാകുമ്പോൾ മൂലഗ്രന്ഥത്തിലെ മുഴുവൻ പദങ്ങൾക്കും ലക്ഷ്യഭാഷയിൽ സമാനാർഥകമായ പദങ്ങൾ കണ്ടെത്തുകയാണു വിവർത്തകന്റെ മുഖ്യജോലി. നിഘണ്ടുകാരനെപ്പോലെ പരിഭാഷകനും ഒരു ഭാഷയിലെ സമൃദ്ധമായ കോശസമ്പത്താണു തെരയുന്നത്. ബെയിലി ബൈബിൾപരിഭാഷാസന്ദർഭത്തിൽ മറ്റൊരു ജോലികൂടി നിശ്ശബ്ദം ചെയ്തുകൊണ്ടിരുന്നു: നിഘണ്ടുവിന്റെ നിർമാണത്തിനുള്ള സാമഗ്രികൾ ശേഖരിക്കുകയായിരുന്നു അത്. അതായത് ബെയിലിയുടെ ബൈബിൾ പരിഭാഷായത്നത്തിന്റെ ഉപോൽപ്പന്നമോ അനന്തരഫലമോ ആണ് അദ്ദേഹത്തിന്റെ നിഘണ്ടുക്കൾ.

നിഘണ്ടുക്കൾ ബെയിലിക്കുമുമ്പ്

സംസ്കൃതഭാഷയിൽ രചിക്കപ്പെട്ട മണിപ്രവാള ലക്ഷണഗ്രന്ഥമായ *ലീലാതിലകം* ഒഴിച്ചുനിർത്തിയാൽ പാശ്ചാത്യമിഷനറിമാർ എത്തിച്ചേരുന്നതുവരെ മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങളോ നിഘണ്ടുക്കളോ ഉണ്ടായിരുന്നില്ല. അമരസിംഹൻ നിർമിച്ച *നാമലിംഗാനുശാസനം*പോലെ ചില കോശഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ പ്രചാരത്തിലുണ്ടായിരുന്നു. പദ്യരൂപത്തിൽ വർഗക്രമത്തിൽ പദങ്ങളെ പ്രതിപാദിക്കുകയാണ് അതിലെ രീതി. *അമരകോശം* കേരളത്തിലും പ്രചരിച്ചിരുന്നുവെങ്കിലും അതിന്റെ മാതൃകയിൽപോലും ഒരു കോശഗ്രന്ഥം മലയാളഭാഷയ്ക്കുണ്ടായിരുന്നില്ല. മലയാളം ഒരു ഭാഷയാണെന്നോ അതു പഠിക്കേണ്ടതാണെന്നോ അക്കാലത്ത് ഒരു പണ്ഡിതനും ചിന്തിച്ചിരുന്നില്ല. ഔദ്യോഗിക ഭാഷ തമിഴ്. ദേവഭാഷ സംസ്കൃതം. അതോടൊപ്പം മലയാളത്തെക്കൂടിച്ചേർത്ത് ഒരു 'ത്രിഭാഷാ പദ്ധതി' അടിച്ചേൽപ്പിക്കുന്നതിന്, പ്രാന്തവൽക്കൃതരായ മലയാളികളുടെ കൈയിൽ അധികാരത്തിന്റെ ചെങ്കോൽ ഉണ്ടായിരുന്നില്ലല്ലോ.

അക്ഷരമാലാക്രമത്തിൽ ഒരു ഭാഷയിലെ പദങ്ങളെ അടുക്കി അർഥവിവരണം നൽകുന്നതാണ് ആധുനിക നിഘണ്ടുക്കളുടെ രീതി. മലയാളത്തിൽ ഇത്തരത്തിലുള്ള നിഘണ്ടുക്കളുണ്ടാകുന്നതു പാശ്ചാത്യമിഷനറിമാരുടെ വരവിനുശേഷമാണ്. അർണോസ് പാതിരിയുടെ *Vocabularium Malabarico Lustianum* എന്ന മലയാളം-പോർച്ചുഗീസ് നിഘണ്ടു,

പൗലിനോസ് പാതിരിയുടെ മലയാളം-ഇംഗ്ലീഷ്-പോർച്ചുഗീസ് നിഘണ്ടു, ഫാ. തെപ്പോസും അമാഡിസിമെയൊനുംചേർന്നു രചിച്ച പോർച്ചുഗീസ്-മലയാളം നിഘണ്ടു, ആഞ്ചലോസ് ഫ്രാൻസിസിന്റെ മലയാളം-ലത്തീൻ-പോർച്ചുഗീസ് നിഘണ്ടു, 1774-ൽ പീറ്റർ സ്റ്റീഫൻ ഒ.സി.ഡി. രചിച്ച പോർച്ചുഗീസ്-മലയാളം-ലത്തീൻ നിഘണ്ടു, 1782-ൽ ഒരു ഈശോസഭാ വൈദികൻ തയ്യാറാക്കിയതും വത്തിക്കാനിലെ ബോർജിയാ ഗ്രന്ഥശേഖരത്തിൽ കാണുന്നതുമായ ഒരു മലയാളം-പോർച്ചുഗീസ് നിഘണ്ടു, ബിഷപ്പ് ഇൽദഫൊൻസിന്റെ മലയാളം ലത്തീൻ- പോർച്ചുഗീസ് നിഘണ്ടു, ഗുണ്ടർട്ട് തന്റെ നിഘണ്ടു നിർമാണത്തിൽ ഉപാദനവസ്തുവായി ഉപയോഗിച്ചിട്ടുള്ള രണ്ടു വരാപ്പുഴ നിഘണ്ടുകൾ (V_1 എന്നു പരാമർശിക്കുന്ന മലയാളം-പോർച്ചുഗീസ് നിഘണ്ടുവും V_2 എന്നു പരാമർശിക്കുന്ന പോർച്ചുഗീസ്-മലയാളം നിഘണ്ടുവും), ക്ലമന്റ് പിയാനിയൂസിന്റെ നാടോടി മലയാളത്തിന്റെ നിഘണ്ടു എന്നിവയാണ് ബെഞ്ചമിൻ ബെയിലിക്കുമുമ്പ് തയ്യാറാക്കപ്പെട്ടിട്ടുള്ള പൂർണമോ അപൂർണമോ ആയ നിഘണ്ടുക്കൾ. ഇതിൽ ചിലതിനു കൈയെഴുത്തു കോപ്പികൾ ഉണ്ടായിട്ടുണ്ട്. അവയിൽ അച്ചടിയിലെത്തിയത് ഒരെണ്ണംമാത്രം-അർണോസ് പാതിരിയുടെ നിഘണ്ടു. അത് 1986-ൽ കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുകയുണ്ടായി. “വിദേശീയരായ മിഷനറിമാരുടെ ആദ്യകാല നിഘണ്ടു നിർമാണപ്രവർത്തനങ്ങൾ പൊതുവേ പദസംഭരണം മാത്രമായിരുന്നു. അവർ സംഭരിച്ച സാമഗ്രികളെല്ലാം മലയാളം പഠിക്കുന്ന വിദേശികളെ ഉദ്ദേശിച്ചുള്ളതായിരുന്നതിനാൽ അവ അമ്പഴക്കാട്ടെയും വാരാപ്പുഴയിലെയും കത്തോലിക്കാ സെമിനാരികൾക്കു വെളിയിൽ പ്രചരിച്ചിരുന്നില്ല എന്നതാണു വാസ്തവം... നിഘണ്ടു എന്ന നിലയിൽ അവരുടെ നിഘണ്ടുക്കളോരോന്നും സ്വയം സമ്പൂർണമല്ലെങ്കിലും അവ മലയാള നിഘണ്ടു നിർമാണത്തിന്റെ സാങ്കേതികവിദ്യ പ്രദാനം ചെയ്തു.” (എം.എം. പുരുഷോത്തമൻ, ഭാഷാപോഷിണി, 1984 ഒക്ടോബർ-നവംബർ: 84)

മലയാളം-ഇംഗ്ലീഷ് നിഘണ്ടു

ബെഞ്ചമിൻ ബെയിലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടു അന്നും ഇന്നും ഒരു ബൃഹദ്ഗ്രന്ഥമാണ്. ഡമ്മി 1/4 വലിപ്പത്തിൽ, എട്ടു തുടക്കത്താളുകളും 852 പേജ് നിഘണ്ടുവും നാല് ഒടുക്കത്താളുകളും ഉൾപ്പെടെ ആകെ 864 പേജുകൾ ഈ ഗ്രന്ഥത്തിനുണ്ട്. തുകലും കനമുള്ള ഹാർഡ്ബോർഡും ഉപയോഗിച്ച് ബയണ്ട് ചെയ്തിരിക്കുന്ന (Stiff cover/hard bound) നിഘണ്ടുവിന്റെ ‘സ്പൈനിൽ’ ‘Bailey’s Mal.-Eng. Dictionary’ എന്ന് ഗിൽറ്റ് ഉപയോഗിച്ച് അച്ചടിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ മുഖപത്രവും തുടക്കത്താളുകളും ഇംഗ്ലീഷിലാണ്. മഹാരാജാവിനുള്ള സമർപ്പണപത്രം, ആമുഖം (Preface), നിഘണ്ടുവിൽ ഉപയോഗിച്ചിട്ടുള്ള സംക്ഷിപ്തരൂപങ്ങൾ (Abbreviated terms used in this Dictionary), നിഘണ്ടുവിൽ മലയാള അക്ഷരമാലയ്ക്കു സമാനമായി നൽകുന്ന റോമൻ അക്ഷരങ്ങൾ (Application of the Roman Character to the Malayalim Albhabet as used in the Dictionary) എന്നിത്രയും കാര്യങ്ങളാണ് പ്രാരംഭ പേജുകളിലുള്ളത്. പ്രാരംഭ പേജുകൾക്ക് നമ്പർ

റോമൻ (i-vii) അക്കത്തിലാണ്. പിന്നീട് 1 മുതൽ 852 പേജുകളിലായി 'A Dictionary of high and colloquial Malayalam and English'. ഒടുക്കത്താളുകളിൽ 'ERRATA' യാണു പ്രധാനം. അവസാന പേജിൽ (iv) ഒരു ചെറിയ 'ADDENDA' ഉണ്ട്-അടുത്തൂൺ, അമ്പാടി, അവൻ, കട, കാൽചെത്തം, കുന്തി, നിരപ്പൻ, പട്ടനൂൽ, പുനർവിസ്താരം എന്നിത്രയും വാക്കുകളാണ് അതിൽ വ്യാഖ്യാനിച്ചിട്ടുള്ളത് (അർഥം പറഞ്ഞിട്ടുള്ളത്). ഒടുക്കത്താളുകൾക്കും നമ്പർ റോമൻ അക്കത്തിലാണ്.

ബെയിലി പദശേഖരണത്തിനു സ്വീകരിച്ച മാർഗങ്ങളെക്കുറിച്ച്, നിഘണ്ടുവിന് High and Colloquial Malayalam and English എന്നു പേരിട്ടിരിക്കുന്നതിൽനിന്നുതന്നെ വ്യക്തമാണ്. പ്രത്യേകിച്ച്, അദ്ദേഹത്തിന്റെ ബൈബിൾ പരിഭാഷയുടെ പശ്ചാത്തലത്തിൽ ആലോചിക്കുമ്പോൾ ഇക്കാര്യം വളരെ വ്യക്തമാകും. സാമൂഹികമായി മുന്നാക്കം നിൽക്കുന്നവരും വിദ്യാസമ്പന്നരുമായവരുടെ ഭാഷയും പിന്നാക്കക്കാരായ ബഹുഭൂരിപക്ഷത്തിന്റെ സംസാരഭാഷയുംകൂടി സമന്വയിപ്പിച്ച് ഒരു മധ്യമാർഗ (middle path) ഗദ്യരീതി ആവിഷ്കരിച്ച് (നവീന മണിപ്രവാളഗദ്യം) അതിലേക്കാണു ബെയിലി ബൈബിൾ പരിഭാഷപ്പെടുത്തിയത്. ഉൽക്കൃഷ്ടഭാഷ അഥവാ ഉച്ചഭാഷ എന്നതുകൊണ്ട് ഉന്നതകുലജാതരുടെ സംസ്കൃതബഹുലമായ ഭാഷതന്നെയാണുദ്ദേശിക്കുന്നത്. അപകൃഷ്ടഭാഷ അഥവാ നീചഭാഷ എന്നതുകൊണ്ടുദ്ദേശിക്കുന്നതാകട്ടെ സാമാന്യജനത്തിന്റെ സംഭാഷണഭാഷയും. സാധാരണക്കാരുടെ 'ഠ വട്ടത്തിലുള്ള' ജിവിതത്തിൽ നിലവിലുള്ള ഭാഷയിലെ പദാവലി വളരെ പരിമിതമായിരിക്കും. എന്നാൽ വികസിതമായ സാഹിത്യം, വിവിധ വിജ്ഞാന ശാഖകൾ, ദർശനം എന്നിവയുടെ ഉടമകളായിരുന്ന ആര്യന്മാരുടെയും അവരുടെ സംസ്കൃതഭാഷയുടെയും കാര്യം അങ്ങനെയല്ല. തന്മൂലം മലയാളഭാഷയ്ക്ക് പുതിയപദങ്ങൾ ആവശ്യമായിവരുമ്പോൾ അതിന് ആശ്രയിക്കാവുന്നത്, അതിനോടകംതന്നെ മലയാളത്തിന്റെ രൂപവും ഭാവവും നിർണയിച്ചു കഴിഞ്ഞ, സംസ്കൃതത്തെത്തന്നെയാണെന്നുള്ള ഉറച്ച ധാരണ ബെയിലിക്കുണ്ടായിരുന്നു. ക്ലാസ്സിക്ക് ഭാഷയായ ലാറ്റിനിൽനിന്ന് യാതൊരു നിയന്ത്രണവുമില്ലാതെ പദം കടംകൊണ്ടു വളർന്ന സ്വന്തം മാതൃഭാഷയുടെ-ഇംഗ്ലീഷിന്റെ-ചിത്രവും അദ്ദേഹത്തിൻെറ മനസ്സിൽ ഉണ്ടായിരുന്നിരിക്കണം. "അന്നത്തെ സാഹിത്യഭാഷയിലും സംഭാഷണഭാഷയിലും പ്രയോഗിച്ചിരുന്ന പദങ്ങളെയാണ് High and Colloquial Malayalam എന്നതുകൊണ്ടു ബെയിലി വിവക്ഷിച്ചിട്ടുള്ളത്... സാഹിത്യഭാഷയിൽ പ്രയോഗിക്കാവുന്ന സംസ്കൃതപദങ്ങളെ ഡോ.വിത്സന്റെ സംസ്കൃതനിഘണ്ടുവിനെയും അമരകോശത്തെയും ആധാരമാക്കി സ്വീകരിക്കയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്" എന്നിങ്ങനെ പ്രൊഫ. സി.എൽ. ആന്റണി ബെയിലിയുടെ സംസ്കൃതപദശേഖരണത്തെ ന്യായീകരിക്കുന്നു. (1989: 128-129)

കേംബ്രിഡ്ജ് നിഘണ്ടു colloquial എന്ന പദത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: "informal and conversational, and more suitable for use in speech than in writing." ഇതിൽനിന്ന് colloquial 'സംഭാഷണഭാഷ'യാണെന്നു വ്യക്തം;

അതിന്റെ വിപരീതാർഥത്തിൽ ഉപയോഗിച്ചിരിക്കുന്ന high എഴുത്തുഭാഷ അഥവാ സാഹിത്യഭാഷയെയാണു സൂചിപ്പിക്കുന്നത്. “The high Malayalim terms are chiefly derived from the Sanscrit” എന്ന് ബെയിലി അദ്ദേഹത്തിന്റെ ആമുഖത്തിൽ ഇക്കാര്യം ഉറപ്പിച്ചു പറയുന്നുമുണ്ട്.

പദശേഖരണത്തെ സംബന്ധിച്ച് വ്യക്തമായ ചില സൂചനകൾ നിഘണ്ടുവിന്റെ ആമുഖത്തിൽ ബെയിലി നൽകിയിട്ടുണ്ട്:

(1) നിഘണ്ടുവിന്റെ ആമുഖത്തിൽ ബെയിലി ഇങ്ങനെ എഴുതുന്നു:

“Very soon after his arrival in the country, upwards of twentynine years ago, he commenced collecting materials in order to supply this desideratum at some future period, should it please God to spare his life, which He has mercifully done. From that time he continued gradually to accumulate matter...” ഇങ്ങനെ കേരളത്തിലെത്തിയ നാൾമുതൽ, ഭാഷ പഠിക്കുകയും ബൈബിൾ പരിഭാഷയിലേർപ്പെടുകയും ചെയ്തിരുന്നപ്പോഴൊക്കെ അദ്ദേഹം ഒരു നിഘണ്ടു മനസ്സിൽ കണ്ടുകൊണ്ട് ‘കൂട്ടിക്കൂട്ടി’ വെച്ച വാക്കുകൾ പ്രധാനമായും സംഭാഷണഭാഷയിൽനിന്നുള്ളതായിരുന്നിരിക്കണം. ബൈബിൾ പരിഭാഷാഘട്ടത്തിൽ സംസ്കൃത സാഹിത്യകൃതികളിൽ നിന്നു സ്വീകരിച്ച പദങ്ങളും ഇക്കൂട്ടത്തിൽ ചേർത്തിരിക്കണം.

*അമരകോശ*ത്തിലെ ഒട്ടുമിക്ക വാക്കുകളും ബെയിലി തന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിൽ ഉൾപ്പെടുത്തി. ആ വാക്കുകൾക്ക് അമരകോശ വ്യാഖ്യാതാക്കൾ നൽകിയിട്ടുള്ളതു കൂടാതെയുള്ള അർഥങ്ങൾ നൽകുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തു. സംസ്കൃതനിഷ്പത്തിയുള്ള ഒട്ടനവധി വാക്കുകളും ബെയിലി നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനു ബെയിലിക്കു പ്രത്യേകം സഹായകരമായിത്തീർന്നതു ഡോ. വിൽസന്റെ സംസ്കൃത നിഘണ്ടുവായിരുന്നു. പദതലത്തിൽ മലയാളത്തിനും സംസ്കൃതത്തിനും തമ്മിൽ വിവേചനം ആവശ്യമില്ലെന്നും സാഹിത്യകൃതികളിലുപയോഗിച്ചിട്ടുള്ള മുഴുവൻ സംസ്കൃതവാക്കുകളും മലയാളത്തിലും ഉപയോഗിക്കാമെന്നും ബെയിലി കരുതിയിരിക്കണം. ബെയിലി എന്നല്ല, ആരും അങ്ങനെ കരുതത്തക്കവിധത്തിൽ അത്ര അഗാധവും വ്യാപകവുമായിരുന്നു മലയാളത്തിന്മേലുള്ള സംസ്കൃതത്തിന്റെ സ്വാധീനം. “ബ്രാഹ്മണരുടെ സാഹിത്യവ്യാപാരത്തിനു മാധ്യമമായിരുന്നത് ആര്യഭാഷാപദങ്ങൾ കലർന്ന കേരളഭാഷയായിരുന്നു. രൂപിമതലത്തിൽ ആര്യഭാഷകളിലില്ലാതിരുന്ന പുരുഷ്യപ്രത്യയങ്ങൾ ലോപിച്ചുപോയി. പ്രാകൃതത്തിന്റെ സ്വഭാവമനുസരിച്ചു താലവ്യാദേശവും സാധാരണമായി. സാഹിത്യകൃതികൾപോലെതന്നെ ബ്രാഹ്മണർ ജ്യോതിശാസ്ത്രം, തച്ചുശാസ്ത്രം, തർക്കം, വേദാന്തം, മന്ത്രവാദം, വൈദ്യം തുടങ്ങി നിരവധി വിഷയങ്ങളെക്കുറിച്ച് ഗ്രന്ഥങ്ങൾ രചിച്ചു. ഇവയിലെല്ലാം ആര്യഭാഷാപദങ്ങൾ ലോഭ(?)മെന്യേ ആദാനം ചെയ്യപ്പെട്ടു. സംസ്കൃതവിഭക്ത്യന്തങ്ങളായ മലയാളശബ്ദങ്ങൾ ആദ്യകാലകൃതികളിൽ കാണാമെങ്കിലും ലീലാതിലകകാരൻ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ

ഒട്ടാക്കെ ഫലിച്ചു. വിദ്യാഭ്യാസംതന്നെ *സിദ്ധരൂപ*ത്തിലും *അമരകോശ*ത്തിലും തുടങ്ങി, കാവ്യനാടകാലങ്കാരതർക്കവ്യാകരണജ്യോതിഷവേദവേദാന്താദികളിലൂടെ പുരോഗമിക്കുന്ന സംവിധാനമുണ്ടായി. സംസ്കൃതവുമായുള്ള സജീവ സമ്പർക്കംമൂലം അതിഖരഘോഷങ്ങൾ, ഊഷ്മാക്കൾ, ഋകാരം, ഹകാരം ഇവയുടെ ഉച്ചാരണം ശരിക്കു മനസ്സിലാക്കാൻ സന്ദർഭമുണ്ടാകുകയും മാതൃവർണമാലയിൽ ഈ സ്വനിമങ്ങൾക്കും സ്ഥാനം ലഭിക്കുകയും ചെയ്തു. ഒടുവിൽ സംസ്കൃതത്തിൽനിന്ന് ഏതു പദവും ആദാനം ചെയ്യാമെന്ന സ്ഥിതിയുണ്ടായി." (പി.എം. ജോസഫ്, 1984: 219–220) അപ്പോൾപ്പിന്നെ ലാറ്റിനും ഇംഗ്ലീഷുംപോലൊരു ബന്ധം സംസ്കൃതവും മലയാളവും തമ്മിലുണ്ടാകുന്നതിലൂടെയേ മലയാളത്തിനു വളരാൻ കഴിയൂ എന്നു ബെയിലി കരുതുകയും പ്രസ്തുത ധാരണയുടെ അടിസ്ഥാനത്തിൽ നിഘണ്ടു രചിക്കുകയും ചെയ്തു. അല്ലെങ്കിൽപിന്നെ എന്തിനാണു ബെയിലി സംസ്കൃതപദങ്ങൾക്ക് ഇംഗ്ലീഷിലെന്നപോലെ മലയാളത്തിലും അർഥം കൊടുത്തത്? "The high Malayalim terms are chiefly derived from the Sanscrit, and great pains has been taken to give the renderings in most common use" എന്നു ബെയിലി പറയുമ്പോൾ, അതിന്റെ പൊരുൾ എന്തെന്ന് തിരിഞ്ഞുനിന്ന് അന്വേഷിക്കേണ്ടതുണ്ട്.

ബെയിലീനിഘണ്ടുവിലെ സംസ്കൃതപദബഹുലതയെ സംബന്ധിച്ച് പ്രൊഫ. സി.എൽ. ആന്റണി നൽകുന്ന വിശദീകരണം വളരെ ശ്രദ്ധേയവും അർഥവത്തുമാണ്. ബെയിലീനിഘണ്ടുവിലെ ചില സംസ്കൃതപദങ്ങൾ അപ്രസിദ്ധവും ഉപയോഗശൂന്യവുമാണെന്നും മറ്റു ചിലവ അപ്രധാനമാണെന്നുമുള്ള ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ അഭിപ്രായത്തെ മുൻനിർത്തി പ്രൊഫ. ആന്റണി ഇങ്ങനെ പറയുന്നു:

"ലക്ഷ്യത്തെ സംബന്ധിച്ചുള്ള ഒരഭിപ്രായഭേദം മാത്രമാണിത്. ഭാഷാചരിത്രപരമായ മൂല്യമാണ് ഗുണ്ടർട്ടിന്റെ പ്രധാന ലക്ഷ്യം. ഇക്കാര്യം അദ്ദേഹം നിഘണ്ടുവിന്റെ ആമുഖത്തിൽ എടുത്തുപറയുന്നുമുണ്ട്... ഈ ചരിത്രലക്ഷ്യത്തിനുവേണ്ടിത്തന്നെ കേരളത്തിലെ സാഹിത്യഭാഷയിലോ സംഭാഷണഭാഷയിലോ ഇന്നൊരിക്കലും പ്രയോഗിക്കാത്ത തമിഴുപദങ്ങൾ നിഘണ്ടുവിൽ ചേർക്കാൻ അദ്ദേഹം സന്നദ്ധനായിട്ടുണ്ട്. കിട്ടാവുന്ന സാഹിത്യകൃതികളും രേഖകളും സമ്പാദിച്ച്, പരിശോധിച്ച് ഓരോ പദത്തിന്റെയും നിഷ്പത്തി കണ്ടെത്താനുള്ള അദ്ദേഹത്തിന്റെ തീവ്രപരിശ്രമത്തിന്റേയും പിന്നിൽ ഈ ഭാഷാചരിത്രലക്ഷ്യമാണ് നമുക്കു കാണാൻ കഴിയുക. ബെയിലിയുടെ ലക്ഷ്യം അതല്ല. അമരകോശത്തെയും ഡോക്ടർ വിൽസന്റെ സംസ്കൃത നിഘണ്ടുവിനെയും ആധാരമാക്കി മലയാളത്തിൽ പ്രയോഗിക്കാവുന്ന സംസ്കൃതപദങ്ങൾ തിരഞ്ഞെടുക്കുമ്പോൾ മലയാളഗദ്യത്തിന്റെ പുരോഗതിമാത്രമേ ബെയിലി കണക്കിലെടുത്തിട്ടുള്ളു. പ്രയോഗയോഗ്യങ്ങളല്ലാത്ത ചില സംസ്കൃതപദങ്ങൾ ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ ബോധപൂർവമാണു ബെയിലി അതു ചെയ്തിട്ടുള്ളത്. അത്തരം സംസ്കൃതപദങ്ങൾക്ക് ഇംഗ്ലീഷിലും മലയാളത്തിലും ബെയിലി

അർഥം കൊടുക്കുന്നത് അതിനു തെളിവാണ്. ഭാഷാഗദ്യത്തിന്റെ വളർച്ച യ്ക്കു സംസ്കൃതപദങ്ങൾ ഒഴിച്ചുകൂടാത്ത ഒരു ഘടകമാണെന്ന അഭിപ്രാ യമാണു ബെയിലിക്കുള്ളത്. അദ്ദേഹത്തിന്റെ ബൈബിൾ പരിഭാഷയിൽ ധാരാളം സംസ്കൃതപദങ്ങൾ സ്വീകരിക്കാൻ മുതിർന്നതും അതുകൊണ്ടു തന്നെയാണ്. ബെയിലിയുടെ ഈ അഭിപ്രായത്തെ പിൽക്കാല ഭാഷാസാഹി ത്യചരിത്രം ശരിവെക്കുന്നുമുണ്ട്." (1989: 131-132)

സംസ്കൃതവും ഇന്ത്യയിലെ പ്രദേശികഭാഷകളുംതമ്മിലുള്ള ബന്ധ ത്തെക്കുറിച്ച് സംസ്കൃത വൈയാകരണനായ വിൽക്കിൻസ് രേഖപ്പെടുത്തി യിട്ടുള്ള കാര്യങ്ങൾ മേൽപ്പറഞ്ഞ അഭിപ്രായത്തെ സാധൂകരിക്കുന്നതാണ്:

"He who knows Sanskrit has already acquired a knowledge of one half of almost every vernacular language of India; while he who remains ignorant of it, can never posses a perfect and critical understanding of any, though he may attain a certain proficiency in the practical use of them. The several dialects confounded under the common terms Hindi, Hindavi, Hindustani, and Bhasha, deprived of Sanskrit would not only lose all their beauty and energy, but, with respect to the power of expressing abstract ideas or terms in science, would be absolutely reduced to a state of barbarism. These, and the idioms peculiar to Bangali, Kamarupa and the adjacent provinces; the Tamul, the Telinga, the Carnatic, the Malabar, together with that of the Maratta states, and of Gujrat, so abound with Sanscrit, that scarcely a sentence can be expressed in either of them without its assistance." (1808: X-XI)

സംസ്കൃതത്തിന്റെ സഹായമില്ലാതെ, പ്രാദേശികഭാഷകളിൽ ഒരു വാക്യംപോലും എഴുതാൻ കഴിയില്ല എന്നു വിൽക്കിൻസ് എഴുതിയത് 1808-ൽ ആയിരുന്നു. അവിടുന്നിങ്ങോട്ട് പ്രാദേശികഭാഷകളിന്മേലുള്ള സം സ്കൃതത്തിന്റെ സ്വാധീനം കുറയുകയല്ല, കൂടുകയാണുണ്ടായത്. സാഹി ത്യഭാഷയിൽമാത്രമല്ല, സംഭാഷണഭാഷയിലും വിദ്യാസമ്പന്നർ സംസ്കൃത പദങ്ങൾ ഉപയോഗിച്ചിരുന്നു. നിരക്ഷരർക്കാകട്ടെ സംസ്കൃതം അപ്രാപ്യ വുമായിരുന്നു. ബെഞ്ചമിൻ ബെയിലിയുടെ സമകാലികനും സഹപ്രവർത്ത കനുമായിരുന്ന ജോസഫ് ഫെൻ മലയാളികളുടെ ഭാഷണരീതിയെക്കുറിച്ച് പറഞ്ഞിട്ടുള്ള ഈ വാക്കുകൾ കൗതുകകരംമാത്രമല്ല, വിജ്ഞാനപ്രദവു മാണ്: "The due mixture of the more common Sanscrit terms with the colloquial Malayalim of the country, is that which distinguishes a Native Scholar from his more illiterate neighbours."(Proceedings of the C.M.S., 1825: 129) ഇത്തരമൊരു സാമൂഹിക-ഭാഷാ പരിതോവസ്ഥയിൽ സ്വീകരി ക്കാവുന്ന ഏറ്റവും മെച്ചപ്പെട്ട സമീപനരീതിയാണ് ബെഞ്ചമിൻ ബെയിലി അദ്ദേഹത്തിന്റെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിൽ സ്വീകരിച്ചിട്ടുള്ളത്.

പദശേഖരണത്തിനുവേണ്ടി ബെയിലി ആശ്രയിച്ച മറ്റു ചില ആകരങ്ങ

ളെക്കുറിച്ചും ആമുഖത്തിൽ പറയുന്നുണ്ട്. സസ്യങ്ങളുടെ പേരുകൾക്കും അവയുടെ ശാസ്ത്രീയ നാമത്തിനുംവേണ്ടി എയ്ൻസ്‌ലിയുടെ *മെറ്റീരിയ ഇൻഡിക്ക* എന്ന കൃതിയെയും മറ്റ് ഒന്നോ രണ്ടോ കൃതികളെയുമാണ് ആ ശ്രയിച്ചിട്ടുള്ളത്. ഡോ. റോട്ട്ലറുടെ *തമിഴ്-ഇംഗ്ലീഷ് നിഘണ്ടു*, ക്യാമ്പെല്ലി ന്റെ *തെലുങ്ക്-ഇംഗ്ലീഷ് നിഘണ്ടു* എന്നിവയുടെയും സഹായം ബെയിലി തേടിയിട്ടുണ്ട്.

സംഭാഷണഭാഷാപദങ്ങൾക്കും ശുദ്ധമലയാളപദങ്ങൾക്കും ബെയിലി വർധിച്ച പ്രാധാന്യം നൽകിയിട്ടുണ്ട്. ഇത്തരം പദങ്ങൾക്ക് മലയാളത്തിൽ വ്യാഖ്യാനം നൽകിയിട്ടില്ല; ഇംഗ്ലീഷിൽമാത്രമേയുള്ളു. അരി, കെടുതി, കൊതി, ചൊവ്വ്, ചോറ്, തിടുക്കം, മുണ്ട്, വെടിപ്പ്, അരികെ, അടിമ, അച്ച്, അച്ചടിപ്പുര, അഞ്ചൽപ്പുര, ഉണ്ണി, ഉണ്ണിമാങ്ങ, ഉണ്ണിയപ്പം, ഉടൽ, ഉടവാൾ, ഉണ്ട, ഉടമ, ഉടയവൻ, ഉടമ്പടി, മുത്തി, മുത്തിക്കുട, മുനി, മുനമ്പ്, മുന്നെ, മുന്നിൽ, മുന്നിരിപ്പ്, മുണ്ടകൻ എന്നിങ്ങനെ ബെയിലി അക്ഷരമാലാക്രമ ത്തിൽ പട്ടികപ്പെടുത്തിയിട്ടുള്ള തനിമലയാളപദങ്ങളിലൂടെ മനസ്സുകൊണ്ട് കടന്നുപോകുന്നതു രസകരംമാത്രമല്ല വിജ്ഞാനദായകവുമാണ്. നിത്യേന പ്രയോഗത്തിലുള്ളതും ശൈലീനിഷ്ഠവുമായ ചില യഥാർഥ സ്വദേ ശിപദങ്ങൾ (ഉദാ. അടുക്കുന്നു, അല്ല) ബെയിലി വിട്ടുകളഞ്ഞു എന്നൊരു പരാതി ഗുണ്ടർട്ട് ഉന്നയിക്കുകയും വസ്തുതകൾ പരിശോധിച്ചു ബോധ്യ പ്പെടാതെ പിന്നീടതു പലരും ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഗുണ്ടർട്ടി നെത്തന്നെ ഉദ്ധരിക്കാം: "For it concedes to unknown and useless words. (e.g.അജശൃംഗി, അമൃണാളം) as well as to those that are comparatively unimportant (as ഇതി, ച,) more space, than to words of the genuine native stock that occur frequently in idioms of daily current use. (e.g. അടുക്കുന്നു, അല്ല)." (1872: VI) അജശൃംഗി, അമൃണാളം തുടങ്ങിയ വാക്കു കൾക്കു *ബെയിലീനിഘണ്ടു*വിൽ ഇടം അനുവദിച്ചു എന്നുള്ളതു ശരിയാണ്; ഇതി, ച തുടങ്ങിയ പദങ്ങൾക്കു പ്രവേശനം അനുവദിച്ചുവെന്നതും ശരി തന്നെ. ഇങ്ങനെ ചെയ്തതിൽ ബെയിലിക്ക് ഒരു പ്രത്യേക ലക്ഷ്യമുണ്ടായി രുന്നു; ആ ലക്ഷ്യം ഒരു പരിധിവരെ സാധിതമാകുകയും ചെയ്തു. (ഇക്കാ ര്യത്തിനുള്ള വിശദീകരണം അന്യത്ര) പക്ഷേ, പിന്നീട് പറയുന്ന സംഗതി, അതായത്, നിത്യേന ഉപയോഗത്തിലുള്ള അടുക്കുന്നു, അല്ല തുടങ്ങിയ തനി മലയാള പദങ്ങൾ ബെയിലി വിട്ടുകളഞ്ഞു എന്നുള്ളത് ശരിയല്ല. ഏതായാ ലും ഗുണ്ടർട്ട് ഉദാഹരിച്ചിട്ടുള്ള 'അടുക്കുന്നു', 'അല്ല' എന്നീ രണ്ടു വാക്കു കളുടെ കാര്യത്തിലെങ്കിലും അദ്ദേഹത്തിന്റെ വാദം ശരിയല്ല. ഈ രണ്ടു പദങ്ങളും *ബെയിലീനിഘണ്ടു*വിലുണ്ട്.

> അടുക്കുന്നു, ത്തു, പ്പാൻ *v.n.* To approach, to draw near to a place.
> 'അടുക്കുന്നു' എന്ന പദത്തോടുചേർത്ത്,
> അടുക്കിക്കുന്നു, ച്ചു, പ്പാൻ. v.c: To cause to put in rows, or arrange.
> അടുക്കുന്നു, ക്കി, വാൻ. v.a. To put in rows; to arange; to pile up.

ബെഞ്ചമിൻ ബെയിലി

അടുക്കുവത, യുടെ s. A right due to the proprietor of ground by the purchasers, or mortager.

അടുത്ത. adj. 1., Near, next, proximate 2. becoming, belonging to; related to. അടുത്തനാൾ, The next day; tomorrow.

അടുപ്പിന്റെ. s. A fire place, hearth.

അടുപ്പം, ത്തിന്റെ. s. Nearness, Closeness. 2. affiance of blood or affection. 3. intimacy; familiarity.

അടുപ്പിക്കുന്നു, ച്ചു, പ്പാൻ. *v.c.* 1. To cause to approach, to bring to, or near the shore. 2. to put close.

എന്നിത്രയും പദങ്ങൾകൂടി നൽകിയിട്ടുണ്ട്. അതുപോലെ 'അല്ല' എന്ന വാക്ക് ഇങ്ങനെ കാണാം:

അല്ല, The Negative particle, No, not; nay; not only so, but more. അല്ലയോ, Is it not?

അല്ലാതെ, അല്ലി, അല്ലല്ലീ, അല്ലെങ്കിൽ, അല്ലെന്നുവരികിൽ, അല്ലൊ, ഇല്ല, ഇല്ലല്ലീ, ഇല്ലാതെ, ഇല്ലായ്മ, മേലാ തുടങ്ങിയ പദങ്ങളെല്ലാം ബെയിലി ചേർത്തിട്ടുണ്ട്. ഇത്രയ്ക്കു ബൃഹത്തും മഹത്തുമായ പ്രവർത്തനത്തിലേർപ്പെടുന്ന തുടക്കക്കാരെ സംബന്ധിച്ചിടത്തോളം ചിലതു വിട്ടുപോയാൽപോലും ദുഃഖിക്കേണ്ടതില്ല. ഇക്കാര്യത്തെക്കുറിച്ച് ബെയിലിതന്നെ ആലോചിച്ചിരുന്നു എന്നതിലേക്കു ബെയിലിയുടെ വാക്കുകൾതന്നെ ആസ്പദമായെടുക്കാം: "There are also some omissions the consequence of mere oversight at the time, a few of which have been supplied". ഇങ്ങനെ വിട്ടുപോയിട്ടു കൂട്ടിച്ചേർത്ത വാക്കുകളിൽ 'അവൻ' എന്ന പദവും ഉൾപ്പെടുന്നുണ്ടെന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്രയും വലിയ ഒരു ജോലി ചെയ്യുമ്പോൾ, തുടക്കക്കാരനെ സംബന്ധിച്ചിടത്തോളം വീഴ്ചകളുണ്ടാകുക സ്വാഭാവികമാണ്. രണ്ടാമതൊരാൾ ഇതേ ജോലി ചെയ്യുമ്പോൾ ആദ്യത്തെയാൾക്കു പറ്റിയ വീഴ്ചകളും കുറവുകളും കണ്ടെത്തി, തിരുത്താനും പരിഹരിക്കാനുമാകും; അത് എളുപ്പവുമാണ്.

വടക്കൻ-തെക്കൻ ഭാഷാഭേദങ്ങൾക്കും ആചാരഭാഷയ്ക്കും *ബെയിലീനിഘണ്ടുവി*ൽ ആവശ്യത്തിന് ഇടം കിട്ടിയിട്ടുണ്ട്. കേരളത്തിന്റെ തെക്കൻപ്രദേശത്തു പ്രചാരത്തിലുള്ള പദങ്ങൾ ഗുണ്ടർട്ട് ശേഖരിച്ചതു *ബെയിലീനിഘണ്ടു* ഉൾപ്പെടെയുള്ള കോട്ടയം പ്രസിദ്ധീകരണങ്ങളിൽനിന്നാണ്. എന്നാൽ വടക്കൻ പ്രദേശത്തു പ്രചാരത്തിലുള്ള പദങ്ങൾ ബെയിലി ശേഖരിച്ചതെങ്ങനെയെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. പക്ഷേ, ധാരാളം വടക്കൻഭാഷാപദങ്ങൾ *ബെയിലീനിഘണ്ടുവി*ലുണ്ട്. ചില ഉദാഹരണങ്ങൾ: കൽപ്പന, മേലധികാരം, കൂറ്റൻ, കരി, കൊട്ട, ചെറുമൻ, നായ്, ശകാരിക്ക, ചീത്ത, കോൽക്കാരൻ, പ്രതി, അന്വേഷിച്ചു, പാവുമുണ്ട്, പോക്കിരി, തെമ്മാടി, ഭ്രാന്തൻ, നുറുക്കുക, ഉറുപ്പിക, പൂളക്കിഴങ്ങ്, ... ഇങ്ങനെ വടക്കൻ പ്രയോഗങ്ങൾ വളരെയുണ്ട്: ഇതിനു സമാനമായ തെക്കൻ ഭാഷാ



A

DICTIONARY

OF HIGH AND COLLOQUIAL

MALAYALIM AND ENGLISH,

DEDICATED BY PERMISSION

TO HIS

HIGHNESS THE RAJAH OF TRAVANCORE.

BY THE REV. B. BAILEY

OF THE

CHURCH MISSIONARY SOCIETY.

COTTAYAM:

PRINTED AT THE CHURCH MISSION PRESS.

1846.

ബെയിലി 1846-ൽ പ്രസിദ്ധപ്പെടുത്തിയ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ ശീർഷകപത്രം

ബെഞ്ചമിൻ ബെയിലി

പദങ്ങളും ബെയിലീനിഘണ്ടുവിലുണ്ട്. അവധി, ഉത്തരവ്, പള്ളിക്കൂടം, മുട്ടൻ, കലപ്പ, തൂമ്പ, കുട്ട (=പെൺപന്നി), പുലയർ, നായാട്ടുപട്ടി, ആക്ഷേപിക്ക, അധിക്ഷേപിക്ക, മാസപ്പടി, പുള്ളി, തിരക്കി, നേരിയത്, ചട്ടം, കണ്ടിക്കുക, രൂപാ-തെക്കും വടക്കും പ്രചാരത്തിലുണ്ടായിരുന്ന ആചാരഭാഷാപദങ്ങളും ബെയിലീനിഘണ്ടുവിൽ സമൃദ്ധമാണ്. എഴുന്നള്ളത്ത്, വിടവഴങ്ങുക, കുറ്റം പിഴയ്ക്കുക, പള്ളിയുറക്കം, നിലംപൊത്തുക, നീരാട്ട്, നനയുക, തിരുവെഴുത്ത്, കൈക്കുറ്റപ്പാട്, തിരുമനസ്സ്, തിരുമേനി, തുല്യംചാർത്ത്, പള്ളിക്കെട്ട്, തൃത്താലിചാർത്ത്, കൂട്ടിരിപ്പ്, ചന്തം ചേർക്കുക, മുടിയിറക്കുക, തിരുമുത്തു വിളക്കുക, പള്ളിവായന, ആലസ്യം, അങ്ങുന്നേ, അങ്ങ്, അങ്ങയ്ക്ക് എന്നിവ ചില ഉദാഹരണങ്ങൾമാത്രം.

സസ്യനാമങ്ങൾ, സ്ഥലനാമങ്ങൾ, പുരാണകഥാപാത്രങ്ങൾ എന്നിത്യാദി കാര്യങ്ങൾക്കും ബെയിലി അർഹമായ പ്രാധാന്യം നൽകി.

സസ്യനാമങ്ങൾ

അകിൽ	ഏലം
അടകൊതിയൻ	കരച്ചീര
അടലാശു (ആടലോടകം)	കൃഷ്ണതുളസി
അടെക്ക	ചമത
അത്തിത്തിപ്പലി	ഏത്തവാഴ
ഏരകപ്പുല്ല്	എരിക്ക്

സ്ഥലനാമങ്ങൾ

ഓണാട്	തൃപ്പാപ്പൂസ്വരൂപം
കോലത്തനാട്	മാഗധി
തിരുനെവെലി	മാടഭൂമി
തിരുവില്ല	ചാലിയം
തിരുവനന്തപുരം	മൈസൂർ
തിരുവിതാംകോട്	സിന്ധുദേശം
നാഞ്ചിനാട്	അളകാപുരി

പുരാണകഥാപാത്രങ്ങൾ

അഘോരി	ഗോവിന്ദൻ
അംഗിരസ്സ്	ജാമദഗ്ന്യൻ
അജൻ	നകുലൻ
കലി	പരമേശ്വരൻ
കൃഷ്ണൻ	പരമേശ്വരി
ഗണപതി	പരശുരാമൻ
ഗരുഡൻ	മാലിനി
തണ്ടാരിൽമാത്	സീത

തക്ഷകൻ	അരുന്ധതി
ശിവൻ	ജനകൻ
രാമൻ	ബലരാമൻ
കബന്ധൻ	മഹാബലി
യാജ്ഞവാൽക്യൻ	

സംസ്കൃതത്തിൽനിന്ന് അളവില്ലാതെ പദങ്ങൾ സ്വീകരിച്ച് മലയാളത്തിന്റെ പദസമ്പത്തു വർധിപ്പിക്കാൻ ശ്രമിച്ച ബെയിലി, വിദേശഭാഷാപദങ്ങൾക്കുനേരെ മുഖം തിരിച്ച പ്രതീതിയാണുള്ളത്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള വൈദേശികബന്ധത്തിലൂടെ മലയാളത്തിനുലഭിച്ച വിദേശഭാഷാപദങ്ങൾ അനവധിയാണ്. മലയാളിയുടെ നിത്യോപയോഗത്തിലായിരുന്ന അത്തരം പേർഷ്യൻ, അറബി, പോർച്ചുഗീസ്, ഹീബ്രു, സുറിയാനി, ഇംഗ്ലീഷ് പദങ്ങൾക്ക് ബെയിലി തന്റെ നിഘണ്ടുവിൽ പരിമിതപ്രവേശനമേ അനുവദിച്ചുള്ളു. ഈ ഭാഷകളിൽനിന്നു മലയാളികൾക്കു സുപരിചിതമായിത്തീർന്നിരുന്ന വാക്കുകൾകൂടി ബെയിലി തന്റെ നിഘണ്ടുവിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. പക്ഷേ, ദീർഘകാലത്തെ ഉപയോഗംകൊണ്ട് മലയാളിക്കു തികച്ചും സ്വന്തമായിക്കഴിഞ്ഞു എന്നു ബെയിലിക്കു തോന്നിയ പദങ്ങൾമാത്രമേ അദ്ദേഹം സ്വീകരിച്ചുള്ളു. ബെയിലി സ്വീകരിച്ച പദങ്ങളുടെ ഏകദേശവിവരം താഴെകൊടുക്കുന്നു.

പേർഷ്യൻ പദങ്ങൾ

ഗജം	പറങ്കിത്താഴ്
ത്രാസ്	പറങ്കിപ്പൂട്ട്
തമ്പാക്ക്	പറങ്കിപ്പാഷാണം
നങ്കൂരം	പീരങ്കി
നിരക്ക്	മത്താപ്പ്
പരാതി	മേനാവ്
പിഞ്ഞാണി	വാശി
പറങ്കിപ്പുണ്ണ്	ശിരസ്തദാർ
പറങ്കി	സാമാനം
പറങ്കിച്ചക്ക	

അബ്കാരി, അച്ചാർ, കമ്മി, കാനേഷുമാരി, കൂജ, ഗുമസ്തൻ, ചപ്രാസി, ചപ്പാത്തി, ചൊറുക്കാ, ഡർബാർ, തമാശ, പാദുഷ, പേഷ്കാർ, ബന്തവസ്, ബിനാമി, ബജാർ, ബന്ദി, മയ്യത്ത്, രസീത്, യാദാസ്ത്, ശിപായി, ശിപാർശ, സവാരി, സർക്കാർ, സർദാർ, സിൽബന്ധി, സുറുമ തുടങ്ങി ഒട്ടുവളരെ സുപരിചിത പേർഷ്യൻ പദങ്ങൾ ബെയിലി ഉപേക്ഷിച്ചു.

അറബിവാക്കുകൾ

രാജി	ജാമ്യൻ
വർക്കത്ത് (richness)	ജാമ്യചീട്ട്

വക്കീൽ	തവണ
വക്കീൽമര്യാദ (fees paid to a vakeel)	താലൂക്ക്
റാത്തൽ	നാരങ്ങ
അമ്പാരി	നക്കൽ
അലുവ	പത്തിരി
കവാത്ത്	കീശ
കരാർ	ഉലുവ
കത്ത്	കറുവ

മരാമത്ത്, മുൻസിഫ്, മീശം, മുക്ത്യാർ, മുൻഷി, റദ്ദാക്കുക, റൊക്കം, വക്കാലത്ത് (വക്കീൽ ഉണ്ട്; വക്കാലത്തില്ല), വസൂൽ, സുറിയാനി, ഹാജർ, ഹർജി, അമീർ, അമാലൻ, ആലി, ഇനാം, അദാലത്ത്, ഒസ്യത്ത്, ഖജനാവ്, ഖജാൻജി, ജപ്തി, ജാമ്യം (പക്ഷേ, ജാമ്യനും ജാമ്യച്ചീട്ടും ഉണ്ട്), തഹസീൽ, താക്കീത്, ദല്ലാൾ, നികുതി, ബജറ, ബാക്കി, ബിലാത്തി തുടങ്ങിയ പ്രചാരം സിദ്ധിച്ച വാക്കുകൾ ബെയിലി വിട്ടുകളഞ്ഞു.

പോർട്ടുഗീസ് പദങ്ങൾ ബെയിലീനിഘണ്ടുവിൽ

ആമര	പത്താക്ക്
ആത്ത	പാതിരി
ഏരി	പ്രാക്ക്
ലന്ത	പീപ്പ
വീഞ്ഞ്	പേര
വീപ്പ	ചാപ്പ
പോർക്ക്	ചാക്ക്
മേശ	ചാറ
കടലാസ്	ചിന്തേർ
കപ്പിത്താൻ	തമ്പേറ്
കരയാമ്പൂ	തൂവാല
കശുമാങ്ങ	തോത്
കശുമാവ്	പട്ടാളം
കാപ്പ	പട്ടാളക്കാരൻ
കുരിശ്	ചകലാസ്സ്

ബെയിലി ഉപേക്ഷിച്ചുകളഞ്ഞ പ്രസിദ്ധ പോർച്ചുഗീസ് പദങ്ങൾ: അലമാര, ആയ, അപ്പസ്തോലൻ, ഇങ്കിരിയേസ്, ഇംഗ്ലേശന്മാർ, ഇലുമ്പി, മേസ്തിരി, റാന്തൽ, റീപ്പ, റേന്ത, ഇസ്തിരി, എമ്പ്രദോർ, കടുദാശകളി, കപ്പാസ്, കപ്പേള, കർണൽ, കളസം, കസേറ, വാര, വിജാഗിരി, വിനാഗരി, കുമ്പസാരം, കുശിനി, കൊരടാവ്, കൊവേന്ത, കോപ്പ, ഗവർണദോർ, ചാവി, ജന്നൽ, നൊവേന, പപ്പയ, പേത്രത്താ, പേന, വരാന്ത, ബോർമ.

ഹീബ്രുപദങ്ങൾ

കിന്നരം മെത്ത

സുറിയാനി പദങ്ങൾ

കപ്യാർ, മെത്രാൻ, മെത്രാപ്പോലീത്താ, യവനായ

സുറിയാനിഭാഷാപരിജ്ഞാനം ഉണ്ടായിരുന്ന ബെയിലി ഇടപെട്ടിരുന്നത് സുറിയാനി ക്രിസ്ത്യാനികളുമായിട്ടായിരുന്നു. സുറിയാനികൾക്കിടയിൽ ധാരാളം സുറിയാനിവാക്കുകൾ പ്രചാരത്തിലുണ്ടായിരുന്നു. എന്നിട്ടും ഓശാന, കൽദായ, കബർ, കശീശ, കാസാ, കുർബാന, കൂദാശ, ദയറ, പറുദീസ, മദുബഹ, മഹറോൻ, മൽപ്പാൻ, മാമ്മോദീസ, ബസ്ക്യാമ, മൂറാൻ, ബാവാ, സ്ലീവാ, റമ്പാൻ, റൂഹാ തുടങ്ങിയ സുറിയാനി പദങ്ങൾക്കു *ബെയിലീനിഘണ്ടു*വിൽ പ്രവേശനം കിട്ടിയില്ല.

ഇംഗ്ലീഷ് പദം

കാപ്പി

ഇന്ന് മലയാളികളുടെ സംഭാഷണത്തിലും എഴുത്തിലും ഇംഗ്ലീഷ് ചെലുത്തുന്ന സ്വാധീനം എത്രയുമാണോ അതിലധികമായിരുന്നു ബെയിലിയുടെ കാലത്ത് സംസ്കൃതം മലയാളഭാഷയിൽ ചെലുത്തിയിരുന്ന സ്വാധീനം. ഇന്നത്തെയത്ര സ്വാധീനത ഇംഗ്ലീഷിനുണ്ടായിരുന്നില്ലെങ്കിലും ഇഞ്ച്, ഫർലോങ്, മൈൽ, ഡ്രൈവർ, ജഡ്ജി, മജിസ്ട്രേറ്റ്, കോടതി, ചാർജ്, ചിമ്മിനി, ബെഞ്ച് തുടങ്ങി ധാരാളം വാക്കുകൾ ഇംഗ്ലീഷിൽനിന്നു മലയാളിയുടെ നിത്യോപയോഗത്തിലെത്തിയിരുന്നിരിക്കണം. അവയെയും ബെയിലി ഒഴിവാക്കി നിർത്തി.

ഹൈന്ദവ വേദേതിഹാസങ്ങളിൽനിന്നു പദങ്ങൾ ശേഖരിച്ച ബെയിലി ക്രൈസ്തവ വേദഗ്രന്ഥത്തെ ഒഴിവാക്കി. മുൻഷി, കേണൽ, അമാലൻ, യേശു എന്നു തുടങ്ങി ബെയിലിക്കു സുപരിചിതങ്ങളായ എത്രയോ വൈദേശിക ഭാഷാപദങ്ങളുണ്ടായിരുന്നു. 'പപ്പയ'യ്ക്കു പകരം 'കപ്പളം' എന്നുപയോഗിച്ചു; 'മേസ്തിരി'ക്കു പകരം 'കൽത്തച്ചൻ' എന്നും. കേരളത്തിൽ പ്രചാരത്തിലിരുന്ന സാഹിത്യഭാഷയുടെയും സംസാരഭാഷയുടെയും നിഘണ്ടു രചിച്ച ബെയിലി, വൈദേശികഭാഷാപദങ്ങൾക്ക് അതിലേക്കു സ്വതന്ത്രപ്രവേശനം നൽകിയില്ല. എന്നാൽ "അദ്ദേഹം സ്വീകരിച്ചിട്ടുള്ള പദങ്ങൾ കേരളീയ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതിനിധീകരിക്കുന്നുണ്ട്. എല്ലാ ജാതിക്കാരുടെയും തൊഴിലുകാരുടെയും പദാവലി നിഘണ്ടുവിൽ ഉൾപ്പെട്ടുകാണുന്നു. കൂടാതെ സംഗീതം, നൃത്തം, സാഹിത്യം, തത്ത്വശാസ്ത്രം, വ്യാകരണം, ശിൽപ്പം, ജ്യോതിഷം തുടങ്ങിയ ശാസ്ത്രശാഖകളിലെ സാങ്കേതിക സംജ്ഞകളും ഈ നിഘണ്ടുവിന്റെ പദാവലിയിൽ ഉൾപ്പെടുന്നു." (പി.വി. ഓമന, 1990: 51)

ബെഞ്ചമിൻ ബെയിലി പദങ്ങൾ വ്യാഖ്യാനിച്ചിരിക്കുന്ന രീതി മനസ്സിലാക്കുന്നതിനുവേണ്ടി ഏതാനും ഉദാഹരണങ്ങൾ പരിശോധിക്കാം.

ബെഞ്ചമിൻ ബെയിലി

ഉദാ: 1

എത്ര, An adjective or substantive pronoun, not declinable, except in some cases. It is the interrogative of അത്ര and ഇത്ര. how? how much? how many? what? It may be used in any interrogation respecting time, number, weight, or quantity. എത്രപെർ. How many persons? എത്ര കാലം. How long a time? how long? എത്ര തൂക്കം. what weight? എത്ര നീളം. what length? It should be observed however that എത്ര may be used in two senses, quite opposite to each other, as, ഇവൻ എത്ര ബുദ്ധിമാൻ. *lit.* This man, how wise; if pronounced interrogatively, means, Do you consider this fellow a wise man? implying that he is quite the reverse; but if pronounced as an exclamation, without any interrogation, it signifies, *what a wise man this is!* അവൻ എത്ര ഞാൻ എത്ര. *lit. what is he? what am I?* There is a vast difference between him and me. എത്ര, prefixed to the past tenses of verbs assumes a universal sense, and denotes what*soever,* howmuch*soever***,** howmany*soever,* as, അവനൊട എത്ര പറഞ്ഞാലും അവൻ കേൾക്കയില്ല. *whatsoever*, or *howmuch-soever* you tell him, he will not attend. The relation of എത്ര and അത്ര is shown in the following example; എത്ര പഠിച്ചാൽ അത്ര അധികം ബുദ്ധിമാനാകും. The *more* you study, *somuch* the wiser you will become. എത്രെക്ക, For how much? എത്രത്തൊളം. How far? എത്ര വരെ, To what amount? meaning only somuch. ആ കാര്യത്തിന് ഞാൻ എത്രമാത്രം. Who or what am I that I should be appointed to that business?

ഉദാ. 2

തട, യുടെ. *s.* 1. Hindrance, stoppage. 2. impediment, obstacle. 3. obstruction. 4. resistance, opposition. 5. defence. 6. seige, seizure. 7. a hollow place made in the ground. 8. a small piece of wood or *olla* which prevents the leaves of an *olla* book falling off the string. 9. anything used as a stop or stay. 10. arresting, detention, impeding, molestation. 11. stumbling, a stumbling block. 12. the thick part of the yam called ചെമ്പ 13. the root of a plantain tree. 14. a partition, division, or bank in rice corn fields. തടവരമ്പ, A lower bank in rice corn fields made to keep the water in. തട കാട്ടുന്നു, To make a hollow place in the ground or with the thick films of a plantain tree for placing a leaf in a hollow position to hold conje, or to put seed corn to sprout. തടയും പിടിയും, To contend, to struggle, to wrestle.

ഉദാ. 3

തത്വത്രയം, ത്തിന്റെ. *S*. A metaphysical Triad: God-spirit-matter: the different sects use different names of the three, but the translated meaning

is in all the same.

ഏ, ഓ എന്നീ ദീർഘസ്വരങ്ങളും സംവൃതോകാരവും ഭാഷയിലന്ന് ഉപ യോഗത്തിലില്ലാതിരുന്നതിനാൽ, *ബെയിലീനിഘണ്ടു*വിൽ അത് ഉപയോഗി ച്ചിട്ടില്ല. എന്നാൽ ഏ, ഓ എന്നീ അക്ഷരങ്ങളിലാരംഭിക്കുന്ന പദങ്ങളെ പ്രത്യേകം പ്രത്യേകം വിഭാഗമായി *ബെയിലീനിഘണ്ടു*വിൽ ക്രമപ്പെടുത്തി. അന്നു നിലവിലിരുന്ന ലിഖിതഗദ്യത്തിലെ രീതിയും സംസ്കൃതത്തിലെ കീഴ്‌വഴക്കവും പിൻതുടർന്നുവെങ്കിലും ഏ, ഓ എന്നിവ അർഥഭേദത്തിനു തകുന്ന വർണങ്ങളാണെന്നും അവയ്ക്കു പ്രത്യേകം ലിപിയും ഉപലിപിയും ആവശ്യമാണെന്നുമുള്ള ചിന്ത ബെഞ്ചമിൻ ബെയിലിക്കുണ്ടായിരുന്നതായി കരുതാം. എ, ഒ എന്നീ അക്ഷരങ്ങളുടെ വ്യാഖ്യാനത്തിൽനിന്ന് ഇത് വ്യക്ത മാണ്. ഒകാരത്തിൽനിന്നു ഓകാരത്തെ തിരിച്ചറിയുന്നതിനു ദീർഘം ചില പ്പോൾ ഉപയോഗിക്കുമെന്നു പറയുന്നുണ്ടെങ്കിലും ഒകാരംതന്നെ രണ്ടിനും വേണ്ടി ഉപയോഗിച്ചിരിക്കുന്നു. എന്നാൽ പേജുതോറും നൽകുന്ന സൂചക പദങ്ങളിൽ (catch words) ദീർഘചിഹ്നം (ഉദാ. ഓട, ഓതി) ചേർത്തിട്ടുണ്ട്.

നാമപദങ്ങളുടെ നിർദേശികാഏകവചനരൂപവും ക്രിയാപദങ്ങളുടെ വർത്തമാനകാല രൂപവുമാണ് പദലേഖനത്തിനുവേണ്ടി പൊതുവേ ഉപയോ ഗിച്ചിട്ടുള്ളത്. എന്നാൽ വളരെ അസാധാരണമായി ജന്തുക്കൾ, ജായാപതി കൾ, ദംപതികൾ എന്നിങ്ങനെ ചിലപദങ്ങൾ ബഹുവചനരൂപത്തിലുമുണ്ട്. നാമപദത്തിന്റെകൂടെ സംബന്ധികാവിഭക്തിപ്രത്യയം ചേർന്നുണ്ടാകുന്ന രൂപവും സൂചിപ്പിച്ചിരിക്കുന്നു. ക്രിയാപദത്തിന്റെകൂടെ ഭൂതകാലരൂപവും വിന യെച്ചരൂപവും നൽകിയിട്ടുണ്ട്. മലയാളത്തിൽ പ്രത്യയം ചേർത്തു പദങ്ങൾ രൂപപ്പെടുത്തുന്നതിൽ ഏറ്റവുമധികം ക്രമരാഹിത്യമുള്ളതു സംബന്ധികാ വിഭക്തി/ ഭൂതകാല പ്രത്യയങ്ങൾ ചേർക്കുന്നതിലാണ്. ഇതു പരിഹരിക്കു ന്നതിനാണു ബെയിലി ലേഖകങ്ങൾക്കൊപ്പം മേൽപ്പറഞ്ഞ വ്യാകരണകാ ര്യങ്ങൾകൂടി ചേർത്തത്. അതു വിദേശികൾക്കു മാത്രമല്ല, ഭാഷ 'പഠിക്കുന്ന' സ്വദേശികൾക്കും സഹായകമാണ്. പക്ഷേ, ഇക്കാര്യങ്ങൾ മുൻനിർത്തി, "വ്യാകരണകാര്യങ്ങളിൽ ആവശ്യത്തിലേറെ വിശദാംശങ്ങൾ നൽകാൻ ശ്രമിച്ചു" എന്നൊരു പോരായ്മ *ബെയിലീനിഘണ്ടു*വിനെക്കുറിച്ച് ചൂണ്ടിക്കാ ണിക്കപ്പെട്ടിട്ടുണ്ട്. (പി.വി. ഓമന, 1990: 59) എന്നാൽ അർഥം പറയുന്നതിനു നിഘണ്ടുകാരൻ ഉപയോഗിക്കുന്ന പല സങ്കേതങ്ങളിലൊന്നാണ് ലേഖക ഘടകങ്ങളിൽ ഉൾപ്പെടുത്തുന്ന വ്യാകരണസൂചനകൾ എന്ന് ഡോ. ബി. സി. ബാലകൃഷ്ണൻ പറയുന്നു. (ഭാഷാപോഷിണി, 1984 ഒക്ടോബർ-ന വംബർ: 75) *ബെയിലീനിഘണ്ടു*വിലെ വ്യാകരണകാര്യങ്ങൾ സംബന്ധിച്ച് പ്രൊഫ. സി.എൽ. ആന്റണി രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളും ശ്രദ്ധേയ മാണ്. (ഇത് മുമ്പ് വിശദമാക്കിയിട്ടുണ്ട്.) "ഗാഢമായ പരിചയമില്ലാത്തവർക്കു വൈഷമ്യം ഉളവാക്കുന്ന തരത്തിലാണ് ഭാഷയിലെ ക്രിയാരൂപങ്ങളുടെ ബാഹുല്യം" എന്നും "ക്രിയകളുടെ രൂപഭേദത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധേയമായ ഭാവം അവയുടെ ഭൂതകാലരൂപങ്ങളാണെ"ന്നും *മല യാള മഹാനിഘണ്ടു*വിന്റെ അവതാരികയിൽ പറയുന്നു. തന്മൂലമുണ്ടാകുന്ന

ആശയക്കുഴപ്പം ഒഴിവാക്കാൻ ഭൂതകാലരൂപങ്ങൾ ആസ്പദമാക്കി ക്രിയാഗണവിഭജനം നിർവഹിക്കുകയും ക്രിയയെപ്പറ്റിയുള്ള ലേഖകത്തിൽ ആ ക്രിയ ഏതു ഗണത്തിൽ ഉൾപ്പെടുന്നു എന്നു സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു. ബെയിലി ഇത്രത്തോളം ആഴത്തിലും പരപ്പിലും ഈ പ്രശ്നത്തെ സമീപിച്ചിട്ടില്ലെങ്കിലും ക്രിയാപദത്തോടൊപ്പം ഭൂതകാലരൂപംകൂടി നൽകി പ്രശ്നം പരിഹരിച്ചു.

"പദത്തിന്റെ അർഥം വ്യക്തമാക്കാൻ നിഘണ്ടുകാരൻ ഉപയോഗിക്കുന്ന സങ്കേതങ്ങളിൽ മുഖ്യമായവ നിർവചനം, വിവരണം, സമാനാർഥകമായ മറ്റൊരു പദം ഉപയോഗിക്കൽ എന്നിവയാണ്." (ബി.സി. ബാലകൃഷ്ണൻ, ഭാഷാപോഷിണി, 1984 ഒക്ടോബർ-നവംബർ: 76) ഇവയിൽ ദ്വിഭാഷാനിഘണ്ടുക്കളിൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നത് സമാനാർഥകമായ മറ്റൊരു പദം ഉപയോഗിക്കൽ (സമതുലനം; equation) ആണ്. മലയാളം-ഇംഗ്ലീഷ് ദ്വിഭാഷാനിഘണ്ടുവിൽ ജന്തുസസ്യാദികളുടെ പേര്, ശരീരാവയവങ്ങൾ, രോഗങ്ങൾ തുടങ്ങി ഇന്ത്യയിലും ഇംഗ്ലണ്ടിലും പൊതുവേയുള്ള സംഗതികൾക്കും ചില ക്രിയാപദങ്ങൾക്കും സമതുലനത്തിലൂടെ ലളിതമായി അർഥം പറയാൻ കഴിയും. എന്നിരുന്നാലും ഭാഷ ഒരു സാംസ്കാരിക വ്യവഹാരരൂപംകൂടി ആകുകയാൽ പദങ്ങൾ വലിയൊരളവുവരെ തനതുസംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും സാമൂഹികജീവിതത്തിന്റെയും സൂചകങ്ങൾകൂടി ആയിരിക്കും. അത്തരം സന്ദർഭങ്ങളിൽ ദ്വിഭാഷാനിഘണ്ടുകാരന് ആശ്രയം നിർവചനവും വിവരണവുമാണ്. 'നാലുപായ'ത്തിനും 'വാശി'ക്കും സമതുലനത്തിലൂടെ അർഥം പറയാൻ കഴിയില്ല; വിവരണമേ (description) പറ്റൂ. 'തിലക'ത്തിനും 'നാലുകെട്ടി'നും അർഥം പറയാൻ നിർവചനരീതിയേ (definition) ഉപകരിക്കൂ. ബെയിലി വിവരണവും നിർവചനവും, ലേഖകരചനയിൽ വളരെ വ്യാപകമായും സമർഥമായും പ്രയോഗിച്ചിട്ടുണ്ട്. പദത്തെ വ്യാഖ്യാനിക്കാൻ ഇവ പര്യാപ്തമല്ലെന്നു വന്നപ്പോൾ പദത്തിന്റെ പ്രയോഗവൈവിധ്യം വിശദമാക്കിയും ('എത്ര', 'തട' എന്നീ ഉദാഹരണങ്ങൾ നോക്കുക). ഉദാഹരണങ്ങൾ നൽകിയും ഉദാ. അക്ഷരത്തിന്റെ വ്യാഖ്യാനം. see, see the preceding എന്നീ വാക്കുകൾകൊണ്ട് സദൃശ-സമാനപദങ്ങളുടെ പരാമർശ സൂചന നൽകിയും (ഉദാ. ഉപമാനം, ഊരാളൻ, എതിരേൽപ്പ്, എതിർ, കാമ്പ്) വ്യാഖ്യാനം ഫലപ്രദമാക്കി. പദത്തിന്റെ വിവിധ അർത്ഥങ്ങൾ 1, 2..., ..., ... എന്നിങ്ങനെ അക്കമിട്ടു വെവ്വേറെ കാണിച്ചു.

ബെഞ്ചമിൻ ബെയിലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിലെ ഒരു ലേഖകത്തിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്:

(i) പദം - നാമപദമെങ്കിൽ സംബന്ധികാവിഭക്തി പ്രത്യയംചേർന്ന രൂപവും ക്രിയാപദമെങ്കിൽ ഭൂതകാലപ്രത്യയം, വിനയെച്ചപ്രത്യയം ഇവ ചേർന്ന രൂപങ്ങളും പദത്തോടുകൂടി നൽകുന്നു.

(ii) വ്യാകരണാർഥം

(iii) അർഥങ്ങൾ ഇംഗ്ലീഷിൽ-വിവിധ അർഥങ്ങൾ അക്കങ്ങളിട്ടു വേർതി

രിച്ചു നൽകിയിരിക്കുന്നു.

(iv) സംസ്കൃതപദങ്ങൾക്ക് മലയാളത്തിൽ അർഥം-ഈ രീതി ആദ്യത്തെ മുപ്പത്തിരണ്ടു പേജുകളിൽ ഇല്ല; മുപ്പത്തിമൂന്നാം പേജ് മുതൽ അവസാനംവരെ ഉണ്ട്. പരിചിത സംസ്കൃതപദങ്ങൾക്ക് മലയാളത്തിൽ അർഥം നൽകിയിട്ടില്ല.

ബെഞ്ചമിൻ ബെയിലിക്ക് ഇംഗ്ലീഷ് മാതൃഭാഷയായിരുന്നു; മലയാളം മാതൃഭാഷപോലെയുമായിരുന്നു. അതുകൊണ്ട് മൂലഭാഷാപദങ്ങളുടെ സത്തയെ ലക്ഷ്യഭാഷാപദങ്ങളിൽ സാർഥകമായും സമർഥമായും ആവിഷ്കരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. 'ചെണ്ട'ക്ക് a musical instrument, a kettle drum, a tomtom എന്ന് അർഥം നൽകിയിട്ട് 'ചെണ്ടകൊട്ടി'ന് Beating a drum എന്നു പറഞ്ഞ് അവസാനിപ്പിക്കുന്നില്ല. 'ചെണ്ടകൊട്ടിക്കുന്നു' എന്നതിന് To cause one to beat a drum എന്നും to deceive എന്നുംകൂടി അർഥം നൽകുന്നു. ചെമ്പടുപ്പിന് A large fire-place എന്നാണു ബെയിലി നൽകുന്ന അർഥം. ചെമ്പിക്കുന്നു- To become red or of a copper colour; ചെമ്പുതെളിയുന്നു- Fraud or deception to be discovered. "ഇംഗ്ലീഷ് ഭാഷാവിചക്ഷണനായ ഒരാംഗ്ലേയന്റെ കൈപ്പെരുമാറ്റം നിഘണ്ടുവിൽ ഉടനീളം കാണാം. ഇക്കാര്യത്തിൽ അർഥസ്ഫുടതയാണ് അദ്ദേഹത്തിന്റെ പരമലക്ഷ്യം. അതിനുവേണ്ടിയുള്ള വിവരണംമാത്രം അദ്ദേഹം നൽകും. അതിരുകടന്ന സംക്ഷേപണമോ വിവരണമോ നാം അവിടെ കാണുകയില്ല. ബെയിലിയുടെ പദങ്ങൾ ഗുണ്ടർട്ട് സ്വീകരിക്കുമ്പോൾ പല സ്ഥലത്തും സംക്ഷേപിക്കാൻ ശ്രമിച്ചിട്ടുണ്ട്. അവിടെയൊക്കെ അർഥഗ്രഹണത്തിന് അൽപ്പം ക്ലേശവും കാണാം. രണ്ടുമൂന്ന് ഉദാഹരണങ്ങൾ: നാഗച്ചെമ്പ് എന്ന പദത്തിനു ഗുണ്ടർട്ട് Pinchbek എന്നുമാത്രം അർഥം കൊടുക്കുമ്പോൾ ബെയിലിയാകട്ടെ 'A kind of mixture of gold and copper' എന്നുകൂടി അർഥം പറയുന്നു. നാഗത്താളി എന്നതിനു Cactus എന്നു മാത്രം ഗുണ്ടർട്ട്. A medicinal plant useful against a serpent bite എന്നു ബെയിലി. നാഗഭസ്മം എന്നതിന് A medicinal preparation of lead by reducing it to powder; white lead എന്നു ബെയിലി കൊടുത്ത അർഥം ഗുണ്ടർട്ട് white lead എന്നു സംക്ഷേപിക്കുന്നു." (സി.എൽ. ആന്റണി, 1989: 130-131) അർഥകൽപ്പനയിൽ ഇത്ര ശ്രദ്ധാലുവായിരുന്നെങ്കിലും ബെയിലി പൂർണതൃപ്തനല്ല. അദ്ദേഹം നിഘണ്ടുവിന്റെ ആമുഖത്തിൽ എഴുതുന്നു: "The meanings attached to the purely Malayalim words will be found generally correct, and more meanings might have been added to very many words."

ബെയിലിയുടെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിൽ മുപ്പത്തി മൂന്നാം പേജുമുതൽ ഇംഗ്ലീഷ് അർഥത്തിനുശേഷം ചില പദങ്ങൾക്ക് മലയാളത്തിലും അർഥം കൊടുത്തിട്ടുണ്ട്. ഇതേക്കുറിച്ച് ബെയിലി നിഘണ്ടുവിന്റെ ആമുഖത്തിൽ ഇങ്ങനെ എഴുതി:

"The high Malayalim terms are chiefly derived from the Sanscrit, and great pains has been taken to give the renderings in most common use... <u>*To most of*</u>

<u>*the words derived from the Sanscrit, not in common use, Malayalim renderings are given*</u> in addition to English. This plan was not adopted in the commencement, and the first thirty-two pages are printed without them. It was then considered that the work would be rendered much more valuable by the introduction of those renderings."

മുപ്പത്തിരണ്ടു പേജ് അച്ചടിച്ചതിനുശേഷം അർഥപ്രതിപാദനത്തിൽ ബെയിലി അനുവർത്തിച്ചരീതി ഭാഷയെ സംബന്ധിച്ചു ബെയിലിക്കുണ്ടായിരുന്ന കാഴ്ചപ്പാടിനെക്കുറിച്ചു ചില കാര്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്.

മലയാളികളുടെ സാഹിത്യഭാഷയിൽനിന്ന് (High Malayalam) ധാരാളം വാക്കുകൾ ബെയിലി നിഘണ്ടുവിലേക്കു സ്വീകരിച്ചു. അവയിൽ കൂടുതലും സംസ്കൃതത്തിൽനിന്നുള്ള പദങ്ങളായിരുന്നു. ഇങ്ങനെ സ്വീകരിച്ച സംസ്കൃതപദങ്ങളിൽ അന്ന് സാധാരണ ഉപയോഗത്തിലില്ലാതിരുന്നവയ്ക്ക് മലയാളത്തിൽകൂടി അർഥം കൊടുത്തു അതായത് ബെയിലി ഇംഗ്ലീഷിനു പുറമേ മലയാളത്തിൽക്കൂടി അർഥം കൊടുത്ത സംസ്കൃതപദങ്ങൾ അക്കാലത്തു സാധാരണ ഉപയോഗത്തിലുള്ളവ ആയിരുന്നില്ല. *ബെയിലീനിഘണ്ടു*വിൽ മലയാളത്തിൽ അർഥം കൊടുക്കാതിരുന്ന ചില സംസ്കൃതവ്യുൽപന്നപദങ്ങൾ നോക്കുക. (സ്ഥാലീപുലാകന്യായേന തെരഞ്ഞെടുത്തവ):

അഭിനന്ദനം	അഭിമുഖം
അഭിനയം	അഭിരുചി
അഭിനിവേശം	അഭിവാഞ്ച
അഭിമാനം	അഭിവൃദ്ധി
അഭിഷിക്തം	അസഹ്യം
അഭിഷേകം	അസാദ്ധ്യം
അഭ്യന്തരം	അസംഗതി
അഭ്യസിക്കുന്നു	അസഭ്യവാക്ക്
അവരോധിക്കുന്നു	അസഭ്യം
അവാചി	അസന്തുഷ്ടി
അസംബന്ധം	അസത്യം
അഷ്ടൈശ്വര്യം	അസത്ത്
നാമകീർത്തനം	നായകൻ
നാമജപം	നായകി
നാമധാരണം	നിരക്ഷരകുക്ഷി
നാമധാരി	നിരാചാരം
നാമഭാഷ	നിരാധാരമാക്കുന്നു
നാമം	നിരാപത്ത്
നാമാങ്കിതം	നിരാമയം
നിരാശ്രയക്കാരൻ	നിരാശ
നിരുപാധികൻ	നിരാശൻ

ഇതൊക്കെ സാധാരണമായും സാധാരണക്കാരുടെയും ഉപയോഗത്തിലുണ്ടായിരുന്ന വാക്കുകൾ. സംസ്കൃത നിഷ്പത്തിയുള്ളവയെങ്കിലും മലയാളത്തിൽ അർഥം പറയാതെതന്നെ മനസ്സിലാകുന്നവ. എന്നാൽ മലയാളത്തിൽ അർഥം പറഞ്ഞ വാക്കുകൾക്ക്, അതായതു സാധാരണ ഉപയോഗത്തിലില്ലാതിരുന്ന വാക്കുകൾക്ക്, ഏതാനും ഉദാഹരണങ്ങൾ കാണുക:

അഭിജാതൻ
അഭിജ്ഞൻ
അഭിധ
അഭിധാനം
അഭിനവം
അഭിമതം
അഭിരാമം
അഭിലഷിതം
അഭിവന്ദ്യം
അഭിസാരിക
അഭീതി
അഭീരു
അഭീഷ്ടം
അഭേദം
അഭൗമം
അഭിവാദനം
അഭിവ്യാപ്തം
അഭ്യഗ്രം
അഭ്യംഗം
അഭ്യംഗസ്നാനം
അഭ്യനുജ്ഞ
അഭ്യമിതം
അഭ്യമത്ര്യൻ
അഭ്യർച്ചനം
അഭ്യർച്ചിതം
അഭ്യർണ്ണം
അവാന്തരം
അവാരം
അവികലം
അവികൽപ്പം
അസംഭാവ്യം
അസംഭൂതം
അസംശയം
അഭ്യർത്ഥിതം
അഭ്യവകർഷണം
അഭ്യവസ്കന്ദനം
അഭ്യവഹാരം
അഭ്യവഹൃതം
അഭ്യസൂയം
അഷ്ടീവൽ
അഷ്ടൗ
അഭ്യസ്തൻ
അഭ്യാഗതൻ
അഭ്യാഗമം
അവിഖ്യാതി
അവിഘ്നം
അവിച്ഛിന്നം
അവിജ്ഞാനം
അവിജ്ഞേയം
അവഹേളനം
അവാക്കർണ്ണൻ
അവലംബനം
അവാക്പുഷ്ടി
അവാഗ്രം
അവാങ്മുഖം
അവാച്യം
അസഹിഷ്ണുത
അസാകല്യം
അസാധാരണം
അസാധു
അസാമാന്യം
അസംഖ്യം
അസമീക്ഷ്യകാരി
അസന്ദിഷ്ടം
അസത്യം
അസംസ്കൃതം

അസംകൃതം	അസ്സഹനം
അസക്തി	നാമകരണം
നാമധേയം	നിരഹങ്കാരം
നിരപരാധി	നിരഹങ്കാരി
നിരപായം	നിരാകരണം
നിരപേക്ഷം	നിരാകരിഷ്ണു
നിരർഗ്ഗളം	നിരാകാരൻ
നിരർത്ഥകം	നിരാകാരം
നിരവഗ്രഹം	നിരാകുലം
നിരവധി	നിരാകൃതൻ
നിരസനം	നിരാഘാട
നിരസിക്കുന്നു	നിരാതങ്കം
നിരാധാരക്കാരൻ	നിരാദരം
നിരാധാരൻ	നിരായുധൻ
നിരിന്ദ്രിയം	നിരാലംബം
നിരീശ്വരൻ	നിരീഷം
നിരീഹൻ	നിരീക്ഷണം
നിരുദ്ധം	നിരുത്തരം
നിരുദ്യോഗം	നിരുപല്ലവം
നിരുപദ്രവം	നിരുപമൻ
നിരൂപണം	നിരുപായം
നിരാമയൻ	നിരസ്തൻ

ഇതിൽ ചില വാക്കുകൾ ഇന്നു മലയാളത്തിൽ ഉപയോഗമില്ലാത്തവയാണ്. പക്ഷേ ഒട്ടു വളരെ വാക്കുകൾ, അധികം വാക്കുകളും, സാധാരണ സംഭാഷണഭാഷയിലും എഴുത്തുഭാഷയിലും ഉപയോഗത്തിലുള്ളവയാണ്. ബെയിലി എന്തിനു വിവേചനമില്ലാതെ സംസ്കൃതപദങ്ങൾ സ്വീകരിച്ചു എന്ന ചോദ്യത്തിനുള്ള മറുപടി ഈ വാക്കുകളിലുണ്ട്; ബെയിലിയുടെ നിഘണ്ടുവിൽത്തന്നെയുണ്ട്: ബെയിലി വിവേചനമില്ലാതെ സ്വീകരിച്ച്, തന്റെ നിഘണ്ടുവിൽചേർത്ത് അർഥം പറഞ്ഞ മിക്ക വാക്കുകളും പിൽക്കാലത്ത് മലയാളഭാഷയുടെ പദശേഖരത്തിലേക്കു ചേർക്കപ്പെട്ടു. സംസ്കൃതത്തിൽ നിന്നു വാക്കുകൾ സ്വീകരിച്ച് മലയാളം വളരണമെന്നുള്ള ബെയിലിയുടെ കാഴ്ചപ്പാട്, ശരിയായിരുന്നുവെന്ന് പിൽക്കാലഭാഷാസാഹിത്യചരിത്രം തെളിയിച്ചു. ചില വാക്കുകൾ സ്വീകരിക്കപ്പെട്ടില്ലെന്നുള്ളതു ശരിതന്നെ; പക്ഷേ പലവാക്കുകൾ സ്വീകരിക്കപ്പെട്ടു എന്നുള്ളതു വിസ്മരിക്കാവുന്നതല്ല.

സംസ്കൃതത്തിന്റെ സഹായത്തോടുകൂടിയേ മലയാളത്തിന്റെ പദകോശം വികസിപ്പിക്കാനാകൂ എന്നു ചിന്തിച്ച ബെയിലി *അമരകോശ*ത്തിലെ പദങ്ങൾ ധാരാളമായി ഉൾപ്പെടുത്തി. എന്നാൽ താൻ തയ്യാറാക്കുന്നത് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവാണെന്നുള്ള ഉത്തമ ബോധ്യത്തോടെയാണ് അദ്ദേഹം *അമരകോശ*പദങ്ങളെ സ്വീകരിച്ചത്. "It will be found that nearly, if not the whole of the words which occur in the *Amaresam* or *Amaracosa*

are given in this work to many of which other meanings are attached than those generally given by commentators on the *Amaresam*." (നിഘണ്ടുവിന്റെ ആമുഖം) അതായത് *അമരകോശ*പദങ്ങൾക്ക് അതിന്റെ വ്യാഖ്യാതാക്കൾ നൽകിയിട്ടുള്ള അർഥങ്ങൾക്കുപരിയായി, മലയാളത്തിലുള്ള സാന്ദർഭികാർഥങ്ങളും ബെയിലി നൽകി. സംസ്കൃതപദങ്ങൾ സ്വീകരിക്കുമ്പോഴും അവയ്ക്ക് മലയാളത്തിലുണ്ടാകുന്ന അർഥഭേദങ്ങൾകൂടി ബെയിലി കാണാതിരുന്നില്ല എന്നത് ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം. അതിശയം എന്ന സംസ്കൃതപദത്തിന്റെ അർഥം, ആധിക്യം, കണക്കിൽ കവിഞ്ഞത് എന്നൊക്കെയാണ്. എന്നാൽ ബെയിലി ഈ പദത്തെ വ്യാഖ്യാനിച്ചിരിക്കുന്നതു നോക്കുക:

അതിശയം, ത്തിന്റെ ***.s.*** 1. A wonder, surprise. 2. astonishment. 3. a miracle. 4. an exploit.

അതിശയം. .&c. *adj*. 1. Wonderful, astonishing, marvellous, extraordinary 2. excellent. 3. un common, excessive.

അതിശയപ്പെടുന്നു, ട്ടു, വാൻ. *v.n.* To wonder, to be astonished, surprised.

അതിശയിക്കുന്നു, ച്ചു, പ്പാൻ. *v.n.* 1. To be surprised. 2. to surpass, to excel.

സംസ്കൃതത്തിലെ അതിശയം വേറെ, മലയാളത്തിലെ അതിശയം വേറെ എന്ന് ബെയിലി വ്യക്തമാക്കി.

ബെയിലി തന്റെ നിഘണ്ടു രചനയ്ക്ക് ഉപജീവിച്ച കൃതികളിലൊന്നായിരുന്നു എച്ച്.എച്ച്. വിൽസന്റെ *എ ഡിക്ഷണറി ഇൻ സാൻസ്ക്രിറ്റ് ആൻഡ് ഇംഗ്ലീഷ്.* സംസ്കൃതപദങ്ങൾക്കുവേണ്ടി മുഖ്യമായി ആശ്രയിച്ചത് അമരകോശമാണെന്നും വിൽസന്റെ നിഘണ്ടു തനിക്കു സവിശേഷസഹായമായിരുന്നുവെന്നും ബെയിലി പറഞ്ഞിട്ടുണ്ട്.

ഇംഗ്ലീഷ്-മലയാളം നിഘണ്ടു

1854-ലെ *സി.എം.എസ്. പ്രൊസീഡിങ്സിൽ* ബെഞ്ചമിൻ ബെയിലിയുടെ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിനെക്കുറിച്ച് ഇങ്ങനെ ഒരു പരാമർശം കാണാം:

"Bailey's English and Malayalim Dictionary, 8 vo. stiff covers, 2 l.15 s." ബെയിലിയുടെ *എ ഡിക്ഷണറി ഇംഗ്ലീഷ് ആൻഡ് മലയാളിം* കോട്ടയം സി.എം.എസ്. പ്രസ്സിൽ അച്ചടിച്ച് 1849-ൽ പ്രസിദ്ധപ്പെടുത്തി. എട്ടു തുടക്കത്താളുകളും നിഘണ്ടുവിന്റെ 545 പേജുകളുംകൂട്ടി ആകെ 553 പേജുകളാണുള്ളത്. തുടക്കത്താളുകളിൽ ശീർഷകപത്രം, തിരുവിതാംകൂർ മഹാരാജാവിനു നിഘണ്ടു സമർപ്പിച്ചുകൊണ്ടുള്ള പ്രസ്താവന, നിഘണ്ടുകാരന്റെ ആമുഖം, നിഘണ്ടുവിൽ ഉപയോഗിച്ചിട്ടുള്ള ചുരുക്കെഴുത്തുകളുടെ

പട്ടിക, റോമൻ-ഇറ്റാലിക്സ്-ഓൾഡ് ഇംഗ്ലീഷ് ഫോണ്ടുകളിൽ ഇംഗ്ലീഷ് അക്ഷരങ്ങളും അവയുടെ പേരുകളും എന്നിവ ഉൾപ്പെടുന്നു.

ഡോ. സ്കറിയ സക്കറിയ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിനെക്കുറിച്ചു നൽകുന്ന വിവരം ഇതാണ്: "ബയിലിയുടെ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിന് അർഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ലെന്നു തോന്നുന്നു... ജോൺസൺന്റെ ഇംഗ്ലീഷ് നിഘണ്ടുവിൽ കൽപ്പിച്ചിരിക്കുന്ന അർഥങ്ങൾ ഓരോ വാക്കിൽ നൽകാനാണ് ബെയിലി ശ്രമിക്കുന്നത്. നിർവചനങ്ങളും വിശദീകരണങ്ങളും ഒഴിവാക്കിയിരിക്കുന്നു. ഈ പരിമിതി ആമുഖത്തിൽ എടുത്തു പറയുന്നുമുണ്ട്: 'This work is not executed as so large a scale as he originally designed. It was his intention to have given copious examples under most of the words, but finding that this would increase the work to a large size, he was under the necessity of continuing himself to giving comparatively few examples.' ചുരുക്കത്തിൽ, ഇന്നു പ്രചുരപ്രചാരം നേടിയിരിക്കുന്ന ഇംഗ്ലീഷ് മലയാളം സ്കൂൾ നിഘണ്ടുക്കളുടെ പരിമിതികളെല്ലാമുള്ള നിഘണ്ടുവാണിത്. ഭാഷാചരിത്രവിദ്യാർഥികൾക്കും തർജമക്കാർക്കും പ്രയോജനകരമായ പദാവലികളാണ് 545 പുറങ്ങളുള്ള ഈ നിഘണ്ടുവിന് ഇന്നു പ്രസക്തി നൽകുന്നത്.'' (പി.ജെ. തോമസ്, 1989: 401-402)

ബെയിലി നിത്യോപയോഗത്തിലും സാധാരണ വ്യവഹാരത്തിലും വരുന്ന ഇംഗ്ലീഷ് പദങ്ങളാണു സ്വീകരിച്ചിട്ടുള്ളത്. ഈ നിഘണ്ടുവിൽ പദങ്ങൾക്ക് അർഥം പറയുന്ന രീതി വളരെ ശ്രദ്ധേയമാണ്. ഓരോ പദത്തിന്റെ വ്യാഖ്യാനത്തിലും സംക്ഷിപ്തത, സ്ഫുടത, സമഗ്രത എന്നീ മൂന്നു ഗുണങ്ങളും കഴിയുന്നത്ര പാലിക്കാൻ ബെയിലി ശ്രദ്ധിച്ചിട്ടുണ്ട്. സമതുലന രീതിയിൽമാത്രം അർഥം പറയുവാൻ ബെയിലി പരമാവധി ശ്രദ്ധിക്കുകയും ശുഷ്കാന്തി കാട്ടുകയും ചെയ്തു. തീരെക്കുറച്ചു പദങ്ങളുടെ കാര്യത്തിൽ മാത്രമേ പദവ്യാഖ്യാനത്തിനു വിവരണ-നിർവചന രീതികൾ ഉപയോഗിച്ചിട്ടുള്ളു; അതല്ലാതെ പദവ്യാഖ്യാനത്തിനു മറ്റു യാതൊരു മാർഗവുമില്ലാത്തപ്പോൾമാത്രം. അത്തരം സന്ദർഭങ്ങളിലും നൽകുന്ന വിവരണമോ നിർവചനമോ വളരെ സംക്ഷിപ്തമാണ്. ഏതാനും ഉദാഹരണങ്ങൾ നോക്കുക:

ഉദാ. 1

Biographer - ഒരുത്തന്റെ നടപ്പുവിശെഷങ്ങളെ എഴുതുന്നവൻ, മനുഷ്യരുടെ വൃത്താന്തങ്ങളെ എഴുതുന്നവൻ.

Biography- ക്ക് 'ജനചരിത്രപുസ്തകം' എന്നാണ് അർഥം പറഞ്ഞിട്ടുള്ളത്.

ഉദാ. 2

Electricity - അഗ്നിയുണ്ടാക്കുന്ന വിദ്യ, അരക്ക കമ്പി മുതലായവ ഒന്നൊടൊന്ന ഉരയുന്നതിനാൽ അഗ്നിയുണ്ടാകുന്ന ഗുണം.

ഒരു മലയാളിക്കു സ്വാഭാവികമായുള്ള ഭാഷാവഴക്കത്തോടെയാണ് ഇംഗ്ലീഷ് പദങ്ങൾക്ക് ബെയിലി അർഥം പറയുന്നത്. ഇംഗ്ലീഷ് ഭാഷാപദങ്ങളെ

മലയാളത്തിലേക്കു മൊഴിമാറ്റം നടത്തുമ്പോൾ കഴിയുന്നത്ര മലയാളിത്തം കൂടി ഉൾക്കൊണ്ടുകൊണ്ട് അർഥം പറയാൻ അദ്ദേഹം ശ്രദ്ധിച്ചു. ചില ഉദാഹരണങ്ങൾ നോക്കുക:

ഉദാ. 1

Locker- അറകളുള്ള പെട്ടി, പത്തായം.

ഉദാ. 2

Agony- പ്രാണസങ്കടം, മരണാവസ്ഥ, അതിവെദന, അതിവ്യഥ.

ഉദാ. 3

Aid- സഹായം, തുണ, പിന്തുണ, ആദരവ, ഉതവി.

ഉദാ. 4

Meekness - സൌമ്യത, സാവധാനശീലം, സാധുത്വം, ഗുണശീലം; അപ്രതാപം.

'ലോക്കർ' എന്ന പദത്തിന്റെ അർഥം പറയേണ്ടിവന്നപ്പോൾ മലയാളിയുടെ ജീവിതത്തിൽ ലോക്കറിന്റെ സ്ഥാനം വഹിച്ചിരുന്ന പത്തായത്തെ അതിന്റെ സ്ഥാനത്താക്കിയ ഔചിത്യബോധം പ്രശംസനീയമാണ്. 'ആഗണി'ക്ക് പ്രാണസങ്കടം, അതിവേദന എന്നാണ് ബെയിലി നൽകിയ അർഥം.

മലയാളിയുടെ നാവിന് ഇത്രയ്ക്കിണങ്ങിയ ഭാവസ്പർശകമായ വാക്കുകൾ അധികം ഇല്ല. 'സർജറി'ക്ക് 'ശസ്ത്രക്രിയ' എന്നുതന്നെയാണു ബെയിലി പറഞ്ഞിരിക്കുന്നത്.; 'സർജൻ' ശസ്ത്രവൈദ്യനും. 'മെമ്മോറിയലി'നു 'സങ്കടവര്യോല' എന്നുള്ള അർഥംപോലെ പല ഇംഗ്ലീഷ് വാക്കുകൾക്കും ബെയിലി സവിശേഷവും ഉചിതവുമായ മലയാളപദങ്ങൾ രൂപപ്പെടുത്തുന്നുണ്ട്. 'ചെക്കി'നു (cheque) ബെയിലി നൽകുന്ന അർഥം 'ഉണ്ടികക്കടലാസ്' എന്നാണ്. 'സീൻ' എന്ന പദം വ്യാഖ്യാനിക്കേണ്ടിവന്നപ്പോൾ ജീവിതംകൊണ്ടും മനസ്സുകൊണ്ടും മലയാളിയായിക്കഴിഞ്ഞ ബെയിലിക്ക് കഥകളി കാണാതിരിക്കാൻ കഴിഞ്ഞില്ല:

Scene, *s.* കളിത്തട്ട; രംഗം, ചൊല്ലിയാട്ടം, വെഷപ്പുറപ്പാട, നാടക വർണ്ണനം; കാഴ്ച.

Scenic, Scenical, *a.* നാടകമ്മായുള്ള, നാടകസംബന്ധമുള്ള; കഥകളി സംബന്ധിച്ച.

Scenography, *s.* സൂക്ഷപടത്തെ വർണിക്കുന്ന വിദ്യ, കാഴ്ചവർണനം; കഥകളിയിലെ വെഷം എഴുതുക.

എന്നാൽ I, J എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്ന പദങ്ങളുടെ കാര്യത്തിൽ ഒരു അവ്യവസ്ഥ ബെയിലിയുടെ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിൽ കാണുന്നുണ്ട്. 239-ാം പേജിൽ 'I' എന്ന തലക്കെട്ടിനു ചുവടെ, I (=ഞാൻ) എന്ന വാക്ക് ആദ്യപദമായി ചേർത്തു. അതിനുതൊട്ടുതാഴെ To Jabber, Jabberer, Jacent എന്നിങ്ങനെ മൂന്നു പദങ്ങളാണുള്ളത്. അതിനുതാഴെ

Iacinth. പിന്നീടുള്ള പദം Jack ആണ്. തുടർന്നുള്ള മുപ്പത്തിയേഴു പദങ്ങൾ 'J' യിൽ തുടങ്ങുന്നവതന്നെ. ഈ പദാവലി 'Jay' യിൽ അവസാനിക്കുകയും 'Jay'-ക്കു താഴെ 'Ice' എന്ന പദം ചേർക്കുകയും ചെയ്തിരിക്കുന്നു. ‘I’ യിൽ തുടങ്ങുന്ന പദങ്ങൾ 'Idolist' വരെ തുടരുന്നു. വീണ്ടും, ‘Jealous’ എന്ന വാക്കോടുകൂടി 'J' യുടെ ഊഴം ആരംഭിക്കുന്നു. ഈ വിധത്തിൽ 'I', 'J' എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്ന വാക്കുകൾ കൂട്ടംകൂട്ടമായി ഇടകലർന്നു വരുന്നു. 'J' ക്കു പ്രത്യേകമൊരു തലക്കെട്ടു നൽകിയിട്ടുമില്ല. ഈ പ്രതിഭാസത്തിനു കാരണം അച്ചടിയിലെ പിശകാണെന്നു കരുതുവാൻ ന്യായമില്ല. അക്കാലത്ത് ഇംഗ്ലീഷ് നിഘണ്ടുക്കളിൽ അനുവർത്തിച്ചുപോന്ന എന്തെങ്കിലും സവിശേഷപദസംവിധാനശൈലിയുടെ അനുകരണം കൊണ്ടായിരിക്കാം ഇങ്ങനെ സംഭവിച്ചിരിക്കുന്നത്.

ഏ, ഓ സ്വരങ്ങളും അവയുടെ ഉപലിപികളും സംവൃതോകാരവും ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിലും ഉപയോഗിച്ചിട്ടില്ല. ഇംഗ്ലീഷ് വാക്കിന്റെ ഉച്ചാരണവും രേഖപ്പെടുത്തിയിട്ടില്ല. പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ വ്യാഖ്യാനിക്കുന്നതിന് ഉദാഹരണങ്ങൾ ഉപയോഗിച്ചിട്ടില്ല. ഒരേ പദത്തിന്റെ വിവിധ അർഥങ്ങൾ (നാനാർത്ഥം) പറയുമ്പോൾ, അർഥങ്ങൾക്ക് അക്കങ്ങൾ നൽകി അവയെ വേർതിരിച്ചു കാണിച്ചിട്ടില്ല. ഇത് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിൽനിന്നു പിന്നാക്കം പോക്കാണ്. ഇംഗ്ലീഷ് മലയാളം നിഘണ്ടുവിൽ പദത്തിന്റെ വ്യാഖ്യാനഭാഗത്തുവരുന്ന തുല്യാർഥമുള്ള അഥവാ ഈഷൽഭേദമുള്ള അർഥങ്ങളോടുകൂടിയ പദങ്ങളെ അൽപ്പവിരാമം കൊണ്ടും, നാനാർഥങ്ങളെ അർധവിരാമം കൊണ്ടും വേർതിരിച്ചു കാണിച്ചിരിക്കുന്നു.

ഉദാ.

Branch, *s.* വൃക്ഷത്തിന്റെ കൊമ്പ, കവരം, ശാഖ; കിളിച്ചിൽ, ചിനെപ്പ, വംശവഴി; വംശം; ആറ്റിന്റെ കൈവഴി; കലയുടെ കൊമ്പ; വിളക്കിന്റെ കവരം.

സൂചകപദമായി (catch word) നൽകുന്ന വാക്ക് മുഴുവനായി ചേർത്തിട്ടില്ല; പ്രത്യുത, ഒരു കോളത്തിലെ അവസാനപദത്തിന്റെ ആദ്യത്തെ മൂന്ന് അക്ഷരങ്ങൾ, വലിയ അക്ഷരങ്ങളിൽ അച്ചടിക്കുകയാണ് ചെയ്തിരിക്കുന്നത്. മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിലെയും രീതി ഇതുതന്നെയായിരുന്നു-ഒരു കോളത്തിലെ അവസാനപദത്തിന്റെ ആദ്യത്തെ രണ്ട് അക്ഷരങ്ങൾ അതാതു പേജിന്റെ മുകളിൽ സൂചകപദമായി അച്ചടിച്ചു.

ബെയിലിയുടെ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിലെ ലേഖകത്തിന്റെ പൊതുഘടന ഇപ്രകാരമാണ്: 1. പദം 2. വ്യാകരണകാര്യങ്ങളുടെ സൂചന 3. അർഥങ്ങൾ മലയാളത്തിൽ.

ഒന്നര നൂറ്റാണ്ടുകൊണ്ട് ഇംഗ്ലീഷ്-മലയാളം ഭാഷകളിലെ വാക്കുകൾക്കുണ്ടായ അർഥപരിണാമത്തിന്റെ സൂചകങ്ങളായി ചൂണ്ടിക്കാണിക്കാവുന്ന ഒരുപിടി വാക്കുകൾ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിലുണ്ട്. 'Enter-

priser' എന്നൊരു പദം ബെയിലീനിഘണ്ടുവിലുണ്ട്. ഇന്നത്തെ ഇംഗ്ലീഷ്, ഇംഗ്ലീഷ്-മലയാളം നിഘണ്ടുക്കളിൽ ഇങ്ങനെയൊരു വാക്കു കാണാനിട യില്ല. പകരം Entreprenuer (= one who undertake an enterprise) എന്ന വാക്കു കണ്ടേക്കാം. ഇതുപോലെ മറ്റുചില പദങ്ങൾ കൂടി-

Film- പാട, പുറംതൊൽ, നെർത്തപൊള, നെർത്തതൊലി

ഇന്നത്തെ പ്രസിദ്ധ അർഥങ്ങളായ സിനിമ (ചലച്ചിത്രം), സെല്ലുലോ യിഡ് ചുരുൾ എന്നീ അർഥങ്ങൾ *ബെയിലീനിഘണ്ടു*വിലില്ല. അന്ന് രണ്ടും ഇല്ലായിരുന്നുവെന്നതുതന്നെ കാരണം.

Editor- പുസ്തകങ്ങളെ അച്ചടിപ്പിക്കുന്നവൻ. ഇക്കാലത്ത് ആനുകാലി കപ്രസിദ്ധീകരണങ്ങളുടെ പത്രാധിപന്മാരെക്കുറിച്ചു പറയുവാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. പുസ്തകം എഡിറ്റ് ചെയ്യുന്നയാളെ 'copyeditor' എന്നും വിളിക്കുന്നു.

Lens - സൂര്യകാന്തിച്ചില്ല, കുഴൽക്കണ്ണാടിച്ചില്ല
Journalist - ദിവസവർത്തമാനമെഴുതുന്നവൻ
Journal - നാൾവഴി, നാൾവഴി കണക്ക, ദിനചരി; വൃത്താന്തക്കടലാസ്; പഞ്ജി

Literature - പഠിത്വം, വിദ്യ, അക്ഷരപരിജ്ഞാനം.

ലിറ്ററേച്ചർ എന്ന പദത്തിന്റെ വ്യാഖ്യാനത്തിൽ ആദ്യസ്ഥാനം നേടാ റുള്ള 'സാഹിത്യം' ഇക്കൂട്ടത്തിലില്ല. അന്നത്തെ സാഹിത്യം 'പൊയട്രി'യും 'ഡ്രാമ'യുമായിരുന്നല്ലോ?

Magistrate- അധികാരി, രാജ്യാധികാരി.
Physics - പ്രകൃതമായ ലൌകികജ്ഞാനം, പ്രകൃതിജ്ഞാനം
Spokesman - ഇടപറയുന്നവൻ, തടസ്ഥൻ

പദത്തിന്റെ അർഥത്തിൽമാത്രമല്ല, വർണവിന്യാസക്രമത്തിലും ചില സവിശേഷതകൾ *ബെയിലീനിഘണ്ടു*ക്കളിൽ കാണാനുണ്ട്. 'നാളികേരം' എന്നല്ല, 'നാരികേളം' എന്നാണു *ബെയിലീനിഘണ്ടു*വിൽ; 'ആഹാരം' അല്ല 'ആകാരം' ആണ്. 'ഇഷ്ടിക' ഇല്ല; ഉള്ളത്, 'ഇട്ടിക' ആണ്. 'വിമ്മിഷ്ടം' വ ന്ന കൂട്ടത്തിലായിരിക്കാം ഇഷ്ടികയും വന്നതെന്നു കരുതാം. അതുപോലെ അധ്യാപകൻ, അധ്വാനം തുടങ്ങിയ വാക്കുകളിലെ രണ്ടാമത്തെ അക്ഷരം 'ദ്ധ' എന്നാണു മലയാളത്തിൽ എഴുതുന്നതെന്നും താൻ നിഘണ്ടുവിൽ സംസ്കൃതരീതിയിലുള്ള വർണവിന്യാസം (spelling) ആണു സ്വീകരിക്കു ന്നതെന്നും ബെയിലി ആനുഷംഗികമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാ യാലും മലയാളികൾക്കു പിന്നെയും മലയാളത്തിന്റെ രീതിയിലുള്ള എഴു ത്തായിരുന്നു ഇഷ്ടം. 'ല' ഇരട്ടിപ്പിച്ചിട്ട്, അതിനോടു 'യ'കാരം ചേർത്ത് 'ല്ല്യ' എന്നെഴുതുന്ന കാര്യം പ്രൊഫ. എസ്. ഗുപ്തൻനായർ ചൂണ്ടിക്കാട്ടിയിട്ടു ണ്ട്. (1986: 109) അതുപോലെ 'വ' ഇരട്ടിപ്പിച്ച്, അതിനോടു രേഫം ചേർത്ത് 'വ്വ' എന്നാണുപയോഗിച്ചിരുന്നത്. ഇതേ രീതിയിൽ *സ്വർണ്ണം*, *വർണ്ണം*

എന്നൊക്കെ അച്ചടിക്കുമ്പോഴും, മുകളിൽ ചൂണ്ടിക്കാട്ടിയതുപോലെ, *അദ്ധ്യക്ഷ*നെക്കാൾ 'അധ്യക്ഷ'നോടായിരുന്നു ബെയിലിക്കു താൽപ്പര്യം.

ഭാഷയ്ക്കാവശ്യമുള്ള അടിസ്ഥാനഗ്രന്ഥങ്ങളാണു നിഘണ്ടുക്കളും വ്യാകരണങ്ങളും. ബെഞ്ചമിൻ ബെയിലി മലയാളം-ഇംഗ്ലീഷ്, ഇംഗ്ലീഷ്-മലയാളം എന്നിങ്ങനെ രണ്ടു നിഘണ്ടുക്കൾ രചിച്ച്, മലയാളത്തിനു നിഘണ്ടുക്കളില്ലാത്ത കുറവു തീർത്തപ്പോൾ, വ്യാകരണഗ്രന്ഥങ്ങളില്ലാത്ത കുറവ് പിന്നെയും ബാക്കി നിൽക്കുകയായിരുന്നു. മലയാളഭാഷയിലെ ആദ്യത്തെ പ്രാമാണിക വ്യാകരണഗ്രന്ഥം എന്നു വിശേഷിപ്പിക്കാവുന്ന *മലയാള ഭാഷാവ്യാകരണം* (ഡോ. ഹെർമൻ ഗുണ്ടർട്ട്) പ്രസിദ്ധപ്പെടുത്തിയത് 1851-ൽ മാത്രമായിരുന്നു. ബെയിലി കേരളത്തിലെത്തി ഭാഷ പഠിക്കാനാരംഭിച്ചതിനൊപ്പം തുടങ്ങിയ നിഘണ്ടു നിർമാണത്തിന്റെ ആദ്യഫലം 1846-ൽ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ രൂപത്തിൽ പ്രസിദ്ധീകൃതമായി. ബെയിലിയുടെ നിഘണ്ടുവിനും ഗുണ്ടർട്ടിന്റെ വ്യാകരണത്തിനുംമുമ്പ് നടന്നിട്ടുള്ള നിഘണ്ടു നിർമാണ വ്യാകരണരചനാ പരിശ്രമങ്ങൾ ഇരുശാഖകൾക്കുമൊരു ആദിചരിത്രമുണ്ടാക്കുന്നതിനുമാത്രമേ സഹായകമായിട്ടുള്ളു; അവയ്ക്ക് ഭാഷയുടെ വികാസത്തിലോ ജനങ്ങളുടെ ഭാഷാപഠനത്തിലോ കാര്യമായി എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, പ്രസ്തുത പൂർവകാലകൃതികൾ ബെഞ്ചമിൻ ബെയിലിയുടെയും ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെയും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പലവിധത്തിൽ അവർക്കത് ഉപകരിച്ചിട്ടുമുണ്ടാകും. എന്നാൽ മലയാളികളും മലയാളികളല്ലാത്തവരുമായ പൊതുജനങ്ങൾക്ക് ഭാഷ പഠിക്കാനുള്ള സഹായകഗ്രന്ഥങ്ങൾ എന്ന നിലയിൽ ആദ്യമായി പ്രയോജനപ്പെടുകയും ജനങ്ങൾക്കിടയിൽ പ്രചരിക്കുകയും ചെയ്ത നിഘണ്ടുക്കൾ ബെയിലിയുടേതും വ്യാകരണം ഗുണ്ടർട്ടിന്റേതുമായിരുന്നു. "ബെയിലി കേരളത്തിൽ എത്തിയപ്പോൾ ഒരു വിദേശിയെ സംബന്ധിച്ചിടത്തോളം മലയാളഭാഷ ഊടുവഴികൾപോലും ഇല്ലാത്ത ഒരു വനപ്രദേശമായിരുന്നു. ശാസ്ത്രീയാധ്യാപനത്തിന് അനുപേക്ഷണീയമായ വ്യാകരണമോ, നിഘണ്ടുവോ ഒന്നും അന്നില്ല." (കെ.എം. ജോർജ്, 1976: 105) വളരെക്കാലത്തെ പ്രയത്നത്തിന്റെ ഫലമായി ഈ ഭാഷാകാന്താരത്തിലൂടെ ഒരു വഴി വെട്ടിയുണ്ടാക്കാൻ ബെയിലിക്കു കഴിഞ്ഞു. മലയാളഭാഷാവൻകാട്ടിലെ ആദ്യത്തെ 'കാടുവെട്ടി'യായ ബെയിലിക്ക് അതിന്റേതായ ക്ലേശങ്ങൾ ഒരു വശത്തും ധീരത മറുവശത്തുമുണ്ടായിരുന്നു. തന്റെ ക്ലേശങ്ങൾ വകവെയ്ക്കാതെ, ധീരതയോടെ ഭാഷാവൻകാട്ടിലൂടെ മുന്നേറിയ ബെഞ്ചമിൻ ബെയിലിയാണ് മലയാളഭാഷയ്ക്ക് ആദ്യമായി രണ്ട് അടിസ്ഥാനഗ്രന്ഥങ്ങൾ ലഭ്യമാക്കിയത്: മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും. ഈ കൃതികളിലെ ഉള്ളടക്കത്തിന്റെ ഗരിമ പ്രശംസനീയമാണ്; അവയുടെ ചരിത്രപരമായ മഹത്വം അന്യാദൃശമാണ്; പ്രസ്തുത കൃതികളുടെ സൃഷ്ടിക്കുവേണ്ടി സ്രഷ്ടാവ് അനുഭവിച്ച 'അതിവേദന' ഒരു മാർഗദർശകനുമാത്രം വിധിച്ചിട്ടുള്ളതുമാണ്.

7

സത്യവേദത്തിലുള്ള കഥകളും മറ്റും

ചർച്ച് മിഷനറി സൊസൈറ്റിയുടെ കോട്ടയം കേന്ദ്രത്തിലെ മിഷനറിമാർ സ്വയം ഏർപ്പെടുത്തിയ ഉത്തരവാദിത്വ വിഭജനപ്രകാരം പരിഭാഷയുടെയും (വിശിഷ്യ വേദപുസ്തകപരിഭാഷ) അച്ചടിശാലയുടെയും ചുമതല ബെയിലിക്കായിരുന്നു. 1818 ഒക്ടോബറിൽ ജോസഫ് ഫെൻ കോട്ടയത്തെത്തി കോളജിന്റെ ചുമതല ഏറ്റെടുക്കുന്നതുവരെ കോളജിന്റെ സൂപ്രണ്ട് അഥവാ പ്രിൻസിപ്പാളും ബെയിലിയായിരുന്നു. എന്നാൽ ഇക്കാലത്തു ബെയിലി മുഖ്യമായി ശ്രദ്ധിച്ചതു ബൈബിൾ പരിഭാഷയിലാണ്. 1836 ജനുവരി 16-ന് (കൊല്ലവർഷം 1011 മകരം 5) ഉണ്ടായ മാവേലിക്കര പടിയോല നിശ്ചയങ്ങളെത്തുടർന്ന് മലങ്കരസഭയും സി.എം.എസ്സും വേർപിരിഞ്ഞു. പിന്നീട് സി.എം.എസ്. സ്വതന്ത്രമിഷനറി പ്രവർത്തനമാരംഭിച്ചപ്പോൾ 'കോട്ടയം വില്ലേജ് മിഷ'ന്റെ ചുമതലകൂടി ബെയിലിക്കായി. അപ്പോളും മുഖ്യചുമതലകൾ പരിഭാഷയും പുസ്തകപ്രസാധനവും അച്ചടിശാലയുടെ നടത്തിപ്പുമായിരുന്നു. ചുരുക്കത്തിൽ കേരളത്തിലെത്തിയനാൾമുതൽ മടങ്ങിപ്പോകുന്നതുവരെ ബെയിലിയിൽ നിക്ഷിപ്തമായിരുന്നതും അദ്ദേഹം നിർവഹിച്ചതുമായ മുഖ്യചുമതലകൾ പരിഭാഷ, അച്ചടി, പുസ്തകപ്രസാധനം എന്നിവയായിരുന്നു. ഇക്കാലത്ത് ബെയിലി ധാരാളം കൃതികൾ മലയാളത്തിലേക്കും ചില കൃതികളെങ്കിലും ഇംഗ്ലീഷിലേക്കും പരിഭാഷപ്പെടുത്തി എന്നുള്ളതിനു ധാരാളം സാക്ഷ്യങ്ങളുണ്ട്.

ബെയിലിക്ക് എല്ലാക്കാലത്തും പുസ്തകപ്രസാധനവുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു പ്രധാനകാര്യം ചെയ്യാനുണ്ടായിരുന്നു: 1829 വരെ *ബൈബിൾ* പരിഭാഷ, *പുതിയനിയമ*ത്തിന്റെ സംശോധിത പരിഷ്കരണം, *പുതിയനിയമ*ത്തിന്റെ അച്ചടിയും പ്രസാധനവും എന്നീ കാര്യങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. 1831 മെയ് മുതൽ 1834 ഒക്ടോബർവരെ ഫർലോയിൽ (അനുവാദ അവധിയിൽ-Furlough) ഇംഗ്ലണ്ടിലായിരുന്നു.

മടങ്ങിവന്നുകഴിഞ്ഞ് ബൈബിൾ *പഴയനിയമ*ത്തിന്റെ സംശോധിത പരിഷ്കരണത്തിലും അച്ചടിയിലും വ്യാപൃതനായി. അത് പൂർത്തിയായത് 1841-ലാണ്. ഇതിനിടയിൽ 1836-ൽ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ അച്ചടി ആരംഭിച്ചു കഴിഞ്ഞിരുന്നു. കേരളത്തിലെത്തിയപ്പോൾമുതൽ ആരംഭിച്ച അധ്വാനമാണ് 1846-ൽ അത് പ്രസിദ്ധപ്പെടുത്തിയപ്പോൾ സഫലമായിത്തീർന്നത്. അധികം വൈകാതെ *ഇംഗ്ലീഷ്-മലയാളം നിഘണ്ടു*വും പ്രസിദ്ധപ്പെടുത്തി (1849). 1850 മാർച്ചിൽ ജോലിയിൽനിന്നു വിരമിച്ച് നാട്ടിലേക്കുമടങ്ങി. ഇത്തരത്തിലുള്ള വലിയ ജോലികൾക്കിടയിലാണ് ലഘുലേഖകൾ മുതൽ ചെറുപുസ്തകങ്ങൾവരെയുള്ള ധാരാളം കൃതികൾ ബെയിലി പരിഭാഷപ്പെടുത്തിയതും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതും.

ജോസഫ് ഫെൻ തിരുവിതാംകൂറിലെത്തിയ ഉടനെ മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിക്ക് അയച്ച ഒരു റിപ്പോർട്ടിൽ, ബെയിലിയുടെ പരിഭാഷായത്നങ്ങളെക്കുറിച്ച്, താഴെക്കാണുംവിധം വായിക്കാം:

"We found him (Bailey) very busily occupied with the Translation of the Scriptures. The whole is completed, with the exception of one or two chapters in the Second Book of Chronicles, which are wanting in all the Syriac Manuscripts....

Mr.Bailey has also translated the Morning and Evening Services of our church, the Litany, the Communion Service as far as the Nicene Creed, and several of the Collects, Epistles and Gospels.

Every evening, he has service in his own house; and every Sabbath, in the College Chapel...

Mr.Bailey has also translated the Church Catechism; and his translation records very much with Mr.Springs. We showed it to a Nambier, who begged permission to transcribe it, and also to translate it into Sancrit..." (Proceedings of the C.M.S., 1819: 321)

ബെയിലി കോട്ടയത്തെത്തിയതിനുശേഷം കോളജിനോടനുബന്ധിച്ചു നിർമിച്ച പള്ളി പൊതു ആരാധനയ്ക്കായി തുറന്ന ദിവസംതന്നെ-1818 സെപ്റ്റംബർ 20-അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ ആംഗ്ലിക്കൻ പ്രാർഥനക്രമം ഉപയോഗിച്ച് ആരാധന നടത്തി. ബെയിലി പരിഭാഷപ്പെടുത്തിയ ഈ ആരാധനക്രമം ചില സുറിയാനി പുരോഹിതന്മാർ അവരുടെ പള്ളികളിൽ വായിക്കുകയും ചെയ്തിരുന്നു. ബെയിലി കേരളത്തിലെത്തി നാലു വർഷമായപ്പോളേക്കും മലയാളത്തിൽ പ്രസംഗിക്കുന്നതിനുള്ള ഭാഷാപ്രാവീണ്യം നേടി:

The Mission has been established now four years; reckoning from March 1817, the period of Mr.Bailey's arrival. Each of us can understand the Natives in ordinary conversation, and be understood by them;

and Mr.Bailey is in the constant habit of preaching to them, in their own language.

1817 മാർച്ച് ആയപ്പോളേയ്ക്കും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുവാനും മലയാളത്തിൽ പ്രസംഗിക്കുവാനുമുള്ള ഭാഷാപരിജ്ഞാനം നേടിയ ബെയിലി, പക്ഷേ കൂടുതൽ സമയം ചെലവഴിച്ചതു പരിഭാഷയ്ക്കു വേണ്ടിയായിരുന്നു.

ബെയിലി മലയാളത്തിലേക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയ കൃതികളുടെ കൂട്ടത്തിൽ പള്ളിയുടെ ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള ഒരു ധർമോപദേശകൃതി (A Homily On the Right Use of the Church), ഡോ. വാറ്റ്സിന്റെ ഒന്നും രണ്ടും ചോദ്യോത്തര പുസ്തകങ്ങൾ (കൂടാതെ വലിയ ചോദ്യോത്തര പുസ്തകവും ഉണ്ട്.), മുറേയുടെ വ്യാകരണ സംഗ്രഹം (Murray's Abridged Grammer), *രണ്ട് ആട്ടിൻകുട്ടികൾ*, റാം മോഹൻറോയിയുടെ *ഈശ-കേന ഉപനിഷദ്* പരിഭാഷയും വ്യാഖ്യാനവും, മിസ്സിസ് ഷെർവുഡിന്റെ *ഇന്ത്യൻ തീർഥാടകൻ* എന്നിവ ഉൾപ്പെടുന്നു... ഈ പേർ പറഞ്ഞ കൃതികളിൽ കാണാൻ കഴിഞ്ഞിട്ടുള്ളത് *വാറ്റ്സിന്റെ വലിയ ചോദ്യോത്തരപ്പുസ്തകം* (*സത്യവേദത്തിലുള്ള കഥകൾ*) മാത്രമാണ്. *രണ്ട് ആട്ടിൻകുട്ടികൾ* എന്ന കൃതി *ചെറുപൈതങ്ങൾക്ക...കഥകളിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്. മിഷനറിമാർക്കിടയിൽ നന്നായി അറിയപ്പെട്ടിരുന്ന വ്യക്തിയായിരുന്നു രാജാ റാം മോഹൻറോയി. 1816 സെപ്റ്റംബറിലാണ് ബെയിലി മദ്രാസിൽ എത്തിച്ചേർന്നത്. ആ മാസത്തെ *മിഷനറി രജിസ്റ്ററിൽ* രാജാ റാം മോഹൻറോയിയെക്കുറിച്ചും റോയി കൽക്കത്തയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഇംഗ്ലീഷ് ട്രാക്ടിനെക്കുറിച്ചും വിപുലമായ ഒരു ലേഖനം ഉണ്ട്. അഞ്ചു പേജ് ദൈർഘ്യമുള്ള പ്രസ്തുത ലേഖനത്തിൽ റോയിയുടെ ട്രാക്റ്റിന്റെ ശീർഷകത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു:

"Translation of an Abridgement of the vedant, or Resolution of all the veds; the most celebrated and revived work of Bhrahminical Theology; establishing the unity of the Supreme Being; and that He alone is the object of Propitiation and worship: by Ram Mohan Roy." (Missionary Register, 1816 September: 370)

ബെയിലിയുടേതായി പറയുന്ന ''two tracts of Ram Mohan Roy, containing translations of and commentaries up on Ishopanishad and L[K]ena Upanishad'' എന്ന ട്രാക്ട് മേൽപ്പടി റാം മോഹൻറോയി ട്രാക്ടിൽ നിന്ന് ഊർജം സ്വീകരിച്ചു പരിഭാഷപ്പെടുത്തിയതായിരിക്കണം. അതുപോലെ മിസ്സിസ് ഷെർവുഡിന്റെ *ഇന്ത്യൻ തീർത്ഥാടകൻ* എന്ന കൃതിയും ഇന്ത്യയിലെ മിഷനറി പ്രവർത്തകർക്കിടയിൽ പൊതുവേ അറിയപ്പെട്ടിരുന്ന ഒന്നാണ്. മദ്രാസ് ട്രാക്ട് അസോസിയേഷൻ തമിഴ് ഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത കൃതിയെക്കുറിച്ച് 1827-ലെ *മിഷനറി രജിസ്റ്ററിൽ* ഇങ്ങനെയൊരു പരാമർശം കാണാം: "മിസ്സിസ് ഷെർവുഡിന്റെ ഇന്ത്യൻ തീർത്ഥാടകൻ,

ബഹുദൈവാരാധനയ്ക്കെതിരെയുള്ള ഒന്നും നാലും അദ്ധ്യായങ്ങൾ, 5000–മൊഹമ്മദനിസത്തിനെതിരെയുള്ള രണ്ടും മൂന്നും അദ്ധ്യായങ്ങൾ, 2000 മദ്രാസ് ട്രാക്ട് അസോസിയേഷൻ പ്രസിദ്ധപ്പെടുത്തി." (മിഷനറി രജിസ്റ്റർ, 1827 ഫെബ്രുവരി: 99)

കോട്ടയത്ത് അച്ചടി ആരംഭിക്കുംമുമ്പ് ബെയിലിയും മറ്റുള്ളവരും പരിഭാഷപ്പെടുത്തിയ വേദഭാഗങ്ങളും ട്രാക്ടുകളും എഴുത്തുകാരെയിരുത്തി ഓലയിലും കടലാസിലും പകർത്തിയെഴുതിച്ച്, പള്ളികളിലും വിദ്യാലയങ്ങളിലും പൊതുജനങ്ങൾക്കിടയിലുമൊക്കെ വിതരണം ചെയ്യുകയായിരുന്നു പതിവ്. ബെഞ്ചമിൻ ബെയിലി 1820 ഫെബ്രുവരിയിൽ തിരുവിതാംകൂറിലെ സുറിയാനി പള്ളികളിൽ നടത്തിയ സന്ദർശനത്തെക്കുറിച്ച് ആ മാസം 14–നു എഴുതിയ നാൾവഴിയിൽ, മുളന്തുരുത്തി പള്ളിയെക്കുറിച്ചു പറയുന്നിടത്ത് ഇങ്ങനെ എഴുതുന്നു: "പത്തു കൽപ്പനകൾ, ഡോ.വാറ്റ്സിന്റെ ലഘു ചോദ്യോത്തരം, രണ്ടു ട്രാക്ടുകൾ എന്നിവ അവിടെ നൽകിയിട്ടു പോന്നു." (പ്രൊസീഡിങ്സ് ഒഫ് ദി സി.എം.എസ്., 1821: 275) ഈ ട്രാക്ടുകൾ ഏതെന്നു പറയുന്നില്ല. അവ ബെയിലി പരിഭാഷപ്പെടുത്തിയതാണെന്നുള്ള കാര്യത്തിലും അച്ചടിശാല പ്രവർത്തനസജ്ജമായപ്പോൾ മുദ്രണം ചെയ്തിട്ടുണ്ടാകുമെന്നുള്ള കാര്യത്തിലും സംശയമില്ല.

മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റിയുടെ 1826 ജൂൺ 14–ാം തീയതിയിലെ മിനിറ്റ്സിൽ, ബെയിലി നവംബർ 12–നു കമ്മറ്റിക്കയച്ച കത്തിനോടൊപ്പം മലയാളത്തിലുള്ള രണ്ടു ട്രാക്ടുകളുടെ ഓരോ കോപ്പികൂടി ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ, ട്രാക്ടിന്റെ പേരോ മറ്റു കാര്യങ്ങളോ ഇല്ല. അതുപോലെ, കറസ്പോണ്ടിങ് കമ്മറ്റിയുടെ 1835 മെയ് 13–ലെ മിനിറ്റ്സിൽ, 'ട്രാക്റ്റ് തയ്യാറാക്കി' (Tract Prepared) എന്നുള്ള മാർജിൻ നോട്ടിനൊപ്പം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ബെയിലിയുടെ 1835 ഏപ്രിൽ 11–ലെ കത്തു വായിച്ചു. *ഗോബറ്റിന്റെ അബിസ്സീനിയ*യിൽനിന്നുള്ള ഭാഗങ്ങൾ (Gobat's Abyssinia) പരിഭാഷപ്പെടുത്തിയതായും ഒരു ആമുഖംകൂടി എഴുതിച്ചേർത്താൽമാത്രം മതിയാകുമെന്നും എഴുതിയിരിക്കുന്നു." (സി.എം.എസ്.–2 എന്ന് രേഖപ്പെടുത്തിയിട്ടുള്ള മിനിറ്റ്സ് ബുക്ക്, യു.റ്റി.സി. ആർക്കൈവ്സ്, ബാംഗ്ലൂർ)

സി.എം.എസ്. പ്രസ്സ് സ്ഥാപിച്ച്, പ്രവർത്തനമാരംഭിച്ച കാലത്ത്, ബെയിലിയുടെ ആഭിമുഖ്യത്തിൽ നടന്നിരുന്ന വിപുലമായ പരിഭാഷയെയും അച്ചടിയെയുംകുറിച്ച് ഡബ്ല്യു.എസ്.ഹണ്ട് രേഖപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധേയമാണ്: "Besides the Bible, a number of tracts and improving booklets in Malayalam were prepared and printed." (1920: 71)

ബെഞ്ചമിൻ ബെയിലിയുടെ കേരളത്തിലെ സേവനകാലത്തിന്റെ അവസാനപാദത്തിലും അദ്ദേഹം ധാരാളം കൃതികൾ പരിഭാഷപ്പെടുത്തിയിരുന്നുവെന്നുള്ളതിനു *മിഷനറി രജിസ്റ്ററിലെ* പ്രസ്താവനകൾ തെളിവുകളാണ്. 1842 ജൂലൈ ലക്കത്തിൽനിന്ന്:

“The Rev. Benjamin Bailey continues his ministrations to the congregations in the village of Kottayam. He is also very usefully occupied in translating Tracts into Malayalim, and correcting for the society.” (Missionary Register, 1842 July: 346)

വീണ്ടും, 1846 ഏപ്രിൽ ലക്കത്തിൽ ഇങ്ങനെ കാണാം:

“Mr.Bailey is chiefly engaged in Translations, and the superintendence of the Mission Press.”

മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങളിൽനിന്ന് എത്തിച്ചേരാൻ കഴിയുന്ന നിഗമനം ഇതാണ്: തുടക്കംമുതൽ ഒടുക്കംവരെ ബെയിലി ധാരാളം ട്രാക്ടുകൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ട്രാക്ടുകൾ മിക്കവയും ലഘുഗ്രന്ഥങ്ങളാണ്. ലഘുലേഖകൾ എന്നു വിശേഷിപ്പിക്കാവുന്നവയും അക്കൂടെ പ്രസിദ്ധപ്പെടുത്തിയിരുന്നുവെന്നുമാത്രം. (പിൽക്കാലത്ത് ജോർജ് മാത്തന്റെ പല കൃതികളും ട്രാക്ടുകളായി പ്രസിദ്ധീകരിച്ചത് സ്മരണീയമാണ്.) വ്യാപകമായ പ്രചാരം നേടിയിരുന്ന ഈ ലഘുഗ്രന്ഥങ്ങൾ ബെയിലിയുടെ മധ്യമാർഗഗദ്യരീതിക്കു പ്രചാരം നൽകുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. മലയാളത്തിൽ അച്ചടിയിലൂടെ പ്രചരിച്ച ആദ്യകാല സാമഗ്രികളിൽ വലിയൊരു ഭാഗം ഇത്തരം ട്രാക്ടുകളായിരുന്നു. ഇവ മതാത്മക സാഹിത്യമായിരുന്നുവെങ്കിലും അവയിൽ ഉപയോഗിച്ച സംഭാഷണം, വിവരണം, സംഭവകഥാഖ്യാനം, ധാർമിക കഥകൾ എന്നിവ ഗദ്യവ്യവഹാരത്തിന്റെ വിഭിന്ന മുഖങ്ങൾ വായനക്കാർക്കു പരിചിതമാക്കി; അവ ഗദ്യരചനയിൽ തൽപ്പരരായിരുന്നവർക്ക് മാതൃകയായിത്തീരുകയും ചെയ്തു. പി.ജെ. തോമസിന്റെ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന കൃതിയുടെ ‘പൂരണ’ത്തിൽ ഡോ. സ്കറിയ സക്കറിയ നടത്തുന്ന നിരീക്ഷണം ഈ സന്ദർഭത്തിൽ വളരെ പ്രസക്തമാണ്:

“സാഹിത്യ വ്യാപാരത്തിനിണങ്ങുന്ന ആഖ്യാനശൈലികൾ വളർത്തിയെടുക്കുന്നതിൽ മിഷനറിമാർ പങ്കുവഹിച്ചിട്ടുണ്ട്. മതപ്രചാരണത്തിനും അന്യമതധ്വംസനത്തിനുംവേണ്ടി പലതരത്തിലുള്ള ലഘുലേഖകൾ അവർ പ്രസിദ്ധീകരിച്ചിരുന്നു. അവയിൽ ചിലതെല്ലാം നാടകീയമായ ആഖ്യാനശൈലിയിലാണ് അവതരിപ്പിച്ചിരുന്നത്. നാടകീയമായ പ്രതിപാദനത്തിനും സംഭാഷണരൂപത്തിലുള്ള തത്ത്വവിചാരത്തിനും ഏകാഗ്രമായ കഥാഖ്യാനത്തിനും മലയാളഗദ്യത്തെ എങ്ങനെ കലാത്മകമായി ഉപയോഗിക്കാം എന്നു *ബൈബിളട*ക്കമുള്ള മിഷനറിമാരുടെ രചനകൾ കാട്ടിക്കൊടുത്തു. മലയാളഗദ്യത്തെ ഇത്തരം കാര്യങ്ങൾക്ക് ഇതിനുമുമ്പ് ആരും ഉപയോഗിച്ചിരുന്നില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ മലയാളഗദ്യത്തിന്റെ സാധ്യതകൾ കണ്ടറിഞ്ഞു സാഹിത്യോചിതമായി അത് ഉപയോഗിച്ചുതുടങ്ങിയതു മിഷനറിമാരാണ്. അവരുടെ മതദൂഷണ സാഹിത്യംപോലും ഗദ്യഭാഷയുടെ ചുറുചുറുക്കും കാര്യശേഷിയും തെളിച്ചു കാട്ടുന്നവയായിരുന്നു. വ്യവഹാരതലത്തിൽ ഒതുങ്ങിനിന്നിരുന്ന മലയാളഗദ്യത്തെ ഗ്രന്ഥത്തിലേക്കു മിഷനറിമാർ പിടിച്ചു

യർത്തി." (1989: 488-489)

പക്ഷേ ഏറ്റവും ദൗർഭാഗ്യകരമായ സംഗതി ബെയിലി പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നും പ്രസിദ്ധീകരിച്ചുവെന്നും വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന അസംഖ്യം കൃതികളിൽ ഒട്ടുമിക്കതും ഇന്നു ലഭ്യമല്ലെന്നുള്ളതാണ്.

ബെഞ്ചമിൻ ബെയിലിയുടെ പരിഭാഷ പ്രധാനമായും ഇംഗ്ലീഷിൽനിന്നു മലയാളത്തിലേക്കായിരുന്നുവെങ്കിലും തിരിച്ച് മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേയ്ക്കും അദ്ദേഹം പരിഭാഷ നിർവഹിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു കൃതിയെക്കുറിച്ച് വ്യക്തമായ സാക്ഷ്യങ്ങളുണ്ട്. മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ യഥാർഥ ചരിത്രം എന്ന നിലയിൽ അവർക്കിടയിൽ സൂക്ഷിക്കപ്പെട്ടു പോന്നിരുന്നതും മലങ്കര മെത്രാപ്പൊലീത്താ ദീവന്നാസ്യോസ് ക്രോഡീകരിച്ചതുമായ ഒരു *ലഘു ചരിത്രമാണു* പരാമൃഷ്ടകൃതി. ഈ കൃതി മലയാളം മൂലത്തിൽനിന്നു ബെയിലി പരിഭാഷപ്പെടുത്തി എന്നു തോമസ് വൈറ്റ്ഹൗസ് രേഖപ്പെടുത്തുന്നു. *സി.എം.എസ്. പ്രൊസീഡിങ്സിൽ* (19th Report for 1818-19) 317-ാം പേജുമുതൽ, ബെയിലിയുടെ ഇംഗ്ലീഷ് പരിഭാഷ അച്ചടിച്ചു ചേർത്തിട്ടുണ്ട്.

പൊതുവിലുള്ള പ്രാർഥനയും കുടുംബപ്രാർഥനയും

കേരളത്തിലെ ജനങ്ങളിലാർക്കുംതന്നെ ഇഷ്ടദൈവങ്ങളെ മാതൃഭാഷയിൽ ആരാധിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ലായെന്നുള്ളത്, ഇന്നാലോചിക്കുമ്പോൾ തെല്ലു വിസ്മയകരമാണ്. ഹൈന്ദവ ആരാധനകളെല്ലാം ദേവഭാഷയായ സംസ്കൃതത്തിൽ; മലങ്കരയിലെ ക്രിസ്ത്യാനികളുടെ ആരാധനാഭാഷാ സുറിയാനി; മുസ്ലീങ്ങൾക്ക് അറബിതന്നെ പ്രധാനം. 'ദൈവത്തിന്റെ വചനം മലയാളികളുടെ മാതൃഭാഷ'യിലേക്ക് പരിഭാഷപ്പെടുത്തിയ ബെയിലിയുടെ മറ്റൊരു ദൗത്യമായിരുന്നു. മലയാളികളുടെ മാതൃഭാഷയിൽ ദൈവത്തെ ആരാധിക്കുന്നതിനുള്ള 'ക്രമം' ഉണ്ടാക്കുക എന്നുള്ളത്. അതേക്കുറിച്ച് സി.എം.ആഗൂർ ഇങ്ങനെ എഴുതുന്നു:

"Munro greatly urged the translation of the Liturgy of the Church of England no its being substituted in all syrian Churches in preference to other forms of worship. At first there appeared to be no difficulty in accomplishing this. Mr. Bailey proceeded on with the work as quick as possible, so that he finished the Liturgy by July 1818, and commenced the Collects, Epistles and Gospels in August, and within a short time more he translated as much of the Liturgy as enabled him to commence the Divine Service in the Malayalam language. This ofcourse gave no small degree of pleasure and relief to Mr.Bailey's mind, since he attained the object he had long wished." (1903: 978-979)

ആഴ്ചവട്ടത്തിൽ ഒരൊ രാവിലെയും വൈകുന്നെരത്തും ചെയ്യേണ്ടുന്ന കുടുംബപ്രാർഥനകൾ (Family Prayer), *പൊതുവിലുള്ള പ്രാർഥനകൾ*

അടങ്ങിയിരിക്കുന്ന പുസ്തകം (Book of Common Prayer) എന്നിവയ്ക്ക് പലവിധത്തിലുള്ള അനവധി പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. പല വിധത്തിലുള്ള എന്നതുകൊണ്ട് പല വലിപ്പവും ഉള്ളടക്കവുമാണ് ഉദ്ദേശിക്കുന്നത്. ഉദാ: 8vo., 16mo., തുടങ്ങിയ സൈസുകൾ. ഉള്ളടക്കത്തിൽ നേരിയ വ്യത്യാസങ്ങളുള്ള പതിപ്പുകളും ഉണ്ട്. ഉദാ. പൊതുവിലുള്ള പ്രാർഥനകൾമാത്രം അടങ്ങിയിരിക്കുന്ന പതിപ്പും (1849) പൊതുവിലുള്ള പ്രാർഥനകളും ദാവീദിന്റെ സങ്കീർത്തനങ്ങളും അടങ്ങിയിരിക്കുന്ന പതിപ്പും (1838). ആംഗ്ലേയസഭ ആചരിച്ചുവരുന്ന പ്രകാരം പൊതുവിലുള്ള പ്രാർഥനയും സക്രമെന്തുകളുടെ (= sacrament; വിശുദ്ധകർമം, കൂദാശ) അനുഷ്ഠാനവും സഭയിലെ മറ്റുകർമങ്ങളും ആചാരങ്ങളും ദാവീദിന്റെ സങ്കീർത്തനങ്ങളും പ്രസ്ബിറ്ററന്മാർക്കും (presbyter) ദിയാക്കോന്മാർക്കും (deacon) പട്ടം കൊടുക്കുന്നതിനുമുള്ള ആചാരക്രമവുമാണ്, *പൊതുവിലുള്ള പ്രാർഥനകൾ* എന്ന പുസ്തകത്തിലെ ഉള്ളടക്കം.

ആലപ്പുഴയിലെ മിഷനറിയായിരുന്ന തോമസ് നോർട്ടനും ആരാധനക്രമം പരിഭാഷപ്പെടുത്താൻ ശ്രമിച്ചിരുന്നു. ഇക്കാരണത്താൽ 1829-ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തെ സംബന്ധിച്ച് പി.ചെറിയാൻ ഇങ്ങനെ ഒരു സന്ദേഹം ഉന്നയിക്കുന്നു: “At last 1000 copies of the complete *Common Prayer* (without the Psalms) were printed in 1829. It is not possible to say whether it was Mr. Bailey’s translation or that of Mr. Norton or something that was a compromise between these two that was actually printed.” ആംഗ്ലിക്കൻ ആരാധനക്രമത്തിനു താൻ രചിച്ച പരിഭാഷ മലയാളം മിഷനുകളിലെല്ലാം ഉപയോഗത്തിലിരിക്കുന്നുവെന്ന് ബെയിലി ഉറപ്പിച്ചു പ്രസ്താവിച്ചിട്ടുള്ളതിനാൽ ഇത്തരമൊരു സന്ദേഹത്തിന് യാതൊരു അടിസ്ഥാനവുമില്ല. അതിലുപരിയായി സി.എം.എസിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ *പൊതുവിലുള്ള പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്ന പുസ്തകവും, കുടുംബപ്രാർഥനകളും* ബെയിലിയുടെ പുസ്തകങ്ങളാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. (സി.എം.എസ്. പ്രൊസീഡിങ്സ്, 1882: xxix)

ബെയിലി പരിഭാഷപ്പെടുത്തിയ *പൊതുവിലുള്ള പ്രാർഥനകൾ* അടങ്ങിയിരിക്കുന്ന പുസ്തകത്തിന് വളരെക്കാലത്തേക്ക് ഭാഷാപരമായോ ഉള്ളടക്കസംവിധാനത്തിലോ പരിഗണനാർഹമായ മാറ്റമോ പരിഷ്കരണമോ ഒന്നും ഉണ്ടായില്ല. ചൊല്ലിപ്പതിഞ്ഞ പ്രാർഥനകളിലെ ഒരു വാക്കുപോലും മാറ്റുന്നത് ആർക്കും സ്വീകാര്യമാകുകയില്ല എന്നുള്ളതായിരുന്നു ഇതിന് മുഖ്യ കാരണം. ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഒരു ഉള്ളടക്കക്രമമാണ് *ബുക്ക് ഒഫ് കോമൺ പ്രയറി*ന്റേത് എന്നുള്ളതുകൊണ്ട് ഉള്ളടക്കത്തിലും മാറ്റം ഉണ്ടാകുക എളുപ്പമായിരുന്നില്ല. കൊച്ചി-തിരുവിതാംകൂർ ആംഗ്ലേയസഭ 1947-ൽ ദക്ഷിണേന്ത്യാസഭ (Church of South India) ആയപ്പോൾപോലും ആരാധനപുസ്തകത്തിനു മാറ്റമുണ്ടായില്ല.

പൊതുവിലുള്ള പ്രാർഥനകൾ അടങ്ങിയ പുസ്തകത്തിന്റെ മൂലഭാഷ

ഇംഗ്ലീഷാണ്; മൂലകൃതി *ബുക്ക് ഒഫ് കോമൺ പ്രെയറും.* ബൈബിളിന്റെ കാര്യത്തിലെന്നപോലെ പദാനുപദ തർജമയാണ് ഈ ഗ്രന്ഥത്തിലും അനുവർത്തിച്ചിരിക്കുന്നത്. ഇംഗ്ലീഷ് ഗദ്യശൈലിയുടെ സ്വാധീനം ബൈബിളിലെന്നപോലെ ഇതിലും വ്യക്തമാണ്. *ചെറുപൈതങ്ങൾക്ക... കഥകളിൽ* കാണുന്നതുപോലെ 'മഹാ'ചേർത്തുള്ള പ്രയോഗങ്ങൾ (ഉദാ. മഹാപ്രിയമുള്ളവരേ, മഹാതാണ്മ, മഹാദിവ്യം, മഹാഅപകടം) ഇതിലും കാണാം. പിൽക്കാല പതിപ്പുകളിൽ, ബെയിലിയുടെ കാലത്തേതിൽനിന്നു വ്യത്യസ്തമായി, ഏ-ഓ ദീർഘലിപികളും അവയുടെ ഉപലിപികളും സംവൃതോകാരവും ചേർത്തിട്ടുള്ളതുകൊണ്ട്, അതില്ലാത്തപ്പോഴനുഭവപ്പെടുന്ന അരസികത ഒട്ട് അനുഭവപ്പെടുന്നുമില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ബെയിലിയുടെ പരിഭാഷയോട് ഇപ്പറഞ്ഞ ഭാഷാ പ്രയോഗങ്ങളൊക്കെ ചേർത്ത് വായിച്ചാൽ, അത് ഇക്കണ്ടതുപോലെ നല്ല ശൈലിയായി അനുഭവപ്പെടും. ഭാഷാപരമായ നയവൈകല്യങ്ങൾക്കു പരിഭാഷകനെകുറ്റപ്പെടുത്തേണ്ട കാര്യമില്ല. അത് തൽക്കാലീന ഭാഷയുടെ പരിമിതികളോ സവിശേഷതകളോ ആണ്.

സത്യവേദത്തിലുള്ള കഥകൾ അഥവാ ഇസ്ഹാക്ക് വാറ്റ്സിന്റെ ചോദ്യോത്തര പുസ്തകം

ക്രൈസ്തവ മിഷനറിമാർ വിശ്വാസികളെ മതതത്ത്വങ്ങളും വേദതത്ത്വങ്ങളും പഠിപ്പിക്കുന്നതിന് ഉപയോഗിച്ചുപോന്ന ഫലപ്രദമായൊരു ഉപാധിയാണ് ചോദ്യോത്തര പുസ്തകങ്ങൾ. മലയാളത്തിൽ അച്ചടിച്ച ഒന്നാമത്തെ പുസ്തകമായ *സംക്ഷേപവേദാർത്ഥം* ഗുരു-ശിഷ്യ സംവാദരൂപത്തിലുള്ള ഒരു ചോദ്യോത്തര പുസ്തകമാണ്. ഈശോമിശിഹായുടെ പ്രബോധനങ്ങളിൽ അടങ്ങിയിരിക്കുന്ന വേദസാരത്തിന്റ നാലു പ്രധാന കൂട്ടങ്ങളായ വിശ്വാസപ്രമാണം, സ്വർഗസ്ഥനായ പിതാവേ എന്ന നമസ്കാരം, പത്ത് വേദപ്രമാണങ്ങൾ, ഏഴുകൂദാശകൾ എന്നിവയെക്കുറിച്ചാണ് ഈ കൃതി പ്രതിപാദിക്കുന്നത്. *സംക്ഷേപവേദാർത്ഥം* ഒരു വാചാപ്പരീക്ഷപോലെയാണ്. ഗുരു ചോദ്യങ്ങൾ ചോദിക്കുന്നു; ശിഷ്യൻ ശരിയായ ഉത്തരങ്ങൾ പറയുന്നു. അങ്ങനെ ശിഷ്യന്റ ഉത്തരങ്ങളിലൂടെ കത്തോലിക്കാസഭയുടെ വിശ്വാസകാര്യങ്ങളും ആശയങ്ങളും വിശദമാക്കപ്പെടുന്നു.

ഐസക്ക് വാറ്റ്സിന്റ മൂന്നു ചോദ്യോത്തര പുസ്തകങ്ങളാണു മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുള്ളത്. പ്രത്യേകം ഗ്രന്ഥനാമമില്ലാത്ത രണ്ടു ചെറു ചോദ്യോത്തരപുസ്തങ്ങളും *സത്യവെദത്തിലുള്ള കഥകൾ* എന്ന പേരുള്ള വലിയ ഒരു ചോദ്യോത്തര പുസ്തകവുമാണ് അവ. ആറുസെന്റിമീറ്റർ നീളവും ആറുസെന്റിമീറ്റർ വീതിയുമുള്ള, മുപ്പത്തിരണ്ടു പേജോടുകൂടിയ ഒന്നാം ചോദ്യോത്തരവും പത്തുസെന്റിമീറ്റർ നീളവും അഞ്ചുസെന്റീമീറ്റർ വീതിയുമുള്ള, എൺപത്തിരണ്ടു പേജുകളുള്ള (പ്രാർഥനകൾ ഉൾപ്പെടെ) രണ്ടാം ചോദ്യോത്തരവും 'ചർച്ച് കാറ്റക്കിസ'മായിരിക്കാനാണു സാധ്യത. അവയുടെ കോപ്പികൾ കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മിഷനറി പരാമർശങ്ങളിൽ വലിയ *ചോദ്യോത്തരപുസ്തകം* എന്നും പേരുപറയാറുള്ള

*സത്യവെദത്തിലുള്ള കഥകളാ*ണ് ഐസക്ക് വാറ്റ്സിന്റ പ്രധാന ചോദ്യോത്തര പുസ്തകം. 1842, 1871 വർഷങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രണ്ടു പതിപ്പുകൾ ഈ പുസ്തകത്തിന്റേതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. മുന്നൂറിലധികം പേജുകളും കട്ടി ബയന്റിങ്ങുമുള്ള ഈ പുസ്തകം മുദ്രണത്തിൽ ഉൽക്കൃഷ്ട നിലവാരം പുലർത്തുന്നു.

*സത്യവേദത്തിലുള്ള കഥകളു*ടെ രണ്ടു പതിപ്പിനും തമ്മിൽ ഉള്ളടക്കത്തിൽ വ്യത്യാസമില്ല. 1871-ലെ പതിപ്പിന്റ ശീർഷകപത്രത്തിന്റ മുകളിൽ Watts' scripture history എന്നുകൂടി ചേർത്തിട്ടുണ്ടെന്നുമാത്രം. വേദപുസ്തകത്തിലെ *പഴയനിയമ* പുസ്തകങ്ങളിലെ കഥ (അഥവാ കാര്യങ്ങൾ) പ്രതിപാദിക്കുന്നതിന് ഇരുപത് അധ്യായങ്ങൾ നീക്കിവെച്ചു. *പുതിയനിയമ* പുസ്തകങ്ങൾക്കുവേണ്ടി ആറ് അധ്യായങ്ങൾ. അങ്ങനെ ആകെ ഇരുപത്തിയാറ് അധ്യായങ്ങളുണ്ട്. ഓരോ അധ്യായത്തിനും പ്രത്യേകം തലക്കെട്ടുണ്ട്- ജലപ്രളയത്തിനുമുമ്പുള്ള മനുഷ്യജാതിയുടെ കഥ (1-ാം അദ്ധ്യായം), ജലപ്രളയത്തിന്റശേഷം നോഹയെയും അബ്രഹാമിനെയും അവരുടെ കുഡുംബങ്ങളെയും, കുറിച്ച (2-ാം അധ്യായം), യെഹൂദന്മാരുടെ കർമസംബന്ധമായ പ്രമാണത്തെകുറിച്ച (അഞ്ചാം അധ്യായം) എന്നിങ്ങനെ. ചില അധ്യായങ്ങളെ പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ അധ്യായത്തിലെയും ചോദ്യങ്ങൾക്ക് തുടർച്ചയായ നമ്പർ നൽകിയിരിക്കുന്നു. ഒന്നാം അധ്യായത്തിൽ നാൽപ്പത്തിയഞ്ചു ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ഉണ്ട്. രണ്ടാം അധ്യായത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂന്നുഭാഗങ്ങളിലും കൂടി എൺപത്തിഒൻപതു ചോദ്യങ്ങൾ ഉണ്ട്. "ചൊദ്യൊത്തരമായിട്ട വെദവാക്യത്തിന്റകഥ ചുരുക്കമായി എഴുതുന്നതിന്റ സാധ്യം പഠിത്വമുള്ളവരുടെ ശീലത്തിന്നായിട്ടതന്നെ അല്ല, പ്രധാനമായിട്ട മനുഷ്യജാതിയിൽ വാലിഭക്കാർക്ക എളുപ്പമായിട്ട ഉപദെശിക്കുന്നതിനും ആയിരുന്നു" എന്ന് ഗ്രന്ഥകാരൻ കൃതിയുടെ ലക്ഷ്യത്തെക്കുറിച്ചു പറയുന്നു.

*സത്യവേദത്തിലുള്ള കഥകളു*ടെ 1842-ലെ പതിപ്പിന്, 18 സെന്റിമീറ്റർ X 11 സെന്റിമീറ്റർ വലിപ്പത്തിൽ, 306 പേജുണ്ട്. 1871-ലെ പതിപ്പിന് അതേ വലിപ്പത്തിൽ 320 പേജുണ്ട്. ഈ രണ്ടാം പതിപ്പിന്റ ഒടുവിൽ വേദപുസ്തക സംഭവങ്ങളുടെ ഒരു കാലാനുക്രമണിക ചേർത്തിട്ടുണ്ട്. രണ്ടു പതിപ്പുകളുടെയും ഉള്ളടക്കത്തിൽ യാതൊരു വ്യത്യാസവും ഇല്ല. ഭാഷാശൈലിയിലും മാറ്റമൊന്നുമില്ല. എന്നാൽ ചില പദങ്ങളിൽ പ്രൂഫ്റീഡർ വരുത്തിയ മാറ്റംകണക്കെ ചില നിസ്സാര വ്യത്യാസങ്ങൾ കാണാനുണ്ട്. 1842 പതിപ്പിൽ ഏ, ഓ ലിപികളും അവയുടെ ഉപലിപികളും സംവൃതോകാരവും ഇല്ല. 1871 പതിപ്പിൽ ഏ, ഓ ലിപികളും അവയുടെ ഉപലിപികളും ഉപയോഗിക്കുന്നുണ്ട്; പക്ഷേ, സംവൃതോകാരം ഇല്ല. സംവൃതോകാരം അകാരാന്തംകൊണ്ടു കുറിക്കുന്നു. താരതമ്യത്തിനുവേണ്ടി രണ്ടു പതിപ്പിൽനിന്നുമുള്ള ഓരോ ഭാഗം ഉദ്ധരിക്കാം:

(ക) 1842 പതിപ്പ്.

ചൊദ്യൊത്തര പ്രകാരം ചുരുക്കി ഇരിക്കുന്ന പുതിയനിയമത്തിലെ കഥ

തലക്കെട്ട

പഴയനിയമത്തിലെ കഥ പറഞ്ഞ നിർത്തിയിരിക്കയും ഒരൊത്തടത്ത നാം അറിഞ്ഞിരിക്കുന്നെടത്തൊളം യൂദന്മാരുടെ കാര്യങ്ങൾ ചുരുക്കത്തിൽ പറഞ്ഞിരിക്കയും ചെയ്തിരിക്ക കൊണ്ട ഇപ്പൊൾ നാം പുതിയതിലെ കഥെക്ക ഭാവിക്കുന്നു; അതിലെ പ്രധാനസാരം മനുഷ്യരുടെ രക്ഷിതാവായി കർത്താവായിരിക്കുന്ന യെശുക്രിസ്തുവും മുമ്പനായ യൊഹന്നാൻ ബപ്തീസ്തയും അവന്റ കൂട്ടുകാരായ അപ്പൊസ്തലന്മാരും ആകുന്നു. യൊഹന്നാൻ ബപ്തീസ്തിന്റ കഥ ചുരുക്കത്തിൽ മാത്രമേ ഉള്ളു, അതിൽ അവന്റ ജനനത്തിന്റ പ്രധാന സംഗതിയും അവന്റ ശുശ്രൂഷയും അവന്റ മരണവും അടങ്ങി ഇരിക്കുന്നു. നമ്മുടെ രക്ഷിതാവായ യെശുക്രിസ്തുവിന്റെ കഥ അധികം വിസ്തരിച്ചിട്ടുണ്ട...

(ഖ) 1871 പതിപ്പ്

ചോദ്യോത്തര പ്രകാരം ചുരുക്കി ഇരിക്കുന്ന പുതിയ നിയമത്തിന്റെ കഥ

തലക്കെട്ട.

*പഴയനിയമ*ത്തിലെ കഥ പറഞ്ഞ നിർത്തിയിരിക്കയും ഓരോത്തടത്ത നാം അറിഞ്ഞിരിക്കുന്നെടത്തോളം യെഹൂദന്മാരുടെ കാര്യങ്ങൾ ചുരുക്കത്തിൽ പറഞ്ഞിരിക്കയും ചെയ്തിരിക്കകൊണ്ട ഇപ്പോൾ നാം പുതിയതിലെ കഥെക്ക ഭാവിക്കുന്നു; അതിലെ പ്രധാന സാരം മനുഷ്യരുടെ രക്ഷിതാവായി കർത്താവായിരിക്കുന്ന യേശുക്രിസ്തുവും മുമ്പനായ യോഹന്നാൻ ബപ്തീസ്തും അവന്റെ കൂട്ടുകാരായ അപ്പോസ്തൊലന്മാരും ആകുന്നു.

യോഹന്നാൻ ബപ്തീസ്തിന്റ കഥ ചുരുക്കത്തിൽ മാത്രമെ ഉള്ളു, അതിൽ അവന്റെ ജനനത്തിന്റെ പ്രധാന സംഗതിയും അവന്റെ ശുശ്രൂഷയും അവന്റെ മരണവും അടങ്ങിയിരിക്കുന്നു.

നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ കഥ അധികം വിസ്തരിച്ചിട്ടുണ്ട...

1842-ലെ പതിപ്പിൽ ആമുഖത്തിനു ഖണ്ഡികാവിഭജനമില്ല; 1871-ലെ പതിപ്പിൽ ഖണ്ഡികകളായി വിഭജിച്ച് ആമുഖം ഭംഗിയാക്കി. രണ്ടു പതിപ്പുകളിലും ചിഹ്നങ്ങൾ ഉചിതമായി ഉപയോഗിച്ചിട്ടുണ്ട്.

ശൈലീശുദ്ധമായ മലയാളത്തിന്റെ പ്രസന്ന മുഖമാണു *സത്യവേദത്തിലുള്ള കഥകൾ* കാണിച്ചുതരുന്നത്. മധ്യമാർഗ ഗദ്യരചനയുടെ ആദ്യ പരീക്ഷണശാലയായ *ചെറുപൈതങ്ങൾക്ക... കഥകളിൽ* സാധാരണക്കാർക്കു മനസ്സിലാകാൻ പ്രയാസമുള്ള സംസ്കൃതപദങ്ങളും വിദ്യാസമ്പന്നർക്ക് അരോചകമായേക്കാവുന്ന സംഭാഷണഭാഷാപദങ്ങളുമുണ്ടായിരുന്നു. എന്നാൽ *ബൈബിൾ* പരിഭാഷയിലെത്തുമ്പോൾ മധ്യമാർഗഗദ്യം സാധാരണക്കാർക്കു കൂടി എളുപ്പം മനസ്സിലാകുന്ന ധാരാളം സംസ്കൃതപദങ്ങൾകൊണ്ടും പ

ണ്ഡിതന്മാർക്കുകൂടി തികച്ചും സ്വീകാര്യമായ സംഭാഷണഭാഷാപദങ്ങൾ കൊണ്ടും കൂടുതൽ മെച്ചപ്പെട്ടതായിത്തീർന്നു. ഈ ഗദ്യത്തിന്റെ അൽപ്പംകൂടി മെച്ചപ്പെട്ട അവസ്ഥയാണു *സത്യവേദത്തിലുള്ള കഥകളിൽ* കാണാൻ കഴിയുന്നത്.

ഈ ഗദ്യഭാഗത്ത് സംവൃതോകാരം വേണ്ടിടത്ത് അത് ഇല്ലാത്തതിന്റെയും ഏ-ഓ ലിപികൾ ഉപയോഗിക്കാത്തതിന്റെയും പോരായ്മ ഉണ്ട്. പക്ഷേ അത് അന്നത്തെ ഭാഷാരീതിയുടെ സവിശേഷത ആയിരുന്നുവല്ലോ? തീർന്ന്, പാർത്ത്, സേവിച്ചു, തിരിച്ചുവന്ന്, കോപിച്ചു, അസൂയപ്പെട്ട്, പുറജാതിക്കാർക്ക് എന്നിങ്ങനെ പദങ്ങൾ മാറ്റി വായിച്ചാൽ ഈ ഗദ്യഭാഗത്തിന്റെ വൈശിഷ്ട്യം ബോധ്യമാകും. ഉദ്ധൃതഭാഗത്ത് '*അവനെ*' എന്ന ഒരു വാക്കിന്റെ ആവർത്തനം മാത്രമാണു പറയാവുന്ന ന്യൂനത. ഇത്തരത്തിൽ, അച്ചടിയിലൂടെയും പുസ്തകപ്രസാധനത്തിലൂടെയും സുപ്രതിഷ്ഠിതമായിത്തീരുകയും പ്രചുരപ്രചാരമാർജിക്കുകയും ചെയ്ത്, വികസിതമായിത്തീർന്ന ആധുനിക മലയാളഗദ്യത്തെ തിരുവിതാംകൂറിന്റെ അതിരുകൾക്കപ്പുറത്തേക്കു വളർത്താൻ 1848 മുതൽ (അക്കൊല്ലമാണു മലയാളത്തിലെ ആദ്യത്ത അച്ചടിച്ച വർത്തമാനപത്രമായ *ജ്ഞാനനിക്ഷേപം* ആരംഭിച്ചത്) ആനുകാലിക പ്രസിദ്ധീകരണങ്ങളും രംഗത്തെത്തി. കേരളത്തിലാദ്യമായി ഒരു പ്രതിമാസപത്രത്തിലൂടെ സ്ഥിരവായനക്കാരുടെയും എഴുത്തുകാരുടെയും ഒരു പുതുസമൂഹത്തെ സൃഷ്ടിച്ച പ്രസ്തുത ആനുകാലിക പ്രസിദ്ധീകരണവും തദനുഗാമികളും ഗദ്യത്തെ എഴുത്തിന്റെയും വായനയുടെയും രംഗത്തെ സാധാരണവ്യവഹാരരൂപമായും സാധാരണക്കാരുടെ വ്യവഹാരരൂപമായും ഉറപ്പിച്ചു. ഈ ഗദ്യമാണ് ശൈലീവല്ലഭനായ ജോർജ് മാത്തന്റെയും വാക്പതിയായ കേരളവർമ വലിയകോയിത്തമ്പുരാന്റെയും മറ്റ് അനവധിയാളുകളുടെയും പരിലാളനയേറ്റ് പുരോഗമിച്ചത്. ഏകദേശം എട്ടുനൂറ്റാണ്ടിന്റെ സുദീർഘ ചരിത്രവും അനവധി ശ്രേഷ്ഠകൃതികളുടെ ഈടുവെയ്പും ഉണ്ടായിരുന്ന മലയാള പദ്യസാഹിത്യത്തെ പിന്തള്ളി, കേവലം ഒന്നേമുക്കാൽ നൂറ്റാണ്ടുകൊണ്ട് മലയാള ഗദ്യത്തിനു മുന്നേറാൻ കഴിഞ്ഞത് വിവിധ സാമൂഹിക ഘടകങ്ങളുടെ അവസരോചിതമായ സാന്നിധ്യവും അച്ചടിയുടെ സഹായവും പുസ്തകപ്രസാധനം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ പിന്തുണയുംകൊണ്ടുമാത്രമാണ്.

സഹായക ഗ്രന്ഥങ്ങൾ

ആന്റണി, സി.എൽ., 1989. *ഭാഷാപഠനങ്ങൾ.* തൃശൂർ: കേരള സാഹിത്യ അക്കാദമി.

ഓമന, പി.വി., 1990. *നിഘണ്ടുക്കൾ മലയാളത്തിൽ,* കോട്ടയം: കറന്റ് ബുക്സ്.

കൃഷ്ണവാരിയർ, എൻ.വി. (ജന. എഡി.), 1974. *പുസ്തകനിർമ്മാണം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗുണ്ടർട്ട്, ഹെർമ്മൻ (പരി.), 1992. *ബൈബിൾ.* പ്രഥമ ഡി.സി.ബി. എഡിഷൻ. ആമുഖപഠനം, ഡോ. സ്കറിയാ സക്കറിയ. 1852. പുനർമുദ്രണം, കോട്ടയം: ഡി.സി. ബുക്സ്.

ഗുപ്തൻനായർ, എസ്., 1986. *പുനരാലോചന.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

ഗോവി, കെ. എം., 1998. *ആദിമുദ്രണം-ഭാരതത്തിലും മലയാളത്തിലും.* തൃശൂർ: കേരളസാഹിത്യ അക്കാദമി.

ഗോവിന്ദപ്പിള്ള, പി., 1956. *ഭാഷാചരിത്രം.* തിരുവനന്തപുരം: കേരള വിലാസം അച്ചുകൂടം, കൊ.വ. 1056. പുനർമുദ്രണം, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

ചെറിയാൻ, ബാബു, ജേക്കബ് ഐസക്ക് കാളിമഠം, 2002. *ജ്ഞാനനിക്ഷേപം പഠനവും പാഠവും.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്.

ജോസഫ്, പി.എം., 1984. *മലയാളത്തിലെ പരകീയപദങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോർജ്, ഇരുമ്പയം, 1986. *ഉപാസിക്കുന്നു ദു:ഖത്തെ ഞാൻ.* 2-ാം പ. കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

ഡേവിഡ്, വി.റ്റി., 1930. *മഹായിടവക ജൂബിലി സ്മാരകം അഥവാ തിരുവിതാംകൂർ കൊച്ചി ആംഗ്ലേയസഭാ ചരിത്രം.* കോട്ടയം: സി. എം. എസ്. പ്രസ്സ്.

തോമസ്, പി.ജെ., 1989. *മലയാളസാഹിത്യവും ക്രിസ്ത്യാനികളും.* പുനർമുദ്രണം, കോട്ടയം: ഡി.സി. ബുക്സ്, ചർച്ചയും പൂരണവും, ഡോ.

Agur, C.M., 1903. *Church History of Travancore.* Madras: S.P.S. Press, Vepery.

Cherian, P., 1935. *The Malabar Syrians and the Church Missionary Society 1816-1840.* Kottayam: The Church Missionary Society's Press.

Dalton, W.H., 1854. *Indian Pamphlets. Vol.4* : *Contributions towards a History of Biblical Translations in India.* Calcutta: Calcutta Auxiliary Bible Society.

Hooper, J.S.M., 1963. *Bible Translation in India, Pakistan and Ceylon.* Rev. 2nd ed. Bombay: Oxford University Press.

Hough, James, 1845. *The History of Christianity in India*. Vol.II. London: Seeley, Burnside, and Seeley; Hatchard and son; Nisbet and Co.

Hunt, W.S., 1968. *The Anglican Church in Travancore and Cochin 1816-1916.* Kottayam: Church Missionary Society Press.

Keen, Rosemary A., 1987. *Catalogue of the Papers of the Missions of the West Asia* Group 2 Committee, vol.3, South India Missions 1811-1934, Part I & II. London: Church Missionary Society

Krishnachaitanya, 1971. *A History of Malayalam Literature.* New Delhi:Oriental Longman Ltd.

Mc Luhan, Marshall, 1962. *The Gutenberg Galaxy.* 2nd ed. Canada: University of Torento Press.

Missionary Register (various issues)

Nida, Eugene A., 1952. *God's Word in Man's Language*. NewYork: Harper & Brothers.

Proceedings of C.M.S. (various issues)

Rhenius, C.T.E., 1827. *An Essay on the Principles of Translating the Holy Scripture, the Critical Remarks of Various Passages, Particularly Reference of the Tamul Language.* Nagercoil : The Missionary Press.

The Bible. (1943) New York: Simon and Schuster.

Welsh, James, 1830. *Military Reminiscences.* Vol.II. London: Smith, Elder and Co., Cornhill.

Wilkins, 1808. *Grammar of Sanscrit Language.* London: W.Bulmer and Co.

Wilson, H.H., 1832. *A Dictionary in Sanscrit and English.* 2nd ed. London: Wm. H. Allen & Co.

പദസൂചി

അച്ച് 9.
അച്ചടി 9, 10, 11, 12, 13, 14, 16, 17, 18, 46, 47, 69, 81, 82, 85, 88, 93, 72, 182.
അച്ചടിച്ചെലവ് 12.
അച്ചടിപ്പുര 17, 53, 54, 68.
അച്ചടി ഭാഷ 104.
അച്ചടിയന്ത്രം 35, 39, 46, 47, 48, 50, 51, 52, 53, 55, 65, 78, 79, 87, 98, 119.
അച്ചടി വ്യവസായം 12, 17, 72, 76, 87
അച്ചടിശാല 10, 13, 26, 35, 39, 47, 49, 51, 53, 54, 55, 56, 77, 79, 80, 88, 94, 98, 99, 119, 144, 172.
അച്ചടി വിദ്യ 47, 48, 49.
അച്ചുകൂടം 81, 88, 96, 133, 141.
അച്ചുനിർമാണം 12, 35, 58, 67, 68, 69, 78, 91
അച്ചുനിരത്തൽ 69.
അജ്ഞാനകുഠാരം 122,128.
അത്താനാസ്യോസ് 38.
അധിഷ്ഠാനരേഖ 12.
അധ്യാത്മരാമായണം 15, 99, 134, 135, 143.
അപകൃഷ്ടഭാഷ 14, 128, 148.
അപ്പസ്തോല പ്രവൃത്തികൾ 95.
അമരകോശം 146, 148, 149, 150, 165, 166,
അമരസിംഹൻ 146.
അമാഡിസിമൊയാൻ 147.
അമേരിക്കാനാ 46.
അമ്പഴക്കാട് 39, 49, 147.
അർണോസ് പാതിരി 128, 146.
അൽപ്പവിരാമം 133, 142.
അലക്സാന്ത്രിയ 111.
അറബി 89, 156, 177.
അറബി-നീഗ്രോ 22.
ആംഗ്ലിക്കൻ സഭ 20.
ആംഗ്ലേയ സഭ 178.
ആംസ്റ്റർഡാം 91.
ആഖ്യാനം 104, 135.
ആഗൂർ, സി.എം. 122, 177.
ആചാരഭാഷ 153.
ആഞ്ജലോസ് ഫ്രാൻസിസ് 147.
ആട്ടപ്രകാരം 97.
ആട്ടിൻകുട്ടികളുടെ കഥാ 13, 103.
ആണിയച്ച് 12, 47, 69, 71, 72, 77, 91, 109, 119
ആദിമുദ്രണം 46, 49.
ആധുനിക അച്ചടി 47.
ആന്റണി, സി.എൽ. 145,148, 150, 160, 162.
ആന്റിമണി 68.

ആനുകാലിക പ്രസിദ്ധീകരണം 81.
ആഫ്രിക്ക 22, 46, 47.
ആമുഖം 147.
ആർക്കാട്ട് 70.
ആർബത്നോട്ട് സ്കൂൾ 31, 53.
ആരാധനക്രമം 35.
ആരിയച്ചിതൈവ് 134.
ആര്യഎഴുത്ത് 69, 85.
ആൽഫബെത്തും ഗ്രന്ഥോണിക്ക മലബാറിക്കം 70, 89.
ആലപ്പുഴ 21, 22, 29, 31.
ഇംഗ്ലീഷ്-മലയാളം നിഘണ്ടു 17, 41, 42, 43, 44, 45, 145, 167, 169, 171, 173,
ഇംഗ്ലീഷ് വിദ്യാഭ്യാസം 30, 36, 94.
ഇടയ ലേഖനം 55, 56.
ഇട്ടി അച്യുതൻ 89.
ഇൻഡ്യൻ പിൽഗ്രിം 42.
ഇന്ത്യ 48.
ഇന്ത്യൻ തീർഥാടകൻ 174.
ഇന്ത്യയിലെ പുണ്യയാത്രക്കാരൻ 45.
ഇമ്മാനുവേൽ കാർനൈറോവ് 89.
ഇസ്ഹാക്ക് വാറ്റ്സ് 41, 45.
ഇറാൻ 48.
ഇറ്റലി 139.
ഈശ-കേന ഉപനിഷത്തുകൾ 45, 174.
ഈശോ സഭ 49, 147.
ഈസ്റ്റ് ഇന്ത്യാ കമ്പനി 29, 112.
ഉച്ചഭാഷ 106, 124, 127, 129, 148.
ഉത്തമഗീതം 129.
ഉദയംപേരൂർ 69.
ഉന്നത ജർമൻ 139.
ഉപനിഷദ്വ്യാഖ്യാനം 42.
ഉപലിപി 74, 76, 77.
ഉപശീർഷകം 109.
ഉയർന്ന ടൈപ്പ് 74, 76.
ഉൽക്കൃഷ്ട ഭാഷ 14, 127, 148.
ഉള്ളൂർ എസ്.പരമേശ്വരയ്യർ 131.
എഡിറ്റിങ് 48, 49, 106.
എഡിറ്റോറിയൽ ഡിപ്പാർട്ട്മെന്റ് 100.
എഡ്വാർഡ് 102, 103, 104, 109.
എയ്ൻസ്ലി 152.
എൽ.എം.എസ്. 80.
എലിസബത്ത് എല്ല 20, 25, 38.
എലിസബത്ത് സോഫിയാ ബെയിലി 27.
എവൻഗെലിയൊൻ 133.
എഴുത്തച്ഛൻ 99, 130, 131, 132, 134, 143.
ഏഷ്യ 46, 47.
ഒടുക്കത്താളുകൾ 147.
ഓഥറൈസ്ഡ് വേർഷൻ 123, 125.
ഓമന, പി.വി. 158, 160.
ഔട്ട്ലൈൻസ് ഒഫ് ദി എവിഡൻസസ് ഒഫ്... 97.
കമ്പോസിങ് 48, 69, 95, 97.
കടലാസ് നിർമാണം 85.
കണ്ണശൻ 99.
കണ്ടത്തിൽ വറുഗീസ് മാപ്പിള 71.
കത്തനാർ 30, 33, 53, 112, 113, 114, 116, 117, 118, 125.
കഥാസമാഹാരം 80, 103.
കന്യാകുമാരി 22.
കർത്തൃപ്രാർഥന 68, 69.
കർമലീത്താ 89.
കൽക്കത്ത 53, 91, 112, 174.
കൽദായ സഭ 111.
കല്ലച്ച് 141.
കാനോന 70.
കായങ്കുളം പീലിപ്പോസ് റമ്പാൻ 92, 112.
കാർത്തൂസിയൻ 47, 50.
കാവ്യം 130.
കാറ്റക്കിസം 179.
കിങ് ജെയിംസ് ബൈബിൾ 123.
കിങ് ജെയിംസ് വേർഷൻ 15, 16, 135, 136, 137, 138,
കുടുംബപ്രാർഥനകൾ 45, 177.
കുടുംബ പ്രിയവാദിനി 82.
കൂടാരവും അൾത്താരയും 45.
കൂരിയർ പ്രസ്സ് 34, 91, 92, 112.

കൂരിയർ പ്രിന്റിങ് ഓഫീസ് 50.
കൂരിയർ ബൈബിൾ 92.
കൂരിയർ ബൈബിൾ ഫോണ്ട് 11, 12, 56, 70, 71, 75, 76.
കൃഷ്ണഗാഥ 99, 143.
കൃഷ്ണ ചൈതന്യ 130.
കേംബ്രിഡ്ജ് നിഘണ്ടു 148.
കേൺ 77.
കേണൽ മെക്കാളെ 29.
കേരളവർമ വലിയ കോയിത്തമ്പുരാൻ 104, 182.
കേരള വിലാസം 141.
കേരള സാഹിത്യ അക്കാദമി 147.
കേരള സൊസൈറ്റി പേപ്പേഴ്സ് 56.
കൈയെഴുത്ത് 32.
കൊങ്കണി 49.
കൊച്ചി 9, 20, 21, 22, 27, 39, 49, 69, 88, 141.
കൊച്ചി-തിരുവിതാംകൂർ ആംഗ്ലേയ സഭ 178.
കൊല്ലം 22, 28, 30, 36, 39, 49, 88.
കൊളോൺ 48.
കോട്ടയം 10, 22, 24, 28, 51, 52, 62, 93, 96, 112, 123.
കോട്ടയം കോളജ് 10, 20, 21, 24, 29, 30, 32, 34, 38, 77, 99, 112, 118.
കോട്ടയം ത്രിമൂർത്തികൾ 33.
കോട്ടയം മിഷനറിത്രയം 39, 102.
കോട്ടയം വില്ലേജ് മിഷൻ 172.
കോണ്ടവർ 38.
കോപ്പി എഡിറ്റിങ് 97.
കോപ്പിറൈറ്റ് പേജ് 101.
കോലെഴുത്ത് 11, 32, 69, 85.
കോശഗ്രന്ഥം 146.
കോശി, ആർച്ച് ഡീക്കൻ കോശി 96.
കോളജ് 20, 22, 102.
കോളഫോൺ 41.
കോളറ 78.
ക്യാംബെൽ 152.
ക്യാരക്ടർ യൂണിറ്റ് 48.
ക്വീൻസ് ഇംഗ്ലീഷ് 139.
ക്ലമന്റ് പിയാനിയൂസ് 89, 147.
ക്ലോഡിയസ് ബുക്കാനൻ 34, 92, 112.
ക്രമദീപിക 97.
ക്രൈസ്തവ ഭക്തിസാഹിത്യം 82.
ഗദ്യാന്വേഷണ പരീക്ഷണം 135.
ഗദ്യസാഹിത്യം 82, 84.
ഗസറ്റ് 81.
ഗിരിപ്രഭാഷണം 54, 55, 56, 58.
ഗിൽറ്റ് 147.
ഗുട്ടൻബർഗ് ബൈബിൾ 39.
ഗുഡ്ഹോപ്പ് മുനമ്പ് 21.
ഗുണ്ടർട്ട്, ഡോ. ഹെർമൻ 81,125, 129, 133, 142, 147, 150, 152, 153, 162, 171.
ഗുപ്തൻനായർ എസ്. 14, 75, 131, 170.
ഗോബറ്റിന്റെ അബിസീനിയ 175.
ഗോവ 49.
ഗോവി കെ.എം. 49, 50, 55, 58, 71, 72, 73, 76, 88, 89, 91, 101.
ഗോവിന്ദപ്പിള്ള പി. 33, 42, 44.
ഗ്രന്ഥലിപി 11, 32, 69, 85.
ഗ്രന്ഥാക്ഷരം 69, 130.
ഗ്രാമർ ഓഫ് ദി മലബാർ ലാംഗ്വേജ് 50, 92.
ഗ്രഹാം ഷാ 88.
ഗ്രീക്ക് 34, 111, 121, 123, 129.
ഗ്രെവ്സെൻഡ് 21.
ചന്ദ്രമോഹൻ കെ. 129.
ചർച്ച് മിഷൻ(മിഷനറി) സൊസൈറ്റി 19, 21, 52, 172,
ചർച്ച് മിഷനറി റിക്കോർഡ് 122.
ചാത്തുമേനോൻ 100, 122, 123, 124, 128,
ചാൾസ് വെബ് ലേബാസ് 52.
ചിഹ്നം 133.
ചിഹ്നനം 142.
ചീരാമൻ 99, 143.
ചുമ്മാർ ചൂണ്ടൽ 90.

ചെറിയ ചോദ്യം 42.
ചെറിയ ബെഞ്ചമിൻ ബെയിലി 27.
ചെറിയാൻ, പി. 116, 119, 121, 124, 178.
ചെറുപുസ്തകങ്ങൾ 96.
ചെറുപൈതങ്ങൾക്ക ഉപകാരാർഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ. 11, 13, 14, 15, 16, 45, 53, 57, 58, 65, 80, 96, 101, 102, 103, 104, 105, 106, 108, 109, 134, 135, 141, 174, 179, 181.
ചെറുശ്ശേരി 99, 143.
ചൈന 48.
ചോദ്യചിഹ്നം 133.
ചോദ്യോത്തര പാഠങ്ങൾ 44.
ചോദ്യോത്തരപ്പുസ്തകം 42, 44, 45, 96, 101, 174, 179.
ജനീവ 48.
ജപ്പാൻ 48.
ജർമൻ 47, 48.
ജർമനി 139.
ജലീൽ, കെ.എ. 70.
ജസ്വീറ്റ് 49.
ജാപ്പനീസ് ബൈബിൾ 118.
ജിജിഭായ് ചാപ്ഘർ 91.
ജെനിസിസ് 103.
ജേണൽ ഒഫ് കേരളാസ്റ്റഡീസ് 135.
ജൈനൻ 70.
ജോൺ 134.
ജോൺ എല്ല 20.
ജോൺ ചാണ്ടി 56, 79.
ജോൺ ചാപ്മാൻ 97.
ജോൺ മൺറോ, കേണൽ 20, 21, 22, 24, 28, 29, 30, 34, 51, 52, 53, 98, 112, 114, 118, 126.
ജോൺ ഹോക്സ്വർത്ത് 11, 81.
ജോൺ റയാൻ 31.
ജോനാഥൻ 92.
ജോർജ് ഇരുമ്പയം 101, 102, 103.
ജോർജ്, ഡോ. കെ.എം. 171.
ജോർജ് മാത്തൻ 96, 176, 182.
ജോർജിന്റെയും അവന്റെ ചക്രത്തിന്റെയും കഥാ 103.
ജോസഫ് ഗ്രഹാം ബെയിലി 27.
ജോസഫ് പി.എം. 150.
ജോസഫ് പീറ്റ് 37, 38.
ജോസഫ് ഫെൻ (ചാത്തുമേനോൻ) 122.
ജോസഫ് ബെയിലി 19.
ജോസ്യാ പ്രാറ്റ് 22.
ജോഹാൻ ഗുട്ടൻബർഗ് 13, 39, 47, 50, 97.
ജ്ഞാനനിക്ഷേപം 11, 36, 81, 136, 141, 182.
ജ്ഞാനിപൈതലിന്റെ കഥ 13, 103.
ജ്യോതിശ്ശാസ്ത്രം 149.
ജ്യോതിഷം 158.
ടിൻ 68.
ടൈപ്പ് 101.
ടൈപ്പ് കാസ്റ്റിങ് 97.
ടൈപ്പ് നിർമാണം 77.
ടൈപ്പ് മെറ്റൽ 79.
ടൈപ്പ് ഫേസ് 71, 73, 74, 77,
ടൈപ്പ് ബോഡി 71, 73, 76, 77.
ടൈപ്പൊഗ്രഫി 12, 56, 58, 65, 68, 69, 72, 109, 110,
ടൈപ്പോഗ്രഫിക്ക് ഡിസൈൻ 73, 133.
ടൈപ്പോഗ്രഫിക്ക് പോയിന്റ് 72, 73.
ടൈറ്റിൽ പേജ് 101.
ട്രഷറി 30.
ട്രാക്ട് 45, 96, 98, 102, 141, 174, 175, 176.
ട്രാൻസ്ലിറ്ററേഷൻ 103.
ട്രാവൻകൂർ-കൊച്ചിൻ ഡയോസിസൻ ഗസറ്റ് 82.
ട്രാവൻകൂർ ഹെറാൾഡ് 81.
ഡങ്കൻ 92.
ഡച്ച് 89.

ഡയോസിസൻ റിക്കാർഡ് 82.
ഡാൾട്ടൻ, ഡബ്ലിയൂ. എച്ച്. 95, 96, 116.
ഡേവിഡ് വി.ടി. 26, 35, 78.
ഡോക്ട്രീന ക്രിസ്ത (ക്രിസ്തം) 49, 88.
ഡ്യൂസ്ബറി 19.
തച്ചുശാസ്ത്രം 149.
തഞ്ചാവൂർ 70,
തത്ത്വശാസ്ത്രം 158.
തത്സമം 134.
തമിഴ് 49, 50, 52, 70, 88, 93, 124, 125, 130, 146, 150, 174.
തമിഴ്-ഇംഗ്ലീഷ് നിഘണ്ടു 152.
തർക്കം 149.
തലശ്ശേരി 140.
താഴ്ന്ന ടൈപ്പ് 74.
തിരുക്കുറൾ 70.
തിരുവനന്തപുരം 141.
തിരുവിതാംകൂർ 13, 20, 21, 24, 29, 30, 36, 37, 67, 68, 78, 104, 112, 166, 173, 182,
തിരുവിതാംകൂർ ഗവൺമെന്റ് റെഗുലേഷൻ 81
തിരുവിതാംകൂർ ബുക്ക് കമ്മറ്റി 104.
തിരുവിതാംകൂർ മഹാരാജാവ് 80.
തിരുവിതാംകൂർ സർക്കാർ 80, 96.
തുടക്കത്താളുകൾ 147, 166.
തെക്കൻഭാഷ 84.
തെക്കൻ മലയാളം 140.
തെപ്പോസ്, ഫാ. 147.
തെയൊഫിലുസ് 103, 104.
തെലുങ്ക്- ഇംഗ്ലീഷ് നിഘണ്ടു 152.
തോമ്പ്സൺ, മാർമഡൂക്ക് 22, 32, 53, 59, 62, 75, 117, 118,
തോമസ് നോർട്ടൻ 20, 21, 22, 29, 31, 112, 116, 178,
തോമസ് ഡോസൻ 21.
തോമസ് പി.ജെ. 47, 50, 70, 75, 76, 90, 96, 130, 138, 141, 142, 167, 176,
തോമസ് സ്കോട്ട് 46.
ദക്ഷിണേന്ത്യാ സഭ 178.
ദിയാക്കോൻ 178.
ദീവന്നാസ്യോസ് ഒന്നാമൻ 92, 177.
ദീവന്നാസ്യോസ് രണ്ടാമൻ 34, 112.
ദൂതവാക്യം 97.
ദേവസഹായം അയ്യർ 31.
ദേശ്യഭേദം 139, 140.
ദ്വിഭാഷാ നിഘണ്ടു 161.
ദ്വിഭാഷികൾ 32.
ധർമോപദേശ കൃതികൾ 44, 174.
ധാർമിക കഥകൾ 176.
നളോപാഖ്യാനം 97.
നക്ഷത്ര ചിഹ്നം 133, 142.
നാഗർകോവിൽ 30, 31.
നാമലിംഗാനുശാസനം 146.
42 വരി ബൈബിൾ 47.
നാലു സുവിശേഷങ്ങൾ 50, 92, 112, 114, 117, 118,
നിർദേശികാ ഏകവചനരൂപം 160.
നിർവചനം 161.
നിരണം കവികൾ 143.
നിഘണ്ടു 10, 32, 34, 36, 39, 42, 80, 96, 101, 141, 146, 149, 171.
നിഘണ്ടു നിർമാണം 13, 18, 145, 147, 171.
നിഷ്പത്തി 164.
നീചജർമൻ 139.
നീചഭാഷ 106, 127, 129, 130, 148.
നൂറു പഴഞ്ചൊല്ലുകൾ 90.
നൃത്തം 158.
ന്യൂവാൾ, കേണൽ 52, 69.
പകർത്തിയെഴുത്ത് 48, 85, 94, 100.
പകർത്തിയെഴുത്തുകാർ 41, 100.
പകർപ്പെഴുത്ത് 47, 50, 93.
പഞ്ച് 9.
പഞ്ച് കട്ടിങ് 9.
പഞ്ച ഗ്രന്ഥങ്ങൾ 95.
പദ്യസാഹിത്യം 82.
പരദേശി മോക്ഷയാത്ര 96.

പരമേശ്വരയ്യർ, ഉള്ളൂർ എസ്. 42, 44.
പരിഭാഷ 10, 12, 17, 50.
പലസ്തീൻ 48.
പവിത്രലേഖകൾ 129.
പശ്ചിമേഷ്യ 111.
പള്ളിയുടെ ഉപയോഗത്തെപ്പറ്റി ഒരു സംവാദം 42.
പഴക്കച്ചുവ 142.
പഴയനിയമം 11, 34, 35, 95, 100, 111, 122, 123, 124, 129, 142, 143, 173, 180,
പഴയനിയമം ഒന്നാം പങ്ക് 95, 132.
പഴയനിയമം രണ്ടാം പങ്ക് 95, 132.
പഴയനിയമം മൂന്നാം പങ്ക് 132.
പഴയ സെമിനാരി 11.
പഴയ സിമ്മനാരി 31.
പാഠ സങ്കലനം 104.
പാരദസ് 103.
പാരീസ് 48.
പീലക്സിനോസ് 38.
പീറ്റർ സ്റ്റീഫൻ 147.
പുതിയനിയമം 11, 16, 34, 35, 53, 56, 69, 77, 80, 92, 95, 101, 119, 123,124,129, 132, 141, 142, 172, 180.
പുസ്തകനിർമാണം 46, 47, 48.
പുസ്തകപ്രസാധനം 9, 10, 11, 12, 13, 14, 15, 16, 17, 18, 36, 39, 48, 72, 80, 81, 82, 87, 88, 89, 90, 91, 93, 95, 97, 98, 141, 172, 182.
പുന്നൻ, റ്റി.സി. 26.
പുരുഷപ്രത്യയം 149.
പുരുഷോത്തമൻ 147.
പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ 29.
പുല്ലേലിക്കുഞ്ചു 96.
പൂർണവിരാമം 133, 142.
പേർഷ്യൻ 156.
പൊതുവിദ്യാഭ്യാസം 24, 29, 31, 77, 81, 82, 87.
പൊതുവിലുള്ള പ്രാർഥന45, 177, 178.
പൊയറ്റിക്കൽ ബുക്സ് 129.
പോയിന്റ് സൈസ് 101.
പോർച്ചുഗീസ് 49,156, 157.
പോർച്ചുഗീസ്-മലയാളം നിഘണ്ടു 147.
പോർട്ട്സ്മഥ് 21.
പൗലിനോസ് 50, 90, 147.
പ്രവാചകലേഖ 129.
പ്രസ്ബിറ്റർ 178.
പ്രസാധനശാല 100.
പ്രസ്സ്കോപ്പി 98.
പ്രാകൃതം 69.
പ്രാർഥനക്രമം 33, 113, 173.
പ്രാർത്ഥനാപുസ്തകം 11.
പ്രാറ്റ് 95, 117, 126.
പ്രിന്റിങ് 46, 69, 97.
പ്രിന്റിങ് പ്രസ്സ് 49.
പ്രിന്റിങ് ബ്ലോക്ക് 57.
പ്രിയോൽക്കർ 49.
പ്രൂഫ് 48, 49, 100.
പ്രൊട്ടസ്റ്റന്റ് 50, 111, 128, 129.
പ്രൊസീഡിങ്സ് ഒഫ് ദി ചർച്ച് മിഷനറി സൊസൈറ്റി 43, 121, 175.
ഫാക്സിമിലി പതിപ്പ് 89.
ഫബ്രീഷ്യസ് 124.
ഫർലോ 28, 34, 35, 172.
ഫാമിലി പ്രെയേഴ്സ് 43.
ഫിലിപ്പ്, കെ.ഒ. 36.
ഫെൻ, റവ. ജോസഫ് 15, 25, 33, 35, 102, 116, 132, 151, 172, 173.
ഫോർട്ട് സെന്റ് ജോർജ് കോളജ് 12, 52,, 53, 54, 57, 58, 66, 73, 109.
ഫോർട്ട് സെന്റ് ജോർജ്
ടൈപ്പ് (ഫോണ്ട്)11, 12, 72, 73, 74, 75.
ഫ്ളോസ് സാൻക്ടോറം 88.
ഫ്രാൻസിസ് സേവ്യർ 49.
ബക്വർത്ത്, റവ. ജെ. 20.
ബയണ്ട് 69, 97, 147, 180.
ബഹുഭാഷാമുദ്രണാലയം 50, 89, 91.
ബാലകൃഷ്ണൻ, ഡോ. ബി.സി. 160, 161.

ബാലസാഹിത്യം 102.
ബാസൽ 48, 81, 141.
ബിലാത്തി 27.
ബിഷപ്പ് ഇൽദഫൊൻസ് 147.
ബിഷപ്പ് കോളജ് 53.
ബുക്ക് ഒഫ് കോമൺ പ്രെയർ
43, 179,
ബുക്കാനൻ ബൈബിൾ 92.
ബെഞ്ചമിൻ ജെ. എല്ലാ ബെയിലി 25.
ബെഞ്ചമിൻ ഷൂൾത്സെ 124.
ബെയിലീടൈപ്പ് 12, 69, 72, 75, 77,
ബെയിലീനിഘണ്ടു 150, 152, 153, 155,
158, 160, 163, 170,
ബെയിലീ ബംഗ്ലാവ് 31, 53.
ബെയിലീ ബൈബിൾ 15, 42, 57, 95,
125, 133, 138, 140, 142.
ബേക്കർ, ഹെൻറി 78.
ബേസ് ലൈൻ 74.
ബൈൻഡിങ് 85, 87.
ബൈബിൾ 11,12, 15, 16, 17, 20, 24,
33, 34, 35, 42, 43, 44,
45, 47, 50, 51, 53, 55,
59, 77, 78, 80, 92, 95,
97, 98, 99, 100, 101, 111,
112, 114, 115, 117, 120, 124,
127, 128, 129, 132, 133,
135, 139, 141, 143, 144, 173,
ബോർജിയ 147.
ബോംബെ 50, 82, 91, 92, 112, 117.
ബ്രഹ്മാണ്ഡ പുരാണം 97.
ബ്രിട്ടീഷ് റസിഡന്റ് 24.
ഭഗവത്ഗീത 143.
ഭാഗവതം 99, 143.
ഭാരതം 99, 135, 143.
ഭാഷാ കൗടലീയം 97.
ഭാഷാക്രമക്കണക്ക് 15, 16, 132, 144.
ഭാഷാപോഷിണി 132, 141, 147, 160,
161.
ഭാഷാഭേദം 16, 139, 153.
ഭാഷാസംസ്കൃതയോഗം 14,127, 130,
ഭിത്തിക 142.
മംഗലാപുരം 141.
മൺറോതുരുത്ത് 36, 37.
മണിപ്രവാളം 69,105, 134.
മത്തായി 58, 65, 69, 92, 133, 134.
മദീറ 21.
മദ്രാസ് 21, 24, 31, 37, 52, 53, 54, 55,
56, 58, 62, 66, 76, 119, 174,
മദ്രാസ് ഓക്സിലിയറി
ബൈബിൾ സൊസൈറ്റി 119, 140.
മദ്രാസ് കറസ്പോണ്ടിങ് കമ്മറ്റി
20, 21, 22, 24, 51, 52, 55, 58, 59,
66, 67, 68, 72, 75, 76, 78, 79,
91, 98, 109, 117, 123, 140, 173, 175.
മദ്രാസ് ഗവൺമെന്റ് 80.
മദ്രാസ് ചർച്ച് മിഷനറി
റിക്കോർഡ് 52.
മദ്രാസ് ഫോണ്ട് 11, 54, 55, 56, 58,
71, 72,
മദ്രാസ് ഫോർട്ട് സെന്റ് ജോർജ്
ടൈപ്പ് (ഫോണ്ട്) 71, 75, 76, 77, 80,
മധുദേവൻ നായർ ആർ. 135.
മധ്യതിരുവിതാംകൂർ ഭാഷ 84.
മധ്യമാർഗ ഗദ്യരീതി 14, 15, 16, 17, 18,
36, 124, 128, 129, 130, 132, 138,
139, 140, 148, 176, 181.
മനസ്സുറപ്പ് 13, 104.
മന്ത്രവാദം 149.
മന്നാ ജമീല ബെയിലി 27.
മർക്കോസ് 92, 133, 134, 137.
മരബ്ലോക്കുകൾ 47.
മൽപ്പാന്മാർ 34.
മലങ്കര സുറിയാനി സഭ 111.
മലങ്കര സുറിയാനി ക്രിസ്ത്യാനികൾ
177.
മലപ്രസംഗം 65.
മലബാർ 22, 69, 91.
മലയാണ്മ 11, 32, 69, 85.
മലയാണ്മയുടെ വ്യാകരണം 96.
മലയാളം-ഇംഗ്ലീഷ് നിഘണ്ടു 11, 14,

16, 17, 41, 42, 43, 44, 45, 145, 147, 149, 151, 161, 162, 165, 169, 171, 173,
മലയാളം-പോർച്ചുഗീസ് നിഘണ്ടു 146.
മലയാളം-ലത്തീൻ-പോർച്ചുഗീസ് നിഘണ്ടു 147.
മലയാള ഗ്രന്ഥസൂചി 44.
മലയാള ഭാഷാചരിത്രം 42.
മലയാള മഹാനിഘണ്ടു 160.
മലയാളമിത്രം 26, 27, 28, 30, 35, 42, 44, 82, 95, 124, 142.
മലയാള സാഹിത്യവും ക്രിസ്ത്യാനികളും 138, 176.
മഹച്ചരിതം 104.
മഹാഭാരതം 15, 134, 143.
മഹാരാജാവ് 147, 166.
മഹാരാജാസ് സ്കൂൾ 30.
മഹാവാക്യം 136.
മറേ സായ്പ് 42.
മാത്യു 133.
മാനകീകരണം 9, 10, 11, 14, 16, 18, 36, 73, 82, 84, 85, 87, 141.
മാർക്കോസ് 56.
മാർജരി 103, 104, 105.
മാർത്ത 19, 27.
മാർത്ത സ്മിത്ത് ബെയിലി 27.
മാർഷൽ മക് ലൂഹാൻ 41.
മാവേലിക്കര പടിയോല 38, 172.
മിഡിൽട്ടൺ, ബിഷപ്പ് 52.
മിലാൻ രേഖകൾ 70.
മിഷൻ 34.
മിഷനറി 9, 10, 19, 20, 21, 25, 33, 35, 46, 52, 55, 69, 82, 93, 94,96, 98, 99, 102, 104, 111, 120, 128, 129, 130, 140, 147, 172, 179.
മിഷനറി രജിസ്റ്റർ 25, 28, 43, 44, 80, 102, 119, 120, 121, 125, 127, 128, 140, 174, 175.
മിസ്സ് ഹാൻഡ്ഫോർഡ് 25.
മിസ്സിസ് ജോൺസൺ 25.
മിസ്സിസ് ബേക്കർ 26.
മുഖപത്രം 88, 147.
മുഖ്യപരിഭാഷകൻ 144.
മുദ്രണ ചരിത്രം 47.
മുദ്രിതവസ്തു 44.
മുൻസിഫ് കോടതി 78.
മുറേ 174.
മൂർ ഡബ്ലിയു. എച്ച്. 81.
മൂറുകൾ 22.
മൃഗചരിതം 80.
മെഡിക്കൽ ഓഫീസർ 78,
മെത്രാപ്പോലീത്താ 55, 177.
മെമ്മോറാണ്ടം 67.
മെറ്റീരിയ ഇൻഡിക്ക 152.
മൈക്കിൾ ബക്കർത്ത് ബെയിലി 27.
മൈൻസ് 47, 48.
മൈസൂർ 91.
മോസസ് ഇശാർഫതി 100, 122, 124.
യൂജിൻ എ. നിഡ 118, 129.
യൂറോപ്യൻ 12, 46, 47, 48, 87.
യൊശുവാ 142.
യോർക്ക് ഷയർ 19.
യോഹന്നാൻ 92.
യൗഗികവാക്യം 136.
രജിസ്റ്റർ ഒഫ് മിഷനറീസ് 27, 44.
രണ്ട് ആട്ടിൻകുട്ടികൾ 42, 45, 96, 102, 174.
രണ്ടു ആട്ടിൻകുട്ടികൾ 42.
രാചോൽ 49.
രാജാറാം മോഹൻ റോയി 174.
രാജകീയ നീട്ടുകൾ 97.
രാമചരിതം 99, 143.
രാമമോഹന റോയി 42, 45.
രാമായണം 99,143.
രൂപിമതലം 149.
രേഖ 133.
ലഘുകൃതികൾ 55.
ലഘുഗ്രന്ഥങ്ങൾ 142.
യൊശുവാ 96.
ലഘുപുസ്തകം 58, 102.

ലഘുപ്രബന്ധങ്ങൾ 41, 44, 69,
ലഘുലേഖ 78, 141, 173, 176.
ലഘുവാക്യങ്ങൾ 136.
ലണ്ടൻ 48.
ലത്തീൻ 89, 111.
ലക്ഷ്മീഭായി 29.
ലാറ്റിൻ 90, 148, 150.
ലിപ്യന്തരണം 134.
ലീലാതിലകം 146.
ലൂക്ക് 134.
ലൂക്കോസ് 52, 80, 92, 95, 134.
ലൂഥർ ബൈബിൾ 139.
ലൂഥറൻ ജർമൻ 139.
ലെഡ് 68.
ലേ-ഔട്ട് 48, 49.
ലോഹപ്പലക 47.
ലോഹശാസ്ത്രം 68.
വടക്കൻഭാഷ 84.
വടക്കൻ മലയാളം 140.
വടക്കേ അമേരിക്ക 48.
വട്ടിപ്പണം 29.
വത്തിക്കാൻ 147.
വനിതാ വിദ്യാഭ്യാസം 25.
വർണവിന്യാസം 85, 170.
വരാപ്പുഴ 89, 147.
വലയം 133.
വലിയ ചോദ്യം 42.
വാക്സ്, ഡോ. 42.
വായ്മൊഴി 81.
വാറ്റ്സ്, ഐസക്ക് (ഇസ്ഹാക്ക്) 96, 101, 174, 175, 179, 180.
വിദ്യാമൂലങ്ങൾ 80.
വിദ്യാസംഗ്രഹം 82, 142.
വിപദിധൈര്യം 104.
വിൽക്കിൻസ് 151.
വിൽസൺ സായ്പ് 42,148,149,150,166.
വില്യം കാക്സ്റ്റൺ 48, 139.
വില്ലേജ് മിഷൻ 10, 96, 172.
വിവരണം 135, 161, 176.
വിശ്വനാഥ് പി.എം. 73.
വെടിമരുന്ന് 87.
വെട്ടെഴുത്ത് 11, 32, 69, 89.
വെനീസ് 48.
വെൽഷ്, കേണൽ ജെയിംസ് 53, 59, 62, 68,
വെള്ളി 68.
വേദപുസ്തകം 78, 96, 99.
വേദാന്തം 149.
വേദോപദേശം 49.
വൈദ്യനാഥയ്യർ 124.
വൈദ്യം 149.
വൈപ്പിക്കോട്ട 39, 49.
വൈറ്റ്ഹൗസ്, റ്റി. 97, 177.
വ്യക്താക്ഷരത 12, 75.
വ്യാകരണം 32, 80, 141, 145, 146, 158, 171.
വ്യാകരണസംങ്ഗ്രഹം 42, 174.
ശാസ്ത്രം 130.
ശിൽപ്പനിർമിതി 104.
ശീർഷകപത്രം 90,101, 109, 133, 166, 180.
ശുദ്ധിപത്രം 90, 93.
ശൂരനാട് കുഞ്ഞൻപിള്ള 132.
ശ്രീരംഗപട്ടണം 91.
ഷീന്റ്ൺ 25, 38.
ഷെർവുഡ്ഡ്, മിസ്സ് 42.
ഷെർവുണ്ട്, മിസ്ത്രസ്സ് 42.
ഷെർവുഡ്, മിസ്സിസ് 174.
ഷോൾഡർ 71, 77.
സംഗതിവിവരം 103.
സംഗീതം 158.
സംബന്ധികാവിഭക്തിപ്രത്യയം 160.
സംഭവകഥാഖ്യാനം 176.
സംഭാഷണം 104, 135, 176.
സംഭാഷണ ഭാഷ 148.
സംവൃതോകാരം 160, 169, 180, 182.
സംശോധിത പരിഷ്കരണം 100.
സംസ്കൃതം 52, 69, 70, 89, 90, 96, 104, 105, 116, 124, 127,130, 132, 134, 135,136, 146, 148,

149, 150, 151, 156, 158, 160, 162, 163, 166, 181.
സംക്ഷിപ്തത 167.
സംക്ഷേപവേദാർത്ഥം 70, 71, 72, 76, 82, 89, 93.
സംക്ഷേപവേദാർത്ഥം ടൈപ്പ് (ഫോണ്ട്) 11, 12, 49, 58, 74, 179.
സക്രമെന്ത് 178.
സങ്കരലോഹം 68.
സങ്കീർത്തനം 95, 96, 129, 178.
സത്യവാദഖേടം 96.
സത്യവേദ ഇതിഹാസം 81.
സത്യവേദത്തിലുള്ള കഥകൾ 16, 45, 174, 179, 180, 182,
സദൃശ്യവാക്യം 96.
സന്ദിഷ്ടവാദി 81, 82, 142.
സമഗ്രത 167.
സമതുലനം 146, 161, 167.
സമർപ്പണപത്രം 147.
സഹായകമിഷൻ 51, 53, 112.
സ്പ്രിങ്, എഫ്. 140.
സാം, ഡോ. എൻ. 104.
സങ്കേതിക വിദ്യ 14, 17, 46, 48, 68, 78, 81, 85, 87, 138, 139, 143, 147.
സങ്കേതിക സംജ്ഞകൾ 158.
സാധാരണ ടൈപ്പ് 74.
സാമുവൽ ബക്കർത്ത് ബെയിലി 27.
സാലപ് 25, 38.
സാക്ഷരത 82.
സാറാ എലിസബത്ത് ബെയിലി 25, 27.
സി.എം.എസ്. 9, 10, 11, 20, 22, 24, 27, 29, 31, 37, 38, 43, 45, 50, 72, 79, 80. 96, 98, 112, 114, 121, 172, 178.
സി.എം.എസ്.കോളജ് 15, 28, 29, 36.
സി.എം.എസ്. പ്രസ്സ് 10, 12, 37, 39, 44, 52, 54, 56, 72, 78, 80, 81, 82, 93, 96, 97, 101, 141, 175.
സി.എം.എസ്. പ്രൊസീഡിങ്സ് 29, 44, 47, 52, 54, 55, 56, 58, 62, 77, 78, 116, 120, 122, 166, 177, 178.
സി.എം.എസ്. സെന്റിനറി വാള്യം 44.
സി.എസ് ഐ. 10.
സിദ്ധരൂപം 150.
സിറിയക്ക് 52.
സിറിയൻ 52.
സിറിയൻ കോളജ് 52, 53, 97.
സീഗൻ ബാൾഗ് 124.
സുഗു ജോൺ ചാണ്ടി 136.
സുവിശേഷം 80.
സുറിയാനി 24, 28, 29, 33, 34, 53, 92, 111, 112, 113, 116, 121, 123, 125, 133, 140, 156, 158, 173, 175, 177.
സുറിയാനിക്കാർ 20, 21, 22, 33, 134.
സുറിയാനി മെത്രാപ്പോലീത്താ 38, 54.
സൂചക പദങ്ങൾ 160, 169.
സെന്റ് ഇഗ്നേഷ്യസ് 49.
സെന്റ് പോൾ 48.
സെപ്റ്റ്വജിന്റ് 111.
സെറാമ്പൂർ കോളജ് 53.
സൈമൺ പിയറി ഫോർണിയർ 73.
സോപ്യാ 103, 104.
സൗത്ത് ഏഷ്യബിബ്ലിയോഗ്രഫി 88.
സ്കറിയ സക്കറിയ 75, 76, 125, 138, 142, 167, 176.
സ്കോട്ട്, റവ.റ്റി. 20.
സ്പൈൻ 147.
സ്പ്രിങ്, എഫ്. 116.
സ്ഫുടത 167.
സ്വനിമം 150.
സ്റ്റീൻബെർഗ്, എസ്.എച്ച്. 48, 84, 139.
സ്റ്റോക്ക് ഹോം 48.
ഹണ്ട്, ഡബ്ലിയു, എസ്. 19, 22, 26, 37, 59, 71, 76, 175.
ഹരിശർമ, എ.ഡി. 71.
ഹാർഡ് ബോർഡ് 147.

ഹീബ്രു 34, 100, 111, 121, 122, 123, 124, 129, 156.
ഹൂപ്പർ, ജെ.എസ്.എം. 122.
ഹെൻറിക്കസ്, ഫാ. 88.
ഹെൻറി ബേക്കർ 33, 52, 96, 102, 123.
ഹേ, ഡോ. 28.
ഹൈന്ദവ ഭക്തിസാഹിത്യം 82.
ഹൈ സ്കൂൾ 31.
ഹോം കമ്മറ്റി 29, 62.
ഹോക്സ് വർത്ത്, ജോൺ 96, 141.
ഹോമിലി 42.
ഹോർത്തൂസ് മലബാറിക്കസ് 89.
ഹോളി ട്രിനിറ്റി ചർച്ച് 37.
ഹൗ 124, 125.
റമ്പാൻ ബൈബിൾ 15, 56, 70, 82, 92, 95, 112, 118, 125,
റഷ്യ 48.
റാം മോഹൻ റോയി 174.
റാമൻ റായി 42.
റിവിഷൻ 122.
റൂറൽ ഡീൻ 38.
റെഗുലേഷൻ 92.
റെനിയസ്, സി.റ്റി.ഇ. 124.
റൊമാ 49.
റോം 82, 89, 90, 91.
റോട്ട്ലർ, ഡോ. 152.
റോബർട്ട് ഡ്രമ്മണ്ട് 50, 92.
റോബർട്ട്സ്, ജെയിംസ് 30, 31.
റോബിൻ ജെഫ്രി 94.
റോമർ 95.
റോമാ 48, 50.
റോസിന്റെ നിയമാവലി 70.